4th International Congress on Kerala Studies

സഞ്ചിക 1

KERALA DEVELOPMENT AGENDA 2016

നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

2016 ജനുവരി 9, 10

കേരള വികസന അജണ്ട

എകെജി പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം

INTERNATIONAL
CONGRESS
ON
KERALA STUDIES

നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

2016 ജനുവരി 9, 10

കേരള വികസന അജണ്ട
സഞ്ചിക 1

എകെജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്
2016 ജനുവരി 9, 10
കേരള വികസന അജണ്ട
സഞ്ചിക 1

പ്രസിദ്ധീകരണം
എ.കെ.ജി. പഠന ഗവേഷണകേന്ദ്രം
തിരുവനന്തപുരം

കവർ ഡിസൈൻ, പേജ് ക്രമീകരണം
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

അച്ചടി
അക്ഷര ഓഫ്സെറ്റ്, തിരുവനന്തപുരം

നാലാം പഠന കോൺഗ്രസ്സിലേക്ക്

പിണറായി വിജയൻ

വികസന പ്രവർത്തനത്തിന് ജനങ്ങളെ ആകമാനം അണിനിരത്തുക എന്ന കാഴ്ച പ്പാട് കമ്മ്യൂണിസ്റ്റ് പാർടി നേരത്തെ തന്നെ സ്വീകരിച്ചിട്ടുള്ളതാണ്. കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുമ്പുതന്നെ വികസനത്തെ സംബന്ധിച്ചുള്ള ഒരു രേഖ തന്നെ പാർടി അംഗീകരിച്ചിരുന്നു. സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട നിരവധി നിർദ്ദേശങ്ങൾ അതിനകത്ത് ഉൾപ്പെടുത്തിയിരുന്നു. ജന്മിത്വത്തെ തകർക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യമെന്ന് ആ രേഖയിൽ എടുത്തു പറയുകയും ചെയ്തിരുന്നു. വികസന ത്തിനായി ജനങ്ങളെ യോജിപ്പിക്കുക എന്ന കാഴ്ചപ്പാട് ആ രേഖ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. 1957 ലെ സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശകമാ യി വർത്തിച്ചത് ഈ രേഖയായിരുന്നു.

നാടിന്റെ വികസനത്തിന് ജനങ്ങളെ ആകമാനം യോജിപ്പിക്കുക എന്ന ഈ കാഴ്ച പ്പാടിന്റെ തുടർച്ചയായാണ് 1994-ൽ ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് സം ഘടിപ്പിക്കുന്നതിന് ഇ.എം.എസ് നേതൃത്വം നൽകിയത്. ആഗോളവൽക്കരണ നയങ്ങൾ കേരളത്തിന്റെ വികസന നേട്ടങ്ങൾ തകർക്കുന്ന സാഹചര്യത്തിലായിരുന്നു ഈ പഠന കോൺഗ്രസ് സംഘടിപ്പിച്ചത്. അതോടൊപ്പംതന്നെ, കേരള വികസനത്തിന്റെ ശക്തിദൗർ ബല്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് അവ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തു ടക്കം കുറിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയിൽ രണ്ട് പഠന കോൺഗ്രസ്സുകൾ കൂ ടി നടക്കുകയുണ്ടായി. കേരളത്തിന്റെ ജനകീയ വികസന ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം നേടാനും വികസന ചർച്ചകളെ ജനപക്ഷത്ത് ഉറപ്പിച്ചുനിർത്തുന്നതിനും ഈ ഇടപെടലുകൾ സഹായകമായിട്ടുണ്ട്.

യു.ഡി.എഫ് സർക്കാർ കേരള വികസനം സംബന്ധിച്ച് ഒരു രേഖ പ്രസിദ്ധീകരിച്ച സാഹചര്യത്തിലാണ് നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് സംഘടിപ്പിക്കു ന്നത്. 'കേരള പരിപ്രേക്ഷ്യപദ്ധതി 2030' എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഈ രേഖ കേരളവുമായി ഒരു ബന്ധവുമില്ലാത്തവരാണ് തയ്യാറാക്കിയത്. ഡെൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് എക്കണോമിക് റിസർച്ച് എന്ന സ്ഥാപനമാണ് ഇത് ത യ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ, കേരളത്തിന്റെ സവിശേഷതകളോ വികസന അനുഭവങ്ങളോ ഈ രേഖ ഉൾക്കൊള്ളുന്നില്ല. മാത്രമല്ല, എല്ലാ മേഖലയേയും വാണി ജ്യവൽക്കരിക്കുക എന്നതാണ് ഈ രേഖയുടെ പൊതുസമീപനം. കേരളത്തെ ലോകപ്ര ശസ്തിയിലെത്തിച്ച ആരോഗ്യ-വിദ്യാഭ്യാസ മേഖലയുടെ പ്രധാന ദൗർബല്യമായി രേഖ വിലയിരുത്തുന്നത് അവ കച്ചവടവൽക്കരിക്കപ്പെട്ടിട്ടില്ല എന്നതാണ്. മറ്റെല്ലാ മേഖലകളേയും ഇത്തരത്തിൽ വാണിജ്യശക്തികൾക്കായി പുനർക്രമീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാ ണ് അവതരിപ്പിച്ചിട്ടുള്ളത്.

ജനവിരുദ്ധമായ വികസന കാഴ്ചപ്പാട് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച സാഹച ര്യത്തിൽ ജനകീയ ബദൽ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് നാലാം അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ് ജനുവരി 9, 10 തീയതികളിൽ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കഴിഞ്ഞ പഠന കോൺഗ്രസ്സുകളിൽനിന്നും വ്യ ത്യസ്തമായി ചില സവിശേഷതകൾ ഈ പഠന കോൺഗ്രസ്സിനുണ്ട്.

യു.ഡി.എഫ് സർക്കാർ മുന്നോട്ടുവച്ച 'കേരള പരിപ്രേക്ഷ്യപദ്ധതി 2030' എന്ന വിക സന രേഖയുടെ വിമർശനാത്മകമായ പരിശോധന ഈ പഠന കോൺഗ്രസ് കൈകാര്യം ചെയ്യുന്ന പ്രധാനപ്പെട്ട കാര്യമാണ്. വർത്തമാനകാലത്ത് യു.ഡി.എഫ് സർക്കാർ നടപ്പിലാ

ക്കിക്കൊണ്ടിരിക്കുന്ന നയങ്ങളാവട്ടെ നാം നേടിയ നേട്ടങ്ങളെയെല്ലാം തകർക്കുന്ന വിധത്തിലുള്ളതാണ്. അത്തരം നയങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സ്വാഭാവികമായും ഈ സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. കോർപ്പറേറ്റ് ശക്തികൾക്കായി രാജ്യത്തിന്റെ സമ്പദ്ഘടനയെ ആകമാനം തീറെഴുതുന്ന സർക്കാർ നയങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കുന്ന രേഖയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഒപ്പംതന്നെ, അത് കേരള സമ്പദ്ഘടനയിൽ ഉണ്ടാക്കുന്ന പ്രതിസന്ധിയും പരിശോധനാ വിഷയമാകുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ഇത്തരം നയങ്ങളുടെ പരിശോധന മാത്രമല്ല രേഖ ലക്ഷ്യം വയ്ക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിന്റെ വികസന നേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ടും ദൗർബല്യങ്ങൾ പരിഹരിച്ചുകൊണ്ടും മുന്നോട്ടുപോകുന്നതിനുള്ള ജനകീയ ബദൽ രൂപപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്നത് പഠന കോൺഗ്രസ്സിന്റെ സുപ്രധാനമായ അജണ്ടയാണ്. മാമൂലുകളിൽ കുരുങ്ങിനിൽക്കുകയല്ല, പുതിയ കാലത്തിന്റെ സവിശേഷതകളെ മനസ്സിലാക്കിക്കൊണ്ട് ജനകീയ ബദൽ രൂപപ്പെടുത്തുകയാണ് വേണ്ടത്. കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ വികസന പ്രക്രിയയിൽ വന്നിട്ടുള്ള ദൗർബല്യങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കിക്കൊണ്ട് തിരുത്തുന്നതിനുള്ള ഉള്ളുതുറന്ന സംവാദമാണ് ഈ പഠന കോൺഗ്രസ് ലക്ഷ്യം വയ്ക്കുന്നത്. വിമർശനത്തിന്റെയും സ്വയംവിമർശനത്തിന്റെയും ഒരു രീതി സ്വാഭാവികമായും അതുകൊണ്ട് രൂപപ്പെടുത്തേണ്ടിവരും.

ഇവിടെ അവതരിപ്പിക്കുന്ന രേഖ ഇത്തരമൊരു സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. അത്തരം ചർച്ചകളിൽനിന്ന് ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്തുകൊണ്ട് ഇവിടെ അവതരിപ്പിക്കുന്ന രേഖയ്ക്ക് ആവശ്യമായ മാറ്റങ്ങൾ വരുത്തും. ഈ പഠന കോൺഗ്രസ്സിൽ നിന്ന് ഉരുത്തിരിയുന്ന കാഴ്ചപ്പാടുകൾ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള പദ്ധതികളും തുടർന്ന് നടപ്പിലാക്കും. അതിന്റെ ഭാഗമായി പഠന കോൺഗ്രസ്സിൽ മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ വിശദീകരിക്കുന്ന ശിൽപ്പശാല നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കും. ഓരോ മണ്ഡലത്തിന്റേയും വികസന കാര്യങ്ങൾ കൂടി ആ സെമിനാറിൽ ചർച്ച ചെയ്യപ്പെടും.

കഴിഞ്ഞ രണ്ട് പഠന കോൺഗ്രസ്സിൽ സമീപന രേഖ അവതരിപ്പിച്ചിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായി കൂടുതൽ വിപുലമായ തരത്തിലുള്ള വികസന രേഖയാണ് ഈ പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കുന്നത്. ഇതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഓരോ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിവിധ സെമിനാറുകളും വർക്ഷോപ്പുകളും സംഘടിപ്പിക്കുകയുണ്ടായി. അതിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടാണ് ഈ രേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഇത്തരമൊരു സമീപനം സ്വീകരിച്ചത് നാടിന്റെ വികസനം എന്നത് ഏതാനും ചിലർ മാത്രം നടത്തേണ്ട ഒന്നല്ലെന്ന തിരിച്ചറിവിൽ നിന്നാണ്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജനങ്ങളിൽനിന്ന് അഭിപ്രായം സ്വീകരിച്ചുകൊണ്ടാണ് എൽ.ഡി.എഫ് പ്രകടന പത്രിക തയ്യാറാക്കിയിട്ടുള്ളത്. അത്തരത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി കേട്ടുകൊണ്ട് വികസന നയം രൂപീകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഈ പഠന കോൺഗ്രസ്സിൽ കേരള വികസനത്തിൽ താൽപ്പര്യമുള്ള വിവിധ അഭിപ്രായമുള്ളവരെ ക്ഷണിച്ചിട്ടുണ്ട്. അവരുടെ വിലപ്പെട്ട നിർദ്ദേശങ്ങളും കാഴ്ചപ്പാടുകളും ഇത്തരമൊരു രേഖയുടെ രൂപീകരണത്തിന് അനിവാര്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് ഈ നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഒപ്പംതന്നെ, വികസനത്തിൽ താൽപ്പര്യമുള്ള ജനങ്ങളുടെ അഭിപ്രായത്തിനും ഏറെ പ്രധാന്യം കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് പ്രതിനിധികൾക്കെല്ലാം അവരുടെ അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള അവസരവും പഠന കോൺഗ്രസ്സിൽ ഒരുക്കിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായം കൂടി ഉൾക്കൊണ്ടുകൊണ്ട് തയ്യാറാക്കപ്പെട്ട രേഖ കേരളത്തിന്റെ വികസനത്തിന്റെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി തീരുമെന്ന് പ്രതീക്ഷിക്കുന്നു.

സംഘാടക സമിതി ചെയർമാൻ

മുഖവുര

കേരളത്തിന്റെ ഓരോ വികസനമേഖലയെയും കുറിച്ച് വിവിധ ജില്ലകളിൽ നടന്ന ഇരുപതോളം സെമിനാറുകളിലെ ചർച്ചകളുടെ ക്രോഡീകരണമാണ് കേരള വികസന അജണ്ട എന്ന ഈ രേഖ. വിവിധ വിഷയങ്ങളിലായി രണ്ടായിരത്തിലേറെ വിദഗ്ധരും സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരും ഈ സെമിനാറുകളിൽ പങ്കാളികളായിട്ടുണ്ട്. ഇത്തരത്തിൽ ഒരു രേഖ തയ്യാറാക്കുന്നതിന്റെ രീതിസമ്പ്രദായം യുഡിഎഫ് സർക്കാർ പരിപ്രേക്ഷ്യപദ്ധതി 2030 തയ്യാറാക്കിയതിന് നേർ വിപരീതമാണ്. അവിടെ കസൾട്ടന്റുമാരാണ് രേഖ തയ്യാറാക്കിയതെങ്കിൽ ഇവിടെ കേരളത്തെ നേരിട്ട് അറിയാവുന്ന വിദഗ്ധരുടെയും പണ്ഡിതരുടെയും പൊതുപ്രവർത്തകരുടെയും കൂട്ടായ്മയിലൂടെയാണ് കേരള വികസന അജണ്ടയ്ക്ക് രൂപം നൽകുന്നത്.

പരിപ്രേക്ഷ്യപദ്ധതി 2030 ഉം കേരള വികസന അജണ്ടയും തമ്മിലുള്ള അന്തരം കേവലം രീതി സമ്പ്രദായത്തിന്റേതല്ല. മറിച്ച് കടകവിരുദ്ധമായ രണ്ടു കാഴ്ചപ്പാടുകളുടേതാണ്. കേരളത്തിന്റെ വികസനത്തിനുള്ള ലക്ഷണമൊത്ത നവലിബറൽ ഔദ്യോഗിക രേഖയാണ് ആദ്യത്തേത്. എന്നാൽ രണ്ടാമത്തേതാകട്ടെ, ഈ നവലിബറൽ നിലപാടുകളെ തിരസ്കരിച്ചുകൊണ്ടും ഫെഡറൽ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടും ഒരു ഇടതുപക്ഷ വികസന അജണ്ട രൂപപ്പെടുത്താനുള്ള പരിശ്രമമാണ്.

നാലാം കേരള പഠന കോൺഗ്രസിൽ അവതരിപ്പിക്കുന്ന ഈ രേഖ കരടു രൂപം മാത്രമാണ്. ഓരോ മേഖലയെയും കുറിച്ചുള്ള വിശദമായ പരിശോധനയ്ക്കു ശേഷം രേഖ മൂർത്തമായ വികസന നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നുണ്ട്. ഈ വികസന നിർദ്ദേശങ്ങളാണ് പഠനകോൺഗ്രസിൽ ചർച്ച ചെയ്യുന്നത്. അമ്പതിൽപ്പരം വേദികളിലായി നടക്കുന്ന ചർച്ചകളിൽ ഔപചാരികമായി ക്ഷണിക്കപ്പെട്ട അഞ്ഞൂറിലേറെ വിദഗ്ധർ ഓരോ അധ്യായത്തെയും പരിശോധിച്ച് അവരുടെ അഭിപ്രായം പറയും. ഇവർ ആദ്യം അഭിപ്രായം പറയുന്നുവെന്നേയുള്ളൂ. ഇവർക്കു പുറമെ ചർച്ചകളിൽ ആർക്കു വേണമെങ്കിലും പങ്കെടുക്കാം. എല്ലാ അഭിപ്രായങ്ങളും പരിഗണിച്ചിട്ടായിരിക്കും എകെജി പഠന ഗവേഷണ കേന്ദ്രം ഈ വികസനനിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകുക.

ഈ സംവാദം പഠനകോൺഗ്രസുകൊണ്ട് അവസാനിക്കുന്നതല്ല. ഇവിടെ എത്തിച്ചേരുന്ന നിഗമനങ്ങളുടെ കാഴ്ചപ്പാടിൽ കേരളത്തിലെ ഓരോ നിയോജകമണ്ഡലത്തിലെയും വികസനപരിപാടി ചർച്ച ചെയ്യുന്നതിന് ഫെബ്രുവരി ആദ്യം ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുന്നു. അങ്ങനെ ഈ രേഖ കേരളത്തിലെ പൊതുജനാഭിപ്രായത്തിന്റെ ഭാഗമായി മാറുമെന്നാണ് പ്രതീക്ഷ. ഇത് സ്വാഭാവികമായും വരാൻപോകുന്ന ഇടതുപക്ഷ സർക്കാരുകളുടെ പ്രവർത്തനങ്ങൾക്കും മാർഗദർശകമാകും.

1994ലെ ഒന്നാം പഠനകോൺഗ്രസിന് വ്യക്തിപരമായി നേതൃത്വം നൽകിയത് സ. ഇഎംഎസ് ആയിരുന്നു. കേരളത്തിന്റെ വികസന അജണ്ട രാഷ്ട്രീയപ്രവർത്തകർ മാത്രമായി തീരുമാനിക്കേണ്ടതല്ലെന്നും, മറിച്ച് കേരളത്തിലെ അക്കാദമിക് പണ്ഡിതരുടെയും പ്രൊഫഷണലുകളുടെയും മാനേജ്മെന്റു വിദഗ്ധരുടെയും അറിവുകളും അനുഭവങ്ങളും കൂടി ഉൾക്കൊണ്ട് അഭിപ്രായ സമന്വയത്തിലൂടെ തീരുമാനിക്കപ്പെടേണ്ടതാണെന്നുമായിരുന്നു ഇഎംഎസിന്റെ നിലപാട്.

എല്ലാവർക്കും എല്ലാ കാര്യങ്ങളിലും സ്വാഭാവികമായും യോജിക്കാനായി എന്നു വരില്ല. യുഡിഎഫിന്റെയും എൽഡിഎഫിന്റെയും നിലപാടുകളിലെ പരസ്പരവൈരുദ്ധ്യം പദ്ധതി പരിപ്രേക്ഷ്യം 2030ഉം കേരള വികസന അജണ്ട യും ഒരുമിച്ചു വായിക്കുന്നവർക്ക് മനസിലാകും. എങ്കിലും നാടിന്റെ വികസന ത്തിന് പ്രായോഗികമായി ഒന്നിക്കാൻ പറ്റു കാര്യങ്ങളിലെല്ലാം ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളീയർ യോജിച്ച് പ്രവർത്തിക്കണം. ഇതാണ് ഇഎംഎസ് വിശേഷിപ്പിച്ച പുത്തൻ വികസന സംസ്ക്കാരം.

രണ്ടു പതിറ്റാണ്ടു മുമ്പ് തുടങ്ങിയ ഈ വികസന സംവാദം ഇന്നും തുടരു കയാണ്. അങ്ങനെ പങ്കാളികളുടെ എണ്ണം കൊണ്ടു മാത്രമല്ല, തുടർച്ചയുടെ കാലവും കൂടി കണക്കിലെടുക്കുമ്പോൾ രാജ്യത്തെ ഏറ്റവും വലിയ വികസന സംവാദമാണ് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്.

ഈ സംവാദത്തിന് അടിസ്ഥാനമായ കേരള വികസന അജണ്ട തയ്യാറാക്കു ന്നതിന് പ്രാരംഭ സെമിനാറുകളിൽ പങ്കാളികളായവരോടെല്ലാമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. ഓരോ സെമിനാറിന്റെയും അക്കാദമിക് സംഘാടനത്തിന് പ്രത്യേക സബ്കമ്മിറ്റികളുണ്ടായിരുന്നു. അവരാണ് വിവിധ അധ്യായങ്ങളുടെ കരടു രൂപം തയ്യാറാക്കിയത്. ഒരു ചെറു എഡിറ്റോറിയൽ ബോർഡ് ഈ അധ്യാ യങ്ങൾക്ക് ഏകോപിതരൂപം നൽകി കേരള വികസന അജണ്ടയായി രൂപാന്തര പ്പെടുത്തി. കഴിഞ്ഞ ആറു മാസക്കാലമായി നടക്കുന്ന ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ സഖാക്കളോടും സുഹൃത്തുക്കളോടും എകെജി പഠന ഗവേഷണ കേന്ദ്രത്തിനു വേണ്ടി കൃതജ്ഞത രേഖപ്പെടുത്തുന്നു.

പ്രതീക്ഷിച്ചതിനേക്കാൾ ഉയർന്ന പങ്കാളിത്തമാണ് ഈ പഠന കോൺഗ്രസ്സിൽ ഉണ്ടായിട്ടുള്ളത്. എ.കെ.ജി പഠന ഗവേഷണ കേന്ദ്രത്തിന്റെ ഈ വികസന സം വാദത്തിനുള്ള ബഹുജനങ്ങളുടെ അംഗീകാരമായാണ് ഞങ്ങൾ ഇതിനെ കണ ക്കാക്കുന്നത്. നാലാം കേരള പഠന കോൺഗ്രസിൽ പങ്കെടുക്കുന്ന മൂവായിര ത്തോളം വരുന്ന പ്രതിനിധികൾ ചർച്ചകളിലൂടെ ഈ രേഖ കൂടുതൽ സമഗ്രവും സമ്പുഷ്ടവുമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്
ഡയറക്ടർ, എകെജി പഠന ഗവേഷണ കേന്ദ്രം

ഉള്ളടക്കം

അധ്യായം 1	**വികസന സംവാദത്തിനു മുഖവുര**	9–20
അധ്യായം 2	**നവ ലിബറൽ നയ വിമർശനം**	21–27
അധ്യായം 3	**കാർഷിക മേഖല**	29–46
അധ്യായം 4	**തോട്ടവിള മേഖല**	47–58
അധ്യായം 5	**മൃഗസംരക്ഷണ മേഖല**	59–64
അധ്യായം 6	**മത്സ്യമേഖല**	65–77
അധ്യായം 7	**ആധുനിക വ്യവസായങ്ങൾ**	78–93
അധ്യായം 8	**പരമ്പരാഗത വ്യവസായങ്ങൾ**	94–112
അധ്യായം 9	**പൊതുമേഖലാ വ്യവസായങ്ങൾ**	113–124
അധ്യായം 10	**വിവര വിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങൾ**	125–133
അധ്യായം 11	**ടൂറിസം**	134–145
അധ്യായം 12	**വൈദ്യുതി**	146–158
അധ്യായം 13	**സഹകരണ മേഖല**	159–172
അധ്യായം 14	**ജനാധിപത്യ അധികാര വികേന്ദ്രീകരണം**	173–185

അധ്യായം 1

വികസന സംവാദത്തിനു മുഖവുര

നീതിപൂർവവും സ്ഥായിയുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൂടുതൽ നീതിപൂർവമായ വിതരണം ഉറപ്പുവരുത്താൻ നമുക്കു കഴിഞ്ഞു. ഇതാണു കേരളവികസന അനുഭവത്തിന്റെ തനിമ. (ഐസക്, തരകൻ 1995) ഇന്ത്യയിലെയും മൂന്നാംലോകത്തിലെയും മിക്ക പ്രദേശങ്ങളെയും അപേക്ഷിച്ച് കേരളത്തിലെ പൗരന്മാർക്ക് താരതമ്യേന ഉയർന്ന ജീവിതനിലവാരവും അന്തസ്സും ഉറപ്പുവരുത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസവും പ്രാഥമിക ആരോഗ്യ പരിരക്ഷയും, മിനിമം ഭക്ഷണത്തിനു വേണ്ടിയുള്ള റേഷൻ, വീടുവെക്കാനൊരു തുണ്ടു സ്ഥലം, മിനിമം കൂലി, സാമൂഹ്യ സുരക്ഷ, സാമൂഹ്യ പാരതന്ത്ര്യത്തിന്റെ നികൃഷ്ട രൂപങ്ങൾ ഇല്ലായ്മ ചെയ്യൽ, ജനാധിപത്യാവകാശങ്ങൾ ഉറപ്പാക്കൽ തുടങ്ങിയ നടപടികളിലൂടെയാണ് കേരളം ഈ സ്ഥിതി കൈവരിച്ചത്. (ഉമ്മൻ എംഎ, 1999) ഈ സവിശേഷ കേരള വികസന അനുഭവത്തെക്കുറിച്ച് വിപുലമായ ഒരു വൈജ്ഞാനിക സാഹിത്യം നിലവിലുണ്ട്. (ഗോവിന്ദൻ പാറായിൽ, 2010)

1. കേരളത്തിന്റെ വികസന അനുഭവം

ജീവിത ഗുണമേന്മ അളക്കുന്ന സൂചകങ്ങളിൽ കേരളം മുൻപന്തിയിലാണ്. ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, പ്രതീക്ഷിത ആയുസ്, സാക്ഷരത, സാമൂഹ്യക്ഷേമ രംഗങ്ങളിലെ പശ്ചാത്തലസൗകര്യങ്ങൾ എന്നിവയിലെല്ലാം കേരളം ഇന്ത്യയിൽ ഒന്നാമതാണ്. ശിശുമരണനിരക്ക് 2011-ൽ ദേശീയ ശരാശരി 47 ഉം കേരളത്തിൽ 11 ഉം ആണ്. മാതൃ മരണനിരക്കിന്റെ കാര്യത്തിൽ (2007-09) ഇത് യഥാക്രമം 212 ഉം 81 ഉം ആണ്. പുരുഷന്മാരുടെ ഇന്ത്യയിലെ ശരാശരി പ്രതീക്ഷിത ആയുസ് 62.6 ആയിരിക്കുമ്പോൾ കേരളത്തിൽ അത് 70 ആണ്. സ്ത്രീകളുടേത് യഥാക്രമം 64 ഉം 76 ഉം ആണ്. (ഇന്ത്യാ ഗവൺമെന്റ്, 2011). സാർവത്രിക സാക്ഷരതയിലും സ്ത്രീ സാക്ഷരതയിലും കേരളമാണ് മുന്നിൽ. വിദ്യാഭ്യാസത്തിലും ആരോഗ്യ ഭക്ഷ്യവിതരണ രംഗങ്ങളിലും കൈവരിച്ച പുരോഗതിയാണ് കുറഞ്ഞ മരണനിരക്കിനും ആയൂർദൈർഘ്യത്തിനും കാരണമായി വിലയിരുത്തപ്പെടുന്നത്. മരണനിരക്കിൽ മാത്രമല്ല ജനനനിരക്കിലും ഇതു പ്രതിഫലിച്ചു. കഴിഞ്ഞ ദശാബ്ദത്തിൽ കേരളത്തിലെ ജനസംഖ്യാ വർദ്ധന 1.46 ശതമാനം വീതമായിരുന്നു. ഈ നിലയിൽ മുന്നോട്ടു പോയാൽ 2035 ആകുമ്പോഴേക്ക് ജനസംഖ്യാവർദ്ധന തന്നെ നിലയ്ക്കുമെന്നു വിദഗ്ധർ അഭിപ്രായപ്പെടുന്നു.

പുനർവിതരണ നയങ്ങൾ

ആസൂത്രണത്തിലും നിർവഹണത്തിലുമുള്ള ജനകീയമായ ഇടപെടലുകളാണ് കേരളത്തിന്റെ നേട്ടങ്ങൾക്കു പിന്നിൽ എന്ന് നിസംശയം പറയാം (കണ്ണൻ കെ.പി., 1990). പൊതുജനാരോഗ്യകേന്ദ്രങ്ങൾ, സ്കൂളുകൾ, റേഷൻ ഷാപ്പുകൾ തുടങ്ങിയ അടിസ്ഥാന സാമൂഹ്യ സംവിധാനങ്ങൾ ഏറെക്കുറെ സന്തുലിതമായാണ് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത്. ഇവയ്ക്കായുള്ള ശക്തമായ ജനകീയസമ്മർദ്ദങ്ങൾ കീഴ്ത്തട്ടിൽ നിന്നു

രൂപപ്പെട്ടു. ഗ്രാമീണമേഖലയിലെ അധികാരഘടനയിൽ അടിസ്ഥാനവർഗത്തിന്റെ പ്രാതിനിധ്യം ഭൂപരിഷ്കരണം ഉറപ്പുവരുത്തി. കൂലിക്ക് കൂട്ടായി വിലപേശാൻ കൈവന്ന രാഷ്ട്രീയ അധികാരം വരുമാനത്തിന്റെ പുനർവിതരണം സാധ്യമാക്കി. (അമർത്യാ സെൻ, 1996). ഗ്രാമപ്രദേശങ്ങളിൽ വ്യാപകമായ സഹകരണ സ്ഥാപനങ്ങളിലൂടെ ഒരുക്കിയ വായ്പാ സൗകര്യം കൊള്ളപ്പലിശക്കാരുടെ പിടി അയച്ചു. വ്യവസ്ഥാപിതമായ വായ്പാ സൗകര്യം ഉണ്ടായതോടെ ഇടത്തട്ടുകാരുടെ സഹായമില്ലാതെ പരമ്പരാഗതവ്യവസായങ്ങളെ പുനഃസംഘടിപ്പിക്കാൻ കഴിഞ്ഞു. വിവിധ ക്ഷേമനിധികൾ കൂലിവേലക്കാർക്കു ശക്തമായ സാമൂഹ്യ സുരക്ഷാ സംവിധാനമായി. ശക്തവും പ്രാപ്തവുമായ നിയമത്തിന്റെ പിൻബലത്തോടെ ഈ മാറ്റങ്ങൾ സ്ഥായിയാക്കപ്പെട്ടു.

പട്ടിക 1.1
കേരളത്തിലെയും ഇന്ത്യയിലെയും ചില വികസന സൂചകങ്ങൾ (1951–2011)

സൂചകങ്ങൾ	കേരളം	ഇന്ത്യ
(a) സാക്ഷരതാ നിരക്ക് 1951 (%)	40.7	16.6
(b) സാക്ഷരതാ നിരക്ക്, 2011 (%)	93.9	74.0
(c) പ്രതീക്ഷിത ആയുസ്സ് (വർഷങ്ങളിൽ)		
പുരുഷൻ, 1951–60	46.2	41.9
പുരുഷൻ, 2011	70.0	62.6
സ്ത്രീ, 1951–60	50.0	40.6
സ്ത്രീ, 2011	76.0	64.0
(d) ജനന നിരക്ക് 1000ത്തിൽ, 1951–60	38.9	41.7
(e) ജനന നിരക്ക് 1000ത്തിൽ, 2011	14.6	22.1
(f) മരണ നിരക്ക് 1000ത്തിൽ, 1951–60	16.9	22.8
(g) മരണ നിരക്ക് 1000ത്തിൽ, 2011	6.6	7.2
(h) ശിശുമരണ നിരക്ക് 1000ത്തിൽ, 1951–60	120	140
(i) ശിശുമരണ നിരക്ക് 1000ത്തിൽ, 2011	11	47
(j) സ്ത്രീകൾ 1000 പുരുഷന്മാർക്ക്, 1961	1022	941
(k) സ്ത്രീകൾ 1000 പുരുഷന്മാർക്ക്, 2011	1084	940

അവലംബം: സെൻസസ് റിപ്പോർട്ടുകളും സർക്കാർ രേഖകളും

സാമൂഹ്യ-നവോത്ഥാന പ്രസ്ഥാനങ്ങളുടെ ശക്തമായ സ്വാധീനവും പ്രവർത്തനവുമാണ് കേരളം കൈവരിച്ച നേട്ടങ്ങളുടെ അസ്ഥിവാരം പണിഞ്ഞത്. ഇവയെ സാമ്രാജ്യത്വത്തിനും ഭൂപ്രഭുത്വത്തിനും എതിരെ നടന്ന പോരാട്ടങ്ങളോടു കേരളത്തിലെ ഇടതുപക്ഷം കണ്ണിചേർത്തു. ഇഎംഎസിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന 1957ലെ ഒന്നാം കമ്യൂണിസ്റ്റ് മന്ത്രിസഭ മുതലുള്ള ഇടതുപക്ഷ ഗവർമെണ്ടുകൾ കൈക്കൊണ്ട നയങ്ങളും സമീപനങ്ങളുമാണ് സംസ്ഥാനത്തിന്റെ വികസനപാതയുടെ ദിശ നിർണയിച്ചത്. നാം അങ്ങനെ കെട്ടിപ്പടുത്ത ജനാധിപത്യ വികസന പാതയുടെ സാധ്യതകളെയാണ് ഇന്നത്തെ സാമ്രാജ്യത്വ ആഗോളവൽക്കരണ നടപടികൾ പരിമിതപ്പെടുത്തുന്നത്.

2. സാമ്പത്തിക വളർച്ചാ അവലോകനം

സാമൂഹ്യക്ഷേമ നില മെച്ചപ്പെട്ടതായിരുന്നു എങ്കിലും സാമ്പത്തിക വളർച്ചയിൽ കേരളം വളരെ പിന്നോക്കമായിരുന്നു. താഴ്ന്ന പ്രതിശീർഷവരുമാനവും ഉപഭോഗവും സമ്പാദ്യവും നിക്ഷേപവും തൽഫലമായി വളരെ മന്ദഗതിയിലുള്ള സാമ്പത്തിക വളർച്ച മുഖമുദ്രയായുള്ള ഒരു അവികസിത പ്രദേശമായിരുന്നു 1950-കളിലെ കേരളം. 1956-ൽ സംസ്ഥാനം രൂപീകൃതമാകുമ്പോൾ കേരളത്തിന്റെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ 20 ശതമാനമെങ്കിലും താഴ്ന്നതായിരുന്നു. സാമൂഹ്യ വികസന സൂചകങ്ങൾ അന്നുതന്നെ ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെട്ടതായിരുന്നു എങ്കിലും അവ കേവലമായെടുത്താൽ വളരെ താഴ്ന്നതായിരുന്നു. ശിശുമരണ നിരക്കാവട്ടെ പട്ടിക 1.1-ൽ കാണാവുന്നതുപോലെ ദേശീയ ശരാശരിയേക്കാൾ 14 ശതമാനം മാത്രം താഴ്ന്നതായിരുന്നു.

സാമ്പത്തിക മുരടിപ്പിന്റെ കാലഘട്ടം

പട്ടിക 1.2 പരിശോധിച്ചാൽ 1966–67/1972–73 വരെയുള്ള ഒരു ഹ്രസ്വകാലമൊഴിച്ച് 1980-കളുടെ അവസാനം വരെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലെ മുരടിപ്പ് വ്യക്തമായി കാണാം. അങ്ങനെ കേരളത്തിന്റെ സാമ്പത്തിക വളർച്ചയെ പൊതുവിൽ രണ്ടുഘട്ടങ്ങളായി തിരിക്കാം – 1947 മുതൽ 1987 വരെയുള്ള മന്ദഗതിയിലുള്ള വളർച്ചയുടെ കാലവും 1987ൽ തുടങ്ങുന്ന താരതമ്യേന ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ കാലവും. പട്ടിക 1.1ൽ 1960–61 മുതൽ 2013–14 വരെയുള്ള അഞ്ചര ദശാബ്ദക്കാലത്തെ കേരളത്തിന്റെ സാമ്പത്തിക വളർച്ച സംബന്ധിച്ച് ഒരു വിഹഗവീക്ഷണം നൽകുന്നുണ്ട്.

പട്ടിക 1.2
സംസ്ഥാന അസൽ ആഭ്യന്തര വരുമാനത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള വളർച്ച
(സ്ഥിരവിലയിൽ) 1960–61 മുതൽ 2013–14 വരെ
ശരാശരി വാർഷിക വളർച്ചാനിരക്ക് (ശതമാനത്തിൽ)

മേഖല	1960-61 1965-66	1966-67 1972-73	1973-74 1986-87	1987-88 1996-97	1997-98 2013-14
കൃഷി	0.7	2.2	-0.01	4.96	0.42
വനം	11.08	-2.2	-10.11	3.99	1.97
മത്സ്യം	-4.38	14.99	-3.29	7.21	-0.83

ഖനനം	-18.4	-0.39	5.29	6.30	9.52
വ്യവസായം	4.37	9.73	2.64	7.70	4.31
നിർമ്മാണം	13.76	8.12	4.46	9.36	9.20
വൈദ്യുതി	8.03	10.68	-2.91	19.67	4.22
ഗതാഗതം	5.75	6.59	7.28	15.59	14.91
വ്യാപാരം	3.25	9.41	1.09	5.26	5.89
ബാങ്ക്	10.07	11.41	9.36	11.14	12.64
റിയൽ എസ്റ്റേറ്റ്	3.39	0.52	-0.62	-26.79	8.29
പൊതുഭരണം	7.99	8.2	9.54	4.31	9.23
മറ്റു സേവനങ്ങൾ	2.76	4.69	1.88	4.52	6.70
അസൽ സംസ്ഥാന ആഭ്യന്തര വരുമാനം	2.68	5.13	1.63	6.71	7.28

Source: Computed from the databases of Government of Kerala and the Economic and Political Weekly Research Foundation, Mumbai.

പട്ടിക 1.2ൽ മന്ദഗതിയിലുള്ള ഒന്നാമത്തെ കാലയളവ് മൂന്നു ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു. കാരണം 1960-കളുടെ മധ്യം മുതൽ സാമ്പത്തിക വളർച്ച താൽക്കാലികമായിട്ടാണെങ്കിലും ഒരു ദശാബ്ദം മെച്ചപ്പെട്ടു. അതുപോലെതന്നെ 1987നു ശേഷമുള്ള ദ്രുതഗതിയിലുള്ള വളർച്ചയുടെ കാലം രണ്ടുഘട്ടങ്ങളായും തരംതിരിച്ചിട്ടുണ്ട്. 1987 മുതൽ 1996 വരെയുള്ള പത്തുവർഷവും അതിനു ശേഷമുള്ള കാലവും. 1997 മുതലുള്ള ഘട്ടത്തിലാണ് സാമ്പത്തിക വളർച്ചയുടെ വേഗത ഉച്ചസ്ഥായിയിലെത്തുന്നത്. സാമ്പത്തിക വളർച്ചയുടെ ഘടന പരിശോധിച്ചാൽ ഈ ഘട്ടങ്ങളുടെ ഘടനയിൽ വ്യത്യസ്തത പുലർത്തുന്നുവെന്നു കാണാൻ കഴിയും. ചുരുക്കത്തിൽ കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ അഞ്ചു ഘട്ടങ്ങളും താഴെ പറയും പ്രകാരം സംക്ഷേപിക്കാം.

പട്ടിക 1.3
കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഘട്ടങ്ങൾ

ഘട്ടം	പ്രവണത	പൊതു വളർച്ചാ നിരക്ക് (%)
1947–1965	സാമ്പത്തിക മുരടിപ്പ്. വ്യവസായ മേഖലയിൽ തിരിച്ചടി, കാർഷിക മുരടിപ്പ്.	ഏതാണ്ട് 2
1966–1972	താരതമ്യേനെ മെച്ചപ്പെട്ട വളർച്ച	5.13
1973–1986	അതിരൂക്ഷമായ മാന്ദ്യം, കാർഷിക മേഖലയിൽ വളർച്ചയേ ഇല്ല.	1.63
1987–1996	ശക്തമായ വളർച്ച, ഉൽപാദന മേഖലകളും അഭിവൃദ്ധിപ്പെട്ടു	6.71
1997–2013	കൂടുതൽ ശക്തമായ പൊതു സാമ്പത്തിക വളർച്ച, എന്നാൽ ഉൽപാദന മേഖലകളുടെ വളർച്ച മന്ദീഭവിക്കുന്നു	7.28

പിന്നോക്കാവസ്ഥയ്ക്ക് കാരണം

സ്വാതന്ത്ര്യത്തെ തുടർന്നുള്ള ആദ്യ ഒന്നരപതിറ്റാണ്ടുകാലം ഇന്ത്യയിലെ സാമ്പത്തികവളർച്ചയിൽ കൊളോണിയൽ കാലഘട്ടത്തെ അപേക്ഷിച്ച് ഒരു കുതിപ്പുണ്ടായി. സാമ്പത്തികവളർച്ച കൊളോണിയൽ കാലഘട്ടത്തിൽ ഏതാണ്ട് ഒരുശതമാനമായിരുന്നത് അറുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഏതാണ്ട് നാലു ശതമാനത്തിലേയ്ക്ക് ഉയർന്നു. എന്നാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ലെങ്കിലും കേരളത്തെ സംബന്ധിച്ചടത്തോളം ഈ കാലയളവ് സാമ്പത്തിക മുരടിപ്പിന്റെ കാലമായിരുന്നു. ഈ സ്ഥിതിവിശേഷത്തിന് പല കാരണങ്ങളുണ്ട്.

തിരുവിതാംകൂറും കൊച്ചിയും ഇന്ത്യൻ യൂണിയനിൽ ലയിച്ചതും തിരു-കൊച്ചി സംസ്ഥാനം രൂപീകൃതമായതും മലബാർ അടക്കം കേരള സംസ്ഥാനം രൂപീകൃതമായതും താൽക്കാലികമായി ഭരണ അസ്ഥിരത സൃഷ്ടിക്കുകയുണ്ടായി. ആദ്യ രണ്ടു പഞ്ചവത്സര പദ്ധതികളിൽ കേരളത്തിൽ കേന്ദ്ര പൊതുമേഖലാ നിക്ഷേപമേ ഉണ്ടായില്ല. സ്വകാര്യമേഖലയിൽ ലൈസൻസുകൾ പുതുതായി സംസ്ഥാനത്തിനു അനുവദിക്കപ്പെട്ടുമില്ല. കേരളത്തിലെ വിദേശ- മറുനാടൻ മൂലധനമാകട്ടെ ഈ കാലയളവിൽ സംസ്ഥാനത്തിനു പുറത്തേയ്ക്കു നീങ്ങിയതും സാമ്പത്തിക മുരടിപ്പിനു കാരണമായി. കേരളത്തിലെ കയറ്റുമതി വ്യവസായങ്ങൾക്ക് ഈ കാലയളവിൽ വേണ്ടത്ര പ്രോത്സാഹനവും ലഭിച്ചില്ല.

എന്നാൽ പ്രഥമ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കാലം മുതൽ ആരംഭിച്ച ആസൂത്രണ നയങ്ങളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ അറുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഫലം കണ്ടു. കേരളത്തിലെ സാമ്പത്തികവളർച്ചയുടെ വേഗത ഉയർന്നു. എന്നാൽ ഇന്ത്യ മൊത്തത്തിൽ ഈ കാലയളവിൽ ഭക്ഷ്യക്ഷാമത്തിലേയ്ക്കും കാർഷിക മുരടിപ്പിലേയ്ക്കും ഇതിന്റെ ഫലമായി വ്യവസായ മാന്ദ്യത്തിലേയ്ക്കും നീങ്ങി. ഈ സ്ഥിതിവിശേഷം കേരളത്തിന്റെ കുതിപ്പിനു കൂച്ചുവിലങ്ങിട്ടു. എഴുപതുകളുടെ മധ്യമായപ്പോഴേയ്ക്കും ഇന്ത്യയിൽ സ്ഥിതിഗതികൾ കുറച്ചൊക്കെ മെച്ചപ്പെട്ടു. പക്ഷേ, അപ്പോഴേയ്ക്കും കേരളം കിതച്ചുതുടങ്ങി. (ജോർജ്ജ് കെ.കെ, 1999).

എഴുപതുകളുടെ മധ്യം മുതൽ എൺപതുകളുടെ മധ്യം വരെയുള്ള കാലം കേരളം ഏതാണ്ട് സാമ്പത്തിക

നിശ്ചലാവസ്ഥയിലേയ്ക്കു നീങ്ങി. കാർഷികമേഖലയിലും മത്സ്യബന്ധനമേഖലയിലും പരമ്പരാഗത വ്യവസായങ്ങളിലും ഉൽപാദനം കുറഞ്ഞു. കെട്ടിടനിർമ്മാണരംഗത്തും സേവനത്തുറകളിലും മാത്രമാണു സാമ്പത്തികവളർച്ചയുണ്ടായത്. പാലുൽപാദനത്തിലുണ്ടായ വർദ്ധനയാണു മറ്റൊരു രജതരേഖ. സാമ്പത്തികത്തകർച്ച തൊഴിലില്ലായ്മ പെരുകുന്നതിനിടയാക്കി. കേരളത്തിന്റെ ഭാവിയെക്കുറിച്ചു വലിയ ഭയാശങ്കകൾ ഉയർന്നു.

കാർഷികമേഖലയിലുണ്ടായ മുരടിപ്പാണ് കേരളത്തിന്റെ സാമ്പത്തിക പുരോഗതിയെ ഏറ്റവും പ്രതികൂലമായി ബാധിച്ചതെന്ന് പറയാം. (കണ്ണൻ കെ.പി & പുഷ്പാംഗദൻ, 1990). കേരളത്തിലെ പ്രധാനവിളകളുടെ ഉൽപാദനം സംബന്ധിച്ച് പട്ടിക 1.4 ൽ 1970-71, 1984-85 എന്നീ വർഷങ്ങളെ താരതമ്യം ശ്രദ്ധിക്കുക. 2008-09ലെ കണക്കുകൾ നമുക്ക് പിന്നീടു പരിശോധിക്കാം. ഏതാണ്ടെല്ലാ വിളകളുടേയും ഉല്പാദനം 1984-85 ൽ 1970-71 നേക്കാൾ താഴ്ന്നതാണെന്ന് കാണാം. കുരുമുളക്, ഇഞ്ചി തുടങ്ങിയ മലഞ്ചരക്കുകളുടെയും തേയില, കാപ്പി, റബ്ബർ എന്നിവയുടെ ഉൽപ്പാദനത്തിൽ മാത്രമേ വർധനയുണ്ടായിട്ടുള്ളൂ. ഈ വിളകൾക്ക് താരതമ്യേന ഉയർന്ന വിലയുണ്ടായിരുന്നു.

കാർഷികമേഖലയിൽ മാത്രമല്ല വ്യവസായമേഖലയിലെയും സ്ഥിതിഗതികൾ അത്രയ്ക്ക് ആശാവഹമായിരുന്നില്ല. (സുബ്രമണ്യൻ കെ. കെ, 1990). കേരളത്തിലെ വ്യവസായ വളർച്ച അഖിലേന്ത്യാ ശരാശരിയേക്കാൾ വളരെ പുറകിലായി. പുതിയ ഫാക്ടറികൾ വളരെ കുറച്ചു മാത്രമേ കേരളത്തിൽ തുറക്കപ്പെട്ടുള്ളൂ. അറുപതുകളിൽ ഫാക്ടറികളിലെ തൊഴിൽ സാധ്യതകൾ കേരളത്തിൽ 3.2 ശതമാനം പ്രതിവർഷം വർധിക്കുകയുണ്ടായി. എന്നാൽ എഴുപതുകളിൽ ഫാക്ടറി തൊഴിലവസരങ്ങൾ 2.3 ശതമാനം വീതമേ വർധിക്കുകയുണ്ടായുള്ളൂ. ഈ മുരടിപ്പിനു ഏറ്റവും പ്രധാനപ്പെട്ട കാരണം പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയാണ്. കയർ, കശുവണ്ടി, ഓട്, കൈത്തറി തുടങ്ങിയ വ്യവസായങ്ങൾ പ്രതിസന്ധിയിലായിരുന്നു. അതേസമയം പുതിയ ആധുനിക വ്യവസായങ്ങൾ വേഗത്തിൽ വളർന്നുമില്ല. ഇതായിരുന്നു വ്യവസായ മേഖലയിലെ ദുരവസ്ഥ.

പട്ടിക 1.4
കേരളത്തിലെ പ്രധാന വിളകളുടെ ഉൽപാദനം
(ആയിരം ടണ്ണിൽ)

വിള	1970-71	1984-85	2013-14
	(1)	(2)	(3)
നെല്ല്	1298	1250	564
തേങ്ങ (കോടി എണ്ണം)	398	345	592
അടയ്ക്ക (കോടി എണ്ണം)	1274	859	--
കപ്പ	4617	3694	2479
ഏത്തപ്പഴം	369	331	531
കശുവണ്ടി	116	73	33
കുരുമുളക്	25	29	29
തേയില	42	56	63
കാപ്പി	13	44	67
റബ്ബർ	79	172	648
ഇഞ്ചി	20	41	22

ദ്രുതഗതിയിലുള്ള വളർച്ചയുടെ കാലം

നേരത്തെ സൂചിപ്പിച്ചതുപോലെ എൺപതുകളുടെ ഉത്തരാർദ്ധത്തിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണായകമായ ഗതിമാറ്റം വ്യക്തമായി. 1987 മുതൽ 1997 വരെയുള്ള കാലയളവെടുത്താൽ കേരള സമ്പദ്ഘടന 6.7 ശതമാനം വീതം വളർന്നു. ദേശീയ സാമ്പത്തിക വളർച്ച ഇക്കാലയളവിൽ 5.9% ആയിരുന്നു. 14 പ്രമുഖ സംസ്ഥാനങ്ങളിൽ പ്രതിശീർഷവരുമാനത്തിന്റെ വളർച്ചാ നിരക്കിൽ 13-ാം സ്ഥാനത്തായിരുന്ന കേരളം അഞ്ചാം സ്ഥാനത്തേയ്ക്കുയർന്നു. 1990-കളിൽ കേരളത്തിന്റെ പ്രതിശീർഷവരുമാനം ദേശീയ ശരാശരിക്ക് മുകളിലായിരുന്നു. ഉപഭോഗ നിലവാരമെടുത്താൽ കേരളം മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. ഗ്രാമീണ കുടുംബത്തിന്റെ സ്വത്തെടുത്താൽ കേരളത്തിന്റെ സ്ഥാനം രണ്ടാമതായിത്തീർന്നു. ചുരുക്കത്തിൽ താഴ്ന്ന വരുമാനം, താഴ്ന്ന ഉപഭോഗം, താഴ്ന്ന സമ്പാദ്യം എന്ന സ്ഥിതി മാറി ഉയർന്ന വരുമാനം, ഉയർന്ന ഉപഭോഗം, ഉയർന്ന സമ്പാദ്യം കേരളത്തിന്റെ മുഖമുദ്രയായിത്തീർന്നു. (ഹരിലാൽ കെ.എൻ, ജോസഫ് കെ ജെ, 2003). പക്ഷേ, നിക്ഷേപം താഴ്ന്നു തന്നെ തുടർന്നു (ഇതിന്റെ പ്രശ്നങ്ങൾ പിന്നീടു പരിശോധിക്കുന്നുണ്ട്). ഈ പുതിയ സാഹചര്യത്തിലും കേരളത്തിലെ സാമൂഹ്യസൂചകങ്ങൾ മെച്ചപ്പെടുന്ന പ്രവണത ശക്തമായി തുടർന്നു.

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ കാലയളവിനെ രണ്ടായി തിരിച്ചിരുന്നുവല്ലോ. 1990-ങ്ങളെ അപേക്ഷിച്ച് അടുത്ത ദശകങ്ങളിൽ സാമ്പത്തിക വളർച്ചയുടെ വേഗത പിന്നെയും ഉയർന്നു. അങ്ങനെ 1997-98/2013-14 കാലത്ത് കേരളത്തിന്റെ വാർഷിക വരുമാന വളർച്ച 7.28 ശതമാനമായി. 2000-ങ്ങൾ മാത്രമെടുത്താൽ സാമ്പത്തിക വളർച്ചയുടെ വേഗത 8 ശതമാനത്തിലേറെയാകും. ഏറ്റവും ശ്രദ്ധേയമായ കാര്യം 2007-08ൽ ആരംഭിച്ച ആഗോള സാമ്പത്തിക മാന്ദ്യം കേരളത്തെ കാര്യമായി വലച്ചില്ല എന്നതാണ്. ഒരു പ്രധാനപ്പെട്ട കാരണം, കേരള സർക്കാർ നടപ്പാക്കിയ 10,000 കോടി രൂപയുടെ ഉത്തേജക പാക്കേജാണ്. റിസർവ് ബാങ്ക് പോലും ഈ ഇടപെടലിനെ ശ്ലാഘിക്കുകയുണ്ടായി. കേരളത്തിന്റെ ഈ മുന്നേറ്റത്തെ

നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ പോലും അംഗീകരിച്ചിട്ടുണ്ട്. മോഡി സർക്കാരിന്റെ ഉപദേശക നായ അരവിന്ദ് സുബ്രഹ്മണ്യനും ഉത്സവ് കുമാറും ചേർന്ന് 2012-ൽ എക്കണോമിക് & പൊളിറ്റിക്കൽ വീക്കിലിയിൽ എഴുതിയ പ്രബന്ധത്തിൽ ഇപ്രകാരമാണ് കേരളത്തിന്റെ നേട്ടത്തെ പരാമർശിക്കുന്നത്:

''രണ്ടായിരങ്ങളിലെ സാമ്പത്തിക വളർച്ചയുടെ വിശകലനം കേരളവുമായി ബന്ധപ്പെട്ട ഒരു അവിചാരിത സംഭവഗതിയെ വെളിപ്പെടുത്തുന്നുണ്ട്. ഈ സംസ്ഥാനം സാമൂഹ്യനേട്ടങ്ങളുടെ കാര്യത്തിൽ സ്കാന്റിനേവിയൻ രാജ്യങ്ങൾ പോലെയാണ്. എന്നാൽ, നിക്ഷേപകരെ വെറുപ്പിക്കുന്ന തൊഴിൽ നിയമങ്ങളും ശക്തമായ ട്രേഡ് യൂണിയനുകളും മൂലം സാമ്പത്തിക വളർച്ചയിൽ വിളർച്ചയാണ്. ഇതാണ് ലബ്ധപ്രതിഷ്ഠ നേടിയിട്ടുള്ള പൊതു ജ്ഞാനം. പശ്ചിമേഷ്യയിലേക്ക് കുടിയേറിയ തൊഴിലാളികളുടെ പലായനം ഇതിനെതിരെയുള്ള വോട്ടായിട്ടാണ് പലരും വിലയിരുത്തിയിട്ടുള്ളത്. പക്ഷെ, കണക്കുകൾ പരിശോധിക്കുമ്പോൾ ഈ ലബ്ധപ്രതിഷ്ഠമായ ധാരണ അബദ്ധമാണെന്നാണ് കാണുന്നത്. 1990-കളിൽ കേരളം ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് (4 ശതമാനം പ്രതിശീർഷ വരുമാന വളർച്ച) കൈവരിച്ചു. 2000-ങ്ങളിലും ഈ പ്രവണത തുടർന്നു (7.5 പ്രതിശീർഷ വരുമാന വളർച്ച). സാമ്പത്തിക പ്രതിസന്ധിയുടെ കാലത്താവട്ടെ വളർച്ചാനിരക്കിൽ ഒരു ഇടിവുമില്ലാതെ ശക്തമായ പിടിച്ചുനിൽക്കൽ ശേഷി പ്രകടിപ്പിക്കുകയും ചെയ്തു. ''

കാർഷിക മേഖലയുടെ പ്രകടനം

പുതിയ കാലഘട്ടത്തിലെ നാടകീയമായ മാറ്റം കാർഷിക മേഖലയിലായിരുന്നു. 1973-74 മുതൽ 1986-87 വരെ കാർഷികവരുമാനം 0.01 ശതമാനം വീതം കുറയുകയാണുണ്ടായത്. ഭൂപരിഷ്ക്കരണം കാരണമാണ് കാർഷിക തകർച്ച എന്നു പോലും വ്യാഖ്യാനിക്കപ്പെട്ടു. ഇത്തരം വ്യാഖ്യാനങ്ങൾ തീർത്തും തെറ്റാണെന്ന് 1986-87 മുതൽ 1996-97 വരെ ഉണ്ടായ കാർഷിക വളർച്ച കാണിക്കുന്നു. ഈ വർഷങ്ങളിൽ, കേരളത്തിലെ കാർഷിക മേഖല ഏകദേശം 5.2% കണ്ടാണ് ഓരോ വർഷവും വളർന്നത്; അതായത്, ദേശീയ ശരാശരിയുടെ ഏകദേശം ഇരട്ടി വേഗതയിൽ. തേങ്ങയുടെ ഉത്പാദനം വീണ്ടും ഉയർന്നു തുടങ്ങി. റബ്ബറിന്റെ ഉത്പാദനം വിസ്മയകരമായി വർദ്ധിച്ചു. മറ്റു നാണ്യവിളകളിലും ശ്രദ്ധേയമായ പുരോഗതി ഉണ്ടായി.

എങ്ങനെയാണ് കാർഷിക രംഗത്ത് ഈ ഉണർവ് ഉണ്ടായത്? ഭൂപരിഷ്ക്കരണത്തെ തുടർന്ന്, കാർഷിക മേഖലയിലുണ്ടായ മാറ്റങ്ങളിൽ പ്രധാനം ഭൂമി ഉപയോഗത്തിൽ നാണ്യവിളകളിലേക്കുള്ള അതിവേഗത്തിലുള്ള പരിവർത്തനമാണ്. നെല്ലിന്റെയും കപ്പയുടെയും വിലകളെ അപേക്ഷിച്ചു, നാണ്യ വിളകളുടെ വിലകൾ ഗണ്യമായി ഉയർന്നതാണ് ഇതിന്റെ മുഖ്യ കാരണം. കാർഷികവൃത്തിക്ക് കുറവ് തൊഴിലാളികൾ ആവശ്യമുള്ള വിളകളിലേക്ക് തിരിയുന്നതിനുള്ള പ്രവണതയും ഇക്കാലയളവിൽ പ്രകടമായി. നാണ്യ വിളകളെല്ലാം ഏതാനും വർഷങ്ങൾ കഴിഞ്ഞേ വിളവു തരികയുള്ളൂ. റബ്ബറിനും നാളികേരത്തിനും ആറേഴു വർഷമെങ്കിലും എടുക്കും. ഈ അന്തരാളഘട്ടത്തിൽ, വിള പരിവർത്തനത്തിന് വിധേയമായ ഭൂമിയിൽ നിന്നും വരുമാനമുണ്ടാവുകയില്ല. സ്വാഭാവികമായും കാർഷിക വരുമാനം കുറയും. എന്നാൽ, എൺപതുകളുടെ മദ്ധ്യമായപ്പോഴേക്കും, ഈ ഭൂമികളിലെ പുതു കൃഷി വരുമാനം തന്നു തുടങ്ങി. ഇത് 1986-87 മുതൽ 1996-97 വരെയുള്ള വർഷങ്ങളിലെ കാർഷിക വളർച്ചയിൽ പ്രതിഫലിച്ചു.

എന്നാൽ 1994ൽ ഒപ്പുവെച്ച ആഗോള വ്യാപാരക്കരാറിന്റെ തിക്തഫലങ്ങൾ 1997-98 ആയപ്പോഴേയ്ക്കും പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇറക്കുമതിക്ക് മേലുള്ള നിയന്ത്രണങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യാനുള്ള ഈ കരാറിന്റെ ഭാഗമായി കാർഷിക വിളകളുടെ ഇറക്കുമതി ചുങ്കങ്ങൾ ഓരോ വർഷവും കുറയ്ക്കപ്പെട്ടു. 1996 നുശേഷം, അന്താരാഷ്ട്ര വിപണിയിൽ കാർഷിക ഉത്പന്നങ്ങളുടെ വിലകൾ ഇടിയാൻ ആരംഭിച്ചപ്പോൾ, കേരളത്തിലെ നാണ്യ വിളകളുടെ വിലകളും കുത്തനെ ഇടിയാൻ തുടങ്ങി. ഇറക്കുമതി ഉദാരവത്കരണം മൂലം ആഗോളതലത്തിൽ നാണ്യവിളകൾക്കുണ്ടായ വിലയിടിവ് കേരളത്തെയും ഗ്രസിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം, 1930കൾക്ക് ശേഷമുണ്ടായ ആദ്യ അനുഭവമായിരുന്നു ഈ വില തകർച്ച. ഇത്, കാർഷിക മേഖലയെ സമാനതകളില്ലാത്ത ദുരന്തത്തിലേക്ക് നയിച്ചു. കൃഷിക്കാർ കടക്കെണിയിലായി. 1500-ഓളം പേർ ആത്മഹത്യ ചെയ്തു. കർഷക തൊഴിലാളികളുടെ തൊഴിലില്ലായ്മയും രൂക്ഷമായി.

2004 മുതൽ നാണ്യവിളകളുടെ വിലകൾ ഉയർന്നു തുടങ്ങി. എങ്കിലും, വിലകൾ ഉയർന്നതിന്റെ പൂർണമായ അനന്തരഫലം കാർഷിക രംഗത്തെ വരുമാന വളർച്ചയിൽ പ്രതിഫലിക്കുന്നില്ല. 1997-98 മുതൽ 2008-09 വരെയുള്ള കാലയളവിൽ കാർഷികമേഖലയുടെ വരുമാനം 1.53 ശതമാനം വീതമാണ് ഉയർന്നത്. ഇതിനു മുമ്പുള്ള പത്തുവർഷക്കാലം 5.2 ശതമാനം വീതം വളർന്നകാര്യം ഓർക്കുമല്ലോ. വിലയിടിവിന്റെ കാലത്തു (1997-98/2004-05) കാർഷിക മേഖലയിലെ നിക്ഷേപം ഗണ്യമായി ഇടിഞ്ഞു. ഉദാരവൽക്കരണ കാലത്തെ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾ കുറഞ്ഞതും നിക്ഷേപം ഇടിയാൻ കാരണമായിട്ടുണ്ട്. ഇതിന്റെ തിക്തഫലങ്ങൾ വർഷങ്ങൾ നീണ്ടുനിൽക്കും; പെട്ടെന്ന് തന്നെ വളർച്ച പുനരാരംഭിക്കില്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇപ്പോൾ വീണ്ടും വിലത്തകർച്ചയുടെ പുതിയ കാലം ആരംഭിച്ചിരിക്കുകയാണ്. ഇത് കാർഷിക പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കും.

വ്യവസായമേഖലയുടെ പ്രകടനം

വ്യവസായ മേഖലയിലെ വളർച്ചയെടുത്താലും 1997-98 മുതൽ 2008-09വരെയുള്ള കാലത്ത് വളർച്ച മന്ദീഭവിച്ചിട്ടുണ്ട്. വളർച്ചാനിരക്ക് 3.51 ശതമാനമാണ്.

ഈ സന്ദർഭത്തിൽ ഒരുകാര്യം എടുത്തു പറയേണ്ടതുണ്ട്. 2004-05 മുതൽ 2008-09 വരെയുള്ള കാലയളവിൽ വ്യവസായ വളർച്ച 8.1 ശതമാനം വീതം വളർന്നു. കാർഷിക തകർച്ചയുടെ കാലയളവിൽ വ്യവസായ മേഖലയ്ക്കും വൻ തിരിച്ചടിയായിരുന്നു. 1.66 ശതമാനമായിരുന്നു 1997-98 / 2003-04 കാലയളവിലെ വളർച്ച. കാർഷിക മേഖലയിൽ നിന്നു വ്യത്യസ്തമായി വ്യവസായ മേഖല തുടർന്നുള്ള വർഷങ്ങളിൽ തകർച്ചയിൽ നിന്നു കരകയറിക്കഴിഞ്ഞു. പുതിയ വൻകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടതുകൊണ്ടല്ല, മറിച്ചു നിലവിലുള്ളവയുടെ ഉൽപാദനശേഷി കൂടുതൽ വിനിയോഗിക്കപ്പെട്ടതുകൊണ്ടാണ് ഈ വളർച്ചയുണ്ടായത്. ചെറുകിട വ്യവസായ മേഖലയിലും ശ്രദ്ധേയമായ വളർച്ചയുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ അസംഘടിത മേഖലയിലെ വളർച്ചാനിരക്ക് സംഘടിത മേഖലയെക്കാൾ ഉയർന്നതാണ്.

എന്നാൽ അഭൂതപൂർവമായ വികാസം ഉണ്ടായിട്ടുള്ളത് നിർമ്മാണ മേഖലയിലാണ്. 1987-88/1996-97 കാലഘട്ടത്തിൽ 8.6 ശതമാനം വളർന്ന നിർമ്മാണ മേഖല 1997-98/ 2008-09 കാലയളവിൽ 12.5 ശതമാനം വീതമാണു വളർന്നത്. ഗതാഗതം, ബാങ്കിംഗ്, വൈദ്യുതി എന്നീ മേഖലകളിൽ രണ്ടക്ക വളർച്ച കൈവരിക്കുകയുണ്ടായി.

സേവനമേഖല വളർച്ചയുടെ ഗതിവേഗം നിലനിർത്തി. സേവനമേഖലയുടെ ശരാശരി വളർച്ച 7 ശതമാനമാണ്. 1986-87 മുതലുള്ള വളർച്ചയുടെ 64 ശതമാനം സംഭാവന ചെയ്തിട്ടുള്ളത് ഈ മേഖലയാണ്.

അസൽ സംസ്ഥാന ആഭ്യന്തര വരുമാന വളർച്ചാനിരക്ക് 1997-98/2008-09 കാലഘട്ടത്തിൽ മുൻകാലത്തെ 2 ശതമാനം വളർച്ചയിൽനിന്ന് 7.3 ശതമാനമായി ഉയർന്നു. കേരളം ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയുടെ പാതയിലേയ്ക്കു പ്രവേശിച്ചുവെന്ന് അസന്നിഗ്ധമായ നിഗമനത്തിൽ നമുക്ക് എത്തിച്ചേരാനാകും.

വളർച്ചയ്ക്ക് പിന്നിലെ ഘടകങ്ങൾ

ഒരർത്ഥത്തിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ച അവികസനത്തിന്റെ രൂക്ഷിത വലയത്തിൽനിന്ന് വികസനത്തിന്റെ ഗുണാത്മക വളർച്ചയുടെ ഘട്ടത്തിലേക്ക് നീങ്ങുകയാണ് എന്ന് കെ.പി. കണ്ണനെപ്പോലുള്ള പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. കേരളം മാനവ വിഭവ വികസനത്തിനായി നടത്തിയ വലിയ മുതൽമുടക്ക് വൈകിയാണെങ്കിലും ഫലം തന്നു തുടങ്ങി. പ്രത്യക്ഷത്തിൽ ഈ മാറ്റത്തിന് അടിസ്ഥാനം ഗൾഫിലേക്കും മറ്റും കുടിയേറിയവരിൽനിന്ന് ലഭിക്കുന്ന വിദേശ വരുമാനമാണ്. വിദേശരാജ്യങ്ങളിലെ ജോലിസാധ്യതകളെ കേരളീയർക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞത് അവിദഗ്ദ്ധ-വിദഗ്ദ്ധ തൊഴിലാളികൾക്കു പോലും സാമാന്യ വിദ്യാഭ്യാസവും താരതമ്യേന മെച്ചപ്പെട്ട ആരോഗ്യനിലയും നേടാൻ കഴിഞ്ഞതുകൊണ്ടാണ്. 1970-കളുടെ മധ്യം മുതലാണ് ഗൾഫ് പണവരുമാനം ഉയരാൻ തുടങ്ങിയത്. ഇന്നത് ഒരുലക്ഷം കോടി രൂപയിലേറെ വരും. സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 30-35 ശതമാനം വരും അത്.

ഗൾഫിൽ നിന്നുള്ള പണവരുമാനം സംസ്ഥാനത്തിനു ഒരു താങ്ങായി. ഇതിന്റെ ഫലമായി ഉപഭോഗനിലവാരം ഉയർന്നു, സമ്പാദ്യം പെരുകി. പക്ഷേ, ഈ സമ്പാദ്യം കാർഷിക-വ്യവസായ മേഖലയിലേക്കു തിരിഞ്ഞില്ല. ബാങ്കു ഡെപ്പോസിറ്റിന്റെ പകുതിയിലേറെ കേരളത്തിനു പുറത്തേക്കുള്ള വായ്പയായി ഒഴുകി. അങ്ങനെ ഗൾഫ് പണവരുമാനം കേരളത്തിലെ ഉൽപാദന മേഖലയിൽ ശ്രദ്ധേയമായ അനുരണനങ്ങളൊന്നും സൃഷ്ടിച്ചില്ല. അതേസമയം നിർമ്മാണ മേഖലയ്ക്കും സേവനത്തുറകൾക്കും അത് വലിയ ഉത്തേജകമായി. സേവനമേഖലയുടെ വളർച്ചയുടെ പിന്നിലും ഗൾഫ് പണവരുമാനമാണ്.

കാർഷികമേഖലയുടെ കുതിപ്പും കിതപ്പും നേരത്തെതന്നെ വിശദീകരിച്ചുകഴിഞ്ഞുവല്ലോ. ഭൂപരിഷ്കരണത്തിന്റെ നേട്ടങ്ങൾ വൈകിയാണെങ്കിലും വളർച്ചയിൽ പ്രതിഫലിച്ചുതുടങ്ങി. എന്നാൽ, ആഗോളവൽക്കരണത്തിന്റെ തിക്തഫലങ്ങൾ 2000-ങ്ങളിൽ ഈ ഉത്കർഷത്തെ ഇല്ലാതാക്കിയിരിക്കുകയാണ്.

പുത്തൻ വളർച്ചയുടെ ദൗർബല്യങ്ങൾ

അഭിവൃദ്ധിയുടെ ഈ കാലഘട്ടത്തെ വിമർശനപരമായി വിലയിരുത്തേണ്ടതുണ്ട്.

ഒന്ന്) പൊതുവിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ശക്തിസ്രോതസ് സേവനത്തുറകളായി തുടരുകയാണ്. സംസ്ഥാന വരുമാനത്തിൽ സേവന മേഖലയുടെ വിഹിതം 2004-05ൽ 60 ശതമാനമായിരുന്നത് 2013-14 ആയപ്പോഴേക്കും 71 ശതമാനമായി ഉയർന്നു. ഭൗതിക ഉല്പാദന രംഗങ്ങളിൽ വളർച്ചയുണ്ടാകാതെ സർവ്വീസ് മേഖലയിലെ വളർച്ച നിലനിർത്താനാകില്ല. സർവ്വീസ് മേഖലയിലെ ഇപ്പോഴത്തെ വളർച്ച വിദേശത്തുനിന്നുള്ള വരുമാനത്തെയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ഈ വരുമാനത്തിലുള്ള ഇടിവ് പ്രശ്നങ്ങളുണ്ടാക്കും. ഗൾഫിലുള്ള തൊഴിൽ സാധ്യതകൾ കുറഞ്ഞുവരികയാണ്. വിദേശത്തുനിന്നുള്ള വരുമാനം കുറയുമ്പോൾ സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ കടുത്ത സമ്മർദ്ദം ഉണ്ടാകുമെന്നത് കഴിഞ്ഞകാലത്തും അനുഭവപ്പെട്ടിട്ടുള്ളതാണ്. ഉദാഹരണത്തിന്, 1991 ലെ ഗൾഫ് യുദ്ധം കേരളത്തിൽ സൃഷ്ടിച്ച ആശങ്കകൾ ഓർക്കുക. ഇന്നിപ്പോൾ എണ്ണവില ഇടിവ് ഇനിയും തുടർന്നാൽ കൂടുതൽ കർശനമായ നിയന്ത്രണം കുടിയേറ്റത്തിന്മേൽ ചെലുത്താൻ അറബ് രാജ്യങ്ങളും നിർബന്ധിതരാകും എന്ന് പല പണ്ഡിതന്മാരും ജാഗ്രതപ്പെടുത്തുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ സേവനമേഖലയെ ആസ്പദമാക്കി മാത്രം സുസ്ഥിരമായ വളർച്ചയുണ്ടാകില്ല. ഉൽപാദനമേഖലകൾ ശക്തിപ്പെട്ടാൽ മാത്രമേ സേവനമേഖലകളിലെ വളർച്ച സ്ഥായിയാകും എന്ന് ഉറപ്പുവരുത്താനാകൂ. അതിനാൽ ഉൽപ്പാദന മേഖലകളിലെ വളർച്ചയ്ക്ക്

അനുപൂരകമായി സർവ്വീസ് മേഖലയിലെ വളർച്ചയും ഉണ്ടാകുന്ന ഒരു പ്രക്രിയയാണ് സ്ഥായിയാകുക.

രണ്ട്) ഏറ്റവും പ്രധാനപ്പെട്ട കാര്യം കാർഷിക മേഖലയിലെ മുരടിപ്പാണ്. വാണിജ്യവിളകളുടെ വിലകൾ മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വരുമാന വളർച്ച ഗണ്യമായി ഉയരും എന്നതിനു സംശയമില്ല. പക്ഷേ, വിലത്തകർച്ചയുടെ ചക്രം എന്നാണിനി തിരിഞ്ഞെത്തുക എന്നു പ്രവചിക്കാനാവില്ല. ഭക്ഷ്യവിളകളുടെ പിന്നോട്ടടിയ്ക്കു വിരാമമിടാൻ കഴിഞ്ഞെങ്കിലും ആവശ്യത്തിന്റെ നാലരികിലെത്താൻ കഴിഞ്ഞിട്ടില്ല. 1997-98 നും 2013-14 നും ഇടയിൽ കാർഷിക മേഖല കേവലം 0.4 ശതമാനം വീതമാണ് വളർന്നത്. കൃഷിയുടെയും അനുബന്ധമേഖലകളുടെയും വിഹിതമാവട്ടെ 2004-05ൽ 17 ശതമാനമായിരുന്നത് 2013-14 ആയപ്പോൾ 9 ശതമാനമായി താണു. കൃഷിയുടെ വിഹിതം മാത്രമെടുത്താൽ അത് 3.6 ശതമാനമേ വരൂ. 1997-98 ലെ വിലത്തകർച്ചയെത്തുടർന്ന് ആരംഭിച്ച കാർഷിക തകർച്ചയ്ക്കും കർഷക ആത്മഹത്യകൾക്കും വിരാമമിടാൻ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന് കഴിഞ്ഞെങ്കിലും കാർഷികമേഖലയിലെ മുരടിപ്പ് ഇല്ലാതാക്കാനായില്ല. അത് പിന്നീട് കൂടുതൽ രൂക്ഷമായി. അതേസമയം, കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി എന്നു പറയാനാവില്ല. ഇത് അവരുടെ വരുമാനത്തെയും ജീവിത നിലവാരത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഭക്ഷ്യസുരക്ഷയേയും അപകടത്തിലാക്കുന്നു.

മൂന്ന്) വ്യവസായ വളർച്ചയ്ക്കായി നാം തിരഞ്ഞെടുത്ത പാത വഴിമുട്ടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ നാം ഊന്നിയത് മുഖ്യമായും രണ്ടുമേഖലകളിലാണ്. ഒന്ന്, തൊഴിൽപ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, രണ്ട്, ഊർജപ്രധാനമായ രാസവ്യവസായങ്ങൾ. പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തിയിരുന്ന കുറഞ്ഞകൂലി എന്നെന്നേയ്ക്കുമായി ഇല്ലാതായിക്കഴിഞ്ഞു. വളരെയേറെ തൊഴിലാളികൾ ഇന്ന് ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾ തന്നെ ഈ മേഖലകൾ പരമ്പരാഗത രീതിയിൽ ഇനി തുടരാനാവില്ല എന്ന യാഥാർത്ഥ്യവും മനസിലാക്കണം. കേരളത്തിൽ ശക്തിപ്പെടുന്ന പാരിസ്ഥിതിക അവബോധം അനിവാര്യമാക്കുന്ന കർശനമായ മലിനീകരണ നിയന്ത്രണങ്ങളും സംസ്ഥാനത്തെ ഊർജ്ജദാരിദ്ര്യവും രാസവ്യവസായങ്ങളുടെ അടിസ്ഥാനത്തിലുള്ള വളർച്ചയ്ക്കു വളരെയേറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലുകൾ സൃഷ്ടിക്കുന്നതിനും വരുമാനം ഉറപ്പുവരുത്തുന്നതിനും അനുബന്ധ വ്യവസായങ്ങൾക്കു കൂടുതൽ സാധ്യതകൾ ഉള്ളതും പാരിസ്ഥിതികമായി അനുയോജ്യവുമായ വ്യവസായങ്ങളെ ബോധപൂർവം പ്രോത്സാഹിപ്പിക്കണം. അവയുടെ വളർച്ചയാവട്ടെ മന്ദഗതിയിലാണ്. മാനുഫാക്ചറിംഗ് വ്യവസായങ്ങളുടെ വാർഷിക വളർച്ച 1997-98നും 2013-14നും ഇടയിൽ 4.31 ശതമാനം വീതമായിരുന്നു.

തൊഴിലില്ലായ്മയും അസമത്വവും

നാല്) കേരളത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു മുഖ്യദൗർബല്യം വേണ്ടത്ര തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നുള്ളതാണ്. അടുത്ത അധ്യായത്തിൽ ചൂണ്ടിക്കാണിക്കാൻ പോകുന്നതുപോലെ കുറച്ചു പുരോഗതി രണ്ടായരങ്ങളുടെ ഉത്തരാർദ്ധത്തിൽ ഉണ്ടായി. പക്ഷെ, ഇത് അപര്യാപ്തമാണ്. ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ് നമ്മുടെ തൊഴിലില്ലായ്മാ നിരക്ക്.

വിദ്യാഭ്യാസം കഴിഞ്ഞു വർഷങ്ങൾ കാത്തിരുന്നാലേ ഒരു ജോലി ലഭിക്കൂ. ഈ കാത്തിരിപ്പു വേളയിൽ പുതിയ ഡിഗ്രിയും സർട്ടിഫിക്കറ്റുകളും കൈക്കലാക്കാനുള്ള ശ്രമത്തിലാണ് തൊഴിലില്ലാത്തവർ. ഏതു പുതിയ കോഴ്സും പഠിക്കാൻ ആളുണ്ട്. പഠിത്തത്തിന് അനുസൃതമായ ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും ഉയർന്ന ഡിഗ്രിയും സർട്ടിഫിക്കറ്റും ഉള്ളത് എന്തെങ്കിലും മെച്ചപ്പെട്ട ജോലി കിട്ടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാകുമ്പോഴും ഉന്നതവിദ്യാഭ്യാസത്തിനുള്ള തിക്കും തിരക്കും കൂടാൻ കാരണമിതാണ്.

അനുയോജ്യമായ ജോലിക്കു വേണ്ടിയുള്ള കാത്തിരിപ്പിനിടയിൽ ഉപജീവനത്തിനായി എന്തെങ്കിലും തൊഴിലിൽ ഏർപ്പെടാൻ പലരും നിർബന്ധിതരാവും. അങ്ങനെ അഭ്യസ്തവിദ്യർക്കുള്ള അനൗപചാരിക തൊഴിൽമേഖലകൾ നിരന്തരം സൃഷ്ടിക്കപ്പെടുന്നു. പാരലൽ കോളെജുകൾ ഇതിനു നല്ല ഉദാഹരണമാണ്. കൂലിപ്പണിക്കു പോകാൻ തയ്യാറല്ലെങ്കിലും കൂലി കുറവായ സെയിൽസ് ഗേളായി ജോലി ചെയ്യാൻ പെൺകുട്ടികൾ തയ്യാറാണ്.

അതേസമയം തൊഴിൽ തേടി കേരളത്തിലേക്ക് ഒഴുകുന്ന അന്യസംസ്ഥാനക്കാരുടെ എണ്ണം പെരുകുകയാണ്. ഇവരുടെ സാന്നിദ്ധ്യം നഗരങ്ങളിൽ മാത്രമല്ല, നാട്ടിൻപുറത്തും ഇന്ന് സജീവമാണ്. അഭ്യസ്തവിദ്യരായ പുതിയ തലമുറ കായികാദ്ധ്വാനം ആവശ്യമുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടാൻ വിസമ്മതിക്കുന്നതാണ് ഇതിനു കാരണം.

ഈ സ്ഥിതി വിശേഷത്തിന്റെ മുഖ്യ ഇര സ്ത്രീകളാണ്. സാധാരണഗതിയിലുള്ള തൊഴിലില്ലാത്തവരുടെ നിർവചന പ്രകാരം കേരളത്തിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ 6.1 ശതമാനമാണ്. സ്ത്രീകളുടേത് 25.0 ശതമാനവും. രൂക്ഷമായ തൊഴിലില്ലായ്മ മൂലം കേരളത്തിലെ അഭ്യസ്തവിദ്യരായ സ്ത്രീകൾ പോലും തൊഴിലന്വേഷണം അവസാനിപ്പിച്ച് വീട്ടിൽ ഒതുങ്ങുന്നു. അതുകൊണ്ടാണ് കേരളം ഏറ്റവും കുറഞ്ഞ ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്ന സംസ്ഥാനമായിരിക്കുന്നത്. താരതമ്യേനെ വേതനം കുറഞ്ഞ

തൊഴിലുകളാണ് സ്ത്രീകൾക്കായി നീക്കിവെയ്ക്കപ്പെടുന്നത്.

തൊഴിലില്ലായ്മ, സാമ്പത്തിക പ്രശ്നം മാത്രമല്ല സാമൂഹ്യ സാംസ്ക്കാരിക പ്രശ്നം കൂടിയാണ്.

അഞ്ച്) പുതിയ സാമ്പത്തിക മുന്നേറ്റത്തിന്റെ കാലത്ത് കേരളത്തിലെ അസമത്വം ഭീതിജനകമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. കൃഷിയും കാർഷികേതര മേഖലയും തമ്മിൽ, നഗരവും നാട്ടിൻപുറവും തമ്മിൽ, വിവിധ ജില്ലകൾ തമ്മിൽ എല്ലാമുള്ള അന്തരം ഈ പുതിയ കാലഘട്ടത്തിൽ വളർന്നു. കുടുംബങ്ങൾ തമ്മിലുള്ള ഉപഭോഗനിലവാരത്തിലെ വ്യത്യാസമെടുത്താൽ ഈ പ്രവണത വ്യക്തമായി മനസിലാക്കാനാവും. 1983നും 2004-05നും ഇടയ്ക്കു ഉപഭോഗ നിലവാരത്തിലെ അസമത്വ സൂചികയിൽ വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. എല്ലാവരും സമന്മാരാണെങ്കിൽ സൂചിക പൂജ്യമായിരിക്കും. ഒന്നിനോട് അടുക്കുന്തോറും അസമത്വം കൂടുതൽ രൂക്ഷമായി മാറും. 1983നും 1999-2000നും ഇടയ്ക്കു കേരളത്തിലെ അസമത്വസൂചിക 0.34 ആയി വലിയ മാറ്റമില്ലാതെ തുടർന്നു. എന്നാൽ 2004-05ൽ ഗ്രാമീണ മേഖലയിൽ അസമത്വ സൂചിക 0.34 ഉം നഗരമേഖലയിൽ 0.4 ആയും ഉയർന്നു. 2009-10ൽ അസമത്വ സൂചിക ഗ്രാമീണ മേഖലയിൽ 0.42 ഉം നഗരമേഖലയിൽ 0.50 ഉം ആയി വീണ്ടും ഉയർന്നു. ഇതിനർത്ഥം, പുതിയ കാലഘട്ടത്തിൽ കേരളത്തിലുണ്ടായ സാമ്പത്തിക വളർച്ചയുടെ നേട്ടം വിവിധ വിഭാഗങ്ങൾക്കിടയിൽ സന്തുലിതമായി വീതം വയ്ക്കപ്പെട്ടില്ല എന്നതാണ്. കേരളത്തിലെ ഉയർന്ന വരുമാനം ലഭിക്കുന്ന 20 ശതമാനത്തോളം കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ ഏറ്റവും താഴെയുള്ള 30 ശതമാനത്തിലേറെ വരുന്നവരുടെ യഥാർത്ഥ വരുമാനം ഇടിയുകയാണ് ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ വർദ്ധിക്കുന്ന അസമത്വം കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവമാണ്.

3. വികസന സംവാദം

മേൽപറഞ്ഞ വികസന വെല്ലുവിളികൾ നേരിടുന്നതിന് ഒരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിന് ബന്ധപ്പെട്ട എല്ലാ പണ്ഡിതന്മാരേയും നയകർത്താക്കളേയും പ്രമുഖ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരേയും ഒരു സംവാദവേദിയിൽ അണിനിരത്തുന്നതിനായുള്ള പരിശ്രമമാണ് എ.കെ.ജി പഠന ഗവേഷണ കേന്ദ്രം സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്. ഇത് രാജ്യത്തെ ഏറ്റവും വലിയ അനൗപചാരിക വികസന സംവാദമാണ്. ഈ സംവാദത്തിന്റെ പ്രത്യേകത തുടർച്ചയാണ്. തുടർച്ച രണ്ടുരീതിയിലുണ്ട്. സംവാദത്തിന്റെ നിഗമനങ്ങൾ ഇടതുപക്ഷ സർക്കാരുകളുടെ പ്രവർത്തനങ്ങളെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. ആ അനുഭവങ്ങളുടെയും അധികപഠനങ്ങളുടെയും അടിസ്ഥാനത്തിൽ 5-10 വർഷം കൂടുമ്പോൾ പഠന കോൺഗ്രസുകൾ വീണ്ടും വിളിച്ചു ചേർക്കുന്നു. 1994-ൽ സ: ഇ.എം.എസ് ആണ് ആദ്യത്തെ പഠന കോൺഗ്രസ് വിളിച്ചുചേർത്തത്.

ഒന്നാം പഠന കോൺഗ്രസ് - 1994

കേരളത്തിന്റെ സവിശേഷമായ വികസന അനുഭവത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ വിശദീകരിച്ചുകൊണ്ടാണല്ലോ ഈ അധ്യായം ആരംഭിച്ചത്. പുനർവിതരണ വികസന തന്ത്രത്തിന്റെ വിജയം തന്നെ പുതിയ വെല്ലുവിളികളുയർത്തി. അവയെ ചിലർ 'രണ്ടാം തലമുറ പ്രശ്നങ്ങൾ' എന്ന് വിളിക്കുന്നു. സാർവത്രികമായ വിദ്യാഭ്യാസ-ആരോഗ്യ സൗകര്യങ്ങളുടെ ഗുണനിലവാരം എങ്ങനെ ഉയർത്താം എന്നതാണ് ഇന്നത്തെ വെല്ലുവിളി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്പെഷ്യാലിറ്റി ആശുപത്രികളുമെല്ലാം വിപുലപ്പെടുത്തിയേ തീരൂ. പരമ്പരാഗത തൊഴിലുകൾ പോരാ, വിദ്യാസസമ്പന്നരായവരുടെ ആഗ്രഹങ്ങൾക്കനുസരിച്ചുള്ള പുതിയ തൊഴിലുകൾ അനിവാര്യമായിരിക്കുന്നു. ഭൂപരിഷ്കരണത്തിനു ശേഷമുള്ള കേരളത്തിലെ സവിശേഷത കണക്കിലെടുത്ത് കാർഷിക ഉൽപാദനം എങ്ങനെ വർദ്ധിപ്പിക്കാം? കുട്ടികളുടെ പ്രശ്നങ്ങളാണ് കഴിഞ്ഞ കാലത്തു നമ്മെ അലട്ടിയിരുന്നതെങ്കിൽ ഇന്നു പ്രായം ചെന്നവരുടെ സവിശേഷമായ പ്രശ്നങ്ങൾ മുന്നിലേയ്ക്കു വന്നിരിക്കുന്നു. മാറുന്ന ലോകത്തിൽ മാറിയ കേരളത്തിന്റെ പുതിയ വികസന പരിപാടി എന്തായിരിക്കണം?

ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തിക്കൊണ്ടേ ക്ഷേമ നേട്ടങ്ങൾ നിലനിർത്താനും വിപുലീകരിക്കാനും കഴിയൂ എന്നത് വ്യക്തമാണ്. എന്നാൽ, നാം കണ്ടതുപോലെ 1980-കളുടെ അവസാനം വരെയുള്ള കാലം കേരളത്തെ സംബന്ധിച്ചിടത്തോളം രൂക്ഷമായ സാമ്പത്തിക മുരടിപ്പിന്റെ കാലമായിരുന്നു. ഇത് സാമ്പത്തിക വളർച്ചയും സാമ്പത്തിക നീതിയും ഒരുമിച്ചു കൊണ്ടുപോകാനാവില്ല എന്നുള്ള നിഗമനത്തിൽ പലരേയും എത്തിച്ചു. ഈ ആശങ്കകളുടെ പശ്ചാത്തലത്തിലാണ് 1994ൽ ഒന്നാം കേരള പഠന കോൺഗ്രസ് വിളിച്ചു ചേർത്തത്. 1987 മുതൽ സാമ്പത്തിക വളർച്ചയുടെ വേഗത വർദ്ധിച്ചുവെങ്കിലും കേരളത്തിന്റെ വികസനം ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ അന്നു കഴിയുമായിരുന്നില്ല. കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി ഒരു വികസന അജണ്ട രൂപീകരിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു ഈ പഠനകോൺഗ്രസ്.

ഒന്നാം കേരള പഠന കോൺഗ്രസ് ഉദ്ഘാടനം ചെയ്തവെ വിദഗ്ദ്ധരും നയകർത്താക്കളുമായ ആയിരത്തി അഞ്ഞൂറോളം പ്രതിനിധികൾ അടങ്ങിയ സദസിൽ ഇഎംഎസ് ഇങ്ങനെ പ്രസ്താവിച്ചു:

''സമകാലീന കേരളത്തെ സമഗ്രമായി പരിശോധിച്ചിട്ട് ഒരു പുതിയ അജണ്ടയ്ക്ക് രൂപം നൽകേണ്ട

തുണ്ടെന്ന് എനിക്ക് തോന്നുന്നു. ഇത് ഒരു രാഷ്ട്രീയ പാർടിക്കും തനിച്ചു ചെയ്യാവുന്ന കർത്തവ്യമല്ല. രാഷ്ട്രീയ പാർടികൾക്ക് മാത്രമായി ചെയ്യാൻ പറ്റുന്ന കാര്യവുമല്ല. നമ്മുടെ നാട്ടിലെ പണ്ഡിതന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഒരു ദേശീയ കടമയാണിത്. അരനൂറ്റാണ്ടിന് മുമ്പ് ഞങ്ങൾ ഐക്യ കേരളത്തിൽ ഒരു ജനാധിപത്യ പരിപാടിയ്ക്ക് രൂപം നൽകുന്നതിന് മുന്നിട്ടിറങ്ങിയപ്പോൾ ഇന്നത്തേതുപോലെ ഒരു അക്കാദമിക് സമൂഹമോ പ്രൊഫഷണൽ വിദഗ്ദ്ധരോ കേരളത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഞങ്ങൾ രാഷ്ട്രീയ പ്രവർത്തകർ ധൈര്യപൂർവ്വം ആ വെല്ലുവിളി ഏറ്റെടുത്തു. അതിലൂടെ കൈവരിക്കാൻ കഴിഞ്ഞ ചില പ്രധാന നേട്ടങ്ങളെക്കുറിച്ചും ഞാൻ വിവരിക്കുകയുണ്ടായി. എന്നാൽ ഇന്നത്തെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഒരു പക്ഷെ, കൂടുതൽ സങ്കീർണ്ണവുമായിരിക്കാം. എത്രയും വേഗം വിവിധ ശാസ്ത്രശാഖകളിലെ അക്കാദമിക് പണ്ഡിതന്മാരും സാങ്കേതിക വിദഗ്ദ്ധരും രാഷ്ട്രീയ പ്രവർത്തകരും എല്ലാവരും പങ്കെടുക്കുന്ന ഒരു ബൃഹത്തായ ദേശീയ സംവാദത്തിന് രൂപം നൽകേണ്ടതാണ്. എങ്ങനെ നമ്മുടെ ഉല്പാദന അടിത്തറയെ ശക്തിപ്പെടുത്താം എന്നുള്ളതായിരിക്കണം ഈ സംവാദത്തിലെ ഒരു മുഖ്യവിഷയം. രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ മായാൻ പോകുന്നില്ല. പക്ഷെ, ഇന്നത്തെ പ്രതിസന്ധി മറികടക്കുന്നതിന് എല്ലാവർക്കും അംഗീകരിക്കാവുന്ന ചില പൊതുനയപരിപാടികളിൽ എത്തിച്ചേരാമെന്ന് എനിക്ക് ഉറപ്പുണ്ട്.'' (ഒന്നാം കേരള പഠന കോൺഗ്രസ്, വോള്യം 1, പേജ് 5).

കേരള വികസനത്തിന്റെ അടിസ്ഥാന ദൗർബല്യമായ ഉൽപാദനമേഖലയിലെ മുരടിപ്പിനെ ഇഎംഎസ് അടിവരയിട്ടു സൂചിപ്പിച്ചു. നമ്മുടെ വികസന നേട്ടങ്ങളെക്കുറിച്ച് പുറത്തുള്ള പണ്ഡിതർ നടത്തുന്ന പുകഴ്ത്തലുകൾ കേട്ട് ദൗർബല്യങ്ങളെ വിസ്മരിക്കാൻ പാടില്ല എന്ന് ഇഎംഎസ് പറഞ്ഞു. ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനുള്ള കാര്യപരിപാടി തയ്യാറാക്കലാണ് നമ്മുടെ ചുമതല.

വികസനത്തിനു വേണ്ടി ഒരു സമവായം തട്ടിക്കൂട്ടുക എന്നതായിരുന്നില്ല പഠന കോൺഗ്രസ്സിന്റെ ലക്ഷ്യം. വിശാലമായ വികസന കാഴ്ചപ്പാട് ഉരുത്തിരിച്ചെടുക്കുന്നതിനു വേണ്ടിയുള്ള നിരന്തര ചർച്ചകളുടെ ഉദ്ഘാടനവേദിയായിരുന്നു ഒന്നാം പഠന കോൺഗ്രസ്. ഒട്ടേറെ തുടർ സെമിനാറുകൾ മേഖലാടിസ്ഥാനത്തിൽ നടന്നു. 1996-2001 കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വിപ്ലവകരമായ ഭരണപരിഷ്കരണ നടപടിയായ ജനകീയാസൂത്രണം സാധ്യമാക്കിയത് അന്താരാഷ്ട്ര പഠന കോൺഗ്രസ് സൃഷ്ടിച്ച പുതിയ അവബോധമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും തയ്യാറാക്കിയ വികസന റിപ്പോർട്ടുകളും ചർച്ചകളും വിശാലമായ അർത്ഥത്തിൽ ഒന്നാം പഠനകോൺഗ്രസ് തുടങ്ങിവെച്ച വികസന സംവാദത്തിന്റെ തുടർച്ചയായിരുന്നു.

രണ്ടും മൂന്നും പഠനകോൺഗ്രസുകൾ

2005ലെ രണ്ടാം കേരള പഠനകോൺഗ്രസിന്റെ കാലമായപ്പോഴേയ്ക്കും കേരളത്തിന്റെ സാമ്പത്തിക വളർച്ച പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർന്നു എന്നു വ്യക്തമായിരുന്നു. അഖിലേന്ത്യാ ശരാശരിയെക്കാൾ വേഗതയിൽ നമ്മുടെ സമ്പദ്ഘടന വളർന്നു.

രണ്ടാം പഠന കോൺഗ്രസ് ആയപ്പോഴേയ്ക്കും എൺപതുകളുടെ അവസാനം മുതൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഗതിവേഗം ഉയർന്നുവെന്നു വ്യക്തമായിരുന്നു. ദേശീയ ശരാശരിയെക്കാൾ മുകളിലായിത്തീർന്നു കേരളത്തിന്റെ സാമ്പത്തിക വളർച്ച. ഈ കുതിപ്പിന് ആഗോളവത്കരണ പരിഷ്കാരങ്ങൾ കടിഞ്ഞാണിടുമോ എന്നതായിരുന്നു ഒരു ഭയപ്പാട്. ഒന്നാം പഠനകോൺഗ്രസ് കാലത്ത് ആഗോളവത്കരണ പരിഷ്കാരങ്ങൾ തുടങ്ങിയതേ ഉണ്ടായിരുന്നു. എന്നാൽ, പത്തുവർഷം കഴിഞ്ഞപ്പോൾ ഈ പരിഷ്കാരങ്ങളുടെ സ്വഭാവം വ്യക്തമായി. ഈ പുതിയ പരിമിതികൾക്കുള്ളിൽ വേണ്ടിയിരുന്നു കേരളത്തിന്റെ വികസനത്തെക്കുറിച്ചു ചിന്തിക്കുന്നത്. അതോടൊപ്പം, നായനാർ സർക്കാരിനുശേഷം അധികാരത്തിൽ വന്ന വലതുപക്ഷ സർക്കാർ ജനകീയാസൂത്രണം അടക്കമുള്ള പുതിയ മുൻകൈകളെ ദുർബലപ്പെടുത്തി. സർക്കാർ ചെലവുകൾ കർശനമായി ചുരുക്കിക്കൊണ്ട് ധനകാര്യ സന്തുലനാവസ്ഥ നേടുന്നതിനുള്ള പരിഷ്കാരങ്ങൾ ജനങ്ങളുടെമേൽ ദുർവഹമായ ഭാരം അടിച്ചേൽപ്പിച്ചു. ഈ നടപടികളെ തിരുത്തേണ്ടിയിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിനു മൂർത്തമായ ഒരു ജനകീയ വികസന അജണ്ട മുന്നോട്ടു വെയ്ക്കുന്നതിനുള്ള ചർച്ചകളാണ് രണ്ടാം പഠനകോൺഗ്രസിൽ നടന്നത്. ഇവിടെ ഉരുത്തിരിഞ്ഞ അഭിപ്രായസമന്വയം 2006-ൽ അധികാരത്തിൽവന്ന വി.എസ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്കു വഴികാട്ടിയായി. 2011-ൽ മൂന്നാം പഠനകോൺഗ്രസ് നടന്നെങ്കിലും തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ തിരിച്ചടി, അതിലാവിഷ്കരിച്ച കാര്യപരിപാടികൾ നടപ്പാക്കുന്നതിനു തടസമായിത്തീർന്നു.

രണ്ടും മൂന്നും കോൺഗ്രസുകളിൽ ഉരുത്തിരിഞ്ഞുവന്ന കാഴ്ചപ്പാടുകളിൽ ഏറ്റവും മുഖ്യമായത് കേരളത്തിന്റെ വ്യവസായ-ഉൽപാദന മേഖലകളുടെ വളർച്ചാതന്ത്രത്തിൽ വരുത്തേണ്ട സുപ്രധാനമായ ഒരു മാറ്റമാണ്. കേരളത്തിലെ വ്യവസായവത്കരണം ആദ്യഘട്ടത്തിൽ പരമ്പരാഗത വ്യവസായങ്ങളെയും പിന്നീട് കെമിക്കൽ വ്യവസായങ്ങളെയും ആസ്പദമാക്കിയാണ് ഉണ്ടായത്. ഈ രണ്ടു വ്യവസായങ്ങളുടെയും വളർച്ചയെ അടിസ്ഥാനമാക്കി ഭാവിയിൽ മുന്നേറാനാകും. പരമ്പരാഗത വ്യവസായങ്ങളുടെ കമ്പോളം പരിമിതമാണ്. കൂലിയുടെ ഉയർച്ച, അവയുടെ അടിത്തറ ദുർബലപ്പെടുത്തി. ഊർജ പ്രതിസന്ധിയും വ്യവസാ

യ മലിനീകരണവും കെമിക്കൽ വ്യവസായങ്ങളുടെ ഭാവി സാധ്യതകൾ പരിമിതപ്പെടുത്തി. അതുകൊണ്ട് നമ്മുടെ ശ്രദ്ധ കേരളത്തിന്റെ വിദ്യാസമ്പന്നമായ മനുഷ്യവിഭവശേഷിയ്ക്ക് അനുയോജ്യമായ ഐടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലേക്കും ടൂറിസം പോലുള്ള സേവനവ്യവസായങ്ങളിലേയ്ക്കും തിരിയേണ്ടതുണ്ട്. ലൈറ്റ് എഞ്ചിനീയറിംഗ് പോലുള്ള വൈദഗ്ധ്യാധിഷ്ഠിത വ്യവസായങ്ങളും കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾക്കും വളരെ സാധ്യതകളുണ്ട്. യശഃശരീരനായ ഡോ. അബ്ദുൾ കലാം നിയമസഭയിൽ നടത്തിയ പ്രസംഗത്തിലും ഇത്തരമൊരു ചുവടുമാറ്റത്തിന്റെ പ്രാധാന്യം എടുത്തുപറയുകയുണ്ടായി. പക്ഷേ, ഇന്നും ഈ ദിശയിൽ നിർണ്ണായകമായ ചുവടുവയ്ക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

പുതിയ അജണ്ട

നാലാം പഠന കോൺഗ്രസിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന് മേൽപ്പറഞ്ഞ ദൗർബല്യം തിരുത്തുകയാണ്. പുതിയ വളർച്ചാമേഖലകളിൽ ഒരു വമ്പൻ കുതിപ്പ് നേടുന്നതിന് എന്തുവേണം?

1. ഇതിനായി മറ്റു സംസ്ഥാനങ്ങളുമായി മത്സരിച്ച് കോർപ്പറേറ്റുകൾക്ക് കൂടുതൽ ആനുകൂല്യങ്ങളും അവകാശങ്ങളും നൽകാൻ നമ്മളില്ല. പിന്നെങ്ങനെയാണ് സ്വകാര്യ മൂലധനത്തെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുക? ഇപ്പോൾ അവതരിപ്പിക്കുന്ന രേഖയിൽ ഇതിന് അത്യന്താപേക്ഷിതമായ രണ്ടു കാര്യങ്ങളാണ് പറയുന്നത്. ഒന്ന്, കേരളത്തിന്റെ ഭൗതിക-പശ്ചാത്തല സൗകര്യങ്ങളെ ആധുനികവത്കരിക്കണം. രണ്ട്, കേരളത്തിലെ ഉന്നതവിദ്യാഭ്യാസം വിപുലപ്പെടുത്തുകയും ഗുണനിലവാരം അന്തർദേശീയ നിലയിലേയ്ക്ക് ഉയർത്തുകയും വേണം. ഇതു രണ്ടും കൈവരിക്കുന്നതിന് യുഡിഎഫ് മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാട് കമ്പോളം സ്വതന്ത്രമാക്കി കോർപ്പറേറ്റു ശക്തികൾക്കു കീഴടങ്ങുകയാണ്. വ്യവസായത്തിൽ മാത്രമല്ല, വിദ്യാഭ്യാസത്തിലും സ്വതന്ത്രവിപണി മേഖലകൾ സൃഷ്ടിക്കാനാണ് അവരുടെ പരിപാടി. ഇതിനു ബദലായി പൊതുനിക്ഷേപവും സാമൂഹ്യനിയന്ത്രണത്തിലുള്ള നിക്ഷേപവും വർദ്ധിപ്പിക്കാനുള്ള ഒരു തന്ത്രമാണ് ഇടതുപക്ഷം ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. ഇതിന് ഒരു പ്രായോഗിക രൂപം ഈ കോൺഗ്രസ്സിൽ ഉരുത്തിരിഞ്ഞു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.
2. ഇത്തരത്തിൽ പുതിയ മേഖലകളിലേയ്ക്ക് നിക്ഷേപവും മറ്റും തിരിയുമ്പോൾ ഇടതുപക്ഷത്തിന്റെ സാമൂഹ്യ അടിത്തറയായ പരമ്പരാഗത വ്യവസായത്തൊഴിലാളികൾ, മറ്റ് അസംഘടിത കൂലിവേലക്കാർ തുടങ്ങിയവരുടെ വികസനത്തുറകളിലെന്തു സംഭവിക്കും? ഈ മേഖലകളിൽ വരാൻപോകുന്ന തലമുറ അച്ഛനമ്മമാരുടെ കുലത്തൊഴിലല്ല, പുതിയ വളർച്ചാമേഖലയിലെ ആധുനികയോഗ്യതകൾക്ക് അനുസരിച്ചുള്ള തൊഴിലുകളാണ് ലക്ഷ്യമിടുന്നത്. പക്ഷേ, ഇന്ന് പരമ്പരാഗത തുറകളിൽ പണിയെടുക്കുന്നവരെ സംരക്ഷിച്ചേ തീരൂ. ഇവർക്ക് സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ടേ പുതിയ വികസനതന്ത്രം നടപ്പാക്കാനാവൂ. എന്താണ് ഇത്തരത്തിലുള്ള ഒരു സമ്പൂർണ്ണ സാമൂഹ്യസുരക്ഷിതത്വത്തിന്റെ ഘടകങ്ങൾ. ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പട്ടികവിഭാഗക്കാർ തുടങ്ങിയവരെ എങ്ങനെ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാം? ഇനിയും അവശേഷിക്കുന്ന ദാരിദ്ര്യത്തിന്റെ തുരുത്തുകൾ എങ്ങനെ ഇല്ലാതാക്കാം? അസമത്വം എങ്ങനെ കുറയ്ക്കാം? ഇതൊക്കെയാണ് പഠനകോൺഗ്രസിന്റെ മറ്റൊരു ചർച്ചാവിഷയം.
3. മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യാനുള്ള പണം എങ്ങനെ ഉണ്ടാക്കാം? അഞ്ചുവർഷത്തെ യുഡിഎഫ് ഭരണം കേരള ഖജനാവ് പാപ്പരാക്കിയിരിക്കുകയാണ്. ഈ പ്രതിസന്ധി എങ്ങനെ മറികടക്കാം? കേന്ദ്രസർക്കാരാണെങ്കിൽ കൂടുതൽ കർക്കശമായ രീതിയിൽ ധന ഉത്തരവാദിത്വ നിയമം നടപ്പാക്കാൻ തയ്യാറെടുക്കുകയാണ്. എങ്ങനെ ഈ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്ന പരിധികളെ മറികടക്കാം?
4. ഇതുവരെ പറഞ്ഞ വികസനതന്ത്രം സർക്കാരിനെ ചെറുതാക്കുകയല്ല, കൂടുതൽ ആഴത്തിലുള്ള സർക്കാർ ഇടപെടൽ അനിവാര്യമാക്കുകയാണ് ചെയ്യുക. എന്നാൽ പുതിയ വികസനധർമ്മങ്ങളേറ്റെടുക്കാൻ പര്യാപ്തമല്ല നമ്മുടെ ഭരണയന്ത്രം. നായനാർ ഭരണപരിഷ്കാര കമ്മിഷന്റെ ശുപാർശകളൊന്നും ഇനിയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ജനകീയാസൂത്രണത്തിന്റെ പുത്തൻ പതിപ്പ് സൃഷ്ടിച്ചുകൊണ്ടല്ലാതെ അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കാനാവില്ല.
5. പുരുഷന്മാർക്കൊപ്പം വിദ്യാസമ്പന്നരും ആരോഗ്യവുമുള്ളവരാണു കേരളത്തിലെ സ്ത്രീകൾ. ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയും അപേക്ഷിച്ച് അവരുടെ സ്ഥിതി മെച്ചമാണ്. എന്നാൽ സാമ്പത്തിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തവും സാമൂഹ്യപദവിയും പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും സ്ത്രീകളുടെ നില പിന്നോക്കമാണ്. ജാതി അനാചാരങ്ങൾ വലിയ അളവു വരെ നിർത്തലാക്കുകയും പാവങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്ത കേരളം ഏറ്റെടുക്കേണ്ട സുപ്രധാന സാമൂഹ്യചുമതല സ്ത്രീപുരുഷ സമത്വം കൈവരിക്കലാണ്.
6. വീണ്ടുവിചാരമില്ലാത്ത പ്രകൃതിവിഭവ ചൂഷണവും മലിനീകരണവും മൂലം നമ്മുടെ സംസ്ഥാനം പാരിസ്ഥിതിക തകർച്ച നേരിടുകയാണ്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച കരാറിലെ സാമ്രാജ്യത്വ കുതന്ത്രങ്ങളെ എതിർക്കുന്നതോടൊപ്പം കൂടുതൽ സ്ഥായിയും പരിസ്ഥിതി

സൗഹൃദവുമായ നയങ്ങൾ ആവിഷ്കരിക്കേണ്ടത് അടിയന്തര കടമയായിരിക്കുന്നു.

ഇടതുപക്ഷം മുന്നോട്ടു വയ്ക്കുന്ന ബദൽ വികസനതന്ത്രങ്ങൾക്ക് സാമ്രാജ്യത്വ ആഗോളവൽക്കരണം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ആഗോളവൽക്കരണം വികസ്വരരാജ്യങ്ങളെ നയിക്കുന്നത് വർദ്ധിച്ചുവരുന്ന അസമത്വത്തിലേക്കും ബഹുഭൂരിപക്ഷത്തിന്റെ വൻതോതിലുള്ള പാപ്പരീകരണത്തിലേക്കുമാണ്. ആഗോളധനമൂലധനത്തിന്മേലുള്ള ആശ്രിതത്വം വർദ്ധിക്കുന്നത് വികസ്വര രാജ്യങ്ങൾക്ക് സ്വതന്ത്ര പാത തെരഞ്ഞെടുക്കുന്നതിനുള്ള സാദ്ധ്യതകൾ വെട്ടിച്ചുരുക്കുന്നു. നമ്മുടെ രാജ്യത്താണെങ്കിൽ ജനങ്ങളെ വർഗീയമായി ചേരിതിരിച്ച് എതിർപ്പുകൾ ദുർബലമാക്കാനും കർക്കശമായ നവലിബറൽ നയങ്ങൾ നടപ്പാക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

എന്നാൽ സാമ്രാജ്യത്വ ആഗോളവൽക്കരണം എല്ലാ ബദൽ സാധ്യതകളെയും ഇല്ലാതാക്കുന്നു എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. നിലനിൽക്കുന്ന ലോകയാഥാർത്ഥ്യങ്ങളിൽ ഇടപെട്ടും സക്രിയമായി പ്രതികരിച്ചും മാത്രമേ ആഗോളവൽക്കരണത്തിനെതിരായ പോരാട്ടം മുന്നോട്ടുകൊണ്ടുപോകാനാവൂ. കോളനിഭരണകാലത്തും അതിനു ശേഷവും ജനജീവിതം മെച്ചപ്പെടുത്താൻ കേരളത്തിലെ പുരോഗമന ശക്തികൾ എങ്ങനെയാണോ ഇടപെട്ടു പ്രതികരിക്കുകയും അതുവഴി ജനങ്ങളെ ഫലപ്രദമായി അണിനിരത്തുകയും ചെയ്തത്, അതുപോലെ ആഗോളവൽക്കരണത്തിൽ ഇടപെട്ടു പ്രതികരിക്കുന്നതിന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന് പരിപാടിയുണ്ട്. കേരളത്തിലെ എല്ലാ വികസന പ്രശ്നങ്ങളും പ്രതിസന്ധി നിറഞ്ഞ സാമ്രാജ്യത്വ ചട്ടകൂടി നുള്ളിൽ പരിഹരിക്കാമെന്ന വ്യാമോഹവമില്ലാതെ തന്നെ അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പുരോഗതിനേടാനാവശ്യമായ ഒരു വികസന അജണ്ട ജനസമക്ഷം മുന്നോട്ടുവെക്കാനാവണം.

അവലംബം

1. Amartya Sen and Jean Dreze (1996) Hunger and Public Action, Oxford University Press
2. George K.K.(1999) Limits to Kerala Model Development: An analysis of fiscal crisis and its implications, Centre for Development Studies, Trivandrum
3. Govindan Parayil (Ed) (2000) Kerala: The Development Experience, Reflections on Sustainability and Replicability, Zed Books, London & New York
4. Harilal KN and Joseph KJ (2003) Stagnation and Revival of Kerala Economy: An Open Economy Perspective Economic and Political Weekly, Vol. 38, Issue No. 23
5. India Human Development Report, 2011: Towards Social Inclusion, Institute of Applied Manpower Research, Planning Commission, Government of India
6. Family Welfare Statistics in India (2011): Ministry of Health & Family Welfare, Government of India
7. Issac, TM, Thomas, and M Tharakan PK. (1995) Kerala, Towards a new agenda, Economic and Political Weekly, Vol. 30, Issue No. 31-32 August 1995
8. Kannan KP (1990) Kerala Economy at the Crossroads?, Economic and Political Weekly, Vol. 25, Issue No. 35/36 September 1990
9. Kannan KP and PUshpangadan (1990) Dissecting Agricultural Stagnation in Kerala: An Analysis Across Crops, Seasons and Regions, Working Paper No. 238, Centre for Development Studies, Trivandrum
10. Oommen M.A. (Ed) (1999) Rethinking Development, Kerala's Development Experience, Vol. I, Institute of Social Sciences, New Delhi
11. Subramanian K.K (1990) Development Paradox in Kerala: Analysis of Industrial Stagnation, Economic and Political Weekly, Vol. 25 Issue 37
12. CDS-UN(1975): Poverty, Unemployment and Development: a Case Study of Selected Issues with reference to Kerala, Department of Economic and Social Affairs, United Nations
13. Chakraborty, Achin (2005): 'Kerala's Changing Development Narratives', Economic and
14. Political Weekly, VoI.XL,No.6, February 5. pp 541-547
15. Franke, W. Richard and Chasin, H. Barbara (1982): Kerala Development Through Radical Reform, The Institute for Development Policy, San Francisco
16. Franke, Richard W and Chasin, Barbara (2000): 'Is the Kerala Model Sustainable', Kerala: The Development Experience, pp 16-39, London, Zed Books.
17. George, K. K.(1993): Limits to Kerala Model of Development, Monograph Series, Centre for Development Studies, Thiruvananthapuram.
18. George, K. K.(1998): Historical roots of Kerala model and its present crisis. Bulletin of Concerned Asian Scholars, 30(4): 35-40
19. Harilal, K N (1986): 'Kerala's Building Industry in Transition: A Study of the Organisation of Production and Labour Process', M Phil Dissertation, Centre for Development Studies, Thiruvananthapuram.
20. Heller, Patrick (1996): 'Social Capital as a Product of Class Mobilisation and State Intervention: Industrial Workers in Kerala, India' World Development, Vol 24, No 6, pp 1055-71.
21. Heller, Patrick (1995) 'From Class Struggle to Class Compromise:Redistribution and Growth in a South Indian State', The Journal of Development Studies,Vol.31, No.5, June
22. Thomas Isaac T. M. and Michael Tharakan P. K.(1995): 'Kerala, The Emerging Prospective: Overview of the International Congress on Kerala Studies', Social Scientist, 23(1-3)
23. Jeromi(2003): 'What Ails Kerala's Economy: A Sectoral Exploration', Economic and Political Weekly, 38 (16), April 19: 1584-600.
24. Joseph, K J and K N Harilal (1999): 'Regional Implications of Globalisation: An Analysis with Special Reference to

Kerala' Paper presented in the seminar on, 'The Kerala Model of Development: Towards a Political Economy of Incentives' Shastri Indo-Canadian Institute, August 12

25. Kannan, K.P.(1999): 'Poverty Alleviation as Advancing Basic Human Capabilities: Kerala's Achievements Compared', Working Paper No. 294, Centre for Development Studies, Thiruvananthapuram
26. Kannan, K.P.(2005): 'Kerala's Turnaround in Growth: Role of Social Development, Remittances and Reform', Economic and Political Weekly, February 5
27. Kerala Padanam (2006): 'Keralam Engane Jeevikkunnu, Engene Chinthikkunnu', K.P.Aravindan (ed), Kerala Sasthra Sahithya Parishat, Kozhikode.[Malayalam].
28. Thomas Isaac T. M. (1989): 'Keralam- Mannum manushyanum', Kerala Sasthra Sahithya Parishat,.[Malayalam].
29. Kurien, John(2000): 'The Kerala Model: Its Central Tendency and the Outlier', in Govindan Parayil (ed.), London: Zed Books
30. Mukherjee, C. and Thomas Issac, T. M.(1994): Nine Observations on Educated Unemployment in Kerala, Background Paper 5, Workshop on Employment and Unemployment Trends in Kerala with Special Reference to the Eight Five Year Plan, State Planning Board & Centre for Development Studies, Thiruvananthapuram
31. Oommen M.A. (1999): 'Rethinking Development. Kerala '5 Development Experience', Vol. 1. Concept Publishing house. New Delhi.
32. Oommen, M A (2005): 'Is Kerala Changing from Crisis to a Turnaround?' Economic and Political Weekly,Vol XL, No.18, April 30.
33. Parayil, Govindan (ed.)(2000) Kerala: The Development Experience – Reflections on Sustainability and Replicability, London: Zed Books
34. Prakash, B A (eds), (1999): Kerala's Economic Development: Issues and Problems, Sage
35. Publications, New Delhi.
36. Raj, K. N. (1994), 'Has there been a "Kerala Model"?' in International Congress on Kerala Studies Abstracts, 1: 12-3, Thiruvananthapuram, A. K. G. Centre for Research and Studies
37. Ramachandran V. K.(1997) On Kerala's Development Achievements, in Indian Development: Selected Regional Perspectives, (eds) Jean Dreze and AmartyaSen ,New Delhi: Oxford University Press, 205-356.
38. Tharamangalam, Joseph(1998) The Perils of Social Development without Economic Growth: The Development Debacle of Kerala, India. Bulletin of Concerned Asian Scholars, 30(1): 23-34

അധ്യായം 2

നവ ലിബറൽ നയ വിമർശനം

ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ കേരളത്തിലെ ഇടതുപക്ഷമാണ് ഐക്യകേരളത്തിന് മുന്നിൽ വികസനത്തിനുള്ള പരിപാടി മുന്നോട്ടു വെച്ചതെന്ന് കാണം. 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന ഇ.എം.എസിന്റെ ഗ്രന്ഥം ഇതിനായുള്ള പരിശ്രമങ്ങളിൽ നിർണായകമായ നാഴികക്കല്ലാണ്. ഐക്യകേരളം രൂപം കൊള്ളുന്നതിനു തൊട്ടുമുമ്പ് 1956ൽ കമ്മ്യൂണിസ്റ്റു പാർട്ടി തൃശൂരിൽ വിളിച്ചു ചേർത്ത പ്രത്യേക സമ്മേളനത്തിൽ വെച്ച് കേരളത്തിന്റെ വികസനത്തിനു ഔപചാരികമായ ഒരു പരിപാടി തന്നെ അംഗീകരിക്കുകയുണ്ടായി. ഈ രേഖ നാലാം വാല്യത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈയൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് 1957-ൽ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കർമ്മപരിപാടിക്ക് രൂപം നൽകിയത്.

കേരളത്തിൽ സർവ്വതല സ്പർശിയായ മാറ്റങ്ങൾക്ക് കമ്മ്യൂണിസ്റ്റ് സർക്കാർ തുടക്കം കുറിച്ചു. ഭൂവുടമാ ബന്ധങ്ങളെ മാറ്റിമറിക്കുന്ന ഭൂപരിഷ്കരണ നിയമം, കൂട്ടായ വിലപേശലിനും ട്രേഡ് യൂണിയൻ അവകാശങ്ങൾക്കും സർക്കാർ പിന്തുണ, അധികാര വികേന്ദ്രീകരണത്തിന് സമഗ്ര നിയമനിർമ്മാണം, കൊളോണിയൽ ഭരണസംവിധാനത്തെ പൊളിച്ചുപണിയുന്നതിനുള്ള ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ട്, വിദ്യാഭ്യാസ അവകാശ നിയമം, വിദ്യാഭ്യാസ-ആരോഗ്യ സംവിധാനങ്ങളുടെ വ്യാപനം ഇങ്ങനെ ഓരോ മേഖലയിലും നിർണ്ണായകമായ ഇടപെടലുകൾ നടത്തി. വിമോചനസമരത്തിലൂടെ ഈ സർക്കാരിനെ അട്ടിമറിച്ച വലതുപക്ഷം അധികാരത്തിൽ വന്നതോടെ ഇവ പലതും അട്ടിമറിക്കപ്പെട്ടു. ഈയൊരു പ്രതിഭാസം വീണ്ടും വീണ്ടും ആവർത്തിക്കുന്നതായി ചരിത്രത്തിൽ നമുക്ക് കാണാനാകും.

1. സർക്കാരുകളുടെ നയപരിപാടികൾ – താരതമ്യം

ഇടതുപക്ഷ സർക്കാരുകൾ കൊണ്ടുവരുന്ന പുത്തൻ വികസന മുൻകൈകൾ തുടർന്നു വരുന്ന വലതുപക്ഷ സർക്കാരുകൾ ദുർബലപ്പെടുത്തുമെങ്കിലും പൂർണ്ണമായും ഇല്ലാതാക്കപ്പെടുന്നില്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇതിനു കാരണം, സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്ന ഇടതുപക്ഷ അന്തരീക്ഷവും ആശയപരവുമായ മേൽക്കൈയുമാണ്. കേരളത്തിലെ ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള കൃത്യമായ ഒരു താരതമ്യം ഇരുവരുടെയും നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളുടെ പ്രവർത്തനത്തെ താരതമ്യപ്പെടുത്തിയാൽ ലഭിക്കും.

ഇടതുപക്ഷ-വലതുപക്ഷ സർക്കാരുകൾ (1996-97/2005-06)

1996-2001 കാലത്തെ സ: നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ വിപ്ലവപരമായ ഭരണപരിഷ്കാര നടപടിയായ ജനകീയാസൂത്രണം സാധ്യമാക്കിയത് ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് സൃഷ്ടിച്ച പുതിയ അവബോധമാണ് എന്ന് നാം കണ്ടുവല്ലോ. വിവര സാ

ങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ പുതിയ മേഖലകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രത്യേക നടപടികളുണ്ടായി. പുതിയ മേഖലകൾക്ക് ഊന്നൽ നൽകിയപ്പോഴും കൃഷിയും പരമ്പരാഗത വ്യവസായങ്ങളും അവഗണിക്കപ്പെടാതിരിക്കാൻ രാഷ്ട്രീയ നേതൃത്വം ജാഗ്രത കാട്ടി. പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘാടനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം, കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ, സാമൂഹ്യക്ഷേമ പദ്ധതി വ്യാപകമാക്കൽ, വിദ്യാർത്ഥി കേന്ദ്രീകൃത സ്കൂൾ പാഠ്യപദ്ധതി നവീകരണം തുടങ്ങിയവ 1996-2001 കാലത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ സുപ്രധാന നടപടികളായിരുന്നു. വികസനനയങ്ങളെക്കുറിച്ച് സമവായമുണ്ടാക്കുന്നതിനായി പ്രത്യേക താല്പര്യമെടുക്കുകയും അതിദ്രുത വികസനത്തിനുള്ള സാമൂഹ്യ പശ്ചാത്തലമൊരുക്കുകയും ചെയ്തു.

എന്നാൽ തുടർന്ന് അധികാരത്തിൽ വന്ന കോൺഗ്രസ് സർക്കാർ നവ ലിബറൽ പരിഷ്കാരങ്ങളുടെ പുറകെ പോയതോടെ ഈ നേട്ടങ്ങൾക്ക് തിരിച്ചടിയേറ്റു. അധികാരവികേന്ദ്രീകരണ പ്രക്രിയ അടിമുടി വികൃതമാക്കപ്പെട്ടു. കേരള വികസന പദ്ധതി എന്ന പേരിൽ അവർ തട്ടിക്കൂട്ടിയ പരിഷ്കരണ പ്രവർത്തനങ്ങൾ വികേന്ദ്രീകരണ സങ്കൽപങ്ങളുടെ അടിത്തറ ഇളക്കി. മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിനെ ഭരണ നവീകരണ പദ്ധതിയാക്കി അധ:പതിപ്പിച്ചു. ട്രേഡ് യൂണിയൻ അവകാശങ്ങൾ കവർന്നെടുത്തും പ്രതികരിക്കാനും പ്രക്ഷോഭം നടത്താനുമുള്ള ജനാധിപത്യാവകാശങ്ങൾക്കു വില പറഞ്ഞുമാണ് വലതു മുന്നണി സർക്കാർ അഞ്ചുവർഷം ഭരിച്ചത്. ധനകാര്യ ഉത്തരവാദിത്വ ബിൽ പാസ്സാക്കികൊണ്ടു സംസ്ഥാന സർക്കാരിന്റെ ക്ഷേമ-വികസന ഇടപെടലുകളുടെ സാധ്യത വെട്ടിച്ചുരുക്കി. ഭരണകൂടത്തെ നിർബന്ധിത ചെറുതാക്കലിനു വിധേയമാക്കി.

പൊതുവിദ്യാഭ്യാസത്തിനും, പൊതുജനാരോഗ്യത്തിനും, പൊതുവിതരണത്തിനും, സാമൂഹ്യക്ഷേമത്തിനും, പൊതുമേഖലയയ്ക്കും, പരമ്പരാഗതവ്യവസായങ്ങൾക്കും മറ്റുമുള്ള പദ്ധതി-പദ്ധതിയേതര വിഹിതം വെട്ടിക്കുറയ്ക്കപ്പെട്ടു. പൊതുകാര്യങ്ങളിൽ നിന്നും ഭരണകൂടം പിന്മാറുകയാണെന്നും ആ ഇടം കമ്പോള ശക്തികൾക്കു അഥവാ മൂലധനശക്തികൾക്കു വിട്ടു കൊടുക്കുകയാണെന്നും വിളംബരമുണ്ടായി. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ തസ്തികകൾ വെട്ടിക്കുറക്കുകയും, ശമ്പളം മരവിപ്പിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളെ വിൽപ്പനയ്ക്കുവെച്ചു. കാടും, കായലും, കടലോരങ്ങളും, പുഴയും, റവന്യുഭൂമിയും എന്നു വേണ്ടാ പൊതുസ്വത്തും പൊതുവിഭവങ്ങളും കൈയ്യേറ്റക്കാരുടെ സ്വാതന്ത്യത്തിനു വിട്ടുകൊടുക്കുന്ന സ്ഥിതിയുണ്ടായി.

കേരളത്തിന്റെ വികസനരംഗത്ത് ഘടനാപരമായ അപഭ്രംശത്തിനു ഇടയാക്കിയ മുൻ യു.ഡി.എഫ് സർക്കാരിന്റെ മേൽപറഞ്ഞ നടപടികളുടെ പ്രത്യാഘാതം ഏറെ രൂക്ഷമായിരുന്നു. കേരളം പട്ടിണിമരണങ്ങളുടെയും കർഷക ആത്മഹത്യകളുടെയും നാടായി മാറി. നിർമ്മാർജനം ചെയ്യപ്പെട്ടു എന്നു കരുതിയിരുന്ന പകർച്ചവ്യാധികൾ തിരിച്ചുവന്നു. സാമൂഹ്യ സംഘർഷങ്ങൾ വർഗീയ കലാപങ്ങളായി വളർന്നു. പെൺവാണിഭസംഘങ്ങൾ പെരുകി. അധോലോകം വളർന്നു. തീവ്രവാദസംഘങ്ങൾ കേരളത്തെ സുരക്ഷിത സങ്കേതമാക്കി. പൊതുസ്ഥലങ്ങളിൽ ബോംബുകൾ കണ്ടെത്തുന്നതും, ദുരൂഹമായ സ്ഫോടനങ്ങൾ ഉണ്ടാവുന്നതും വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെട്ടു. കൂട്ടായ ഇടപെടലിന്റെ ഇടുതുപക്ഷ പാരമ്പര്യത്തിൽ നിന്നുള്ള വ്യതിചലനം കേരളത്തെ എവിടെ കൊണ്ടെത്തിക്കും എന്നതിന്റെ തുറന്നുകാട്ടലായി ആ വർഷങ്ങൾ.

ആഗോളവത്കരണ പരിഷ്കാരങ്ങൾക്കെതിരെയുള്ള നിശിതമായ വിമർശനത്തിന്റെയും സംവാദങ്ങളുടെയും കാലമായിരുന്നു അത്. ഐക്യകേരളപ്പിറവിയ്ക്കു ശേഷം സംസ്ഥാനത്തിന്റെ പുരോഗമന വികസന മാതൃകക്കെതിരെ നടന്ന ഏറ്റവും ക്രൂരമായ ഈ ആക്രമണത്തിൽ മുറിവേറ്റു ക്ഷീണിച്ച സംസ്ഥാനത്തെ വീണ്ടും വികസനത്തിന്റെയും, ക്ഷേമത്തിന്റെയും സാമൂഹ്യനീതിയുടെയും പാതയിലേക്കു എങ്ങനെ തിരിച്ചെത്തിക്കാം? ആഗോളവത്കരണം ഉയർത്തുന്ന വെല്ലുവിളികളെ ഫെഡറൽ ചട്ടക്കൂടിൽ നിന്നുകൊണ്ടു നേരിടുന്നതെങ്ങനെ എന്ന ചർച്ച സജീവമായി. ഈ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലാണ് 2005ൽ രണ്ടാം കേരള പഠന കോൺഗ്രസ് നടന്നത്. കഴിഞ്ഞ കാല നേട്ടങ്ങൾ നിലനിർത്തുക, ഭാവിയിലേയ്ക്കുള്ള പുതിയ പാത തെളിക്കുക എന്നീ മുദ്രാവാക്യങ്ങൾ മുന്നോട്ടു വെച്ചുകൊണ്ടാണ് രണ്ടാം പഠനകോൺഗ്രസ് സമാപിച്ചത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ (2006-07/2010-11)

ഈ മുദ്രാവാക്യങ്ങളാണ് 2006ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയങ്ങൾക്കു മാർഗദർശിയായത്. പുരോഗമന വികസനപ്രക്രിയയ്ക്കെതിരെ നടന്ന ഏറ്റവും ക്രൂരമായ ആക്രമണത്തിന്റെ തിക്തഫലങ്ങളിൽ നിന്നു കേരളത്തെ മോചിപ്പിച്ചു വീണ്ടും വികസനത്തിന്റെയും ക്ഷേമത്തിന്റെയും സാമൂഹ്യനീതിയുടെയും പാതയിലേക്കു തിരിച്ചെത്തിക്കുക എന്ന ദൗത്യം ഏറ്റെടുത്ത സർക്കാർ തൊഴിലാളികളുടെയും കൃഷിക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഇടപെട്ടു. ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറായില്ല. രാഷ്ട്രീയ എതിരാളികളുടെ പോലും പ്രശംസ പിടിച്ചുപറ്റിയ വികസന നയങ്ങളാണ് സർക്കാർ നടപ്പാക്കിയത്. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പല പുരസ്കാരങ്ങളും സംസ്ഥാനത്തെ തേടിയെത്തി.

കേരള സമ്പദ്ഘടനയുടെ വളർച്ചയിൽ ഒരു കുതിച്ചു ചാട്ടമുണ്ടായി എന്നു പറയാം. 2005-06/2010-11 കാലത്ത് കേരളത്തിന്റെ ആഭ്യന്തര വരുമാനം പ്രതിവർഷം 14

ശതമാനം വച്ച് വളർന്നു. വിലക്കയറ്റം കൂടി കണക്കിലെടുക്കുകയാണെങ്കിൽ യഥാർത്ഥ വളർച്ച 9 ശതമാനം വീതം ഉണ്ടായി. ഇത് കേരളത്തിന്റെ ഇതപര്യന്തരമുള്ള വളർച്ചാ അനുഭവങ്ങളെക്കാൾ മാത്രമല്ല, ദേശീയ വരുമാന വളർച്ചയുടെ അനുഭവമെടുത്താലും ഉയർന്നു നിൽക്കുന്ന റെക്കോർഡാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിനു പോലും ഈ വളർച്ചയെ തടയാനായില്ല. ഇതിനുള്ള കാരണം, ഗൾഫ് പണവരുമാനത്തിലുണ്ടായ വർദ്ധനവാണ്. അതുപോലെതന്നെ, സംസ്ഥാന സർക്കാർ നടപ്പാക്കിയ 10,000 കോടി രൂപയുടെ ഉത്തേജക പാക്കേജും. ഇതിൽ 5000 കോടി രൂപ റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കുമായും മറ്റുമുള്ള സർക്കാരിന്റെ നേരിട്ടുള്ള ചെലവുകളായിരുന്നു. മറ്റൊരു 3000 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായ്പ എടുത്ത് ഇ.എം.എസ് പാർപ്പിട പദ്ധതിക്കായി ചെലവാക്കുന്ന തുകയായിരുന്നു. അങ്ങനെ 10000 കോടിയിൽ 80 ശതമാനത്തിലേറെ മൂലധനചെലവ് ആയിരുന്നു. ഈ അടങ്കൽ ചെലവഴിച്ച് തീർക്കുന്നതിന് 2-3 വർഷം എടുത്തു എന്നത് ശരിയാണെങ്കിലും ഈ പാക്കേജിന്റെ പ്രഖ്യാപനം വലിയൊരു ശുഭാപ്തിവിശ്വാസം സംസ്ഥാനത്ത് സൃഷ്ടിച്ചു.

കാർഷിക-വ്യവസായ-ഉൽപ്പാദന മേഖലകളിലും പുതിയൊരു വീണ്ടെടുപ്പുണ്ടായി. 1997-98 ലെ വിലത്തകർച്ചയെത്തുടർന്ന് സംജാതമായ കാർഷിക നിശ്ചലാവസ്ഥ സംസ്ഥാനം മറികടന്നു. നാളികേരം, റബ്ബർ എന്നിവയുടെ ഉൽപ്പാദനം കുത്തനെ ഉയർന്നു. കാപ്പിയിലും കുരുമുളകിലും പുതിയൊരു ഉണർവ്വുണ്ടായി. പുതുതായി 15,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു. ഇതിനു പ്രോത്സാഹനമായി സംഭരണവില 2005-06ൽ 7 രൂപയായിരുന്നത് 2010-11ൽ 14 രൂപയായി ഉയർത്തി. കർഷക കടാശ്വാസ കമ്മീഷന് രൂപം നൽകി. കർഷക ആത്മഹത്യകൾ അപ്രത്യക്ഷമായി.

വ്യവസായ മേഖലയിലും മുന്നേറ്റമുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് ഏറ്റവും വലിയ മുൻഗണനയാണ് ഇടതുപക്ഷ സർക്കാരുകൾ നൽകിയത്. ഇതിനുവേണ്ടി സ്വീകരിച്ച നാനാവിധ നടപടികളെക്കുറിച്ച് 9-ാം അധ്യായത്തിൽ പൊതുമേഖലയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. വൈദ്യുതി മേഖലയിലെ താരിഫ് വർദ്ധനയും പവർകട്ടും ഒഴിവാക്കി. ആ തീരുമാനം പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പ്രതിഫലിക്കാൻ അധികനാൾ വേണ്ടിവന്നില്ല. 2005-06ൽ 12 വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളേ ലാഭകരമായി പ്രവർത്തിച്ചിരുന്നുള്ളൂ. ഇവയുടെ എണ്ണം 2006-07ൽ 24 ആയും 2009-10ൽ 32 ആയും ഉയർന്നു. 2005-06ൽ വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തത്തിൽ 63 കോടി രൂപ നഷ്ടമുണ്ടാക്കി. ഈ നഷ്ടം 2009-10 ആയപ്പോഴേക്കും 240 കോടി രൂപയുടെ ലാഭമായി മാറി. യു.ഡി.എഫിന്റെ ഭരണകാലത്ത് സ്വകാര്യവൽക്കരണത്തിന് നൽകിയ ഊന്നലിന്റെ നേർവിപരീതമായിരുന്നു ഇടതുപക്ഷ നയം.

പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് നൽകിയ പ്രാധാന്യം ഏറ്റവും പ്രകടമായത് കശുവണ്ടി മേഖലയിലാണ്. റെക്കോർഡ് തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞു. കയർ, കൈത്തറി, ഖാദി, മത്സ്യബന്ധം എന്നീ മേഖലകളിൽ വരുമാന ഉറപ്പുപദ്ധതിക്ക് തുടക്കം കുറിച്ചു.

ധനകാര്യമേഖലയിലും ഒരു ബദൽ നയം ആവിഷ്കരിച്ചു. യു.ഡി.എഫ് സർക്കാരിന്റെ ചെലവുചുരുക്കൽ നയത്തിനു പകരം വരുമാനം ഉയർത്തിക്കൊണ്ട് സാമ്പത്തിക സന്തുലനാവസ്ഥ കൈവരിക്കുന്നതിനാണ് ഇടതുപക്ഷ സർക്കാർ ശ്രമിച്ചത്. നികുതി വരുമാനം ഏതാണ്ട് 19 ശതമാനം വീതം വർദ്ധിപ്പിക്കുന്നതിൽ വിജയിച്ചു. ട്രഷറി സേവിംഗ്സ് ബാങ്കിനെയും ബഡ്ജറ്റിനു പുറത്തുള്ള പ്രത്യേക ഏജൻസികളേയും രൂപപ്പെടുത്തി മൂലധന നിക്ഷേപം ഉയർത്തി.

പൊതു ചർച്ചകളിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയ വലിയൊരു നേട്ടം കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്കിൽ ഉണ്ടായ ഇടിവാണ്. പട്ടിക 2.1 ൽ 1983നും 2009-10നും ഇടയ്ക്ക് കേരളത്തിലെ തൊഴിലില്ലായ്മാ നിരക്കിൽ വന്ന മാറ്റങ്ങൾ കൊടുത്തിട്ടുണ്ട്. നഗരമേഖലയിലാണ് കൂടുതൽ ശ്രദ്ധേയമായ ഇടിവ് ഉണ്ടായത്. തൊഴിലില്ലായ്മാ നിരക്ക് 2004-05ൽ 19.9 ശതമാനമായിരുന്നത് 2009-10ൽ 8.3 ശതമാനമായി താണു. ഗ്രാമീണ മേഖലയിലാവട്ടെ 15.8 ശതമാനത്തിൽ നിന്ന് 9 ശതമാനമായി താഴ്ന്നു. സ്ത്രീകളുടെ തൊഴിലില്ലായ്മാ നിരക്കിലും ശ്രദ്ധേയമായ കുറവുണ്ടായിരുന്നു എങ്കിലും സ്ത്രീകളുടെ തൊഴിലില്ലായ്മ ഇന്നും പുരുഷന്മാരെ അപേക്ഷിച്ച് ഉയർന്നതാണ്. തൊഴിലില്ലായ്മാ നിരക്ക് കുറഞ്ഞത് തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പാക്കിയതുകൊണ്ടുകൂടിയാണ്. സ്ത്രീ സൗഹൃദ സമീപനം ഈ സർക്കാരിന്റെ പ്രത്യേക സവിശേഷതയായിരുന്നു. കുടുംബശ്രീ യുടെ സുവർണ്ണകാലമായിരുന്നു ഇത് എന്നു പറയാം. ജന്റർ ബഡ്ജറ്റിൽ സ്ത്രീകളുടെ വികസനത്തിനായുള്ള അടങ്കലിൽ ശ്രദ്ധേയമായ വർദ്ധനവ് വരുത്തി.

പട്ടിക 2.1
കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക്
ഗ്രാമങ്ങളിലും നഗരങ്ങളിലും (1977-78/2009-10)

നഗരം/ഗ്രാമം	1983	1987-88	1993-94	1999-00	2004-05	2009-10
ഗ്രാമം	12.6	16.6	9.4	10.9	15.8	9.0
പുരുഷൻ	10.6	12.5	7.2	7.6	8.3	3.8
സ്ത്രീ	17.0	25.0	15.8	19.7	30.9	21.0
നഗരം	15.6	19.6	12.0	12.5	19.9	8.3
പുരുഷൻ	11.9	14.2	7.6	6.9	9.0	3.4
സ്ത്രീ	25.6	34.0	24.4	26.4	42.9	19.8
ആകെ	13.1	17.1	10.1	11.4	-	8.8

ആകെ പുരുഷന്മാർ	10.8	12.8	7.3	7.4	-	3.7
ആകെ സ്ത്രീകൾ	18.4	26.3	18.2	21.5	-	20.7

അവലംബം: ബന്ധപ്പെട്ട വർഷങ്ങളിലെ എസ്.എസ്.എസ് റിപ്പോർട്ടുകൾ

വലതുമുന്നണി സർക്കാർ (2011-12/2015-16)

ഇപ്പോഴത്തെ വലതുമുന്നണി സർക്കാരും 2001-02/2005-6 കാലത്തെ സർക്കാരും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം അന്നത്തെപ്പോലെ സാമ്പത്തിക സന്തുലനാവസ്ഥ കൈവരിക്കാൻ ചെലവു ഞെരുക്കൽ നയം സ്വീകരിക്കുന്നില്ല എന്നതാണ്. അപ്പോഴപ്പോഴത്തെ താൽപ്പര്യമനുസരിച്ച് പേട്രനേജ് ലക്ഷ്യമിട്ട്, ബഡ്ജറ്റിൽ പറയട്ടെ, പറയാതിരിക്കട്ടെ ചെലവ് നടത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. അതേസമയം, ഇതിനനുസൃതമായി വരുമാനം ഉയർത്തുന്നതിൽ സർക്കാർ അമ്പേ പരാജയപ്പെട്ടു. സർക്കാരിന്റെ തനതു വരുമാനം ഇടതുപക്ഷ സർക്കാരിനെ അപേക്ഷിച്ച് പകുതി വേഗതയിൽ മാത്രമേ വളർന്നുള്ളൂ. ഇതിന്റെ ഫലമായി റവന്യൂ കമ്മി കുത്തനെ ഉയർന്നു. അതിനു മുമ്പുള്ള ഒരു ദശാബ്ദക്കാലത്ത് നേടിയ സാമ്പത്തിക സുസ്ഥിരത സംസ്ഥാനത്തിന് പൂർണ്ണമായും നഷ്ടപ്പെട്ടു. മുൻ സർക്കാർ കൈവരിച്ച സാമ്പത്തിക സന്തുലനാവസ്ഥയെ നിരുത്തരവാദപരമായി ദുരുപയോഗം ചെയ്തു. തൽഫലമായി സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കോൺട്രാക്ടർമാർക്ക് ഒന്നരവർഷത്തെ ബില്ലുകൾ കുടിശ്ശികയായതോടെ മരാമത്ത് പ്രവർത്തനങ്ങൾ മുരടിച്ചിരിക്കുകയാണ്. ക്ഷേമ പെൻഷനുകളും കുടിശ്ശികയാണ്. വൻ പ്രഖ്യാപനങ്ങൾ ബഡ്ജറ്റുകൾ തോറും നടത്തുക പതിവാണെങ്കിലും അവയ്ക്കുള്ള പണം ഇല്ലാത്ത അവസ്ഥയിലാണ് സർക്കാർ.

പുതിയ നയങ്ങളുടെ പ്രത്യാഘാതം ഏറ്റവും നാടകീയമായി വീണ്ടും മനസ്സിലാക്കാൻ പറ്റുന്നത് പൊതുമേഖലയുടെ പഠനത്തിലാണ്. 2009-10ൽ പൊതുമേഖലയിലുണ്ടായിരുന്ന 240 കോടി രൂപ ലാഭത്തിൽ നിന്ന് 2013-14 എത്തിയപ്പോഴേക്കും 422 കോടി രൂപ നഷ്ടത്തിലായി. വീണ്ടും അടച്ചുപൂട്ടലിന്റേയും സ്വകാര്യവൽക്കരണത്തിന്റേയും ഭീഷണി സംസ്ഥാനത്ത് സംജാതമായി. വൈദ്യുതി നിരക്കുകൾ കുത്തനെ ഉയർത്തിയതും പവർകട്ട് തിരിച്ചുവന്നതും വ്യവസായത്തിന് ഭീഷണിയായി. പരമ്പരാഗത വ്യവസായങ്ങളെല്ലാം വീണ്ടും കടുത്ത പ്രതിസന്ധിയിലായി. ഇന്നത്തെ നില തുടരുകയാണെങ്കിൽ ഏതാനും വർഷങ്ങൾ കൊണ്ട് കയറും കൈത്തറിയും കേരളത്തിൽനിന്ന് അപ്രത്യക്ഷമാകും.

പട്ടിക 2.2
സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ
വാർഷിക വളർച്ചാനിരക്കുകളും തെരഞ്ഞെടുത്ത കാലങ്ങളിലേക്കുള്ള ശരാശരിയും
(ഫാക്ടർ കോസ്റ്റ്, 2004-05 സ്ഥിരനിലവാരത്തിൽ)



കാർഷിക മേഖലയുടെ വളർച്ച കേവലമായി ഇടിയാൻ തുടങ്ങി. 1997-ൽ എന്നപോലെ കേരളത്തിലെ വാണിജ്യവിളകളെല്ലാം വീണ്ടും ഒരു വിലത്തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ സ്ഥിതിയാണ് ഏറ്റവും പരിതാപകരം. ഇപ്പോൾ നാളികേരത്തിന്റേയും വില ഇടിഞ്ഞു. രണ്ടു മേഖലകളിലും കാർഷികോൽപ്പാദനം ഗണ്യമായി കുറഞ്ഞു. നെൽകൃഷി വിസ്തൃതി വീണ്ടും കുറഞ്ഞുതുടങ്ങി. നെൽസംഭരണത്തിൽ ഉണ്ടായ അരാജക പ്രവണതയാണ് ഈ പ്രവണതയ്ക്കും മുഖ്യ കാരണം.

അനിയന്ത്രിതമായ അൺ എയ്ഡഡ് സ്കൂകളുടെ കടന്നുവരവ് പൊതുവിദ്യാഭ്യാസത്തെ തുരങ്കം വച്ചു. സ്വാശ്രയ കോളേജുകൾക്ക് മെരിറ്റും സാമൂഹ്യനീതിയും ബാധകമല്ലാതായി. പൊതു ആരോഗ്യ സംവിധാനത്തിൽ ഡോക്ടർമാരും മരുന്നും ഇല്ലാത്ത അവസ്ഥയാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ജനകീയത ചോർത്തി ഉദ്യോഗസ്ഥമേധാവിത്വത്തിലായി. കുടുംബശ്രീ പ്രവർത്തനം പല ജില്ലകളിലും മരവിച്ചു.

അഴിമതിയും കെടുകാര്യസ്ഥതയും ഭരണത്തിന്റെ മുഖമുദ്രയായിട്ടുണ്ട്. ഇതെല്ലാം മൂലം സാമ്പത്തിക വളർച്ച മുൻകാലത്തെ അപേക്ഷിച്ച് മന്ദീഭവിച്ചു. താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ ഇത് വ്യക്തമായി കാണാനാകും. ഇന്നത്തെ ഈ അവസ്ഥാവിശേഷത്തിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റുക എന്നുള്ളതാണ് അടിയന്തര കടമ.

2. പരിപ്രേക്ഷ്യപദ്ധതി 2030 – വിമർശനം

കേരള വികസന മേഖലകളിലോരോന്നിലും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ രൂപം നൽകിയ നയസമീപനങ്ങളും പരിപാടികളും തിരുത്തി ആഗോളവത്കരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനാണ് കഴിഞ്ഞ നാലര വർഷമായി യുഡിഎഫ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ, മുൻകാലങ്ങളെ അപേക്ഷിച്ച് ഒരു വ്യത്യാസം ഇത്തവണയുണ്ട്. വല തുപക്ഷ നയങ്ങൾ നടപ്പാക്കുമ്പോഴും കേരളത്തിൽ ചില ഇടതുപക്ഷ നാട്യങ്ങൾ കൂടിയേ തീരൂ. എന്നാൽ, ഇത്തവണ തങ്ങളുടെ നടപടികളെ ദീർഘകാലത്തേയ്ക്കുള്ള ഒരു സമഗ്ര നിയോലിബറൽ അജണ്ടയായി രൂപപ്പെടുത്തുന്നതിനുള്ള പരിശ്രമം ആസൂത്രണബോർഡിന്റെ നേതൃത്വത്തിൽ നടത്തിയിരിക്കുന്നു. ഇതാണ് 'പരിപ്രേക്ഷ്യ പദ്ധതി 2030' എന്ന രേഖ. ഇടതുപക്ഷം മുന്നോട്ടുവെച്ചതും കേരളസമൂഹത്തിൽ പൊതുവിൽ അംഗീകാരം നേടിവരുന്നതുമായ ജനകീയ വികസന കാഴ്പ്പാടിന് കടകവിരുദ്ധമാണ് യുഡിഎഫിന്റെ പരിപ്രേക്ഷ്യം.

വിദ്യാഭ്യാസ-ആരോഗ്യ വാണിജ്യവൽക്കരണം

വിദ്യാഭ്യാസ – ആരോഗ്യമേഖലകളുടെ മുഖ്യ ദൗർബല്യമായി രേഖ കാണുന്നത് ഇവ 'ട്രേഡബിൾ മേഖലകൾ' അല്ലെന്നാണ്. എന്നുവെച്ചാൽ വേണ്ടത്ര വാണിജ്യവത്കരിക്കപ്പെട്ടിട്ടില്ല. സ്വാശ്രയ കോളജുകളും സ്കൂളുകളും സ്വകാര്യ ആശുപത്രികളും വളരുന്നുണ്ടെങ്കിലും മുഖ്യധാരാ വിദ്യാഭ്യാസ- ആരോഗ്യ സംവിധാനത്തിന്റെ ലക്ഷ്യം പൊതുജനങ്ങളുടെ വിദ്യാഭ്യാസവും ആരോഗ്യവുമാണ്. ലോക കമ്പോളം ലക്ഷ്യമിട്ട് ഈ മേഖലകൾ അഴിച്ചുപണിയുമത്രേ. ലക്ഷ്യം, മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും നിന്നുള്ളവർ ചികിത്സയ്ക്കും പഠനത്തിനും കേരളത്തെ ആശ്രയിക്കണം. അതിനുവേണ്ടി നമ്മുടെ വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങളെ അന്തർദേശീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഴിച്ചുപണിയുമെന്നാണ് യുഡിഎഫ് സർക്കാർ പ്രഖ്യാപിക്കുന്നത്.

അങ്ങനെ കേരളത്തിൽ അഞ്ച് വിദ്യാഭ്യാസ – ആരോഗ്യ ആഗോള ഹബ്ബുകൾ സ്ഥാപിക്കപ്പെടും. വ്യവസായ വികസനത്തിന് സ്പെഷ്യൽ ഇക്കണോമിക് സോൺ അഥവാ സ്വതന്ത്ര വ്യാപാരമേഖലകൾ ആവിഷ്കരിക്കപ്പെട്ടതുപോലെ ഒരഭ്യാസമാണ് ഇതും. തുടക്കത്തിൽ തിരുവനന്തപുരം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് ഇത്തരം ആഗോളനഗരങ്ങൾ സ്ഥാപിക്കുക.

ഈ ആഗോള വൈജ്ഞാനിക കേന്ദ്രങ്ങളിലേയ്ക്കാണ് വിദേശ സർവകലാശാലകളെയും ബഹുരാഷ്ട്ര ആരോഗ്യ കുത്തകകളെയും നാടൻ നിക്ഷേപകരെയും ആകർഷിക്കുന്നത്. അവർക്കു വെച്ചുനീട്ടുന്നതോ, നാട്ടിലെ സാമൂഹ്യനിയന്ത്രണങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യവും പരിരക്ഷയും. ''ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്ക് ഈ മേഖലകളിൽ ഇന്നു നിലവിലുള്ള വിവിധ നിയന്ത്രണ നിയമങ്ങളിൽ നിന്നും ഒഴിവു നൽകും'' എന്നു പച്ചയ്ക്കു തന്നെ പറഞ്ഞിട്ടുണ്ട് പരിപ്രേക്ഷ്യപദ്ധതി 2030-ൽ. വിദ്യാഭ്യാസത്തിനു മാതൃകയാക്കാൻ ഉദ്ദേശിക്കുന്ന രാജ്യങ്ങൾ ഇവയാണ്: ദുബായ്, അബുദാബി, ബഹ്റൈൻ, മലേഷ്യ, ദക്ഷിണ കൊറിയ.

ഈ ഹബ്ബുകളിൽ ഒതുങ്ങുന്നതല്ല പുതിയ വിദ്യാഭ്യാസ ആരോഗ്യ പരിഷ്കാരങ്ങൾ. എല്ലാ ജില്ലകളിലും ഉപഗ്രഹ കേന്ദ്രങ്ങളുമുണ്ടാകും. അങ്ങനെ 2030 ആകുമ്പോഴേയ്ക്കും വിദ്യാഭ്യാസ ആരോഗ്യ മേഖലകൾ വാണിജ്യാടിസ്ഥാനത്തിൽ അതിവേഗത്തിൽ വളരുന്ന മേഖലകളായി മാറും. അങ്ങനെയവ കേരളത്തിലെ പുതിയ കുതിപ്പിന്റെ ഡ്രൈവർമാരാകുമത്രേ.

ഇന്ന് 7 – 8 ശതമാനമാണ് കേരളത്തിന്റെ പ്രതിവർഷമുള്ള വളർച്ച. ഈ വളർച്ച ഭാവിയിലും നിലനിർത്താനുള്ള വികസനതന്ത്രമാണ് വിഷൻ 2030-ൽ മുന്നോട്ടു വെയ്ക്കുന്നത്. ഇതിനായി ഓരോ മേഖലയ്ക്കും കൃത്യമായ വളർച്ചാനിരക്ക് നിർണയിച്ചിട്ടുണ്ട്. അതുപ്രകാരം കൃഷി രണ്ടുശതമാനം വേഗത്തിൽ വളർന്നാൽ മതി. വളർച്ചയിൽ ദേശീയ ശരാശരി പോലും കേരളം ലക്ഷ്യമിടേണ്ടതില്ല! ഓരോ വികസന മേഖലയുടെയും വികസനതന്ത്രം വിസ്തരഭയത്താൽ ഇവിടെ പരിശോധിക്കുന്നില്ല. എങ്കിലും കൃഷിയെക്കു

റിച്ച് ചിലതു പറയാതെ വയ്യ. ഹൈടെക് രീതികളിലാണ് ശ്രദ്ധ മുഴുവൻ. രേഖ പ്രകാരം വ്യവസായം പോലെ കൃഷിയും സംരംഭകത്വാധിഷ്ഠിതമാകണം. പക്ഷേ, സ്ഥലജല പരിപാലനത്തിനെയോ ഗ്രൂപ്പ് ഫാമിംഗ് പോലുള്ള കാർഷിക പരിഷ്കരണങ്ങളെയോ കുറിച്ച് ഒരു പരാമർശവുമില്ല. കേരളത്തിന്റെ കാർഷിക ഘടനയെയോ പ്ലാന്റേഷൻ മേഖലകളുടെയും പുരയിട കൃഷിയുടെയും പ്രത്യേകതകളോ പാരിസ്ഥിതിക പ്രശ്നങ്ങളോ കണക്കിലെടുത്തിട്ടില്ല. അങ്ങനെയൊരു വികസന തന്ത്രത്തിൽ വളർച്ച 2 ശതമാനമായി ചുരുങ്ങിയതിൽ അത്ഭുതപ്പെടാനില്ല.

ഏറ്റവും വേഗത്തിൽ വളർച്ച പ്രതീക്ഷിക്കുന്ന മേഖല വിദ്യാഭ്യാസവും ആരോഗ്യവുമാണ്. പ്രതിവർഷം 10 ശതമാനം. വ്യവസായവളർച്ചപോലും 9 ശതമാനമേ വരൂ. വിദ്യാഭ്യാസ ആരോഗ്യമേഖലകൾ വിസ്മയകരമായ ഈ വളർച്ച നേടണമെങ്കിൽ ഒറ്റ വഴിയേ ഉള്ളൂ - കച്ചവടം. ദേശീയ വരുമാനമെന്നാൽ നാട്ടിലെ ജനങ്ങൾക്ക് കൂലി, പലിശ, ലാഭം, പാട്ടം എന്നീ നാലിനങ്ങളിലായി ലഭിക്കുന്ന വരുമാനത്തിന്റെ ആകെത്തുകയാണല്ലോ. ഇന്ന് ദേശീയവരുമാനത്തിൽ വിദ്യാഭ്യാസമേഖലയുടെ പങ്ക് ശമ്പളം മാത്രമാണ്. ലാഭം തുച്ഛമാണ്. ശമ്പളവർദ്ധനയുടെ നല്ലപങ്കും വിലക്കയറ്റത്തിൽ ഇല്ലാതാകും. അപ്പോൾ പത്തുശതമാനം വെച്ചു വളരണമെങ്കിൽ എന്തുവേണം? സ്ഥാപനങ്ങളുടെ എണ്ണം കൂടണം, ലാഭം ഗണ്യമായി ഉയരണം. ചുരുക്കിപ്പറഞ്ഞാൽ, കച്ചവടം പൊടിപൊടിച്ചാലേ ഈ ലക്ഷ്യം കൈവരിക്കാനാകൂ.

രേഖയിൽ നിന്ന് ഉദ്ധരിക്കട്ടെ: ''കേരള സമ്പദ്ഘടനയുടെ പുതിയ ഡ്രൈവർമാർ കേരളത്തിന് വളരെയേറെ മത്സരശേഷിയുള്ള വിദ്യാഭ്യാസ- ആരോഗ്യ മേഖലകളായിരിക്കും. ഇവിടെ മുന്നോട്ടു വെയ്ക്കുന്ന കേരളത്തിനായുള്ള വികസന തന്ത്രം ഈ മേഖലകളിലുള്ള നമ്മുടെ മത്സരക്കഴിവുകളെ അടിസ്ഥാനമാക്കി പടുത്തുയർത്തിയിട്ടുള്ളതാണ്. ഇതിനായി ഈ മേഖലകളിലെ നമ്മുടെ കഴിവുകളെ പുതിയ ഉത്പന്നങ്ങളും സേവനങ്ങളുമാക്കി പായ്ക്കു ചെയ്ത് ദേശീയ അന്തർദേശീയ തലത്തിൽ നിലയുറപ്പിക്കണം. അങ്ങനെ ഇന്ന് ഉപഭോഗം ലക്ഷ്യമിടുന്ന ഈ മേഖലകളെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പന്നങ്ങളാക്കി മാറ്റണം. ഈ മേഖലയിൽ സൃഷ്ടിക്കുന്ന ഉത്പാദനശേഷി ആഗോളവത്കരണവും ഐടി വിപ്ലവവും സൃഷ്ടിക്കുന്ന വാണിജ്യസാധ്യതകളെ പ്രയോജനപ്പെടുത്താൻ നമ്മെ സഹായിക്കും''. ഇതിനു പുറമേ കേരളം ഇതുവഴി വിജ്ഞാനസമൂഹമായി മാറുന്നത് മറ്റ് ഉത്പാദനത്തുറകളെയും ഉത്തേജിപ്പിക്കും. ഇങ്ങനെ പോകുന്നു, ഭാവന.

ഈ രേഖ പ്ലാനിംഗ് ബോർഡിനു വേണ്ടി തയ്യാറാക്കിയത് ദൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (എൻസിഎഇആർ) എന്ന സ്ഥാപനമാണ്. കേരള വികസനവുമായി ബന്ധപ്പെട്ട പണ്ഡിത സമൂഹത്തിന് ഈ രേഖ തയ്യാറാക്കുന്നതിൽ നേരിട്ടൊരു പങ്കുമില്ല. അതുകൊണ്ടാണ് കേരളത്തിന്റെ വികസന - രാഷ്ട്രീയ - രാഷ്ട്രീയ പാരമ്പര്യവുമായി പുലബന്ധമില്ലാത്ത തന്ത്രങ്ങൾ രൂപപ്പെട്ടത്. കേരളത്തെക്കുറിച്ച് പഠിക്കാനും അഭിപ്രായം പറയാനും പുറത്തുള്ളവർക്ക് അവകാശമില്ല എന്നല്ല വാദിക്കുന്നത്. പണ്ട് ഈ സ്ഥാപനം കേരളത്തിനു വേണ്ടി ഒരു സർവെ തയ്യാറാക്കിയിട്ടുണ്ട്. 1960ലെ 'കേരളം - ടെക്നോ ഇക്കണോമിക് സർവേ' എന്ന പ്രാമാണികപഠനം. പക്ഷേ അന്നത്തെ കാലമല്ല ഇന്ന്. ഓരോ വികസനമേഖലയെക്കുറിച്ചും പഠിക്കാൻ ഉന്നത വിദ്യാപീഠങ്ങളും ഒട്ടനവധി പണ്ഡിതരും ഇന്ന് കേരളത്തിലുണ്ട്. ഇവരുടെയെല്ലാം സംവാദങ്ങളിലൂടെ കേരള വികസനത്തെക്കുറിച്ച് ഏറെക്കുറെ ഒരു അഭിപ്രായസമന്വയം ഉരുത്തിരിയുന്നുണ്ട്. ഇനി പുതുതായി ചക്രം കണ്ടുപിടിക്കാൻ പുറത്തുനിന്നൊരാളിന്റെ ഇടപെടലെന്തിന്? അതിവിപുലമായ കേരള വികസന സാഹിത്യത്തിലെ അപൂർവം റഫറൻസുകളേ രണ്ടു വർഷം മുമ്പ് ചർച്ചയ്ക്കായി വിതരണം ചെയ്ത പരിപ്രേക്ഷ്യ പദ്ധതി 2030 തയ്യാറാക്കുന്നതിൽ പരിഗണിച്ചിരുന്നുള്ളൂ. പല ഭാഗങ്ങളും മറ്റു രേഖകളിൽനിന്ന് പകർത്തിയതായിരുന്നു. അതിനിശിതമായ വിമർശനത്തിന്റെ പശ്ചാത്തലത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയാണ് ഈ രേഖയ്ക്ക് അവസാനരൂപം നൽകിയത്. എങ്കിലും അടിസ്ഥാനപരമായ നിലപാടുകളിൽ മാറ്റമുണ്ടായി. അവ നമുക്കൊട്ട് സ്വീകാര്യവുമല്ല. ഏതാണ്ട് എല്ലാ അധ്യായങ്ങളിലും പരിപ്രേക്ഷ്യപദ്ധതി 2030 സംബന്ധിച്ച വിമർശനം നൽകിയിട്ടുണ്ട്. ബദലായി ഒരു പരിപ്രേക്ഷ്യം ഉയർത്തുന്നതിനാണ് നാലാം കേരള പഠന കോൺഗ്രസ് ശ്രമിക്കുന്നത്.

3. ഗുജറാത്തും കേരളവും ഒരു താരതമ്യം

പരിപ്രേക്ഷ്യപദ്ധതി 2030 നവലിബറൽ നയങ്ങൾക്കുവേണ്ടി വാദിക്കുമ്പോഴും കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നുണ്ട്. എന്നാൽ, അത് പങ്കു കൊള്ളാത്ത ഒരു നയസമീപനവും കൂടി ഇന്ന് കേരളത്തിൽ ശക്തിപ്പെടുന്നുണ്ട്. കേരളമല്ല, ഗുജറാത്താണ് അവരുടെ മാതൃക. ഗുജറാത്ത് ഇന്ത്യക്കാകെ മാതൃകയായി പ്രധാനമന്ത്രി മോദി ഉയർത്തിപ്പിടിക്കുമ്പോൾ കേരളത്തിൽ എങ്ങനെ അദ്ദേഹത്തിന്റെ അനുയായികൾക്ക് മറിച്ചൊരു നിലപാടെടുക്കാൻ കഴിയും? അതുകൊണ്ട് ഗുജറാത്ത് മാതൃകയെക്കുറിച്ചുള്ള ഒരു പരിശോധനയും താരതമ്യവും നമുക്ക് ഒഴിവാക്കാനാവില്ല. ഒരു കാര്യം തുടക്കത്തിൽ തന്നെ പറയട്ടെ. പട്ടിക 2.3 ൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് 14 പ്രമുഖ സംസ്ഥാനങ്ങളെ മാത്രമേ പരിഗണിച്ചിട്ടുള്ളൂ വടക്കു-കിഴക്കൻ സംസ്ഥാനങ്ങളടക്കം പല ചെറു സംസ്ഥാനങ്ങളും വികസന സൂചകങ്ങളിൽ ഗുജറാത്തിനേക്കാൾ മെച്ചമാണ്. അതുകൊണ്ട് ദേശീയ തലത്തിൽ ഗുജറാത്തിന്റെ സ്ഥാനം ഈ പട്ടികയിൽ കാണുന്നതിനേക്കാൾ പിന്നിലായിത്തീരും.

പട്ടിക 2.3
കേരളത്തിന്റെയും ഗുജറാത്തിന്റെയും ചില സൂചകങ്ങളുടെ റാങ്ക്

ഇനം	റാങ്ക്	
	കേരളം	ഗുജറാത്ത്
പ്രതിശീർഷ മാസ ഉപഭോഗ ചെലവ് (ഗ്രാമം), 1993-94	2	6
പ്രതിശീർഷ മാസ ഉപഭോഗ ചെലവ് (ഗ്രാമം), 2011-12	1	10
പ്രതിശീർഷ മാസ ഉപഭോഗ ചെലവ് (നഗരം), 1993-94	7	9
പ്രതിശീർഷ മാസ ഉപഭോഗ ചെലവ് (നഗരം), 2011-12	3	10
ദരിദ്രരുടെ എണ്ണത്തിലെ കുറവ് (ഗ്രാമം), 1993-94	3	9
ദരിദ്രരുടെ എണ്ണത്തിലെ കുറവ് (ഗ്രാമം), 2011-12	3	10
ദരിദ്രരുടെ എണ്ണത്തിലെ കുറവ് (നഗരം), 1993-94	5	8
ദരിദ്രരുടെ എണ്ണത്തിലെ കുറവ് (നഗരം), 2011-12	2	8
കുറഞ്ഞ മാതൃ മരണനിരക്ക്, 1999-2001	1	6
കുറഞ്ഞ മാതൃ മരണനിരക്ക്, 2007-09	1	6
കുറഞ്ഞ ശിശു മരണനിരക്ക്, 2003	1	11
കുറഞ്ഞ ശിശു മരണനിരക്ക്, 2012	1	9
സാക്ഷരതാ നിരക്ക്, 2001	1	6
സാക്ഷരതാ നിരക്ക്, 2011	1	6
മാനവ വിഭവ ഗുണമേന്മാ സൂചിക, 2001	1	7
മാനവ വിഭവ ഗുണമേന്മാ സൂചിക, 2011	1	7

മാനവവിഭവ വികസന സൂചികയിൽ കേരളം ഒന്നാമതും ഗുജറാത്ത് ഏഴാമതുമാണ്. ശിശുമരണ നിരക്കാണല്ലോ ആരോഗ്യത്തിന്റെ ഏറ്റവും നല്ല സൂചിക. ആയിരം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ 11 പേരാണ് കേരളത്തിൽ മരണപ്പെടുന്നത്. ഗുജറാത്തിൽ ഇത് 48 ആണ്. കേരളത്തിന് 1 ഉം ഗുജറാത്തിന് 9 ഉം സ്ഥാനങ്ങൾ. ജീവിതായുസ്സിന്റെ കാര്യത്തിലോ. അവിടെയും കേരളം ഒന്നാമത്. ഗുജറാത്ത് 9-ാം സ്ഥാനം. കേരളത്തിൽ 75 ശതമാനം കുഞ്ഞുങ്ങൾക്കും പ്രതിരോധ കുത്തിവെപ്പ് ലഭിക്കുമ്പോൾ ഗുജറാത്തിൽ അത് വെറും 45 ശതമാനം.

സ്ത്രീകളോടുള്ള വിവേചനത്തിന്റെ ആഴം സ്ത്രീ-പുരുഷ അനുപാതത്തിൽനിന്ന് അളന്നെടുക്കാം. ഗുജറാത്തിൽ ആയിരം പുരുഷന്മാർക്ക് 918 സ്ത്രീകളേയുള്ളൂ. കേരളത്തിൽ ഈ തോത് 1084 ആണ്. കേരളത്തിൽ മാതൃമരണനിരക്ക് ആയിരത്തിൽ 81 (ഒന്നാം സ്ഥാനം) ആയിരിക്കുമ്പോൾ ഗുജറാത്തിൽ ഇത് 148 (6-ാം സ്ഥാനം) ആണ്. വിളർച്ചയുള്ള സ്ത്രീകളുടെ ശതമാനം കേരളത്തിന്റെ ഇരട്ടിയാണ് ഗുജറാത്തിൽ. സാക്ഷരതയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന കേരളത്തിൽ സ്ത്രീ-പുരുഷ അന്തരം ഇല്ല. ഗുജറാത്തിന്റേത് ആറാം സ്ഥാനമാണ്.

ഗുജറാത്തിലെ പ്രതിശീർഷവരുമാനം കേരളത്തേക്കാൾ ഉയർന്നതാണ്. അതേസമയം, ഉപഭോഗനിലവാര താരതമ്യപ്പെടുത്തുകയാണെങ്കിൽ കേരളത്തിന്റെ റാങ്ക് ഒന്നാം സ്ഥാനമായി ഉയരും. ഗുജറാത്തിന്റേത് 10 ആയി താഴും. ദരിദ്രർ ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ രണ്ടാംസ്ഥാനമാണ് കേരളത്തിനുള്ളത്. ഗുജറാത്തിന്റെ സ്ഥാനം ഒമ്പതും. കേരളത്തിൽ 4.3 ശതമാനം വീടുകളിലേ കക്കൂസുകളില്ലാതുള്ളൂ. ഗുജറാത്തിൽ ഇത് 43 ശതമാനമാണ്. ശരാശരി ഭവനനിലവാരവും കേരളത്തിൽ വളരെ ഉയർന്നതാണ്.

സാമ്പത്തികവളർച്ചയുടെ കാര്യത്തിൽ ഗുജറാത്ത് ഇന്ന് ഇന്ത്യയിൽ ഒന്നാംസ്ഥാനത്താണ്. കഴിഞ്ഞൊരു ദശകത്തിൽ സാമ്പത്തികവളർച്ചയുടെ വേഗം കൂടിയിട്ടുമുണ്ട്. ഇത് ഉയർത്തിപ്പിടിച്ചാണ് സാമ്പത്തിക മാനേജ്മെന്റ് സംബന്ധിച്ച ഗീർവാണങ്ങൾ. രണ്ടുകാര്യങ്ങൾ ഓർക്കേണ്ടതുണ്ട്: ഒന്ന്, ഗുജറാത്തിൽ മാത്രമല്ല, ഇന്ത്യയിൽ മൊത്തത്തിൽ സാമ്പത്തികവളർച്ചയുടെ വേഗം വർധിച്ചു. പത്തും പതിനൊന്നും പഞ്ചവത്സരപദ്ധതിക്കാലമെടുത്താൽ മഹാരാഷ്ട്ര, ആന്ധ്ര, ഹരിയാണ, തമിഴ്നാട് എന്നിവരൊക്കെ എട്ടുശതമാനത്തിലേറെ സാമ്പത്തികവളർച്ച കൈവരിച്ച് ഗുജറാത്തിൻ തൊട്ടുപിന്നിലുണ്ട്. രണ്ട്, മോദി മുഖ്യമന്ത്രിയാകുന്നതിനു മുമ്പുതന്നെ സാമ്പത്തിക വളർച്ചയിൽ താരതമ്യേന മുന്നിട്ടുനിന്ന സംസ്ഥാനങ്ങളിലൊന്നായിരുന്നു ഗുജറാത്ത്. മറ്റു ചില സംസ്ഥാനങ്ങളെപ്പോലെ ഗുജറാത്തിലെ സാമ്പത്തിക വളർച്ചയ്ക്ക് കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ആക്കം കൂടി. ഇതിനായി സ്വീകരിച്ച മാർഗങ്ങൾ വികസനത്തിന്റെ നേട്ടങ്ങൾ ചെറു ന്യൂനപക്ഷത്തിലേക്ക് ചുരുക്കി. ബഹുഭൂരിപക്ഷം ജനങ്ങൾക്കും വികസന നേട്ടങ്ങൾ ലഭ്യമായില്ല.

മണ്ണും വെള്ളവും ആകാശവുമടക്കമുള്ള പൊതുസ്വത്ത് ചുളുവിലയ്ക്ക് കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന നവലിബറൽ നയം ഏറ്റവും നിശിതമായി നടപ്പാക്കിയത് ഗുജറാത്തിലാണ്. കോർപ്പറേറ്റുകൾക്ക് ചുളുവിലയ്ക്ക് ഭൂമി ലഭ്യമാക്കുന്നതിന് പലവട്ടം ഭൂപരിഷ്കരണ നിയമം ഗുജറാത്തിൽ ഭേദഗതി ചെയ്തു. നികുതി ഇളവുകളും സൗജന്യ വൈദ്യുതിയുമെല്ലാം കോർപ്പറേറ്റുകളെ ആകർഷിക്കാൻ ഉപയോഗപ്പെടുത്തി. പരസ്യ നിയമങ്ങളും തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തി.

ഇവയൊന്നും സ്വീകരിക്കാതെ തന്നെ കേരളം ഇപ്പോൾ ദേശീയ ശരാശരിയേക്കാൾ വേഗതയിൽ വളരുന്നുണ്ട്. ഗുജറാത്തിനു പിന്നിലാണെങ്കിലും കേരളത്തിന് ഇന്ന് സാമ്പത്തിക വളർച്ചയിൽ 5-ാം സ്ഥാനമുണ്ട്.

സാമ്പത്തിക വളർച്ചയോടൊപ്പം തന്നെ, അതായത് അതിന്റെ പ്രാരംഭഘട്ടം മുതൽതന്നെ സാമൂഹ്യക്ഷേമവും ഉറപ്പുനൽകുന്നു എന്നതാണ് കേരള വികസന അനുഭവത്തിന്റെ പ്രത്യേകത. സാമ്പത്തിക വളർച്ചയും സാമൂഹ്യക്ഷേമവും മുരടിച്ചു നിൽക്കുന്ന ഒട്ടേറെ സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ട്. രാജസ്ഥാൻ, മധ്യപ്രദേശ്, ബിഹാർ, യുപി, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ഒഡിഷ എന്നിങ്ങനെ ഈ പട്ടിക നീളും. ഈ സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഗുജറാത്തുപോലുള്ള സംസ്ഥാനങ്ങൾ ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച കൈവരിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യക്ഷേമ നിലയെടുത്തു കഴിഞ്ഞാൽ ഇന്നും പണ്ടത്തെ സ്ഥിതിയിൽനിന്ന് താരതമ്യേന ഉയർച്ച ഉണ്ടായിട്ടില്ല. അതേസമയം സാമൂഹ്യക്ഷേമ നേട്ടത്തിൽ മുന്നിട്ടുനിന്ന കേരളമാകട്ടെ, സമീപകാലത്ത് ദേശീയ ശരാശരിയെക്കാൾ മെച്ചപ്പെട്ട രീതിയിൽ വളരുന്നുണ്ട്.

സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി നിക്ഷേപകരെ ഉത്തേജിപ്പിക്കുന്നതിന് എന്തു വിലയും അധികമാകില്ല എന്നതാണ് ഗുജറാത്ത് സിദ്ധാന്തം. ഭൂമിയും പൊതുസ്വത്തും കൈയടക്കി കോർപ്പറേറ്റുകൾ നേടുന്ന സാമ്പത്തികക്കുതിപ്പിൽ മേനിനടിക്കുന്ന വികസനത്തിന്റെ രാഷ്ട്രീയം കേരളത്തിൻ സ്വീകാര്യമല്ല. അല്ലെങ്കിൽത്തന്നെ നമ്മുടെ പാരിസ്ഥിതിക സന്തുലനാവസ്ഥ ഇപ്പോഴേ വിനാശത്തിന്റെ വക്കിലാണ്. അത് തകിടംമറിക്കുന്ന ഒരു വികസനനയത്തിനും പിന്നണിപാടാനാവില്ല. നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പിക്കാനെന്നപേരിൽ, അധ്വാനിക്കുന്നവരുടെ അവകാശങ്ങളും അടിയറ വെക്കാനാവില്ല. ഇതുരണ്ടും സമന്വയിക്കുന്ന വികസനപാതയിലൂടെ വേണം കേരളം മുന്നേറേണ്ടത്.

അധ്യായം 3

കാർഷിക മേഖല

കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ചരിത്രത്തിൽ നിർണായകമായ ഒരു വഴിത്തിരിവായിരുന്നു നാം നടപ്പാക്കിയ ഭൂപരിഷ്കരണം. എന്നാൽ ഭൂപരിഷ്കരണത്തിന്റെ നേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സമഗ്രമായ കാർഷിക പരിഷ്കരണ പരിപാടികൾ ആവിഷ്കരിക്കുന്നതിൽ നാം പരാജയപ്പെട്ടു. ഇതിന്റെ ഫലമായി സംസ്ഥാനത്തെ കാർഷികമേഖല നിരന്തരമായി പാർശ്വവത്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആഗോളവ്തകരണ നയങ്ങൾ ഈ പ്രവണതയെ ശക്തിപ്പെടുത്തുന്നു. സാമ്പത്തിക പുരോഗതിയുണ്ടാകുമ്പോൾ വ്യവസായ, സേവന മേഖലകളുടെ പ്രാധാന്യം സമ്പദ്ഘടനയിൽ ഉയരുന്നത് അനിവാര്യമാണ്. പക്ഷേ, കേരളത്തിലെ കാർഷിക മേഖലയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവിനെ ഇതുവെച്ച് ന്യായീകരിക്കാനാവില്ല. ഭൂപരിഷ്കരണാനന്തരകാലത്തെ കേരളത്തിലെ കാർഷികപ്രശ്നം സമഗ്രമായി വിലയിരുത്തി ഒരു വികസനതന്ത്രം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ഇത്തരമൊരു ഇടപെടലിന്റെ പ്രധാന്യം പലതാണ്. ഇന്നും കേരളത്തിലെ 27 ശതമാനം കുടുംബങ്ങൾ മുഖ്യമായും കാർഷിക കുടുംബങ്ങളായി തുടരുന്നുണ്ട്. ദേശീയ സാമ്പിൾ സർവെ 2013ന്റെ മതിപ്പു കണക്കാണിത്. ഇന്ത്യയിൽ കാർഷിക കുടുംബങ്ങളുടെ തോത് 58 ശതമാനം വരും. കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ ശതമാനം താരതമ്യേനെ ചെറുതാണെങ്കിലും ഒരു വികസന നയചർച്ചയിലും അവഗണിക്കാൻ പറ്റാത്ത ജനസംഖ്യ ഇപ്പോഴും കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നു. ഓർക്കേണ്ടുന്ന മറ്റൊരുകാര്യം മുഖ്യവരുമാനം കാർഷിക മേഖലയിൽനിന്നല്ലെങ്കിലും ജനസംഖ്യയിൽ നല്ലൊരു ഭാഗത്തിനും കൃഷിയിൽ നിന്ന് എന്തെങ്കിലും ഉപവരുമാനം ലഭിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും കാർഷികമേഖലയ്ക്കു നിർണായകമായ പങ്കുണ്ട്. കേരളത്തിലെ സവിശേഷസാഹചര്യങ്ങളിൽ ഭക്ഷ്യസ്വയംപര്യാപ്തനമുക്കു ലക്ഷ്യമിടാനാവില്ലെങ്കിലും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കണമെങ്കിൽ നമ്മുടെ ആഭ്യന്തര ഭക്ഷ്യോത്പാദനം വർദ്ധിപ്പിച്ചേ പറ്റൂ. അതുപോലെതന്നെ പ്രധാനമാണ് കാർഷിക മേഖലയുടെ പാരിസ്ഥിതികവും സാംസ്ക്കാരികവുമായ ധർമ്മങ്ങൾ. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ കാർഷിക മേഖലയിലെ പ്രതിസന്ധിയും കാരണങ്ങളും വിലയിരുത്തി പരിഹാരങ്ങൾ മുന്നോട്ടു വെയ്ക്കുന്നതിനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

1. കാർഷികപ്രതിസന്ധി

1970 കളിലെ അതിരൂക്ഷമായ മുരടിപ്പിനു ശേഷം 80കളുടെ അവസാനം മുതൽ കേരളത്തിലെ കാർഷിക മേഖലയിൽ ഒരു വീണ്ടെടുപ്പുണ്ടായി. ഭൂപരിഷ്കരണത്തിന്റെ ഫലമായുണ്ടായ വിളമാറ്റത്തിന്റെ നേട്ടങ്ങൾ ഈ ഘട്ടത്തിലാണ് ഫലപ്രാപ്തിയിലെത്തിയത്. എന്നാൽ, തൊണ്ണൂറുകളുടെ അവസാനമായപ്പോഴേയ്ക്കും ആഗോളവത്കരണ നയങ്ങളുടെ പ്രത്യാഘാതങ്ങൾ നമ്മുടെ കാർഷികവളർച്ചയ്ക്കു തിരിച്ചടിയായിത്തീർന്നു. കേരളത്തിലെ നാണ്യവിളകളുടെ വിലകൾ ആഗോള കമ്പോളത്തിന്റെ ഗതിവിഗതിയനുസരിച്ച്

ചാഞ്ചാടാൻ തുടങ്ങി. ഇത് കാർഷിക മേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. 1990കളുടെ അവസാനത്തിൽ എല്ലാ നാണ്യവിളകളുടെ വിലകളും ഒരേ സമയം ഇടിഞ്ഞത് വലിയൊരു കാർഷികത്തകർച്ചയ്ക്ക് ഇടയാക്കി. ഇപ്പോൾ അതുപോലൊരു സ്ഥിതിവിശേഷം വീണ്ടും സംജാതമായിരിക്കുകയാണ്. തോട്ടവിളകളുടെ കാര്യം അടുത്ത അധ്യായത്തിൽ വിശദമായി പരിശോധിക്കുന്നുണ്ട്. ഇവിടെ മുഖ്യമായും നാളികേരം, നെല്ല് ഇവയുമായി ബന്ധപ്പെട്ട സംയോജിത കൃഷിയുടെ മേഖലകളാണ് പരിശോധിക്കുന്നത്.

1980–81 ൽ സംസ്ഥാനത്തിന്റെ ദേശീയ വരുമാനത്തിന്റെ 37 ശതമാനത്തോളം കൃഷിയുടെയും അനുബന്ധമേഖലകളുടെയും സംഭാവനയായിരുന്നു. ഇപ്പോൾ, അത് കേവലം 9 ശതമാനത്തിൽ താഴെ നിൽക്കുന്നു. വളർച്ചാനിരക്ക് ചെറിയ തോതിലാണെങ്കിലും പത്താം പഞ്ചവൽസര പദ്ധതി വരെ അനുകൂല നിലയിലായിരുന്നു. എന്നാൽ പതിനൊന്നാം പദ്ധതിയിൽ ഇത് പ്രതികൂലമായി തീർന്നു, 1.3 ശതമാനമായി കുറഞ്ഞു. അനുബന്ധ മേഖലകളെ ഒഴിവാക്കി കൃഷിമാത്രം കണക്കിലെടുത്താൽ വളർച്ചാനിരക്ക് – 2.88 ശതമാനമാണെന്ന് കാണാം. പ്രധാന തൊഴിൽ ദായക രംഗമെന്ന നിലയിലും കാർഷിക മേഖല വലിയ തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു; 1983 ൽ തൊഴിലിന്റെ 57 ശതമാനം കാർഷിക, അനുബന്ധ മേഖലകളുടെ സംഭാവനയായിരുന്നെങ്കിൽ ഇപ്പോൾ അത് 30 ശതമാനത്തിൽ താഴെയാണ്. കൃഷിയുടെ മാത്രം കണക്കാക്കിയാൽ 16 ശതമാനം മാത്രമാണ്. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കിയാൽ ഇപ്പോഴും 53 ശതമാനം തൊഴിൽ നൽകുന്നത് കൃഷിയും അനുബന്ധ മേഖലയുമാണ്.

ദേശീയ വരുമാനത്തിൽ കാർഷിക മേഖലയുടെ സംഭാവന ഇടിഞ്ഞുകൊണ്ടിരിക്കുന്നത് കാർഷികേതര മേഖലയുമായി താരതമ്യം ചെയ്യുമ്പോഴുള്ള അപേക്ഷികാർത്ഥത്തിൽ മാത്രമല്ല, ഉൽപാദനത്തിന്റെ കാര്യത്തിലും കൃഷി സ്ഥലത്തിന്റെ വിസ്തൃതിയുടെ കാര്യത്തിലും വരുമാനത്തിന്റെയും തൊഴിലിന്റെയും കാര്യത്തിലും കേവലമായ തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. ഭക്ഷ്യവിളകൾ 1970 കളിൽ 20 ലക്ഷം ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അവ കേവലം 13 ലക്ഷം ഹെക്ടറിൽ മാത്രമാണ് കൃഷി ചെയ്യുന്നത്. നെല്ല്, തെങ്ങ്, പച്ചക്കറികൾ എന്നിവയിലെല്ലാം കൃഷി സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞു കൊണ്ടിരിക്കുന്നു. നെല്ലിന്റെ കാര്യത്തിലാണെങ്കിൽ ഇത് ഏറ്റവും ഗുരുതരമായ അവസ്ഥയിൽ എത്തിപ്പെട്ടിരിക്കുന്നു. 1974–75 ൽ 8.8 ലക്ഷം ഹെക്ടറിൽ നെല്ല് കൃഷി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അത് കേവലം രണ്ടുലക്ഷം ഹെക്ടറിൽ മാത്രമാണ്. അതായത് 6.5 ലക്ഷം ഹെക്ടറിന്റെ കുറവ്. ഭക്ഷ്യവിളകളുടെ കാര്യത്തിൽ, വാഴകൃഷി ഒഴിച്ച് മറ്റെല്ലാ വിളകളുടെയും വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു. ഭക്ഷ്യവിളകളിലെ ഈ തകർച്ച ഗ്രാമീണ സമ്പദ്ഘടനയെ ആകെ തകർച്ചയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. പാൽ, മുട്ട, ഇറച്ചി എന്നിവയുടെയെല്ലാം ഉൽപാദനത്തെ ഇത് ബാധിക്കുന്നു.

കാർഷിക മേഖലയുടെ ഈ തകർച്ച സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ അനുദിനം വഷളാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ കേരളത്തിന്റെ ഭക്ഷ്യ ആവശ്യങ്ങളുടെ 20 ശതമാനം മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. അത് വീണ്ടും താഴേയ്ക്ക് പോകുന്നത് കൂടുതൽ ഗുരുതരമായ അവസ്ഥ സൃഷ്ടിക്കുവാൻ ഇടയാക്കും. അടുത്ത കാലത്തുതന്നെ ഉണ്ടായ അസാധാരണമായ ധാന്യവില ഉയർച്ച അപകട സൂചനയാണ്. കീടനാശിനികളും മറ്റു വിഷാംശങ്ങളുമടങ്ങുന്ന പച്ചക്കറികളും മറ്റ് ഭക്ഷ്യസാധനങ്ങളും വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നു എന്നതാണ് മറ്റൊരു അപകടത്തെ സൂചിപ്പിക്കുന്നു. ഇതോടൊപ്പം തന്നെ കാർഷിക മേഖലയിലെ പ്രതിസന്ധി പരിസ്ഥിതി പ്രശ്നങ്ങളെയും സൃഷ്ടിക്കുന്നു. നെൽപ്പാടങ്ങളും ചതുപ്പുകളും ജലസ്രോതസ്സുകളും നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യം ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളെ ക്ഷണിച്ചുവരുത്തുന്നു. പല പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന കുടിവെള്ള പ്രശ്നം ഇതിന്റെ ഫലമാണ്. അതുപോലെതന്നെ, കാർഷികരംഗം തകർന്നു കൊണ്ടിരിക്കുമ്പോൾ തന്നെ അതിനെ ആശ്രയിച്ചുകഴിയുന്ന നല്ലൊരുവിഭാഗം ജനത കേരളത്തിലുണ്ട്. അവരുടെ തൊഴിലും ജീവസന്ധാരണവും കൂടുതൽ ബുദ്ധിമുട്ടിലേയ്ക്ക് നീങ്ങുകയാണ്. ചുരുക്കത്തിൽ കേരളത്തിലെ കാർഷിക പ്രശ്നമെന്നത് ജീവനോപാധി, തൊഴിൽ, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിലെ പ്രശ്നങ്ങളുടെ ആകെ തുകയാണ്.

ദേശീയസ്ഥിതി

കേരളത്തിലെ സ്ഥിതിവിശേഷത്തെ രാജ്യത്തിലെ പൊതുവായ കാർഷികാവസ്ഥയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കേണ്ടതുണ്ട്. ഇന്ത്യയിലെ കാർഷികരംഗത്തെ പ്രതിസന്ധി മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു എന്നതിന്റെ ഏറ്റവും ദൃശ്യമായ തെളിവാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകൾ. അതുപോലെതന്നെ ആളോഹരി ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതും കാർഷിക പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രത്യേകിച്ച് 1960 കളിലെ ഭക്ഷ്യപ്രതിസന്ധിക്കുശേഷം, ഭക്ഷ്യോൽപാദനത്തിൽ രാജ്യം നിർണ്ണായകമായ പുരോഗതി കൈവരിച്ചിരുന്നു. വൻതോതിലുള്ള പൊതുനിക്ഷേപവും 'ഹരിതവിപ്ലവ'ത്തിലേയ്ക്ക് നയിച്ച 'പുത്തൻ കാർഷിക നയവു'മായിരുന്നു ഈ പുരോഗതിയുടെ അടിസ്ഥാനം. എന്നാൽ കേന്ദ്രസർക്കാരിന്റെ 1990 കളിൽ ആരംഭിച്ച ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി ഈ പുരോഗതി അവസാനിച്ചു. ആളോ

ഹരി ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനം ഉദാരവൽക്കരണ കാലത്ത് ഗണ്യമായി കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം (പട്നായ്ക്, 2007). താരതമ്യേന മെച്ചപ്പെട്ട ഉൽപാദനം നടക്കുന്ന വർഷങ്ങളിലും ജനങ്ങളുടെ ഭക്ഷ്യധാന്യങ്ങളുടെ ഉപഭോഗം വർദ്ധിക്കുന്നില്ല എന്നതും ഈ ഉദാരവൽക്കരണ നയങ്ങളുടെ മറ്റൊരു വൈകല്യമാണ്. ആളോഹരി ഭക്ഷ്യധാന്യ ഉപഭോഗത്തിൽ ലോകത്തിലെ തന്നെ ഏറ്റവും താഴെ നിൽക്കുന്ന രാജ്യമാണ് ഇന്ന് ഇന്ത്യ. ഏറ്റവും അവികസിത രാജ്യങ്ങളുടെയും താഴെയാണ് ഇന്ത്യയുടെ നിലയെന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ഈ അവസ്ഥയിലും കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഇന്ത്യ ഭക്ഷ്യധാന്യങ്ങൾ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്തുവെന്ന വിരോധാഭാസം ശ്രദ്ധിക്കേണ്ടതുണ്ട്. ഉപഭോഗത്തിന് ശേഷമുള്ള മിച്ചധാന്യമല്ല കയറ്റുമതി ചെയ്തത്, മറിച്ച് ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി വാങ്ങൽ ശേഷി നഷ്ടപ്പെട്ട ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങുവാൻ കഴിയാത്ത സാഹചര്യത്തിലാണ് കയറ്റുമതിയ്ക്ക് വേണ്ട മിച്ചം കിട്ടിയത് എന്നതാണ് വസ്തുത (പട്നായ്ക്, 2015).

ഉദാരവൽക്കരണ നയങ്ങളുടെ പശ്ചാത്തലത്തിൽ കർഷക ആത്മഹത്യകൾ ഒരു നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലായി രണ്ടുലക്ഷത്തി അമ്പതിനായിരം കർഷകരാണ് ആത്മഹത്യ ചെയ്തത് (പിള്ള, 2014). ഉദാരവൽക്കരണ നയങ്ങൾ കാർഷിക മേഖലയെ തകർച്ചയിലേയ്ക്കാണ് നയിച്ചതെന്ന് കണക്കുകൾ കാണിക്കുന്നു. ഉദാരവൽക്കരണ നയങ്ങൾക്ക് മുമ്പ് കാർഷിക രംഗത്തെ വളർച്ചാനിരക്ക് 3.27 ശതമാന (1991 ൽ) മായിരുന്നത് ഇപ്പോൾ ഒരു ശതമാനത്തിനടുത്താണ്. ഉൽപാദനത്തിലുണ്ടാകുന്ന ഏറ്റകുറവുകളും അനിശ്ചിതാവസ്ഥയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനുകാരണം കാർഷിക മേഖലയിലെ പൊതുനിക്ഷേപത്തിന്റെ തകർച്ചയാണ്. രാഷ്ട്രത്തിന്റെ ദേശീയ വരുമാനത്തിൽ കൃഷിയുടെ പങ്ക് അസാധാരണമാംവിധം താഴേയ്ക്ക് പോകുന്നു; 1950-51 ൽ ദേശീയ വരുമാനത്തിന്റെ 57 ശതമാനത്തോളം കാർഷിക മേഖലയുടെ സംഭാവനയായിരുന്നെങ്കിൽ 2012-13 ൽ ഇത് കേവലം 14 ശതമാനത്തിൽ താഴെയായി കുറഞ്ഞിരിക്കുന്നു. എന്നാൽ കാർഷിക മേഖലയിലെ ആശ്രയിച്ച് ജീവിക്കുന്ന ജനസംഖ്യയിൽ ഈ തോതിലുള്ള കുറവ് സംഭവിക്കുന്നില്ല. ഇതിന്റെ ഫലമായി കാർഷിക മേഖലയിലെ പ്രതിശീർഷ ഉൽപാദനം കാർഷികേതര മേഖലയെ അപേക്ഷിച്ച് നിരന്തരം താഴുന്നു. കാർഷിക മേഖലയിലെ ദാരിദ്ര്യം വർദ്ധിക്കുന്നു. ഈ സ്ഥിതി കാർഷിക മേഖലയെ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നു. (ചന്ദ്രശേഖർ, 2007). ചുരുക്കത്തിൽ ഇന്നത്തെ ഇന്ത്യയിലെ കാർഷിക മേഖലയുടെ അവസ്ഥ കൂടുതൽ രൂക്ഷമായി കേരളത്തിൽ പ്രതിഫലിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

2. കേരളത്തിലെ കാർഷിക പ്രശ്നം

കേരളത്തിലെ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ പൊതുവെ അത്തരം പഠനങ്ങൾ പ്രശ്നങ്ങളുടെ ബാഹ്യവും ദൃശ്യവുമായ സ്വഭാവങ്ങളുടെ വിശദീകരണത്തിൽ ഒതുങ്ങുന്നു. അടിസ്ഥാന കാരണങ്ങളെകുറിച്ചുള്ള ഒരു സമഗ്രവീക്ഷണം രൂപപ്പെടുത്തുന്നതിന് ഈ പഠനങ്ങൾ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഉൽപാദനത്തിലെ കുറവ്, വിളകളുടെ വിസ്തൃതിയിലെ കുറവ്, ഉൽപാദനക്ഷമത, കൂലിവർദ്ധന, യന്ത്രവൽക്കരണത്തിലെ കുറവ്, തൊഴിലാളികളുടെ ലഭ്യത പ്രശ്നം തുടങ്ങിയ വിഷയങ്ങളുടെ വിശദീകരണത്തിൽ അവ ഒതുങ്ങുന്നു. ഇത്തരം പ്രശ്നങ്ങളെ വിശദീകരിക്കാൻ നിലവിലുള്ള പഠനങ്ങൾ സഹായകരമാകുമ്പോൾ തന്നെ ഇവയുടെ അടിസ്ഥാന കാരണങ്ങളെ കൂടുതൽ ആഴത്തിൽ തേടേണ്ടതുണ്ട്. ഉൽപാദന മേഖലയിലെ സംഘടനാരൂപങ്ങളും ഉൽപാദനബന്ധങ്ങളുടെ സ്വഭാവവും ഈ സന്ദർഭത്തിൽ പ്രാധാന്യമർഹിക്കുന്നു. അതായത് നിലവിലുള്ള കാർഷികബന്ധങ്ങളെ ശരിയായ രീതിയിൽ മനസ്സിലാക്കേണ്ടതുണ്ട്.

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി കാർഷിക മേഖലയിലെ പ്രധാന തടസ്സമായിരുന്നു ഭൂപ്രഭൂത്വ സ്വഭാവം മാറ്റിയെടുത്തത് അന്നത്തെ കാർഷിക വികസനത്തിന് സഹായമായി. അതിന്റെ ഫലമായി 1960-കൾ മുതൽ 1970-കളുടെ പകുതിവരെ ഉണ്ടായ കാർഷിക വികസനത്തിന് ആധാരം ഭൂപരിഷ്ക്കരണമായിരുന്നു. എന്നാൽ കേരളത്തിലെ ഭൂപരിഷ്കരണത്തിന് ചില പരിമിതികളുണ്ടായിരുന്നു. 1957ലെ നിയമം അട്ടിമറിക്കപ്പെട്ടതും മിച്ചഭൂമി തിരിമറി ചെയ്യുന്നതിലേയ്ക്കും മിച്ചഭൂമിയുടെ പുനർവിതരണത്തിലൂടെ കൃഷിഭൂമി ലഭിക്കേണ്ടിയിരുന്ന കർഷകത്തൊഴിലാളിയ്ക്ക് അതു നിഷേധിക്കുന്നതിലേക്കുമെത്തി. ഫലത്തിൽ മഹാഭൂരിപക്ഷം കർഷകത്തൊഴിലാളികൾക്കും ഭൂപരിഷ്കരണത്തിന്റെ നേട്ടം കുടികിടപ്പ് അവകാശത്തിലൊതുങ്ങി. അതേസമയം, പാട്ടക്കുടിയാന്മാർക്കും മറ്റും ലഭിച്ച ഭൂമിയാകട്ടെ, ജനസംഖ്യാവർദ്ധനയുടെ ഭാഗമായി സ്വത്തു വീതം വെയ്പിലൂടെ ചെറുതുണ്ടു ഭൂമികളായും മാറി.

ഭൂമിയുടെ തുണ്ടുവൽക്കരണം

കർഷകർ ബഹുഭൂരിപക്ഷവും നാമമാത്ര കർഷകരാണ്. ഇന്ത്യയിലെമ്പാടും തന്നെ ഈ പ്രശ്നമുണ്ടെങ്കിലും കേരളത്തിൽ ഇത് വളരെ ഗുരുതരമായ അവസ്ഥയിലാണ്. നാഷണൽ സാമ്പിൾ സർവ്വെ കണക്കനുസരിച്ച് കേരളത്തിലെ കൃഷി ഇടത്തിന്റെ ശരാശരി വിസ്തൃതി 1967 ൽ 0.74 ഹെക്ടർ ആയിരുന്നത് 1991 ൽ 0.33 ഹെക്ടറും 2001 ൽ 0.24 ഹെക്ടറും ആയി ചുരുങ്ങി. ഇത് 2011 ൽ 0.22 ഹെക്ടറിലേയ്ക്ക് വീണ്ടും ചുരുങ്ങി. ഒരു ഹെക്ടറിൽ താഴെയുള്ള നാമമാത്ര കൃഷിയിടങ്ങളാണ് ആകെ കൃഷിയിടങ്ങളുടെ 96 ശതമാനവും. നെൽപാടങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിൽ അടുത്ത കാലത്ത് നടത്തിയ ഒരു വിപുലമായ സർ

വെയിൽ കാണുന്നത് 88 ശതമാനം കൃഷിയിടങ്ങളും ഒരേക്കറിൽ താഴെമാത്രം വിസ്തൃതിയുള്ളവയാണ് (ഹരിലാൽ & ഈശ്വരൻ, 2015). കൃഷിയിടങ്ങലുടെ ഇ ത്രയും തുച്ഛമായ വിസ്തൃതി കേരളത്തിലെ കാർഷിക മേഖലയുടെ ഒരു വലിയ ദൗർബ്ബല്യമാണ്. കൃഷിയുടെ അണുവൽക്കരണത്തോടൊപ്പം ഇത്തരം ചെറിയ കൃ ഷിയിടങ്ങൾ കൃഷിയെ ലാഭകരമാക്കാനുള്ള സാധ്യ തകളെ തടസ്സപ്പെടുത്തുന്നു എന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്. തുണ്ടു കൃഷിയിടങ്ങളുടെ ആധിക്യ ത്താൽ കൃഷി അണുവൽകൃതമായിക്കൊണ്ടിരിക്കുന്നു. ഇത് തടയണമെങ്കിൽ കൂട്ടായ ശ്രമങ്ങൾ ആവശ്യമാ ണ്. എന്നാൽ നാമമാത്ര കർഷകരുടെ എണ്ണത്തിൽ പെരുപ്പം അത്തരം കർഷക കൂട്ടായ്മകളെ സൃഷ്ടി ക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാക്കുന്നു. എന്നാൽ ഉൽ പാദകരുടെ ഐക്യം ഉണ്ടാകാതെ ഇരിക്കുമ്പോഴും കൃഷിയുമായി ബന്ധപ്പെട്ട മറ്റുമേഖലകളിൽ (ഉൽപ്പ ന്ന വ്യാപാരികൾ, വളം, ക്രെഡിറ്റ് എന്നിവ കൈകാ ര്യം ചെയ്യുന്നവർ തുടങ്ങിയ മേഖലകൾ) പ്രവർത്തി ക്കുന്നവർ സംഘടിതരാണ്. ഉൽപാദകരെ ചൂഷണം ചെയ്യുന്നതിന് അവർ ശക്തരാണ്. ഉദാരവൽക്കരണ നയങ്ങൾ ചെറുകിട കർഷകരുടെ കൂട്ടായ്മകളെയും സഹകരണാടിസ്ഥാനത്തിലുള്ള ഉൽപാദന പ്രവർത്ത നങ്ങളെയും കൂടുതൽ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്നു (ഹരിലാൽ & ഈശ്വരൻ, 2015).

ഉയർന്ന തോതിലുള്ള നിക്ഷേപത്തിന്റെ പ്രയോജ നങ്ങൾ നേടാൻ തുണ്ടുകൃഷിയ്ക്ക് സാധിക്കുകയില്ല എന്നതാണ് മറ്റൊരു പ്രശ്നം. വൻതോതിലുള്ള യന്ത്ര വൽക്കരണത്തോടുകൂടിയ ശാസ്ത്രീയ കൃഷി സമ്പ്ര ദായങ്ങൾ നടപ്പിലാക്കുവാൻ തുണ്ടു കൃഷിയിടങ്ങൾക്ക് പ്രയാസമുണ്ട്. കാരണം, അത്തരം സംരംഭങ്ങൾക്ക് സഹായകരമായ വിസ്തൃതി കൃഷിയിടങ്ങൾക്ക് ആ വശ്യമാണ്. അതില്ലാത്ത സാഹചര്യത്തിൽ ചെറുകിട കൃഷിയിടങ്ങൾക്ക് വൻകിട കൃഷിയിടങ്ങൾക്ക് ലഭി ക്കുന്ന വലിപ്പനേട്ടങ്ങൾ (സ്കെയിൽ അഡ്വാന്റേജ്) ലഭി ക്കുകയില്ല. അതിന്റെ ഫലമായി ചെറുകിട കൃഷിയിൽ ചെലവ് കൂടുതലാകുകയും ലാഭതോത് കുറയുകയും ചെയ്യും. ഇതിനുപരിയായി മറ്റൊരു പ്രതിസന്ധിയും ചെറുകിട കർഷകർ നേരിടുന്നു. അതായത്, ന്യായമായ പ്രതിഫലം ലഭിച്ചാൽതന്നെ, ചെറുകിട കർഷകർക്ക് ലഭിക്കുന്ന ആകെ വരുമാനം അവരുടെയും കുടും ബത്തിന്റെയും ജീവിത ചെലവിന് മതിയാകുകയില്ല എന്നതാണ്. ഇത് കാർഷികരംഗം ഉപേക്ഷിച്ച് മറ്റ് തൊ ഴിലുകളിലേയ്ക്ക് പോകുവാൻ ചെറുകിട കർഷകരെ നിർബന്ധിതമാക്കും.

ചെറുകിട ഭൂവുടമസ്ഥർക്ക് മഹാഭൂരിപക്ഷവും ഇത്തരത്തിൽ കാർഷികേതര മേഖലയിൽനിന്നാണ് തങ്ങളുടെ വരുമാനത്തിൽ മുഖ്യഭാഗവും ലഭിക്കുന്നത്. കേരളത്തിലെ 61 ശതമാനം കാർഷിക കുടുംബങ്ങളും കാർഷികേതര മേഖലയിൽനിന്നു വരുമാനമുള്ളവരാ ണ്. 2013ലെ ദേശീയ സാമ്പിൾ സർവെ പ്രകാരം വെ റും 16 ശതമാനം കാർഷിക കുടുംബങ്ങളാണ് കൃഷി അവരുടെ മുഖ്യവരുമാനമാർഗമായി പറഞ്ഞത്. ഇത്ത രത്തിൽ മറ്റു തുറകളിൽ കൂലിവേലക്കരോ ശമ്പളപ്പ ണിക്കാരോ ആയി പണിയെടുക്കുന്നതുമൂലം തങ്ങളു ടെ സ്വന്തം ഭൂമിയിൽ കൂലിവേലക്കാരെ ജോലിയ്ക്കു നിർത്താൻ ഇവർ നിർബന്ധിതരാകുന്നു (തോമസ് ഐസക്, 2008). മലയോരമേഖല മാറ്റിനിർത്തിയാൽ വലിപ്പചെറുപ്പ വ്യത്യാസമില്ലാതെ ഭൂവുമടസ്ഥരെല്ലാം കൂലിവേലക്കാരെ നിർത്തിയാണ് കൃഷിപ്പണി ചെയ്യി ക്കുന്നത്. കൂലിവേല സമ്പ്രദായത്തിൽ കൃഷിപ്പണി ചെയ്യണമെങ്കിൽ കൊടുക്കുന്ന കൂലിയെക്കാൾ കൂടിയ വരുമാനം കൂലിവേലയിൽ നിന്ന് സൃഷ്ടിക്കപ്പെടണം. ഭൂപരിഷ്കരണത്തെത്തുടർന്ന് കേരളത്തിലെമ്പാടുമുള്ള കർഷകത്തൊഴിലാളികൾ സുസംഘടിതരായപ്പോൾ കാർഷികകൂലി ഉയരാൻ തുടങ്ങി. ഇന്ന് ഇന്ത്യയിൽ ഏ റ്റവും ഉയർന്ന കൂലിനിരക്ക് കേരളത്തിലാണ്. എന്നാൽ വർദ്ധിക്കുന്ന കൂലിയുടെ തോത് അനുസരിച്ച് ഉൽപാദ നക്ഷമത ഉയരുന്നില്ല. ഇതിന്റെ ഫലമായി കൃഷിക്കാർ തൊഴിൽ സാന്ദ്രത കുറഞ്ഞ വിളകളിലേയ്ക്ക് മാറാൻ തുടങ്ങി (കൃഷ്ണൻ, 1995). കൃഷിയുടെ തീവ്രത കു റഞ്ഞു. ഇടവിളകളില്ലാതെ വയലുകളും മറ്റും തരി ശിടുന്നതു വർധിച്ചുവന്നു. എന്നാൽ, ഭൂമിയുടെ വില കുത്തനെ ഉയരാൻ തുടങ്ങിയതോടെ ഭൂമി തരിശിട്ടാ ലും നഷ്ടമൊന്നും ഉണ്ടാവില്ല എന്ന സ്ഥിതിയായി. നാളെ ഭൂമി വിൽക്കുമ്പോൾ കിട്ടുന്ന ഉയർന്ന വില യിൽ നിന്ന് കാർഷിക വരുമാനത്തിലുണ്ടായ നഷ്ടം നികത്തപ്പെടും.

ഭൂമി ഊഹക്കച്ചവട ഉപാധി

കൃഷിഭൂമി കാർഷികോൽപാദനത്തിനുള്ള ഉപാധി എന്ന നിലയിൽ നിന്നും കച്ചവടക്കചരക്ക് എന്ന നി ലയിലേയ്ക്കുള്ള പരിവർത്തനം എന്നത് സുപ്രധാന കാർഷിക പ്രശ്നമായിത്തീർന്നിരിക്കുന്നു. കൃഷിഭൂമി തരിശിടുക, നെൽപാടങ്ങൾ നികത്തി കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി മാറ്റിത്തീർക്കുക തുടങ്ങിയ പ്രവണതകൾ ഈ പ്രതിഭാസത്തിന്റെ മറ്റുരൂപങ്ങളാണ്. ഇന്ന് കേരളത്തിൽ ഭൂമിവാങ്ങുന്നവർ ഭൂരിപക്ഷവും കൃഷി തൊഴിൽ ചെയ്യുന്നവരല്ല എന്നത് തന്നെ ഈ പ്രവണതയ്ക്ക് തെളിവാണ് (ഹരിലാൽ & ഈശ്വരൻ, 2015). ഉയർന്ന വിലയ്ക്ക് വിറ്റ് ലാഭമുണ്ടാക്കുവാനാണ് ഇന്ന് കൃഷിഭൂമി വാങ്ങുന്നത്. കാർഷികാവശ്യത്തി നായി ഭൂമി വാങ്ങുന്നവർ തുലോം തുച്ഛമാണ്. ഇത് ഭൂമിയുടെ വിലയേ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അ മിതമായ വില നൽകി ഭൂമി വാങ്ങി കാർഷികാവശ്യ ത്തിന് ഉപയോഗിക്കുക എന്നത് അസാധ്യവുമാണ്. കാരണം കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ട് ഭൂമി വാങ്ങുവാൻ മുടക്കിയ മൂലധനത്തിന്റെ പലിശ മുതലാക്കുവാൻ സാധിക്കില്ല. വിളനാശംമൂലം കടക്കെ ണിയിൽ അകപ്പെടുന്ന കർഷകർ വിൽക്കുന്ന ഭൂമി വാങ്ങുന്നത് മറ്റു കർഷകരല്ല, മിറച്ച് പണം മുടക്കാ ന് കഴിവുള്ള കാർഷികേതര താൽപര്യമുള്ളവരാണ്.

അവരിൽ തന്നെ നല്ലൊരു വിഭാഗം റിയൽ എസ്റ്റേറ്റ് വ്യാപാരികളാണ് (റോയി, 2015).

പണമുള്ളവരെ സംബന്ധിച്ചടത്തോളം ഏറ്റവും സുരക്ഷിതമായ നിക്ഷേപമാർഗം ഭൂമിയിലുള്ള നിക്ഷേപമാണ്. ഇത് പിന്നെയും ഭൂമിയുടെ വില വർദ്ധിക്കുന്നതിനു കാരണമാകുന്നു. ഇങ്ങനെ ഭൂമിയുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഭൂമിയിലേയ്ക്കുള്ള നിക്ഷേപത്തെ കൂടുതലായി ആകർഷിക്കുകയും ചെയ്യുന്നു. കാർഷികാവശ്യത്തിന് ഭൂമി വാങ്ങേണ്ടവർക്ക് ഈ സാഹചര്യം ഒട്ടും അനകൂലമല്ല എന്നു മാത്രമല്ല കൃഷിക്കാരെ സംബന്ധിടത്തോളം ഭൂമി വിൽക്കുന്നതാണ് ലാഭമെന്ന അവസ്ഥകൂടി സംജാതമായിരിക്കുന്നു. അങ്ങിനെ ഭൂമി ഒരു ഉൽപാദന ഉപാധി എന്ന നിലയിൽ നിന്നുമാറി ഒരു കച്ചവട ചരക്കായും ഊഹകച്ചവട കമ്പോളത്തിലെ ഏറ്റവും പ്രിയപ്പെട്ട വസ്തുവായും മാറിയെന്നതാണ് കേരളത്തിലെ കാർഷിക മേഖലയിലെ ഏറ്റവും വലിയ പ്രതിസന്ധി.

മാറുന്ന തൊഴിൽ മേഖല

ഭൂപരിഷ്ക്കരണത്തിന്റെ ഫലമായി കാർഷിക മേഖലയിലെ തൊഴിലാളിവർഗ്ഗം 1960-കളുടെ മധ്യത്തോടെ പരിപൂർണ്ണമായി സ്വതന്ത്രരായി. കുടികിടപ്പവകാശവും മെച്ചപ്പെട്ട വേതന വ്യവസ്ഥകളും നേടിയെടുത്ത കേരളത്തിലെ കാർഷിക തൊഴിലാളികൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി താരതമ്യേന മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ സൃഷ്ടിച്ചെടുത്തു. ഇതോടൊപ്പം സർക്കാരിന്റെ പലവിധ ആനുകൂല്യങ്ങളുടെകൂടി ഫലപ്രദമായി അവരിൽ നല്ലൊരു വിഭാഗം വിദ്യാഭ്യാസപരമായ പുരോഗതിയും കാർഷികേതര തൊഴിലുകൾ ചെയ്യുന്നതിനുള്ള നൈപുണ്യവും നേടിയെടുത്തു. കാർഷിക മേഖലയിലെ തൊഴിൽദിനങ്ങളുടെ കുറവും സ്ഥിരവരുമാനമില്ലാത്ത അവസ്ഥയും കാരണം മേൽപ്പറഞ്ഞ വിഭാഗം തൊഴിലാളികളിൽ ഒരു വിഭാഗം കാർഷികമേഖല ഉപേക്ഷിച്ച് മറ്റു തൊഴിലുകളിലേയ്ക്ക് മാറിപ്പോയി. കൃഷിപ്പണിയോടൊപ്പം അവർ മറ്റു തൊഴിലുകളും എടുക്കുന്നു. കാർഷിക മേഖലയെ മാത്രം ആശ്രയിച്ചു കഴിയുന്ന തൊഴിലാളികൾ ഇന്ന് എണ്ണത്തിൽ വളരെ കുറവാണ്. കൂടാതെ പഴയ കാർഷിക തൊഴിലാളി കുടുംബങ്ങളിലെ പുതുതലമുറ കാർഷികേതര തൊഴിലുകളിലേയ്ക്ക് പോകുന്നതിനാണ് കൂടുതൽ താൽപര്യം കാണിക്കുന്നത്. ചുരുക്കത്തിൽ കാർഷിക തൊഴിൽ ചെയ്യുന്നതിന് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ സംസ്ഥാനത്തു പലഭാഗത്തും സംജാതമായിരിക്കുന്നു. അതേസമയം നിലവിലുള്ള തൊഴിലാളികൾക്കു വേണ്ടത്ര പണി കിട്ടുന്നില്ല എന്ന വിരോധാഭാസവുമുണ്ട് (സുധാകൻ, 2015).

യന്ത്രവത്കരണം

ത്വരിതഗതിയിലുള്ള യന്ത്രവൽക്കരണം സംസ്ഥാനത്തെ കാർഷികരംഗത്ത് ഉണ്ടാകുന്നില്ല. പതിനഞ്ചു വർഷങ്ങൾക്ക് മുമ്പ് നെൽകൃഷിയിലെ ആകെ കൃഷി ചെലവിന്റെ അഞ്ച് ശതമാനം യന്ത്ര ചെലവുകൾക്കായിരുന്നെങ്കിൽ അതിപ്പോൾ 15 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. യന്ത്രവൽക്കരണം വളരെ സാവകാശമാണ് നടക്കുന്നതെന്നാണ് ഈ ശുഷ്ക്കമായ വർധന കാണിക്കുന്നത്. കൃഷിയിൽ മനുഷ്യാധ്വാനത്തിന്റെ അളവ് യന്ത്രാധ്വാനത്തിനേക്കാൾ വളരെ കൂടുതലാണ് ഇപ്പോഴും. നെൽകൃഷിയിൽ ആകെ കൃഷി ചെലവിന്റെ പകുതിയിലേറെ മനുഷ്യാധ്വാനത്തിന്റെ കൂലിയായി പോകുന്നു. നെൽകൃഷി ഒഴികെയുള്ള മറ്റു വിളകളുടെ കാര്യത്തിൽ യന്ത്രവൽക്കരണം വളരെ കുറവാണുതാനും. പറമ്പു കൃഷിയിൽ യന്ത്രങ്ങളുടെ ഉപയോഗം തീരെ ഇല്ലെന്ന് തന്നെ പറയാം (സരൂപ് മുതൽരേ, 2015).

സംസ്ഥാനത്തെ കാർഷിക യന്ത്രങ്ങളുടെ ഉടമസ്ഥതയും ലഭ്യതയും വളരെ പിന്നോക്കാവസ്ഥയിലാണ്. കർഷകർ യന്ത്രങ്ങൾ വാങ്ങുന്നില്ലെന്നുതന്നെ പറയാം. സർക്കാരാണ് യന്ത്രങ്ങൾ കൂടുതലും വാങ്ങുന്നത്. അതുതന്നെ വളരെ കുറഞ്ഞതോതിലാണ്. കർഷകരുടെയും തൊഴിലാളികളുടെയും ചില സംഘങ്ങളുടെ കൈവശമുള്ള യന്ത്രങ്ങൾക്കും നിക്ഷേപം നടത്തിയിരിക്കുന്നത് സംസ്ഥാന സർക്കാരോ പ്രാദേശിക സർക്കാരുകളോ ആണ്. യന്ത്രവൽക്കരണത്തിന് വേണ്ടി സർക്കാർ ചെയ്യുന്ന നിക്ഷേപം വളരെ കുറവാണ് എന്നാണ് കണക്കുകൾ കാണിക്കുന്നത്. സംസ്ഥാനത്ത് 185 പവർ ടില്ലറുകളും 418 ട്രാക്ടറുകളും ആണ് 1966 ൽ ഉണ്ടായിരുന്നത്. ഇത് 2003 ആകുമ്പോഴേയ്ക്കും (ഏറ്റവും പുതിയ ലഭ്യമായ കണക്ക് 2003 ലേതാണ്) 1732 പവർ ടില്ലറുകളും 2114 ട്രാക്ടറുകളുമായി ഉയർന്നു. ഇത് സംസ്ഥാനത്തിന്റെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ അപര്യാപ്തവുമാണ്. നടീൽ യന്ത്രങ്ങളും കംബയിൻ ഹാർവസ്റ്റർ പോലുള്ള കൊയ്ത്ത്, മെതി എന്നിവ ഒന്നിച്ചു നടത്താൻ കഴിയുന്ന യന്ത്രസംവിധാനങ്ങളും വളരെ അടുത്താണ് കേരളത്തിൽ വന്നത്. ഇപ്പോൾ സംസ്ഥാനത്ത് കേവലം 500 മെതിയന്ത്രങ്ങളും 587 കമ്പയിൻ ഹാർവസ്റ്ററുകളുമാണുള്ളത്. ഇവയെല്ലാം തന്നെ നെൽകൃഷി മേഖലയിലാണ്. കരകൃഷിയിൽ യന്ത്രങ്ങളുടെ ഉപയോഗം തുലോം തുച്ഛമാണ്. വലിയ നിക്ഷേപം ആവശ്യമില്ലാത്ത തെങ്ങുകയറ്റ യന്ത്രങ്ങളും ചെറിയ ഇനം ടില്ലറുകളും ട്രാക്ടറുകളുമൊക്കെതന്നെ വളരെ കുറവാണ്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ യന്ത്രസാന്ദ്രത കേരളത്തിൽ വളരെ കുറവാണ്. ആയിരം ഹെക്ടർ കൃഷിഭൂമിയ്ക്ക് ഒരു ട്രാക്ടർ നിരക്കിൽ പോലും കേരളത്തിലില്ല. അതേസമയം ഹരിയാനയിൽ 1000 ഹെക്ടറിന് 30 ട്രാക്ടറുകളും പഞ്ചാബിൽ 38 ട്രാക്ടറുകളുമുണ്ട്. ചുരുക്കത്തിൽ കേരളത്തിലെ കാർഷികമേഖലയിലെ യന്ത്രവൽക്കരണം വളരെ സാവകാശമാണ് മുന്നേറുന്നത്.

സംഭരണവും വിപണനവും

കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിൽ സർക്കാരിന്റെ സംഭരണ നയത്തിന് നിർണ്ണായകമായ പങ്കുണ്ട്. എന്നാൽ സർക്കാരിന്റെ സംഭരണ പദ്ധതി എല്ലാ വിളകൾക്കും ലഭ്യമല്ല. അതുപോലെതന്നെ എല്ലാ പ്രദേശങ്ങളിലും ഒരുപോലെ നടപ്പാക്കപ്പെടുന്നുമില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിൽ ആരംഭിച്ച നെല്ലിന്റെ സംഭരണം കാർഷിക മേഖലയിൽ വലിയ ഉണർവ്വ് ഉണ്ടാക്കി. എന്നാൽ പ്രധാന നെല്ലുൽപാദന കേന്ദ്രങ്ങളായ പാലക്കാട്, കുട്ടനാട്, കോൾ പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമായി ഒതുങ്ങി. മറ്റു പ്രദേശങ്ങളിലെ നെല്ലുൽപാദകർക്ക് ഈ പദ്ധതിയുടെ പ്രാധാന്യം ലഭിച്ചില്ല. നെല്ലിന്റെ സംഭരണങ്ങളിൽ അടുത്തയിടെ ഉണ്ടായ വീഴ്ചകൾ കർഷകരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു. സംഭരണം നടക്കാത്ത പ്രദേശങ്ങളിൽ പലപ്പോഴും വളരെ താഴ്ന്ന കമ്പോളവിലയിൽ നെല്ല് വിൽക്കേണ്ട അവസ്ഥയിൽ കർഷകർ വൻനഷ്ടം നേരിടേണ്ടതായും വരുന്നുണ്ട്. ഉദാഹരണത്തിന്, 2013 ൽ സർക്കാർ സംഭരണം നടത്തിയ പ്രദേശങ്ങളിൽ കർഷകർക്ക് ഒരു കിന്റലിന് 1500 രൂപ കിട്ടിയപ്പോൾ സംഭരണം നടത്താതിരുന്ന പ്രദേശങ്ങളിൽ 900 രൂപ മുതൽ 1200 രൂപ വരെയായിരുന്ന കമ്പോളവിളയ്ക്ക് നെല്ല് വിൽക്കുവാൻ കർഷകർ നിർബന്ധിതരായി. വിപണിയുടെ നിയന്ത്രണം പൂർണ്ണമായും സ്വകാര്യ വ്യാപാരികളുടെ കയ്യിൽ ആയാൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്നാണ് ഇത് സൂചിക്കുന്നത്. കർഷകരുടെ താൽപര്യം സംരക്ഷിക്കുവാൻ വേണ്ടി വിപണിയിൽ ക്രിയാത്മകമായി സർക്കാർ ഇടപെടേണ്ടതുണ്ട്. കർഷകർ സംഘടിതരല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ വ്യാപാരികൾ കൂടുതൽ ചൂഷണം ചെയ്യുന്ന അനുഭവവും ഉണ്ട്.

കാർഷിക ഗവേഷണവും പ്രചാരണവും

കാർഷിക മേഖലയ്ക്ക് ആവശ്യമായ ഗവേഷണവും ഗവേഷണഫലങ്ങളുടെ പ്രചാരണവും ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി അവഗണയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഗവേഷണത്തിലൂടെ സാങ്കേതികവിദ്യകളെ നിരന്തരമായി പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയെന്നത് ഉൽപാദനമേഖലയുടെ വളർച്ചയ്ക്ക് ആവശ്യമാണ്. ഇന്ന് കേരളത്തിലെ കാർഷിക മേഖലയുടെ എല്ലാതലങ്ങളും മുരടിപ്പിനെ നേരിടുകയാണ്. ഉൽപാദനക്ഷമത വർദ്ധിക്കുന്നില്ല, യന്ത്രവൽക്കരണം പുരോഗമിക്കുന്നില്ല, വരുമാനവർദ്ധന ഉണ്ടാകുന്നില്ല ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഈ രംഗങ്ങളിലെല്ലാം തന്നെ കൂടുതൽ ഗവേഷണം ആവശ്യമുണ്ട് (തോമസ്, 2015, ജോൺ, 2015). ഗവേഷണഫലങ്ങളെ കർഷകരിൽ എത്തിക്കുന്നതിന് വേണ്ട പ്രചാരണ പ്രവർത്തനങ്ങളും അവയ്ക്കുവേണ്ട ഔദ്യോഗിക സംവിധാനങ്ങളും വളരേണ്ടതായിട്ടുണ്ട്. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ കാർഷിക-പാരിസ്ഥിതിക സ്വഭാവങ്ങൾ പരിഗണിച്ച് കാർഷികോൽപാദന രീതികളെ വളർത്തുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. അതുപോലെതന്നെ വ്യത്യസ്ത പ്രദേശങ്ങൾക്ക് അനുയോജ്യമായ യന്ത്രസംവിധാനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഇവയ്ക്കാവശ്യമായ നിക്ഷേപങ്ങൾ നടത്തുന്നതിന് സർക്കാർ പരിശ്രമിക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിലൊന്നും സമഗ്രമായ ഒരു പദ്ധതി നമുക്കില്ല എന്നത് കാർഷിക മേഖലയുടെ വളർച്ചയ്ക്ക് സഹായകരമല്ല. ഇപ്പോൾ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ പരിമിതമാണെന്ന് മാത്രമല്ല, വ്യക്തമായ ഒരു ആസൂത്രണത്തിന്റെ ഭാഗവുമല്ല. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് ഗവേഷണാവശ്യങ്ങൾ എന്തൊക്കെയാണെന്നതിനെ സംബന്ധിച്ച് നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടില്ല. ഈ അവസ്ഥ മാറേണ്ടതുണ്ട് (കാർഷിക വികസനനയം- കരട്, 2013).

കൃഷിയും ലാഭക്ഷമതയും

കൃഷിക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ജീവിക്കാനുള്ള വരുമാനം കൃഷിയിൽ നിന്നും കിട്ടുമോ എന്നതാണ് പ്രധാനമായ ചോദ്യം. അടുത്തകാലത്തായി നടന്ന നിരവധി പഠനങ്ങൾ കാണിക്കുന്നത് കർഷകർ കൂടുതലായി കടക്കെണിയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും തള്ളിനീക്കപ്പെടുന്ന അവസ്ഥയാണ് ഇന്ത്യയിലെമ്പാടും തന്നെ നിലനിൽക്കുന്നത് എന്നാണ്. ഉദാരവൽക്കരണനയങ്ങളാണ് ഇതിന് പ്രധാനകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. താരതമ്യേന മെച്ചപ്പെട്ട ഉൽപാദനം ലഭിക്കുന്ന വർഷങ്ങളിൽ പോലും കർഷകരുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്നില്ല. വിലകളിലെ അസ്ഥിരതയും വിപണനത്തിന്റെ പ്രശ്നങ്ങളും മാത്രമല്ല ഇതിന് കാരണം. ചെറുകിട കൃഷി ഒരു കുടുംബത്തിന് ജീവിക്കാനുള്ള വരുമാനം നൽകുകയില്ല എന്നതും പ്രശ്നമാണ്. കൂടാതെ ചെറുകിട കൃഷിയിൽ ചെലവും കൂടുതലാണ് (ഹരിലാൽ & ഈശ്വരൻ, 2015). കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾക്കാണെങ്കിൽ കൂടുതൽ കൃഷിഭൂമിയില്ലാതെ ജീവിതത്തിനാവശ്യമായ വരുമാനം ഉണ്ടാക്കുവാൻ കഴിയാത്ത അവസ്ഥയാണ്. എന്നാൽ കൂടുതൽ കൃഷിഭൂമി വാങ്ങുക എന്നത് അവർക്ക് സാധ്യമ്മമല്ല.

3. സംയോജിത ബഹുവിള കൃഷി സമ്പ്രദായം

മുകളിൽ ചർച്ച ചെയ്ത കാർഷിക പ്രശ്നങ്ങൾക്ക് പ്രതിവിധി ഒരു സംസ്ഥാനത്തു മാത്രമായി കണ്ടെത്താനാവില്ല. അന്തർദേശീയ കരാറുകളും ദേശീയ നയങ്ങളും സുരക്ഷിതമായ കൃഷി എന്നത് ദിവാസ്വപ്നമാക്കുന്നുണ്ട്. ഈ പരിമിതി ഉൾക്കൊള്ളുമ്പോൾത്തന്നെ ഒരു ബദൽ സമീപനം കരുപ്പിടിപ്പിക്കേണ്ടതുണ്ട്. ഇതിന് മുന്നോട്ടുവെയ്ക്കുന്നതിനുള്ള അടിസ്ഥാന സമീപനം സംയോജിത ബഹുവിള കൃഷിവിള സമ്പ്രദായത്തിന്റേതാണ്.

വിവിധയിനം കാർഷികവിളകളെയും മത്സ്യകൃഷി, കന്നുകാലി വളർത്തൽ, കോഴി, താറാവ്, പന്നി, തേനീച്ച എന്നിവയുടെ വളർത്തൽ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വൈവിധ്യമാർന്ന ഒരു ഉൽപാദന പദ്ധതിയിയേയാണ് സംയോജിത ബഹുവിള കൃഷി സമ്പ്രദായം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് (ജേക്കബ്ബ്, 2015). കേരളത്തിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിന് സംയോജിത, വൈവിധ്യ കൃഷിരീതികൾ അനിവാര്യമാണ്. വിവിധതരത്തിലുള്ള സംയോജനങ്ങൾ സാദ്ധ്യമാണ്. ഉദാഹരണത്തിന് നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ എന്നീ കാർഷികവിളകളോടൊപ്പം മത്സ്യം, കോഴി, താറാവ് എന്നിവയുടെ വളർത്തലും സാധ്യമാണ്. ഇവയിലെല്ലാം കൂടിയോ ചില ഘടകങ്ങളെ മാത്രം എടുത്തോ സംയോജനം സാദ്ധ്യമാണ്. ഓരോ പ്രദേശത്തിനും യോജിക്കുന്നവയെ തെരഞ്ഞെടുക്കണം എന്നുമാത്രം. ഇന്നും സംയോജിത കൃഷിയ്ക്ക് പലതരത്തിലുള്ള നേട്ടങ്ങൾ ഉണ്ട് എന്നാണ് അനുഭവം കാണിക്കുന്നത്. ഏറ്റവും പ്രധാന നേട്ടം കാർഷികോൽപാദനത്തിലെ അനിശ്ചിതാവസ്ഥയ്ക്ക് ഒരു പരിഹാരമാണ് സംയോജിതകൃഷി എന്നതാണ്. ചില വിളകളുടെ ഉൽപാദനം കുറഞ്ഞാലും മറ്റുചില വിളകൾ ആ കുറവിനെ പരിഹരിക്കും. അതുപോലെതന്നെ കാർഷിക വിളകളോടൊപ്പം ചെയ്യുന്ന മത്സ്യകൃഷി മുതലായവ ആകെ ഉൽപാദനത്തെ ഉയർത്തുന്നതിന് സഹായിക്കും. അതുപോലെ തന്നെ വിവിധയിനം ഭക്ഷ്യോൽപന്നങ്ങളുടെ ഉൽപാദനം ഭക്ഷ്യസുരക്ഷയെ സഹായിക്കും എന്നത് സംയോജിതകൃഷിയുടെ മറ്റൊരു നേട്ടമാണ്. കൃഷിയുടെ സാങ്കേതികവിദ്യാപരമായും സംയോജിതകൃഷിയ്ക്ക് പലനേട്ടങ്ങളും ഉണ്ട്. സംയോജിത കൃഷിയിലെ വ്യത്യസ്ത ഘടകങ്ങൾ പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിസ്ഥിതി സംബന്ധമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും കഴിയും. ഉദാഹരണത്തിന് കന്നുകാലികൾ, കോഴി, താറാവ് എന്നിവയുടെ വിസർജ്ജ്യം കാർഷികവിളകൾക്ക് ജൈവവളമായും കാർഷികവിളകളിൽ നിന്നും ലഭിക്കുന്ന പല ഉൽപന്നങ്ങളും മേൽപ്പറഞ്ഞ വളർത്തുജീവികൾക്ക് ആഹാരമായും തീരുന്നു. ഇത്തരം സംയോജനങ്ങൾ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുമെന്ന് മാത്രമല്ല, ഉൽപാദന ചെലവ് കുറയ്ക്കുകയും ചെയ്യും. അതുപോലെതന്നെ പലവിളകളും മണ്ണിന്റെ ജൈവാംശം നിലനിർത്തുവാൻ സഹായിക്കുകയും ചെയ്യും. നെല്ല്, തെങ്ങ്, പുരയിടം എന്നിവയിൽ അടിസ്ഥാനമാക്കിയുള്ള സംയോജിത കൃഷി രീതികളാണ് കേരളത്തിൽ പ്രധാനമായും അനുവർത്തിച്ചുവരുന്നത്. ഇവയെക്കുറിച്ച് ഒരു ലഘുവിവരണം താഴെ കൊടുക്കുന്നു.

സംയോജിത നെൽകൃഷി സമ്പ്രദായം

കോൾ, കൈപ്പാട്, കുട്ടനാട്, പൊക്കാളി നിലങ്ങളിൽ, മത്സ്യകൃഷി സംയോജന ലാഭകരമായ നെൽകൃഷിയ്ക്ക് അത്യന്താപേക്ഷിതമാണ്. ഇവയോടൊപ്പം കാലിവളർത്തൽ, താറാവ് വളർത്തൽ കൂടിയാകുമ്പോൾ, കർഷകർക്ക് നല്ല വരുമാന വർദ്ധനവും, അതിലൂടെ സാമ്പത്തിക നേട്ടവും ഉണ്ടാകും (ലീനാകുമാരി, 2015).

1. ഒരു ഏക്കർ നെൽകൃഷി പ്രദേശത്ത് സംയോജിത സമ്പ്രദായത്തിൽ 2000 മത്സ്യങ്ങൾ, 300 താറാവും, 1–2 പോത്തും, വരമ്പിൽ 20 ഓളം തെങ്ങും, 40 വാഴയും, 20–40 കാച്ചിൽ/മരിച്ചീനിയും, ഒറ്റവരിയായി 80 മീറ്റർ നീളത്തിൽ തീറ്റപ്പുല്ലും ഉൾപ്പെടുത്താം. കൂടാതെ പോത്ത് വളർത്തുന്നതിനൊപ്പം ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കാവുന്നതാണ്. ഇതുമൂലം നെൽകൃഷി ചെലവ് 18 ശതമാനത്തോളം കുറയും. നെൽ ഉൽപാദനം 50 ശതമാനം വർദ്ധിക്കും എന്ന് മാത്രമല്ല, മറ്റ് ഇനങ്ങളിൽ നിന്നും 3–4 ഇരട്ടി വരുമാന വർദ്ധനവ് പ്രതീക്ഷിക്കാമെന്ന് ഇതുമായി ബന്ധപ്പെട്ട ഗവേഷണം തെളിയിക്കുന്നു(ശശിധരൻ, 2015).
2. തീരദേശത്തെ താഴ്ന്ന സ്ഥലങ്ങളിലും, മണ്ണിട്ട് തിട്ട ഉയർത്തി കര പ്രദേശമാക്കിയ പാടശേഖരങ്ങളിലും, നഷ്ടത്തിലായ നെൽകൃഷി ലാഭകരമാക്കുവാൻ വാഴ, താറാവ് തുടങ്ങിയ സംയോജിത കൃഷി സമ്പ്രദായ ചേരുവകൾ ഉൾക്കൊള്ളിക്കുന്നതു വഴി നെൽകൃഷി ആദായകരമാക്കാമെന്ന് കണ്ടിട്ടുണ്ട്. ആകെ കൃഷി സംയോജനത്തിൽ നെൽകൃഷി ചെലവ് 14 ശതമാനവും നാളികേര–വാഴകൃഷി ചെലവ് 40 ശതമാനവും ആയിരിക്കെ ലാഭവിഹിതത്തിൽ യഥാക്രമം ഒരു ശതമാനവും, 79.8 ശതമാനവും ആണെന്ന് കണ്ടെത്തിയിട്ടുണ്ട് (ജയലക്ഷ്മി മുതൽ പേർ, 2015). പച്ചിലവള പ്രയോഗം, തൊണ്ടുകൊണ്ട് പുതയിടൽ എന്നിവ പോഷകമൂലക ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യും.
3. നെൽകൃഷി സമ്പ്രദായത്തിൽ ഒരു നെൽ കൃഷിയ്ക്ക് ശേഷം വാഴകൃഷി ചെയ്യുന്നത് ഉയർന്ന ഉൽപാദനവും, ഉൽപാദന ക്ഷമതയും കൈവരിക്കാനാകും. ഇതുവഴി ഹെക്ടർ പ്രതി 10 ടൺ ജൈവവസ്തുവിലുള്ള പോഷകമൂലക ചംക്രമണവും കീടരോഗ വ്യാപനവും തടയുന്നതിനും സാധിക്കും. കൃഷിയിടത്തിന്റെ പരമാവധി ഉപയോഗവും, കളനീക്കുന്നതിനുള്ള ചെലവ് ഒഴിവാക്കാനും (എന്നാൽ മൊത്തത്തിൽ ചെറിയ മാത്രയിലുള്ളതെങ്കിലും തൊഴിൽ വർദ്ധന), നെൽ ഉൽപാദനത്തിന്റെ വർദ്ധനവ്, മത്സ്യത്തിൽ നിന്നുള അധിക വരുമാനം എന്നിവ സംയോജിത മത്സ്യകൃഷിയിലൂടെ ലഭിക്കുന്നു (ഉബൈദ്, 2015).
4. അടുത്തത്, നെല്ലിന്റെയും മീനിന്റെയും ഏകകാല കൃഷിയാണ്. നെൽപാടങ്ങളിൽ കെട്ടി നിർത്തുന്ന 15 സെന്റീമീറ്റർ ആഴത്തിലും 30 ഡിഗ്രി സെൽഷ്യസ് ഊഷ്മാവിൽ വളരാൻ കഴിവുള്ളതും കലക്കവെള്ളത്തിൽ കുറഞ്ഞ വായു അവസ്ഥയിൽ വളരാൻ കഴിവുള്ള മത്സ്യ ഇനങ്ങളെ വേണം ഇതിനായി തെരഞ്ഞെടുക്കേണ്ടത്. മീൻ വിസർജ്യങ്ങൾ നെല്ലിന്

ലഭിക്കുന്നതുവഴി ഏകദേശം 10–15 ശതമാനം വിളവ് വർദ്ധന സാധിക്കുന്നതോടൊപ്പം, പായൽ-കള നിയന്ത്രണവും ഒരളവുവരെ സാധിക്കുന്നു. തിലാപ്പിയ, കാർപ്പ് എന്നീ മീനുകൾ കള തീനികളായതിനാൽ കള നിയന്ത്രണം 50 ശതമാനം വരെ സാധ്യമാക്കും. നെല്ലിന്റെ പ്രധാന കീടങ്ങളായ തണ്ടു തുരപ്പൻ നിയന്ത്രണത്തിന് മൂറൽ, കാറ്റ് ഫിഷ് എന്നിവ അനുയോജ്യമാണ്. കൊതുകിന്റെ ലാർവയെ തിന്നുന്നതുമൂലം കൊതുക് നിയന്ത്രണവും സാദ്ധ്യമാകുന്നു. നെൽപാടം മീൻ കുഞ്ഞുങ്ങളെ വളർത്തുവാനുള്ള കുളമായും ഉപയോഗിക്കുക വഴി, മീൻ കുഞ്ഞുങ്ങളുടെ വിൽപ്പനയിലൂടെയും അധിക വരുമാനം നേടാവുന്നതാണ്. എന്നാൽ ഇത്തരം ഏകസമയ നെൽ-മീൻ കൃഷിയിൽ ചില പരിമിതികളുണ്ട്. (1) നെല്ലിലെ രോഗ-കീട നിയന്ത്രണത്തിനായി ഒരു സാഹചര്യത്തിലും കീടിനാശിനി പ്രയോഗം സാദ്ധ്യമല്ല. (2) എല്ലായ്പ്പോഴും മീനിന്റെ വളർച്ചയ്ക്ക് അനുയോജ്യമായ ജലനിരപ്പ് നിലനിർത്താൻ സാധിക്കുകയില്ല. (3) ഗ്രാന്റ് കാർപ്പ് നെൽചെടികളെയും ഭക്ഷിക്കും . (4) കോമൺ കാർപ്പ്, തിലാപ്പിയ എന്നിവ നെൽചെടിയെ വേരോടെ പിഴുതു മറിയ്ക്കും. ആയതിനാൽ വളരെ ശ്രദ്ധാപൂർവ്വം വേണം മത്സ്യ ഇനങ്ങളെ തെരഞ്ഞെടുക്കേണ്ടത് (പത്മകുമാർ, 2015).

5. ശുദ്ധജല കൊഞ്ചും – നെല്ലും കൃഷിയാണ് മറ്റൊരു സംയോജിത കൃഷി രീതി. ഇതിനായി 12 സെന്റീ മീറ്റർ ഉയർത്തിയ ബണ്ടും നിർമ്മിക്കേണ്ടതുണ്ട്. നാല് മാസത്തിലധികം മൂപ്പുള്ള ഒന്നാം വിളയ്ക്കനുയോജ്യമായ മഷൂറി, ജയ, പങ്കജ്, പൊക്കാളി, വൈറ്റില, ആര്യ മുതലായ നെൽ ഇനങ്ങൾ വേണം സംയോജിപ്പിക്കാൻ. നെല്ലും – ഒരു ജലമീന/കൊഞ്ച്/ചെമ്മീൻ കൃഷിയിൽ, തീരപ്രദേശത്തുള്ള നെൽപാടങ്ങളിൽ വേനൽ തരിശുനിലങ്ങളിൽ, തുടർന്ന് വരുന്ന ഒന്നാംവിള നെൽകൃഷിയെ ബാധിക്കാതെതന്നെ മീൻ വിളവെടുക്കാൻ കഴിയും. ഇതുമൂലം കർഷകർക്ക് വേനൽ കഴിഞ്ഞാൽ അധിക വരുമാനവും ലഭിക്കും. കേരളത്തിലെ പൊക്കാളി പ്രദേശങ്ങളും ഇതിനാൽ ഉപയോഗിക്കാവുന്നതാണ്. ഈ കൃഷിയിൽ നിന്നും 300–1000 കിലോ വരെ മത്സ്യം വിളവെടുക്കാം (ശശിധരൻ, 2015).

6. ചാക്രിക നെൽ-മത്സ്യ കൃഷി സമ്പ്രദായവും നിലവിലുണ്ട്. അതുപ്രകാരം നെൽകൃഷി കഴിഞ്ഞാൽ അടുത്തതായി മത്സ്യകൃഷി ചെയ്യുന്നു. ഇതിനാൽ വയൽ, താൽക്കാലിക മത്സ്യകുളമായി മാറ്റുന്നു. ഹെക്ടർ പ്രതി 2.3 സെന്റീമീറ്റർ നീളം എത്തിയ 20,000 എണ്ണം അല്ലെങ്കിൽ 5.8 സെന്റീമീറ്റർ വളർച്ചയെത്തിയ 6000 എണ്ണം എന്ന നിരക്കിൽ നിക്ഷേപിച്ച് വളർത്താവുന്നതാണ്. നെൽകൃഷി പ്രത്യേകം സീസണിൽ ചെയ്യുന്നതിനാൽ പൂർണ്ണ സസ്യസംരക്ഷണ മുറകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരം താൽക്കാലിക മീൻ കുളത്തിൽ നിന്നും യഥാക്രമം 10/6 ആഴ്ചകൾക്ക് ശേഷം നിക്ഷേപിച്ച മത്സ്യങ്ങളെ പിടിച്ചെടുക്കാവുന്നതാണ്. ഏകദേശം 5000 കിലോ ഗ്രാം / ഹെക്ടർ മത്സ്യവിളവ് ലഭിക്കും. തുടർന്ന് ചെയ്യുന്ന നെൽകൃഷിയിൽ നിന്നും ഉൽപാദന വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

7. കേരളത്തിലെ ശുദ്ധജല തടാകങ്ങളുടെ തീരത്തുള്ള കർഷകർ താറാവ് – നെൽകൃഷി സംയോജിത കൃഷി ചെയ്യുന്നതായി കാണാം. പൊതുവേ വർഷത്തിന്റെ ഭൂരിഭാഗം സമയങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ തോട്, കുളം, ജലാശയം എന്നിവയിൽ കണ്ടുവരുന്ന നിരവധി ജലജീവികൾ, സസ്യങ്ങൾ മുലായവ, താറാവ് വളരുന്നതിന് രോഗവിമുക്തമായ അനുകൂല കാലാവസ്ഥയാണ് പ്രകൃതി നൽകിയിട്ടുള്ളത്. ചെറുതവള കുഞ്ഞുങ്ങൾ, വാൽമാക്രി, ഒച്ച്, ഓണപ്പാറ്റകൾ എന്നിവയെ താറാവ് തിന്നുന്നതും താറാവിന്റെ വിസർജ്ജ്യങ്ങൾ മീനിനും ഗുണകരമാക്കുകയും ചെയ്യും. 'കാക്കി ക്യൂബെൽ' എന്ന ഇനം ഈ കൃഷിയ്ക്ക് അനുയോജ്യമാണ്. താറാവിന്റെ വിസർജ്ജ്യങ്ങളിൽ 25 ശതമാനം ജൈവവസ്തുക്കളും 20 ശതമാനം അജൈവ മൂലകങ്ങളുമാണ് ഉള്ളത്. ഇതുകൂടാതെ കുളവരമ്പിൽ ചിക്കി ചികയുന്നതുമൂലം മണ്ണിൽ നിന്നും മത്സ്യവളർച്ചയ്ക്ക് ആവശ്യമായ പോഷകമൂലകങ്ങൾ ജലത്തിൽ ലഭ്യമാകുന്നു. നെൽകൃഷിയുള്ള താണ നിലങ്ങളിൽ ഒരേ സമയത്ത് താറാവും – മീനും കൃഷിയും മാറിയോ, അല്ലെങ്കിൽ ഒരു സമയത്ത് നെല്ലും തുടർന്ന് താറാവും – മീനും കൃഷിയോ അനുവർത്തിക്കുന്നത് വഴി ഉൽപാദന സുരക്ഷിതത്വവും പോഷണ സുരക്ഷിതത്വവും കളനിയന്ത്രണം 100 ശതമാനം സാധിക്കുന്നതുവഴി നെല്ലുൽപാദന ചെലവിൽ 17–6 ശതമാനം കുറവും, സസ്യസംരക്ഷണ ചെലവിൽ 54 ശതമാനം കുറവും പ്രതീക്ഷിക്കാം (ശശിധരൻ, 2015).

8. കുട്ടനാട്ടിൽ നടത്തിയ പഠനത്തിൽ ഏകവിള സമ്പ്രാദയത്തിലെ നെൽകൃഷി ചെലവിനെക്കാൾ, 29 ശതമാനം കുറവ് സംയോജനത്തിലൂടെ നേടാം എന്ന് കണ്ടിട്ടുണ്ട്. ഇതിൽ കൂലി ചെലവിലെ ലാഭം മാത്രം 20 ശതമാനത്തോളം വരും. കുട്ടനാട്ടിലെ നെൽകൃഷി ലാഭകരമല്ലാതാകാൻ പ്രധാന കാരണം, പുറം ബണ്ട് നിർമ്മാണവും, വെള്ളം തേകി കയലും ആണെന്ന് ഇ.സി.എപ് പഠനങ്ങൾ തെളിയിക്കുന്നു. ഇവിടെ മത്സ്യസംയോജനത്തിലൂടെ ഒരു ഹെക്ടറിൽ നിന്നും 220 ദിവസത്തിനകം 600 കിലോ മത്സ്യവും അധികമായി ലഭിക്കും. മറ്റു പ്രദേശങ്ങളിലേതിനെക്കാളും അധികമാണ് കുട്ടനാട്ടിലെ സംയോജിത മത്സ്യ-നെൽകൃഷിയിൽ നിന്നും ലഭിക്കുന്ന മത്സ്യവിളവ്. എന്നാൽ നെൽകൃഷിയ്ക്ക് ശേഷം മീൻ വളർത്തൽ പദ്ധതിയിൽ 184 ദിനം കൊണ്ട് ഒരു ഹെക്ടറിൽ നിന്നും 1000 കിലോ മത്സ്യം ലഭ്യമാകും. നെൽകൃഷിയിൽ നിന്നും 2.5 ടൺ വിളവും കിട്ടും. കുട്ടനാട്ടിൽ കൊയ്ത്ത കഴിഞ്ഞ നെൽപാടങ്ങളിൽ

മത്സ്യകൃഷി ചെയ്യുന്നതുമൂലം വെറും ആറ് മാസത്തിനകം നല്ല മുഴുപ്പുള്ള, തീറ്റ ചെലവ് നൽകാതെ മത്സ്യം ഉൽപാദിപ്പിച്ചെടുക്കാം. ഈ കൃഷിയ്ക്ക് കുട്ടനാട്ടിൽ നല്ല പ്രചാരം ലഭിച്ചുവരികയാണ് (ജേക്കബ്ബ്, 2015).

9. ഇതോടൊപ്പം നാടൻ താറാവിനങ്ങൾ വളർത്തുന്നതാണ് നല്ലത്. ഇവിടെയും കൂട്ടിൽ വളർത്തുന്ന താറാവ് ഒരു ഹെക്ടറിന് 400 എണ്ണമെന്ന നിരക്കിൽ പരിപാലിക്കുന്നതിന് വഴി, 5.4 ടൺ മത്സ്യം തീറ്റ ചെലവില്ലാതെ 302 ദിവസം കൊണ്ട് തയ്യാറാകും. താറാവില്ലാത്ത മത്സ്യകൃഷിയിൽ മത്സ്യ ഉൽപാദനം വളരെ കുറഞ്ഞിരിക്കും. ഇത്ര ഉയർന്ന വിളവ് ഇന്ത്യയിൽ മറ്റൊരിടത്തുനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

നാളികേരാധിഷ്ഠിത സംയോജിത കൃഷി സമ്പ്രദായം

കേരളത്തിലെ പ്രധാന വൃക്ഷവിളയാണ് നാളികേരം. വളരെ ചെറിയ തുണ്ടുഭൂമി തുടങ്ങി വലിയ തോട്ടങ്ങളിലും കൃഷി ചെയ്തുവരുന്നു. കേരളത്തിൽ തെങ്ങ് കൃഷി വിസ്തൃതി 1981–82 ൽ 6.6 ലക്ഷം ഹെക്ടറായിരുന്നു. അത് 1997–98 കാലയളവിൽ 10.20 ലക്ഷം ഹെക്ടറായി ഉയർന്നെങ്കിലും, നിലവിൽ 8.00 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തുവരുന്നു. വർദ്ധിച്ച തോതിലുള്ള കാറ്റുവീഴ്ച പോലുള്ള രോഗങ്ങൾ, മണ്ടരി ആക്രമണം, ഇടവിട്ടുള്ള വരണ്ട കാലാവസ്ഥ, ചെറുകിട തോട്ടങ്ങളിൽ ജലസേചനമൊരുക്കുന്നതിനുള്ള സാമ്പത്തിക–സാങ്കേതിക പരിമിതികൾ, കൃഷിഭൂമിയുടെ തുണ്ടുവത്കൃത വലിപ്പകുറവ്, മണ്ണിലെ പോഷകമൂലക നഷ്ടം, വിലയിടിവും വിലയിലെ ചാഞ്ചാട്ടവും, കർഷക കൂട്ടായ്മകളുടെ അഭാവം എന്നിവയാണെന്ന് പഠനങ്ങൾ രേഖപ്പെടുത്തുന്നു (തമ്പാൻ & ചന്ദ്രൻ, 2015). തെങ്ങിനിടയിൽ ഇടവിളകളായി കൊക്കോ, കുരുമുളക്, വാഴ എന്നിവയും കാലി വളർത്തലും തേനീച്ച വളർത്തലും ലാഭകരമായി സംയോജിപ്പിക്കാവുന്നതാണ്. ലാഭവും ഉൽപാദനക്ഷമതയും ഗണ്യമായി വർദ്ധിപ്പിക്കാമെന്ന് 35 ചെറുകിട നാമമാത്ര നാളികേര കർഷകരുടെ പഠന അനുഭവം തെളിയിക്കുന്നു (കൃഷ്ണൻകുട്ടി, 2015). കൂടാതെ മേൽ സൂചിപ്പിച്ച പ്രതികൂല ഘടകങ്ങൾ ഒഴിവാക്കാനും സാധിക്കും.

സാധാരണയായി നാളികേര കൃഷിയിൽ, നാളികേര – ഇടവിള വിളവ് പൂർണ്ണമായും തോട്ടത്തിൽ നിന്നും മാറ്റപ്പെടുന്നു. എന്നാൽ തൊണ്ട്, ഓല, കൊതുമ്പ് തുടങ്ങിയവ കൃഷിയിടത്തിൽ തന്നെ പുനരുപയോഗിക്കാവുന്നതാണ്. ഓല, ചിരട്ട, തൊണ്ട് എന്നിവ നിലവിൽ കത്തിക്കാനുള്ള ഇന്ധനമായി പണ്ടത്തെപ്പോലെ ഉപയോഗിക്കുന്നില്ല. ഇവ മണ്ണിലേയ്ക്ക് ചേർക്കുന്നത് വഴി ഹെക്ടർ പ്രതി 52 കിലോ നൈട്രജൻ, 7 കിലോ ഫോസ്ഫറസ്, 162 കിലോ പൊട്ടാഷ്യം, സസ്യമൂലകങ്ങൾ ചാക്രികാവൃത്തിയിൽ മണ്ണിന് തിരികെ നൽകാം (ജയരാജ്, 2015).

ഇതുമായി ബന്ധപ്പെട്ട് സി.പി.സി.ആർ.ഐ കാസർഗോഡ് നടത്തിയ പഠനങ്ങളിൽ തെങ്ങിനിടവിളയായി തീറ്റപുൽ, തീറ്റപയർ ചെടി 3:1 അനുപാതത്തിൽ വളർത്തുന്നതുമൂലം നാല് കന്നുകാലികളെ വളർത്തിയെടുക്കാം. 1994–95 ൽ നടത്തിയ പഠനത്തിൽ ഒരു ഹെക്ടറിൽ നിന്നും 18,389 നാളികേരം, 8,918 ലിറ്റർ പാൽ, 506 കിലോ വളർത്തു കോഴിയിറച്ചി, 385 കിലോ മത്സ്യം, 48 കിലോ കാട ഉൽപാദിപ്പിച്ചതുവഴി 1,53,788 രൂപ ചെലവിനുപരിയായി 1,99,200 രൂപ വരവും അറ്റാദായം 45,412 രൂപ ലഭിച്ചു. നാളികേര സംയോജിത സമ്പ്രദായത്തിൽ 50 സെന്റിന് താഴെയുള്ള കൃഷിയിടങ്ങളിൽ നിന്നും കൃഷി ചെലവ്. ലാഭ അനുപാതം 1:2:5 ആയി വർദ്ധിപ്പിക്കാവുന്നതാണ്. ഇതിൽ മൃഗപരിപാലനത്തിന് ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കാറുണ്ട്.

നിലം നികത്തിയ പാടശേഖരങ്ങളിൽ നാളികേര കൃഷി ചെയ്യുമ്പോൾ, നീർവാഴ്ച്ചയ്ക്കായുള്ള തോട്ടിൽ ചെമ്മീൻ കൃഷി ചെയ്യുന്നതുമൂലം ഒരു ഹെക്ടറിൽ നിന്നും 800 കിലോ ചെമ്മീൻ വിളവെടുക്കാൻ സാധിക്കും. ഇതുമൂലം 220 ദിവസത്തിനകം 21,050 രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കാം. നിക്ഷേപിക്കുന്ന 97 ശതമാനം ചെമ്മീൻ കുഞ്ഞുങ്ങളും ഓരോന്നും 200 ഗ്രാം തൂക്കത്തിൽ വിളവെടുക്കാവുന്നതാണ്. ഇത്തരം നികത്തിയെടുത്ത താഴ്ന്ന പ്രദേശങ്ങളിൽ നാളികേര കൃഷിയോടൊപ്പം മത്സ്യകൃഷി സംയോജനത്തോടൊപ്പം ഹെക്ടറിന് 25 പന്നിക്കുട്ടികൾ വളർത്തുന്നത് മത്സ്യതീറ്റ ചെലവിന്റെ 50 ശതമാനം ലാഭിക്കാം. ഇത്തരം സംയോജനത്തിൽ ഹെക്ടറിന് നാല് ടൺ മത്സ്യം ഉൽപാദിപ്പിക്കാമെന്ന് കാണാം (രാജീവ് & നിജ ജോർജ്, 2015).

സംയോജിത പദ്ധതിയിൽ പ്രധാനവിളയിൽ നിന്നും നീര ഉൽപാദന സാധ്യതകളും പരീക്ഷിക്കാവുന്നതാണ്. ഇതിൽ 6 മാസം നീര ഉൽപാദനവും, 6 മാസം നാളികേര ഉൽപാദനവും എന്ന മാതൃകാകരണിയമാണ്. ഒരു ചെറുകിട നീര ഉൽപാദന യൂണിറ്റിന് 12 നാളികേര വൃക്ഷവും, കൂലി, സംസ്കരണം, പാക്കിംഗ് എന്നിവയ്ക്കായി 30,000 രൂപ ചെലവാകുമ്പോൾ പ്രതിമാസം 20000 രൂപയുടെ ലാഭം പ്രതീക്ഷിക്കാം. ഇതുപോലെ നിരവധി മൂല്യവർദ്ധിത ഉൽപന്ന സംസ്കരണ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട് (നായിക്ക്, 2015, മുരളീധരൻ, 2015).

സംയോജിത പുരയിടകൃഷി

കേരളത്തിലുടനീളം കാലങ്ങളായി കണ്ടുവരുന്ന ഒരു സംയോജന രീതിയാണിത്. താമസിക്കുന്ന വീടിനൊപ്പം ചേർന്ന് കിടക്കുന്ന ഭൂമിയിൽ, പൊതുവിൽ ദൈനംദിന വീട്ടാവശ്യങ്ങൾക്ക് വേണ്ടിവരുന്ന, വാർഷിക വൃക്ഷവിളകൾ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, ഇഞ്ചി, മഞ്ഞൾ, കോഴി, താറാവ്, കന്നുകാലി വളർത്തൽ മുതലായവ സംയോജിപ്പിച്ച് നടത്തൽ, ശാസ്ത്രീയമായ സംയോജനം വഴി വീട്ടാവശ്യങ്ങൾ

കഴിഞ്ഞ് കമ്പോളാവശ്യത്തിന് വേണ്ടിയുള്ള അധിക ഉൽപാദനവും സാദ്ധ്യമാകും (ജേക്കബ്ബ്, 2015).

കേരളത്തിൽ ഈ സമ്പ്രദായത്തിൽ പ്രധാനവിള നാളികേരം തന്നെയാണ്. എന്നാൽ ഇതിനോടൊപ്പം അടയ്ക്ക, കുരുമുളക്, കൊക്കോ, കശുമാവ്, മാവ്, പ്ലാവ്, തേക്ക്, ആഞ്ഞിലി, ലുമിക്ക്, സിൽവർ ഓക്ക്, പോർഷിയ മുതലായ വൃക്ഷങ്ങളും കണ്ടേയ്ക്കാം. കോഴി, താറാവ്, കന്നുകാലി വളർത്തൽ തുടങ്ങി നാല് തട്ട് സംയോജനം, കുറഞ്ഞ മുതൽ മുടക്കിൽ കർഷകന്റെ തന്നെ സ്വയംതൊഴിൽ എന്നിവ അടങ്ങിയ ഈ കൃഷി രീതി ഉപജീവനത്തിലധിഷ്ഠിതമായ ഉൽപാദന പ്രക്രിയയാണ്. പുരയിട കൃഷിയിൽ അതിതീവ്രമായ ഭൂവിനിയോഗ കീഴ്വഴക്കങ്ങളാണ് പാലിക്കപ്പെടുന്നത്, എങ്കിലും, ജൈപോഷക മൂല്യദുരുപയോഗം നല്ല രീതിയിൽ നടക്കുന്നു. മണ്ണിൽ നിന്നും വിളകൾ വലിച്ചെടുക്കുന്ന പോഷകമൂലകങ്ങൾ, വിള അവശിഷ്ടങ്ങളിലൂടെയുള്ള ജൈവവള പ്രയോഗം, കാലിവള ഉപയോഗം, ചെറിയ രീതിയിലുള്ള വളപ്രയോഗം എന്നിവയിലൂടെ മണ്ണിന്റെ ഉൽപാദനക്ഷമത നിലനിർത്താൻ സാധിക്കുന്നു.

പൊതുവിൽ വനേതര-ഭൂവിനിയോഗ സംവിധാനത്തിൽ ലവണ നഷ്ടം അധികമാണെന്നിരിക്കിലും, പുരയിടകൃഷിയിൽ ഇത് വളരെ കുറഞ്ഞിരിക്കും. മരങ്ങളുടെ വേരുപടലം ലവണ നഷ്ടം ഒഴിവാക്കുവാൻ സാധിക്കുന്നു. കൂടാതെ വീട്ടുവളപ്പിലെ വൃക്ഷങ്ങളുടെ പകർപ്പ്, മഴവെള്ളം മണ്ണിൽ നേരിട്ട് പതിക്കുന്നത് തടയുന്നത് വഴി മണ്ണൊലിപ്പ് തടയുന്നു. പൊഴിയുന്ന ഇലകളും മറ്റുജൈവ അവശിഷ്ടങ്ങളുടെ ഉറവിട സംസ്കരണം, മണ്ണിൽ ജൈവാംശം നിലനിർത്തുന്നതിനും അതുവഴി സസ്യപോഷകമൂലകങ്ങൾ നഷ്ടപ്പെടാതെ മണ്ണിൽ പിടിച്ചു നിർത്തുവാനും സഹായിക്കുന്നു. കാലിവളർത്തൽ, ചാണകം ലഭ്യമാക്കുമെങ്കിലും, പുരയിടത്തിൽ ഇത് ഉപയോഗിക്കാതെ മുഴുവൻ വിൽക്കുന്ന പക്ഷം, മണ്ണിന്റെ ഉൽപാദനക്ഷമത നഷ്ടപ്പെടും. ഫാം യാർഡ് വളം, കന്നുകാലി മൂത്രം, സ്ലറി, കാലി/കോഴി വളം കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, പച്ചില വളങ്ങൾ, വിള അവശിഷ്ടങ്ങൾ, അടുക്കള അവശിഷ്ടങ്ങൾ, അസോള, വൈയ്ക്കോൽ മുതലായവ വീട്ടുവളപ്പിൽ തന്നെ ഉപയോഗിക്കുന്നതുവഴി മണ്ണിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ് (ജേക്കബ് മാത്യു, 2015).

പൊതുവിൽ കേരളത്തിലെ സംയോജിതകൃഷി സമ്പ്രദായത്തിൽ, മുഖ്യവിളകളായി, നെല്ല്, തെങ്ങ്, പുരടിയം അടിസ്ഥാനമാക്കിയുള്ള വിവിധ വിളകളുടെ ഒരു പ്രദർശന മ്യൂസിയത്തിൽ വിവിധ സുഗന്ധ വിളകൾ, പച്ചക്കറി വിളകൾ, വാഴ, മരിച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, ഔഷധ സസ്യങ്ങൾ മുതലായവ കൃഷി ചെയ്തുവരുന്നു. ഇവയുടെ ഉൽപാദന വർദ്ധനവിനായി 'പോളിഹൗസ്', 'മഴ സംരക്ഷിത കൃഷി', 'പ്രിസിഷൻ ഫാമിംഗ്' എന്നീ മുതൽ മുടക്കുള്ള സാങ്കേതികവിദ്യകളുടെ സംയോജനവും അതിനൊപ്പം തന്നെ നല്ല ഉൽപാദനക്ഷേമതയുള്ള നടീൽ വസ്തുക്കൾ, വിവിധ കാർഷികോൽപാദന ഉപാധികൾ, സസ്യസംരക്ഷണത്തിനായുള്ള 'ജൈവിക കീട-രോഗ നിവാരണികൾ', ലാഭകരമായ വിപണിവില വായ്പാ ഇൻഷ്വറൻസ് സംവിധാനങ്ങൾ, കർഷകർക്ക് വേണ്ടുന്ന മറ്റ് സഹായ സംവിധാനം എന്നിവ ഒരുക്കിയാൽ മാത്രമേ ഇറക്കുമതി ചെയ്യപ്പെടുന്ന കാർഷിക വസ്തുക്കളുടെ അളവ് കുറയ്ക്കാനാകൂ (പ്രദീപ്കുമാർ, 2015).

4. മാർഗനിർദ്ദേശങ്ങൾ

1. ജനകീയ പച്ചക്കറി കാമ്പയിൻ

വിഷമില്ലാത്ത പച്ചക്കറി വേണമെന്ന അവബോധം സംസ്ഥാനത്തുണ്ടാക്കണം. ഇത് ജൈവ പച്ചക്കറിയ്ക്ക് പ്രോത്സാഹനജനകമാണ്. പച്ചക്കറി ഉൽപാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത നേടുന്നതിന് ഒരു ജനകീയ കാമ്പയിൻ ആവിഷ്കരിക്കണം. എല്ലാ വീടുകളിലും എന്തെങ്കിലും പച്ചക്കറി നടുമെന്ന് ഉറപ്പുവരുത്തണം. അതോടൊപ്പം നല്ല കൃഷിക്കാർക്ക് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനവും നൽകണം. കുടുംബശ്രീയുടെയും തൊഴിലുറപ്പുകാരുടെയും സംഘകൃഷിയ്ക്ക് പ്രോത്സാഹനം നൽകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലായിരിക്കും ഈ കാമ്പയിൻ. ആവശ്യമായ പിന്തുണ കൃഷി വകുപ്പു നൽകും. ബ്ലോക്ക് അടിസ്ഥാനത്തിൽ ജൈവ കീടനാശിനികളും ജൈവവളവും ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജൈവ പച്ചക്കറികൾക്കുള്ള സ്ഥിരം വിപണനശാലകൾ എല്ലാ പഞ്ചായത്തിലും തുറക്കണം. താൽപര്യമുള്ള പഞ്ചായത്തുകൾക്ക് പച്ചക്കറിയ്ക്ക് തറവില നൽകുന്നതിന് പ്രോജക്ടുകൾക്ക് അനുവാദം നൽകണം. എല്ലാ പഞ്ചായത്തുകളിലും എക്കോ ഷോപ്പുകൾ ആരംഭിക്കണം. ഇവയെല്ലാമടങ്ങുന്ന അതിബൃഹത്തായ ഒരു ജനകീയ കാമ്പയിനാണ് വേണ്ടത്. ഇത്തരമൊരു കാമ്പയിനിലൂടെ കാർഷിക മേഖലയിൽ വലിയ അനുരണനങ്ങൾ സൃഷ്ടിക്കാനാവും.

വീടുകളിലെയും പറമ്പുകളിലെയും ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നതിനും കത്തിക്കുന്നതിനും പകരം കമ്പോസ്റ്റു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നഗരങ്ങളിലെ ജൈവമാലിന്യങ്ങൾ മുഴുവൻ ചുറ്റുപാടുമുള്ള പഞ്ചായത്തുകൾക്കുള്ള ജൈവകമ്പോസ്റ്റായി മാറ്റണം. ഇതിനുതകുന്ന രീതിയിൽ നഗരങ്ങളിൽ സ്രോതസുകളിൽത്തന്നെ മാലിന്യം വേർതിരിക്കണം.

2. സംയോജിത കൃഷി

വിവിധതരത്തിലുള്ള സംയോജിത കൃഷി സമ്പ്രദായങ്ങൾ സാമാന്യം വിശദമായി ഇതിനകം വിശദീകരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അവ ഇനിയും ആവർത്തിക്കുന്നില്ല. സമഗ്ര സംയോജിത കൃഷിയിട കർഷക വികസനത്തിന് കൂടുതൽ ശ്രദ്ധ നൽകാൻ വേണ്ടുന്ന

ഗവേഷണവും, വിജ്ഞാന വ്യാപനവും ഏറ്റെടുക്കണം. അവ യഥാസമയം കർഷകരിൽ എത്തിക്കാൻ പദ്ധതിയുണ്ടാക്കുകയും വേണം. ഇതിനായി വ്യതിരിക്തമായി വേർപ്പെട്ട് നിലകൊള്ളുന്ന സ്ഥാപന സംവിധാനങ്ങൾ ഒന്നിക്കണം.

നീർത്തടതലത്തിൽ കൃഷിയിടം ഒരു ഉപഘടകമായി പരിഗണിച്ച് വികസന പ്രോജക്ടുകൾ വിഭാവനം ചെയ്യണം.

സുസ്ഥിര മാതൃകകളെ അനുകരിച്ച് കർഷക പങ്കാളിത്തത്തോടുകൂടിയുള്ള നിലവിലുള്ള പുരയിട/കൃഷിയിട സമ്പ്രദായങ്ങളുടെ ശാസ്ത്രീയ പുന:സംഘടന വേണ്ടതാണ്. കേരളത്തിലെ 23 വ്യത്യസ്ത സ്വഭാവമുള്ള കാർഷിക പാരിസ്ഥിതിക യൂണിറ്റുകളുടെ (എ.ഇ.യു.എസ്) അടിസ്ഥാന സ്വഭാവവിശേഷം ഉൾക്കൊണ്ട്, അവയെ സുസ്ഥിരമായി നിലനിർത്തുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങളും സമഗ്ര പുരയിട കൃഷി വികസന പദ്ധതിയിൽക്കൂടി ചേർക്കണം. നിലവിലുള്ള പുരയിട കൃഷിയിടങ്ങൾ വികസിപ്പിക്കുന്നതിനായി, സാങ്കേതിക വിദഗ്ദ്ധർ അടങ്ങുന്ന സമിതി പുരയിടം/കൃഷിയിടം പരിശോധിച്ച്, വിവിധ സാദ്ധ്യതകളും വെല്ലുവിളികളും മുന്നിൽകണ്ട് നിലവിലുള്ള വിസ്തൃതി, കൃഷി രീതികൾ, പ്രാദേശിക ഉപഭോക്തൃ ഇഷ്ടാനിഷ്ടങ്ങൾ, വിലയിലെ ചാഞ്ചാട്ടം, നവസാങ്കേതികവിദ്യകളുടെ ചെലവ്, കർഷക വരുമാനവർദ്ധനവിനുള്ള സാദ്ധ്യതകൾ, ലാഭം, ഭക്ഷ്യ, സാമൂഹ്യ, പരിസ്ഥിതി സുരക്ഷ എന്നിവ പരിഗണിച്ച് അതാത് എ.ഇ.യു.എസ്.ന് അനുയോജ്യമായ സംയോജനം ഉറപ്പാക്കണം.

സംയോജിത പുരിയിടകൃഷി വികസനത്തിന് വീട്ടുവളപ്പ് അയൽക്കൂട്ടങ്ങളേയും അത്തരം അയൽക്കൂട്ടങ്ങലുടെ ക്ലസ്റ്റർ രൂപീകരണവും സസ്യസംരംക്ഷണ പരിപാടികൾ വിജയകരമായും, കുറഞ്ഞ ചെലവിലും ഉൽപാദനോപകാരികളായ ഉപകരണങ്ങളുടെ ലാഭകരമായ ഉപയോഗത്തിനും ശക്തമായ വിപണി ഇടപെടലുകൾക്കും സഹായിക്കും.

വീട്ടുവളപ്പിലും പുരയിടകൃഷിയിടങ്ങളിലും വൈവിദ്ധ്യമാർന്ന ഇടങ്ങളുടെ ഒരു ശേഖരം തന്നെയുണ്ടാക്കും. എന്നാൽ വിപണി അധിഷ്ഠിതമായ കൃഷിരീതികളിൽ ഉപയോഗിക്കപ്പെടുന്ന ഇനങ്ങൾ ക്രമമായി ഈ വൈവിദ്ധ്യത്തിൽ ഇല്ലാതാക്കുന്നതും തടയേണ്ടതുണ്ട്. തുടർച്ചയായ ഏകവിള - ഏകഇന സമ്പ്രദായം കീടരോഗബാധ ക്ഷണിച്ചു വരുത്താൻ ഇടയാക്കും. ആയതിനാൽ അടിസ്ഥാനഘടകമായ പഞ്ചായത്ത് തലത്തിൽ തന്നെ ഒരു ജനിതക ശേഖരവും ജൈവ വൈവിദ്ധ്യ രജിസ്റ്ററും തയ്യാറാക്കണം.

3. സാങ്കേതികവിദ്യ

ഹൈടെക് കൃഷി രീതിയിൽ ഉദ്യാനവിളകൾ, ക്ഷീരവികസനം, ജലകൃഷി രീതികൾ, ലംബമാന കൃഷി, കൂൺ ഉൽപാദനം, കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷി, തേനീച്ച വളർത്തൽ, ഔഷധകൃഷി, നാമമാത്ര കൃഷിയിട യന്ത്രവൽക്രണം, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വികസന വിപണനം എന്നിവ കർഷരുടെ തനതായ കണ്ടുപിടിത്തങ്ങളും, വിവിധ കാർഷികാവാസ വ്യവസ്ഥയ്ക്ക് കൂട്ടിയോജിപ്പിച്ച മാതൃകകൾ, വിവിധ ദൃശ്യമാധ്യമ ശൃംഖലകളെ സംയോജിപ്പിച്ച് ഐ.റ്റി, ഐ.സി.റ്റി, നവമാധ്യമ സങ്കേതങ്ങൾ ഉപയോഗിച്ച് യഥാസമയം കർഷകരിൽ എത്തിക്കുവാൻ സാധിക്കണം.

മൂല്യവർദ്ധനവിനും മാർക്കറ്റിംഗിനും വേണ്ടുന്ന സാങ്കേതികവിദ്യ ഒരുക്കുവാൻ വേണ്ടുന്ന വ്യാവസായിക പിന്തുണയുണ്ടാകണം. ഇതിനായി വിവിധ കാർഷിക മേഖലകളിൽ കാർഷിക സംസ്ക്കരണ പാർക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്. എല്ലാ തീരദേശ ജില്ലകളിലും ഒരു നാളികേര സംസ്ക്കരണ പാർക്ക് സ്ഥാപിക്കേണ്ടതുണ്ട്.

കർഷക സംരംഭകത്വങ്ങൾ, സഹകരണസ്ഥാപനങ്ങൾ, കാർഷ്കോൽപാദക കമ്പനികൾ തുടങ്ങിയ പ്രൊഫഷണൽ മാനേജ്മെന്റ് ട്രെയിനിംഗ് നൽകി നവീകരിക്കണം.

കേരളത്തിലെ ഇന്നത്തെ സാഹചര്യത്തിൽ കാർഷിക മേഖലയിൽ കൂടുതൽ യന്ത്രവൽക്കരണം ആവശ്യമാണെന്ന് പൊതുവേ അംഗീകരിക്കപ്പെട്ട കാര്യമാണ്. ഇതിന് രണ്ട് കാര്യങ്ങൾ പ്രധാനമാണ്. യന്ത്രവൽക്കരണത്തിനാവശ്യമായ സാമ്പത്തിക നിക്ഷേപം, നടപ്പാക്കാനാവശ്യമായ സംഘടനാ സംവിധാനം എന്നിവയാണ് അവ. ഇന്ന് കേരളത്തിലുള്ള കാർഷികയന്ത്രങ്ങൾ കൂടുതലും സർക്കാർ ഉടമസ്ഥതയിലുള്ളവയാണ്. ഭാവിയിലും യന്ത്രങ്ങളിൽ മുതൽ മുടക്കുന്നതിന് സർക്കാരിന് പ്രധാന പങ്കുണ്ടാകണം. സ്വകാര്യമേഖല യന്ത്രങ്ങളിൽ നിക്ഷേപിക്കുവാൻ മുന്നോട്ട് വരുന്നില്ല. കർഷകർക്ക് അതിനുള്ള സാമ്പത്തികശേഷിയുമില്ല. ഈ സാഹചര്യത്തിൽ സർക്കാരിന്റെ പങ്കാണ് നിർണ്ണായകം. എന്നാൽ യന്ത്രങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിൽ സൂക്ഷിച്ച് കർഷകർക്ക് വാടകയും കൊടുക്കുന്ന സമ്പ്രദായം വേണ്ടത്ര ഫലവത്തായി നടപ്പാക്കുന്നില്ല. ഉടമസ്ഥത സർക്കാരിന്റെ കൈവശം നിൽക്കുമ്പോൾതന്നെ അവയുടെ സംരക്ഷണവും മാനേജ്മെന്റും കർഷകരുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തോടെയാകണം. ഇതിൽ പ്രാദേശിക സർക്കാരുകൾക്കും പങ്കുണ്ടാകണം. നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്തരം സംരംഭങ്ങളിൽ വിജയപ്രദമായ പല മാതൃകകളും കേരളത്തിലുണ്ട്. അവയിൽ നിന്നുമുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സംഘടനാ രീതികൾ വളർത്തിയെടുക്കാവുന്നതാണ്. ഇതിന് അനുയോജ്യമായ നയപരമായ സമീപനങ്ങളും മേന്മയുള്ള നേതൃത്വവും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

കൃഷിയ്ക്കാവശ്യമായ ഗുണമേന്മയുള്ള വിത്ത്, വളം തുടങ്ങിയ കാർഷികോൽപാദനോപാദികൾ, വായ്പ, വിള ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് സേവനങ്ങൾ എന്നിവ താങ്ങാവുന്ന വില നിലവാരത്തിൽ കർഷകർക്ക് എത്തിക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വികസന

വകുപ്പുകൾ മുതലായവ നയപരമായ പരിപാടികൾ സ്വീകരിക്കണം.

4. തൊഴിൽമേഖല

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ട വേതനം ഇവിടെയുണ്ടെങ്കിലും കാർഷിക തൊഴിലിന് വേണ്ടത്ര തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയുണ്ട്. ഇതിന്റെ അർത്ഥം ഉയർന്ന കൂലി നിരക്ക് കൊണ്ടുമാത്രം തൊഴിലാളികളെ ആകർഷിക്കുവാൻ കാർഷിക മേഖലയ്ക്ക് കഴിയുകയില്ല എന്നാണ്. കാർഷിക തൊഴിലിന്റെ താൽക്കാലിക സ്വഭാവവും സ്ഥിരതയില്ലായ്മയും ഇതിന് കാരണമാണ്. തൊഴിലാളികളുടെ ക്ഷാമം ഉണ്ടെന്ന് പറയുമ്പോൾ തന്നെ കാർഷിക തൊഴിലിൽ നിൽക്കുന്ന തൊഴിലാളികൾക്ക് സ്ഥിരമായി ജോലി ലഭ്യമല്ല എന്നതാണ് വാസ്തവം. അതുകൊണ്ടുതന്നെ വരുമാനത്തുന് സ്ഥിരതയില്ല ഈ തൊഴിലിൽ. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ തൊഴിലാളികളെ ഈ മേഖലയിൽ നിലനിർത്തുക പ്രയാസമാണ്. നിലവിലുള്ള തൊഴിലാളികളെ നിലനിർത്തണമെങ്കിലും കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേയ്ക്ക് കൊണ്ടുവരണമെങ്കിലും കാർഷിക തൊഴിൽ മേഖല കൂടുതൽ ആകർഷണീയമാക്കേണ്ടതുണ്ട്. കാർഷിക തൊഴിലിന് ഒരു സംഘടിത തൊഴിൽ മേഖലയുടെ മേന്മകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതായത്, ഒരു നിശ്ചിത അളവിൽ തൊഴിൽ ലഭ്യത, നിശ്ചിത വരുമാനം, ആരോഗ്യ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുവേണ്ട സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്ന അവസ്ഥയുണ്ടാകണം.

കാർഷിക തൊഴിലാളികൾക്ക് മാന്യമായ ജീവിതം നയിക്കുവാൻ പര്യാപ്തമായ സേവന, വേതന വ്യവസ്ഥകളോടുകൂടിയ ഒരു തൊഴിൽനയം ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതുവഴിയേ മേൽപ്പറഞ്ഞ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ ഇത് കേവലം നയത്തിന്റെ പ്രശ്നം മാത്രമല്ല. നടപ്പാക്കുവാൻ കഴിയുന്ന ഒരു സംഘടനാ സംവിധാനം ഇതിന് അനിവാര്യമാണ്. വിജയപ്രദമായി നടക്കുന്ന മേൽസൂചിപ്പിച്ച ചില ലേബർ ബാങ്കുകളുടെ അനുഭവങ്ങൾ അത്തരം സംഘടനാ സംവിധാനങ്ങൾ വളർത്തിയെടുക്കുന്നതിന് സഹായകരമായിരിക്കും. അത്തരം ശ്രമങ്ങൾ വിജയിക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെയും സംസ്ഥാന സർക്കാരിന്റെ സഹായങ്ങൾ അത്യാവശ്യമാണുതാനും.

ചടുലവും ക്രിയാത്മകവുമായ കാർഷികമേഖല നിലനിർത്താൻ യുവതി-യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനും, അവരെ കാർഷികോൽപന്ന സംരംഭകരായി മാറ്റേണ്ടതും ആവശ്യമാണ്. ഗവേഷണ സ്ഥാപനങ്ങൾ ഇതിനായി പ്രാരംഭ പരിശീലനത്തിനും തുടർപരിശീലനത്തിനും സൗകര്യങ്ങൾ ഒരുക്കണം.

5. കൃഷി ഭൂമി

പ്രാദേശിക കാർഷിക വികസനത്തിനാവശ്യമായ അടിസ്ഥാനഘടക വികസന മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും മുതൽ മുടക്ക് നടത്തുകയും അനുബന്ധ സഹായ സൗകര്യങ്ങൾ നൽകുകയും വേണം.

കൃഷിഭൂമിയെ കേവലം കച്ചവടച്ചരക്ക് എന്നനിലയിൽ നിന്നും മോചിപ്പിച്ച് കാർഷികോപാധി എന്ന നിലയിലേയ്ക്ക് തിരിച്ചു കൊണ്ടുവരിക എന്നതായിരിക്കണം അടുത്ത പരിഹാര മാർഗ്ഗം. ഇതിന് സർക്കാരിന്റെ ഇടപെടൽ അത്യാവശ്യമാണ്. കൃഷിഭൂമി തരിശ്ശിടുക, നെൽവയൽ നികത്തുക തുടങ്ങിയ പ്രവണതകൾ കർശനമായി തടയേണ്ടതുണ്ട്. ഇതിന് നിലവിലുള്ള നിയമങ്ങൾ നിർബന്ധമായും നടപ്പാക്കേണ്ടതുണ്ട്. നെൽവയൽ സംരക്ഷണനിയമം, കേരള ഭൂവിനിയോഗ ഓർഡർ എന്നിവയുടെ കൃത്യമായ നടപ്പാക്കൽ വഴി കൃഷിഭൂമിയുടെ ദുരുപയോഗം വലിയ അളവിൽ തടയുവാൻ കഴിയും. കൃഷി ചെയ്യുവാൻ താൽപര്യമില്ലാത്ത ഭൂവുടമകളെ ഭൂമി പാട്ടത്തിന് നൽകാൻ പ്രേരിപ്പിക്കാവുന്നതുമാണ്. ഇപ്പോൾ തന്നെ അനൗപചാരികമായി നടക്കുന്ന പാട്ടകൃഷിയേ അതിന്റെ പരിമിതികൾ ഒഴിവാക്കിക്കൊണ്ട് ഔപചാരികമാക്കുന്നതിനുള്ള നിയമ നടപടികളെക്കുറിച്ച് ആലോചിക്കാവുന്നതാണ്. കൃഷി ചെയ്യുവാൻ താൽപര്യമുള്ള യഥാർത്ഥ കർഷകർക്ക് കൃഷി ഭൂമി ലഭിക്കുന്നതിന് ഇത്തരം ശ്രമങ്ങൾ സഹായകമാകും. തരിശിട്ടിരിക്കുന്ന ഭൂമിയും കൃഷി താൽപര്യമില്ലാത്ത ഭൂവുടമസ്ഥരുടെ ഭൂമിയും ഒരു 'ഭൂബാങ്ക്' സംവിധാനത്തിൽ കൊണ്ടുവന്ന് കൃഷി താൽപര്യമുള്ള ചെറുകിട കർഷകർക്കും ഭൂരഹിത കർഷകർക്കും കൃഷിയ്ക്കു വേണ്ടി നൽകുവാനുള്ള സംവിധാനം ഉണ്ടാകണം. ഇവർക്കുവേണ്ടി കർഷക കൂട്ടായ്മകൾ രൂപീകരിക്കുകയും വേണം. ഇത്തരമൊരു സംവിധാനത്തിൽ ഭൂവുടമസ്ഥർക്ക് ഭൂമിയിലുള്ള അവകാശം നിലനിൽക്കുകയും ചെയ്യും. ഭൂമിയില്ലാത്ത, കൃഷി താൽപര്യമുള്ളവർക്ക് കൃഷിയ്ക്ക് ഭൂമി ലഭിക്കുകയും ചെയ്യും. ഈ സംവിധാനങ്ങൾ പരീക്ഷിക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെയും സംസ്ഥാന സർക്കാരിന്റെയും പങ്കാളിത്തം അനിവാര്യമാണ്.

കേരളത്തിൽ പല കാലത്തുണ്ടായ കൂട്ടുകൃഷി സംരംഭങ്ങൾ, കുടുംബശ്രീ കൃഷി സംഘങ്ങൾ, പാടശേഖര സമിതി പ്രവർത്തനങ്ങൾ ഒക്കെത്തന്നെ കൂട്ടായ പ്രവർത്തനങ്ങൾക്ക് വേണ്ട പാഠങ്ങൾ നൽകുന്നുണ്ട്. അതുപോലെതന്നെ വടക്കാഞ്ചേരിയിലെ 'ഹരിതസംഘം' ഉൾപ്പെടെയുള്ള പല 'ലേബർ ബാങ്ക്' സംരംഭങ്ങളും മികച്ച ഉദാഹരണങ്ങളാണ് (കണ്ണൻ, 2015). പച്ചക്കറി വിപണന രംഗത്തെ വി.എഫ്.പി.സി.കെയുടെ പ്രവർത്തനവും ശ്രദ്ധിക്കേണ്ട ഒരു മാതൃകയാണ്. ഇത്തരം സംഘടനാ രൂപങ്ങൾ സംസ്ഥാനത്തുടനീളം വളർത്തിയെടുക്കുകയും ആവശ്യമെങ്കിൽ പല മേഖലകളിലും അവയെ ഏകീകരിക്കുകയോ അല്ലെങ്കിൽ

അവയുടെ കൂട്ടായ്മ വളർത്തിയെടുക്കുകയോ ഒക്കെ ചെയ്യാവുന്നതാണ്. അത്തരം യത്നങ്ങൾക്ക് പ്രാദേശിക, സംസ്ഥാന സർക്കാരുകളുടെ സഹായസഹകരണങ്ങൾ ഉറപ്പാക്കുകയും വേണം.

സാധ്യമായ മിച്ചഭൂമിയും പാട്ടക്കാലാവധി കഴിഞ്ഞ തോട്ടം ഭൂമിയും ഏറ്റെടുത്ത് അടിയന്തിരമായി ഭൂരഹിതർക്കു വിതരണം ചെയ്യണം. ആദിവാസികൾക്ക് കൃഷിഭൂമി ഉറപ്പുവരുത്തുന്നതിന് വനാവകാശ നിയമം ഊർജിതമായി നടപ്പാക്കണം. 1977നു മുമ്പ് മലയോരപ്രദേശങ്ങളിലേയ്ക്കു കുടിയേറിയവർക്ക് പട്ടയാവകാശം നൽകണം.

6. ധനപരം

കാർഷികമേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കണം. കാർഷിക മേഖലയ്ക്കുള്ള സർക്കാർ ചെലവ് കഴിഞ്ഞ രണ്ടു ദശാബ്ദമായി സംസ്ഥാനവരുമാനത്തിന്റെ 3 – 5 ശതമാനമാണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ ഇത് 6–10 ശതമാനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ മുൻകാലത്തുണ്ടായിരുന്ന മിനിമം ഉൽപാദനമേഖലയ്ക്കുള്ള വകയിരുത്തൽ നിബന്ധന പുനഃസ്ഥാപിക്കണം.

കാർഷികമേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. നെൽകൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും പലിശരഹിത വായ്പ ലഭ്യമാക്കണം.

നാളികേരത്തിന്റെ താങ്ങുവില ഉയർത്തണം. കേരളത്തിൽ നിയന്ത്രിത കാർഷിക മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ സഹകരണ മാർക്കറ്റിംഗ് സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കും. കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ വിപണനത്തിനു വേണ്ടി രൂപീകരിക്കും.

കാർഷിക ഗവേഷണത്തിനായി കൂടുതൽ പണം നീക്കിവെയ്ക്കണം. കാർഷിക സർവകലാശാലയുടെ പ്രവർത്തനം ഉടച്ചുവാർക്കണം.

7. കർഷകരുടെ ക്ഷേമം

ഉൽപാദനത്തിന്റെയും വരുമാനത്തിന്റെയും കാര്യത്തിൽ എപ്പോഴും അനിശ്ചിതത്വമുള്ള മേഖലയാണ് കൃഷി. ഈ അനിശ്ചിതത്വത്തിന്റെ ഇടയിൽ ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുക എന്നത് കർഷകരെ സംബന്ധിച്ചിടത്തോളം ഒരു നിത്യസമരമാണ്. കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന, പ്രത്യേകിച്ച് ചെറുകിട, നാമമാത്ര, കർഷക ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിലെ അനിശ്ചിതത്വം എന്നത് അവരുടെ ജീവിതത്തിലെ തന്നെ അനിശ്ചിതത്വമാണ്. താങ്ങാനാകാത്ത നഷ്ടങ്ങളുടെയും കഷ്ടപ്പാടുകളുടെയും പശ്ചാത്തലത്തിലാണ് കർഷക ആത്മഹത്യകൾ പോലുള്ള ദുരന്തങ്ങൾ സംഭവിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ കർഷകരുടെ ജീവിതത്തെ സഹായിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കാർഷികവൃത്തി കൊണ്ടുമാത്രം കഴിഞ്ഞുകൂടുന്ന ചെറുകിട കർഷകർക്ക് പെൻഷൻ പോലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതന് നടത്തിയ ശ്രമങ്ങൾ ഇതുവരെ വേണ്ടവിധം വിജയിച്ചിട്ടില്ല. ഇക്കാര്യത്തിലുള്ള അലംഭാവം അവസാനിപ്പിക്കാൻ ഏറെ വൈകി. സമഗ്രമായ കർഷകക്ഷേമ പരിപാടി തയ്യാറാക്കി ഒട്ടും കാലവിളംബം ഇല്ലാതെ നടപ്പാക്കണം.

8. കൃഷി സമൂഹത്തിന്റെ ഉത്തരവാദിത്തം

കാർഷിക മേഖലയുടെ പുനരുജീവനത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സർക്കാർ നയങ്ങൾക്ക് വലിയ പങ്കുണ്ട്. എന്നാൽ ഇപ്പോഴത്തെ ഉദാരവൽക്കരണനയങ്ങൾ കാർഷിക മേഖലയെ പ്രതികൂലമായാണ് ബാധിക്കുന്നത്. പഞ്ചവത്സര പദ്ധതികളുടെ ആദ്യകാലങ്ങളിലും പിന്നീട് ഹരിതവിപ്ലവത്തിന്റെ കാലത്തും നടപ്പിലാക്കിയ പല നയങ്ങളിൽ നിന്നും സർക്കാർ പിന്നോട്ട് പോകുന്ന കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്. ഈ അവസ്ഥ മാറേണ്ടതുണ്ട്. കാർഷിക ശാസ്ത്ര സാങ്കേതിക ഗവേഷണം, ജലസേചനം, അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഭൂവിനിയോഗ നിയമങ്ങൾ, സബ്സിഡി, ക്രെഡിറ്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ, സംഭരണം, വിപണനം, ഇൻഷുറൻസ് തുടങ്ങി കാർഷിക മേഖലയുടെ എല്ലാ രംഗത്തും ക്രിയാത്മകമായ ഇടപെടലുകൾക്ക് സർക്കാരുകൾ എപ്പോഴും സന്നദ്ധമായിരിക്കണം. അത്തരം ഇടപെടലുകൾ ഉണ്ടായിരിക്കുമ്പോൾ മാത്രമാണ് കൃഷി അഭിവൃദ്ധിപ്പെട്ടിട്ടുള്ളത്.

സാമ്പത്തിക രംഗത്തെ ഇതര മേഖലകളിൽ നിന്നും വ്യത്യസ്തമാണ് കാർഷിക മേഖല. മനുഷ്യന്റെ നിലനിൽപ്പിന് അത്യാന്താപേക്ഷിതമായ മേഖല എന്നതോടൊപ്പം തന്നെ വളരെയേറെ അനിശ്ചതത്വങ്ങൾ ഉള്ള മേഖലയാണ് കൃഷി. പ്രകൃതിയോടും കാലാവസ്ഥയോടും ഏറെ ആശ്രയിച്ചിരിക്കുന്ന മേഖലയുമാണ്. ഉൽപാദനത്തെക്കുറിച്ചോ, ലാഭനഷ്ടങ്ങളെകുറിച്ചോ കൃത്യമായ കണക്ക് കൂട്ടലുകൾ കൃഷിയിൽ സാധ്യമല്ല. അതുകൊണ്ടുതന്നെ കാർഷികോൽപാദന രംഗത്ത് സ്വകാര്യമൂലധനം അധികമായി വരാത്തത്. മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമെന്നതിനാൽ ലാഭനഷ്ടങ്ങളുടെ കണക്ക് നോക്കാതെ കൃഷി നിലനിർത്തേണ്ടതാണ്. അതിനാൽ കൃഷി സമൂഹത്തിന്റെ മൊത്തം ഉത്തരവാദിത്തമാണ്. കർഷകരെ മാത്രമായി ആ ഉത്തരവാദിത്തം ഏൽപ്പിക്കാൻ കഴിയില്ല. കൃഷിയുടെ മേൽനോട്ടങ്ങൾ സമൂഹം മൊത്തത്തിൽ അനുഭവിക്കുന്നതുപോലെ തന്നെ കൃഷിയുടെ നഷ്ടങ്ങളും സമൂഹം കൂട്ടായി ഏറ്റെടുക്കേണ്ടതുണ്ട്. ഈ സാമൂഹ്യബോധത്തിലൂടെ മാത്രമേ കൃഷിയെ നിലനിർത്തുവാനും വളർത്തുവാനും കഴിയുകയുള്ളൂ. കേരളത്തിന്റെ കാര്യത്തിൽ ഇങ്ങനെയൊരു സങ്കൽപ്പത്തിന് പ്രത്യേക പ്രാധാന്യങ്ങളുണ്ട്.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. എൻ അനിൽ കുമാർ, മെറീജ കബീർ (2015): ''ആദിവാസി സ്ത്രീകളുടെ ഭക്ഷ്യസുരക്ഷയും ഉപജീവനവും നേരിടുന്ന വെല്ലുവിളികൾ: വയനാട് ജില്ലയിൽ നിന്നും ഒരു പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 13
2. ഡോ. ഡി ഷീല (2015): ''സ്ത്രീകളുടെ പ്രത്യുത്പാദന ആരോഗ്യവും പോഷകാഹാരവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 13-14
3. Dr. Sudheer K. P. (2015): ''Women in Food Processing Sector: Opportunities and Challenges'', 4th International Congress on Kerala Studies, Preliminary Seminar -05,PP-14
4. ഡോ എസ് രാജീവ്, ഡോ പി ജെ രാജ് കമൽ (2015): ''സ്ത്രീ ശാക്തീകരണവും സംയോജിത കൃഷിരീതികളും കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 14-15
5. Saroop C. L, Athira Prasad, Sudheer K. P. and Geethakutty P. S (2015): ''Scope of women friendly mechanization- A survey report from Malappuram District '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 15
6. ഡോ പി എസ് ഗീതക്കുട്ടി (2015): ''കേരളത്തിൽ ഇപ്പോൾ സ്ത്രീകളാണ് കൃഷിക്കാർ- ഇത് വികസന രംഗം തിരിച്ചറിയേമാറ്റം!'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 16
7. Anagha Balan, Shifanath U and Geethakutty P.S (2015): ''Role of Women in Agricultural Sector: A survey report'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 17
8. Suma Nair , Sureshkumar P. K and P. S. Geethakutty (2015): ''Women Friendly Farm Mechanization and Skill Development'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 17-18
9. Soumya Krishnan V, Sruthi N U, Sudheer K. P. and Geethakutty P.S (2015): ''Role of Women in Value Addition: A Case Study from Vattamkulam Panchayath'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 18
10. ഫാ. തോമസ് പീലിയാനിക്കൽ (2015): ''കുട്ടനാട്ടിലെ നെൽകൃഷി- സാദ്ധ്യതകൾ, വെല്ലുവിളികൾ, നിർദ്ദേശങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 18-19
11. Dr.Leena Kumari S (2015): ''Rice cultivation in Kuttanad'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 19-20
12. Jose Joseph (2015): ''Water Management- A broader perspective in Rice based farming in Kuttanadu'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 20-21
13. Dr K Jesy Thomas and Radhika A M (2015): ''Geographical Indications of Rice in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 21-22
14. Sheela.M. S., Nisha.M. S and Narayana. R (2015): ''Nematode menace in paddy cultivation '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 22
15. ഡോ പി എസ് ജോൺ, ഡോ മേഴ്സി ജോർജ്ജ് (2015): ''വൈക്കോൽ ഉഴുത് ചേർക്കൽ- മണ്ണിന്റെ ഫലപുഷ്ടിക്കും വിളവർദ്ധനയ്ക്കും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 23
16. Ajith. K (2015): ''Global warming and climate change: Challenges to farmers'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 24
17. Dr. Smitha.K.P and Dr. N.Anilkumar (2015): ''Significance of Tribal Agriculture in improving the resilience of 'food production landscapes': Case of Wayanad district, Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 24-26
18. Sibi Sebastian (2015): ''Palthonni'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 26
19. ഡോ. എസ് എസ്റ്റലിറ്റ (2015): ''നെൽകൃഷിയിൽ വിജയഗാഥ രചിച്ച ഗാലസപദ്ധതി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 26-27
20. C.T. Abraham, Meera V. Menon, K.M. Durga Devi and T. Girija (2015): ''Ecofriendly weed management in rice'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 27-28
21. സിന്ധു വി.പി. (2015): ''തൃത്താലയിലെ ഫെയ്സ്ബുക്ക് ഗ്രൂപ്പ് നെൽക്കൃഷി- സമാനതകളില്ലാത്ത മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 28-29
22. Sachu Zachariah John (2015): ''Productivity and profitability of a unique rice cropping system'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 29-30
23. Sureshbabu,V (2015): ''Effectiveness of schemes in addressing the present day challenges in the agriculture sector of Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 30-31
24. ഡോ. പി. ജയരാജ് (2015): ''മുറ്റത്തൊരുപിടി നെല്ല്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 31
25. Prof. P Reghunath (2015): ''Organic Rice Farmaing'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 32
26. കെ. കൃഷ്ണൻ കുട്ടി (2015): ''തെങ്ങിലെ സമ്മിശ്രകൃഷി, നാളീകേരകർഷകന്റെ സുസ്ഥിരവികസനത്തിന്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 32-33
27. റെജി ജേക്കബ് (2015): ''ഗുണമേൻമയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ഉറപ്പുവരുത്താൻ ഒരു മാർഗ്ഗരേഖ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 33-34
28. ഡോ ജേക്കബ് ജോൺ (2015): ''കേരളത്തിലെ പുരയിടകൃഷി - പ്രധാനപ്രശ്നങ്ങളും ഭാവിതന്ത്രങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ05, PP- 34-35
29. പി മുരളീധരൻ (2015): ''തെങ്ങിന്റെ ജൈവകൃഷി കേരളത്തിൽ - സാദ്ധ്യതകൾ, പരിമിതികൾ, മാർഗ്ഗങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 35
30. ഡോ പി ജയരാജ് (2015): ''നാളീകേരകൃഷിയും മണ്ണിന്റെ ആരോഗ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 36
31. ഡോ സി തമ്പാൻ, ഡോ എ സി മാത്യു (2015): ''തെങ്ങിൻ തോട്ടങ്ങളിൽ കണികാജലസേചനരീതിയുടെ കാര്യക്ഷമമായ

വിനിയോഗം - ഒരു പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 37

32. ഡോ എ സി മാത്യു, ഡോ സി തമ്പാൻ (2015): ''തെങ്ങിൻ തോപ്പിലെ മെച്ചപ്പെട്ട ജലവിനിയോഗത്തിനുതകുന്ന ജലസേചനരീതികൾ - സാങ്കേതികക്ഷമതാ വിശകലനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 37-38
33. ഡോ എ സി മാത്യു, ഡോ സി തമ്പാൻ (2015): ''തെങ്ങിൻ തോപ്പിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മണ്ണു-ജല സംരക്ഷണ വിദ്യകൾ - ഒരു വിശകലനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 38-39
34. പി അനിത കുമാരി (2015): ''കേരകീടങ്ങളുടെ നിയന്ത്രണം - സാമൂഹ്യപങ്കാളിത്ത മാതൃകകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 39
35. മെറിൻ ബാബു, ചന്ദ്രികാ മോഹൻ (2015): ''കേരസംരക്ഷണത്തിന് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങൾ - പ്രശ്നങ്ങളും സമീപനങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 39-40
36. ടി എസ്. വിശ്വൻ (2015): ''നാളീകേരകൂട്ടായ്മ അധിക ഉത്പാദനത്തിനും അധിക വരുമാനത്തിനും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 40-41
37. ഡോ സി തമ്പാൻ, ഡോ കെ പി ചന്ദ്രൻ (2015): ''സാങ്കേതികവിദ്യകളുടെ കാര്യക്ഷമമായ വിനിയോഗത്തിലൂടെ തെങ്ങുകൃഷി ആദായകരമാക്കുന്നതിന് കർഷക കൂട്ടായ്മകളുടെ പ്രസക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 41-42
38. എസ് ലീന, സി തമ്പാൻ (2015): ''തെങ്ങിന്റെ ചങ്ങാതിക്കൂട്ടം- സുസ്ഥിരകേരവികസനത്തിന്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 42-43
39. കെ മുരളീധരൻ (2015): ''നീരയും മറ്റ് കേരാധിഷ്ഠിത സംരംഭങ്ങളും - സാങ്കേതികവിദ്യകൾ, സാദ്ധ്യതകൾ, വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 43
40. ബിമൽ ഘോഷ് (2015): ''നാളീകേരവികസന പദ്ധതി - പ്രശ്നങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 44
41. ജയശേഖർ എസ്. (2015): ''നാളീകേരമേഖല - മാറുന്ന വിപണി, മാറുന്ന നയങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 44-45
42. ഡോ ജയപ്രകാശ് നായക് (2015): ''കേരാമൃതം - തെങ്ങിൻ പൂങ്കുലയിൽ നിന്നുമൊരു ജീവാമൃതം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 45-46
43. കുഞ്ഞഹമ്മദ് മാസ്റ്റർ (2015): ''സുഭിക്ഷ- കേരാധിഷ്ഠിത സംരംഭങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിന്റെ മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 46
44. ഡോ കെ പി ചന്ദ്രൻ (2015): ''കേരളത്തിലെ തെങ്ങുകൃഷി- വളർച്ചയോ തളർച്ചയോ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 47
45. ഡോ ടി പ്രദീപ്കുമാർ (2015): ''കേരളത്തിൽ പച്ചക്കറി, വാഴകൃഷി ഉല്പാദനം, സാധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 47-49
46. Dr.S.Naseema Beevi (2015): ''Pesticide residues in market vegetables in Kerala - Current Scenario'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 49-50
47. ഡോ സി നാരായണൻ കുട്ടി, രാജേശ്വരി ഉണ്ണി (2015): ''ശാസ്ത്രീയ പച്ചക്കറി കൃഷിയിലെ നൂതന സാധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 50-52
48. Noushad (2015): ''Prospects of commercial cultivation of vegetables and Banana in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 52
49. Dr.Sudheer K. P. (2015): ''Scope of Value Addition and Post Harvest Management of Fruits & Vegetables: An Emerging Opportunity for Entrepreneurs'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 53
50. ഡോ കെ എം ശ്രീകുമാർ (2015): ''കാർഷിക നാട്ടറിവുകൾ കാർഷികാഭിവൃദ്ധിക്ക്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 53
51. Sreejith Kumar V P (2015): ''Effect of organic sprays and bunch cover on yield and quality of banana (Musa AAB) Nendran'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 54
52. Mohamed Anees M. and C. Gokulapalan (2015): ''Management of Pythium Stem Rot of Vegetable Cowpea through Biocontrol Agents, Organic Preparations and Fungicides'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 54-55
53. Anil Sebastian, Vasudevan S.N, Shakuntala N.M, Sangeeta Macha and Doddagoudar, S.R (2015): ''Dormancy duration and methods to overcome seed dormancy in proso millet genotypes'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 55
54. Prasanth K, Sreelathakumary I and Celine V.A (2015): ''Identification of high yielding and year round fruiting genotypes of winged bean suitable for Kerala condition'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 55-56
55. Dr K Uma Maheswaran, Professor KAU (2015): ''Viral Diseases of Banana and its Management'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 56
56. റെജി രാജേഷ് (2015): ''പച്ചക്കറികൃഷിയിലെകഞ്ഞിക്കുഴി മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 57
57. ഡോ കെ അരവിന്ദാക്ഷൻ (2015): ''വാഴകൃഷി – ശാസ്ത്രീയ കൃഷി മുറകൾ, നൂതന സാങ്കേതിക വിദ്യകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 57
58. Dr. Joy Michal Johnson (2015): ''Scope of microbes from nutrition to pest management in vegetable and fruit crops cultivation'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 58-60
59. Dr. Surya Sankar and Dr. Hiron M. Harshan (2015): ''Leptospirosis – Challenges Ahead'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 60-61
60. Dr. A. Prasad (2015): ''Thermal Comfort Zones for Dairy Cattle Production '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 61
61. Dr. Latha. C (2015): ''Antibiotics, Pesticides and Hormonal Residues in Foods of Animal Origin'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 61-62
62. Axsa P. Thomas, M. T. Dipu, K. Ally, K. Shyama, S. K. George, C. Biju and K. Lalu (2015): ''Nutritional Strategies for Environment Friendly Swine Production'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 62-63

63. P.Sudheer Babu, S.N. RajaKumar and Aswin .S.Warrier (2015): ''Technology Incubation Centre (TIC) for Dairy Entrepreneurs at KVASU'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 63-64
64. Giggin T (2015): ''Intensive integrated vertical farming- a novel concept in sustainable livelihood model '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 64-65
65. ഡോ എ ൻ കെ ശശിധരൻ (2015): ''നെൽപ്പാടങ്ങൾക്ക് യോജിച്ച ബഹുതല സംയോജിത കൃഷി സമ്പ്രദായങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 65-69
66. ഡോ കെ ജി പത്മകുമാർ (2015): ''നെല്ലും മീനും മൾട്ടി ഇന്റ ഗ്രേറ്റഡ് ഫാമിങ്ങും ജൈവ വൈവിധ്യത്തിലൂന്നിയ പാരസ്പ ര്യകൃഷി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 70-71
67. ഡോ നൌഷാദ് (2015): ''കേരള സംസ്ഥാന പൌൾട്രിവികസന കോർപ്പറേഷൻ ലിമിറ്റഡ്'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 71-72
68. ഡോ ആർ സുധി (2015): ''കേരളത്തിലെ സംയോജിത കോഴി വളർത്തൽ മേഖലയിലെ വീക്ഷണങ്ങളും പരിമിതികളും.'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 73-74
69. ഡോ കെ പി റെജി മോൻ (2015): ''മൃഗസംരക്ഷണ മേഖല യും സമ്മിശ്ര സംയോജിത കൃഷിയും.'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 74-75
70. ഡോ സൂരജ് പി ടി (2015): ''ചെറുകിട കൃഷിയിടങ്ങളിലെ സംയോജിത ആട് വളർത്തൽ : പ്രശ്നങ്ങളും സാധ്യതക ളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 75-76
71. ഡോ ടി എസ് രാജീവ്, ഡോ നിജാ ജോർജ്ജ് (2015): ''സം യോജിത മൃഗസംരക്ഷണാടിസ്ഥിത കൃഷിരീതികൾ അഗ്രോ എക്കോളജിക്കൽ സോണുകളിൽ സാദ്ധ്യത.'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 76
72. ട്രോയ് എൻ (2015): ''ടാങ്കുകളിൽ ലോബ്സ്റ്റർ വളർത്തൽ.'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 76
73. ഡോ ഷീല ജി (2015): ''വീട്ടുവളപ്പിലെ കൊഞ്ച് കൃഷി'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 77
74. ഡോ ഗിഗ്ഗിൻ ടി (2015): ''അഴിച്ചുമാറ്റാവുന്നതും കൂട്ടിച്ചേർക്കാ വുന്നതുമായ ആട്ടിൻ കൂട്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 78
75. ഡോ മണി ചെല്ലപ്പൻ (2015): ''തേനീച്ച വളർത്തൽ കേരളത്തി ലെ സംയോജിത കൃഷി സമ്പ്രദായത്തിലെ ഒരു ഘടകം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 78
76. ഷിബു കുമാർ വി എൻ (2015): ''സംയോജിത കൃഷി സമ്പ്രദാ യം ഒരു മൺറോ തുരുത്ത് മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 79
77. സുധാ കുമാരി ജെ എസ് (2015): ''പൊക്കാളി കൃഷി'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 79-80
78. ജയലക്ഷ്മീ ജി, വന്ദനാ വേണുഗോപാൽ, ശശിധരൻ എൻ കെ (2015): ''കുട്ടനാടൻ കാർഷിക ആവാസ വ്യവസ്ഥയിലെ സംയോജിത കൃഷി ഒരു പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 80-81
79. ഷീബ റെബേക്ക ഐസക്, ജെനോവ വർഗീസ് (2015): ''സം യോജിത കൃഷിയിൽ കിഴങ്ങുവിളകളുടെ സാധ്യതകൾ'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 81
80. ജേക്കബ് ഡി, ജേക്കബ് ജോൺ, തോമസ് മാത്യു (2015): ''പത്തനംതിട്ടക്ക് അനുയോജ്യമായ സംയോജിത കൃഷി സമ്പ്ര ദായങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്ര സ്, പ്രാഥമിക സെമിനാർ -05, PP- 82
81. ഡോ സുനിൽ വി ജി, ഡിപി ബെറിൻ പത്രോസ് (2015): ''വെട്ടം മുഹമ്മദിൻറെ വിജയഗാഥ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 83
82. ഡോ ഹീര ജി (2015): ''ജൈവ പരിവർത്തനം കൂൺ കൃഷിയി ലൂടെ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 83-84
83. ഡോ അഹമ്മെദ് ഉബൈദ് (2015): ''നെല്ല് മത്സ്യ താറാവ് കൃഷി , ഒരു മികച്ച ജൈവ സംയോജിത കൃഷി മാതൃക.'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 84
84. റെഞ്ചൻ ബി (2015): ''സംയോജിത കൃഷി സമ്പ്രദായത്തിൽ ഭക്ഷ്യ പോഷക സുരക്ഷക്കായി പയർ വർഗ്ഗവിളകൾ'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 84-85
85. റെഞ്ചൻ ബി (2015): ''നെല്ലധിഷ്ഠിത കൃഷി സമ്പ്രദായത്തിൽ കള നിയന്ത്രണത്തിനായി നെൽപ്പാടത്ത് പയർ കൃഷി.'', നാ ലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 85-86
86. ഡോ ജേക്കബ് ജോൺ, നിമിഷ മാത്യുസ് (2015): ''തിരുവന ന്തപുരം ജില്ലയിലെ സമ്മിശ്ര കൃഷി കാർഷിക പാരിസ്ഥി തിക മേഖലകളെ അടിസ്ഥാനമാക്കിയുള്ള അവലോകനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 86-88
87. ഡോ ജേക്കബ് ജോൺ, നിമിഷ മാത്യുസ് (2015): ''മട്ടുപ്പാവ് തോട്ടം നഗരപ്രദേശങ്ങളിലെ സംയോജിത പുരയിട കൃഷി യുടെ അവിഭാജ്യ ഘടകം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 88
88. Reshmy Vijayaraghavan and Mini Sankar (2015): ''Evaluation of Growth and Yield of Oyster Mushrooms on Different Organic Substrates by SHGs at KVK, Wayanad'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 89-90
89. Binoo P Bonny (2015): ''Potential of mushroom production as a social enterprise in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 90-92
90. Jayalekshmi.G, Anu .G. Krishnan and Vandana Venugopal (2015): ''Farm tourism in Kumarakom - myths and realities'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 92-93
91. Rose Mary Francies (2015): ''Quality seed production – the key to prosperity'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 93-94
92. വന്ദനാ വേണുഗോപാൽ, ജയലക്ഷ്മീ ജി, ഡോ കെ ജി പത്മ കുമാർ (2015): ''കുളവാഴ ചങ്ങാടത്തിലെ പച്ചക്കറി കൃഷി - ഒരു നവീന സങ്കല്പനം'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 94
93. ഡോ സുമ ബി (2015): ''കൊക്കൊകൃഷിയുടെ പ്രസക്തിയും സാദ്ധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺ ഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 95
94. ഷാജി തുത്തിൽ (2015): ''ചെലവില്ലാ പ്രകൃതികൃഷി രീതി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 95-96
95. ഡോ പി എസ് ജോൺ (2015): ''കേരള സംസ്ഥാന ജൈവ കൃഷി പോളിസി – ഒരു അവലോകനം'', നാലാമത് അന്താ

രാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 96-97

96. ഡോ ജലജാ എസ് മേനോൻ (2015): ''പച്ചക്കറി വിളവ് കൂട്ടാൻ തുറന്ന കൃത്യതാ കൃഷി'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 98
97. ശാരദ (2015): ''മൂല്യവർദ്ധിതഉത്പന്നങ്ങൾ പൂക്കൃഷിയിൽ'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 99
98. സ്വാതിലക്ഷ്മി പി ജി (2015): ''പോളിഹൗസ് കൃഷി - ഒരന്വേഷണം'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 99-100
99. ഡോ കെ എം ശ്രീകുമാർ (2015): ''ജൈവക്കൃഷി- സ്ഥിതിവിവരക്കണക്കുകളും വസ്തുതകളും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 101-102
100. ഡോ സുനിൽ വി ജി, ഡിപി ബെറിൻ പത്രോസ് (2015): ''വിവരസാങ്കേതികവിദ്യയുടെ മുന്നേറ്റം കൃഷിയിലും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 103
101. Dr. P. Rajendran (2015): ''Potential of Commercial Floriculture in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 103-104
102. പി ബാബു (2015): ''വ്യാവസായിക പുഷ്പകൃഷി സാദ്ധ്യത കേരളത്തിൽ - പ്രശ്നങ്ങളും പോംവഴികളും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 104-105
103. Elizabeth Philip (2015): ''Agritourism – outlook on Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 105-106
104. ഡോ മിനി സി, ഡോ ഗീതാ ലക്ഷ്മി പി ആർ (2015): ''പ്രചുര പ്രചാരം ലഭിക്കാത്ത പഴങ്ങൾക്ക് സംസ്ക്കരണ രംഗത്തുള്ള പങ്ക'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 106
105. Dr. Sudheer K. P. (2015): ''Entrepreneurship Development Through Innovations in Food Processing'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 106-107
106. ജോഷി പി എം (2015): ''ഫെയ്സ് ബുക്ക് കൃഷിയിൽ, വട്ടംകുളം കൃഷിഭവൻ മാതൃക തുടക്കമാകുന്നു'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 107-108
107. Dr. P. Rajendran (2015): ''Agritourism in High Ranges of Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 108
108. Dr.Berin Pathrose and Dr.Sunil V.G. (2015): ''Ecofriendly management of insect pests: Current status and future prospects in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 108-111
109. ഡോ ജയരാജ് (2015): ''വിഷരഹിത കായ്കറികളിൽ സസ്യപോഷകമൂലകങ്ങളുടെ പ്രസക്തി'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 112
110. പി വി സിന്ധു, എം ടി കനകമണി, സി ബീന (2015): ''വാണിജ്യാടിസ്ഥാനത്തിലുള്ള ഔഷധസസ്യകൃഷി'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 113-115
111. G Madhavan Nair (2015): ''New Generation Pesticides'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 116-117
112. ഡോ കെ എൻ ഹരിലാൽ, കെ കെ ഈശ്വരൻ (2015): ''ഭക്ഷ്യവിളകളുടെ തകർച്ചയും കാർഷികനയങ്ങളും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 119
113. Dr GK Beela and Dr. Princly Vijay (2015): ''Horticulture Therapy as a treatment tool'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 120
114. കെ ഡി പ്രതാപൻ (2015): ''ജൈവവൈവിദ്ധ്യ നിയമവും ജനിതക സ്വാതന്ത്ര്യവും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 121
115. Yadu C R (2015): ''Some Aspects of Agrarian Change in Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 121-122
116. Nirmal Roy V P (2015): ''Land Reforms, Land Markets and Urban Transformation in Kerala, India'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 122
117. Gilbert Sebastian (2015): ''Re-assessing the Development Experience of Keralam: The Issue of Land '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 122-123
118. Prof. R M Prasad (2015): ''Governance issues related to extension service delivery'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 123-124
119. G.S Sreedaya and Shimya M Mohan (2015): ''Impact of LEADS in four districts of Kerala '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 124-125
120. Rubeena (2015): ''Revitalization of Agricultural Technology Management Agency(ATMA): A comparative study in Thiruvananthapuram and Kottayam districts of Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 125-126
121. Dr. P.Indira Devi (2015): ''Institutional Farm Credit in Kerala: Is it a hangman`s rope?'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 126
122. Saifudeen Labba (2015): ''Soil Fertility Management Policy for Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 127-128
123. കെ വി രാമകൃഷ്ണൻ (2015): ''കർഷകക്ഷേമത്തിൽ അധിഷ്ഠിതമായിരിക്കണം കാർഷികനയം'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ-05, PP- 129-130
124. ഡോ സി ജോർജ്ജ് തോമസ് (2015): ''കാർഷിക വിദ്യാഭ്യാസവും ഗവേഷണവും'', നാലാമത് അന്താരാശ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -05, PP- 131
125. Sureshbabu V (2015): ''Effectiveness of schemes in addressing the present day challenges in the agriculture sector of Kerala'', 4th International Congress on Kerala Studies, Preliminary Seminar -05, PP- 117-118
126. P.Raji (2015): ''Potential of bio control agents for crop diseases management '', 4th International Congress on Kerala Studies, Preliminary Seminar -05, PP- 118

മറ്റു രേഖകൾ

127. ചന്ദ്രശേഖരൻ സി.പി. (2007):'ദി പ്രോഗ്രസ് ഓഫ് റിഫോം ആന്റ് ദി റിട്രോഗ്രഷൻ ഓഫ് അഗ്രികൾച്ചർ', (ഇംഗ്ലീഷ്), സോഷ്യൻ സയന്റിസ്റ്റ്, ജനുവരി-ഫെബ്രുവരി.
128. ഹരിലാൽ കെ.എൻ & കെ.കെ. ഈശ്വരൻ (2015): 'അഗ്രേറിയൻ ക്വസ്റ്റ്യൻ ആന്റ് ബി ലോക്കൽ ഗവൺമെന്റ്സ് ഇൻ കേരള', (ഇംഗ്ലിഷ്), ആർ.യു.എൽ.എസ്.ജി, ഒക്കേഷണൽ പേപ്പർ, നമ്പർ 3, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.
129. കണ്ണൻ, കെ.പി. (2015): 'ദി ന്യൂ പഞ്ചായത്ത് രാജ് ഇൻ കേരള - റിഫ്ളക്ഷൻസ് ഓൺ ഇറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടഷണലൈസേഷൻ

ആന്റ് ഡെവലപ്പ്മെന്റൽ റിക്കോർഡ്', (ഇംഗ്ലീഷ്), ആർ.യു. എൽ.എസ്.ജി, ഒക്കേഷണൽ പേപ്പർ, നമ്പർ 4, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.

130. പട്നായക്, ഉത്സ. (2007): 'ദി റിപ്പബ്ലിക് ഓഫ് ഹംഗർ ആന്റ് അദർ എസ്സേയ്സ്', (ഇംഗ്ലീഷ്), ത്രീ എസ്സേയ്സ് കളക്ടീവ്, ന്യൂഡൽഹി.

131. പട്നായക്, ഉത്സ. (2015): 'ദി ഒറിജിൻസ് ആന്റ് കണ്ടിന്യൂവേഷൻ ഓഫ് ഫസ്റ്റ് വേൾഡ് ഇംപോർട്ട് ഡിപ്പെൻഡന്റ്സ് ഓൺ ഡെവലപ്പിംങ് കൺട്രീസ് ഫോർ അഗ്രികൾച്ചറൽ പ്രോഡക്ട്സ്', (ഇംഗ്ലീഷ്), അഗ്രേറിയൻ സൗത്ത് ജേർണൽ ഓഫ് പൊളിറ്റിക്കൽ ഇക്കോണി, 4(1).

132. പിള്ള, രാമചന്ദ്രൻ. എസ്. (2014): 'ഇന്ത്യൻ കാർഷിക മേഖലയിലെ ബദൽ നയങ്ങൾ', (മലയാളം), മാർക്സിസ്റ്റ് സംവാദം, 11.3, തിരുവനന്തപുരം

133. ഐസക്ക്, തോമസ്, ടി.എം & മനോജ് കെ. പുതിയവിള. (2015): 'കൃഷി ഒരു ജനകീയ ഇടപെടലാണ്', (മലയാളം), എ.കെ.ജി പഠന ഗവേഷണ കേന്ദ്രം, സംയോജിത കൃഷി സമ്പ്രദായം, സെമിനാർ രേഖകൾ, തിരുവനന്തപുരം.

134. ഐസക്ക്, തോമസ്, ടി.എം. (2008): 'ഭൂപരിഷ്ക്കരണം: ഇനി എന്ത്?', ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം

135. സുധാകരൻ പി.കെ. (2015):'കാർഷിക പ്രശ്നങ്ങളും പരിഹാരങ്ങളും' (മലയാളം), എ.കെ.ജി പഠന ഗവേണഷണ കേന്ദ്രം, സംയോജിത കൃഷി സമ്പ്രദായം, സെമിനാർ രേഖകൾ, തിരുവനന്തപുരം.

136. കേരള സർക്കാർ (2013): 'കാർഷിക വികസന നയം – കരട് 2013' (മലയാളം), കേരള സർക്കാർ, തിരുവനന്തപുരം

137. Arun, Shoba(1999) Does Land Ownership make a Difference: Women's Roles in Agriculture in Kerala, India, in Women, Land and Agriculture, (ed.) Caroline Sweetman, Oxford: Oxfam Publishing

138. Krishnan, T.N. (1991). 'Wages, Employment and Output in Interrelated Labour Markets in an Agrarian Economy: A Study of Kerala', Economic and Political Weekly, Vol. XXVI, No: 26, June 29,82-96.

അധ്യായം 4

തോട്ടവിള മേഖല

പശ്ചിമഘട്ട മലകളിലെയും മലയോരപ്രദേശങ്ങളിലെയും ഭൂപ്രകൃതി തോട്ടവിളകൾക്ക് അനുയോജ്യമാണ്. ചരിത്രപരമായി ഈ മേഖലകളിൽ തോട്ടങ്ങൾ രൂപപ്പെടുകയും ചെയ്തു. റബ്ബർ, തേയില, കാപ്പി, ഏലം എന്നിവയാണ് കേരളത്തിലെ നാല് പ്രധാന തോട്ടവിളകൾ. ഇവയുടെ വിളവിസ്തൃതി 7.04 ലക്ഷം ഹെക്ടർ വരും. ഇത് അസൽ വിളവിസ്തൃതിയുടെ 34 ശതമാനവും മൊത്തം വിളവിസ്തൃതിയുടെ 27 ശതമാനവും വരും. 2013-14ൽ ദേശീയ റബ്ബർ ഉൽപ്പാദനത്തിൽ 72 ശതമാനവും ഏലത്തിന്റെ 79 ശതമാനവും കേരളത്തിൽ നിന്നാണ്. കാപ്പിയിൽ കേരളത്തിന്റെ വിഹിതം 22 ശതമാനവും തേയിലയിൽ 6.3 ശതമാനവുമാണ്. 14 ലക്ഷം കുടുംബങ്ങൾ തോട്ടവിളകളെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. (കേരള സർക്കാർ, 2015) കുരുമുളകും മറ്റ് സുഗന്ധദ്രവ്യ വിളകളേയും തോട്ടം അനുബന്ധ വിളകളായി കണക്കാക്കാം. നിയമപരമായി ഇപ്പോൾ കശുവണ്ടിയും തോട്ടവിളയാണ്. നാളികേരം കേരളത്തിൽ തോട്ടവിളയായിട്ടല്ല കൃഷി ചെയ്യപ്പെടുന്നത്.

കേരളത്തിലെ തോട്ടംമേഖല ചരിത്രത്തിൽ സമാനതകളില്ലാത്ത പ്രതിസന്ധിയെ നേരിടുകയാണ്. ഈ പ്രതിസന്ധി ഈ മേഖലയിൽ ഉപജീവനം നടത്തുന്ന കൃഷിക്കാരുടെയും തൊഴിലാളികളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചതു വഴി സാമൂഹ്യ സംഘർഷങ്ങൾ പോലും രൂപപ്പെട്ടുവരുന്നു. കടുത്ത സാമ്പത്തിക സമ്മർദ്ദം ഭൂവിനിയോഗ മാറ്റങ്ങൾക്കും അതുവഴി പാരിസ്ഥിതിക പ്രതിസന്ധി രൂക്ഷമാകുന്നതിലേക്കും നയിക്കുന്നു. ഈ പ്രതിസന്ധിയുടെ മാനങ്ങൾ പരിശോധിച്ചശേഷം അവയുടെ കാരണങ്ങൾ എന്തെന്നും തേടാം.

1. തോട്ടം മേഖലയിലെ പ്രതിസന്ധി

തോട്ടവിളകൾ പൂർണ്ണമായും കമ്പോളത്തിനുവേണ്ടിയുള്ളവ ആയതുകൊണ്ട് വിലകളിലുള്ള ചാഞ്ചാട്ടവും ഇടിവുമാണ് ഇന്ന് അവ നേരിടുന്ന മുഖ്യപ്രശ്നം, ആഗോളവൽക്കരണ പരിഷ്കാരങ്ങൾ തുടങ്ങുന്നതുവരെ ഇറക്കുമതി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് രാജ്യത്തിനകത്ത് താരതമ്യേന സുസ്ഥിരവും മെച്ചപ്പെട്ട വിലകളും ലഭിച്ചിരുന്നു. റബ്ബറിന്റെ ഉൽപ്പാദനം പൂർണ്ണമായും ആഭ്യന്തര കമ്പോളത്തിനു വേണ്ടിയായിരുന്നു. ആഭ്യന്തര വിലകളാവട്ടെ അന്തർദേശീയ വിലകളെ അപേക്ഷിച്ച് സുസ്ഥിരമായിരുന്നു എന്നു മാത്രമല്ല, 25-30 ശതമാനം ഉയർന്നതുമായിരുന്നു. കയറ്റുമതി വിളകളായ കാപ്പി, ഏലം, തേയില തുടങ്ങിയവയുടെയും ഇറക്കുമതിയുടെ മേൽ കർശനമായ നിയന്ത്രണമുണ്ടായിരുന്നു. ഇത് തോട്ടകൃഷിയെ താരതമ്യേന കൂടുതൽ ആദായകരമാക്കി. ഇതാണ് തോട്ടവിളകളുടെ വിസ്തൃതി അനുക്രമമായി വർദ്ധിച്ചുവന്നതിന് ഒരു പ്രധാനപ്പെട്ട കാരണം.

ആഗോളവൽക്കരണ പരിഷ്കാരങ്ങളും ലോക വ്യാപാരക്കരാറും ഈ സ്ഥിതിവിശേഷത്തെ ആകെ മാറ്റിയിരിക്കുകയാണ്. ഇറക്കുമതി സ്വതന്ത്രമായി. അതോടെ, രാജ്യത്തെ ആഭ്യന്തര വിലകളും അന്തർദേശീയ വിലകളും ഏകീകരിക്കപ്പെട്ടു. അന്തർദേശീയ വിലകളുടെ ചാക്രിക ഗതിക്കനുസരിച്ച് ആഭ്യന്തര വി

ലകളും മാറാൻ തുടങ്ങി. ഇത് വിലകളുടെ രൂക്ഷമായ ചാഞ്ചാട്ടത്തിനും വിലയിടിവിലേക്കും നയിച്ചു. 1990-കളുടെ അവസാനം രൂക്ഷമായ പ്രതിസന്ധി രൂപപ്പെട്ടു. എല്ലാ നാണ്യവിളകളുടെയും വിലകൾ ഒരേസമയം കുത്തനെ ഇടിഞ്ഞു. 2000-ങ്ങളുടെ ഉത്തരാർദ്ധത്തിൽ മാത്രമാണ് കേരളത്തിലെ നാണ്യവിളകൾ സാധാരണ നിലയിലേക്ക് എത്തിയത്. ഇതിന്റെ പ്രത്യാഘാതം തോട്ടവിളകളുടെ വിളവിസ്തൃതിയിലും ഉൽപ്പാദനക്ഷമതയിലും ഉൽപ്പാദനത്തിലും പ്രതിഫലിച്ചുകാണാം. (പട്ടിക 4.1). പട്ടിക 4.1-ൽ എല്ലാ പ്രധാന വിളകളുടെയും കണക്കുകൾ നൽകിയിട്ടുണ്ടെങ്കിലും തോട്ടവിളകളുടെ പ്രവണതകൾ മാത്രമേ ഇവിടെ ചർച്ച ചെയ്യുന്നുള്ളൂ.

2000-ങ്ങൾ കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം രൂക്ഷമായ മുരടിപ്പിന്റെ കാലമായിരുന്നു എന്ന് കഴിഞ്ഞ അധ്യായത്തിൽ കണ്ടതാണ്. പട്ടിക 4.1 ലെ കണക്ക് അത് സാധൂകരിക്കുന്നതാണ്. സാന്ദർഭികവശാൽ റബ്ബർ മാത്രമാണ് വ്യത്യസ്ത ശരാശരി വളർച്ചാനിരക്ക് രേഖപ്പെടുത്തുന്നത്. 1990-കളിൽ റബ്ബറിന്റെ ഉൽപ്പാദനം 7.35 ശതമാനം വീതം വർദ്ധിച്ചത് 2000-ങ്ങളിൽ 3.37 ശതമാനമായി താണു. 2011-12 മുതലാണ് റബ്ബറിന്റെ വില ഇടിയാൻ ആരംഭിച്ചത്.

റബ്ബർ

ഇന്നത്തെ നിലയിൽ കേരളത്തിലെ തോട്ടവിളകളിൽ ഏറ്റവും ദാരുണമായ തകർച്ച നേരിടുന്ന വിളയായി റബ്ബർ മാറിയിരിക്കുന്നു. കഴിഞ്ഞ ആറു വർഷമായി തുടർച്ചയായി സ്വാഭാവിക റബ്ബറിന്റെ വില താഴേക്കു പതിച്ചു കൊണ്ടിരിക്കുകയാണ്. 2011-12 ൽ ആർ.എസ്.എസ് 4-ന്റെ ശരാശരി വില കിലോയ്ക്ക് 208 രൂപയായിരുന്നത് 2012-13 ൽ 168 രൂപയും 2013-14 ൽ 166 രൂപയായും 2014-15ൽ 133 രൂപയായും ഇടിഞ്ഞു ഇപ്പോൾ (2016 ജനുവരി) വില 90 രൂപയിലേക്ക് എത്തിയിരിക്കുന്നു. വിലകളിൽ ഒരു വലിയ തിരിച്ചുവരവ് ഉണ്ടാവാനുള്ള സാഹചര്യം ആരും മുന്നിൽ കാണുന്നില്ല. കൃഷിക്കാർക്ക് കിട്ടുന്ന യഥാർത്ഥവില കാണണമെങ്കിൽ കമ്പോള വിലകളെ ഏതെങ്കിലും വിലക്കയറ്റ സൂചിക ഉപയോഗിച്ച് യഥാർത്ഥവിലകളാക്കി മാറ്റേണ്ടതുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലകൾ നിരന്തരം കയറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ റബ്ബറിന്റെ യഥാർത്ഥ വിലയിൽ ഉണ്ടായിരിക്കുന്ന ഇടിവ് കൂടുതൽ തീവ്രതയാർന്നതാണ്. ഇതിനു പുറമെയാണ് ഗ്രേഡിങ്ങിലും, തൂക്കത്തിലും സുതാര്യമല്ലാത്ത മറ്റു കമ്പോള നടപടികളും വഴിയുള്ള വലിയ കബളിപ്പിക്കലുകൾ. ഈ വിലയ്ക്ക് കേരളത്തിൽ റബ്ബർ കൃഷി അസാധ്യമാണ്. ഉത്പാദനച്ചെലവിനെ അപേക്ഷിച്ച് വളരെ കുറവാണു നിലവിലെ വിലകൾ.

വിലയിടിവിന് കാരണം ഇറക്കുമതിയാണെന്നതിന് രണ്ടു പക്ഷം ഉണ്ടാകേണ്ടതില്ല. 1990-കളിൽ 20,000-30,000 ടണ്ണായിരുന്നു സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി. 2010-11 ആയപ്പോൾ അത് 1.9 ലക്ഷം ടണ്ണായി. 2013-14ൽ അത് 3.3 ലക്ഷം ടണ്ണായി കുത്തനെ ഉയർന്നു. കൃത്രിമ റബ്ബറിന്റെയും ഇറക്കുമതി ഗണ്യമായി

പട്ടിക 4.1
കേരളത്തിലെ പ്രമുഖ വിളകളുടെ വിളവിസ്തൃതിയിലും ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും ഉണ്ടായ വളർച്ച
(1990-91/2010-11) (കോമ്പൗണ്ട് വളർച്ചാ നിരക്ക്)

വിള	1990-91 മുതൽ 1999-2000			2000-01 മുതൽ 2010-11		
	വിസ്തൃതി	ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത	വിസ്തൃതി	ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
റബ്ബർ	1.41	7.35	5.85	1.31	3.37	2.04
തേയില	0.36	0.92	0.56	0.05	1.65	1.59
കാപ്പി	0.59	12.61	11.95	0.04	1.44	1.48
ഏലം	0.83	7.97	8.87	0.5	0.54	0.5
ഇഞ്ചി	1.55	0.36	1.21	5.60	2.63	3.15
കുരുമുളക്	0.52	2.46	1.93	2.65	5.26	2.69
കശുവണ്ടി	3.12	6.91	3.91	7.48	6.52	1.03
നാളികേരം	0.34	1.61	1.26	1.92	0.11	1.5
അടയ്ക്ക	2.92	3.48	1.26	0.73	2.11	1.27
വാഴ	3.31	10.04	6.51	0.01	1.04	1.04
മരച്ചീനി	2.30	0.09	2.26	4.19	0.15	4.54
നെല്ല്	5.55	4.74	0.87	4.55	2.79	1.84

(അവലംബം: കേരള സർക്കാർ, 2015 എ)

ഉയർന്നിട്ടുണ്ട്. 1990-കളിൽ ഒരുലക്ഷം ടണ്ണിൽ താഴെയായിരുന്നു കൃത്രിമ റബ്ബറിന്റെ ഇറക്കുമതി. ഇപ്പോൾ 3.7 ലക്ഷം ടൺ കൃത്രിമ റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ട്. 1990-കളിൽ മൊത്തം ഒരുലക്ഷം ടണ്ണോളം റബ്ബർ ഇറക്കുമതിയുടെ സ്ഥാനത്ത് 2013-14ൽ ഏഴുലക്ഷം ടണ്ണാണ് ഇറക്കുമതി ചെയ്തത്.

തേയില

ലോക തേയില ഉൽപ്പാദനത്തിന്റെ നാലിലൊന്ന് ഇന്ത്യയിലാണ്. 2010-11ൽ ആഭ്യന്തര ഉൽപ്പാദനത്തിൽ കേരളത്തിന്റെ വിളവിസ്തൃതി 5 ശതമാനവും ഉൽപ്പാദനം 6.3 ശതമാനവുമേ വരൂ. 1990-കളിൽ തേയില വിലയിൽ ശ്രദ്ധേയമായ വർദ്ധനയുണ്ടായി. കൊച്ചിയിലെ ലേലവില കിലോയ്ക്ക് 38 രൂപയിൽനിന്ന് ഏതാണ്ട് 70 രൂപയായി ഈ കാലയളവിൽ വർദ്ധിച്ചു. എന്നാൽ, തുടർന്നുള്ള വർഷങ്ങളിൽ വില ഏതാണ്ട് 50 രൂപയിൽ താഴുകയാണുണ്ടായത്. 2008-09ൽ വീണ്ടും 70 രൂപയിലേക്ക് ഉയർന്നെങ്കിലും ഇത് അധികനാൾ പിടിച്ചുനിന്നില്ല. വില ഇപ്പോൾ വീണ്ടും കുറയുകയാണ്. എന്നിട്ടും കയറ്റുമതിയിൽ വർദ്ധനവ് നേടാൻ കഴിയുന്നില്ല. ആഭ്യന്തര ഉൽപ്പാദനത്തിൽ കയറ്റുമതിയുടെ വിഹിതം ഏതാണ്ട് 20-25 ശതമാനമായിരുന്നത് 2013-14ൽ 18 ശതമാനമായി താണു. കേരളത്തിലെ തോട്ടങ്ങളിൽ വളരെ പഴക്കമുള്ള തേയില ചെടികളാണുള്ളത്. ലാഭം ഊറ്റിക്കൊണ്ടുപോകുന്നതല്ലാതെ റീപ്ലാന്റ് ചെയ്യുന്നതിന് തോട്ടം കമ്പനികൾ ശ്രദ്ധിച്ചില്ല. അഖിലേന്ത്യാ ഉൽപ്പാദനത്തിന്റെ 7.5-8.5 ശതമാനം ആയിരുന്നു 1990-കളിൽ കേരളത്തിന്റെ ഉൽപ്പാദന വിഹിതം. ഇന്നിപ്പോൾ അത് 5 ശതമാനത്തിലേക്ക് താഴ്ന്നിരിക്കുകയാണ്.

കാപ്പി

കാപ്പിയുടെ ദേശീയോൽപ്പാദനമായ 3.05 ലക്ഷം ടണ്ണിൽ 21.9 കേരളത്തിന്റെ വിഹിതമാണ്. 2000-ങ്ങളിൽ കാപ്പിയുടെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും കേരളത്തിൽ ഇടിവാണുണ്ടായത്. വില തന്നെയാണ് ഇവിടെയും മുഖ്യ പ്രശ്നം. എഫ്.എ.യുവിന്റെ കണക്ക് പ്രകാരം വിയറ്റ്നാമിൽ 2188 കിലോഗ്രാമും ബ്രസീലിൽ 1257 കിലോഗ്രാമും ഒരു ഹെക്ടറിൽനിന്ന് വിളവ് ലഭിക്കുമ്പോൾ ഇന്ത്യയിലെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 837 കിലോഗ്രാം മാത്രമാണ്. കേരളത്തിലെ ഉൽപ്പാദനക്ഷമത കർണ്ണാടകത്തെക്കാൾ താഴെയാണ്. ചെടികളുടെ പഴക്കവും ശാസ്ത്രീയ ജലസേചനത്തിന്റെ അഭാവവുമാണ് മുഖ്യ കാരണങ്ങൾ.

ഏലം

ഏലത്തിന് 2000-ങ്ങളിൽ പ്രകടമായ വിളവിസ്തൃതി, ഉൽപ്പാദനക്ഷമത, ഉൽപ്പാദനം എന്നിവയിലെ ഇടിവ് ഇപ്പോഴും തുടരുകയാണ്. 2013-14ൽ കയറ്റുമതിയിൽ 52 ശതമാനം ഇടിവാണുണ്ടായത്. ഇത് വിലത്തകർച്ചയിലേക്ക് നയിച്ചു. വിദേശത്തുനിന്ന് ഏലം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന സ്ഥിതിയാണുള്ളത്. തേയിലത്തോട്ടങ്ങളുടെ പാരിസ്ഥിതിക തകർച്ചയും ജനിതക പോരായ്മകളും മറ്റുമാണ് നമ്മുടെ മത്സരശേഷി കുറയ്ക്കുന്നതിനുള്ള കാരണങ്ങൾ.

കശുവണ്ടി

ഇന്ത്യയിലെ കശുവണ്ടിയുടെ വിളവിസ്തൃതിയും ഉൽപ്പാദനവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ, കേരളത്തിൽ കശുവണ്ടി കൃഷി അതിവേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2004-05ൽ വിളവിസ്തൃതിയിൽ 9.93 ശതമാനവും ഉൽപ്പാദനത്തിൽ 11.14 ശതമാനവും കേരളത്തിൽ നിന്നായിരുന്നു. എന്നാൽ, 2013-14ൽ ഇത് യഥാക്രമം 4.09 ഉം 4.53 ഉം ആയി കുറഞ്ഞു. ദ്രുതവാട്ടം പോലുള്ള രോഗങ്ങൾ കുരുമുളകിനെ വലച്ചുകൊണ്ടിരിക്കുകയാണ്. 2000-ങ്ങളിൽ പ്രകടമായ വിളവിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവയുടെ ഇടിവിൽനിന്ന് കുരുമുളക് ഇതുവരെ കരകയറിയിട്ടില്ല.

പുനർനിക്ഷേപത്തിൽ ഇടിവ്

കമ്പോള വിലകളിലെ തകർച്ച കൃഷിഭൂമിയുടെ വിസ്തൃതിയിലും കൃഷിയുടെ തീവ്രതയിലും, ഉത്പാദനക്ഷമതയിലും മൊത്തം ഉത്പാദനത്തിലും കൃഷിയെ നേരിട്ടും പരോക്ഷമായും ആശ്രയിച്ചു കഴിയുന്നവരുടെ വരുമാനത്തിലും, അവരുടെ ജീവിത ഗുണമേന്മയിലും മറ്റും പ്രതിഫലിക്കുക സ്വാഭാവികമാണ്. സർവതോന്മുഖമായ ഒരു തകർച്ചയുടെ ഏതാണ്ടെല്ലാ മാനങ്ങളും ഇന്ന് കേരളത്തിന്റെ തോട്ടവിള മേഖലയിൽ ദൃശ്യമാണ്. കേരളത്തിലെ തോട്ടവിളകൾ ദീർഘകാലവിളകളായതിനാൽ പ്രതിസന്ധി വില വിസ്തീർണത്തിന്റെയും ഉത്പാദനത്തിന്റെയും സംസ്ഥാനതല സ്ഥിതിവിവരകണക്കുകളിൽ പ്രതിഫലിക്കാൻ കാലതാമസം ഉണ്ടാവും. തേയിലക്കാടുകളും റബ്ബർതോട്ടങ്ങളും ഒറ്റയടിക്കു ഒഴിവാക്കാൻ കഴിയില്ലല്ലോ. ബദൽ വിലകളോ പകരം ജീവിത മാർഗമോ ഇല്ലാത്തതിന്റെ പ്രശ്നവും ഉണ്ട്. അതെന്തായാലും വിള വിസ്തൃതി കൂടിക്കൊണ്ടിരിക്കുന്ന പ്രവണത അവസാനിച്ചിരിക്കുന്നു. പഴയ തോട്ടങ്ങൾ പുതിയതായി പ്ലാന്റ് ചെയ്യുന്നതും ഏതാണ്ട് പൂർണമായും നിലച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു കാലത്ത് തഴച്ചു വളർന്നിരുന്ന നഴ്സറി രംഗം തകർച്ചയിലാണ്. കൃഷിയുടെ പരിപാലനത്തിലും വിളവെടുപ്പിന്റെ ആവൃത്തിയിലും മറ്റും പ്രകടമായ കുറവാണു ഉണ്ടായിരിക്കുന്നത്. വിലതകർച്ച സ്വാഭാവികമായും ഏറ്റവും ആദ്യം ബാധിക്കുക ചെറുകിട കൃഷിക്കാരെയാണ്. കേരളത്തിലെ കർഷക ആത്മഹത്യകളെക്കുറിച്ച് നടന്നിട്ടുള്ള പഠനങ്ങൾ ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്ത് കൊണ്ടുവന്നിട്ടുണ്ട് (ആൽവിൻ പ്രകാശ്, മോഹനകുമാർ). വിലത്തകർച്ച കർഷകരെ കടക്കെണിയിലേക്കും ജപ്തിനടപടികളിലേക്കും ജീ

വനോപാധിയായ ഭൂമിയും മറ്റ് ആസ്തികളുടെ നഷ്ട പ്പെടുത്തലിലേക്കും കുടുംബ ബന്ധങ്ങളുടെ തകർച്ചയി ലേക്കും തള്ളിവിടുന്നു. ഈ സാഹചര്യമാണ് കർഷക ആത്മഹത്യപോലുള്ള നിർഭാഗ്യകരമായ സാഹചര്യ ങ്ങളിലേക്കുപോലും സംസ്ഥാനത്തെ തള്ളിവിടുന്നത്.

ജീവിതനിലവാര തകർച്ച

കേരളത്തിന്റെ കാർഷിക തകർച്ച ഏറെ വ്യക്തമായി പ്രതിഫലിക്കുന്ന മറ്റൊരു രംഗം തൊഴിൽ മേഖലയാ ണ്. തൊഴിൽ ദിനങ്ങളിലുണ്ടായ കുറവും കൂലിയിലെ അസ്ഥിരതയും കർഷകതൊഴിലാളികളെ മറ്റ് ജീവിത മാർഗം തേടാൻ നിർബന്ധിതരാക്കി. കൃഷിയുടെ നാശം കർഷക തൊഴിലാളികളെയും കർഷക തൊഴിലാളിക ളുടെ അഭാവം കൃഷിയേയും പരസ്പരം പ്രതികൂലമാ യി ബാധിക്കുകയാണ്. മറ്റ് മേഖലകളിൽ ദൃശ്യമായ ഈ പ്രശ്നം ഇപ്പോൾ അതിവേഗം തോട്ടം മേഖല യിലേക്കും വ്യാപിച്ചിരിക്കുകയാണ്. തോട്ടങ്ങളിലെ തൊഴിൽസേനയുടെ വലിപ്പത്തിൽ വലിയ കുറവാണ് കഴിഞ്ഞ രണ്ടു ദശാബ്ദത്തിനിടെ ഉണ്ടായിരിക്കുന്നത്. ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നു വരുന്നില്ല. തോട്ടവിള മേഖലയിലെ പ്രതിസന്ധി തൊഴിലാളികളെ ഏറെ പ്രതികൂലമായി ബാധിക്കുന്നു എന്നും അവർ കൂട്ടത്തോടെ രംഗം വിടുന്നത് രൂക്ഷമായ തൊഴിലാളി ക്ഷാമത്തിന് ഇടയാക്കുന്നു എന്നും ഇതു സംബന്ധിച്ച പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു (മോഹനകുമാർ). പ്രതിസന്ധി കൂടുതൽ തീവ്രമായി ബാധിക്കുന്നത് വൻകിടതോട്ടങ്ങളിലെ ലയങ്ങളിൽ അകപ്പെട്ടുപോയ തൊഴിലാളികളെയാണ്. അവർക്ക് അനുപൂരക വരു മാനത്തിനുള്ള സാധ്യത ഇല്ല എന്ന് തന്നെ പറയാം. തോട്ടങ്ങൾ അടച്ചിടുന്നതും, തൊഴിലില്ലാത്തതും, തൊ ഴിൽദിനങ്ങളുടെ കുറവും, കൂലിക്കുറവും, ലയങ്ങളുടെ ശോചനീയാവസ്ഥയും തികച്ചും സ്ഫോടനാത്മകമായ ഒരു സ്ഥിതിയാണ് സംജാതമാക്കിയിരിക്കുന്നത്. കുറെ വർഷങ്ങളായി തോട്ടം മേഖലയിലെ തൊഴിൽ രംഗം നീറിപ്പുകയുന്ന അവസ്ഥയിലാണ്. തൊഴിലാളികൾ നടത്തിയ പണിമുടക്ക് സമരങ്ങളടക്കം മാധ്യമങ്ങളു ടെയോ പൊതുസമൂഹത്തിന്റെയോ ശ്രദ്ധ പിടിച്ചു പറ്റു ന്നതിൽ പരാജയപ്പെടുകയാണ് ഉണ്ടായത്. എന്നാൽ മൂന്നാറിലെ സ്ത്രീതൊഴിലാളികൾ നടത്തിയ സമരം തോട്ടങ്ങളിലെ തൊഴിലാളികളുടെ ദുരിതത്തിലേക്ക് ജനശ്രദ്ധ തിരിച്ചു. തോട്ടം മേഖല നേരിടുന്ന അടിസ്ഥാ നപ്രശ്നങ്ങളോ അതിന്റെ യഥാർത്ഥ കാരണങ്ങളോ അന്വേഷിക്കുകയായിരുന്നില്ല കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ഇറങ്ങി പുറപ്പെട്ട പലരുടെയും ലക്ഷ്യം. എന്നാൽ പിന്നീടു നടന്ന ഗൗരവമാർന്ന സംവാദം പ്രശ് നത്തിന്റെ കൂടുതൽ ആഴത്തിലുള്ള വശങ്ങൾ പുറത്തു കൊണ്ടുവരാൻ സഹായകരമായി (റാം മോഹൻ 2015, ബിനിതാ തമ്പി 2015). എന്നാൽ വിലത്തകർച്ചയുടെ ഭാരം തൊഴിലാളികളുടെയും സർക്കാരിന്റെയും ചുമ ലിൽ വെച്ച് രക്ഷപ്പെടാനാണ് വൻകിട മുതലാളിമാർ ഇപ്പോഴും ശ്രമിക്കുന്നത്. പ്ലാന്റേഷൻ ലേബർ ആക്ട് ഇല്ലാതാക്കാനും തൊഴിലാളി ക്ഷേമത്തിന്റെ ഉത്തര വാദിത്വങ്ങൾ സർക്കാരിനെ ഏൽപ്പിക്കാനും നികുതി ഇളവുകൾ നേടാനുമാണ് വൻകിട തോട്ടമുടമകൾ ശ്രമി ക്കുന്നത് പ്രതിസന്ധികളുടെ യഥാർത്ഥ കാരണങ്ങൾ കാണാനോ അതിനു പരിഹാരം കാണാനോ ബന്ധ പ്പെട്ട സംഘടനകൾ ശ്രമിക്കുന്നില്ല എന്നത് ആശ്ചര്യ കാരമാണ്. യഥാർത്ഥ കാരണങ്ങളെക്കുറിച്ചും വൻകിട ഉടമകളുടെ അത് സംബന്ധിച്ച നിശബ്ദതയിലേക്കും പിന്നീട് വരാം.

പരിസ്ഥിതി ആഘാതം

പ്രതിസന്ധിയുടെ മറ്റൊരു വിപരീതഫലം അതി ന്റെ പരിസ്ഥിതി ആഘാതമാണ് പ്രതിസന്ധിയുടെ കാരണം പറഞ്ഞു ഭൂപരിഷ്കരണനിയമവും ഭൂവിനി യോഗം സംബന്ധിച്ച വ്യവസ്ഥകളും ലംഘിക്കുന്നതി നുള്ള പ്രവണത വ്യാപകമാണ്. തോട്ടങ്ങൾക്ക് ഭൂപ രിധി നിയമത്തിൽ നിന്നും ഇളവു നൽകിയത് അവ തോട്ടങ്ങളായതുകൊണ്ട് മാത്രമാണ്. എന്നാൽ ഇന്ന് തോട്ടങ്ങൾ കീറിമുറിച്ച് വിൽക്കാനും റിയൽ എസ്റ്റേറ്റ് അടക്കമുള്ള ഇതര ആവശ്യങ്ങൾക്കു ഉപയോഗിക്കാ നുള്ള നീക്കം വ്യാപകമാണ്. തോട്ടം നടത്താൻ പഴയ കാലത്ത് കുത്തക പാട്ടത്തിനു നല്കിയ ഭൂമിയിൽ ഉട മസ്ഥത സ്ഥാപിക്കാനും മറിച്ച് വിൽക്കാനുമുള്ള ശ്രമ ങ്ങളും വ്യാപകമാണ്. ഇതിനു പുറമെയാണ് സർക്കാർ ഭൂമിയും പുറമ്പോക്കും കയ്യേറുന്നതിനായി നടക്കുന്ന ശ്രമങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് ഭരണക്കാരുടെ പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണ ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്.

വൻകിടക്കാരുടെ കയ്യേറ്റങ്ങളേയും പരിസ്ഥിതി വിരുദ്ധ നീക്കങ്ങളേയും രക്ഷിക്കുന്നതിനു ചെറുകിട കൃഷിക്കാരെ മറയാക്കാനുള്ള നീക്കവും വ്യാപകമാ ണ്. ന്യായമായ പട്ടയം നിഷേധിക്കപ്പെട്ട കൃഷിക്കാരെ ഉപയോഗിച്ച് കയ്യേറ്റത്തെ ന്യായീകരിക്കാൻ നടത്തിയ ശ്രമത്തെ കർഷകർ തന്നെ ഇടപെട്ടു പൊളിച്ചതിനും അടുത്ത കാലത്ത് കേരളം സാക്ഷിയായി.

2. പ്രതിസന്ധിയുടെ കാരണങ്ങൾ

കേരളത്തിലെ നാണ്യവിളകളുടെ കാര്യത്തിൽ മാ ത്രമല്ല, ആഗോളമായി പ്രാഥമിക ഉൽപ്പന്നങ്ങളെല്ലാം സർവ്വവ്യാപിയായ വിലത്തകർച്ചയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. അന്തർദേശീയ കമ്പോളത്തിലെ പ്രാഥമിക ഉൽപ്പന്നങ്ങളുടെ 2013ലെയും 2014ലെയും സംയുക്ത വില സൂചിക എടുത്താൽ തുടർച്ചയായി ഏതാണ്ട് എല്ലാ മാസങ്ങളിലും 2013ലും 2014ലും വില സൂചിക കുറയുകയാണ് ഉണ്ടായത്. പ്രാഥമിക ഉത് പന്നങ്ങളുടെ പൊതുസൂചിക 2013നെ അപേക്ഷിച്ച് 2014 ൽ 6.1 ശതമാനം കണ്ടു ഇടിഞ്ഞു. ഇതിൽ തന്നെ ഏറ്റവും തീഷ്ണമായ വിലയിടിവ് ഉണ്ടായിരിക്കുന്നത് കാർഷിക പ്രാഥമികോത്പന്നങ്ങളുടെ കാര്യത്തിലാണ് (9.9%). ഇതേ പ്രവണത 2015ലും തുടരുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

പ്രാഥമിക ഉൽപ്പന്ന പ്രശ്ന സാഹിത്യം

വികസന സാഹിത്യത്തിൽ പ്രാഥമിക ഉത്പന്നങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ചകൾക്ക് ഒരു നൂറ്റാണ്ടിന്റെയെങ്കിലും പഴക്കമുണ്ട്. പ്രാഥമികോൽപന്ന പ്രശ്നങ്ങൾ സംബന്ധിച്ച സിംഗർ-പ്രബിഷ് സിദ്ധാന്തം വളരെ പ്രശസ്തമാണ്. അതിനു ശേഷം നൂറുകണക്കിനു പഠനങ്ങൾ ഇത് സംബന്ധിച്ച് നടന്നിട്ടുണ്ട്. പ്രശസ്തരായ ഒട്ടേറെ സാമ്പത്തിക വിദഗ്ദ്ധന്മാർ ഈ വിഷയം കൈകാര്യം ചെയ്തിട്ടുണ്ട്. ഇപ്രകാരം വളർന്നു വന്ന ബൃഹത്തായ സാഹിത്യത്തെ സംഗ്രഹിക്കുക എളുപ്പമല്ല. എങ്കിലും ഈ പഠനങ്ങളിലൂടെ ഉരുത്തിരിഞ്ഞ രണ്ടു പ്രധാന നിഗമനങ്ങൾ ഈ സന്ദർഭത്തിൽ പ്രസക്തമാണ്. ഒന്ന്, നിർമിത ഉത്പന്നങ്ങളെ അപേക്ഷിച്ച് പ്രാഥമിക ഉത്പന്നങ്ങളുടെ വിലകൾ കൂടുതൽ അസ്ഥിരമാണ്. വിലകളിലെ ഈ അസ്ഥിരത പ്രാഥമിക ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിൽ ഏർപ്പെടുന്ന പ്രദേശങ്ങളെയും രാഷ്ട്രങ്ങളെയും ജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. രണ്ട്, നിർമിത ഉത്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പ്രാഥമിക ഉത്പന്നങ്ങളുടെ വിലകൾ ദീർഘകാലാടിസ്ഥാനത്തിൽ കുറയുകയാണ്. വിലകളുടെ അനുപാതത്തിൽ വരുന്ന ഈ ദീർഘകാല മാറ്റം പ്രാഥമിക ഉത്പന്നങ്ങളെ അമിതമായി ആശ്രയിക്കുന്ന പ്രദേശങ്ങളുടേയും രാജ്യങ്ങളുടെ തന്നെയും വികസന മുരടിപ്പിനും പിന്നാക്കാവസ്ഥയ്ക്കും കാരണമാവുന്നു. പ്രാഥമിക ഉത്പന്നങ്ങൾ നേരിടുന്ന ഈ പ്രശ്നങ്ങളുടെ രൂക്ഷത കുറഞ്ഞും കൂടിയും ഇരിക്കും. തരംഗ രൂപത്തിലുള്ള ഈ പ്രതിഭാസത്തിനിടയിൽ ഹ്രസ്വകാലത്തേക്ക് കടന്നുവരുന്ന വിലകളിലെ ഉയർച്ചയും അഭിവൃദ്ധിയും പലപ്പോഴും തെറ്റിധാരണ ഉണ്ടാക്കാറുണ്ട്. പ്രാഥമികോത്പന്നപ്രശ്നം എന്ന സങ്കല്പം തന്നെ തെറ്റാണെന്ന് വാദിക്കാൻപോലും ക്ഷണികമായ അഭിവൃദ്ധി പലരേയും പ്രലോഭിപ്പിക്കാറുണ്ട്. സമകാലീന ആഗോള പ്രതിസന്ധിയുടെ തുടക്കത്തിൽ ഇങ്ങനെ ഒരു സംഭവം നടന്നിരുന്നു. ഓഹരിവിപണിയും മൂലധന കമ്പോളവും തകർന്നപ്പോൾ പരിഭ്രാന്തരായ നിക്ഷേപകരിൽ ഒരു വിഭാഗം പ്രാഥമിക ഉത്പന്നങ്ങളുടെ അവധി വ്യാപാരത്തിലേക്കു ചേക്കേറി. അങ്ങനെ ഉപഭോഗം വർദ്ധിക്കാതെ തന്നെ പല പ്രാഥമിക ഉത്പന്നങ്ങളുടെയും വിലകൾ ഉയരുകയും ചെയ്തു. പക്ഷെ, പെട്ടെന്നുണ്ടായ ആ നല്ല കാലത്തിനു വലിയ ആയുസ്സൊന്നും ഉണ്ടായില്ല. പ്രാഥമികോത്പന്ന പ്രശ്നങ്ങൾ എല്ലാ വിലകളെയും ഒരേ അളവിലും പ്രകാരത്തിലുമല്ല ബാധിക്കുന്നത് എന്ന കാര്യവും ഇവിടെ സ്മരണീയമാണ്. ഓരോ പ്രദേശത്തിന്റെയും ഉത്പന്നത്തിന്റെയും അനുഭവം വ്യത്യസ്തമായിരിക്കും പക്ഷെ, വ്യത്യസ്തതകൾ പൊതു പ്രവണതകളെ ഇല്ലാതാക്കുന്നില്ല എന്നത് പ്രത്യേകം എടുത്ത് പറയണം.

പ്രാഥമിക ഉൽപ്പന്നങ്ങളുടെ ഇലാസ്തികത

ആദ്യമായി, വിലകളുടെ അസ്ഥിരതയുടെ കാര്യമെടുക്കാം. പ്രാഥമിക ഉൽപന്നങ്ങളുടെ വില നിർമിതവസ്തുക്കളെ അപേക്ഷിച്ച് അവസ്ഥിരമാവാൻ പ്രധാന കാരണം വിലകളിൽ മാറ്റം വരുന്നതിനനുസരിച്ച് പ്രഥാമിക ഉൽപന്നങ്ങളുടെ ലഭ്യതയിലും (സപ്ലൈ) ചോദനത്തിലും (ഡിമാന്റ്) പെട്ടെന്ന് മാറ്റങ്ങൾ വരുത്താൻ കഴിയില്ല എന്നതാണത്രെ. ഒരു നിർമ്മിത വസ്തുവിന്റെ വില വർദ്ധിച്ചാൽ ഒട്ടും കാലവിളംബം കൂടാതെ അതിന്റെ ഉൽപാദനവും ലഭ്യതയും ഉയർത്താൻ കഴിയും. വില കൂടുതൽ ഉയരാതിരിക്കാൻ ഇത് സഹായിക്കും. റബ്ബറിന്റെയും തേയിലയുടെയും കാപ്പിയുടെയും ലഭ്യത അത്ര പെട്ടെന്ന് ഉയർത്താനാവില്ല എന്നും പറയേണ്ടതില്ലല്ലോ. പ്രാഥമിക ഉൽപന്നങ്ങളുടെ ലഭ്യത ഇലാസ്തികമല്ല എന്ന് സാമ്പത്തിക ശാസ്ത്രത്തിന്റെ ഭാഷയിൽ പറയാം. അതുകൊണ്ട് വില ഉയർന്നാൽ ഉയർന്നുതന്നെ നിൽക്കാനും കൂടുതൽ ഉയരത്തിലേയ്ക്ക് പോകാനുമുള്ള പ്രവണത ഉണ്ടാവും. ഇതിനിടെ ഊഹക്കച്ചവടത്തിന്റെ സാന്നിദ്ധ്യം കൂടി ഉണ്ടായാലോ. വില ഉയരുന്നു എന്ന് കണ്ടാൽ ഊഹക്കച്ചവടക്കാർ ചരക്ക് വാങ്ങി ശേഖരിക്കുകയും കൃത്യമക്ഷാമം സൃഷ്ടിച്ച് വില പെരുക്കുകയും ചെയ്യും. അവധി വ്യാപാരം അനുവദനീയമാണെങ്കിൽ ഊഹക്കച്ചവടക്കാർ മുൻകൂർ വാങ്ങലുകൾ കൂടി നടത്തി വിലപ്പെരുക്കം കൂടുതൽ വഷളാക്കും.

ഈ സംഗതികളുടെ നേർവിപരീതമാണ് വില കുറയുമ്പോൾ സംഭവിക്കുക. നിർമിത വസ്തുക്കളുടെ വില കുറഞ്ഞാൽ വൈകാതെ തന്നെ ഉൽപാദനവും ലഭ്യതയും കുറയുകയും വില കുറയാനുള്ള പ്രവണത അവസാനിക്കുകയും ചെയ്യും. പ്രാഥമിക ഉൽപന്നങ്ങളുടെ വില കുറഞ്ഞാലും ഉൽപാദനം കുറയ്ക്കാനോ ലഭ്യത നിയന്ത്രിക്കാനോ പെട്ടെന്ന് കഴിയില്ല. അതുകൊണ്ട് വില കുറഞ്ഞാൽ കൂടുതൽ വില തകർച്ച ഉണ്ടാവാനുള്ള സാധ്യത വളരെ കൂടുതലാണ്. വില കുറയുമ്പോൾ കൂടുതൽ കുറഞ്ഞാലോ എന്നുകരുതി ഊഹക്കച്ചവടക്കാർ അവരുടെ കരുതൽ ശേഖരം കമ്പോളത്തിൽ ഇറക്കുകയും വിലയിടിവ് വേഗത്തിലാക്കുകയും ചെയ്യും. അവധിവ്യാപാരം അനുവദിച്ചിട്ടുണ്ടെങ്കിൽ ഊഹക്കച്ചവടക്കാർ മുൻകൂർ വിൽപന കൂടി നടത്തുന്നതോടെ വിലകൾ കൂടുതൽ ഇടിയും. കമ്പോളത്തിൽ നടക്കുന്ന തികച്ചും സ്വാഭാവികമായ ഈ പ്രക്രിയയെ തടയാൻ കമ്പോളത്തിന് സ്വയം കഴിയില്ല. വിലകളിലെ അമിതമായ വ്യതിയാനങ്ങൾ തികച്ചും അനാശാസ്യവും, ഒഴിവാക്കപ്പെടേണ്ടതുമായ പ്രവണതകൾ കമ്പോളത്തിൽ സൃഷ്ടിക്കും. കമ്പോളം തെറ്റുകൾക്ക് അതീതമല്ല. ഈ വിപനത്തിന് തടയിടാൻ സമൂഹത്തിന്റെ (സർക്കാരിന്റെ) കൂട്ടായ ഇടപെടൽ ഉണ്ടായേ കഴിയൂ.

ഇതുപോലെതന്നെയാണ് ദീർഘകാല വിടയിടിവിന്റെ പ്രശ്നവും. സാമ്പത്തിക വളർച്ചയുടെ ഭാഗ

മായി ആളോഹരി വരുമാനം ഉയരുമ്പോൾ പ്രാഥമിക ഉൽപന്നങ്ങൾ വാങ്ങാനായി ചെലവാക്കുന്ന മൊത്തം വരുമാനത്തിന്റെ അനുപാതം കുറയും. വരുമാനത്തിന്റെ ഏറിയ പങ്കും മറ്റു സാധനങ്ങളും സേവനങ്ങളും വാങ്ങാൻ ഉപയോഗിക്കും. മൊത്തം വരുമാനത്തിൽ നിന്നും പ്രാഥമിക ഉൽപന്നങ്ങൾ വാങ്ങാനായി നീക്കിവയ്ക്കുന്ന പങ്ക് കുറയുന്നതുകൊണ്ട് പ്രാഥമിക ഉൽപന്നങ്ങളുടെ ഉൽപാദനം മൊത്തം വരുമാനത്തിന്റെ വളർച്ചയെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലെ വളരാൻ കഴിയൂ. അല്ലെങ്കിൽ ലഭ്യത ഡിമാന്റിനെ അപേക്ഷിച്ച് കൂടുതലാവുകയും വില ഇടിയുകയും ചെയ്യും. ഇത് ഒഴിവാക്കണമെങ്കിൽ സാമ്പത്തിക വളർച്ച ഉണ്ടാവുന്ന മുറയ്ക്ക് ഭൂമിയും, മൂലധനവും, തൊഴിൽശക്തിയും പുതിയ വളർച്ചാ മേഖലകളിലേയ്ക്ക് നീങ്ങേണ്ടതുണ്ട്. വിഭവങ്ങളുടെ ഇത്തരത്തിലുള്ള പുനർവിതരണവും സ്വാഭാവികമായി നടക്കണമെന്നില്ല. ഭരണകൂടത്തിന്റെ ഇടപെടലും സഹായവും പലപ്പോഴും വേണ്ടിവരും.

കമ്പോള ഇടപെടലുകൾ

പ്രാഥമിക ഉൽപന്നങ്ങൾ നേരിടുന്ന ഈ പ്രശ്നങ്ങൾ ഗൗരവം കണക്കിലെടുത്തുകൊണ്ടാണ് ഈ രംഗത്ത് വിപണനയിലെ സർക്കാർ ഇടപെടൽ അനിവാര്യമാണെന്ന് പരക്കെ അംഗീകരിക്കപ്പെട്ടത്. രണ്ടാം ലോകയുദ്ധത്തിനു ശേഷം രൂപപ്പെട്ട ആഗോള സാമ്പത്തികക്രമത്തിലും ഇത്തരം കമ്പോള ഇടപെടല അനുവദിക്കപ്പെട്ടിരുന്നു. പ്രാഥമികോൽപന്നങ്ങളുടെ മേഖലയിൽ അന്താരാഷ്ട്ര ഉടമ്പടികൾക്ക് രൂപം നൽകിയതിന്റെ പശ്ചാത്തലും വേറൊന്നല്ല. വില ഇടിയുമ്പോൾ കരുതൽ ശേഖരം വളർത്തിയും, വില കയറുമ്പോൾ കരുതൽ ശേഖരത്തിൽ നിന്നും പൊതുവിപണിയിലേയ്ക്ക് ചരക്ക് ലഭ്യമാക്കിയും വിലകളുടെ അസ്ഥിരത നിയന്ത്രിച്ചിരുന്നു. ഇത് ആഭ്യന്തര കമ്പോളത്തിലും ആഗോള കമ്പോളത്തിലും ഒരുപോലെ നടപ്പിലാക്കിയിരുന്നു.

സർക്കാരിന്റെയും അന്തർദേശീയ ഉടമ്പടികളുടെയും ഇടപെടൽ എല്ലാ രാജ്യത്തും, എല്ലാ വിളകളിലും ഒരുപോലെ ആയിരുന്നില്ല എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലൊ. പ്രാഥമിക ഉൽപന്നങ്ങളുടെ വിലകൾ ഇടിയുന്നതിന് തടസ്സം നിന്ന ഇടപെടലുകളെ ദുർബലമാക്കുന്നതിനും മൊത്തക്കച്ചവടക്കാരെയും സംസ്കരണ വ്യവസായത്തേയും വിപണന ശൃംഖലകളെയും സഹായിക്കുന്നതിനുമുള്ള ശ്രമങ്ങൾ എല്ലാക്കാലത്തും സജീവമായിരുന്നു. അതുകൊണ്ടുതന്നെ കമ്മോഡിറ്റി ബോർഡുകളെയും അന്തർദേശീയ ഉടമ്പടികളുടെയും പ്രവർത്തനങ്ങളും നേട്ടങ്ങളും വ്യത്യസ്ത വിളകളിൽ ഒരുപോലെയല്ല അനുഭവപ്പെട്ടത്. ഇതു സംബന്ധിച്ച് ഓരോ വിളകളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. പൊതുവേ പറഞ്ഞാൽ ഇന്നത്തെ അപേക്ഷിച്ച് വിലസ്ഥിരത ഉറപ്പാക്കാനും മെച്ചപ്പെട്ട വില ലഭ്യമാക്കാനും പഴയ സംവിധാനത്തിൽ കഴിഞ്ഞിരുന്നു. ഉദാഹരണത്തിന് ഉദാരീകരണത്തിന് ശേഷം റബ്ബർവിലകളിലെ അസ്ഥിരത കൂടിയതായാണ് ഇതുസംബന്ധിച്ച പഠനങ്ങൾ എല്ലാംതന്നെ സൂചിപ്പിക്കുന്നത്. കോഫീ ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നടന്ന പഠനങ്ങളും ഇതുതന്നെയാണ് കാണിക്കുന്നത് (നാരായണ).

പ്രാഥമിക ഉൽപന്നങ്ങൾ നേരിടുന്ന സവിശേഷമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ ഉപയോഗിക്കപ്പെട്ടത് ഉദാരീകരണ-ആഗോളീകരണ നയങ്ങൾ നടപ്പിലാക്കാൻ ആരംഭിച്ചതോടെയാണ്. കമ്പോളത്തിൽ ഇടപെടാനുള്ള എല്ലാ ശ്രമങ്ങൾക്കും എതിരായ കാമ്പയിൻ ആഗോളാടിസ്ഥാനത്തിൽ തന്നെ നടന്നു. ഇറക്കുമതി നിയന്ത്രണങ്ങൾക്ക് ആഭ്യന്തര കമ്പോളത്തിലെ ഇടപെടലുകൾക്കും കരുതൽ ശേഖരത്തിനും കമ്മോഡിറ്റി ബോർഡുകൾക്കും സബ്സിഡികൾക്കും എല്ലാം എതിരായ വൻപ്രചാരവേല നടന്നു. ഇറക്കുമതി നിയന്ത്രമങ്ങൾ ഘട്ടംഘട്ടമായി ഉദാരവൽക്കരിക്കുന്ന മുമ്പുതന്നെ ആരംഭിച്ചിരുന്നു. അന്തർദേശീയ നാണയനിധിയും, ലോകബാങ്കും നിർബന്ധിച്ചതിനനുസരിച്ച് നടപ്പാക്കിയ ഘടനാപരമായ പരിഷ്കാരങ്ങൾ ഇതിന് കാരണമായി. ഏറെ വൈകാതെ ഇന്ത്യ ലോകവ്യാപാരസംഘടനയിൽ (ഡബ്ല്യു.റ്റി.ഒ) അംഗമായി. അതിനുശേഷം ഇന്ത്യ ആസിയാൻ കരാറടക്കമുള്ള സ്വതന്ത്രവ്യാപാരക്കരാറുകളിൽ അംഗമാവുകയും ചെയ്തതോടെ ചിത്രം പൂർണമായി.

ലോക വ്യാപാര ഉടമ്പടി

ലോകവ്യാപാരസംഘടനയുടെ കാർഷികവ്യാപാര ഉടമ്പടി പ്രകാരം (എ.ഒ.എ) അംഗരാജ്യങ്ങൾക്ക് കാർഷികോൽപന്നങ്ങളുടെ ഇറക്കുമതിയ്ക്കുമേൽ അളവുപരമായ നിയന്ത്രണങ്ങൾ വെയ്ക്കാൻ അവകാശമില്ല. തൊണ്ണൂറുകളുടെ അവസാനത്തോടെതന്നെ എല്ലാ അളവുപരമായ ഇറക്കുമതി നിയന്ത്രണങ്ങളും ഇന്ത്യ എടുത്തു കളഞ്ഞു. ശേഷിച്ചത് ഇറക്കുമതി തീരുവകളാണ്. ഇറക്കുമതി തീരുവകളും പിന്നീട് ഘട്ടംഘട്ടമായി കുറച്ചു. ഇതിന് പുറമേയാണ് ശ്രീലങ്കയുമായും ആസിയാൻ രാജ്യങ്ങളുമായും ഇന്ത്യ സ്വതന്ത്രവ്യാപാര കരാറിൽ ഏർപ്പെട്ടത്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന തോട്ടവിളകൾ കൃഷി ചെയ്യുന്ന രാജ്യങ്ങളാണ് ശ്രീലങ്കയും, ആസിയാൻ രാജ്യങ്ങളും എന്നത് ഇവിടെ എടുത്ത് പറയേണ്ടതുണ്ട്. സ്വതന്ത്രവ്യാപാരകരാർ അനുസരിച്ച് നീങ്ങിയാൽ അതിൽ ഒപ്പിടുന്ന രാജ്യങ്ങൾ ഒരു നിശ്ചിതകാലയളവിനുള്ളിൽ ഒരു ഏകീകൃത കമ്പോളത്തിന്റെ ഭാഗമാവണം. കയറ്റിറക്കുമതി വ്യാപാരം പൂർണ്ണമായും സ്വതന്ത്രമായിരിക്കണം എന്നർത്ഥം. ഇപ്പോൾ ഇന്ത്യ കൂടുതൽ സ്വതന്ത്രവ്യാപാര കരാറുകളിൽ ഒപ്പിടാനുള്ള തയ്യാറെടുപ്പിലാണ്.

ചുരുക്കിപ്പറഞ്ഞാൽ തോട്ടവിള ഉൽപന്നങ്ങളുടെ കയറ്റിറക്കുമതി വ്യാപാരത്തെ നിയന്ത്രിക്കാനുള്ള അധികാരം ഏതാണ്ട് പൂർണമായും ഇന്ത്യയ്ക്ക് നഷ്ടമായിരിക്കുകയാണ്. ഇനി അവശേഷിക്കുന്ന ചില

ഇടപെടൽ സാധ്യതകൾ പിന്നീട് പരിശോധിക്കാം. ആഭ്യന്തരവിപണിയിലും, അന്തർദേശീയ വിപണിയിലും ഇടപെടാനുള്ള അധികാരം നഷ്ടപ്പെട്ട ഇന്നത്തെ അവസ്ഥയുടെ പ്രത്യാഘാതം എന്താണ്? പ്രാഥമികോൽപന്ന പ്രശ്നങ്ങളെ നേരിടാൻ ഭരണകൂട ഇടപെടൽ അനിവാര്യമാണെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലൊ. ഭരണകൂട ഇടപെടലിന്റെ അഭാവത്തിൽ പ്രാഥമികോൽപന്നപ്രശ്നങ്ങൾ രൂക്ഷമാകാതെ തരമില്ല. അതാണ് ഇപ്പോൾ കേരളത്തിലെ തോട്ടവിളകളുടെ കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. വിലകൾ ദീർഘകാലാടിസ്ഥാനത്തിൽ കുറയുകയും, അവയുടെ അസ്ഥിരത ഉയരുകയും ചെയ്യുന്നതാണ് കാഴ്ച.

പ്രാഥമികോൽപന്നങ്ങളുടെ വിപണിയിൽ സർക്കാരുകളും അന്താരാഷ്ട്ര സ്ഥാപനങ്ങളും ഇടപെടാൻ തയ്യാറാവാത്തത് അവ നിഷ്പക്ഷ സമീപനം സ്വീകരിക്കുന്നതുകൊണ്ടാണെന്ന തെറ്റിദ്ധാരണ അസ്ഥാനത്താണ്. അധികാരം ഏതാണ്ട് പൂർണമായും കൃഷിക്കാർക്കും തൊഴിലാളികൾക്കും എതിരെ തിരിഞ്ഞിരിക്കുന്നു എന്നതാണ് സത്യം. മൂല്യച്ചങ്ങലകളുടെ സൈദ്ധാന്തിക പരിസരത്തുനിന്ന് നോക്കിയാൽ ഇക്കാര്യം വളരെ വ്യക്തമാവും. ഓരോ തോട്ടവിളയും കൃഷി ചെയ്യുന്നത് ലക്ഷക്കണക്കായ കൃഷിക്കാരും അതിലേറെ വരുന്ന തൊഴിലാളികളുമാണ്. വൻകിട തോട്ടങ്ങളുടെ സ്വാധീനം പരിമിതമാണ്. പരസ്പരം മത്സരിച്ചു വില കുറയ്ക്കുന്ന ഉൽപാദകരുടെ മത്സരം നിയന്ത്രിച്ച് അവരുടെ ശക്തി ഏകീകരിക്കാനാണ് മുമ്പ് സർക്കാരുകളും, കമ്മോഡിറ്റി ബോർഡുകളും, സാർവ്വദേശീയ ഉടമ്പടികളും ശ്രമിച്ചിരുന്നത്. ഇപ്പോൾ അസംഘടിതരായ, അണുവൽക്കരിക്കപ്പെട്ട ഉൽപാദകരെ രക്ഷിക്കാനല്ല മറിച്ച് അവർ തമ്മിലുള്ള മത്സരം മുറുക്കാനും വില ഇടിയ്ക്കാനുമാണ് എല്ലാ അധികാരകേന്ദ്രങ്ങളും ശ്രമിക്കുന്നത്. മുമ്പ് ഉൽപാദകർ തമ്മിലുള്ള മത്സരം രാജ്യാതിർത്തിക്കുള്ളിൽ ഒതുങ്ങിനിന്നിരുന്നെങ്കിൽ ഇപ്പോൾ മത്സരവും ആഗോളീകരിക്കപ്പെട്ടിരിക്കുകയാണ്. ഇന്ത്യയിലെയും ശ്രീലങ്കയിലെയും പ്രാഥമിക ഉൽപാദകർ തമ്മിലുള്ള മത്സരം മുറുകുകയാണ്. തൽഫലമായുണ്ടാകുന്ന വിലയിടിവിന്റെ ദുരിതം എല്ലാ രാജ്യങ്ങളിലെയും കൃഷിക്കാർ ഒരുപോലെ അനുഭവിക്കുകയാണ്.

ബഹുരാഷ്ട്ര കുത്തകകൾ

പ്രാഥമിക ഉൽപാദകർ തമ്മിലുള്ള മത്സരം മുറുകുന്നതിന്റെയും വിലയിടിയുന്നതിന്റെയും നേട്ടം ആരാണ് കൊയ്യുക? ഉത്തരം കിട്ടാൻ മൂല്യച്ചങ്ങലയിൽ പ്രാഥമിക ഉൽപാദനത്തിന് ശേഷമുള്ള കണ്ണികളിൽ ആരെല്ലാമാണ് സ്ഥാനെ പിടിച്ചിരിക്കുന്നത് എന്ന് നോക്കിയാൽ മതിയാവും. പ്രാഥമികഘട്ടത്തിൽ പങ്കെടുക്കുന്നവരുടെ വലിപ്പം കുറവായിരിക്കും, എണ്ണവും മത്സരത്തിന്റെ തീവ്രതയും കൂടുതലായിരിക്കും, അവർക്ക് പരിമിതമായ കമ്പോളശക്തിയെ ഉണ്ടാവൂ. പ്രാഥമിക ഘട്ടം കഴിഞ്ഞുവരുന്ന ഓരോ കണ്ണയിലും മത്സരിക്കുന്നവരുടെ എണ്ണം കുറയുകയും, വലിപ്പം കൂടുകയും മത്സരത്തിന്റെ തീവ്രത കുറയുകയും, കമ്പോളശക്തി കൂടുകയും ചെയ്യും. മൂല്യച്ചങ്ങലയുടെ അങ്ങേയറ്റത്ത് കാണുക കൂറ്റൻ സംസ്കരണകമ്പനികളും, ബ്രാന്റ് നയിം കമ്പനികളും, ചില്ലറ വിൽപന രംഗത്തെ കുത്തകകളുമാണ്. അവർക്ക് മൂല്യച്ചങ്ങലയെ ഭരിക്കാനുള്ള കഴിവുണ്ടാവുക സ്വാഭാവികമാമ്. കാരണം അവരുടെ കമ്പോളശക്തിയും, വലിപ്പവും അത്ര കൂടുതലണ്. അവരിലൂടെ മാത്രമേ മൂല്യച്ചങ്ങലയിലെ ഇതര പങ്കാളികൾക്ക് ഉപഭോക്താക്കളിലേയ്ക്ക് എത്താൻ കഴിയൂ. ഉപഭോക്താക്കൾ നൽകുന്ന വിലയുടെ ചെറിയ ഒരംശം മാത്രമാണ് പ്രാഥമിക ഉൽപാദകരിലേയ്ക്ക്, അഥവാ കൃഷിക്കാരിലേയ്ക്ക് എത്തിച്ചേരുക. മൂല്യച്ചങ്ങല സംബന്ധിച്ച പഠനങ്ങൾ സൂചിപ്പിക്കുന്നത് കൃഷിക്കാരിലേയ്ക്ക് എത്തിച്ചേരുന്ന ഉൽപന്നവിലയുടെ അനുപാതം കാലക്രമേണ കുറഞ്ഞു വരുന്നു എന്നാണ്.

ആഗോളീകരണകാലത്ത് മൂല്യച്ചങ്ങലകളിലെ സംസ്കരണ-വിപണന കുത്തകകൾ തമ്മിലുള്ള മത്സരം കുറയ്ക്കാനും അവരുടെ ലാഭം വർദ്ധിപ്പിക്കാനുമാണ് ഭരണകൂടങ്ങൾ ഇടപെടുന്നത് എന്നതാണ് വിരോധാഭാസം. ഉദാഹരണത്തിന് ഗുണനിലവാരം സംബന്ധിച്ചും സുരക്ഷിതത്വം സംബന്ധിച്ചുമുള്ള നിരവധി കടമ്പകൾ കടക്കണമെങ്കിൽ മാത്രമേ വിപണനത്തിന്റെ ഘട്ടത്തിലേയ്ക്ക് ഉൽപന്നങ്ങളെ എത്തിക്കാൻ കഴിയൂ. ഭൗതിക സ്വത്തവകാശങ്ങളും ഇപ്രകാരം മത്സരത്തെ തടയാൻ ബഹുരാഷ്ട്ര കുത്തകകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. നേരെമറിച്ച് കൃഷിക്കാർ തമ്മിലുള്ള മത്സരം പെരുകാൻ അധികാര കേന്ദ്രങ്ങൾ തയ്യാറാവുന്ന കാഴ്ച സാധാരണമാണ്. സ്വാഭാവിക റബ്ബറിന്റെ ഉൽപാദനം ഗണ്യമായി ഉയർത്താൻ ലോകബാങ്കും, ദേശീയ സർക്കാരുകളും നടത്തുന്ന കൂറ്റൻ ഇടപെടലുകൾ ഇവിടെ പരാമർശിക്കേണ്ടതുണ്ട്. കമ്പോളത്തിൽ ഇടപെട്ട് വലിയ ആനുകൂല്യങ്ങൾ നൽകി വലിയ ഉൽപാദനം വർദ്ധിപ്പിച്ച വില ഇടിയ്ക്കാൻ കൂട്ടുനിൽക്കുന്ന അധികാരികൾ കൃഷിക്കാരുടെ ദുരിതം മുറുകുമ്പോൾ കമ്പോളത്തിൽ ഇടപെടുന്നത് പാപമാണ് എന്ന ന്യായമാണ് പറയുക (ഹരിലാൽ ആന്റ് ജോസഫ്).

ഇന്ത്യയിലെ തോട്ടവിള വ്യവസായം നേരിടുന്ന പ്രതിസന്ധിയ്ക്ക് വൻകിട ഉൽപാദകരും സർക്കാരും പുലർത്തിയ സങ്കുചിത നിലപാടുകളും കാരണമായിട്ടുണ്ട്. ഉൽപാദനക്ഷമത ഉയർത്തുന്നതിനും, ഗുണനിലവാരം ഉയർത്തുന്നതിനും, ബ്രാന്റ് വികസനത്തിനും ഇന്ത്യയിലെ വൻകിട ഉൽപാദകർ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല. ഉദാഹരണത്തിന് തേയില വ്യവസായത്തിലെ പ്രതിസന്ധിയ്ക്ക് ഇത് കാരണമായിട്ടുണ്ട്. ഇന്ത്യയിലെ തേയിലച്ചെടികളുടെ അസാധാരണമായ പഴക്കം കുപ്രസിദ്ധിമാണ്. നല്ല വിലയും ലാഭവും ഉള്ളപ്പോൾപോലും റീപ്ലാന്റിംഗിനും ഗുണനിലവാരം ഉയർത്തുന്നതിനും ഇന്ത്യയിലെ തേയില കുത്തകൾ തയ്യാറായിട്ടില്ല. ഗുണനിലവാരം കുറഞ്ഞ ഉൽപന്നം വിറ്റഴിച്ച് താൽക്കാലിക ലാഭം കൊയ്യാനുള്ള പ്രവണത

വ്യാപകമാണ്. ഇത് ഇന്ത്യൻ ഉൽപന്നങ്ങളുടെ സൽ കീർത്തിയും പ്രിയവും ഇല്ലാതാക്കിയിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക ഗവേഷണത്തിലും പുതിയ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിലും അത്യുൽപാദന ഇനങ്ങൾ വി കസിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലുമെല്ലാം നാം പിറകോട്ടാണ്. കാപ്പിയുടെയും തേയിലയുടെയും മ റ്റും ഉപഭോക്തൃ കമ്പോളത്തിൽ ഉരുത്തിരിയുന്ന പു തിയ പ്രവണതകൾക്കൊപ്പം ഓടിയെത്താൻ നമുക്ക് കഴിയുന്നില്ല. സ്വന്തം സ്വാധീനവലയത്തിലുള്ള ഒരു ഉപഭോക്തൃ ശ്രംഖല വികസിപ്പിക്കുന്നതിൽ ഇന്ത്യൻ സംസ്കരണ വ്യവസായം പൊതുവേ പരാജയമാണ്.

3. പരിഹാര മാർഗങ്ങൾ

വിരലിലെണ്ണാവുന്ന വൻകിട തോട്ടങ്ങൾ കഴി ഞ്ഞാൽ തോട്ടവിളകൃഷി ഇന്ന് നടത്തുന്നത് പ്രധാ നമായും ചെറുകിട കൃഷിക്കാരാണ്. കേരളത്തിലും, ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലും, ഇതര മൂന്നാം ലോക രാജ്യങ്ങളിലുമുള്ള തോട്ടവിള കൃഷികാർക്ക് കമ്പോളത്തിലെ വിളകളെ സ്വാധീനിക്കാനുള്ള ശേ ഷി ഇല്ല. ഉത്പാദകരുടെ ശക്തി കേന്ദ്രീകരിക്കുന്ന ത്തിന് ഗവൺമെന്റുകളും ബോർഡുകളും, അന്തർദേ ശീയ കമ്മോഡിറ്റി എഗ്രിമെന്റുകളും നടത്തിയിരുന്ന പ്രവർത്തനങ്ങൾ ആഗോളീകരണ നയങ്ങളുടെ ഭാ ഗമായി നിർത്തിവെച്ചിരിക്കുകയാണ്. അസംഘടി തരായ പ്രാഥമിക ഉത്പാദകരെ നിയന്ത്രിക്കാനുള്ള ശേഷിയും, അധികാരവും പ്രാഥമിക ഉത്പന്നങ്ങൾ വാങ്ങി സംസ്കരിച്ച് ബ്രാന്റഡ് ഉത്പന്നങ്ങളാക്കി വി പണനം ചെയ്യുന്ന വൻകിട ബഹുരാഷ്ട്ര കോർപ്പറേ റ്റുകൾക്ക് കരഗതമായിരിക്കുന്നു. അവരുടെ വളരുന്ന കമ്പോള ശക്തിയെ നിയന്ത്രിക്കാൻ ഭരണകൂടങ്ങളോ അന്താരാഷ്ട്ര സമൂഹമോ തയ്യാറാവുന്നില്ല. മൂല്യച്ചങ്ങ ലകളിൽ അവയുടെ പ്രഭവസ്ഥാനത്തു കണ്ണിചേരുന്ന തൊഴിലാളികളുടെയും ചെറുകിട ഉത്പാദകരുടെയും കഠിനാധ്വനത്തിന്റെ ഫലം ഇന്നു കൊയ്തെടുക്കു ന്നത് പിന്നീടു കണ്ണി ചേരുന്ന മൊത്തക്കച്ചവടക്കാ രും വ്യാപാരികളും സംസ്കരണ വ്യവസായികളും ചില്ലറ വിൽപ്പന രംഗത്തെ ഭീമൻ കമ്പനികളുമാണ്. അന്തർദേശീയ വിപണിയിൽ വില വർദ്ധിക്കുമ്പോൾ അതിന്റെ പ്രയോജനം ഉത്പാദകർക്കു വിശേഷിച്ചും തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. നേരെമറിച്ച് വില ഇടിയുമ്പോൾ അതിന്റെ മുഴുവൻ ഭാരവും പേറേണ്ടി വരുന്നത് ഉൽപാദകരും തൊഴിലാളികളുമാണ്. ആ ഗോള സാമ്പത്തികപ്രതിസന്ധിയെ തുടർന്ന് ലോക കമ്പോളത്തിൽ ഡിമാന്റ് കുറയുകയും, തുടർച്ചയായി വില ഇടിയുകയും ചെയ്തതോടെ നമ്മുടെ തോട്ടവി ളരംഗത്തെ തകർച്ച കൂടുതൽ സങ്കീർണമായിരിക്കുക യാണ്. ചെറുകിട കൃഷിക്കാർ കടം കയറി നശിക്കുന്നു, പാപ്പരീകരിക്കപ്പെടുന്നു കൃഷിഭൂമി വിറ്റൊഴിയുന്നതി ലേക്കും ആത്മഹത്യയിലേക്കും തള്ളിവിടപ്പെടുന്നു. വൻകിട എസ്റ്റേറ്റ് ഉടമകൾ തകർച്ചയുടെ ഭാരം തൊ ഴിലാളികളിലേക്കും പൊതുസമൂഹത്തിന്റെ ചുമലിലേ ക്കും മാറ്റി രക്ഷപ്പെടാൻ നോക്കുന്നു. ടാറ്റ കമ്പനി ഉത്പാദനം തൊഴിലാളികളെ ഭാരമേൽപ്പിച്ച് വിപണ നത്തിലേക്ക് പിൻവാങ്ങുന്നു. തൊഴിലും കൂലിയും പരമ്പരാഗത ആനുകൂല്യങ്ങളും തൊഴിലാളികൾക്ക്കു നിഷേധിക്കപ്പെടുന്നു. വൻകിടക്കാർ ഭൂപരിഷ്കരണ നിയമം ലംഘിച്ച് ഭൂമി മുറിച്ച് വിറ്റ് റിയൽ എസ്റ്റേറ്റ് രംഗത്തേക്കും ഊഹക്കച്ചവടത്തിലേക്കും കടക്കാൻ ശ്രമിക്കുന്നു. പരിസ്ഥിതിക്ക് വലിയ ആഘാതമുണ്ടാ ക്കുന്ന ഭൂവിനിയോഗത്തിലേക്ക് മാറാൻ തോട്ടവിള പ്രതിസന്ധി മറയാക്കപ്പെടുന്നു. തൊഴിലാളികളും തൊഴിലുടമകളും സർക്കാരും തമ്മിലുള്ള ബന്ധം കലുഷിതമാവുന്നു. സമരങ്ങളും സംഘർഷവും വ്യാ പകമാവുന്നു. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമ്പത്തുൽപാദനമേഖലകളിൽ ഒന്നായ തോട്ടവിള മേഖലയുടെ ഇന്നത്തെ സ്ഥിതി ഇതാണ്. ആഴമേറിയ ഈ പ്രതിസന്ധി മറികടക്കാൻ വെള്ളം കലക്കി മീൻ പിടിക്കാൻ തക്കം പാർക്കുന്നവരുടെ പുറകെ പോയാൽ കഴിയില്ല. പ്രതിസന്ധിയെ ഏതെങ്കിലും ഒരു താല്പ ര്യം മാത്രം മുൻനിർത്തി സമീപിക്കുന്നതും ശരിയല്ല. തൊഴിലാളികൾ, ചെറുകിടകൃഷിക്കാർ, പരിസ്ഥിതി, തോട്ടവിള വ്യവസായം തുടങ്ങിയ എല്ലാ പരിഗണനക ളും എടുത്തു കൊണ്ടുള്ള സമഗ്രമായ സമീപനമാണ് കാലം ആവശ്യപ്പെടുന്നത്

അമിതമായ ലളിതവൽക്കരണത്തിന്റെ അപകടം ഉണ്ടെങ്കിലും രണ്ട് മാർഗങ്ങളാണ് മുന്നിൽ തെളിയു ന്നത്. ഒന്ന്, നിലവിലുള്ള അന്യായമായ അധികാര വ്യവസ്ഥയ്ക്കെതിരെ അതിന്റെ ഇരകളായ മഹാഭൂരി പക്ഷത്തെ ഒരുമിപ്പിച്ചുകൊണ്ടുള്ള ചെറുത്തുനിൽപ്പും വ്യവസ്ഥയുടെ പൊളിച്ചെഴുത്തും. രണ്ട്, വ്യവസ്ഥയുടെ ബലഹീനതകളും വിള്ളലുകളും ഉപയോഗിച്ചുകൊണ്ട് പിടിച്ചുനിൽക്കാനും മുന്നേറാനും ശ്രമിക്കുക. ഈ രണ്ട് സമീപനങ്ങളുടെയും അനുയോജ്യമായ ഒരു കൂട്ടായി രിക്കും മുന്നോട്ടുള്ള വഴി എന്ന് നിസ്സംശയം പറയാം.

വ്യവസ്ഥയ്ക്കെതിരായ കൂട്ടായ സമരത്തെ അപ്രാ യോഗികം എന്ന് കണ്ട് തള്ളിക്കളയാനായിരിക്കും പല പ്രായോഗികമതികളും തയ്യാറാവുക. എന്നാൽ വ്യവ സ്ഥയ്ക്കെതിരായ കൂട്ടായ്മയ്ക്ക് വലിയ സാദ്ധ്യതക ളുണ്ട് എന്നതാണ് സത്യം. ജനകീയ ഐക്യത്തിന്റെ ശക്തിയും സാദ്ധ്യതയും തിരിച്ചറിയണം എന്നുമാത്രം. ആഗോളാടിസ്ഥാനത്തിൽ നോക്കിയാൽ പോലും പ്രാഥ മികോൽപന്ന രംഗത്തെ ഇന്നത്തെ അധികാരവ്യവസ്ഥ യുടെ ഗുണഭോക്താക്കളുടെ എണ്ണം നൂറോ, നൂറ്റമ്പതോ ബഹുരാഷ്ട്ര കുത്തകകൾക്കപ്പുറത്തേയ്ക്ക് പോകില്ല. ഓരോ ഉൽപന്നത്തിന്റെയും മൂല്യച്ചങ്ങല ഭരിക്കുന്നത് വിരലിലെണ്ണാവുന്ന സംസ്കരണ-വിപണന കുത്തക കളാണ്. അവരുടെ നേട്ടത്തിന്റെ ഇരകളോ? കോടി ക്കണക്കിന് വരുന്ന തൊഴിലാളികളും, കൃഷിക്കാരും, തോട്ടമുടകളും, ചെറുകിട കച്ചവടക്കാരും, പിന്നോക്ക പ്രദേശങ്ങളും, പിന്നോക്ക രാജ്യങ്ങളും ഉൾപ്പെടും. അക്കൂട്ടത്തിൽ ദുരിതമനുഭവിക്കുന്നവർ കേരളത്തിലെ കൃഷിക്കാരും, കർഷകരും മാത്രമല്ല എന്ന് കാണണം.

അമേരിക്കയിൽ നടന്ന വാൾസ്ട്രീറ്റ് സമരത്തിന്റെ ഭാഷയിൽ പറഞ്ഞാൽ പ്രാഥമിക ഉൽപന്നമേഖലയിൽ ഇപ്പോൾ നടക്കുന്നത് 99 ശതമാനത്തിന് മേലുള്ള ഒരു ശതമാനത്തിന്റെ ഭരണമാണ്. ഈ ചെറുന്യൂനപക്ഷത്തിന്റെ വാഴ്ചയ്ക്കെതിരെ മഹാഭൂരിപക്ഷത്തെ ഐക്യപ്പെടുത്താനുള്ള ഒരു ശ്രമമായിരുന്നു ആസിയാൻ കരാറിനെതിരെ കേരളത്തിൽ ഇടതുപക്ഷം തീർത്ത മനുഷ്യച്ചങ്ങല. നിർഭാഗ്യവശാൽ വലതുപക്ഷ രാഷ്ട്രീയക്കാരും, തോട്ടമുടമകളും, അവരുടെ സംഘടനകളും, മത-സമുദായ നേതൃത്വവും ആ സമരത്തെ പരിഹസിച്ചു മാറിനിൽക്കുകയാണ് ചെയ്തത്. ഒപ്പം, ആസിയാൻ കരാറിനെയും, ലോകവ്യാപാര സംഘടനയേയും വാനോളം പുകഴ്ത്തുവാനും പലരും തയ്യാറായി. എന്താണ് കാരണം? കരാറിൽ ഒപ്പിട്ട മൻമോഹൻസിംഗിനെ പിന്തുണയ്ക്കുവാനുള്ള സങ്കുചിത കക്ഷിരാഷ്ട്രീയ താൽപര്യമാണ് രാഷ്ട്രീയ സമുദായ നേതാക്കന്മാരെ അതിന് പ്രേരിപ്പിച്ചത്. തോട്ടം മുതലാളിമാരും അവരുടെ സംഘടനകളും കണക്കുകൂട്ടിയത് തകർച്ചയുണ്ടായാൽ അതിന്റെ ഭാരം തൊഴിലാളികളുടെ മേൽ കെട്ടിവയ്ക്കാം എന്നാണ്. ഒപ്പം നികുതി ഇളവുകളും, ഭൂപരിഷ്കരണനിയമത്തിൽ നിന്നുള്ള ഇളവുകളും തരപ്പെടുത്താം എന്നും അവർ കണക്കുകൂട്ടിക്കാണും. പ്രാദേശിക മൂലധനത്തിന്റെ ഇത്തരം രക്ഷാമാർഗ്ഗങ്ങൾ ഇനി അനുവദിക്കാൻ കഴിയില്ല.

1. വിലയിടിവിൽ നിന്നും രക്ഷനേടുന്നതിനായി തൊഴിലാളികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നതും, കൂലിയും, ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കുന്നതും അനുവദിക്കാനാവില്ല. അതുകൊണ്ടാണ് പരിസ്ഥിതിയുടെ കാര്യവും ഇക്കാര്യത്തിൽ അന്തർദേശീയ തൊഴിൽ സംഘടനയും (ഐ.എൽ.ഒ) മറ്റും മുന്നോട്ട് വയ്ക്കുന്ന സോഷ്യൽ ഫ്ളോർ എന്ന ആശയം പ്രസക്തമാണ്. കൂലിയും ആനുകൂല്യങ്ങളും ഉൽപന്നവിളകളും കുറയുന്നതിനും സാമൂഹ്യമായ ഒരു പരിധി അഥവാ ഒരു നെല്ലിപ്പലക വേണം. സാമൂഹ്യമായ മിനിമം വിട്ട് കൂലിയും, വരുമാനവും, വിലകളും കുറച്ചുകൊണ്ടുള്ള ഒരു പരിഹാര്യവും സ്വീകാര്യമല്ല എന്ന ഉറച്ച നിലപാട് സ്വീകരിച്ചാൽ മറ്റു പോംവഴികൾ കൂടുതൽ ഗൗരവമായി പരിശോധിക്കപ്പെടും. മറ്റൊരു പോംവഴിയും ഇല്ലെങ്കിൽ ഈ സാമൂഹ്യ മിനിമം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല സർക്കാർ ഏറ്റെടുക്കണം.

2. പ്രാഥമിക ഉൽപാദകർ തമ്മിലുള്ള മത്സരം മുറുക്കി ഉൽപന്നവിലയും കൂലിയും കുറയ്ക്കുന്ന അന്താരാഷ്ട്ര വ്യവസ്ഥയ്ക്കെതിരെ കൃഷിക്കാരെയും തൊഴിലാളികളെയും ഒന്നിപ്പിക്കാനാവുമോ? അതിന് വേണ്ടിയുള്ള ദേശാന്തരസഖ്യങ്ങൾ സാധ്യമാവുമോ? ആഗോളീകരണത്തിന്റെ ഇന്നത്തെ കാലത്ത് അത്തരമൊരു രാഷ്ട്രീയത്തിന് വലിയ പ്രസക്തിയുണ്ട്. ലോകവ്യാപാര സംഘടനയും, സ്വതന്ത്രവ്യാപാര ഉടമ്പടികളും വൻകിട മൂലധനത്തിന്റെ താൽപര്യം മാത്രമാണ് സംരക്ഷിക്കുന്നത്. വൻകിട മൂലധനേതര താൽപര്യം, അതായത് കൃഷിക്കാരുടെയും തൊഴിലാളികളുടെയും പരിസ്ഥിതിയുടെയും താൽപര്യം സംരക്ഷിക്കുന്ന ബഹുരാഷ്ട്ര ഉടമ്പടികൾ എന്തുകൊണ്ട് പാടില്ല? നിലവിലുള്ള ഉടമ്പടികൾ ജനതാൽപര്യം മുൻനിർത്തി എന്തുകൊണ്ട് മാറ്റി എഴുതിക്കൂടാ? അതിന് കഴിയും എന്ന് തെളിയിക്കുന്ന നിരവധി അനുഭവസാക്ഷ്യങ്ങളുണ്ട്. പ്രാഥമിക ഉൽപാദകർ ഒരുമിച്ചു നിന്നു വിപണിയേയും, വിലകളേയും വരച്ച വരയ്ക്ക് നിർത്തിയതിന്റെ എക്കാലത്തെയും വലിയ അനുഭവം എണ്ണ ഉൽപാദന രാജ്യങ്ങളുടെ സംഘടയായ ഒപ്പെക്കിന്റേതാണ്. സ്വാഭാവിക റബ്ബറിന്റെ മേഖലയിലും ഇത്തരമൊരു ഉടമ്പടി വിജയകരമായി കുറച്ചുകാലം പ്രവർത്തിച്ചിരുന്നു. സ്വാഭാവിക റബ്ബർ ഉൽപാദിപ്പിക്കുന്ന പ്രമുഖ രാജ്യങ്ങൾ ഒരുമിച്ചു നിന്നാൽ (ഇന്ത്യ, ഇന്തോനേഷ്യ, മലേഷ്യ, തായ്ലാന്റ്, വിയറ്റ്നാം) സ്വാഭാവിക റബ്ബറിന്റെ വിപണിയെ അധികം ആയാസപ്പെടാതെ നിയന്ത്രിക്കാവുന്നതേയുള്ളൂ. രാജ്യങ്ങളുടെ രാജ്യത്തെ ഭരണാധികാരികളെ കൃഷിക്കാരുടെയും തൊഴിലാളികളുടെയും താൽപര്യത്തിനൊത്ത് നിർത്താൻ കൃഷിക്കാരുടെയും തൊഴിലാളികളുടെയും സംഘടനകൾ തന്നെ മുൻകൈയ്യെടുക്കണം. ആഗോളീകരണകാലത്തെ രാഷ്ട്രീയത്തിൽ ഇങ്ങനെയുള്ള മാറ്റങ്ങൾ സംഭവിച്ചേ മതിയാവൂ. റബ്ബറിന്റെ കാര്യത്തിലെന്നപോലെ മറ്റ് തോട്ടവിളകളുടെ കാര്യത്തിലും ഇത്തരം അന്താരാഷ്ട്ര കൂട്ടായ്മകൾ ഉണ്ടാക്കാൻ കഴിയും.

3. പ്രാഥമികോൽപന്നരംഗത്ത് നിലവിലുള്ള അധികാരവ്യവസ്ഥയുടെ വിള്ളലുകളും, ബലഹീനതകളും മുതലെടുത്ത് പിടിച്ചു നിൽക്കാനും മുന്നേറാനുമുള്ള സാധ്യതകളിലേയ്ക്ക് വരാം. ഇതിൽ ആദ്യത്തെ വഴി സംസ്കരണ-വിപണന കുത്തകകൾ അടക്കിവയ്ക്കുന്ന മുഖ്യധാരാ വിപണിയ്ക്ക് പുറത്ത് നിലനിൽക്കുന്ന സമാന്തരബദൽ വിപണികളെ വികസിപ്പിക്കുകയും ഉപയോഗിക്കുകയുമാണ്. ജൈവഉൽപന്നങ്ങൾക്ക് വേണ്ടിയുള്ള വിപണിയും, നീതിപൂർവ്വമായ രീതിയിൽ ഉൽപാദിപ്പിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്നവർക്ക് സംവരണം ചെയ്തിട്ടുള്ള വിപണികളും ഇതിന് ഉദാഹരണമാണ്. ഇതിന് പുറമേ ഓരോ പ്രദേശത്തെയും ഉൽപന്നങ്ങൾക്ക് പ്രാദേശികവിപണിയും ബദൽബ്രാന്റുകളും വളർത്തിയെടുക്കാൻ ശ്രമിക്കാവുന്നതാണ്. കൃഷിക്കാർക്ക് മുൻകൈയുള്ള സംസ്കരണ-വിപണന സൊസൈറ്റുകളും കമ്പനികളും രംഗത്തുവരണം. അവരെ പ്രോത്സാഹിപ്പിക്കണം. ബ്രാന്റിംഗിന്റെയും വിപണനത്തിന്റെയും രംഗം ഏറെ മൂലധനമുടക്കും, വൈദഗ്ദ്ധ്യവും ആവശ്യമുള്ള മേഖലകളാണ് എന്ന് ഇവിടെ വിസ്മരിക്കാനാവില്ല.

4. കമ്പോളത്തിൽ മത്സരം മുറുകുന്നതിനനുസരിച്ച് കൂലിയും കൃഷിക്കാരുടെ വരുമാനവും കുറയാതി

രിക്കാൻ വേണ്ട മറ്റൊരു മാർഗ്ഗം ഉൽപാദനക്ഷമത വർദ്ധിപ്പിക്കുകയാണ്. അതിന് കാലപ്പഴക്കംചെന്ന തേയിലക്കാടുകളും മറ്റും മാറ്റി പുതിയ കൃഷി ചെയ്യേണ്ടിവരും. അത്യുൽപാദനശേഷിയുള്ള ഇനങ്ങൾ വികസിപ്പിക്കേണ്ടിവരും. ഒപ്പം പുതിയ കൃഷിരീതികൾ വികസിപ്പിച്ചെടുക്കാനും കഴിയണം. ഓരോ യൂണിറ്റ് കൃഷിഭൂമിയിൽ നിന്നുമുള്ള ഉൽപാദനവും വരുമാനവും പരമാവധിയാക്കാനുള്ള കൃഷിരീതികൾ പരീക്ഷിച്ച് വിജയിപ്പിക്കേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ കമ്മോഡിറ്റി ബോർഡുകളും, ഇതര ഏജൻസികളും വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. അതെന്തായാലും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാതെ ഇന്നത്തെ കടുത്ത മത്സരത്തിന്റെ അന്തരീക്ഷത്തിൽ പിടിച്ചുനിൽക്കുക എളുപ്പമല്ല. പ്രതിസന്ധിയുടെ ഭാരം നേരിടുന്ന ഉൽപാദകർക്ക് ഇത്തരം നവീകരണ പ്രവർത്തനങ്ങൾ നടത്താനുള്ള ശേഷി ഉണ്ടാവില്ല. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉദാരമായ സബ്സിഡിയും, പലിശരഹിത വായ്പയും മറ്റും ഇക്കാര്യത്തിൽ ആവശ്യമാണ്.

5. അനേകം ചെറുകിട കൃഷിക്കാർക്ക് ന്യായമായ പട്ടയം പോലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നും അവർക്ക് സർക്കാരുകളിൽ നിന്നുള്ള സഹായവും ബാങ്ക് വായ്പയും മറ്റും ഇതുമൂലം നിഷേധിക്കപ്പെടുന്നു എന്നതും ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.

6. ഇന്നത്തെ സ്ഥിതിയിൽ ഇറക്കുമതിയുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാവില്ല. അതിനുള്ള അവകാശങ്ങൾ ലോക വ്യാപാരക്കരാറിൽ ചേർന്നപ്പോൾ അടിയറ വച്ചു. ഇതിൽനിന്ന് ഒഴിഞ്ഞുമാറാൻ ദോഹ വട്ടം ചർച്ചകൾ തുറന്ന ചില പഴുതുകൾ ഇപ്പോൾ കഴിഞ്ഞ നയ്റോബി സമ്മേളനത്തിൽ വച്ച് പൂർണ്ണമായി കെട്ടിയടയ്ക്കപ്പെട്ടു. ഇറക്കുമതി നിയന്ത്രിക്കുന്നതിന് ചുങ്കം ഉയർത്തുന്നതിനും പരിധികളുണ്ട്. റബ്ബറിന്റെ കാര്യത്തിലാണ് ഇത് ഏറ്റവും കർക്കശമായിത്തീരുന്നത്. അതുകൊണ്ട് ഇനി കരണീയമായ മാർഗം രണ്ടാണ്. ഒന്ന്, റീപ്ലാന്റിംഗിനുള്ള സബ്സിഡി ഗണ്യമായി ഉയർത്തണം. ഇന്ത്യയിൽ ശരാശരി ഹെക്ടറിന് 400 ഡോളർ റീപ്ലാന്റിംഗിന് സബ്സിഡി നൽകുമ്പോൾ തായ്ലന്റ് പോലുള്ള രാജ്യങ്ങൾ 1400 ഡോളർ വരെ സബ്സിഡിയായി നൽകുന്നുണ്ട്. രണ്ട്, വിലസ്ഥിരതാ ഫണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള ഇൻഷ്വറൻസ് പരിപാടിയുമാണ് ഇന്ന് സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പക്ഷെ, വിലകളെ സ്വാധീനിക്കുന്നതിനുവേണ്ടി സബ്സിഡിയും മറ്റും നൽകുന്നത് ലോക വ്യാപാരസംഘടനയ്ക്ക് ചതുർത്ഥിയാണ്. ആയതിനാൽ, ഒരുപക്ഷെ, ഈ രീതിയിൽ കൃഷിക്കാരെ സഹായിക്കുന്നതിന് പരിമിതി ഉണ്ടാകാം. അങ്ങനെയെങ്കിൽ കൃഷിക്കാർക്ക് വരുമാന ഉറപ്പുപദ്ധതി പ്രഖ്യാപിക്കാം. വികസിത രാജ്യങ്ങൾ കൃഷിക്കാർക്ക് വാരിക്കോരി ധനസഹായം ചെയ്യുന്നത് ഈ സമ്പ്രദായപ്രകാരമാണ്. ഏക്കറിന് ഇത്ര തുക എന്ന രീതിയിലാണ് അവർ സബ്സിഡി നൽകുന്നത്. നമുക്കും ഇത് ചെയ്യാവുന്നതാണ്. ഒരു ഏക്കറിൽനിന്നുള്ള മിനിമം വരുമാനം എത്രയെന്ന് കണക്കുകൂട്ടുകയും വിലയിടിവിന്റെ ഫലമായി അതിലുണ്ടാകുന്ന കുറവ് സർക്കാർ നികത്തിക്കൊടുക്കുകയും വേണം. ഇങ്ങനെ നഷ്ടപരിഹാരം നൽകുമ്പോൾ ഉൽപ്പാദനക്ഷമതയിലുണ്ടായ വർദ്ധന കൂടി പരിഗണിക്കാവുന്നതാണ്. ഇത്ര ഭീമമായ തുക മുതൽമുടക്കാൻ കേന്ദ്രസർക്കാർ തയ്യാറാകുമോ എന്നുള്ള ചോദ്യത്തിന് ഉത്തരം അതിനുള്ള ബാധ്യത അവർക്കുണ്ട് എന്നതാണ്. ആസിയാൻ കരാറിന്റെ ഫലമായി ഇന്ത്യയിലെ സർവ്വീസ് കോർപ്പറേറ്റുകളും വലിയ വിഭാഗം വ്യവസായ കോർപ്പറേറ്റുകൾക്കും വമ്പിച്ച നേട്ടമാണുള്ളത്. ഇതിന് അറിഞ്ഞുകൊണ്ടുതന്നെ നൽകിയ വിലയാണ് കേരളത്തിലെ തോട്ടവിളകൾ. തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ വിളക്രമം കേരളത്തോട് സാമ്യമുള്ളതായതിനാൽ കരാർ നമ്മുടെ വിളകളെ മാത്രമേ പ്രതികൂലമായി ബാധിക്കൂ. അതുകൊണ്ട് നഷ്ടപരിഹാരത്തിന് നമുക്ക് അവകാശമുണ്ട്.

7. പ്ലാന്റേഷൻ മേഖലയിലെ മുഖ്യപ്രശ്നം പഴക്കമേറിയ മരങ്ങളാണ്. ഇവ അടിയന്തരമായി റീപ്ലാന്റ് ചെയ്യേണ്ടതുണ്ട്. ഇതിനൊരു ഫലപ്രദമായ മാർഗം തൊഴിലുറപ്പുപദ്ധതിയെ ഇതിനായി നിയോഗപ്പെടുത്തുകയാണ്. എന്നാൽ, ഇതൊരു ആവർത്തന കൃഷി പ്രവർത്തനമായി കണ്ടുകൊണ്ട് അനുമതി നിഷേധിച്ചിരിക്കുകയാണ്. ചിരകാല വിളകളുടെ റീപ്ലാന്റിംഗും ഹ്രസ്വകാല വിളകളുടെ പരിചരണ പ്രവർത്തനങ്ങളും ഒരുപോലെയല്ല. ഇന്ന് തോട്ടം മേഖല നേരിടുന്ന ഗൗരവമായ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അധികൃതരുടെ നിലപാട് തിരുത്തേണ്ടതായിട്ടുണ്ട്.

8. തോട്ടം മേഖലയിലെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കണം. സ്പ്രിങ്ളർ പോലുള്ള ജലസേചന വിദ്യകൾ അനിവാര്യമാണ്.

9. കൃഷിക്കാരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുകയും അവയുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത ഉൽപ്പാദനം നടത്തുകയും വേണം. ഇതിനാവശ്യമായ ഉദാരമായ ധനസഹായം നൽകുന്നതിന് സർക്കാർ തയ്യാറാകണം. ഇതിനായി പ്രത്യേകം വ്യവസായ പാർക്കുകൾ നിർമ്മിക്കേണ്ടതുണ്ട്. വ്യവസായ ക്ലസ്റ്റർ വികസനം വികസന മാതൃകയിൽ സ്വീകരിക്കാവുന്നതാണ്. കാർഷിക സംരംഭകത്വത്തിന് ഏറ്റവും അനുയോജ്യമായ മേഖല തോട്ടവിളയാണ്.

10. തോട്ടങ്ങളിലെ താമസം, ആരോഗ്യ-വിദ്യാഭ്യാസം തുടങ്ങിയ ചുമതലകൾ പ്ലാന്റേഷൻ കമ്പനികളി

ലാണ് നിക്ഷിപ്തമായിട്ടുള്ളത്. ഇന്നത്തെ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഈ ചുമതലകൾ മറ്റെല്ലാ ജനവിഭാഗങ്ങൾക്കുമെന്നപോലെ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കണം.

11. തോട്ടം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക വകയിരുത്തൽ ഉണ്ടാവണം. പെൻഷൻ വർദ്ധിപ്പിക്കണം. മുഴുവൻ തോട്ടം തൊഴിലാളികളേയും ബി.പി.എൽ ആയി കണക്കാക്കി റേഷനും മറ്റ് ആനുകൂല്യങ്ങളും നൽകണം.

12. കമ്മോഡിറ്റി ബോർഡുകളുടെ പ്രവർത്തനത്തിൽ സമൂലമായ അഴിച്ചുപണി വേണം. ആഗോളീകരണത്തിനു മുമ്പ് റബ്ബർ ബോർഡും തേയില കാപ്പി, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ മേഖലകളുമായി ബന്ധപ്പെട്ട ബോർഡുകളും സജീവമായിരുന്നു. റബ്ബറിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും അഭിമാനകരമായി ഉയർത്താൻ ബോർഡിന്റെ പ്രവർത്തനങ്ങൾ കാരണമായി. കൃഷിക്കാർക്ക് ന്യായവില നൽകാനും ബോർഡിന്റെയും ആഗോള റബ്ബർ ഉടമ്പടിയുടേയും പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. ഉദാരീകരണ-ആഗോളികരണ നയങ്ങൾ വന്നതോടെ കൃഷിക്കാരും പ്രാഥമിക ഉത്പന്നങ്ങളുടെ ഉപഭോക്തക്കളായ കുത്തക മൂലധനവും തമ്മിലുള്ള ബലാബലം പൂർണമായും മൂലധനത്തിന് അനുകൂലമായി മാറി. കൃഷിക്കാർ അനാഥരാക്കപ്പെട്ടു. കമ്മോഡിറ്റി ബോർഡുകൾ പല രാജ്യങ്ങളിലും പിരിച്ചു വിടപ്പെട്ടു. അവശേഷിക്കുന്നവ പ്രവർത്തനരഹിതമായി അഥവാ ദുർബലമാക്കപ്പെട്ടു.

13. തോട്ടംമേഖല പാരിസ്ഥിതികമായി ദുർബലപ്രദേശങ്ങളിലാണ് വർത്തിക്കുന്നത്. മണ്ണ്-ജല സംരക്ഷണത്തിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും ആസൂത്രിതമായ പരിശ്രമം വേണം. ഏലക്കാടുകൾ ഏല വയലുകളായി മാറുന്നതിനുള്ള പ്രവണതയ്ക്ക് വിരാമമിടണം. മരവൽക്കരണത്തിനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. പിണറായി വിജയൻ (2015): ''തോട്ടവിള മേഖലയിലെ പ്രതിസന്ധി: പുതിയ സമീപനങ്ങളുടെ പ്രസക്തി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 912
2. ഡോ. ടി.എം തോമസ് ഐസക് (2015): ''റബ്ബർ പ്രതിസന്ധി തീരുന്നില്ല'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 1314
3. Dr. K. N. Harilal and V. Dhanya (2015): ''The WTO Agreement on Agriculture and Tropical Commodities: A Study in the Context of South India'', 4th International Congress on Kerala Studies, Preliminary Seminar 15, PP 1523
4. P.K. Viswanathan (2015): ''Rationalisation of Agriculture in Kerala: Implications on Natural Environment, Agro Ecsoystems and Livelihoods'', 4th International Congress on Kerala Studies, Preliminary Seminar 15, PP 2434
5. Vijayasuryan C K (2015): ''Plantation Commodtiy Exports from India: A Comparative Analysis of Trends, Pattern and Competitiveness'', 4th International Congress on Kerala Studies, Preliminary Seminar 15, PP 3552
6. തര്യൻ ജോർജ്ജ് കെ (2015): ''റബർ മേഖലയിലെ പ്രതിസന്ധിയും നയ സമീപനവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 5253
7. S.Usha Rani (2015): ''Cluster Performance: The Key to Excellence in Rubber Plantation Sector'', 4th International Congress on Kerala Studies, Preliminary Seminar 15, PP 5461
8. എസ്. മോഹൻ കുമാർ (2015): ''റബ്ബർ വിലയിടിവ് : ഉത്തേജക പദ്ധതിയുടെ രാഷ്ട്രീയം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 6163
9. ഡോ.സി. ജോർജ് തോമസ് (2015): ''വൈവിധ്യവൽക്കരണം റബ്ബർകൃഷിയിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 6365
10. Dr. Oommen Cherian (2015): ''Nature of volatiltiy in the prices of natural rubber A quest for political economy answer'', 4th International Congress on Kerala Studies, Preliminary Seminar 15, PP 6568
11. സുരേഷ് കോശി (2015): ''വിലയിടിവിനുള്ള കാരണങ്ങൾ തന്ത്രങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 6973
12. A.Sajitha (2015): ''Understanding the nature of Natural Rubber Growers' Livelihood in Kerala: A Comparative Analysis'', 4th International Congress on Kerala Studies, Preliminary Seminar 15, PP 73
13. എസ്.ചന്ദ്രശേഖരൻ നായർ (2015): ''സ്വാഭാവിക റബ്ബറും കുറെയധികം ചതിക്കുഴികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 7476
14. D Narayana (2015): ''Environmental and Social Sustainabiltiy of Tea and Coffee Production in India'', 4th International Congress on Kerala Studies, Preliminary Seminar 15, PP 7677
15. K J Joseph and Namrata Thapa (2015): ''Towards evolving a more effective R&D and extension system in Tea: A preliminary exploration'', 4th International Congress on Kerala Studies, Preliminary Seminar 15, PP 77
16. V Dhanya (2015): ''Globalisation and Indian Coffee Indutsry Who Benefits: A Value Chain Analysis'', 4th International Congress on Kerala Studies, Preliminary Seminar 15, PP 78
17. Deepika M G and Amalendu Jyotishi (2015): ''Market Risk and Marketfailure: A Study of Small Coffee Growers in Kodagu Ditsrict of Karnataka'', 4th International Congress on Kerala Studies, Preliminary Seminar 15, PP 7887
18. ജയശേഖർ. എസ്., ചന്ദ്രൻ കെ. പി., ജഗന്നാഥൻ. പി (2015): ''അടയ്ക്ക കൊക്കോ കാർഷിക മേഖലകൾ: നിറവുകളും കുറവുകളും, മികവുകളിലേയ്ക്കുള്ള തന്ത്രങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 87
19. Anil George Joseph (2015): ''Tea which we once cheered, is now dark & dreary'', 4th International Congress on Kerala Studies, Preliminary Seminar 15, PP 8889

20. J K Thomas (2015): ''Tea Plantation Scenario'', 4th International Congress on Kerala Studies, Preliminary Seminar 15, PP 9094
21. വി.ഒ.ഷാജി (2015): ''മൂന്നാറിലെ തേയില വ്യവസായം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 9495
22. കെ.കെ ദേവസ്യ (2015): ''ഏലം സംരക്ഷണം അർഹിക്കുന്ന ഒരു തോട്ടവിള'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 9598
23. Prof. Muthusamy Murugan (2015): ''An over view of spices production and productivtiy'', 4th International Congress on Kerala Studies, Preliminary Seminar 15, PP 98
24. Rajeev, P. Lijo Thomas and Sanil P.C. (2015): ''Production Scenario and Cost of Cultivation of Blck Pepper in KeralaA Time Series Analysis'', 4th International Congress on Kerala Studies, Preliminary Seminar 15, PP 9899
25. B. Sasikumar, V.P. Swetha, V.A. Parvathy and T.E. Sheeja (2015): ''Biological adulterants of spices with special reference to their detection using DNA markers'', 4th International Congress on Kerala Studies, Preliminary Seminar 15, PP 99100
26. Lijo Thomas, Rejula K, Rajeev P (2015): ''The lost glory: An economic analysis of the unfolding saga of black pepper cultivation in Kerala'', 4th International Congress on Kerala Studies, Preliminary Seminar 15, PP 100
27. Dr Homey Cheriyan (2015): ''Development tSrategies in Spices with Special Reference to Kerala'', 4th International Congress on Kerala Studies, Preliminary Seminar 15, PP 101102
28. Dr. Jaysaree Krishnanktuy (2015): ''Interventions for enhancement of spice cultivation in homesteads'', 4th International Congress on Kerala Studies, Preliminary Seminar 15, PP 102
29. Nimisha Mathews and G R Sulekha (2015): ''Standardization of Techniques for Better Rooting and Growth of Two Noded Orthtoropic Shoots in Black Pepper (Piper nigrum L.)'', 4th International Congress on Kerala Studies, Preliminary Seminar 15, PP 103
30. B.Sasikumar, D Prasath, KV Saji, Johnson K George, J Rema and M.Anandaraj (2015): ''Genetic resources and improvement of spices at ICAR Indian Institute of Spices Research, Kozhikode'', 4th International Congress on Kerala Studies, Preliminary Seminar 15, PP 104108
31. Maheswari R.S Nair (2015): ''Evaluation of 'Long Pepper' (Piper longum L) Gentoypes for Growth, Flowering and Yield'', 4th International Congress on Kerala Studies, Preliminary Seminar 15, PP 109
32. പി കൃഷ്ണപ്രസാദ് (2015): ''തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങളും, അതിനെ അഭിമുഖീകരികാനുള്ള തൊഴിലാളി വർഗ പരിപ്രേക്ഷ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 110
33. Adv. P. Lalaji Babu (2015): ''Plantation Indutsry and Labour'', 4th International Congress on Kerala Studies, Preliminary Seminar 15, PP 111113
34. Dr. Kingshuk Sarkar and Dr. Rinju Rasily (2015): ''Prevailing Low Wages and Gender Discriminiations at Tea Plantations in India'', 4th International Congress on Kerala Studies, Preliminary Seminar 15, PP 113120
35. രഘു (2015): ''കേരളത്തിലെ തോട്ടം തൊഴിലാളികൾ'', 15, PP 121
36. Jayachandran.V.N (2015): ''The Plight of Labour Movement in Tea Plantations of Kerala'', 4th International Congress on Kerala Studies, Preliminary Seminar 15, PP 122
37. പി.എസ്. രാജൻ (2015): ''പ്ലാൻറേഷൻ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 123125
38. സി.വി.വർഗീസ് (2015): ''മാധവ് ഗാഡ്ഗിൽ കസ്തൂരി രംഗൻ റിപ്പോർട്ടുകൾ തള്ളിക്കളയുക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 125126
39. K J Joseph and D Narayana (2015): ''Wrong Means for the Right Ends? Reflections on the Kasturirangan Working Group Report and Plausible Way Forward'', 4th International Congress on Kerala Studies, Preliminary Seminar 15, PP 127134
40. ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ (2015): ''ഇടുക്കിയിലെ കർഷകരും പട്ടയ പോരാട്ടങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 134136
41. Srikumar Chattopadhyay (2015): ''Environmental Consequences of Rubber Plantations in Kerala'', 4th International Congress on Kerala Studies, Preliminary Seminar 15, PP 136143
42. Gilbert Sebastian (2015): ''Observations from Field Survey in the Context of Western Ghats Panel Reports'', 4th International Congress on Kerala Studies, Preliminary Seminar 15, PP 144145
43. ആർ മണിക്കുട്ടൻ (2015): ''ഇടുക്കി ജില്ലയിലെ കുടിയേറ്റ ചരിത്രം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 146
44. ഡോ. കെ.എം. ശ്രീകുമാർ (2015): ''ഉത്തമ കൃഷി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 147159
45. വിശ്വേശ്വരൻ എസ് (2015): ''വേണം കേരള വികസനത്തിന് മണ്ണ് സംരക്ഷിത സുസ്ഥിര കൃഷി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 159
46. കെ മാധവ ചന്ദ്രൻ, യൂ സുരേന്ദ്രൻ, സി.എം സുശാന്ത്, എ.പി മുഹമ്മെദ്കോയ, വി.ജെ ദീപ, ബിന ജോസ് (2015): ''വെള്ളവും വളവും ലാഭിക്കുന്ന ഡ്രിപ്ഫെർട്ടിഗേഷൻ സംവിധാനം വ്യാപിപ്പിക്കേണ്ടതിന്റെ പ്രാധാന്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 160163
47. ഷാജി തുണ്ടത്തിൽ (2015): ''ഒരു നാടൻ പശു സമം മുപ്പതു ഏക്കർ കൃഷി ചെലവില്ലാ പ്രകൃതി കൃഷി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 164165
48. പി.വി.സിന്ധു, എം.ടി.കനകമണി, സി.ബീന (2015): ''വാണിജ്യ പ്രാധാന്യമുള്ള ഔഷധ സസ്യങ്ങളുടെ കൃഷി രീതികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് പ്രാഥമിക സെമിനാർ15, PP 166168

അധ്യായം 5

മൃഗസംരക്ഷണ മേഖല

സമീപകാലം വരെ കേരള സമ്പദ്ഘടനയിലെ ഒരു രജതരേഖയായിരുന്നു മൃഗസംരക്ഷണ മേഖല. അറുപതുകൾ മുതൽ അനുക്രമമായ വളർച്ച ഈ മേഖലയിലുണ്ടായി. കേരളീയരുടെ പരമ്പരാഗതമായ ഭക്ഷണക്രമത്തിൽ പാലിനും പാലുൽപ്പന്നങ്ങൾക്കും ഇതര സംസ്ഥാനങ്ങളിലെന്നപോലെ വലിയ സ്ഥാനമുണ്ടായിരുന്നില്ല. പ്രോട്ടീനുവേണ്ടി നാം ആശ്രയിച്ചിരുന്നത് മത്സ്യത്തെയാണ്. എന്നാൽ, എഴുപതുകളുടെ മധ്യം മുതൽ ഈ സ്ഥിതിവിശേഷം മാറി പാലിന്റെ പ്രാധാന്യം ഉയരാൻ തുടങ്ങി. ഈ സാമൂഹ്യ ആവശ്യത്തെ തൃപ്തിപ്പെടുത്താൻ ഉതകുന്ന രീതിയിൽ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞു. എന്നാൽ, മൃഗസംരക്ഷണ മേഖല ഇന്ന് ഒരു പ്രതിസന്ധിയിലേക്ക് വഴുതിവീണുകൊണ്ടിരിക്കുകയാണ്. പാലുൽപ്പാദനം കുറഞ്ഞുതുടങ്ങിയിരിക്കുന്നു. ഈ പുതിയ പ്രവണതയെ തിരുത്തുന്നതിനുള്ള ഒരു വികസന തന്ത്രം നമുക്ക് ആവിഷ്കരിക്കേണ്ടതുണ്ട്. കാരണം, അത്രയേറെ പ്രാധാന്യം മൃഗസംരക്ഷണ മേഖലയ്ക്ക് കേരള സമ്പദ്ഘടനയിൽ ഉണ്ട്.

1. മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം

കഴിഞ്ഞ അധ്യായത്തിൽ കേരളത്തിലെ കാർഷികമേഖലയുടെ വികസനത്തിന് സംയോജിത കൃഷി സമ്പ്രദായമാണ് മുഖ്യമായും നിർദ്ദേശിച്ചത്. കഴിവതും ജൈവകൃഷി രീതികളെ അവലംബിക്കണം എന്നും നാം കണ്ടു. ഇത്തരമൊരു കൃഷിസമ്പ്രദായത്തെ സുസ്ഥിരമാക്കുന്നതിന് കന്നുകാലി വളർത്തൽ അനിവാര്യമാണ്. കേരളത്തിൽ നിലനിന്നിരുന്ന പുരയിടകൃഷി സമ്പ്രദായത്തിന്റെ അവിഭാജ്യഘടകമായിരുന്നു വീട്ടുവളപ്പിലെ പശു. നിലമൊരുക്കുന്നതിന് പണ്ടുണ്ടായിരുന്ന സ്ഥാനം ഇന്ന് കാളയ്ക്കില്ല. പക്ഷെ, കാർഷിക ഉപഉൽപ്പന്നങ്ങളുടെയും അവശിഷ്ടങ്ങളുടെയും പുനഃചംക്രമണത്തിന് കന്നുകാലികൾ ആവശ്യമാണ്. അവയുടെ ചാണകം കൃഷിക്ക് അത്യന്താപേക്ഷിതമായ വളമാണ്.

ഇന്ന് കേരളത്തിലെ കാർഷികമേഖലയിൽനിന്ന് വരുമാനത്തിന്റെ 22 ശതമാനം മൃഗസംരക്ഷണ മേഖലയിൽനിന്നാണ്. 70 ലക്ഷം കുടുംബങ്ങളിൽ 5 ലക്ഷം കുടുംബങ്ങളുടെ മുഖ്യവരുമാനമാർഗം മൃഗസംരക്ഷണമാണ്. മറ്റൊരു 5 ലക്ഷത്തിന് ഉപവരുമാന മാർഗമാണ്. ഇവരിൽ ഗണ്യമായ ഭാഗം കർഷകത്തൊഴിലാളികളോ നാമമാത്ര കൃഷിക്കാരോ ആണ്. അങ്ങനെ ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ സുപ്രധാനമായ ഒരു പങ്ക് മൃഗസംരക്ഷണ മേഖലയ്ക്കുണ്ട്. കർഷക ആത്മഹത്യയുണ്ടായ പ്രദേശങ്ങളിൽ പുനരധിവാസത്തിന് പശു വളർത്തലാണ് പ്രധാനമായും തെരഞ്ഞെടുത്തിട്ടുള്ളത്. ദൈനംദിന വരുമാനം ഉറപ്പു തരുന്ന ഈ മേഖല ദാരിദ്ര്യ നിർമാർജന പദ്ധതികളിലും മുൻപന്തിയിൽ നിൽക്കുന്നു. കേരളത്തിലെ കുടുംബശ്രീ നടത്തിയ പഠനത്തിലും 37 ലക്ഷം കുടുംബങ്ങളെ സഹായിച്ചപ്പോൾ 70 ശതമാനം മൃഗസംരക്ഷണമേഖലയാണ് തെരഞ്ഞെടുത്തത് എന്നു കണ്ടു.

നാമമാത്ര കൃഷിക്കാർ

കേരളത്തിലെ കന്നുകാലി ഉടമസ്ഥരുടെ ഭൂമിയുടെ വലുപ്പം പരിശോധിച്ചാൽ 88 ശതമാനം കന്നുകാലികളും 87 ശതമാനം എരുമകളും 93 ശതമാനം മാടുകളും ഒരു ഹെക്ടറിനു താഴെ വലുപ്പമുള്ള കൃഷിക്കാരുടെ ഉടമസ്ഥതയിലാണ്. വളർത്തുപക്ഷികളിൽ 94 ശതമാനവും ചെറുകിട കൃഷിക്കാരുടെ പക്കലാണ്. ഒരു വ്യത്യസ്തതയുള്ളത് പന്നിവളർത്തലിന്റെ കാര്യത്തിലാണ്. 58 ശതമാനമേ ചെറുകിടക്കാരുടെ കൈവശമുള്ളൂ. 32 ശതമാനം കന്നുകാലി ഉടമസ്ഥർക്കും ഒരു പശുവേയുള്ളൂ. 2-3 പശുക്കൾ വീതമുള്ള കൃഷിക്കാർ മറ്റൊരു 55 ശതമാനം വരും. വൻകിട ഡയറി ഫാമുകൾ അത്യപൂർവ്വമാണ്. പാവങ്ങളുടെ അത്താണിയാണ് മൃഗസംരക്ഷണം.

2. ഇന്നത്തെ അവസ്ഥ

2007 ലെ കന്നുകാലി സർവ്വേ പ്രകാരം കേരളത്തിൽ 18 ലക്ഷം കന്നുകാലികളുണ്ട്. ഇന്ത്യയിലെ ഇതര പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി എരുമകൾക്ക് വലിയ പ്രാധാന്യമില്ല. മൊത്തം കന്നുകാലികളിൽ എരുമകളുടെ എണ്ണം 4 ശതമാനത്തിൽ താഴെയാണ്. മറ്റൊരു കാര്യവും കൂടി ഈ പട്ടികയിൽനിന്ന് വ്യക്തമാകുന്നുണ്ട്. പശുക്കളുടെ 94 ശതമാനവും സങ്കരഇനങ്ങളാണ്.

1955-ലാണ് കന്നുകാലി സമ്പത്തിന്റെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ക്രോസ് ബ്രീഡിംഗ് ആരംഭിച്ചത്. 1963-ൽ സ്വിസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ ഇന്തോ-സ്വിസ് പ്രോജക്ട് ആരംഭിച്ചു. ഹൈറേഞ്ചിലെ മാട്ടുപ്പെട്ടിയിൽ ആരംഭിച്ച ആധുനിക കന്നുകാലി ഫാം കേരളത്തിനാവശ്യമായ മരവിപ്പിച്ച സെമൻ ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. ഈ പദ്ധതിയോട് ബന്ധപ്പെട്ട് 1967-68ൽ 37 റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസിമിനേഷൻ കേന്ദ്രങ്ങളും 1482 ഇന്റൻസീവ് കാറ്റിൽ ഡെവലപ്മെന്റ് പ്രോജക്ട് സബ്സെന്ററുകളും കേരളത്തിലുടനീളം സ്ഥാപിക്കപ്പെട്ടു. അടുത്ത രണ്ട് ദശാബ്ദങ്ങളിൽ കേരളത്തിലെ സങ്കര ഇനം പശുക്കളുടെ എണ്ണം അതിവേഗത്തിൽ ഉയരാൻ തുടങ്ങി.

ഗവേഷണ-എക്സ്റ്റൻഷൻ പ്രവർത്തനം

പഞ്ചായത്തുതലം വരെയുള്ള വിപുലമായ സേവനശൃംഖല ഈ മേഖലയിലുണ്ട്. മൃഗസംരക്ഷണവകുപ്പിനു കീഴിൽ ആശുപത്രികൾ, ലബോറട്ടറികൾ, ഫാമുകൾ, ബീജാധാനകേന്ദ്രങ്ങൾ, പരിശീലനകേന്ദ്രങ്ങൾ തുടങ്ങി 2698 സ്ഥാപനങ്ങളുണ്ട്. ക്ഷീരവികസന വകുപ്പിനു കീഴിൽ 152 ഡയറി എക്സ്റ്റൻഷൻ യൂണിറ്റുകൾ, 14 ജില്ലാ ഓഫീസുകൾ, 14 ക്വാളിറ്റി കൺട്രോൾ വിഭാഗം, രണ്ടു തീറ്റപ്പുൽ ഫാമുകൾ, അഞ്ചു പരിശീലനകേന്ദ്രങ്ങൾ ഇവയുണ്ട്. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ ഫാമുകളിൽ ബീജം, തീറ്റപ്പുൽ വിത്ത് ഇവ ഉത്പാദിപ്പിക്കുന്നു. കേരള പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ മുട്ടക്കോഴി, ബ്രോയിലർ കോഴി കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന ഫാമുകൾ, കോഴിത്തീറ്റ ഉത്പാദന ഫാക്ടറി, താറാവ് ഫാമുകൾ ഇവയും ഇറച്ചിയുടെ മൂല്യ വർദ്ധിത വിഭവങ്ങളും ഉത്പാദിപ്പിക്കുന്നു. ഇവിടെ നിന്നും മൃഗസംരക്ഷണ വകുപ്പ് ഫാമുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന കുഞ്ഞുങ്ങളെ 35-40 ദിവസം വരെ വളർത്തി കർഷകർക്ക് ലഭ്യമാക്കുന്ന എഗ്ഗർ നേഴ്സറികൾ സംസ്ഥാനത്താകെ കർഷകരുടെ സഹായത്തോടെ പ്രവർത്തിക്കുന്നു.

കേരള വെറ്റിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ രണ്ട് വെറ്റിനറി കോളേജുകളും ഒരു ഡയറി സയൻസ് കോളേജും 15 ഗവേഷണ ഫാമുകൾ, രണ്ട് ആശുപത്രികൾ ഇവ പ്രവർത്തിക്കുന്നു. കേരള ഫീഡ്സിന്റെ അഞ്ചു പ്ലാന്റുകളിലായി കാലിത്തീറ്റയും മിനറൽ മിശ്രിതവും ഉത്പാദിപ്പിക്കുന്നു. സ്വകാര്യ കാലിത്തീറ്റ ഫാക്ടറികളും പ്രവർത്തിക്കുന്നു. പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി നാലു മുതൽ ആറു മാസം വരെ പ്രായമുള്ള സങ്കരവർഗം പശുക്കുട്ടികൾക്ക് പ്രസവിക്കുന്നതുവരെ സമീകൃത തീറ്റയും ഇൻഷ്വറൻസും നൽകുന്നു. രോഗനിയന്ത്രണത്തിനായി അസ്ക്കാഡ് രോഗപ്രതിരോധകുത്തിവെയ്പ് പരിപാടി നടന്നു വരുന്നു. മിൽമയുടെ വിപുലമായ സംഭരണ വിപണനശൃംഖലയും കർഷകർക്കുള്ള പദ്ധതിയും നടപ്പാക്കുന്നുണ്ട്.

പാലുൽപ്പാദന വർദ്ധനവ്

സങ്കര ഇനം പശുക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പാലിന്റെ ഉൽപ്പാദനക്ഷമതയും മെച്ചപ്പെട്ടു. തുടക്കത്തിൽ പറഞ്ഞതുപോലെ കേരളത്തിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഉപഭോഗം വർദ്ധിച്ചുവരികയാണ്. ഇന്ന് ഉത്പാദനക്ഷമതയിൽ കേരളത്തിന് രാജ്യത്ത് മൂന്നാം സ്ഥാനമുണ്ട്. (പഞ്ചാബ് 10.95ലി., ഛത്തീസ്ഗഢ് 9.05 ലി., കേരളം 9.02 ലി.) കേരളത്തിലെ പാലുൽപ്പാദന വർദ്ധനവിൽ മുഖ്യ ഘടകം പശുക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനെക്കാൾ ഉൽപ്പാദനക്ഷമതയിലുണ്ടായ വർദ്ധനവാണ്. കേരളത്തിലെ പാലുൽപ്പാദനം 1990-1992 കാലത്ത് 18.9 ലക്ഷം ടൺ ആയിരുന്നത് 1998-2000 കാലത്ത് 25.2 ലക്ഷമായി ഉയർന്നു.

പാലിന്റെ ഇറച്ചിയുടെയും മുട്ടയുടെയും ഉപഭോഗം കേരളത്തിൽ ഗണ്യമായി ഉയർന്നിട്ടുണ്ട്. 1999-00 37.7 കിലോ ആയിരുന്നു പ്രതിശീർഷ പാൽ ഉപഭോഗം. 2009-10 ആയപ്പോഴേക്കും ഇത് 10.2 കിലോ ആയി വർദ്ധിച്ചു. ഇറച്ചിയുടെ ഉപഭോഗം 3.4 കിലോയിൽനിന്ന് 5.6 കിലോ ആയി ഇതേ കാലയളവിൽ ഉയർന്നു. മുട്ടയുടെ എണ്ണം 33.3ൽ നിന്ന് 42.1 ആയി ഉയർന്നു.

കേരളത്തിൽ 2009-10ൽ 28 ലക്ഷം ടൺ പാലാണ് വേണ്ടിയിരുന്നത്. ഇതുപോലെ ഇറച്ചിയുടെ ആവശ്യം 4.6 ലക്ഷം ടൺ ആയിരുന്നു. 29.9 ലക്ഷം മുട്ടയും വേണ്ടിയിരുന്നു. ഇതിൽ 89 ശതമാനം പാലും 72.16 ശതമാനം മുട്ടയും 73 ശതമാനം ഇറച്ചിയും കേരളത്തിൽനിന്നുതന്നെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു. ധാന്യത്തെയും

പച്ചക്കറികളെയും അപേക്ഷിച്ച് മൃഗസംരക്ഷണ മേഖലയിൽ താരതമ്യേന ഉയർന്ന സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കഴിഞ്ഞു. പ്രതിശീർഷ ഇറച്ചി യുടെ ഉപഭോഗം കേരളത്തിൽ ഉയർന്നതാണെങ്കിലും ഇറച്ചിക്കായുള്ള കന്നുകാലി വളർത്തൽ കേരളത്തി ലില്ല. ഇറച്ചിക്കായി നാം ആശ്രയിക്കുന്നത് കേരള ത്തിലെ തന്നെ പ്രായംചെന്ന കന്നുകാലികളെയും കാളകളെയുമാണ്. ഇത്തരത്തിലുള്ള നിയന്ത്രിതമായ ഗോവധം കേരളത്തിലെ കന്നുകാലികളുടെ ജനി തക ഗുണമേന്മ ഉയർത്തുന്നതിന് സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. പശു-പോത്ത് ഇറച്ചിയുടെ സിംഹഭാ ഗവും ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പ്രായംചെന്ന കന്നുകാലികളിൽനിന്നാണ്. രാജ്യത്തെ കാർഷിക സമ്പദ്ഘടനയ്ക്ക് ഒരു ജഡഭാരമായിത്തീ രാവുന്ന ഉൽപ്പാദനകാലം കഴിഞ്ഞ കന്നുകാലികളെ നീക്കം ചെയ്യുന്നതിന് സംസ്ഥാനത്തെ ഉപഭോഗം ഒരു പ്രധാനപ്പെട്ട പങ്കു വഹിച്ചു. പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തയിലേയ്ക്ക് നീങ്ങാൻ കഴിഞ്ഞു.

കോഴി വളർത്തൽ

കോഴി ഇറച്ചി ഉൽപ്പാദനം പകുതിയിലധികവും രജി സ്റ്റർ ചെയ്യപ്പെടാത്ത മേഖലയിൽ നിന്നാണ്. വൻകിട സ്വകാര്യ കമ്പനികൾ കുഞ്ഞുങ്ങൾ, തീറ്റ, മരുന്ന്, വാക്സിൻ ഇവ നേരിട്ട് എത്തിക്കുകയും തുടർന്ന് വളർച്ച എന്നിവയുടെ വില്പന ഉറപ്പു വരുത്തുകയും ചെയ്തുകൊണ്ട് ആയിരക്കണക്കിന് രജിസ്റ്റർ ചെയ്യാത്ത ബ്രോയിലർ യൂണിറ്റുകൾ പ്രവർത്തിച്ചു പോരുന്നുണ്ട്. സഹകരണമേഖലയിൽ അമ്പലവയൽ കാലിത്തീറ്റ, ബ്രഹ്മഗിരി ഇറച്ചി ഉത്പാദനം തുടങ്ങിയ മാതൃകകളും പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പ റേഷൻ ആണ് കോഴിവളർത്തൽ മേഖലയിലെ മുഖ്യ വികസന ഏജൻസി. കോർപ്പറേഷനു കീഴിൽ ബ്രോയ്ലർ കോഴി കുഞ്ഞുങ്ങളുടെ ഉൽപ്പാദനകേന്ദ്രവും താറാവ് ഫാമും കോഴിത്തീറ്റ ഉൽപ്പാദന ഫാക്ടറിയും ഒരു ഇറച്ചി സംസ്കരണ ഫാക്ടറിയും ഉണ്ട്. സംയോ ജിത കോഴി വളർത്തൽ സ്കീമിൽ രണ്ടായിരത്തിലേറെ ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഷെഡ്ഡുകൾ ഉള്ള വർക്ക് കൃത്യമായ മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിൽ കോഴിക്കുഞ്ഞുങ്ങളെ വളർത്താൻ നൽകുന്നു. 35-40 ദിവസം പ്രായമായ കോഴികളെ ഇവിടെനിന്ന് വാങ്ങി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

മൃഗസംരക്ഷണ മേഖലയിൽ 1990-91ൽ സർക്കാർ ചെലവഴിച്ച തുക സംസ്ഥാന ആഭ്യന്തര വരുമാന ത്തിന്റെ 0.67 ശതമാനമായിരുന്നു. ഇത് 2000-01 വർഷ മായപ്പോൾ 0.84 ആയി ഉയർന്നു. എന്നാൽ, പിന്നീട് വർദ്ധന ഉണ്ടായില്ല. 2009-10ൽ ഈ തോത് 0.79 ശത മാനമായിരുന്നു.

സമകാലീന പ്രതിസന്ധി

കാർഷികമേഖലയുടെ തകർച്ചയും കൃഷിഭൂമി യുടെ ശോഷണവും വലിയ വെല്ലുവിളി ഉയർത്തുന്നു. 2003-നും 2007-നും ഇടയിൽ രാജ്യത്ത് കന്നുകാലി സമ്പത്ത് 7% വർദ്ധിച്ചപ്പോൾ കേരളത്തിൽ 18% കുറ ഞ്ഞു. എരുമകളുടെ എണ്ണത്തിൽ 10.7% വും പന്നി കൾ 22.5% വും കുറഞ്ഞു. എന്നാൽ ആടുകൾ 42.5% വർദ്ധിച്ചു. കോഴികളുടേയും താറാവിന്റേയും എണ്ണ ത്തിലും 30.6% വർദ്ധനവുണ്ടായി.

കന്നുകാലികളുടെ എണ്ണത്തിൽ മാത്രമല്ല, ഉൽപ്പാ ദനത്തിലും കുറവുണ്ടായി. 1990-91/1999-00 കാത്തത്ത് പ്രതിവർഷം 4.82 ശതമാനം വീതം പാലും പാലുൽപ്പ ന്നങ്ങളുടെയും വരുമാനം ഉയർന്നെങ്കിൽ 2000-01/2008 -09 കാലത്ത് പ്രതിവർഷം -1.84 ശതമാനം വീതം വരു മാനം കുറഞ്ഞു. പത്താം പദ്ധതിക്കാലത്ത് ദേശീയ പാലുൽപ്പാദനം 4 ശതമാനം ഉയർന്നപ്പോൾ കേരള ത്തിലെ പാലുൽപ്പാദനം 4.6 ശതമാനം വീതം കുറയു കയാണുണ്ടായത്. തുടർന്നുള്ള വർഷങ്ങളിൽ ഉൽപ്പാ ദനം ഗണ്യമായി മെച്ചപ്പെട്ടെങ്കിലും 2012-13 ആയപ്പോൾ വളർച്ചാനിരക്ക് 2.76 ശതമാനമായി കുറഞ്ഞു. 2013-14ൽ പാലുൽപ്പാദനം കേവലമായി -0.18 ശതമാനം കുറഞ്ഞു. ഇതിന്റെ ഫലമായി രാജ്യത്തെ പാലുൽപ്പാദനത്തിൽ 2003-04ൽ കേരളത്തിന് 2.4 ശതമാനം വിഹിതമുണ്ടാ യിരുന്നത് 2013-14ൽ 1.99 ശതമാനമായി കുറഞ്ഞു.

1990-91/1999-00 കാലത്ത് ഇറച്ചി ഉൽപ്പാദനം 3.01 ശതമാനം വീതം ഉയർന്നു. എന്നാൽ 2000-01/2008-09 കാലത്ത് ഇറച്ചി ഉൽപ്പാദനം പ്രതിവർഷം -4.16 ശത മാനം വീതം ഇടിഞ്ഞു. മുട്ട ഉൽപ്പാദനത്തിൽ നിന്നുള്ള വരുമാനത്തിന്റെ വളർച്ച ഇതേ കാലയളവിൽ 5.23 ശത മാനത്തിൽ നിന്ന് 2.56 ശതമാനമായി താഴ്ന്നു. മറ്റുള്ള വയിൽനിന്നുള്ള വരുമാനം -0.38 ശതമാനത്തിൽനിന്ന് 2.4 ശതമാനമായി ഉയർന്നു. മൊത്തം മൃഗപരിപാലന മേഖലയിൽ നിന്നുള്ള സംസ്ഥാന വരുമാനം തൊണ്ണൂ റുകളിൽ 3.87 ശതമാനം വീതം വർദ്ധിച്ചുകൊണ്ടിരു ന്നത് 2000-ങ്ങളിൽ 0.55 ശതമാനമായി മന്ദീഭവിച്ചു.

പാല്, മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിൽ നാം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുന്നതിനുള്ള പ്രവ ണതയാണ് ഉണ്ടായിരുന്നത്. എന്നാൽ, കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ സ്ഥിതിഗതികൾ തുടർന്നാൽ 2030 ആകുമ്പോഴേക്കും 46 ശതമാനം പാലും 80 ശതമാനം കോഴിമുട്ടയും 35 ശതമാനം ഇറച്ചിയും മറ്റ് സംസ്ഥാ നങ്ങളിൽനിന്ന് നാം ഇറക്കുമതി ചെയ്യേണ്ടിവരും എന്നാണ് പരിപ്രേക്ഷ്യ പദ്ധതി 2030 വിലയിരുത്തു ന്നത്. കാരണം, മറ്റു ഭക്ഷ്യവിഭവങ്ങളേക്കാൾ ഉയർന്ന നിരക്കിലാണ് പാൽ, മുട്ട, മാംസം എന്നിവയുടെ ആവ ശ്യകത ഉയരുന്നത്. ഈ സ്ഥിതിവിശേഷത്തെ നേരിടു ന്നതിന് പരിപ്രേക്ഷ്യ പദ്ധതി 2030 മുന്നോട്ടുവയ്ക്കുന്ന പൊതുസമീപനത്തോട് യോജിക്കാനാവില്ല.

പരിപ്രേക്ഷ്യപദ്ധതിയുടെ വിമർശനം

ചർച്ചയ്ക്കായി അവതരിപ്പിച്ച പരിപ്രേക്ഷ്യപദ്ധതി യുടെ കരട് രേഖ നിശിതമായ വിമർശനങ്ങളെത്തു ടർന്ന് കാതലായ തിരുത്തലുകളോടെയാണ് അംഗീ

കരിച്ചത്. ക്ലാസിക്കൽ സഹകരണ പ്രസ്ഥാനത്തിന്റെ കാലം കഴിഞ്ഞു എന്ന നിഗമനത്തിൽ നിന്നാണ് ഈ രേഖയുടെ വിശദീകരണം തുടങ്ങുന്നത്. അതുകൊണ്ട് മറ്റ് രാജ്യങ്ങളിലുള്ള പ്രൊഡ്യൂസർ കമ്പനികളുടെയും ഡയറി മോഡലുകളുടെയും മാതൃകകൾ തേടുന്നതിനുവേണ്ടിയാണ് രേഖയിൽ ശ്രമിക്കുന്നത്. ആനന്ദ് മാതൃകയിലുള്ള സഹകരണ സംഘങ്ങളുടെ ദൗർബല്യങ്ങൾ പരിഹരിക്കണം എന്നു പറഞ്ഞാൽ അംഗീകരിക്കാം. പക്ഷെ, ആനന്ദ് മാതൃക മത്സരശേഷിയില്ലാത്തത് എന്നു പറയുന്നത് വിവരക്കേടാണ്. നാടിന്റെ കാർഷിക ഘടനയ്ക്ക് അനുയോജ്യമായ സഹകരണ സംവിധാനം എന്നതു മാത്രമല്ല ആനന്ദ് പാറ്റേണിന്റെ മേന്മ. ബഹുരാഷ്ട്ര കുത്തക കമ്പനികളുമായി സാങ്കേതികവിദ്യയിലും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലും ഉൽപ്പാദനക്ഷമതയിലും വിപണന തന്ത്രത്തിലും വിജയം വരിച്ച സംവിധാനമാണ്. ഹരിത വിപ്ലവത്തെപ്പോലെ ഇന്ത്യയുടെ ഒരു വിജയഗാഥയാണ് ധവള വിപ്ലവം. അമുൽ പോലെ കേരളത്തിൽ മിൽമ വിജയകരമല്ല എന്നത് ശരി. അതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ച് തിരുത്തുകയാണ് വേണ്ടത്.

ഇന്ന് കന്നുകാലി വളർത്തൽ നാമമാത്ര-ചെറുകിട കൃഷിക്കാരുടെ ഉപജീവനമാർഗമാണ്. ഇത് മാറ്റി വ്യവസായ സംരംഭകത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയെ പുനഃസംഘടിപ്പിക്കണം എന്ന ആശയം അപ്രായോഗികമാണ്. വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകളെ എതിർക്കേണ്ട ആവശ്യമില്ല. പക്ഷെ, കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ ഭാവി സംയോജിത കൃഷിയോട് ബന്ധപ്പെടുത്തിയേ ചിന്തിക്കാനാകൂ.

3. വികസന നിർദ്ദേശങ്ങൾ

പാലുൽപ്പാദനത്തിലും മുട്ട ഉൽപ്പാദനത്തിലും സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നാം പ്രവർത്തിക്കേണ്ടതുണ്ട്. പാലുൽപ്പന്നങ്ങളുടെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളിലെ കമ്പോളങ്ങളിലേക്ക് കടന്നുചെല്ലാൻ നമുക്ക് കഴിയണം. അതോടൊപ്പം, ക്ഷീരകൃഷിക്കാർക്ക് വർദ്ധിച്ച വരുമാനവും ക്ഷേമവും ഉറപ്പുവരുത്തണം. ഇതിനായുള്ള നിർദ്ദേശങ്ങളാണ് ഇനി നൽകുന്നത്.

കാലി-കോഴി തീറ്റ

1. കന്നുകാലി മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ ദൗർലഭ്യവും വിലയുമാണ്. നെൽകൃഷിയുടെ തകർച്ച വൈക്കോൽ ക്ഷാമം സൃഷ്ടിച്ചു. കാലിത്തീറ്റയുടെ നല്ല പങ്കും ഇതര സംസ്ഥാനങ്ങളിൽനിന്ന് വാങ്ങണം. പൊതുമേഖലയിൽ കാലിത്തീറ്റ ഉൽപ്പാദനശേഷി ഗണ്യമായി ഉയർത്തണം. ഈ തീറ്റയാവട്ടെ ന്യായവിലയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുകയും വേണം.
2. പുരയിടങ്ങളിൽ ഇടവിളയായി തീറ്റപ്പുല്ല് വ്യാപിപ്പിക്കാവുന്നതാണ്. തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി മണ്ണ്-ജല സംരക്ഷമ പ്രവർത്തനങ്ങളുടെ ഭാഗമായി തെങ്ങിൻ തടങ്ങൾക്കു ചുറ്റുമായി തീറ്റപ്പുല്ല് വളർത്താൻ ഒരു പരിപാടിക്ക് രൂപം നൽകണം. തരിശ് പ്രദേശങ്ങളിൽ തീറ്റപ്പുല്ല് ഫാമുകൾ സ്ഥാപിക്കാൻ കഴിയും.
3. കേരളത്തിൽ ഒരു വൻകിട കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം. നമ്മുടെ നഗരങ്ങളിലെ ഇറച്ചി മാലിന്യവും മീൻ അവശിഷ്ടങ്ങളും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാം. മലിനീകരണമില്ലാതെ ഇത്തരമൊരു ഫാക്ടറി പ്രവർത്തിപ്പിക്കാൻ കഴിയും എന്നാണ് വിദേശരാജ്യങ്ങളുടെ അനുഭവങ്ങൾ കാണിക്കുന്നത്.

ജനിതക സമ്പത്ത്

4. കന്നുകാലി മേഖലയിലെ ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം ഇന്ന് നാം തിരിച്ചറിയുന്നുണ്ട്. ഒരു നിശ്ചിത ശതമാനം തദ്ദേശീയ ഇനങ്ങളായി സംരക്ഷിക്കേണ്ടതുണ്ട്. എന്നാൽ, പാലുൽപ്പാദന മേഖലയിലെ മുഖ്യ തന്ത്രം ഉൽപ്പാദനക്ഷമത ഉയർത്താൻ ആകുംവിധം ജനിതക ഗുണമേന്മയിൽ വർദ്ധനവ് വരുത്തുക എന്നതായിരിക്കണം. ഇതിന് നിലവിലുള്ള ആർട്ടിഫിഷ്യൽ ഇൻസിമിനേഷൻ സംവിധാനങ്ങളും ഗവേഷണങ്ങളും ശക്തിപ്പെടുത്തണം.
5. കേന്ദ്രാവിഷ്കൃത പദ്ധതിയായി ആരംഭിച്ച കന്നുകുട്ടി പരിപാലനം ഫലപ്രദമാണെന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്. കന്നുകുട്ടികളുടെ വളർച്ചാകാലത്ത് അവയ്ക്ക് മെച്ചപ്പെട്ട ഭക്ഷണം സർക്കാർ സബ്സിഡിയോടെ ലഭ്യമാക്കുന്ന പരിപാടിയാണിത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഈ പരിപാടി സാർവത്രികമാക്കണം.
6. ഓമനപക്ഷി വളർത്തൽ, വ്യാവസായികാടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, തുടങ്ങിയ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം. ഓമനപക്ഷികളുടെയും നായ്ക്കളുടെയും മറ്റും വാണിജ്യാടിസ്ഥാനത്തിലുള്ള ബ്രീഡിംഗ് വികേന്ദ്രീകൃതമായി വലിയ തോതിൽ നടക്കുമ്പോൾ വിപണി ഉറപ്പുവരുത്തണം. ഇതിനായി ഓൺലൈൻ വിപണന സൈറ്റുകൾ ആരംഭിക്കാവുന്നതാണ്.

മൂല്യവർദ്ധനയും സംസ്കരണവും

7. കേരളത്തിലെ ഇറച്ചിയുടെ ഉപഭോഗം വളരെ വലുതാണെങ്കിലും അറവുശാലകൾ ശുചിയല്ലാത്തവയും പ്രാകൃതവുമാണ്. സ്ഥാപിക്കപ്പെട്ട അറവുശാലകൾ പോലും പ്രവർത്തിക്കുന്നില്ല. വിവിധ വലുപ്പത്തിലുള്ള ആധുനിക അറവുശാലകൾക്ക് ശാസ്ത്രീയമായ മോഡലുകൾ തയ്യാറാക്കുകയും സമയബന്ധിതമായി അനുയോജ്യമായവ എല്ലാ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും സ്ഥാപിക്കുന്നതിന് ഒരു സമയബന്ധിത പദ്ധതി നടപ്പാക്കേണ്ടതാണ്.

8. തൊഴിലുറപ്പുപദ്ധതിയിൽ കാലിത്തൊഴുത്ത് നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഈ സാദ്ധ്യത വേണ്ടത്ര ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ചാണക-മൂത്ര വിസർജ്ജ്യങ്ങൾ എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനും ശുചിയായ തീറ്റ നൽകുന്നതിനും ഉറപ്പുവരുത്തുന്ന ലളിതമായ കാലിത്തൊഴുത്ത് മോഡലുകൾ ലഭ്യമാണ്. ഇവ സാർവ്വത്രികമാക്കുന്നതിനുള്ള സമയബന്ധിത പരിപാടി നടപ്പാക്കണം.

9. ചെറുകിട ഉൽപ്പാദക യൂണിറ്റുകളാണ് കേരളത്തിൽ പ്രാമുഖ്യം എന്നതിനാൽ യന്ത്രവൽക്കരണം എളുപ്പമല്ല. കറവക്കാരുടെ ദൗർലഭ്യമാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. ചെറുകിട യൂണിറ്റുകളിൽ പാൽ കറക്കുന്നതിന് സഹായകരമായ രീതിയിൽ കറവു യന്ത്രങ്ങളെ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്.

10. കന്നുകാലികൾ ഉള്ള എല്ലാ വീട്ടിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുക്കണം. മലിനീകരണവും ദുർഗന്ധവും ഒഴിവാക്കുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്. ചാണകത്തിൽനിന്നും മറ്റും ഉണ്ടാകുന്ന മീഥേൻ കാലാവസ്ഥാ വ്യതിയാനത്തിന് ഇടയാക്കുന്ന ഒരു ഹരിതഗൃഹ വാതകമാണ്. എന്നാൽ, ബയോഗ്യാസിലൂടെ ഇത് പാചകവാതകമാക്കി മാറ്റാൻ കഴിഞ്ഞാൽ അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനാകും.

11. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതു വഴി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാനാവും. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് അമുൽ. എന്നാൽ, മിൽമയ്ക്ക് ഈ നിലവാരത്തിലേക്ക് ഉയരാൻ കഴിഞ്ഞില്ല. ക്ഷീര സംഘങ്ങളുടെ കൺസോർഷ്യങ്ങൾക്ക് പ്രാദേശികമായി ഇതിനുള്ള നടപടികൾ സ്വീകരിക്കാനാവണം. എലപ്പുള്ളി പഞ്ചായത്തിലെ ക്ഷീരവികസന പദ്ധതി ഇതിനുദാഹരണമാണ്. രണ്ടുവർഷം കൊണ്ട് ഈ പഞ്ചായത്തിലെ ക്ഷീരോൽപ്പാദനം പ്രതിദിനം 2400 ലിറ്ററിൽ നിന്ന് 12,000 ലിറ്ററായി വർദ്ധിപ്പിച്ചു. അവർ തന്നെ നേരിട്ട് എലപ്പുള്ളി ഫാം ഫ്രഷ് മിൽക്ക് എന്ന ബ്രാന്റ് പേരിൽ പ്രാദേശികമായി ഈ പാലിൽ ഗണ്യമായ ഭാഗം വിതരണം ചെയ്യുന്നു. ഈ പാലിന് കൂടുതൽ മെച്ചപ്പെട്ട വില ലഭിക്കുന്നു. ബാക്കിയുള്ളതേ മിൽമയ്ക്ക് നൽകുന്നുള്ളൂ. പാൽ പേട, തൈര് ചോക്കലേറ്റ്, വെണ്ണ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇവർ ഉണ്ടാക്കുന്നു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നേച്ചർ ഫ്രഷ് മിൽക്ക് വിതരണം ചെയ്യുന്നതിനുള്ള കൂട്ടായ്മകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. അളഗപ്പ നഗറിലുള്ള പശു-ആട് ഗ്രാമങ്ങൾ ഇതിന് ഉദാഹരണമാണ്. തൃശൂർ പട്ടണത്തിലെ ഉപഭോക്താക്കൾക്ക് അവരുടെ താൽപ്പര്യമനുസരിച്ച് ഒരേ പശുവിന്റെ തന്നെ പാല് ലഭ്യമാക്കുന്നതിൽനിന്ന് കൂടുതൽ മെച്ചപ്പെട്ട വില നേടുന്നു. ആട് കൃഷിയിലാണെങ്കിൽ ഔഷധിക്ക് കരാർ അടിസ്ഥാനത്തിൽ മൂത്രം ലഭ്യമാക്കുന്നതിൽ നിന്നാണ് ആടുവളർത്തലിന്റെ 75 ശതമാനം വരുമാനവും അവർക്ക് ലഭിക്കുന്നത്. കുടുംബശ്രീയുടെ സമഗ്ര പദ്ധതിയുടെ ഭാഗമായുള്ള ക്ഷീരഗ്രാമം (ഇടുക്കി) ആടുഗ്രാമം (കണ്ണൂർ) പോലുള്ള പദ്ധതികളും ശ്രദ്ധേയമാണ്. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒട്ടനവധി പ്രാദേശിക പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. ഈ മാതൃകകൾ പ്രചരിപ്പിക്കണം. ജൈവകൃഷിക്ക് ആവശ്യമായ വളങ്ങളും കീടനാശിനികളും ഉപഉൽപ്പന്നങ്ങളായി നിർമ്മിക്കാനാവണം.

12. പ്രാഥമിക ഉത്പാദനം, സംസ്ക്കരണം, മാർക്കറ്റിംഗ് എന്നീ ഘട്ടങ്ങളിൽ ഭക്ഷ്യസുരക്ഷാ നിയമങ്ങൾ ഉറപ്പു വരുത്തി ഉന്നത നിലവാരമുള്ള സുരക്ഷിത ഭക്ഷണമാക്കി സർട്ടിഫൈ ചെയ്ത് ഉപഭോക്താക്കൾക്ക് എത്തിക്കുക. നേച്ചർ ഫ്രഷ് പദ്ധതിപോലെ ഓരോ ഘട്ടവും ട്രയിസ് ചെയ്യാൻ ഉപഭോക്താവിന് അവസരം നൽകുക. പരമാവധി പ്രാദേശിക വിപണനം ഉറപ്പു വരുത്തിയശേഷം മാത്രം അധിക ഉൽപ്പന്നങ്ങൾ സംസ്ക്കരിക്കുക.

എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ

13. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാർക്കറ്റ് ഇന്റലിജൻസ്, ഇ-കോമേഴ്സ്, എക്സ്റ്റൻഷൻ തുടങ്ങിവ, വിവിധ വകുപ്പുകളും ഏജൻസികളും ഏകോപിച്ച് നൽകണം. ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്, റീജണൽ ഓഫീസ്, റീജണൽ ഡിസീസ് ഡയഗണോസ്റ്റിക് ലാബുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്റിനറി, ബയോളജിക്കൽസ്, വെറ്റിനറി യൂണിവേഴ്സിറ്റി, ദേശീയ ഗവേഷണ സ്ഥാപനങ്ങൾ ഇവ തമ്മിൽ ഏകോപനം ഉണ്ടാക്കി കർഷകരുടെ പ്രശ്നങ്ങൾ മുൻഗണനാ ക്രമത്തിൽ ഏറ്റെടുക്കുക. ഗവേഷണ പദ്ധതികൾ ആവിഷ്ക്കരിക്കുക.

14. ലോകാരോഗ്യ സംഘടന മുന്നോട്ടു വെയ്ക്കുന്ന "One Health" ആശയം വനംവകുപ്പ് അടക്കമുള്ളവരുമായി ഏകോപനം ഉണ്ടാക്കുക, ജന്തുജന്യരോഗ നിയന്ത്രണം, ആന്റിബയോട്ടിക് റസിസ്റ്റൻസ് തുടങ്ങിയ മേഖലകളിൽ സഹകരണം ഉറപ്പാക്കുക, പേവിഷബാധ നിയന്ത്രണത്തിന് എ.ബി.സി. പദ്ധതി സംസ്ഥാന വ്യാപകമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏറ്റെടുക്കുക. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്തോടെ ഫാമുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഏകജാലക സംവിധാനം നടപ്പാക്കുക. പബ്ലിക് ഹെൽത്ത് നിയമത്തിൽ വേണ്ട ഭേദഗതി വരുത്തി വെറ്റിനറി സർജൻമാർക്ക് ചുമതല നിർണയിക്കുക.

15. വാക്സിനുകൾ, വിര മരുന്നുകൾ, രോഗനിർണയ കിറ്റുകൾ തുടങ്ങിയവ പാലോട് വെറ്റിനറി ബയോ

ളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ആവശ്യാധിഷ്ഠിതമായി ഉൽപാദിപ്പിക്കുകയും മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുകയും ചെയ്യുക.

16. അന്യസംസ്ഥാനങ്ങളിൽ നിന്ന് കറവ പശുക്കൾക്ക് പകരം കന്നുകുട്ടികളെ വാങ്ങുക. ചെക്ക് പോസ്റ്റുകളിൽ ഫലപ്രദമായ രോഗനിർണയം നടത്തി സാംക്രമികരോഗങ്ങൾ, Blood Protozons തുടങ്ങിയവയുടെ ഇറക്കുമതി ഒഴിവാക്കുകയും Quarantine സംവിധാനം ഏർപ്പെടുത്തുകയും വേണം.

17. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പാൽ അടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാര പരിശോധന കർശനമായി നടപ്പാക്കുക.

18. വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളുടെ കൂടി പ്രവർത്തനങ്ങളുമായി കൂട്ടി യോജിപ്പിക്കാനും അതുവഴി ഗ്രാമപഞ്ചായത്തു മുതൽ ഗവേഷണ സ്ഥാപനങ്ങൾ വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിയണം. അതോടൊപ്പം ചടുലമായ പ്രവർത്തനങ്ങളും സേവനങ്ങളും ആവശ്യപ്പെടുന്ന സ്വകാര്യ സംരംഭകരുടെ ആവശ്യങ്ങളും നിറവേറ്റപ്പെടണം. ഈ ലക്ഷ്യങ്ങൾക്കായി വകുപ്പുകളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും പുനഃസംഘടന നടപ്പാക്കണം. കൃഷിവകുപ്പ് അടക്കമുള്ള വിവിധ വകുപ്പുകൾ, പൊതുവിതരണ സമ്പ്രദായം (മാർക്കറ്റിംഗ്) കർഷക കൂട്ടായ്മകൾ, സഹകരണസംഘങ്ങൾ എന്നിവയുമായും സാധ്യമായ ഏകോപനം ഉണ്ടാകണം.

19. കോഴിവളർത്തൽ മേഖലയിൽ അന്യസംസ്ഥാന ഹാച്ചറി ഉടമസ്ഥന്മാരുടെ നീരാളിപ്പിടുത്തം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുറത്തുള്ള കച്ചവടക്കാർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിലാണ് കേരളത്തിലെ നല്ല പങ്ക് കൃഷിക്കാരും പ്രവർത്തിക്കുന്നത്. ഇവർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. പോൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഈ മേഖലയിലെ ഇടപെടൽ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

20. മിൽമയുടെ പ്രവർത്തനങ്ങളെ പുനഃസംഘടിപ്പിക്കണം. ആനന്ദ് മാതൃകയിലാണ് മിൽമയുടെ ഘടനയെങ്കിലും പ്രവർത്തനക്ഷമതയിൽ അജഗജാന്തരം ഉണ്ട്. ക്ഷീരക്ഷേമസംഘങ്ങൾക്ക് സ്കീമുകളുടെ അടിസ്ഥാനത്തിൽ കൂടുതൽ ധനസഹായം നൽകണം.

കർഷക ക്ഷേമം

21. കർഷകർക്ക് ചികിത്സാ സഹായം, ഇൻഷ്വറൻസ്, പെൻഷൻ ഇവ ഉറപ്പു വരുത്താനും മക്കളുടെ വിദ്യാഭ്യാസം, സംരംഭ വികസനം ഇവയ്ക്ക് വായ്പ ഉറപ്പു വരുത്താനും വിപുലമായ പദ്ധതികൾ ഉണ്ടാവണം. ക്ഷീരകൃഷിക്കാർക്ക് 1000 രൂപയെങ്കിലും പ്രതിമാസ പെൻഷൻ അനുവദിക്കണം.

22. മൃഗസംരക്ഷണ മേഖലയ്ക്കുള്ള വായ്പകൾ കാർഷിക വായ്പകളായി കരുതേണ്ടതാണ്. മൃഗസംരക്ഷണ മേഖലയ്ക്കുള്ള സർക്കാർ ചെലവ് സംസ്ഥാന വരുമാനത്തിന്റെ ഒരു ശതമാനമായി ഉയർത്തണം.

23. ഉരുക്കൾക്ക് സമഗ്ര ഇൻഷ്വറൻസ് ഉറപ്പാക്കുക. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ ഉരുക്കൾ ചത്തുപോയതിന്റെയും കറവ ശുഷ്ക്കമായതിന്റെയും ഫലമായി കടക്കെണിയിലാവുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കണം.

അധ്യായം 6

മത്സ്യമേഖല

അറബിക്കടലിന്റെ ഓരം ചേർന്ന് 590 കിലോമീറ്റർ ദൈർഘ്യത്തിൽ സ്ഥിതി ചെയ്യുന്ന കേരളത്തിന്റെ സമ്പദ്ഘടനയിൽ മത്സ്യമേഖല നിർണായകമായ പങ്ക് വഹിക്കുന്നു. ഇന്ത്യാസമുദ്രത്തിൽ ഏറ്റവും ഉല്പാദനക്ഷമമായ മേഖലകളിൽ ഒന്നാണ് അറബിക്കടൽ. മത്സ്യക്കൊയ്ത്തിന് പ്രസിദ്ധിയാർജ്ജിച്ച 'ചാകര' കേരളത്തിന്റെ തീരക്കടലിൽ മാത്രം കണ്ടുവരുന്ന അപൂർവപ്രതിഭാസവും. പ്രതിവർഷം 7.26 ലക്ഷം ടൺ മത്സ്യം ഉൽപാദിപ്പിക്കുന്ന കേരളം 2014-15 ൽ മത്സ്യോൽപ്പന്ന കയറ്റുമതിയിലൂടെ 5166 കോടി രൂപയുടെ വിദേശനാണ്യം നേടിയെടുത്തു. കേരളത്തിന്റെ പ്രാഥമിക ഉൽപാദനമേഖലയുടെ 11.56 ശതമാനം മത്സ്യമേഖലയുടെ സംഭാവനയാണ്. ഈ മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന 11.5 ലക്ഷം മത്സ്യത്തൊഴിലാളികളുണ്ട്. ഇതിൽ ഒരുലക്ഷത്തോളം പേർ മത്സ്യവിപണന-സംസ്കരണ രംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളാണ്. മാംസ്യപ്രധാനവും പോഷകസമൃദ്ധവുമായ ഭക്ഷ്യപദാർത്ഥമെന്ന നിലയിൽ മത്സ്യം മലയാളികളുടെ ഭക്ഷ്യസുരക്ഷയിൽ മുഖ്യമായ പങ്ക് വഹിക്കുന്നു. മത്സ്യബന്ധന മേഖല സുസ്ഥിരമായി വികസിപ്പിക്കേണ്ട ആവശ്യകതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

1. ഇന്നത്തെ അവസ്ഥ

ദേശീയരംഗത്ത് മത്സ്യോൽപാദന മേഖല വളർച്ചയുടെ പാതയിലാണ്. 2003-04 ൽ 63 ലക്ഷം ടണ്ണിൽ നിന്ന് മത്സ്യോൽപാദനം 2013-14 ൽ 86.7 ലക്ഷം ടണ്ണായി വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഈ വളർച്ച കേരളത്തിന്റെ മത്സ്യമേഖലയിൽ ദൃശ്യമാകുന്നില്ല. കേരളത്തിന്റെ മത്സ്യോൽപാദനം 1951 ൽ 0.75 ലക്ഷം ടണ്ണായിരുന്നത് 1973 ൽ 4.48 ലക്ഷം ടണ്ണായും ട്രോളിംഗ് നിരോധനത്തിന് ശേഷം 2006-07 ൽ 6.70 ലക്ഷം ടണ്ണായും വർദ്ധിച്ചു. അതിനുശേഷം ഉൽപാദനരംഗം വളർച്ചയില്ലാതെ മുരടിച്ചു നിൽക്കുകയാണ്. (എൻ.ജി.കെ. പിള്ള, 2015) ഇതിന്റെ ഫലമായി ഇന്ത്യയുടെ ആകെ മത്സ്യോൽപാദനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ വർഷവും കുറഞ്ഞുവരുന്നു. 2002-03 ൽ ഇത് കേവലം 8 ശതമാനമായി ഇടിഞ്ഞു. ഒരു കാലത്ത് മത്സ്യോൽപാദനത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ പശ്ചിമബംഗാളിന്റെയും ആന്ധ്രാപ്രദേശിന്റെയും ഗുജറാത്തിന്റെയും പുറകിലായി നാലാം സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടിരിക്കുന്നു.

കേരളത്തിൽ ആകെ മത്സ്യോൽപാദനത്തിന്റെ 72 ശതമാനവും കടൽ മത്സ്യബന്ധമേഖലയുടെ സംഭാവനയാണ്. എന്നാൽ ദേശീയതലത്തിൽ ഇത് 40 ശതമാനത്തിൽ താഴെയാണ്. കേരളത്തിന് സമ്പന്നമായ ഉൾനാടൻ ജലസമ്പത്തുണ്ടെങ്കിലും ഉൾനാടൻ മത്സ്യമേഖലയുടെ ഉൽപാദന വിഹിതം 28 ശതമാനത്തിൽ താഴെയാണ്. കടൽ മത്സ്യബന്ധന മേഖല വിഭവശോഷണ പ്രതിസന്ധി നേരിടുന്ന ഇന്നത്തെ സാഹചര്യത്തിൽ ഉൽപാദന വർദ്ധനവിന് ഉൾനാടൻ മേഖലയുടെ വിഭവസാധ്യതകളെ കൂടുതലായി പ്രയോജനപ്പെടുത്തണം. ഉൾനാടൻ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് മുൻകാലങ്ങളിൽ ഇടതുപക്ഷ

സർക്കാരുകൾ നടപ്പിലാക്കിയ ജനകീയ മത്സ്യകൃഷി (1996), മത്സ്യകേരളം (2006) പദ്ധതികൾ ഉൾനാടൻ മത്സ്യോല്പാദനം 1996-97 ൽ 0.60 ലക്ഷം ടണ്ണായിരുന്നത് 2014-15 ൽ 2.02 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് വലിയ പങ്കുവഹിച്ചു. എങ്കിലും ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ ഈ മേഖലയിൽ നേടിയെടുത്തതുപോലുള്ള ഉൽപാദന വളർച്ച കേരളത്തിന് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ ഉൾനാടൻ വിഭവസാധ്യകൾ പരമാവധി പ്രയോജനപ്പെടുത്തി ആകെ മത്സ്യോൽപാദനത്തിൽ ഉൾനാടൻ മേഖലയുടെ വിഹിതം 50 ശതമാനമായി ഉയർത്തുന്നതിന് ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

വിഭവശോഷണം

കടൽമത്സ്യം 'പൊതുസ്വത്താ'യതുകൊണ്ടും കടലിൽ എല്ലാവർക്കും 'തുറന്ന പ്രവേശന അവകാശ'മുള്ളതുകൊണ്ടും കൈയിൽ കാശുള്ള ആർക്കുവേണമെങ്കിലും ഈ മേഖലയിൽ മുതൽമുടക്കി മത്സ്യബന്ധനം നടത്തുന്നതിന് അവകാശമുണ്ട്. മത്സ്യമേഖലയിലുണ്ടായ യന്ത്രവൽക്കരണത്തെ തുടർന്ന് പുറമെ നിന്നുള്ളവർ ഈ മേഖലയിൽ നിക്ഷേപം നടത്തി ട്രോളർ ബോട്ടുകളുടെ ഉടമകളായി മാറുകയും അവർ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്ത് സമ്പന്നരായി മാറുകയും ചെയ്തു. ആവശ്യത്തിലധികമുള്ള മത്സ്യബന്ധനയാനങ്ങളുടെ പ്രവർത്തനം വിഭവശോഷണത്തിലേയ്ക്ക് നയിക്കുകയും വിഭവശോഷണംമൂലം മഹാഭൂരിപക്ഷം വരുന്ന മത്സ്യത്തൊഴിലാളികൾ ദരിദ്രവൽക്കരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. കടൽ ആവാസവ്യവസ്ഥയുടെ ശോഷണംമൂലം കടലിലെ മത്സ്യവൈവിധ്യം തകരുകയും ഏട്ടമീനുകൾ, പരവകൾ, സ്രാവുകൾ, പാമ്പാടകൾ തുടങ്ങിയ മത്സ്യയിനങ്ങളുടെ ലഭ്യതയിൽ കഴിഞ്ഞ കുറേവർഷങ്ങളായി കുറവ് അനുഭവപ്പെടുകയും ചെയ്തു. കേരളത്തിലെ സമ്പന്നമായ ഉൾനാടൻ മത്സ്യവൈവിധ്യം നേരിടുന്നത് ഇതിലും വലിയ വെല്ലുവിളികളാണ്. ഉൾനാടൻ ജലാശയങ്ങളിൽ നടക്കുന്ന അതിരുവിട്ട കൈയേറ്റങ്ങളും വൻതോതിലുള്ള ജലമലിനീകരണവും മത്സ്യശോഷണത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നു (സി.പി ഷാജി, 2015).

മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. 1961-62 ൽ 28 ശതമാനം കുടുംബങ്ങൾക്ക് ഈ അവകാശം ഉണ്ടായിരുന്നുവെങ്കിൽ 2005 ൽ അത് 20 ശതമാനമായി കുറഞ്ഞു. മത്സ്യത്തൊഴിലാളികളിൽ അധികംപേരും സ്വന്തമായ തൊഴിലുപകരണങ്ങൾ ഇല്ലാത്തവരും മധ്യവർത്തികളുടെ ബോട്ടുകളിലും വള്ളങ്ങളിലും കൂലിവേലക്കാരുമാണ്. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനോപകരണങ്ങളുടെ ഉടമകളാക്കി മാറ്റുന്നതിന് സമഗ്രമായ ജലപരിഷ്ക്കരണ നിയമം അനിവാര്യമാണെന്നാണ് ഇത് കാണിക്കുന്നത്.

വർദ്ധിച്ചതോതിലുള്ള ജലമലിനീകരണം, വിദേശ മത്സ്യബന്ധന കപ്പലുകളുടെ കടന്നുകയറ്റം, അമിത മത്സ്യബന്ധനം, കാലാവസ്ഥ വ്യതിയാനം എന്നിവ മത്സ്യവിഭവ ശോഷണത്തിലേയ്ക്ക് നയിക്കുന്ന പ്രശ്നങ്ങളാണ്. തീരക്കടലിൽ ലഭ്യമായ മത്സ്യവിഭവങ്ങൾ കൊയ്തെടുക്കാനുള്ള കിടമത്സരത്തിൽ വള്ളത്തിന്റെ വലിപ്പവും വലയുടെ വലിപ്പവും ശേഷിയും എഞ്ചിനുകളുടെ കുതിരശക്തിയും വർദ്ധിക്കുന്ന പ്രവണത ഏറിവരുന്നു. ഇതിനായി വേണ്ടിവരുന്ന അധിക മൂലധനമുടക്കും പ്രവർത്തന ചെലവുകളും കടൽ മത്സ്യബന്ധനം പൊതുവിൽ ലാഭകരമല്ലാതാക്കി മാറ്റിയിരിക്കുന്നു. ഒരു വശത്ത് ഉൽപാദന ചെലവ് കൂടുമ്പോൾ തന്നെ ആനുപാതിക വരുമാന വർദ്ധനവ് ലഭിക്കുന്നില്ലായെന്നത് പ്രശ്നം ഗുരുതരമാക്കുന്നു.

കേരളത്തിന്റെ ആഭ്യന്തര ഉൽപാദനത്തിലും മത്സ്യമേഖലയുടെ വിഹിതം കുറഞ്ഞുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 1970-71 ൽ 4.7 ശതമാനമായിരുന്ന മത്സ്യമേഖലയുടെ വിഹിതം 1998-99 ൽ 1.87 ശതമാനമായും 2003-04 ൽ 1.7 ശതമാനമായും 2012-13 ൽ 1.46 ശതമാനമായും കുറഞ്ഞു. എന്നാൽ പ്രാഥമിക ഉൽപാദന മേഖലയിൽ മത്സ്യമേഖലയുടെ സംഭാവന വർദ്ധിച്ചുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രാഥമിക ഉൽപാദന മേഖലയിൽ 1998-99 ൽ മത്സ്യമേഖലയുടെ വിഹിതം 6.91 ശതമാനമായിരുന്നത് 2001-02 ൽ 9.2 ശതമാനമായും 2003-04 ൽ 9.72 ശതമാനമായും 2014-15 ൽ 11.5 ശതമാനമായും വർദ്ധിച്ചു. എന്നാൽ കാർഷിക മേഖലയുടെ വളർച്ചയിൽ കേരളം നേരിടുന്ന തിരിച്ചടികളാണ് ഈ സ്ഥിതി വിശേഷണത്തിന് ഇടയാക്കിയത് എന്ന യാഥാർത്ഥ്യം കാണാതിരുന്നുകൂടാ.

കയറ്റുമതി

1960 കളിൽ മത്സ്യമേഖലയിൽ നടന്ന യന്ത്രവൽക്കരണത്തെയും ആധുനികവൽക്കരണത്തെയും തുടർന്ന് വിദേശവിപണിയേയും കയറ്റുമതിയേയും അവലംബമാക്കിയാണ് ഈ മേഖല വികാസം പ്രാപിച്ചത്. അതിനെ തുടർന്ന് മത്സ്യോൽപന്നക്കയറ്റുമതിയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തേയ്ക്കുയർന്ന കേരളത്തിന്റെ കയറ്റുമതി വിഹിതം പിന്നീട് കുറഞ്ഞുവരുന്ന അവസ്ഥയുണ്ടായി. 1975-76 ൽ 54 ശമാനമായിരുന്ന കയറ്റുമതി വിഹിതം 1982-83 ൽ 39 ശതമാനമായും 2013-14 ൽ 16 ശതമാനമായും കുറഞ്ഞു. (MPEDA, 2015) ഇക്കാലയളവിൽ കേരളത്തിന്റെ കയറ്റുമതിയുടെ അളവിൽ എടുത്ത് പറയത്തക്ക വർദ്ധനയുണ്ടായില്ലെന്നതും വസ്തുതയാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയിലുള്ള കുറവുകൊണ്ട് മത്സ്യസംസ്കരണ വ്യവസായത്തിലെ സംസ്കരണശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ ഊന്നൽ നൽകാൻ കഴിയാത്തതുകൊണ്ട് സംസ്കരിച്ച്

കയറ്റി അയയ്ക്കുന്ന ഉൽപന്നങ്ങൾക്ക് വിദേശ കമ്പോളത്തിൽ പരമാവധി മൂല്യം കിട്ടാത്ത അവസ്ഥയുണ്ട്. ഇന്ത്യൻ സമുദ്രോൽപന്നങ്ങൾക്കുമേൽ യൂറോപ്യൻ യൂണിയനും അമേരിക്കയും നടത്തുന്ന കർശനമായ ഗുണനിലവാര നിയന്ത്രണങ്ങളും അമേരിക്കയുടെ ആന്റി ഡംപിംഗ് നിയമങ്ങളും ഇന്ത്യൻ ഉൽപന്നങ്ങൾക്ക് മൂല്യവർദ്ധനവ് വരുത്തി വിദേശ വിപണിയിൽ ബ്രാന്റ് നെയിം നൽകപ്പെടാത്തതും നമ്മുടെ കയറ്റുമതി രംഗത്തെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ് (മധുസൂദനക്കുറുപ്പ്, 2015).

കേരളത്തിലെ ജനങ്ങളുടെ ഭക്ഷണത്തിൽ 70–75 ശതമാനം വരെ ജന്തുജന്യ പ്രോട്ടീൻ ലഭ്യമാവുന്നത് മത്സ്യാഹാരത്തിൽ നിന്നാണ്. ദേശീയ ഉപഭോക്തൃ സർവ്വെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഗ്രാമങ്ങളിൽ ആയിരത്തിൽ 829 ഉം നഗരങ്ങളിൽ 812 ഉം കുടുംബങ്ങളിൽ മത്സ്യം ഭക്ഷിക്കുന്നതായി കാണുന്നു (നാഷണൽ സാമ്പിൾ സർവ്വെ 1987–88). ഗ്രാമങ്ങളിൽ 1.99 കിലോഗ്രാമും നഗരങ്ങളിൽ 1.90 കിലോഗ്രാമുമാണ് പ്രതിമാസം കേരളത്തിലെ പ്രതിശീർഷ മത്സ്യഉപഭോഗം. എന്നാൽ ഇന്ത്യയിലത് ഗ്രാമങ്ങളിൽ 0.192 കിലോഗ്രാമും നഗരങ്ങളിൽ 0.196 കിലോഗ്രാമുമാണ്. കേരളത്തിലെ പ്രതിശീർഷ മത്സ്യഉപഭോഗം ദേശീയ ശരാശരിയുടെ പത്തിരട്ടിയാണ്. കേരളത്തിലെ പ്രതിശീർഷ മത്സ്യഉപഭോഗം 2030 ൽ ഗ്രാമങ്ങളിൽ 2.04 കിലോഗ്രാമും നഗരങ്ങളിൽ 1.88 കിലോഗ്രാമുമായി വർദ്ധിക്കുമെന്ന് എൻ.എസ്.എസ്.ഒ കണക്കാക്കുന്നു. ഇതനുസരിച്ച് കേരളത്തിൽ മത്സ്യത്തിന്റെ ഡിമാന്റ് വർദ്ധിക്കുമെന്ന യാഥാർത്ഥ്യം മുൻകൂട്ടി കാണുകയും അതനുസരിച്ച് ആഭ്യന്തര മത്സ്യോൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ദാരിദ്ര്യം

മത്സ്യസമ്പത്തിനെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾ സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽ ഒന്നാണ്. ഉൽപാദനരംഗം നേരിടുന്ന മുരടിപ്പിന്റെ ഫലമായി പൊതുസമൂഹത്തിന്റെ പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിലും താഴെയാണ് മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം. പൊതുസമൂഹവുമായി നിലനിൽക്കുന്ന മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലുള്ള അന്തരം വർദ്ധിച്ചുവരികയാണ്. 1980–81 ൽ പ്രതിശീർഷ വരുമാനത്തിലുള്ള അന്തരം 540 രൂപയായിരുന്നത് 1993–94 ൽ 1105 രൂപയായും 1998–99 ൽ 3890 രൂപയായും 1999–2000 ൽ 4446 രൂപയായും വർദ്ധിച്ചു (രാജൻ ജെ.ബി, 2015). കേരളത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ മത്സ്യമേഖലയുടെ വിഹിതം കുറഞ്ഞുവരുന്നതും മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനത്തിൽ പൊതുസമൂഹവുമായുള്ള അന്തരം വർദ്ധിച്ചുവരുന്നതും തടയുന്നതിന് സർക്കാരിന്റെ ആസൂത്രിതമായ നടപടികൾ ആവശ്യമാണ്.

മാനവിക വികസന സൂചികയിൽ കേരളം കൈവരിച്ച നിസ്തുലമായ നേട്ടങ്ങളിൽ ആദിവാസികളെപ്പോലെ പങ്കാളിത്തം ലഭിക്കാതെപോയ ഒരു ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരുടെ ജീവിതനിലവാരം പൊതുസമൂഹത്തെ അപേക്ഷിച്ച് വളരെ താഴെയാണ്. പൊതുസാക്ഷരതയിലും ആയൂർദൈർഘ്യത്തിലും സ്ത്രീ–പുരുഷ അനുപാതത്തിലും ശിശുമരണ നിരക്കിലും പൊതുസമൂഹത്തെ അപേക്ഷിച്ച് വളരെ പുറകിലാണ് മത്സ്യമേഖലയുടെ സ്ഥാനം. മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ ദാരിദ്ര്യത്തിന്റെ തുരുത്തുകളും വികസന രംഗത്തെ വെല്ലുവിളികളുമായി തുടരുന്നു. ആദിവാസി കോളനികൾ കഴിഞ്ഞാൽ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളാണ് ഭൂരാഹിത്യത്തിന്റെയും പാർപ്പിടമില്ലായ്മയുടെയും കുടിവെള്ള ദൗർലഭ്യത്തിന്റെയും ശുചീകരണത്തിന്റെയും പ്രശ്നങ്ങൾ ഏറ്റവുമധികം നേരിടുന്നത് (ഡോ. തോമസ് ഐസക്, 2014).

2. സർക്കാർ നയങ്ങൾ – ഒരു വിമർശനം

സാങ്കേതികവിദ്യ

കേരളത്തിലെ യു.ഡി.എഫ് സർക്കാരിന്റെ മത്സ്യമേഖലാ വികസനം സംബന്ധിച്ച കാഴ്ചപ്പാട് കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'വിഷൻ 2030' എന്ന രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. 'വിഷൻ 2030'ന്റെ മത്സ്യമേഖലയുമായി ബന്ധപ്പെട്ട വികസനതന്ത്രത്തിന് നാലു ഭാഗങ്ങളാണുള്ളത്. അതിൽ ആദ്യത്തേത് പുതിയ സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി മത്സ്യബന്ധനമേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ്. പുതിയ സാങ്കേതികവിദ്യകൾക്ക് കേരളത്തിന് മാതൃകയായി വിഷൻ 2030 ഉയർത്തിപ്പിടിക്കുന്നത് നോർവെ ഉൾപ്പെടെയുള്ള സ്കാൻഡിനേവിയൻ രാജ്യങ്ങളെയാണ്. കേരളത്തിന്റെ മത്സ്യമേഖലയുടെ വികസനത്തിൽ നോർവെയുടെ നേതൃത്വത്തിൽ 1953 ലെ ഇന്തോ–നോർവീജിയൻ പ്രോജക്ട് വഹിച്ചിട്ടുള്ള പങ്ക് വിസ്മരിക്കാവുന്നതല്ല. ഇന്തോ–നോർവീജിയൻ പ്രോജക്ട് യന്ത്രവൽക്കരണവും ആധുനികവൽക്കരണവും കൊണ്ടുവന്നു. 1951 ൽ കേവലം 0.75 ലക്ഷം ടണ്ണായിരുന്ന മത്സ്യോൽപാദനം 1970 കളുടെ ആദ്യപാദത്തിൽ 4.5 ലക്ഷം ടണ്ണായി വർദ്ധിച്ചതിൽ ഈ യന്ത്രവത്കരണം നിർണായക പങ്കു വഹിച്ചിട്ടുണ്ട്. മൾട്ടിബീം അക്കൗസ്റ്റിക് ടെക്നോളജി, ബോട്ടം സീനിംഗ്, ട്രാപ്നെറ്റ്, പോട്ട്സ്, ക്രിപ്സ്ട്രോൾ, മത്സ്യബന്ധനരംഗത്ത് ഐ.സി.റ്റി തുടങ്ങിയ പുതിയ സാങ്കേതികവിദ്യകളുടെ ഒരു പട്ടികതന്നെ കേരളത്തിനായി അവതരിപ്പിക്കുന്നുണ്ട്. ഐ.സി.റ്റി പോലെ ഇവയിൽ പലതും മത്സ്യമേഖലയുടെ വികസനത്തിൽ പ്രയോജനപ്പെടുത്തി വരുന്നതാണെങ്കിലും ആധുനികമായ എന്തിനെയും കണ്ണടച്ച് സ്വീകരിക്കുന്നത് ബുദ്ധിപൂർവ്വമല്ലെന്ന് കഴിഞ്ഞകാല അനുഭവങ്ങൾ പഠിപ്പിക്കുന്നു. പുത്തൻ സാങ്കേതികവിദ്യകൾ കേരളത്തി

ന്റെ പരിസ്ഥിതിയ്ക്കും സാമൂഹ്യസാഹചര്യങ്ങൾക്കും എത്രമാത്രം ഇണങ്ങുന്നതണെന്നുമുള്ള പരിശോധന ആവശ്യമാണ് (ഡോ. തോമസ് ഐസക്ക്, 2013).

നോർവെക്കാർ കേരളത്തിൽ കൊണ്ടുവന്ന് പ്രചരിപ്പിച്ച ബോട്ടം ട്രോളിംഗ് എന്ന ചെമ്മീൻ പിടിക്കാനുള്ള സാങ്കേതികവിദ്യ ശീതരാജ്യങ്ങളിലെ ഏകവർഗ ഫിഷറിക്ക് യോജിച്ചവിധത്തിൽ വികസിപ്പിച്ചെടുത്തതായിരുന്നു. ഉഷ്ണമേഖലാ പ്രദേശമായ അറബിക്കടലിലെ ബഹുവർഗ ഫിഷറിയിൽ അത് എന്ത് പ്രത്യാഘാതമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന പരിശോധന മുൻകൂട്ടി നടത്താൻ നമുക്ക് കഴിഞ്ഞില്ല. അതിന്റെ ഫലമായി മത്സ്യശോഷണത്തിന്റെയും പാരിസ്ഥിതികത്തകർച്ചയുടെയും തിക്തഫലങ്ങൾ നാം ഇന്നനുഭവിക്കുകയാണ്. ട്രോളിംഗിന്റെ നശീകരണ സ്വഭാവം കണക്കിലെടുത്ത് നോർവെക്കാർ തങ്ങളുടെ രാജ്യത്ത് ഈ മത്സ്യബന്ധന രീതിയ്ക്ക് 1928 ൽ തന്നെ നിരോധനം ഏർപ്പെടുത്തിയിരുന്നു എന്ന വസ്തുത നാം കാണാതിരുന്നുകൂടാ (സി. രാമചന്ദ്രൻ, 2015).

അകേറിയൻ റിഫോംസ്

ഈ സ്ഥിതിവിശേഷം നേരിടുന്നതിന് നോർവെയിൽ നിന്നുതന്നെ ടെറിട്ടോറിയൽ കടലിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട ഒരു വലിയ പാഠം നമുക്ക് പഠിക്കാനുണ്ടെങ്കിലും വിഷൻ 2030 ആ ദിശയിലുള്ള ഒരന്വേഷണവും നടത്താൻ തയ്യാറാകുന്നില്ല. നോർവെയിൽ തീരക്കടൽ മീൻ പിടിത്തം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നീക്കി വയ്ക്കപ്പെട്ടിരിക്കുന്നു. അവർക്ക് മാത്രമാണ് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കാനും തിരക്കടലിൽ മത്സ്യബന്ധനം നടത്താനും അവകാശമുള്ളത്. 1996 ൽ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് നായനാർ സർക്കാർ ടെറിട്ടോറിയൽ കടലിന്റെ വിനിയോഗ അവകാശങ്ങളുമായി ബന്ധപ്പെട്ട അകേറിയൻ റിഫോംസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങിവെച്ചു. 2006-ലെ വി.എസ് സർക്കാർ ഡോ. രവീന്ദ്രൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള അകേറിയൻ (ഫിഷറീസ്) റിഫോംസ് ആക്ട് (KARA) എന്ന പേരിൽ കരട്ബില്ലിന് രൂപം നൽകുകയും ചെയ്തു. എന്നാൽ പിന്നീട് വന്ന യു.ഡി.എഫ് സർക്കാർ ജലപരിഷ്ക്കരണ നിയമം ലക്ഷ്യമാക്കിയുള്ള കരട് ബിൽ നിയമമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

വിദേശ മത്സ്യബന്ധനക്കപ്പലുകൾ ഇന്ത്യാസമുദ്രത്തിലെ മത്സ്യസമ്പത്ത് അമിതമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായി മത്സ്യമേഖലയിൽ ഉണ്ടാകുന്ന വിഭവശോഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് വിഷൻ 2030 പരാമർശിക്കുന്നില്ല. നവഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി കേന്ദ്രസർക്കാർ 1991 ൽ നടപ്പാക്കിയ പുതിയ ആഴക്കടൽ മത്സ്യബന്ധനനയ പ്രകാരം ഇന്ത്യാ സമുദ്രത്തിൽ കൂറ്റൻ മത്സ്യബന്ധനക്കപ്പലുകൾ വിന്യസിച്ച് ആഴക്കടൽ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിന് വിദേശ കോർപ്പറേറ്റുകൾക്ക് അനുവാദം നൽകി (ഫാദർ തോമസ് കോച്ചേരി, 2000). വിദേശ കമ്പനികളുമായുള്ള സംയുക്തസംരംഭ വ്യവസ്ഥയിൽ 180 ആഴക്കടൽ കപ്പലുകളും പ്രത്യേക കയറ്റിറക്ക് സ്കീമിൽ 32 കപ്പലുകളും എൽ.ഒ.പി വ്യവസ്ഥയിൽ 70 കപ്പലുകളും ഇന്ത്യാ സമുദ്രത്തിൽ വിന്യസിക്കപ്പെട്ടു (മീനാകുമാരി, 2014). ഈ കപ്പലുകൾ ടെറിട്ടോറിയൽ കടലിൽ അതിക്രമിച്ചുകയറി മത്സ്യത്തൊഴിലാളികളുടെ തൊഴിലുപകരണങ്ങൾ നശിപ്പിക്കുകയും കൂറ്റൻ വലകൾ ഉപയോഗിച്ച് തീരക്കടലിൽ നിന്ന് മത്സ്യം പിടിച്ച് കടന്നുകളയുകയും ചെയ്യുന്നത് നിത്യസംഭവമായി മാറി (വി.വി ശശീന്ദ്രൻ, 2015). കടൽ മത്സ്യസമ്പത്തിന്റെ ശോഷണത്തിന് മുഖ്യകാരണം വിദേശകപ്പലുകളുടെ മത്സ്യബന്ധനമാണ്. 2014 ൽ കേന്ദ്രസർക്കാർ നിയോഗിച്ച മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നമ്മുടെ ആഴക്കടൽ മേഖല പൂർണ്ണമായും വിദേശ കപ്പലുകൾക്ക് തുറന്നുകൊടുക്കുന്നതോടെ വിഭവ ശോഷണ പ്രതിസന്ധിയും മത്സ്യത്തൊഴിലാളികളുടെ ഉപജീവന പ്രതിസന്ധിയും കൂടുതൽ രൂക്ഷമാകാൻ പോവുകയാണ്. എന്നാൽ വിഷൻ 2030 മത്സ്യമേഖലയെ ബാധിക്കുന്ന വളരെ ഗുരുതരമായ ഈ വിഷയം ചർച്ച ചെയ്യാൻ മുതിരുന്നില്ല.

മത്സ്യമേഖല അഭിമുഖീകരിക്കുന്ന ഏറ്റവും ഗുരുതരമായ വിഷയമായി രേഖ ചർച്ച ചെയ്യുന്നത് ഒരേ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് യന്ത്രവൽകൃത ബോട്ടുടമകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ ഉടലെടുക്കുന്ന സംഘർഷങ്ങളും ലാന്റിംഗ് സെന്ററുകളിലെയും ഫിഷിംഗ് ഹാർബറുകളിലെയും തൊഴിൽ തർക്കങ്ങളുമാണ് എന്നത് വളരെ വിചിത്രമാണ്.

സബ്സിഡികൾ

കേന്ദ്രസർക്കാരിന്റെ സബ്സിഡി വെട്ടിക്കുറയ്ക്കൽ നയം മത്സ്യമേഖലയെ ഗുരുതരമായ തോതിലാണ് ബാധിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷയ്ക്ക് നേരെ ഉയർത്തുന്ന ഈ വെല്ലുവിളിയെ സംബന്ധിച്ച് വിഷൻ 2030 യാതൊരു പരാമർശവും നടത്തുന്നില്ല. മത്സ്യമേഖലയിൽ ഒ.ബി.എം ഘടിപ്പിച്ച 18,000 വള്ളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനത്തിന് പ്രതിമാസം 20,755 കിലോലിറ്റർ മണ്ണെണ്ണ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 2,532 കിലോലിറ്റർ മണ്ണെണ്ണ മാത്രമാണ് പൊതുവിതരണ ശൃംഖല വഴി ലഭ്യമാകുന്നത്. കേന്ദ്രസർക്കാർ ഇതിൽ പിന്നെയും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പുതിയ ക്യാഷ് ട്രാൻസ്ഫർ സിസ്റ്റം പ്രാബല്യത്തിലായതോടെ മത്സ്യമേഖലയിൽ മണ്ണെണ്ണ സബ്സിഡി പൂർണ്ണമായും നിലച്ചിരിക്കുകയാണ്. വിപണിയിലെ തീവില ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുകയും സബ്സിഡി ബാങ്കുകൾ വഴി നൽകുകയും ചെയ്യുക എന്നതാണ് പുതിയ ക്യാഷ് ട്രാൻസ്ഫർ സിസ്റ്റത്തിലൂടെ പ്രാവർത്തികമാകുന്നത്. റേഷൻ മണ്ണെണ്ണയുടെ വിതരണത്തിൽ അനുഭവപ്പെട്ട

കുറവ് ഇന്ധനക്ഷാമമുണ്ടാക്കുകയും അതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയിൽ നിന്ന് ലിറ്ററിന് 60 രൂപ മുതൽ 80 രൂപ വരെ കൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ടി വരികയും ചെയ്തു. മത്സ്യബന്ധന യൂണിറ്റുകളുടെ പ്രവർത്തന ചെലവ് കുത്തനെ ഉയരുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വലിയ ശോഷണമുണ്ടാക്കുന്നതിനും അതിടയാക്കി. ഈ സാഹചര്യത്തിൽ മത്സ്യമേഖലയിലെ മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിന് ലിറ്റർ ഒന്നിന് 25 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിന് 2011 ൽ ഇടുതപക്ഷ സർക്കാർ കൊണ്ടുവന്ന പദ്ധതി യു.ഡി.എഫ് സർക്കാർ നടപ്പിക്കാതെ മാറ്റിവച്ചെങ്കിലും മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളുടെ സമ്മർദ്ദംമൂലം ഇപ്പോൾ നടപ്പിലാക്കാൻ തുടങ്ങിയത് ആശ്വാസകരമാണ്. ഇതിനെ തുടർന്ന് കരിഞ്ചന്തയിൽ മണ്ണെണ്ണ വില 30 രൂപയായി കുറഞ്ഞു. മത്സ്യമേഖലയ്ക്ക് പ്രത്യേകമായ മണ്ണെണ്ണ കാട്ട അനുവദിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ ചെവികൊള്ളുന്നില്ല.

വൈവിധ്യവത്കരണം

വിഷൻ 2030 മുന്നോട്ട് വയ്ക്കുന്ന രണ്ടാമത്തെ വികസനതന്ത്രം മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണവും വൈവിധ്യവൽക്കരണവുമായി ബന്ധപ്പെട്ട് അധിക സാമ്പത്തികമൂല്യം ലഭ്യമാക്കുന്ന വിഷയങ്ങളാണ്. ഉൾനാടൻ മേഖലയിൽ പ്രത്യേകിച്ച് അക്വാകൾച്ചർ രംഗത്ത് വൈവിധ്യവൽക്കരണം കൊണ്ടുവന്ന് പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളോട് പൊതുവേ യോജിക്കാവുന്നതാണ്. ചൈനയെ പോലുള്ള രാജ്യങ്ങൾ ഉൽപാദന രംഗത്തെ മുഖ്യചാലക ശക്തിയായി പ്രവർത്തിക്കുന്നത് അക്വാകൾച്ചർ മേഖലയാണ്. എന്നാൽ അക്വാകൾച്ചർ രംഗത്തെ വൈവിധ്യവൽക്കരണത്തിൽ ഊന്നിയുള്ള വികസനം പരിസ്ഥിതി സൗഹൃദവും ഉത്തരവാദിത്വപരവുമായിരിക്കാൻ അതീവജാഗ്രത ആവശ്യമാണ്. കായൽ ഭംഗികൊണ്ട് അനുഗ്രഹീതമായ കേരളത്തിൽ റിക്രിയേഷണൽ ഫിഷറിയെക്കുറിച്ചും രേഖയിൽ പരാമർശമുണ്ട്. എന്നാൽ ടൂറിസം വ്യവസായം മത്സ്യമേഖലയിൽ എൽപ്പിക്കുന്ന ആഘാതം രേഖ പരിശോധിക്കുന്നില്ല (ഡോ. തോമസ് ഐസക്ക്, 2015). കാലാവസ്ഥ വ്യതിയാനംമൂലം പ്രശ്നങ്ങൾ നേരിടുന്ന ഈ സന്ദർഭത്തിൽ തീരസംരക്ഷണം സംബന്ധിച്ച് വ്യക്തമായ നയം വിഷൻ 2030 അവതരിപ്പിക്കുന്നില്ല. പരമ്പരാഗത രീതിയിലുള്ള കടൽഭിത്തി നിർമ്മാണം പരിസ്ഥിതി സൗഹൃദമല്ലാത്തതിനാൽ തീരസംരക്ഷണത്തിന് ടെട്രാപോഡ് സാങ്കേതികവിദ്യയാണ് രേഖയിൽ നിർദ്ദേശിക്കുന്നത്. എന്നാലതിന്റെ സാങ്കേതികത്തികവ് സംബന്ധിച്ച് വ്യക്തതയില്ല.

സാമൂഹ്യസുരക്ഷ

രേഖയിൽ മൂന്നാമതായി പരാമർശിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയും ക്ഷേമപ്രവർത്തനങ്ങളുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ തികച്ചും അപര്യാപ്തമാണ്. മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് സാങ്കേതികവിദ്യയിൽ മാത്രം ഊന്നിനിന്നുകൊണ്ട് ഇറ്റ് വീഴൽ സിദ്ധാന്തത്തിലൂടെ പരിഹാരം കാണാമെന്ന് ചിന്തിക്കുന്നത് മൗഢ്യമായിരിക്കും (ഡോ. തോമസ് ഐസക്ക്, 2013).

1960 കളുടെ തുടക്കത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കിയത് മത്സ്യമേഖലയിലെ സാമ്പത്തിക വികസനത്തിന്റെ ഒരു സുപ്രധാന ഘട്ടമായിരുന്നു. പരമ്പരാഗതമായ ഉൽപാദന സമ്പ്രദായത്തിൽ നിന്നു മാറി കമ്പോളാധിഷ്ഠിതമായ യന്ത്രവൽകൃത ഉൽപാദന സമ്പ്രദായം നിലവിൽവന്നു. ചെമ്മീൻ ഉൽപന്നങ്ങൾക്ക് വിദേശകമ്പോളം തുറന്നു കിട്ടിയപ്പോൾ ട്രോളറുകൾ ഉപയോഗിച്ചുള്ള ചെമ്മീൻ കൊയ്ത്തും സംസ്കരിച്ച ചെമ്മീൻ ഉൽപന്നങ്ങളുടെ കയറ്റുമതിയും വലിയതോതിൽ വർദ്ധിച്ചു. മത്സ്യത്തിന്റെ ഉൽപാദനം 1951–55 ൽ കേവലം 1.3 ലക്ഷം ടണ്ണായിരുന്നത് 1971–75 ൽ 4.06 ലക്ഷം ടണ്ണായി ഉയരുകയും ചെമ്മീൻ കയറ്റുമതിയിൽ നിന്നുള്ള വരുമാനം 1960–61 ൽ 24 കോടി രൂപയിൽ നിന്ന് 1975–76 ൽ 678 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ചെമ്മീനിന്റെ വിപണിമൂല്യം 1961–62 ൽ ടണ്ണിന് 240 രൂപയായിരുന്നത് 1984–85 ൽ 14,120 രൂപയായി കുതിച്ചുയർന്നു (കുര്യൻ, 1996). സംസ്ഥാനത്ത് മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന മത്സ്യത്തിന്റെ 12 ശതമാനം വരെ കയറ്റുമതി ചെയ്യുന്ന അവസ്ഥയുണ്ടായി. മത്സ്യമേഖലയിലെ മിച്ചമൂല്യം ചൂഷണം ചെയ്ത് ഒരു സമ്പന്നവർഗ്ഗം മത്സ്യവിപണന രംഗത്തും സംസ്കരണ-കയറ്റുമതി രംഗത്തും വളർന്നുവന്നു. കയറ്റുമതിക്കാരും തരകൻമാരും ട്രോളർ ബോട്ടുടമകളും അടങ്ങുന്ന ഒരുപിടി സമ്പന്നൻമാർ മത്സ്യമേഖലയിലെ സമ്പത്ത് കൈയടക്കി വയ്ക്കുന്ന അവസ്ഥയുണ്ടായി. യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പ്രയോജനം ലഭ്യമായത് കയറ്റുമതിക്കാരും വ്യവസായികളും പണമിടപാടുകാരും ഉൾപ്പെടുന്ന മൂലധന ശക്തികൾക്കാണ്.

എന്നാൽ തൊഴിലാളികളുടെ അധ്വാനമാണ് സകലപുരോഗതിയുടെയും അടിസ്ഥാനമെന്ന പ്രാഥമിക പാഠം ഉൾക്കൊള്ളാൻ കയറ്റുമതിക്കാർ തയ്യാറാകുന്നില്ല. സമ്പത്ത് കുന്നുകൂട്ടുമ്പോഴും മീൻ പിടിച്ച് സമ്പത്ത് ഉൽപാദിപ്പിക്കുന്ന മത്സ്യത്തൊഴിലാളികളെ അംഗീകരിക്കാൻ പോലും അവർ തയ്യാറല്ല. കയറ്റുമതിക്കാരും മത്സ്യത്തൊഴിലാളികളും തമ്മിൽ തൊഴിലാളി-തൊഴിലുടമ ബന്ധം നിലനിൽക്കുന്നില്ലായെന്ന വാദം ഉന്നയിച്ച് സുപ്രിംകോടതിയിൽ നിന്ന് വിധി സമ്പാദിച്ച് അതിന്റെ മറവിൽ കടുത്ത തൊഴിലാളി വിരുദ്ധ നിലപാട് അവർ തുടരുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക്പണമില്ലാതെ കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമപദ്ധതികളെ വളരെ

പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തിൽ വിഷൻ 2030 ഒരു പരാമർശംപോലും നടത്തുന്നില്ല. ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന 2007 ലെ മത്സ്യത്തൊഴിലാളി ക്ഷേമ സെസ് നിയമം അനുസരിച്ചുള്ള വിഹിതം അടയ്ക്കാനുള്ള ബാധ്യതയിൽ നിന്ന് കോടതിയെ കൂട്ടുപിടിച്ച് ഒഴിവ്കഴിവുകൾ പറഞ്ഞ് അവർ മാറിനിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്.

പൊതുജനാരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ നിന്നും ഭക്ഷ്യവസ്തുക്കളുടെ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നുമുള്ള സർക്കാരിന്റെ പിന്മാറ്റംമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന ദുസ്സഹമായ ജീവിത സാഹചര്യങ്ങൾ രേഖ പരിശോധിക്കുന്നില്ല. മത്സ്യത്തൊഴിലാളികളെ ബി.പി.എൽ-എൽ.പി.എൽ വിഭാഗങ്ങളായി തരം തിരിച്ച് ആനുകൂല്യം നിഷേധിക്കുന്ന സമീപനമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊള്ളുന്നത്. എന്നാൽ എൽ.ഡി.എഫിന്റെ ഭരണകാലത്ത് റേഷൻ വിതരണവും പഞ്ഞമാസ സമ്പാദ്യ ആശ്വാസ പദ്ധതിയും ഇൻഷുറൻസ് ആനുകൂല്യവും ഭവനനിർമ്മാണത്തിന് സഹായവും നൽകിയത് എ.പി.എൽ - ബി.പി.എൽ പരിഗണന കൂടാതെയാണ്.

മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന വിപ്ലവകരമായ കടാശ്വാസപദ്ധതി യു.ഡി.എഫ് സർക്കാർ പാതിവഴി വച്ച് അട്ടിമറിച്ചു. പഞ്ഞമാസ സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം ഇരട്ടിയായി വർദ്ധിപ്പിച്ചെങ്കിലും യു.ഡി.എഫ് സർക്കാർ അത് നടപ്പിലാക്കിയില്ല. വരുമാന ഉറപ്പ് പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും മത്സ്യമേഖലയിൽ നടപ്പാക്കുന്നതിന് താൽപ്പര്യമെടുത്തില്ല. കുടിശ്ശിക വരുത്താതെ പെൻഷൻ കൊടുത്ത് തീർക്കുന്നില്ല. മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സർക്കാരിന്റെ സാമൂഹ്യസുരക്ഷാ വലയത്തിൽ കൊണ്ടുവരുന്നതിനും ''ജനനം മുതൽ മരണം വരെ'' ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സാമൂഹ്യസുരക്ഷാ പദ്ധതിയുടെ പ്രയോജനം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള ബദൽനയം കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിയണം.

കാലാവസ്ഥാവ്യതിയാനം

നാലാമതായി മത്സ്യങ്ങളുടെയും മത്സ്യോൽപ്പന്നങ്ങളുടെയും ശുചിത്വവും ഗുണനിലവാരവുമായി ബന്ധപ്പെട്ട് വിഷൻ 2030 മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ പൊതുവെ അംഗീകരിക്കാവുന്നതാണ്. എന്നാൽ വിപണിയിലെത്തുന്ന മത്സ്യം ഗുണമേന്മയുള്ളതും ഭക്ഷ്യയോഗ്യവുമാണെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേകമായ നിരീക്ഷണ മേൽനോട്ട സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചോ ഗുണമേന്മ പരിശോധനയ്ക്ക് ആധുനികമായ ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചോ രേഖ നിശബ്ദത പാലിക്കുന്നു.

കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം മത്സ്യശോഷണത്തിന് കാരണമാകുന്നത് വിഷൻ 2030 പരിശോധിക്കുന്നില്ല. കാലം തെറ്റിപെയ്യുന്ന മഴയും സമുദ്രജല നിരപ്പ് ഉയരുന്നതും കടലിന്റെ ഊഷ്മാവ് വർദ്ധിക്കുന്നതും അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് കൂടുന്നതും ആഗോളതാപനത്തിന്റെ ഫലമായുണ്ടാകുന്ന പ്രത്യാഘാതങ്ങളാണ് (ബിജുകുമാർ, 2015). കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതം മത്സ്യശോഷണത്തിന് കാരണമാകുന്നു. കടലിന്റെ അമ്ലവൽക്കരണംമൂലം പവിഴപ്പുറ്റ് ആവാസ വ്യവസ്ഥയ്ക്ക് ക്ഷതമേൽക്കുകയും അവിടെ നിന്ന് മത്സ്യങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. കടലിലെ വർദ്ധിച്ചുവരുന്ന ചൂടിനെ അതിജീവിക്കാൻ മത്തി, അയല, നെത്തോലി തുടങ്ങിയ ഉപരിതല മത്സ്യങ്ങൾ വിദൂര മേഖലകളിലേയ്ക്ക് പലായനം ചെയ്യുന്നത് മത്സ്യബന്ധനത്തെയും മത്സ്യലഭ്യതയെയും പ്രതികൂലമായി ബാധിക്കുന്നു.

3. ഉൾനാടൻ മേഖലയും അക്വാകൾച്ചർ വികസനവും

3.61 ലക്ഷം ഹെക്ടർ ഉൾനാടൻ ജലാശയങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും അവയെ വേണ്ടവിധത്തിൽ ഉൽപാദനക്ഷമമാക്കുന്നതിനും ഉൾനാടൻ മത്സ്യോൽപാദനരംഗത്ത് സാധ്യതയ്ക്കനുസരിച്ചുള്ള പുരോഗതി കൈവരിക്കുന്നതിനും കഴിയുന്നില്ല (എം. എൻ. കുട്ടി, 2015, മനോജ്കുമാർ. ബി, 2015). ദേശീയ രംഗത്ത് ആകെ ഉൾനാടൻ മത്സ്യോൽപാദനത്തിന്റെ 2 ശതമാനം മാത്രമാണ് കേരളത്തിന്റെ സംഭാവന. ഉൾനാടൻ മേഖലയിലെ സംസ്ഥാനത്തിന്റെ ഉൽപാദന ക്ഷമത ഹെക്ടറിന് 257 കിലോഗ്രാം മത്സ്യം മാത്രമാണ്. എന്നാൽ പശ്ചിമബംഗാളിൽ അത് 2636 കിലോഗ്രാമാണ്. കേരളത്തിന്റെ കടൽ മത്സ്യസമ്പത്ത് ശോഷണം നേരിടുന്ന ഈ സന്ദർഭത്തിൽ ഉൾനാടൻ മത്സ്യോൽപാദനം വർദ്ധിപ്പിച്ച് മത്സ്യോൽപാദന രംഗത്ത് സുസ്ഥിര വളർച്ച നേടിയെടുക്കാൻ കഴിയണം. ദേശീയതലത്തിൽ ആകെ മത്സ്യോൽപാദനത്തിൽ ഉൾനാടൻ മേഖലയുടെ സംഭാവന 50 മുതൽ 60 ശതമാനം വരെയാണെങ്കിലും കേരളത്തിൽ 18 മുതൽ 20 ശതമാനം വരെ മാത്രമാണ് (മധുസൂദനക്കുറുപ്പ്, 2015). പുതിയ മത്സ്യകൃഷി രീതികളുടെ പ്രചാരണം, വ്യാപനം, ഗുണമേന്മയുള്ള മത്സ്യവിത്തിന്റെയും തീറ്റയുടെയും ലഭ്യത, പരിസ്ഥിതി സംരക്ഷണം, സുസ്ഥിരകൃഷി പരിപാലനം തുടങ്ങിയ വിശദമായ കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ മത്സ്യകൃഷി സുസ്ഥിരമായി വികസിപ്പിച്ചെടുക്കുന്നതിന് കഴിയണം.

ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് ഉതകുന്നവിധത്തിലുള്ള ഉത്തരവാദിത്വപരവും പരിസ്ഥിതിസൗഹൃദവുമായ ഒരു ജലകൃഷിനയത്തിന്റെ അഭാവംമൂലം ജലാശയങ്ങൾ മത്സ്യകൃഷിയുടെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നില്ല (എം.എൻ. കുട്ടി, 2015). പൊതുജലാശയങ്ങൾ മത്സ്യകൃഷി വികസന

ത്തിന് ഉപയോഗപ്പെടുത്തുന്നതിന് ഉതകുന്നവിധത്തിൽ ലിസിംഗ് പോളിസി, മത്സ്യകൃഷിയ്ക്ക് കാർഷിക നിരക്കിൽ വൈദ്യുതി, ഗുണമേന്മയുള്ള മത്സ്യവിത്ത്, തീറ്റ, മരുന്നുകൾ എന്നിവയുടെ ലഭ്യത രോഗപ്രതിരോധ നടപടികൾ, മത്സ്യകൃഷിയ്ക്ക് ഇൻഷുറൻസ് പരിരക്ഷ, വിപണന സൗകര്യങ്ങൾ ഇതെല്ലാം ജലകൃഷി നയത്തിന്റെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കണം.

നദികൾ, കായലുകൾ, തടാകങ്ങൾ എന്നിവയിലേയ്ക്ക് ഒഴുക്കിവിടുന്ന നഗരമാലിന്യങ്ങളും വ്യവസായ മാലിന്യങ്ങളും ജല ആവാസ വ്യവസ്ഥകളെ തകർക്കുകയും മത്സ്യസമ്പത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് തന്നെ വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു. ജലമലിനീകരണത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതിനനുസരിച്ച് നദികളും കായലുകളും ആവാസയോഗ്യമല്ലാതാവുകയും മത്സ്യങ്ങളുടെ പ്രജനനം തടസ്സപ്പെടുകയും അവയുടെ മുട്ടകളും ലാർവകളും നശിക്കുകയും മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്യുന്നു (ഷാജി സി.പി, 2015). എണ്ണമലിനീകരണം കായലുകളിൽ പെട്രോളിയം ഹൈഡ്രോകാർബണിന്റെ അളവ് വർദ്ധിക്കുകയും മത്സ്യങ്ങളുടെ നിലനിൽപ്പിന് തന്നെ അത് ഹാനികരമാവുകയും ചെയ്യുന്നു. ജൈവമാലിന്യങ്ങൾ പെരുകുന്നതുമൂലം ജലത്തിൽ നൈട്രേറ്റ്, ഫോസ്ഫേറ്റ്, സിലിക്കേറ്റ് എന്നിവയുടെ അളവ് വർദ്ധിക്കുകയും അതിപോഷണംമൂലം സസ്യപ്ലവകങ്ങൾ, പോള എന്നിവ വളർന്നു പെരുകി മത്സ്യബന്ധനം തന്നെ അസാധ്യമാകുകയും ചെയ്യുന്നു.

മത്സ്യങ്ങളുടെയും ചെമ്മീനുകളുടെയും ഞണ്ടുകളുടെയും പ്രജനന കേന്ദ്രങ്ങളും നഴ്സറികളുമായി പ്രവർത്തിക്കുന്ന കണ്ടൽ ആവാസ വ്യവസ്ഥകൾ നാശത്തിന്റെ വക്കിലാണ് (മധുസൂദനക്കുറുപ്പ്, 2015). കണ്ടൽ ആവാസവ്യവസ്ഥയുടെ തകർച്ചയും കടൽമത്സ്യസമ്പത്തിന്റെ ശോഷണവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. പ്രകൃതിക്ഷോഭങ്ങളും കൊടുങ്കാറ്റുകളും ചെറുക്കുന്നതിന് കണ്ടൽ വനങ്ങൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് അവ സംരക്ഷിക്കുന്നതിന് തദ്ദേശ ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കേന്ദ്രസർക്കാരിന്റെ തീരദേശ പരിപാലനനിയമം (CRZ) നിലവിലുണ്ടെങ്കിലും ടൂറിസം വ്യവസായം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി കായലുകൾ കയ്യേറി നികത്തിയെടുക്കുകയും വൻതോതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതിനെത്തുടർന്ന് കേരളത്തിലെ കായലുകളുടെ വിസ്തൃതി 65000 ഹെക്ടറായി ചുരുങ്ങി. വേമ്പനാട്ട് കായലിന്റെ വിസ്തൃതി 21000 ഹെക്ടറായും വെള്ളായണി കായലിന്റേത് 84 ഹെക്ടറായും ചുരുങ്ങി. ടൂറിസം വികസനം മുൻനിർത്തിയാണ് കേരളത്തിൽ ഏറ്റവും വലിയ കായൽകയ്യേറ്റം നടക്കുന്നത് (അപ്പുക്കുട്ടൻ കെ.കെ, 2015). മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ ശോഷിക്കുന്നത് അവരുടെ ഉപജീവന സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നു.

ചീനവലകൾ, ഊന്നിവലകൾ എന്നിവ ഉപയോഗിച്ചുള്ള അമിത മത്സ്യബന്ധനവും കണ്ണി വലിപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ചുള്ള അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് വെല്ലുവിളി ഉയർത്തുന്നു (ട്രീസ രാധാകൃഷ്ണൻ, 2015). ഊന്നിവലകളുടെയും ചീനവലകളുടെയും എണ്ണത്തിലുണ്ടായ വർദ്ധന, നിരോധിക്കപ്പെട്ട വലകളുടെ വൻതോതിലുള്ള ഉപയോഗം, വലക്കണ്ണികളുടെ വലിപ്പത്തിലുള്ള കുറവ് ഇതെല്ലാം ഉൾനാടൻ മത്സ്യസമ്പത്തിന്റെ സുസ്ഥിരതയ്ക്ക് ഭീഷണിയാണ് (കലാവർ, 1985). നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും തോട്ടപൊട്ടിക്കൽ, നഞ്ചുകലക്കൽ, ഏറ്റം കെട്ടൽ, തൂപ്പും പടലവും ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഇതെല്ലാം ഉൾനാടൻ മേഖലയിൽ അനിയന്ത്രിതമായി തുടരുന്നു. ഇടതുപക്ഷ സർക്കാർ 2011 ൽ പുതിയ ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ നിയമത്തിന് രൂപം നൽകിയെങ്കിലും യു.ഡി.എഫ് സർക്കാർ ചട്ടങ്ങൾക്ക് രൂപം നൽകാത്തതുകൊണ്ട് പുതിയ നിയമം ഫലത്തിൽ നടപ്പാക്കപ്പെടുന്നില്ല.

ഉത്തരേന്ത്യയിൽ നിന്ന് കേരളത്തിൽ കൊണ്ടുവന്ന് പ്രചരിപ്പിച്ച ഇന്ത്യൻ മേത്തരം കാർപ്പ് മത്സ്യങ്ങൾക്ക് കർഷകർക്കിടയിൽ പ്രതീക്ഷിച്ച സ്വീകാര്യത നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല (എം.എൻ കുട്ടി, 2008). കടൽ മത്സ്യങ്ങളോട് ആഭിമുഖ്യമുള്ള മലയാളികളുടെ രുചിഭേദങ്ങളും ഇതിന് കാരണമാണ്. വിപണിയിൽ കടൽ മത്സ്യങ്ങൾക്കും വരാൽ, മുഷി, കരിമീൻ, പൂമീൻ, കാളാഞ്ചി തുടങ്ങിയ തദ്ദേശ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങൾക്കും ലഭിക്കുന്ന ഉയർന്ന തോതിലുള്ള വില കാർപ്പ് മത്സ്യങ്ങൾക്ക് പലപ്പോഴും ലഭ്യമാകുന്നില്ല. ഇത് കാർപ്പ് മത്സ്യകൃഷി അനാദായകരമാകുന്നതിന് ഇടയാക്കുന്നു. കാർപ്പ് മത്സ്യപ്രധാനമായ അക്വാകൾച്ചർ മേഖലയുടെ വികസനത്തിന് ഇത് തടസ്സം ചെയ്യുന്നു.

മത്സ്യവിത്തിന്റെ മേഖലയിൽ സ്വയം പര്യാപ്തത നേടുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടില്ല (പത്മകുമാർ, 2015). നമുക്കാവശ്യമുള്ള മത്സ്യവിത്തിന്റെ സിംഹഭാഗവും അന്യസംസ്ഥാനങ്ങിൽ നിന്ന് കൊണ്ടുവന്ന് ഉപയോഗിക്കുകയാണ്. ഇങ്ങനെ കൊണ്ടുവരുന്ന വിത്തിന്റെ വലിപ്പവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് നിയമം (Fish Seed Act) നിലവിലുണ്ടെങ്കിലും അത് നടപ്പാക്കപ്പെടുന്നില്ല. ഇതിന്റെ ഫലമായി കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ പ്രത്യേകിച്ചും ഓർജലാശയങ്ങൾ രോഗാതുരമാകുന്ന അവസ്ഥ നിലനിൽക്കുന്നു. സംസ്ഥാനത്തുതന്നെ പുതിയ വിത്തുൽപാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഫാമുകളുടെ സ്ഥാപിതശേഷി കൂട്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നില്ല. ചെമ്മീൻ കൃഷിയിൽ സുസ്ഥിരത കൊണ്ടുവരുന്നതിന് എസ്.പി.എഫ്, എസ്.പി.ആർ ചെമ്മീൻ വിത്തുകൾ ഉൽപാദിപ്പിച്ച് ചെമ്മീൻ കർഷകർക്ക് വിതരണം ചെയ്യുന്നതിനും ചെമ്മീൻ രോഗം

തടയുന്നതിനും കഴിയുന്നില്ല.

അലങ്കാര മത്സ്യകൃഷി മേഖലയിൽ കേരളത്തിന്റെ അനുകൂല സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച പദ്ധതികൾ പ്രതീക്ഷിച്ച രീതിയിൽ മുന്നോട്ട് പോയില്ല. അലങ്കാര മത്സ്യങ്ങളുടെ വൻതോതിലുള്ള ഉൽപാദനവും കയറ്റുമതിയും ലക്ഷ്യമാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ KAVIL എന്ന കമ്പനി പ്രവർത്തനമാരംഭിക്കുകയും ആലുവായിൽ അക്വാടെക്നോളജി പാർക്ക് നിലവിൽ വരികയും ചെയ്തു. നെയ്യാറിൽ സാറ്റലൈറ്റ് ഫാമിന്റെ നിർമ്മാണമാരംഭിക്കുകയും 520 ഹോംസ്റ്റെഡ് ഫാമുകൾക്ക് തുടക്കം കുറിയ്ക്കുകയും ചെയ്തിരുന്നു. തുടർ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഏറെ പ്രതീക്ഷയോടെ ആരംഭിച്ച കമ്പനി പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിലാണ്. കേരളത്തിൽ ഓഷ്യനേറിയം ഇല്ല.

4. സമഗ്രവികസനത്തിന് ഒരു കർമ്മ പദ്ധതി

ജലപരിഷ്കാരങ്ങൾ

1. പരമ്പരാഗത മത്സ്യബന്ധ മേഖലയിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ മുൻനിർത്തി കാർഷിക മേഖലയിൽ ഭൂപരിഷ്കരണം കൊണ്ടുവന്ന് കൃഷി ഭൂമി കൃഷിക്കാർക്ക് വിതരണം ചെയ്തതുപോലെ മത്സ്യമേഖലയിൽ കടലിന്റെ അവകാശം കടലിൽ മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പു വരുത്തുന്ന സമഗ്രമായ ജലപരിഷ്കരണ നിയമം ആവിഷ്കരിച്ച് നടപ്പിലാക്കണം. അതുവഴി മത്സ്യബന്ധനോപകരണങ്ങളുടെ ഉടമാവകാശം, കടലിലെ മത്സ്യവിഭവങ്ങളുടെ ഉടമാവകാശം, കടലിലേയ്ക്കുള്ള പ്രവേശന അധികാരം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിനും ഭൂപരിഷ്കരണ നിയമത്തിൽ നിന്ന് വ്യത്യസ്തമായി പിടിച്ചുകൊണ്ടുവരുന്ന പച്ചമത്സ്യത്തിന്റെ ആദ്യ വിൽപനാവകാശം മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തുന്നതിനും അക്കേറിയൻ റിഫോംസിൽ വ്യവസ്ഥ ചെയ്യണം.
2. ഉപഭോക്താവ് മത്സ്യത്തിന് നൽകുന്ന വിലയുടെ സിംഹഭാഗവും ഇടത്തട്ടുകാർ കൈവശപ്പെടുത്തുന്നു. അതിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് ഉൽപാദകരായ മത്സ്യത്തൊഴിലാളികൾക്ക് ഉൽപന്ന വിലയായി ലഭ്യമാകുന്നത്. വിപണനശൃംഖലയിലെ കണ്ണികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ഉപഭോക്താക്കൾ കൂടുതൽ വില കൊടുത്ത് വിപണിയിൽ നിന്ന് മത്സ്യം വാങ്ങേണ്ടിവരുന്നു. ഈ സാഹചര്യത്തിൽ മത്സ്യ ഉപഭോക്താക്കളുടെയും ഉൽപ്പാദകരുടെയും താൽപ്പര്യം മുൻനിർത്തി മത്സ്യമേഖലയിൽ നിയന്ത്രിത വിപണി സമ്പ്രദായം കൊണ്ടുവരുന്നതിന് നിയമനിർമ്മാണം നടത്തണം. മത്സ്യം എളുപ്പം കേടുവരുന്ന ഭക്ഷ്യപദാർത്ഥമായതുകൊണ്ട് നല്ല മത്സ്യക്കൊയ്ത്ത് ലഭ്യമാകുന്ന സന്ദർഭങ്ങളിൽ അധികമത്സ്യം ശീതസംഭരണ സൗകര്യങ്ങൾ ഒരുക്കി സംഭരിക്കണം. മെച്ചപ്പെട്ട വില ലഭ്യമാകുന്ന സന്ദർഭങ്ങളിൽ ഈ മത്സ്യം വിപണനം ചെയ്ത് കൂടുതൽ വരുമാനം ഉണ്ടാക്കാൻ മത്സ്യത്തൊഴിലാളികൾക്ക് അവസരം ലഭിക്കുന്നു. കാർഷിക ഉൽപന്നങ്ങൾക്ക് നൽകുന്നതുപോലെ മത്സ്യത്തിന് താങ്ങുവില നൽകി മത്സ്യത്തിന്റെ വിലയിടിവിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് സംരക്ഷണം നൽകണം.
3. ഫിഷറീസുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാൻ പര്യാപ്തമാകുന്നില്ല. 1995 ലെ ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്റെ (CCRF) അടിസ്ഥാനത്തിൽ കേരളത്തിന്റെ തീരക്കടൽ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980 ലെ കെ.എം.എഫ്.ആർ ആക്ടിൽ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള കാലോചിതമായ ഭേദഗതികൾ വരുത്തണം. മത്സ്യബന്ധന യാനത്തിന്റെ വലിപ്പം, യന്ത്രശക്തി, എണ്ണം, മത്സ്യബന്ധന വലകളുടെ വലിപ്പം, ശേഷി, വലക്കണ്ണികളുടെ ചുരുങ്ങിയ വലിപ്പം, പ്രായപൂർത്തിയാകാത്ത മത്സ്യങ്ങളുടെ വൻതോതിലുള്ള ചൂഷണം, ട്രോളർ ബോട്ടുകളിൽ നിന്ന് ട്രാഷ് മത്സ്യങ്ങളെ ഡിസ്കാർഡ് ആയി കടലിൽ ഉപേക്ഷിക്കൽ, കയറ്റുമതി ചെയ്യുന്ന മത്സ്യങ്ങളുടെ കുറഞ്ഞ വലിപ്പം, പഴയ വലകൾ കടലിൽ ഉപേക്ഷിക്കൽ, വിനാശകരമായ മത്സ്യബന്ധന രീതികൾ ഇതെല്ലാം നിയമംമൂലം നിയന്ത്രണവിധേയമാക്കണം. കടലിലെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ കണക്കിലെടുത്ത് ഒരു മത്സ്യബന്ധനയാന നിയമം കൊണ്ടുവരണം. മത്സ്യത്തൊഴിലാളികൾ, അനുബന്ധതൊഴിലാളികൾ, ബോട്ടുടമകൾ, ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞൻമാർ, സന്നദ്ധ സംഘടനകൾ തുടങ്ങി മത്സ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി പങ്കാളിത്ത വിഭവ മാനേജ്മെന്റ് നയങ്ങളും കർമപരിപാടികളും ആവിഷ്കരിക്കണം. പ്രാദേശിക ജില്ലാ സംസ്ഥാനതലങ്ങളിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകണം. മൺസൂൺകാല മത്സ്യബന്ധന നിരോധനം തുടർന്നും നടപ്പിലാക്കണം.
4. ആഴക്കടൽ മത്സ്യബന്ധന മേഖലയിൽ എൽ.ഒ.പി. സ്കീമിൽ വിദേശ കപ്പലുകളുടെ കടന്നുകയറ്റം ചെറുക്കുന്നതിന് ബദൽ നടപടിയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന തദ്ദേശീയ യാനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും പുതിയ യാനങ്ങൾ സ്വായത്തമാക്കുന്നതിനും സബ്സിഡികളും ഉദാരമായ വായ്പാനയങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. സർക്കാരിന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യത്തൊഴിലാളികൾക്ക്

ഗുണകരമാകുന്ന രീതിയിൽ മാതൃയാനങ്ങൾ ഏർപ്പെടുത്തണം. തീരക്കടലിൽ പ്രവർത്തിക്കുന്ന ആവശ്യത്തിലധികമുള്ള യാനങ്ങളെ പുനാരവിഷ്കരിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിന് തിരിച്ചുവിടണം.

5. ആഗോളതാപനവും പ്രകൃതിദുരന്തങ്ങളും ചെറുക്കുന്നതിനും തീരശോഷണം തടയുന്നതിനും ഇന്ന് കടൽഭിത്തിയാണ് ഉപയോഗപ്പെടുത്തുന്നത്. കൂടുതൽ ഫലപ്രദമായ മാർഗങ്ങളെക്കുറിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പഠനം നടത്തണം. തീരം സംരക്ഷിക്കണം. കണ്ടൽചെടികളും ജൈവവേലികളും പ്രാദേശിക ജനവിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ നിർമ്മിക്കണം.

മൂല്യവർദ്ധന

6. മത്സ്യമേഖലയിൽ വരുമാനവർദ്ധനവിന് പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും വൈവിധ്യവൽക്കരണം കൊണ്ടുവരുന്നതിനും അടിസ്ഥാനസൗകര്യമൊരുക്കുകയും വൈദഗ്ധ്യ പോഷണത്തിലൂടെ മത്സ്യത്തൊഴിലാളിവനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വേണം. സംസ്കരിച്ച മത്സ്യഉൽപന്നങ്ങളും മൂല്യവർദ്ധിതഉൽപന്നങ്ങളും ഗുണമേന്മയോടെ ബ്രാന്റ് നയിം നൽകി വിറ്റഴിക്കുന്നതിന് ആധുനിക രീതിയിലുള്ള മത്സ്യവിപണന ബൂത്തുകളുടെ ഒരു ശൃംഖല തീരദേശവികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ആരംഭിക്കണം. ശീതികരിച്ച മത്സ്യോൽപന്നങ്ങൾ കയറ്റി അയയ്ക്കുന്ന പതിവ് സമ്പ്രദായം അവസാനിപ്പിച്ച് വൈവിധ്യമേറിയ മൂല്യവർദ്ധിത ഉൽപന്നക്കയറ്റുമതിയിലൂടെ അധിക സാമ്പത്തികമൂല്യം നേടുന്നതിന് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിക്കണം.

പശ്ചാത്തലസൗകര്യങ്ങൾ

7. ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും അവയെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡുകളും വികസിപ്പിക്കുകയും ഗുണനിലവാരത്തോടുകൂടി സംരക്ഷിക്കുകയും വേണം. മത്സ്യോൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധനവ് ലക്ഷ്യമാക്കി ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വ പരിപാലനത്തിന് യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന EU നിലവാരം പ്രയോഗത്തിൽ കൊണ്ടുവരണം. മീൻപിടിത്ത ഹാർബറുകളുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്ക്കൂടി പങ്കാളിത്തമുള്ള ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾക്ക് രൂപം നൽകണം. ഫിഷിംഗ് ഹാർബറുകൾ കാലാകാലങ്ങളിൽ ഡ്രഡ്ജ് ചെയ്ത് മണ്ണ് നീക്കം ചെയ്യുന്നതിനും ഹാർബർ പ്രവർത്തന സജ്ജമാക്കുന്നതിനും സംവിധാനമൊരുക്കണം. മത്സ്യത്തൊഴിലാളികളുടെ ഉപജീവനസുരക്ഷ ലക്ഷ്യം വച്ച് മത്സ്യത്തിന് നല്ല വില ലഭ്യമാക്കുന്നതിന് ഫിഷിംഗ് ഹാർബറുകളിൽ ശീതികരിച്ച സ്റ്റോറേജ് സൗകര്യങ്ങൾ ഒരുക്കണം.

8. അപകടം നിറഞ്ഞ സാഹചര്യങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് കടൽ സുരക്ഷ ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിൽ ICT സാധ്യതകൾ പ്രയോജപ്പെടുത്തി സമഗ്രമായ കടൽസുരക്ഷാ പാക്കേജിന് രൂപം നൽകണം. കാലാവസ്ഥ വ്യതിയാനങ്ങളെയും കൊടങ്കാറ്റിനെയും പേമാരിയേയും കുറിച്ചുള്ള മുന്നറിയിപ്പുകളും മത്സ്യക്കൂട്ടങ്ങളുടെ സഞ്ചാരപഥങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും (PFZ) മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ ആരംഭിക്കണം. മത്സ്യബന്ധന യാനങ്ങളിൽ യാന നിരീക്ഷണ സംവിധാനം (VMS) ഏർപ്പെടുത്തുന്നതിന് നടപടിയുണ്ടാകണം.

ഭരണപരം

9. പഞ്ചായത്തുതല മത്സ്യഭവൻ സംവിധാനത്തിൽ നിലനിൽക്കുന്ന പോരായ്മകൾ പരിശോധിച്ച് ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ പുന:സംഘടന ലക്ഷ്യമാക്കി എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് രൂപം നൽകിയ പ്രൊപ്പോസൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

10. അധികാര വികേന്ദ്രീകരണത്തിന്റെ പ്രയോജനം മത്സ്യമേഖലയ്ക്ക് പ്രതീക്ഷിച്ചതോതിൽ ഉണ്ടായിട്ടില്ല എന്ന വിമർശനം നിലനിൽക്കുന്നു. മത്സ്യമേഖലയിലെ പ്രോജക്ടുകളും ധനവിനിയോഗവും സംബന്ധിച്ച് വിശദമായ ഒരു അവലോകനം നടത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

11. സമഗ്രമായ വിധത്തിൽ മത്സ്യമേഖലാ വിഭവ വിവരശേഖരണം നടത്തണം.

സമ്പൂർണ്ണ സാമൂഹിക സുരക്ഷിതത്വത്തിലേയ്ക്ക്

12. എ.പി.എൽ-ബി.പി.എൽ പരിഗണന കൂടാതെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സാമൂഹ്യസുരക്ഷാ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കണം. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മിനിമം വേതനത്തോടുകൂടിയ പ്രസവകാല അവധി അനുവദിക്കണം. എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആദായനിരക്കിൽ അരിയും പലവ്യഞ്ജനങ്ങളും വിതരണം ചെയ്യണം. കയറ്റുമതിക്കാരിൽ നിന്ന് ക്ഷേമനിധിയിലേയ്ക്ക് വിഹിതം പിരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കം ചെയ്ത് ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കണം. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം

ഇരട്ടിയായി വർദ്ധിപ്പിക്കുകയും പദ്ധതി നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്തുകയും വേണം.

13. മത്സ്യമേഖലയിലെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവർക്കും വീട്, സാനിട്ടറി കക്കൂസ് സൗകര്യങ്ങൾ, കുടിവെള്ളം, വൈദ്യുതി, ആരോഗ്യകരമായ പരിസരം എന്നിവ ഉറപ്പു വരുത്തുന്നതിന് സമഗ്രമായ തീരദേശ പാർപ്പിട പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കണം. മാതൃകാ മത്സ്യഗ്രാമം പദ്ധതി പുനരാവിഷ്കരിക്കണം. മത്സ്യഗ്രാമത്തിൽ ഉണ്ടാകേണ്ട മിനിമം സൗകര്യങ്ങളുടെ മുൻഗണനാപട്ടിക തയ്യാറാക്കുകയും അവ ഉറപ്പുവരുത്തുകയും ചെയ്യണം.

14. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മത്സ്യമേഖല നേരിടുന്ന പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിന് തീരദേശ മേഖലയ്ക്ക് പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പാക്കണം. തീരദേശ സ്ക്കൂളുകളിലെ സൗകര്യങ്ങൾ വിപുലീകരിക്കണം. ലൈബ്രറികൾ പഠനവീടുകളാക്കി മാറ്റുന്നതിന് ഒരു പദ്ധതി തയ്യാറാക്കണം. സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികളുടെ പഠന ചെലവ് സർക്കാർ പൂർണമായും വഹിക്കണം. പട്ടികവിഭാഗങ്ങൾക്കുള്ള എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി കുട്ടികൾക്കും ലഭ്യമാക്കണം.

15. മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മോചിപ്പിക്കുന്നതിന് എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന കടാശ്വാസ നടപടികൾ പൂർത്തീകരിക്കണം. പലിശരഹിത വായ്പ പദ്ധതിയുടെയും റിവോൾവിംഗ് ഫണ്ടിന്റെയും ആനുകൂല്യം എല്ലാ തൊഴിലാളികൾക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ലഭ്യമാക്കണം.

16. മത്സ്യവിപണന, സംസ്കരണ രംഗങ്ങളിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുകയും അവർക്ക് നേരെയുള്ള ചൂഷണം അവസാനിപ്പിക്കുകയും വേണം.

17. മത്സ്യബന്ധന നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഉപജീവനാനുകൂല്യം ഉറപ്പാക്കണം. തൊഴിലുപകരണങ്ങൾ നഷ്ടപ്പെടുന്നതും ഇൻഷ്വറൻസ് കവറേജിൽ കൊണ്ടുവരേണ്ടതാണ്.

ഉൾനാടൻ മേഖല

18. പൊക്കാളി-കോൾ നിലങ്ങളിലെ നെൽകൃഷി പുനരുദ്ധരിക്കുന്നതിന് ഒരു വിള നെല്ലിനുശേഷം മറുവിളയായി മത്സ്യ/ചെമ്മീൻ കൃഷി ചെയ്യുന്നതിന് സമഗ്രമായ ഒരു പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണ്. കർഷകർക്ക് ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്ത്, മത്സ്യ/ചെമ്മീൻ തീറ്റ, കാർഷിക നിരക്കിൽ വൈദ്യുതി, ഇൻഷുറൻസ് പരിരക്ഷ, രോഗപ്രതിരോധ നടപടികൾ, വിപണന സൗകര്യങ്ങൾ എന്നിവ നിർദ്ദിഷ്ട പാക്കേജിൽ ഉൾപ്പെടുത്തേണ്ടതാണ്.

19. ജനകീയ മത്സ്യകൃഷിയുടെ മാതൃകയിൽ 15000 ഹെക്ടർ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മത്സ്യകൃഷി നടപ്പാക്കേണ്ടതാണ്. മത്സ്യകർഷകർ അനുവർത്തിച്ചുവരുന്ന കൃഷി സാങ്കേതിക മാർഗങ്ങൾ പരിഷ്കരിക്കുന്നതിനും പുതിയ സാങ്കേതികവിദ്യകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും കർഷകരെയും സാങ്കേതിക വിദഗ്ദ്ധരെയും ശാസ്ത്രജ്ഞരെയും കണ്ണി ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

20. സംസ്ഥാനത്ത് വളരെ ഡിമാന്റുള്ള തദ്ദേശ മത്സ്യയിനങ്ങായ കരിമീൻ, വരാൽ, മുഷി, മഞ്ഞക്കൂരി തുടങ്ങിയ മത്സ്യങ്ങളുടെ പ്രജനനവും കൃഷിയും പ്രോത്സാഹിപ്പിക്കണം. ഇവയുടെ വിത്തുൽപാദന സാങ്കേതിക വിദ്യ വാണിജ്യവൽക്കരിക്കുന്നതിനും ഫിഷറീസ് സമുദ്രപഠന സർവകലാശാലയുടെ സഹായത്തോടെ മാതൃകാ പദ്ധതികൾ നടപ്പാക്കണം.

21. അലങ്കാര മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനവും കയറ്റുമതി ലക്ഷ്യമാക്കി ആലുവായിൽ കാവിലിന്റെ നേതൃത്വത്തിൽ നിലവിൽവന്ന അക്വാടെക്നോളജി പാർക്കിലെ പ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കണം. തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൽ സാറ്റലൈറ്റ് ഫാമിന്റെ നിർമ്മാണം ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. പഞ്ചായത്തുകളിൽ അലങ്കാര മത്സ്യഗ്രാമങ്ങൾ സ്ഥാപിച്ച് സ്ത്രീകളുടെ കൂട്ടായ്മകളുടെ അടിസ്ഥാനത്തിൽ ബാക്ക് യാർഡ് ഫാമുകൾ ആരംഭിക്കാൻ കഴിയും. ഗുണമേന്മയുള്ള മത്സ്യവിത്തും തീറ്റയും വിതരണം ചെയ്യുന്നതിനും ഉൽപാദിപ്പിച്ച മത്സ്യങ്ങൾ വാങ്ങി സംഭരിച്ച് വിപണനം നടത്തുന്നതിനും നടപടിയുണ്ടാവണം. മത്സ്യത്തീറ്റകൾ, അക്വേറിയം അനുസാരികൾ, അക്വേറിയം ഫിൽട്ടറുകൾ, അക്വേറിയം മരുന്നുകൾ എന്നിവയുടെ ഉൽപാദനത്തിന് ചെറുകിട വ്യവസായ സംരംഭങ്ങൾ കാവിലിന്റെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്.

22. ജലസംഭരണികളിലെ മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് വലിയ കൂടുകൾ സ്ഥാപിച്ച് കൂട്കൃഷി (Cage Culture) പ്രോത്സാഹിപ്പിക്കേണ്ടതാണ്. വെള്ളത്തിന്റെ വിനിമയം ഉറപ്പുവരുത്തിയും, ഗുണമേന്മയുള്ള തീറ്റ നൽകിയും കരിമീൻ, തിലാപ്പിയ, കോമൽ കാർപ്പ്, ക്യാറ്റ്ഫിഷ് തുടങ്ങിയ മത്സ്യങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

23. മത്സ്യ/ചെമ്മീൻ വിത്തിന് അനുഭവപ്പെടുന്ന ക്ഷാമം പരിഹരിക്കുന്നതിന് പുതിയ മത്സ്യ/ചെമ്മീൻ വിത്ത് ഫാമുകൾ ആവശ്യമാണ്. നിലവിലുള്ള ഫാമുകളുടെ/ഹാച്ചറികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കുകയും വേണം. കർഷകരുടെ പങ്കാളിത്തത്തോടെ വീകേന്ദ്രീകൃതമായി

മത്സ്യവിത്ത് പരിപാലന കേന്ദ്രങ്ങൾ (Fish seed rearing centres) ആരംഭിച്ച് പ്രാദേശികമായി മത്സ്യ വിത്തുൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്. സഹക രണ മേഖലയിൽ മത്സ്യത്തീറ്റ നിർമ്മാണ ഫാക്ടറി ആവശ്യമാണ്. കർഷകർക്ക് ഗുണമേന്മ ഉറപ്പുവരു ത്തി SPF, SPR ചെമ്മീൻ വിത്തുകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ചെമ്മീൻ രോഗനിയന്ത്രണവിധേയമാക്കുന്നതിന് നിരീക്ഷണ മേൽനോട്ട സംവിധാനം ഏർപ്പെടുത്തും.

24. കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ പൊ തുജലശേഖരങ്ങളിൽ മത്സ്യസമ്പത്തിന്റെ വർദ്ധന വ് ലക്ഷ്യമാക്കി സാമൂഹ്യ മത്സ്യകൃഷി (Social fisheries) നടപ്പാക്കുന്നതാണ്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ കാർപ്പ് മത്സ്യങ്ങൾ, ചെമ്മീനു കൾ, കരിമീൻ, ആറ്റുകൊഞ്ച് എന്നിവയുടെ വിത്ത് വൻതോതിൽ നിക്ഷേപിച്ച് (Ranching) ഉൾനാടൻ മത്സ്യസമ്പത്ത് പുനർജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

25. സമുദ്രമത്സ്യകൃഷി (Mariculture) വികസനം ലക്ഷ്യ മാക്കി തീരക്കടലിൽ തെരഞ്ഞെടുക്കപ്പെട്ട പ്രദേ ശങ്ങളിൽ മാരികൾച്ചർ പാർക്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ നേ തൃത്വത്തിൽ ചെമ്പല്ലി, തിരുത, കാല്ലാഞ്ചി, കോബിയ, അലങ്കാര മത്സ്യങ്ങൾ തുടങ്ങിയവയുടെ കൂടുകൃഷി (cage culture) പ്രോത്സാഹിപ്പിക്കണം. സമുദ്ര മ ത്സ്യകൃഷിയ്ക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ പുതിയ ഹാച്ചറി സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. കായൽ പ്രദേശങ്ങളിൽ അനു യോജ്യമായ സ്ഥലങ്ങളിൽ കല്ലുമ്മേക്കായ, കടൽ മുരിങ്ങ, കക്ക, ഞണ്ട് എന്നിവയുടെ കൃഷിയ്ക്ക് പ്രോത്സാഹനം നൽകണം.

26. കായലുകൾ ഡ്രഡ്ജ് ചെയ്ത് ആഴം വർദ്ധി പ്പിക്കുന്നതിനും ആവാസവ്യവസ്ഥകൾ പുനരുദ്ധരി പ്പിക്കുന്നതിനും നടപടിയുണ്ടാകണം. കുട്ടനാട്ടിലെ കായലുകളിൽ നിന്ന് പോള നിർമ്മാർജനത്തിന് പരി പാടിയുണ്ടാവണം.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. ടി.എം തോമസ് ഐസക് (2015): ''മത്സ്യമേഖലയും തീരദേശവികസനവും'', നാലാമത് അന്താരാഷ്ട്ര കേരള പ ഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 02, PP- 9-11
2. പ്രൊഫ. ബി. മധുസൂദനകുറുപ്പ് (2015): ''മത്സ്യമേഖല-വിക സന സാദ്ധ്യതകളും പ്രശ്നങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 02
3. ഡോ.എൻ.ജി.കെ പിള്ള (2015): ''കേരളത്തിലെ സമുദ്രമത്സ്യ വിഭവങ്ങൾ - അവസ്ഥ, പ്രശ്നങ്ങൾ, പരിപാലനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP 12-15
4. Dr. Vijayakumaran K (2015): ''Changing Deep-sea Fisheries Policies-the Science, Economics and Impact on Fishermen'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 16-20
5. സഞ്ജീവഘോഷ്. ഡി (2015): ''മീനാകുമാരികമ്മറ്റി റിപ്പോർ ട്ടും മത്സ്യനയവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 02, PP- 21-27
6. ബൈജു ഡോ. കെ.കെ (2015): ''രാം നീലവിപ്ലവത്തിന് പങ്കാ ളിത്ത സമുദ്ര മത്സ്യവിഭവ പരിപാലനം - ഒരു ആമുഖം മ ത്സ്യമേഖലയും തീരദേശ വികസനവും'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 28-35
7. ടി. പീറ്റർ (2015): ''മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസ ന്ധി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 02
8. Dr. J.B Rajan & Dr.Haribabu T.P (2015): ''Local Governance in Traditional Fisheries: Progressive Interventions, Regressive Status '', 4th International Congress on Kerala Studies, Preliminary Seminar -02, PP- 35-39
9. ഡോ. സി രാമചന്ദ്രൻ (2015): ''ലോകഭക്ഷ്യ കാർഷിക സംഘ ടനയുടെ ഉത്തരവാദമത്സ്യബന്ധന പെരുമാറ്റചട്ടവും നമ്മുടെ മത്സ്യമേഖലയും - ഒരു വിശകലനം'', നാലാമത് അന്താരാ ഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 39-43
10. Dr. K Sunil Mohamed, CMFRI (2015): ''Need for Reforms in Marine Fisheries Regulations and Laws of Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 44-45
11. Kunhimammu Paravath (2015): ''Fishery harbour development and its modernisation in kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 46-50
12. Sairabanu KA (2015): ''Management of Fishing Harbours-Munambam Model'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 51-54
13. Dr.V.R.Madhu & Dr.Leela Edwin (2015): ''Advances in Fishing Technology in India – Contribution of CIFT'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 54-57
14. ഡോ. കെ.കെ അപ്പുക്കുട്ടൻ (2015): ''ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന വികസനപ്രശ്നങ്ങൾ'', നാലാമത് അന്താ രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 02
15. ഡോ. കെ.കെ അപ്പുക്കുട്ടൻ (2015): ''വേമ്പനാടിന്റെ സ്വന്തം കറുത്ത കക്ക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺ ഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 57-60
16. Dr. Tresa Radhakrishnan, Mini Mohandas & Lekshmy S (2015): ''Impact of Stake Nets on the Resource Potential of Backwaters of Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 60-64
17. ഡോ. ഷാജി സി.പി (2015): ''ഉൾനാടൻ മത്സ്യവൈവിധ്യം നേരിടുന്ന വെല്ലുവിളികൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 64-66
18. Dr. B Manoj Kumar (2015): ''Inland fisheries resources of Kerala - Problems and Prospects'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 67-70
19. Dr. K.V Jayachandran (2015): ''Inland aquatic resources of Kerala and their judicious exploitation for human welfare'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 70-71

20. Prof. (Dr.) C. Mohanakumaran Nair (2015): ''Perspectives of inland aquaculture development in Kerala'', 4th International Congress on Kerala Studies, Preliminary Seminar -02
21. M.N Kutty (2015): ''Need for an aquaculture policy for holistic fisheries development in Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 71-73
22. Dr. Vijayan KK, C.PBalasubramanian, Shyne Anand & A Panigrahi CIBA (2015): ''Ecosystem approach to brackishwater Aquaculture (EABA), a sustainable model in aquafarming, and its relevance to coastal aquaculture of Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 74-80
23. ഡോ. കെ.ജി പത്മകുമാർ (2015): ''കേരളത്തിന്റെ ജലകൃഷി മേഖലാവികസനം അനിവാര്യമാകുന്ന നയസമീപനങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 80-83
24. A Gopalakrishnan Nair (2015): ''Prospects of Ornamental Fish Industry in Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 83-85
25. Dr. T.V Anna Mercy (2015): ''Indigenous Ornamental fishes of the Western Ghats of India: a hobby and livelihood option for women empowerment and unemployed youths'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 85-90
26. ടി. പുരുഷോത്തമൻ (2015): ''ജലകൃഷിസാദ്ധ്യതകളെ പ്രയോജനപ്പെടുത്താതെ കേരളം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 91-95
27. P. Sahadevan (2015): ''Ornamental Fisheries Sector: Recent Trends and Scope for Employment'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 95-100
28. Saji M Rajesh (2015): ''Development of Reservoir Fisheries in Kerala'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 101-105
29. Dr.Devika Pillai (2015): ''Strategies for effective health management in Shrimp Culture'', 4th International Congress on Kerala Studies, Preliminary Seminar -02, PP-
30. ബാലൻ മാവേലി (2015): ''അലങ്കാരമത്സ്യകൃഷിയും ഗ്രാമീണമേഖലയിലെ തൊഴിലവസരങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 106-108
31. N Narayanan Nampoothiry (2015): ''Success story of macrobrachium culture in malampuzha reservoir '', 4th International Congress on Kerala Studies, Preliminary Seminar -02, PP- 109-110
32. സന്തോഷ് കുമാർ എസ് (2015): ''കേരളത്തിലെ ഉൾനാടൻ മത്സ്യോൽപാദനത്തിൽ മത്സ്യകൃഷിയുടെ പങ്ക്'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 111-113
33. ഡോ. ദിനേശ് കെ (2015): ''ഓരുജലമത്സ്യകൃഷിയിൽ വൈവിദ്ധ്യവത്ക്കരണ ത്തിന്റെ സാദ്ധ്യതകളും വികസന പ്രശ്നങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP-
34. Pramod Kiran R. B et al. (2015): ''Brackish water aquaculture in Kerala: The revival of finfish farming and the way ahead'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 113-117
35. Jacob Joseph (2015): ''Some Reflections on the Kerala Aquarian (Fisheries) Reforms Bill'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 117-121
36. അഡ്വ എ സുഹൃത്കുമാർ (2015): ''അക്വേറിയൻ നിയമനിർമ്മാണം: നീതിശാസ്ത്ര-പ്രായോഗികസാദ്ധ്യതകൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP-
37. എ.ജെ വിജയൻ (2015): ''കേരളത്തിലെ കടൽ മത്സ്യമേഖലയും ജലപരിഷ്കരണവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 122-125
38. ടി.ഡി വേലായുധൻ (2015): ''അക്വേറിയൻ റിഫോംസ് - ഒരു സമീപന രേഖ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 126-130
39. ഡോ. കെ.എസ്. പുരുഷൻ (2015): ''ജലആവാസവ്യവസ്ഥകൾ നേരിടുന്ന പാരിസ്ഥിതിക വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 130-132
40. വി.കെ. മധുസൂദനൻ (2015): ''കൽക്കാടുകളുടെ സംരക്ഷണവും ജൈവവൈവിദ്ധ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 132-134
41. Dr. A. Bijukumar (2015): ''Coastal environment and biodiversity conservation in kerala in the context of climate change'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 135-142
42. Dr. Rahul G Kumar & DrV.SBasheer (2015): ''Inland fish diversity of Kerala and the challenges for conservation'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 142-144
43. ഡോ. എൻകെ ശശിധരൻപിള്ള (2015): ''കടൽമത്സ്യബന്ധനമേഖലയും സമഗ്ര തീരദേശവികസനവും- ഒരു സമീപന രേഖ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 145-150
44. അഡ്വ ശശീന്ദ്രൻ വി.വി (2015): ''മത്സ്യബന്ധനമേഖലയുടെ പ്രശ്നങ്ങളും വെല്ലുവിളികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 151-153
45. Dr.George Ninan & Dr.Ravishankar C.N (2015): ''Value Addition and the Concept of Business Incubation in Fisheries – Indian Scenario'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 154-157
46. ഡോ.സൈറു ഫിലിപ്പ് (2015): ''തീരദേശമേഖലയിലെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 157-158
47. Ignatious Mandro B (2015): ''Socio-Economic Development of Fishermen- A Critical Review'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 159-166
48. C. R. Sathiavathy (2015): ''Economic Empowerment of Fisherwomen in Kerala achieved through SAF'', 4th International Congress on Kerala Studies, Preliminary Seminar -02, PP- 167-169
49. കൂട്ടായി ബഷീർ (2015): ''മത്സ്യത്തൊഴിലാളി കടാശ്വാസനിയമം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 170-171
50. എസ് രവീന്ദ്രൻ നായർ (2015): ''തീരദേശനിയന്ത്രണമേഖലാവിജ്ഞാപനവും മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പ്രശ്നവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 171-173
51. ലാലാജി ഡി (2015): ''മത്സ്യമേഖലാവികസനത്തിൽ സഹകരണപ്രസ്ഥാനങ്ങളുടെ പങ്ക്, വെല്ലുവിളികളും സാദ്ധ്യതകളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 174-178
52. ഷീല റോസാറിയോ (2015): ''മത്സ്യബന്ധനമേഖലയിലെ സ്ത്രീകൾ- പ്രശ്നങ്ങളും വെല്ലുവിളികളും'', നാലാമത് അന്താ

രാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 179-181

53. ജ്യോതിഷ്കുമാർ. എസ് (2015): ''മത്സ്യമേഖലാവികസനത്തിന് ഒരു മാതൃക'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -02, PP- 181-183

മറ്റു രേഖകൾ

54. Babu Paul. D (1982) Report of the Committee to study the need for conservation of Marine Fishery Resources during certain seasons of the year and allied matters, Government of Kerala, Trivandrum.

55. Biju K.K (2014) Institutional analysis of Marine Fisheries Management practices in Kerala, Unpublished thesis, CUSAT, Kerala.

56. CMFRI (2009) Marine Fisheries Policy Brief I Kerala, CMFRI, Kochi.

57. John Kurien (2008) Property rights Resource Management and Governance. Crafting institutional frame work for global marine fisheries. Centre for Development Studies, Trivandrum.

58. Kalawar A.G, M. Devaraj & A. Parulekar (1985) Report of the Expert Committee on Marine Fisheries in Kerala, Central Institue of Fisheries Education, Bombay.

59. Kutty M.N (2008) Task force on Inland fisheries and Aquaculture. Report Government of Kerala, Trivandrum.

60. Kerala State Planning Board (2014) Perspective Plan 2030, Keralal, Vol-I Kerala State Planning Board, National Council of Applied Economic Research, Trivandrum.

61. Kerala State Planning Board (2009) Human Development Report of Fisherfolk in Kerala, Government of Kerala, Trivandrum.

62. Meenakumari Dr. B (2014) Report of the expert committee to review deep sea fishing policy Government of India, New Delhi.

63. Murari. P (1995) Report of the committee to review deep sea fishing policy. Government of India, Newdelhi.

64. Nair. B (1989) Report of the expert on committee on marine fisheries resource management in Kerala, Deprtment of fisheries, Trivandrum.

65. Ravindran K (2008) Report of the expert committee on Aquarian Reforms, Fisheries Directorate, Vikasbhavan, Trivandrum.

66. Tresa Radhakrishnan, Mini Mohandas & Lekshmi. S (2015) Impact of stake nets on the resource potential of backwaters of Kerala.

67. തോമസ് ഐസക് ടി.എം (2013) തുറന്ന കടലും തുലയുന്ന മത്സ്യമേഖലയും, ചിന്ത വാരിക, 2013 ഡിസംബർ 30.

68. തോമസ് കോച്ചേരി ഫാദർ (2000) ആഗോളവൽക്കരണവും ദാരിദ്ര്യവൽക്കരണവും, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം

69. മധുസൂദനക്കുറുപ്പ് ഡോ. ബി (2015) മത്സ്യമേഖല, വികസനം - സാധ്യതകളും പ്രശ്നങ്ങളും പ്രസിദ്ധീകരിക്കാത്ത പ്രബന്ധം, കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല, കൊച്ചി.

70. വേലായുധൻ ടി.ഡി (2012) കേരളത്തിലെ മത്സ്യങ്ങൾ, ഡി.സി ബുക്സ്, കോട്ടയം

71. സംസ്ഥാന മത്സ്യവകുപ്പ് (2008), കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ കടബാധ്യത ഒരു പഠനം, ഫിഷറീസ് ഡയറക്ടറേറ്റ്, തിരുവനന്തപുരം



അധ്യായം 7

ആധുനിക വ്യവസായങ്ങൾ

കേരള സമ്പദ്ഘടനയുടെ ഒരു പ്രധാന ദൗർബല്യം വ്യവസായ പിന്നോക്കാവസ്ഥയാണ്. കാർഷിക സംസ്കരണത്തെ ആസ്പദമാക്കിയായിരുന്നു 19-ാം നൂറ്റാണ്ടിൽ വ്യവസായങ്ങൾ വളർന്നുവന്നത്. വ്യവസായവൽക്കരണത്തിന്റെ പുതിയൊരു ഘട്ടം ആരംഭിച്ചത് 1938-48 കാലത്താണ്. ആലുവ വ്യവസായ മേഖല കേന്ദ്രീകരിച്ചുകൊണ്ട് വളം നിർമ്മാണം, അലുമിനിയം, കെമിക്കലുകൾ, പ്ലൈവുഡ് തുടങ്ങി ഒരുകൂട്ടം പുതിയ വ്യവസായങ്ങൾ ഉയർന്നുവന്നു. എന്നാൽ, സ്വാതന്ത്ര്യാനന്തര കേരളത്തിൽ അറുപതുകളുടെ അവസാനം വരെ ഗ്വാളിയോർ റയോൺസ് ഒഴിച്ചാൽ എടുത്തുപറയാവുന്ന ആധുനിക വ്യവസായ നിക്ഷേപമൊന്നും കേരളത്തിലുണ്ടായില്ല. കേന്ദ്ര അവഗണന, സംസ്ഥാന വികസന നയത്തിൽ വ്യവസായത്തിന് അർഹമായ പ്രാതിനിധ്യം ലഭിക്കാതെ പോയത്, വിദേശ മൂലധനവും അന്യസംസ്ഥാന മൂലധനവും കേരളത്തിൽനിന്ന് പിൻവാങ്ങിയത്, സംരംഭകത്വത്തിന്റെ ദൗർബല്യങ്ങൾ തുടങ്ങി ഒട്ടനവധി കാരണങ്ങൾ ഈ തിരിച്ചുപോക്കിന് വിശദീകരിക്കാനായി ഉപയോഗിക്കപ്പെടുന്നുണ്ട്. (തോമസ് ഐസക്, 1994; ജയൻ തോമസ്, 2005, 2008) ആവശ്യമായ സ്വകാര്യ മൂലധന നിക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പൊതുമേഖലാ നിക്ഷേപമാണ് കേരളത്തിലെ ആധുനിക വ്യവസായ മേഖലയെ മുന്നോട്ടുകൊണ്ടുപോയത്.

കേരളത്തിന്റെ വ്യവസായ പിന്നോക്കാവസ്ഥയെ സമരോത്സുക ട്രേഡ് യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെടുത്തി വിശദീകരിക്കാനാണ് പലരും തുനിയുന്നത്. ഇതിന് വസ്തുതകളുമായി ബന്ധമില്ല. നാം ചർച്ച ചെയ്യുന്നത് സംഘടിത വ്യവസായ മേഖലയെക്കുറിച്ചാണ്. ഇവിടെ കൂലി വിഹിതം മറ്റു സംസ്ഥാനങ്ങളേക്കാൾ കുറഞ്ഞതാണ് എന്നുള്ളതാണ് വസ്തുത. എന്നു മാത്രമല്ല, 1970-കളുടെ മധ്യം മുതൽ കേരളത്തിലെ പണിമുടക്കുകൾ വഴി നഷ്ടപ്പെടുന്ന തൊഴിൽദിനങ്ങളുടെ ശതമാനം കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല, ദേശീയ ശരാശരിയേക്കാൾ വളരെ താഴെയുമാണ്. കേരളത്തിന്റെ വ്യാവാസായിക പിന്നോക്കാവസ്ഥയുടെ കാരണങ്ങൾ ചരിത്രത്തിലാണ് തേടേണ്ടത്.

ഈ പിന്നോക്കാവസ്ഥ മറികടക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മറ്റ് ഏതു മേഖലയെയും അപേക്ഷിച്ച് വ്യവസായ മേഖലയ്ക്ക് വളരെ കൂടുതൽ മുൻ പിൻ ബന്ധങ്ങളുണ്ട്. അതുകൊണ്ട്, വ്യവസായ വളർച്ച അനുകൂലമായ അനുരണനങ്ങൾ സമ്പദ്ഘടനയിൽ ഉടനീളം സൃഷ്ടിക്കും. കാർഷിക മേഖലയുടെ പ്രാധാന്യം കുറയുന്നതിനനുസരിച്ച് അവിടെ തൊഴിലെടുക്കുന്നവരെ കാർഷികേതര മേഖലകളിലേക്ക് മാറ്റേണ്ടതുണ്ട്. വ്യാവസായിക മേഖല മുരടിച്ചുനിന്നാൽ അത് ഇപ്പോൾ കേരളത്തിന്റെ അനുഭവം കാണിക്കുന്നതുപോലെ തൊഴിലില്ലായ്മ രൂക്ഷമാകുന്നതിലേക്ക് നയിക്കും. വ്യവസായം പോലുള്ള ഉൽപ്പാദനമേഖലകളെ അവഗണിച്ചുകൊണ്ട് സേവന മേഖലകളെ ആസ്പദമാക്കി സുസ്ഥിരമായ സാമ്പത്തിക വളർച്ച സാധ്യമല്ല.

ഈ പശ്ചാത്തലത്തിലാണ് ഇവിടെ കേരളത്തിലെ വ്യവസായ മേഖലയുടെ പൊതു സവിശേഷതകളെക്കു

റിച്ചും അതിനുശേഷം ഓരോ ഫാക്ടറി മേഖലയിലെ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചും പരിശോധിക്കാൻ ഒരുമ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു പുതിയ തന്ത്രം ആവിഷ്കരിക്കാനാകും എന്ന് കരുതുന്നു.

1. കേരളത്തിന്റെ വ്യവസായ പിന്നോക്കാവസ്ഥ

കേരളത്തിന്റെ വ്യവസായ പിന്നോക്കാവസ്ഥയുടെ തെളിവ് സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ വ്യവസായത്തിന്റെ താഴ്ന്ന വിഹിതവും മന്ദഗതിയിലുള്ള വ്യവസായ വളർച്ചയുമാണ്. ഇതിൽ തന്നെ സംഘടിത മേഖലയെക്കാൾ വേഗതയിൽ വളരുന്നത് അസംഘടിത മേഖലയാണ്. വ്യവസായ ഘടനയെടുത്താൽ ചുരുക്കം ചില വ്യവസായങ്ങളിൽ ഉൽപ്പാദനം കേന്ദ്രീകരിച്ചിരിക്കും. അവയാണെങ്കിൽ ഗൗരവമായ വെല്ലുവിളികളെ നേരിടുകയും ചെയ്യുകയാണ്. ഈ സവിശേഷതകളെ ഓരോന്നായി ഇനി പരിശോധിക്കാൻ പോവുകയാണ്.

താഴ്ന്ന വ്യവസായ വിഹിതം

2009–10ൽ കേരള സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 21 ശതമാനമാണ് വ്യവസായമേഖലയ്ക്കുള്ളത്. ഇന്ത്യയിൽ അത് 28 ശതമാനം ആണ്. വ്യവസായ മേഖല എന്നതിൽ സംഘടിത-അസംഘടിത മാനുഫാക്ചറിംഗ്, നിർമ്മാണം, വെള്ളവും വൈദ്യുതിയും, ഖനനം എന്നിവ ഉൾപ്പെടുന്നു. മാനുഫാക്ചറിംഗ് മാത്രമെടുത്താൽ സംസ്ഥാന വരുമാനത്തിന്റെ 10 ശതമാനമേ വരൂ. ദേശീയതലത്തിൽ അത് 16 ശതമാനവും.

വ്യവസായമേഖലയെ വലുപ്പത്തിന്റെ അടിസ്ഥാനത്തിൽ മൂന്നായി തിരിക്കാം. കുടിൽ വ്യവസായങ്ങൾ, ഫാക്ടറി വ്യവസായങ്ങൾ, ഫാക്ടറിയിതര എന്നാൽ കുടിൽ അല്ലാത്ത വ്യവസായങ്ങൾ. കാനേഷുമാരി കണക്കുകൾ പരിശോധിച്ചാൽ കേരളത്തിലെ കുടിൽ വ്യവസായങ്ങളിൽ പണിയെടുക്കുന്നവരുടെ എണ്ണം അതിവേഗത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതേസമയം, ഫാക്ടറി വ്യവസായങ്ങളിൽ പണിയെടുക്കുന്നവരുടെ എണ്ണം ആനുപാതികമായി വർദ്ധിക്കുന്നില്ല. ഇതിന്റെ ഫലമായി ഫാക്ടറികൾ അല്ലാത്ത ചെറുകിട വ്യവസായങ്ങളാണ് കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്നത്. കേരളത്തിലെ വ്യവസായ സംരംഭങ്ങളിൽ 42 ശതമാനവും 14 തൊഴിലാളികളിൽ താഴെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളാണ്.

ഉൽപ്പാദനം സംബന്ധിച്ച കണക്കുകളിൽ ഫാക്ടറി മേഖലയെ രജിസ്ട്രേഡ് മേഖല എന്നാണ് വിളിക്കുക. മറ്റുള്ളവയെ അൺരജിസ്ട്രേഡ് മേഖല എന്നും. 2001–02/2010–11 കാലത്ത് രജിസ്ട്രേഡ് മേഖല 5.9 ശതമാനം വീതം വളർന്നപ്പോൾ അൺരജിസ്ട്രേഡ് മേഖല 8.3 ശതമാനം വീതം വളർന്നു. കേരളത്തിലെ ഫാക്ടറി മേഖലയിൽ തൊഴിൽ എടുക്കുന്നവരുടെ എണ്ണം 1998–99ൽ ഇന്ത്യയിലെ ഫാക്ടറി തൊഴിലാളി

പട്ടിക 7.1
വ്യവസായ മേഖല അനുസരിച്ച് കേരളത്തിലെ ഫാക്ടറികളുടെ എണ്ണം, സ്ഥിരമൂലധനം, ഉൽപ്പാദനം, തൊഴിലെടുക്കുന്നവരുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം, 2012–13

വ്യവസായങ്ങൾ	NIC കോഡ്	ഫാക്ടറികളുടെ എണ്ണം	സ്ഥിര മൂലധനം	തൊഴിലാളികളുടെ എണ്ണം	ഉൽപ്പാദനം	ഇന്ത്യയിലെ ഉൽപ്പാദനം
ഭക്ഷ്യോൽപ്പന്നങ്ങൾ	10	20.3	19.3	41.7	20.1	6.6
മറ്റ് ഭക്ഷ്യോൽപ്പന്നങ്ങൾ	107	13.3	13.6	36.8	11.8	
പെട്രോളിയം ഉൽപ്പന്നങ്ങൾ	192	0.3	27.8	1.1	11.9	11.7
റബ്ബറും പ്ലാസ്റ്റിക്കും	22	8.6	7.4	5.9	12.5	3.1
രാസ ഉൽപ്പന്നങ്ങൾ	20	3.0	6.2	3.0	8.0	8.9
പ്രിന്റിംഗ് തുടങ്ങിയവ	18	2.1	4.7	1.6	5.1	1.0
ലോഹേതര ഉൽപ്പന്നങ്ങൾ	239	14.4	5.4	4.9	4.9	
ചെരുപ്പുകൾ	152	1.8	2.3	2.3	4.0	0.5
കപ്പലുകളും ബോട്ടുകളും	301	0.2	2.1	1.2	3.9	
പുകയില ഉൽപ്പന്നങ്ങൾ	120	10.6	0.1	8.9	1.1	
തുണി	13	6.1	4.4	5.9	2.9	5.8
മറ്റ് മാനുഫാക്ചറിംഗ്		7.4	4.8	6.2	7.4	
മൊത്തം ഫാക്ടറി മേഖല		100 (7129-)	100	100 (380498-)	100	

അവലംബം: ജയൻ തോമസ്, 2013

കുറിപ്പ്: മറ്റ് ഭക്ഷ്യോൽപ്പന്നങ്ങൾ, കശുവണ്ടി, കാപ്പി, ബേക്കറികൾ ഉൾപ്പെടും.
239: ഇഷ്ടിക, സിമന്റ്, കളിമൺ, കോൺക്രീറ്റ് തുടങ്ങിയവ

കളുടെ 2.5 ശതമാനം വരുമായിരുന്നു. ഇപ്പോൾ അത് 1.2 ശതമാനമായി താഴ്ന്നു. ഇന്ത്യയിലെ ഫാക്ടറി ഉൽപ്പാദനത്തിൽ 1981-82ൽ 3 ശതമാനം കേരളത്തിന്റേതായിരുന്നു. എന്നാൽ, ഇത് പിന്നീടുള്ള വർഷങ്ങളിൽ അനുക്രമമായി കുറഞ്ഞ് 2012-13ൽ 1.3 ശതമാനമായി താഴ്ന്നു.

വ്യവസായ ഘടനയിലെ ദൗർബല്യം

വൈവിധ്യമാർന്ന വ്യവസായങ്ങൾ കേരളത്തിലുണ്ടെങ്കിലും കണക്കുകൾ പരിശോധിക്കുമ്പോൾ ചുരുക്കം ചില വ്യവസായങ്ങളിൽ തൊഴിലാളികളും ഉൽപ്പാദനവും കേന്ദ്രീകരിച്ചിരിക്കുന്നതായി കാണാം. ഇന്ത്യാ സർക്കാർ വ്യവസായങ്ങളെ 61 രണ്ടക്ക മേഖലകളായിട്ടാണ് തിരിക്കുന്നത്. കേരളത്തിലെ വ്യവസായ ഉൽപ്പാദനത്തിൽ 75 ശതമാനവും 11 മേഖലകളിൽനിന്നാണ് ഉണ്ടാകുന്നത്. മറ്റുള്ളവയ്ക്ക് കേരള സമ്പദ്ഘടനയിൽ വലിയ പ്രാധാന്യവുമില്ല. കൂടുതൽ വൈവിധ്യമാർന്ന ഉൽപ്പാദന ഘടനയാണ് അഭികാമ്യം. ഇന്ന് നമ്മൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം നമ്മൾ കേന്ദ്രീകരിച്ചിരിക്കുന്ന വ്യവസായ മേഖലകളിൽ പലതും വളർച്ച മുറ്റി തുടങ്ങി എന്നുള്ളതാണ്. ഇത് നമ്മുടെ വ്യവസായ പ്രകടനത്തെ വളരെ സാരമായി ബാധിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇത് മനസ്സിലാക്കണമെങ്കിൽ പ്രധാനപ്പെട്ട വ്യവസായ മേഖകളെ പ്രത്യേകമെടുത്ത് പ്രശ്നങ്ങൾ പരിശോധിക്കണം.

2. പ്രതിസന്ധി - വ്യവസായമേഖലാടിസ്ഥാനത്തിൽ

കേരളത്തിലെ വ്യവസായങ്ങളുടെ കളിത്തൊട്ടിൽ എന്ന് വിശേഷിപ്പിക്കാവുന്ന ആലുവ, ഏലൂർ, കളമശേരി, അമ്പലമുകൾ മേഖലകളിൽ ഗുരുതരമായ പ്രതിവ്യവസായവൽക്കരണം നടന്ന് വരികയാണ്. നിലവിലുള്ള സ്ഥാപനങ്ങളിൽ ഭാരത് പെട്രോളിയം കോർപ്പറേഷന്റെ കൊച്ചി റിഫൈനറിക്കു മാത്രമാണ് വരും വർഷങ്ങളിൽ ഉൽപ്പാദനക്ഷമമാകാനിടയുള്ള ചില പദ്ധതികളെങ്കിലും ഉള്ളത്. ഗൗരവമായ വ്യാവസായിക മാന്ദ്യം നിലവിലുണ്ടായിരുന്ന മുൻ കാലഘട്ടങ്ങളിൽ ഈ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും വികസനത്തിന്റെയോ വൈവിധ്യവൽക്കരണത്തിന്റെയോ ആയ നിരവധി പദ്ധതികൾ ഉണ്ടായിരുന്നതായി കാണാവുന്നതാണ്.

ചില സ്ഥാപനങ്ങൾ സാങ്കേതിക മേന്മയില്ലായ്മയുടേയും വർദ്ധിച്ച ഉൽപ്പാദന ചിലവിന്റേയും കാരണത്താൽ നഷ്ടത്തിലാവുകയും ക്രമേണ അടച്ചുപൂട്ടുകയും ചെയ്തു. പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ്, ആലുവയിലെ സ്റ്റാൻഡേർഡ് പോട്ടറീസ്, എടത്തല ശേഷസായി വയർറോപ്സ്, കളമശ്ശേരിയിലെ ഒഗലേ ഗ്ലാസ് ഫാക്ടറി, അങ്കമാലിയിലെ തോഷിബ ആനന്ദ് ലംസ് & ബാറ്ററീസ്, എടയാറിലെ പെരിയാർ കെമിക്കൽസ് അവയിൽ ചിലത് മാത്രം. വൻകിട വ്യവസായങ്ങൾ രോഗാതുരമാകുന്നതോടൊപ്പം ഇത:പര്യന്തം നേടിയ സാങ്കേതിക വിജ്ഞാനവും അനുഭവപാഠങ്ങളും ക്രമേണ അന്യമാകുന്ന സ്ഥിതി വിശേഷവും ഈ മേഖലയിൽ ഇന്ന് പ്രകടമാണ്. വൈദ്യുതി മുഖ്യ ഉൽപ്പാദന ഉപാധിയായിട്ടുള്ള ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, എഫ്.എ.സി.ടി., ഇന്ത്യൻ അലൂമിനിയം കമ്പിനി എന്നീ ഹൈ-ടെൻഷൻ ഉപഭോക്താക്കൾ എല്ലാം തന്നെ തങ്ങളുടെ പ്രഖ്യാപിത ഉൽപ്പാദന ശേഷി ഈ കാലയളവിൽ ഗണ്യമായി കുറയ്ക്കുകയുണ്ടായി. സംസ്ഥാന വൈദ്യുതി ഗ്രിഡിൽ മുൻപറഞ്ഞ കാരണത്താൽ വൻതോതിൽ ഉപഭോഗം കുറഞ്ഞതാണ് കൂടുതൽ വൈദ്യുതോൽപ്പാദന ശേഷി കൈവരിക്കാനാവാത്ത വർഷങ്ങളിൽ ഇലക്ട്രിസിറ്റി ബോർഡിന് ആശ്വാസമായത്. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിലുള്ള വ്യവസായങ്ങൾ നവീകരിച്ച് ലാഭകരമാക്കി പ്രവർത്തിക്കുന്നതിന് പകരം അവ അടച്ചുപൂട്ടേണ്ട സ്ഥിതിവിശേഷമാണ് ഉള്ളത്.

രാസ വ്യവസായങ്ങൾ

രാസ വ്യവസായം കേരളത്തിലേക്ക് ആകർഷിക്കപ്പെട്ടത് സുലഭമായ വൈദ്യുതി ലഭ്യതയെക്കുറിച്ചുള്ള തെറ്റിദ്ധാരണ മൂലമാണ്. നാലു ദശാബ്ദം നീണ്ട വളർച്ചയ്ക്കുശേഷം രാസവ്യവസായങ്ങളെല്ലാം തന്നെ ഇന്ന് പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. കേരളത്തിലെ ഫാക്ടറി ഉൽപ്പാദനത്തിൽ രാസവ്യവസായങ്ങളുടെ വിഹിതം 1998-99ൽ 18.4 ശതമാനമായിരുന്നത് 2007-08 ആയപ്പോഴേക്കും 10.4 ശതമാനമായി താഴ്ന്നു.

ഈ മേഖലയിലെ പ്രധാന വ്യവസായ സ്ഥാപനമായ എഫ്.എ.സി.ടി.യുടെ കാര്യമെടുക്കാം. ഇറക്കുമതി ചെയ്ത അമോണിയ ഉപയോഗിച്ചാണ് ഇവിടെ ഫോസ്ഫേറ്റ് വളങ്ങൾ ഉൽപ്പാദിപ്പിച്ചിരുന്നത്. എന്നാൽ കൊച്ചി തുറമുഖത്ത് പ്രവർത്തിച്ചിരുന്ന അമോണിയ സംഭരണി ഒരു പൊതുതാൽപ്പര്യ ഹർജിയെ തുടർന്ന് അടച്ചുപൂട്ടാൻ തീരുമാനിച്ചത് കനത്ത തിരിച്ചടിയായി. വളരെ വിലക്കുറവിൽ ലഭ്യമായിരുന്ന ഇറക്കുമതി ചെയ്ത അമോണിയയ്ക്ക് പകരം നാഫ്ത ഉപയോഗിച്ച് വില കൂടിയ അമോണിയ ഉൽപ്പാദിപ്പിക്കേണ്ടതായി വന്നു. ഉൽപ്പാദന ചിലവ് ഗണ്യമായി വർദ്ധിച്ചതുമൂലം ഇത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടാക്കി.

1986 ൽ സ്ഥാപിതമായ ക്യാപ്രൊലാക്ടം പ്ലാന്റ് എഫ്.എ.സി.ടി.യെ പെട്രോകെമിക്കൽ വ്യവസായ രംഗത്തേക്ക് ആനയിക്കുകയുണ്ടായി. എന്നാൽ രാജ്യത്തിനകത്തും പുറത്തും ക്യാപ്രൊലാക്ടത്തിന് ആവശ്യക്കാർ ഉണ്ടാകാത്ത സാഹചര്യത്തിൽ ഈ പദ്ധതിയുടെ പൂർണ്ണശേഷി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. മാത്രമല്ല, സർക്കാരിന്റെ രാസവള നയത്തിൽ വന്ന മാറ്റം ഉപോൽപ്പന്നമായ അമോണിയം സൾഫേറ്റിനും വേണ്ട സഹായം കിട്ടുന്നതിന് തടസ്സമായി. ഇക്കാരണങ്ങളാൽ 1999 മുതൽ എഫ്.എ.സി.ടി. ക്രമമായി നഷ്ടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. തുടർച്ചയായുണ്ടായ നഷ്ടം മൂലം പ്രവർത്തന മൂലധനത്തിൽ ഗണ്യമായ ശോഷ

ണം സംഭവിക്കുകയും തന്മൂലം പ്ലാന്റുകൾ ഇടക്കിടെയെങ്കിലും അടച്ചിടേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. കുറഞ്ഞ വിലയ്ക്ക് പ്രകൃതി വാതകം ലഭ്യമായിട്ടുള്ള ഇപ്പോഴത്തെ സാഹചര്യത്തിൽപ്പോലും പ്ലാന്റുകളുടെ പ്രവർത്തനം ക്രമമായി നടത്തിക്കൊണ്ടുപോകുന്നതിന് സാധ്യമാകുന്നില്ല. 1999 ൽ ഏകദേശം 10,000 ത്തോളം പേർ ജോലിചെയ്തിരുന്ന ഈ സ്ഥാപനം ഇന്നിപ്പോൾ ഏതാണ്ട് 2,000 പേർക്ക് മാത്രമാണ് തൊഴിൽ നൽകിവരുന്നത്. കമ്പനിയുടെ ഈ അവസ്ഥ തരണം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾക്കൊന്നും തന്നെ ഉടമയായ കേന്ദ്ര സർക്കാർ വേണ്ടത്ര പരിഗണന നൽകിയിട്ടില്ല.

മുൻസിപ്പൽ/കാർഷിക ആവശ്യങ്ങൾക്കായുള്ള കീടനാശിനികൾ നിർമ്മിക്കുന്നതിനാണ് ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ 1953 ൽ എച്ച്. ഐ.എൽ. സ്ഥാപിതമായത്. സ്വന്തമായ ഗവേഷണ വിഭാഗത്തിന്റെ പ്രവർത്തന ഫലമായി പുതുതലമുറ കീടനാശിനികളായ ഡൈക്കോഫോൾ, മാങ്കോസെബ് എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിൽ കമ്പനി വിജയം കൈവരിച്ചിട്ടുണ്ട്. എന്നാൽ ഡി.ഡി.ടി.യുടെ ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടായതും എൻഡോസൾഫാൻ ദുരിതങ്ങൾ വിതച്ച സാഹചര്യത്തിൽ കേരള സർക്കാർ അത് നിരോധിച്ചതും കമ്പനിക്ക് കടുത്ത പ്രതിസന്ധിയുണ്ടാക്കി. രാസകീടനാശിനി ഉൽപ്പാദകരായ മറ്റു സ്ഥാപനങ്ങളെല്ലാം തന്നെ പരിസ്ഥിതി ആഘാതം കുറഞ്ഞ ഉൽപ്പന്ന മേഖലകളിലേക്കും ജൈവ കീടനാശിനികളിലേക്കും തിരിഞ്ഞിട്ടുണ്ട്.

കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ഉൽപ്പാദകരായ ടി.സി.സി. വലിയതോതിൽ വൈദ്യുതി ഉപയോഗിക്കുന്ന ഒരു സ്ഥാപനമാണ്. ഉൽപ്പാദനത്തിന് ഇലക്ട്രോളിറ്റിക് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനാലാണിത്. നിലവിലുള്ള പ്ലാന്റുകൾ എല്ലാം തന്നെ പരിസ്ഥിതി സൗഹൃദമായ മെമ്പറൈൻ സെൽ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പ്രവർത്തിച്ച് വരുന്നത്. സംസ്ഥാനത്ത് കുടിവെള്ള ശുദ്ധീകരണത്തിനാവശ്യമായ ക്ലോറിൻ നൽകുന്നതും ടി.സി.സി.യിൽ നിന്നാണ്. ഇന്നിപ്പോൾ ഈ കമ്പനിയുടെ പ്ലാന്റുകളുടെ മൊത്തം ഉൽപ്പാദനശേഷി 175 ടൺ മാത്രമാണ്. ഇതാകട്ടെ, ക്ലോറാൽക്കലി വ്യവസായത്തിന് ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന ഏറ്റവും കുറഞ്ഞ ഉൽപ്പാദന ശേഷിയേക്കാൾ തുലോം കുറവാണ്. അടിസ്ഥാന ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുകയും കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാകുകയും ഉൽപ്പാദന വൈവിധ്യവൽക്കരണം നടത്തുകയും ചെയ്തുകൊണ്ട് മാത്രമേ ഈ സ്ഥാപനത്തിന് മുന്നേറാനാവൂ.

രാജ്യത്തെ പ്രമുഖ രാസവസ്തു ഉൽപ്പാദകരായ എച്ച്.ഒ.സി.എൽ.ന്റെ സ്ഥിതി ഏറ്റവും ദയനീയമാണ്. കേന്ദ്ര സ്ഥാപനമായ മഹാരാഷ്ട്രയിലെ രസായനിയിലെ പ്ലാന്റുകൾ എല്ലാം തന്നെ അടച്ചുപൂട്ടിയിരിക്കുകയാണ്. വൻതോതിലുള്ള ഇറക്കുമതി മൂലം കൊച്ചിയൂണിറ്റിൽ ഉൽപ്പാദിപ്പിച്ചുവരുന്ന ഫീനോൾ, അസിറ്റോൺ എന്നിവയ്ക്ക് വേണ്ടത്ര ആവശ്യക്കാർ ഇല്ല. പുതുതായി സ്ഥാപിച്ച ഹൈഡ്രജൻ പെറോക്സൈഡ് പ്ലാന്റ് നന്നായി പ്രവർത്തിച്ചുവരുന്നു. വർഷങ്ങളായുള്ള നഷ്ടം കമ്പനിയുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

ലോഹ വ്യവസായങ്ങൾ

ജലവൈദ്യുത പദ്ധതികളിൽ നിന്നും വൻതോതിൽ വൈദ്യുതി ഉൽപ്പാദനം ആരംഭിച്ച കാലത്താണ് ഇന്ത്യൻ അലൂമിനിയം കമ്പനി (ഹിൻഡാൽക്കോ) 1943 ൽ പ്രവർത്തനമാരംഭിച്ചത്. വൈദ്യുതിയുടെ ഉപയോഗം കൂടുതലായുള്ള ഇലക്ട്രോളിറ്റിക് പ്രക്രിയയാണ് അലൂമിനിയം ഉൽപ്പാദനത്തിന് ഉപയോഗിച്ച് വന്നത്. 1990 വരെ വൈദ്യുതി നിരക്ക് അനുകൂലമായതിനാൽ കമ്പനി ലാഭകരമായി പ്രവർത്തിച്ചുപോന്നു. പിന്നീടുണ്ടായ ഗണ്യമായ വൈദ്യുത നിരക്ക് വർദ്ധന കമ്പനിയുടെ സാമ്പത്തിക സ്ഥിതിയെ അട്ടിമറിയ്ക്കുകയും 2000 ത്തിൽ അലൂമിനിയം ഉൽപ്പാദനം പൂർണ്ണമായി നിർത്തുകയും ചെയ്തു. ഇപ്പോഴാകട്ടെ ഹിൻഡാൽക്കോയുടെ മറ്റു പ്ലാന്റുകളിൽ നിന്നും കൊണ്ടുവരുന്ന ഇൻഗോട്ടുകൾ ഉപയോഗിച്ച് അലൂമിനിയം എക്ട്രൂഷൻസ് നിർമ്മിക്കുക മാത്രമാണ് ഇവിടെ ചെയ്തുവരുന്നത്. അലൂമിനിയം ലോഹ ഉൽപ്പാദന രംഗത്ത് ഉണ്ടായ പുതിയ സാങ്കേതിക വിദ്യകൾ ഉപയുക്തമാക്കുന്നതിലും ഊർജ്ജക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ട പദ്ധതികൾ ആരായുന്നതിലും കമ്പനി പൂർണ്ണമായും പരാജയപ്പെടുകയാണുണ്ടായത്.

സിങ്ക്, കാഡ്മിയം എന്നീ സുപ്രധാന ലോഹ ഉൽപ്പാദകരായ എടയാറിലെ ബിനാനി സിങ്ക് അടച്ചുപൂട്ടിയിരിക്കുകയാണ്. ചൈനയിൽ നിന്നുമുള്ള വൻതോതിലുള്ള ഇറക്കുമതിയാണ് മുഖ്യ കാരണം. സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധനയും പരിസ്ഥിതി മലിനീകരണം സംബന്ധിച്ച ചില പ്രശ്നങ്ങളും കമ്പനിയെ രോഗാതുരമാക്കി.

എഞ്ചിനീയറിംഗ് വ്യവസായങ്ങൾ

എഞ്ചിനീയറിംഗ് വ്യവസായ രംഗത്ത് ഒരടിസ്ഥാന സംരംഭം എന്ന നിലയിലാണ് 1962 ൽ എച്ച്.എം.ടി. പ്രവർത്തനം ആരംഭിച്ചത്. ആഭ്യന്തര-വിദേശ കമ്പോളങ്ങൾ കയ്യടക്കി ഈ സ്ഥാപനം 1990 വരെ ക്രമമായി വികാസം പ്രാപിക്കുകയും നൂതന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഉണ്ടായി. എന്നാൽ ആഗോളവൽക്കരണത്തെ തുടർന്നുണ്ടായ വെല്ലുവിളികളെ (പ്രത്യേകിച്ചും മെഷീൻ ടൂൾ ഇറക്കുമതി സംബന്ധിച്ച) നേരിടുന്നതിന് കമ്പനിക്കായില്ല. തുടർന്ന് രോഗാതുരമായ ഈ സ്ഥാപനം ഇപ്പോഴത്തെ കേന്ദ്രസർക്കാരിന്റെ മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ വളരെയേറെ സാദ്ധ്യതയുള്ളതാണ്.

അടിസ്ഥാന വ്യവസായമെന്ന നിലയിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട ഈ സ്ഥാപനം ദശകങ്ങളായി കടുത്ത പ്രതിസന്ധിയിലാണ്.

ഏറ്റവും വലിയ എഞ്ചനീയറിംഗ് സ്ഥാപനമായ എച്ച്.എം.ടി തകർച്ചയെ നേരിടുകയാണെങ്കിലും മെറ്റൽ ഉൽപ്പന്നങ്ങളുടെ ഫാബ്രിക്കേഷന്റെ വിഹിതം 1998-99ൽ ഫാക്ടറി ഉൽപ്പാദനത്തിന്റെ 1.2 ശതമാനമായിരുന്നത് 2007-08ൽ 2.7 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. മെഡിക്കൽ ഉൽപ്പന്നങ്ങൾ പ്രിസിഷൻ ഇൻസ്ട്രുമെന്റ്സ് തുടങ്ങിയവയുടെ വിഹിതവും 0.6 ശതമാനത്തിൽ നിന്ന് 0.9 ശതമാനമായി ഉയർന്നു. മറ്റു ട്രാൻസ്പോർട്ട് ഉപകരണങ്ങളുടെ വിഹിതം 2.4 ശതമാനത്തിൽ നിന്ന് 5 ശതമാനമായി ഇക്കാലയളവിൽ ഉയർന്നു. അതേ സമയം, യന്ത്രനിർമ്മാണത്തിലും വൈദ്യുതിയന്ത്ര ഉൽപ്പാദനത്തിലും കേരളം പുറകോട്ടുപോയിരിക്കുകയാണ്. എങ്കിലും പൊതുവിൽ പറഞ്ഞാൽ, ലൈറ്റ് എഞ്ചിനീയറിംഗ് മേഖലയിൽ കേരളത്തിന് താരതമ്യേന മുൻകൈയുണ്ട്.

ധാതു വ്യവസായങ്ങൾ

സംസ്ഥാനത്തെ കടലോരത്ത് സുലഭമായി ലഭിച്ച് വരുന്ന മോണോസൈറ്റ് മണൽ ഉപയോഗിച്ച് തന്ത്ര പ്രധാനമായ അപൂർവ്വ ലോഹസംയുക്തങ്ങൾ നിർമ്മിക്കുകയാണ് ഐ.ആർ.ഇ.യുടെ പ്രവർത്തന മേഖല. കഴിഞ്ഞ വർഷങ്ങളിൽ ചൈനയിൽ നിന്നും ഈ ലോഹരാസവസ്തുക്കൾ ധാരാളമായി ഇറക്കുമതി ചെയ്തതിനെ തുടർന്ന് ഐ.ആർ.ഇ.യുടെ പ്രവർത്തനം മന്ദഗതിയിലായി. ഇന്നിപ്പോൾ അത്തരം ഇറക്കുമതി പ്രശ്നങ്ങൾ ഒന്നുമില്ല. ശുദ്ധീകരിച്ച ലോഹമണൽ റൂട്ടൈൽ ഉൽപാദകരായ കമ്പനികൾക്ക് കൊടുത്തുവരുന്നുണ്ട്. ഈ പ്രവർത്തനം വിപുലീരിക്കുന്നതിനും ലോഹ മണലിൽ അടങ്ങിയിരിക്കുന്ന വിവിധ അപൂർവ്വ ലോഹ ഘടകങ്ങൾ വേർതിരിച്ച് കൂടുതൽ മൂല്യവർദ്ധന ഉണ്ടാക്കുവാനും കഴിയുന്നതാണ്. എന്നാൽ ഈ വക സാധ്യതകൾ ഒന്നും പരിഗണിക്കാതെ കേവലം നാമമാത്രമായ ചെറുകിട ഉൽപ്പാദകരായാണ് ഈ കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് ടൈറ്റാനിയം മേഖലയിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് കമ്പനികളാണ് കെ.എം.എം.എൽ, ടി.ടി.പി., സി.എം.ആർ.എൽ. എന്നിവ. ഏറ്റവും ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ള സാഹചര്യം നിലവിലുള്ള ഒന്നാണ് ടൈറ്റാനിയം അനുബന്ധ ഉൽപ്പന്ന മേഖല. എന്നിരുന്നാലും വിവിധ കാരണങ്ങളാൽ ഈ സ്ഥാപനങ്ങളുടെ സ്ഥിതി ഒട്ടും ആശാവഹമല്ല. അസംസ്കൃത വസ്തുവായ ശുദ്ധീകരിച്ച ലോഹമണലിന്റെ ലഭ്യതകുറവാണ് മുഖ്യ കാരണം. ടി.ടി.പി. ആകട്ടെ ഇപ്പോഴും പ്രവർത്തിക്കുന്നത് 1930 കളിലെ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ്. തൽഫലമായി ഉൽപന്നങ്ങളുടെ ഗുണമേന്മ കുറഞ്ഞതും ഉൽപ്പാദന ചെലവ് വർദ്ധിച്ച നിലയിലുമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ടൈറ്റാനിയം സ്പോഞ്ച്, ലോഹ സങ്കരങ്ങൾ, രാസവസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് മുന്നേറാനുള്ള പദ്ധതികൾ എല്ലാം തന്നെ നിശ്ചലാവസ്ഥയിലാണിന്ന്. ഡി.എസ്.ടി.യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു പൈലറ്റ് പ്ലാന്റിൽ പ്രതിവർഷം അഞ്ച് ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിച്ച് വരുന്നുണ്ട്.

കാർഷിക സംസ്കരണ വ്യവസായങ്ങൾ

വ്യവസായമേഖലയിലെ തൊഴിലാളികളുടെ എണ്ണമെടുത്താൽ ഏറ്റവും പ്രമുഖമായ സ്ഥാനം ഭക്ഷ്യവ്യവസായത്തിലാണുള്ളത്. ഇതിൽ പ്രമുഖം കശുവണ്ടി ഫാക്ടറികളാണ്. കശുവണ്ടി വ്യവസായ മേഖലയുടെ പ്രശ്നങ്ങളെ എട്ടാം അധ്യായത്തിൽ പരമ്പരാഗത വ്യവസായങ്ങൾ ചർച്ച ചെയ്യുമ്പോൾ വിശദമായി പരിശോധിക്കുന്നുണ്ട്. കശുവണ്ടി കഴിഞ്ഞാൽ കാപ്പി, തേയില തുടങ്ങിയ സംസ്കരണ ഫാക്ടറികളാണ് പ്രമുഖം. കാലടിയിലെ റൈസ് മിൽ ക്ലസ്റ്റർ വിജയിച്ച ഒരു സംരംഭമായിട്ടാണ് കരുതുന്നത്.

എന്നാൽ, അതേസമയം കേരളത്തിലെ റബ്ബർ വ്യവസായം അധോഗതിയിലേക്കാണ് പോകുന്നത്. വ്യവസായ ഉൽപ്പാദനത്തിൽ 1998-99ൽ ഈ മേഖലയിലെ വിഹിതം 8.2 ശതമാനമായിരുന്നത് 2007-08ൽ 7.6 ശതമാനമായി താഴ്ന്നു. റബ്ബർ അസംസ്കൃത വസ്തുക്കൾ മാത്രമല്ല, വലിയ തോതിലുള്ള റബ്ബർ ഉൽപ്പന്നങ്ങളും ഇന്ന് ഇറക്കുമതി ചെയ്യപ്പെടുകയാണ്. ടയർ വ്യവസായം ഒഴികെയുള്ള ചെറുകിട റബ്ബർ ഫാക്ടറികളാകെ ഇതിന്റെ ഫലമായി തകർച്ചയെ അഭിമുഖീകരിക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റേണ്ടത് കാർഷിക സുസ്ഥിരതയ്ക്ക് അത്യാവശ്യമാണ്. ഇന്ന് നമ്മുടെ കാർഷിക വിഭവങ്ങളെല്ലാം പ്രാഥമിക സംസ്കരണത്തിനുശേഷം കയറ്റുമതി ചെയ്യുകയാണ്. മൂല്യവർദ്ധന ശൃംഖലയുടെ മേൽത്തട്ടിലേക്ക് നീങ്ങണമെങ്കിൽ നമ്മുടെ നാട്ടിൽ തന്നെ ഇത്തരം വ്യവസായങ്ങൾ സ്ഥാപിക്കാൻ കഴിയണം. എന്നാൽ, ഇത്തരം വ്യവസായങ്ങൾ ദുർലഭമായേ നമുക്ക് കണ്ടെത്താനാകൂ.

പ്രതിസന്ധിയുടെ കാരണങ്ങൾ

1. വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന വിലയും ക്ഷാമവുമാണ് പ്രതിസന്ധിയുടെ ഒരു പ്രധാനപ്പെട്ട കാരണം. 1990 കളിലെ കടുത്ത വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് സ്ഥാപിതമായതാണ് കായംകുളത്തെ എൻ.ടി.പി.സി.യുടേയും കൊച്ചിയിലെ ബി.എസ്.ഇ.എസ്-റിലയൻസിന്റേയും താപവൈദ്യുത നിലയങ്ങൾ. വിലകൂടിയ പെട്രോളിയം ഉൽപ്പന്നമായ നാഫ്ത്തയാണ് ഇവിടെ ഇന്ധനമായി ഉപയോഗിച്ചുവരുന്നത്. തന്മൂലം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില വളരെ കൂടുതലായതിനാൽ അവയുടെ പൂർണ്ണമായ ഉൽപ്പാദന ശേഷി ഒരിക്കലും സംസ്ഥാനത്തിന് ഉപയോഗിക്കാനായില്ല. എന്നാൽ

കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ പ്രവർത്ത നക്ഷമമായിട്ടുള്ള ഇപ്പോഴത്തെ അവസ്ഥയിൽ ഇവ രണ്ടിലും ഇന്ധനമായി പ്രകൃതിവാതകം ഉപയോ ഗിക്കാവുന്നതാണ്. തന്മൂലം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കുറവായിരിക്കുകയും ചെ യ്യും. ഈ രണ്ട് നിലയങ്ങളും ഇപ്പോഴും നാഫ്ത തന്നെ ഉപയോഗിക്കുന്നത് കെ.എസ്.ഇ.ബി.ക്ക് ക രാർ പ്രകാരമുള്ള വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുമുണ്ട്.

2. ചെലവു കുറഞ്ഞ പ്രകൃതിവാതകം ഇപ്പോഴും വ്യ വസായത്തിന് ലഭ്യമല്ല. വ്യാവസായിക വാണിജ്യ മോട്ടോർ ഗാർഹിക ഉപഭോക്താക്കൾക്ക് ചിലവ് കുറഞ്ഞതും പരിസ്ഥിതി സംതുലിതവും ആയ പ്രകൃതി വാതകം ലഭ്യമാക്കുന്നതിന് വേണ്ടിയാ ണ് കൊച്ചിയിലെ പ്രകൃതിവാതക ടെർമിനൽ 2013 ൽ കമ്മിഷൻ ചെയ്യപ്പെട്ടത്. കൊച്ചിയിൽ നിന്നും പാലക്കാട്ടേക്കും മംഗലാപുരത്തേക്കും പൈപ്പ് വഴി പ്രകൃതി വാതകം കൊണ്ടുപോകുന്നതിനാണ് പദ്ധ തി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന തിന് ഇതുവരെ കഴിയാത്തതിനാൽ ടെർമിനലിന്റെ വിനിയോഗശേഷി കേവലം 5% മാത്രമാണ്. 4,600 കോടി രൂപ ചിലവാക്കി സ്ഥാപിച്ച ഈ പദ്ധതിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ഭാഗത്തുനിന്നും ഇനിയും ഉണ്ടാവേണ്ടി യിരിക്കുന്നു. വിവിധ ജില്ലകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്, കാലതാമസം നേരിടുന്നതിനാൽ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സിറ്റി ഗ്യാസ് വിതരണ പദ്ധതിയും അവതാളത്തിലായി.

3. കൊച്ചി തുറമുഖത്തിന്റെ സമഗ്രവികസനം ലക്ഷ്യ മാക്കിയിട്ടുള്ള പദ്ധതികളായിരുന്നു അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐ. സി.ടി.ടി), എൽ.എൻ.ജി. ടെർമിനൽ, ബങ്കറിംഗ് സ്റ്റേഷൻ, ഷിപ്പ് റിപ്പയർ യാഡ് എന്നിവ. ഐ.സി. ടി.ടി. വിഭാവനം ചെയ്തതുപോലെ വൻകിട ചര ക്ക് കപ്പലുകൾ കൊച്ചിയിൽ വരാത്തതും കപ്പൽ ചാലിന്റെ ഡ്രഡ്ജിംങ്ങിനായി വൻതുക ചിലവ് ചെയ്യേണ്ടിവന്നതും തുറമുഖത്തെ ഗുരുതരമായ പ്രതിസന്ധിയിലാക്കി. തുറമുഖ ഗതാഗതം സം ബന്ധിച്ച കാബോട്ടാഷ് നിയമത്തിൽ ഇളവുകൾ നേടിയിട്ട് പോലും പ്രവർത്തനം മെച്ചപ്പെടുന്നില്ല. എൽ.എൻ.ജി. ടെർമിനലിന്റെ ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ കഴിയാത്തതുമൂലം ആ ഇനത്തിലും യാതൊരു വരുമാനവുമില്ല. മറ്റു പദ്ധതികളാവട്ടെ ഒന്നും തന്നെ തുടക്കം കുറിച്ചിട്ടില്ലാത്തവയാണ്.

4. സാമ്പത്തിക മാന്ദ്യം തുടങ്ങി മറ്റ് അനേകം ഘടക ങ്ങളുടെ ആഘാതംമൂലം വ്യവസായ സ്ഥാപനങ്ങൾ രോഗാതുരമാവുന്നത് സാധാരണമാണ്. എന്നാൽ ഇവയുടെ വീഴ്ചയ്ക്ക് കാരണമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് യഥാസമയം വേണ്ട ചികിത്സ നൽകാ ത്തതാണ് ഈ സ്ഥാപനങ്ങളെ അടച്ചുപൂട്ടലിലേക്ക് നയിക്കുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ ഈ സാഹചര്യം വളരെ ഗുരുതരമായി അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തി ന് എഫ്.എ.സി.ടി.യുടെ കാര്യം തന്നെ എടുക്കാം. 2000 മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തെ കരകയറ്റുന്നതിനുള്ള പദ്ധതികൾ ഒന്നും തന്നെ ഒന്നര ദശാബ്ദക്കാലമായിട്ട് ഇപ്പോ ഴും പ്രാവർത്തികമായിട്ടില്ല.

5. സംസ്ഥാന പൊതുമേഖലകളുടെ വീഴ്ചയ്ക്ക് കാരണം മുഖ്യമായും സാങ്കേതിക-മാനേജ്മെന്റ്-സർക്കാർ തലത്തിലുള്ള കെടുകാര്യസ്ഥതയാണ്. സ്ഥാപനങ്ങളെ ക്രമമായി നിരീക്ഷിച്ച് പ്രൊഫഷ ണൽ വൈദഗ്ധ്യത്തോടെ അവ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ശ്രമങ്ങൾ വളരെ വിരളമായിട്ട് മാത്രമേ കാണാറുള്ളൂ. വർഷങ്ങളായി സർക്കാരിന്റെ ധനസഹായം ഒന്നും ഇല്ലാതെ പ്രവർത്തിക്കുകയാ ണ് മിക്ക സ്ഥാപനങ്ങളും. എന്നിരുന്നാലും അനു യോജ്യമായ നയസമീപനങ്ങൾ ഇല്ലാത്തതുമൂലം സംസ്ഥാന പൊതുമേഖല സംരംഭങ്ങൾ എല്ലാം തന്നെ നിശ്ചലാവസ്ഥയിലാണ്. ഇവയെക്കുറിച്ച് 9-ാം അധ്യായത്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

6. കേരളത്തിലാവട്ടെ വ്യവസായ വകുപ്പിന്റേയും വിവിധ വ്യവസായ വികസന ഏജൻജികളുടേയും പ്രവർ ത്തനം കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ തികച്ചും പരാജയമാണ്. സർക്കരുകളുടെ അലംഭാവം നിമി ത്തം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനായുള്ള നേതൃത്വം തൊഴിലാളികൾ തന്നെ നേരിട്ട് ഏറ്റെടു ക്കുന്ന സ്ഥിതി വിശേഷം പല സ്ഥാപനങ്ങളിലും കാണാവുന്നതാണ്. എഫ്.എ.സി.ടി.യിലെ ''സേവ് ഫാക്ട്'' പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ തു ടർന്ന് കേരളത്തിന് അകത്തും പുറത്തും വിവിധ സ്ഥാപനങ്ങളിൽ ഇത്തരം ഇടപെടലുകൾ ഇന്ന് കാണാവുന്നതാണ്. പൊതു സ്വകാര്യ മേഖലകളെ സംരക്ഷിച്ച് ഉൽപ്പാദന പ്രക്രിയ മുന്നോട്ടുകൊണ്ടു പോയി തങ്ങളുടെ സ്ഥാപനത്തെ നിലനിർത്തുക എന്ന കർത്തവ്യം തൊഴിലാളികൾ തന്നെ ഏറ്റെടു ത്തിരിക്കുകയാണ്.

പദ്ധതി പരിപ്രേക്ഷ്യം 2030

പദ്ധതി പരിപ്രേക്ഷ്യം 2030 മാനുഫാക്ചറിംഗ് വ്യവസായങ്ങളോട് പൊതുവിൽ അവഗണനയാണ് സ്വീകരിച്ചിട്ടുള്ളത്. മാനുഫാക്ചറിംഗ് വ്യവസായ ഉൽ പാദനം സംസ്ഥാന വരുമാനത്തിന്റെ എട്ടുശതമാനമേ വരൂ. ദേശീയ ശരാശരി 16 ശതമാനമാണ്. മേക്ക് ഇൻ ഇന്ത്യ മുദ്രാവാക്യവുമായി രാജ്യം മാനുഫാക്ചറിംഗ് വിഹിതം 25 ശതമാനമായി ഉയർത്താൻ ശ്രമിക്കുക യാണ്. എന്നാൽ പദ്ധതി പരിപ്രേക്ഷ്യം കേരളത്തിന്റെ വ്യവസായമേഖല 2030 വരെ എട്ടു ശതമാനനിരക്കിൽ വളരുന്നതിനു മാത്രമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതി

നേക്കാൾ വേഗതയിൽ മൊത്തം വരുമാനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. എന്നുവെച്ചാൽ സംസ്ഥാന വരുമാനത്തിൽ വ്യവസായ ഉത്പാദനത്തിന്റെ പ്രാധാന്യം ഇനിയും കുറയും.

കേരളത്തിന്റെ വ്യവസായ പിന്നാക്കാവസ്ഥ വിശദീകരിക്കാൻ സംരംഭകരുടെ വൈദഗ്ധ്യം, തൊഴിൽ ബന്ധങ്ങൾ, അസംസ്കൃത വിഭവലഭ്യത, സർക്കാർ നയം, രാഷ്ട്രീയ സ്ഥിരത തുടങ്ങി ഒട്ടേറെ ഘടകങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ടെങ്കിലും പരിപ്രേക്ഷ്യം 2030 ഊന്നുന്ന വിശദീകരണം ഇതാണ് : ''ചരിത്രപരവും സാമൂഹ്യവുമായ വീക്ഷണ കോണിൽ വ്യവസായ പിന്നാക്കാവസ്ഥയുടെ മുഖ്യകാരണമായി പലപ്പോഴും ചൂണ്ടിക്കാണിക്കുക യൂണിയൻവത്കരണമാണ്. പ്രത്യേകിച്ച് 60കളിലും 70കളിലും വളരെ സമരോത്സുകരായ തൊഴിലാളിയൂണിയനുകൾ ഉൽപാദനക്ഷമതയേക്കാൾ ഉയർന്ന തോതിൽ കൂലി ഉറപ്പുവരുത്തുക മാത്രമല്ല പുതിയ സാങ്കേതികവിദ്യകൾ നടപ്പാക്കുന്നതിനെ തടയുകയും ചെയ്തു. തൊഴിലസ്ഥതകൾ കാലക്രമേണെ കുറഞ്ഞെങ്കിലും ഭൂതകാലത്തെ സമരാധിക്യവും യൂണിയനുകളുടെ സജീവസാന്നിദ്ധ്യവും മൂലം നിക്ഷേപ സൗഹാർദ്ദപരമല്ല കേരളം എന്ന പ്രതിച്ഛായ മാറുന്നില്ല. കൂടാതെ ട്രേഡ് യൂണിയനുകൾക്ക് സമ്പദ്ഘടനയുടെ സാധാരണഗതിയിലുള്ള പ്രവർത്തനത്തെ തകിടം മറിക്കുന്നതിനുള്ള ശക്തി ഇപ്പോഴുമുണ്ട്. രാഷ്ട്രീയമായി സർക്കാരുകളുടെ അസ്ഥിരതയും നിക്ഷേപരുടെ ആത്മവിശ്വാസം ചോർത്തുന്നു. അതുപോലെതന്നെ ക്ഷേമരാ,ാ്ട്രീയവും അതിരുകവിഞ്ഞ രാഷ്ട്രീയവത്കരണവും ഉദ്യോഗസ്ഥവത്കരണവും സംരംഭകത്വത്തെ പ്രതികൂലമായി ബാധിച്ചുവെന്നും വാദമുണ്ട്''.

അസംഘടിതമേഖലകളിലും പരമ്പരാഗത മേഖലകളിലും കേരളത്തിലെ കൂലി താരതമ്യേനെ ഉയർന്നതാണെന്നത് ഒരു വസ്തുതയാണ്. ശക്തമായ പ്രക്ഷോഭസമരങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിച്ചതും. ഈ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങളെ അടുത്ത അധ്യായത്തിൽ വിശദമായി വിശദീകരിക്കുന്നുണ്ട്. ഈ മേഖലകളിലെ ട്രേഡ് യൂണിയനുകളും ഉയർന്നകൂലിയും എങ്ങനെയാണ് ആധുനിക വ്യവസായങ്ങളുടെ തളർച്ചയുടെ കാരണമാവുന്നത്? സമരങ്ങളുടെ എണ്ണം, സമരം മൂലം നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങൾ തുടങ്ങിയവയുടെ സൂചികകളിൽ കേരളം ദേശീയ ശരാശരിയെക്കാൾ താഴെയാണ്. എന്നിട്ടും കേരളത്തിന്റെ പ്രതിഛായ മോശമായി തുടരുന്നെങ്കിൽ അതിനു തൊഴിലാളികളെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. യഥാർത്ഥം പറഞ്ഞാൽ 1957 മുതൽ ഇടതുപക്ഷം അധികാരത്തിൽ വന്നപ്പോഴൊക്കെ ക്രമസമാധാന തകർച്ചയും അരക്ഷിതാവസ്ഥയും ആരോപിച്ച് മുഖ്യധാരാമാധ്യമങ്ങളിലൂടെ നടത്തിയ ദുഷ്പ്രചരണങ്ങളാണ് കേരളത്തിന് ഇത്തരമൊരു പ്രതിച്ഛായ പ്രദാനം ചെയ്തിട്ടുള്ളത്.

കേരളത്തിലെ അപൂർവ്വമായ ധാതുമണൽ, കയറ്റുമതിക്കുവേണ്ടി സംസ്കരിക്കുന്ന പ്രവണത അവസാനിപ്പിക്കണം. മൂല്യവർദ്ധിത വ്യവസായങ്ങൾ ഇവിടെ ആരംഭിക്കണം. ഇത്തരത്തിൽ ഇന്നുള്ള വ്യവസായ അടിത്തറയുടെ വിപുലീകരണ സാധ്യതകളെ പരിപ്രേക്ഷ്യം പരിശോധിക്കുന്നില്ല. പൊതുമേഖലാ വ്യവസായങ്ങളോടുള്ള പൂർണ്ണമായ അവഗണന ഈ റിപ്പോർട്ടിന്റെ മുഖമുദ്രയാണ്. സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ''സർക്കാർ നേരിട്ടുള്ള ഉൽപ്പാദനത്തിലൂടെ സ്വകാര്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിൽനിന്ന് പിൻവാങ്ങണ''മെന്നും ''സർക്കാർ കാര്യക്ഷമതയുള്ള റെഗുലേറ്ററും സഹായിയും'' ആയി മാറണമെന്നാണ് രേഖ വാദിക്കുന്നത്.

3. ചെറുകിട വ്യവസായങ്ങൾ

2006ൽ മൈക്രോ-സ്മാൾ-മീഡിയം-എന്റർപ്രൈസസ് നിയമം കേന്ദ്രസർക്കാർ പാസാക്കി. വൻകിട സ്ഥാപനങ്ങളല്ലാത്ത അതായത്, 10 കോടിയിൽ താഴെ മുതൽമുടക്കുള്ള സ്ഥാപനങ്ങൾക്ക് ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യാം. പത്തുകോടി രൂപയിൽ കൂടുതൽ സ്ഥിരനിക്ഷേപമുള്ള ഫാക്ടറികളാണ് വൻകിട സ്ഥാപനങ്ങൾ. അഞ്ചു കോടിക്കും പത്തുകോടിക്കും ഇടയ്ക്ക് നിക്ഷേപമുള്ള ഫാക്ടറികളാണ് ഇടത്തരം സ്ഥാപനങ്ങൾ. 25 ലക്ഷത്തിനും 5 കോടി രൂപയ്ക്കും ഇടയ്ക്കുള്ളവയാണ് ചെറുകിട ഫാക്ടറികൾ. 25 ലക്ഷത്തിൽ താഴെ നിക്ഷേപമുള്ളവരെ സൂക്ഷ്മ തൊഴിൽ സ്ഥാപനങ്ങൾ എന്നു വിളിക്കുന്നു.

ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങളെക്കുറിച്ച് 2006-07ൽ കേന്ദ്രസർക്കാർ അഖിലേന്ത്യാടിസ്ഥാനത്തിൽ സർവെ നടത്തുകയുണ്ടായി. അതുപ്രകാരം കേരളത്തിൽ മൊത്തം 14.68 ലക്ഷം സ്ഥാപനങ്ങളാണുള്ളത്. ഖാദി ഗ്രാമവ്യവസായ ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം, വാർഷിക ഫാക്ടറി സർവെ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളെ രജിസ്റ്റേഡ് യൂണിറ്റുകൾ എന്നുവിളിക്കുന്നു. എം എസ്എംഇ നിയമപ്രകാരം രജിസ്ട്രേഷൻ സ്വമേധയാ നടത്തേണ്ടതാണ്. എങ്കിലും താരതമ്യേനെ വലിയ യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്യപ്പെടുക. കേരളത്തിൽ രജിസ്ട്രേഡ് യൂണിറ്റുകൾ 1.50 ലക്ഷവും രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകൾ 13.18 ലക്ഷവും ആണ്. രജിസ്ട്രേഡ് യൂണിറ്റിനു ശരാശരി 4.16 തൊഴിലാളികൾ വീതവും രജിസ്ട്രേഷൻ ഇല്ലാത്ത യൂണിറ്റുകളിൽ ശരാശരി 1.82 തൊഴിലാളികളും പണിയെടുക്കുന്നു.

ഇന്ത്യയിലെ മൊത്തം സ്ഥാപനങ്ങളിൽ 5.62 ശതമാനം കേരളത്തിലാണ്. രജിസ്ട്രേഡ് മേഖല മാത്രമെടുത്താൽ ഈ തോത് 9.65 ശതമാനം വരും. സൂക്ഷ്മ ചെറുകിട മേഖലകൾ താരതമ്യേനെ വികസിച്ച സംസ്ഥാനമാണ് കേരളം. രജിസ്ട്രേഡ് യൂണിറ്റുകളിൽ പതിനായിരത്തിൽപരം സഹകരണസംഘങ്ങളും 3400 പബ്ലിക് ലിമിറ്റഡ് കമ്പനികളും 3000ത്തോളം സ്വകാര്യ കമ്പനികളും ഇവയിൽപെടുന്നു. എന്നാൽ 93 ശതമാനം സ്ഥാപനങ്ങളും പ്രൊപ്രൈറ്ററി അഥവാ ഒരാൾ

മാത്രം ഉടമസ്ഥനായുള്ള ചെറുകിട അല്ലെങ്കിൽ മൈക്രോ സംരംഭങ്ങളാണ്.

ഏറ്റവും അവസാനത്തെ കണക്ക് പ്രകാരം 2014 മാർച്ച് 31-ന് 2.34 ലക്ഷം യൂണിറ്റുകൾ കേരളത്തിലുണ്ട്. ഇവയുടെ സംരംഭകരിൽ 3.8 ശതമാനം പട്ടികജാതിക്കാരും 0.7 ശതമാനം പട്ടികവർഗക്കാരും 25 ശതമാനം സ്ത്രീകളുമാണ്. 14353 കോടി രൂപയാണ് മുതൽമുടക്ക്. 50,848 കോടി രൂപയുടെ ഉൽപ്പാദനം നടക്കുന്നു. 11.9 ലക്ഷം പേർ ഇവിടെ തൊഴിലെടുക്കുന്നു.

ഈ വ്യവസായ സ്ഥാപനങ്ങളുടെ യഥാർത്ഥ സ്ഥിതി എന്ത് എന്ന് പറയാനാവില്ല. രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ 20 ശതമാനമെങ്കിലും അടച്ചപൂട്ടപ്പെട്ടവയാണെന്ന് കരുതുന്നു. ഗണ്യമായ ഭാഗം പീഡിത വ്യവസായങ്ങളാണ്. ഓരോ യൂണിറ്റിനും ശരാശരി

പട്ടിക 7.2
2006-07 ലെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ എണ്ണവും തൊഴിലെടുക്കുന്നവരും

കോഡ്	മേഖല	യൂണിറ്റുകൾ	%	തൊഴിലാളികൾ	%	ശരാശരി തൊഴിലാളികൾ
15	ഭക്ഷ്യോത്പന്നങ്ങൾ	56974	3.88	225899	7.47	3.96
16	പുകയില	32107	2.19	55364	1.83	1.72
17	തുണി	62917	4.29	142231	4.70	2.26
18	തയ്യൽ തുടങ്ങിയവ	184118	12.54	254519	8.42	1.38
19	ചെരുപ്പ്	3110	0.21	9265	0.31	2.98
20	തടി വ്യവസായം	38498	2.62	82850	2.74	2.15
24	രാസവ്യവസായം	4023	0.27	27301	0.90	6.79
25	റബ്ബർ ഉൽപന്നങ്ങൾ	5815	0.40	26237	0.87	4.51
26	കളിമൺ, കല്ല് തുടങ്ങിയവ	10376	0.71	52558	1.74	5.07
28	മെറ്റൽ ഉൽപന്നങ്ങൾ	18709	1.27	46532	1.54	2.49
36	ഫർണിച്ചർ, ആഭരണം, കരകൗശലം	41499	2.83	95407	3.15	2.30
	മറ്റു വ്യവസായങ്ങൾ	19958	1.36	70271	2.32	3.52
50	റിപ്പയർ	35177	2.40	95810	3.17	2.72
51	മൊത്തവ്യാപാരം	45644	3.11	120064	3.97	2.6348.7
52	ചില്ലറ വ്യാപാരം	527232	35.91	880305	29.11	1.67
55	ഹോട്ടൽ	94521	6.44	230279	7.61	2.44
64	പോസ്റ്റ്, ടെലിഫോൺ, കൊറിയർ തുടങ്ങിയവ	36319	2.47	50911	1.68	1.40
71	വാടക സേവനങ്ങൾ	46223	3.15	66470	2.20	1.44
74	പ്രൊഫഷണലുകൾ	31273	2.13	74250	2.46	2.37
80	വിദ്യാഭ്യാസം	46185	3.15	115509	3.82	2.50
85	ആരോഗ്യം	37914	2.58	116939	3.87	3.08
92	ലൈബ്രറി തുടങ്ങിയവ	16076	1.10	35955	1.19	2.24
93	അലക്ക്, ബാർബർ	35472	2.42	50429	1.67	1.42
	മറ്റു സേവനങ്ങൾ	23414	1.59	60264	1.99	2.57
	പ്രാഥമിക മേഖല	10595	0.72	8667	0.29	0.82
	മറ്റുള്ളവ	3955	0.27	29838	0.99	7.54
	ആകെ	14,68,104	100.00	30,24,124	100.00	2.06

ഒന്നരലക്ഷം രൂപയെങ്കിലും കടബാധ്യത ഉണ്ടാകും. ചെറുകിട വ്യവസായങ്ങളുടെ പ്രവർത്തനത്തെ തുടർച്ചയായി വിലയിരുത്തുന്നതിനും നിലനിർത്തുന്നതിനും വേണ്ടത്ര ഇടപെടൽ ഇല്ല എന്നതാണ് വസ്തുത.

4. നിർമ്മാണ മേഖല

സാമ്പത്തിക വളർച്ചയുടെ ഘടന സംബന്ധിച്ച് ആമുഖ അധ്യായത്തിലെ പരിശോധനയിൽ സംസ്ഥാനം സമീപകാലത്തു നേടിയ ഉയർന്ന വളർച്ചയിൽ നിർമ്മാണമേഖല വഹിച്ച വലിയ പങ്കിനെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ പ്രാഥമിക മേഖലയുടെ, വിശേഷിച്ചും കൃഷി അനുബന്ധമേഖലയുടെ പങ്കു വൻതോതിൽ കുറഞ്ഞതിനു സമാന്തരമായി നേട്ടമുണ്ടാക്കിയ മേഖലകളിൽ ഒന്നാണ് നിർമ്മാണം. ആഭ്യന്തര ഉൽപാദനത്തിൽ 1971–1986 കാലത്ത് സംസ്ഥാന വരുമാനത്തിന്റെ 7.5 ശതമാനമായിരുന്നു നിർമ്മാണ മേഖലയുടെ വിഹിതം. അത് 2010–11ൽ 10.8 ശതമാനമായി വളർന്നു. 1980–81/1986–87 കാലത്ത് പ്രതിവർഷം 2.1 ശതമാനം വേഗതയിലാണ് നിർമ്മാണ മേഖല വളർന്നത്. 1986–87/2001–02ൽ ഈ വളർച്ച 6.4 ശതമാനം ഉയർന്നു. 2001–02/2010–11 കാലയളവിൽ വളർച്ചയുടെ വേഗത 10.9 ശതമാനമായി വീണ്ടും ഉയർന്നു. അങ്ങനെ നിർമ്മാണ മേഖലയുടെ വളർച്ചയുടെ ആക്കം നിരന്തരം ഉയർന്നുകൊണ്ടിരിക്കുകയായിരുന്നു.

നിർമ്മാണ മേഖലയുടെ അസാമാന്യമായ ഈ വളർച്ചയുടെ തുടക്കം എഴുപതുകളുടെ മധ്യത്തിലാണ്. ഗൾഫിൽ നിന്നുള്ള വരുമാനപ്രവാഹം തുടങ്ങിയതു മുതൽ കേരളത്തിലെ നിർമ്മാണ മേഖലയിൽ അഭിവൃദ്ധിയുടെ കാലം ആരംഭിച്ചു. ഗൾഫ് വരുമാനത്തിന്റെ പ്രഭാവം ഏറെയും അനുഭവപ്പെട്ടത് തുടക്കത്തിൽ പാർപ്പിടമേഖലയിലാണ്. എന്നാൽ പിന്നീട് ഗൾഫിൽ നിന്നുള്ളവരുടെയും മറ്റുള്ളവരുടെയും പണം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിലേയ്ക്കും ഒഴുകിയെത്താൻ തുടങ്ങി. കല്യാണ മണ്ഡപങ്ങൾ, വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടിയുള്ള കെട്ടിടസമുച്ചയങ്ങൾ തുടങ്ങി നാനാജാതി ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടു. സമീപകാലത്ത് കെട്ടിട-ഇതര മേഖലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അതിദ്രുതം വികസിക്കുകയുണ്ടായി. മുൻകാലത്തെ യാഥാസ്ഥിതിക ധനനയം ഉപേക്ഷിച്ച് മുൻ എൽ.ഡി.എഫ് സർക്കാർ വികസനരംഗത്ത് കൈയയച്ചു നിക്ഷേപം നടത്താൻ തുടങ്ങിയതു റോഡുകളുടെയും പാലങ്ങളുടെയും ഇതര പശ്ചാത്തല ആസ്തികളുടെയും നിർമ്മാണം ഏറെ പ്രോത്സാഹിപ്പിച്ചു. ആഗോള സാമ്പത്തിക മാന്ദ്യം വന്നപ്പോൾ അതിന്റെ വിപരീത പ്രത്യാഘാതത്തിൽ നിന്നും സംസ്ഥാനത്തെ രക്ഷപെടുത്താൻ പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായും ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെട്ടു. ഇതെല്ലാം നിർമ്മാണരംഗത്ത് അതിശയിപ്പിക്കുന്ന വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

നിർമ്മാണരംഗത്തെ ഈ അഭിവൃദ്ധി പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന പല പ്രത്യാഘാതങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്. അവയിൽ ചിലത് അനുകൂലമാണെങ്കിൽ മറ്റു ചിലത് അത്ര ആരോഗ്യകരമല്ല. നിർമ്മാണരംഗത്തെ നല്ലതും മോശവുമായ പ്രവണതകളെ വിശകലനം ചെയ്തുകൊണ്ടുവേണം ഈ രംഗത്തെ ഭാവി നയങ്ങൾ കരുപ്പിടിപ്പിക്കാൻ.

നിർമ്മാണരംഗത്തെ അഭിവൃദ്ധിയുടെ ഒരു ഫലം പാർപ്പിടക്ഷാമത്തിന്റെ തീവ്രത കുറയ്ക്കാൻ കഴിഞ്ഞു എന്നതാണ്. ഇതിനു സാമൂഹ്യ അസമത്വത്തിന് എതിരായ ഒരുവശം കൂടിയുണ്ട്. ആദ്യകാലത്ത് ഗൾഫിലേയ്ക്കു പോയവരിൽ ഏറിയകൂറും വിദഗ്ധ അവിദഗ്ധ തൊഴിലാളികളായിരുന്നു. അവർ പാർപ്പിടരംഗത്തു നടത്തിയ മുതൽമുടക്ക് പാർപ്പിട ക്ഷാമം പരിഹരിക്കാൻ ഒരളവുവരെ സഹായകരമായി. ഗൾഫ് പ്രതിഭാസത്തിന്റെ അഭാവത്തിൽ ഇതു സാധ്യമാകുമായിരുന്നില്ല. നിർമ്മാണ മേഖലയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റവും അവർ നാട്ടിൽ നടത്തിയ നിക്ഷേപവും ഈ രംഗത്തേയ്ക്കു പുതിയ സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും കൊണ്ടുവരുന്നതിനും പരിചയപ്പെടുത്തുന്നതിനും സഹായകരമായി. നിർമ്മാണ അഭിവൃദ്ധിയുടെ മറ്റൊരു നേട്ടം കാർഷികരംഗത്തു നിന്നും മറ്റു പരമ്പരാഗത മേഖലകളിൽ നിന്നും പുറന്തള്ളപ്പെടുന്ന തൊഴിലാളികൾക്ക് പകരം തൊഴിൽ നൽകാനായി എന്നതാണ്. ഉദാഹരണത്തിനു നെൽകൃഷിയിലെ തൊഴിൽനഷ്ടം പരിഹരിക്കാൻ നിർമ്മാണ വളർച്ച സഹായകരമായി. എടുത്തു പറയത്തക്ക മറ്റൊരു നേട്ടം ഈ രംഗത്തു തൊഴിലാളികൾക്കു ലഭിച്ച കൂലി വർദ്ധനയും വരുമാനനേട്ടവുമാണ്. തൊഴിലാളി സമരങ്ങളുടെ വേലിയേറ്റം ഇല്ലാതെ തന്നെ മെച്ചപ്പെട്ട കൂലി ലഭ്യമാകുന്ന സാഹചര്യം ഉണ്ടായി എന്നു മാത്രമല്ല, അത് മറ്റു മേഖലകളിലും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കാൻ കാരണമായി.

കഴിഞ്ഞ മൂന്നു നാലു ദശാബ്ദമായി കേരളത്തിന്റെ വളർച്ചയുടെ മുൻനിരയിൽ വിരാജിച്ചിരുന്ന നിർമ്മാണ മേഖല പക്ഷേ, ഇപ്പോൾ പ്രതിസന്ധി നേരിടുകയാണ്. ഡിമാൻഡില്ലാത്തതോ കെട്ടിടം പണിയാൻ ആളുകൾ മുന്നോട്ടുവരാത്തതോ അല്ല പ്രതിസന്ധിയുടെ കാരണം. കെട്ടിടവും മറ്റ് ആസ്തികളും നിർമ്മിക്കുന്നതിനു നിർമ്മാണ സാമഗ്രികളും തൊഴിലാളികളും ലഭ്യമല്ല എന്നതാണ് പ്രശ്നം. മണൽ, പാറ, ഇഷ്ടിക, സിമന്റ്, കമ്പി തുടങ്ങി ഏതാണ്ട് എല്ലാ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും ക്ഷാമം അനുഭവപ്പെടുന്ന സ്ഥിതിയുണ്ട്. ഇനി അഥവാ ലഭ്യമായാൽ തന്നെ കഴുത്തറുപ്പൻ വില നൽകേണ്ടിവരുന്നു. കഴിഞ്ഞ നാലു ദശാബ്ദമായി തുടരുന്ന നിർമ്മാണ അഭിവൃദ്ധി മണലിന്റെയും മെറ്റലിന്റെയും പാറയുടെയും മറ്റും സ്രോതസുകളെ അമിതചൂഷണത്തിനു വിധേയമാക്കിയിരിക്കുന്നു. തടിയുടെ സ്ഥിതിയും വ്യത്യസ്തമല്ല. സിമന്റിന്റെയും കമ്പിയുടെയും മറ്റും കാര്യത്തിൽ ക്ഷാമവും വിലക്കയറ്റവും

ഉണ്ടാകാനുള്ള കാരണം കേന്ദ്രസർക്കാർ ഇവയുടെ ഉൽപാദകരായ കുത്തകകളെ കയറൂരി വിട്ടിരിക്കുന്നു എന്നതാണ്. ഉൽപാദന ചെലവിൽ ഒരു വർദ്ധനയു മില്ലെങ്കിലും ഈ കുത്തകകൾ കാർട്ടലുകളുണ്ടാക്കി വില അന്യായമായി ഉയർത്തുന്നത് പതിവാക്കിയിരി ക്കുകയാണ്.

നിർമ്മാണരംഗത്തെ തൊഴിലാളിക്ഷാമത്തിനു എഴുപതുകളോളം പഴക്കമുണ്ട്. എഴുപതുകളിലും എൺപതുകളിലുമാണ് ഈ രംഗത്ത് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികൾ ധാരാളമായി കടന്നുവരാ നാരംഭിച്ചത്. കഴിഞ്ഞ ഒന്നൊന്നര ദശാബ്ദങ്ങളായി ബീഹാർ, ബംഗാൾ, ഒറീസ, അസം തുടങ്ങിയ സം സ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വലിയതോ തിൽ കേരളത്തിലേയ്ക്കു കടന്നുവരാൻ ആരംഭിച്ചു. നിർമ്മാണ രംഗത്തെ വളർച്ച നദികളെയും തോടുക ളെയും കുന്നുകളെയും മറ്റും ബാധിച്ചു എന്ന് നേര ത്തെ സൂചിപ്പിച്ചല്ലോ. കൃഷിഭൂമിയുടെ നഷ്ടത്തിനും ഇതു വലിയതോതിൽ കാരണമായിട്ടുണ്ട്. മണലിനും പാറയ്ക്കും ഇഷ്ടികയ്ക്കും മറ്റും ബദലായി ഉപയോ ഗിക്കാൻ കഴിയുന്ന വിഭവങ്ങളുടെ സ്രോതസിനെയും ഇതു സമീപഭാവിയിൽ ബാധിച്ചു തുടങ്ങും എന്നതും വ്യക്തമാണ്.

ഈ മേഖലയിൽ സമീപകാലത്തുണ്ടായ മറ്റൊരു മാറ്റം വൻകിട മൂലധനത്തിന്റെയും ബഹുരാഷ്ട്ര കമ്പ നികളുടെയും കടന്നു വരവാണ്. ഭീമൻ പശ്ചാത്തല സൗകര്യ പ്രോജക്ടുകളും ആഗോള ടെൻഡറിംഗ് സമ്പ്രദായവുമാണ് വലിയ മൂലധന ശക്തികളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുന്നത്. കേരളത്തിനു പുറ ത്തും വിദേശത്തും നിന്നുള്ള വൻകിട മൂലധനത്തിന്റെ കടന്നുവരവ് ഈ രംഗത്തെ ഉൽപാദന ബന്ധങ്ങളെ യും തൊഴിൽ ബന്ധങ്ങളെയും കൂടുതൽ സങ്കീർണ മാക്കിയിട്ടുണ്ട്.

5. വാണിജ്യമേഖല

കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ നാലി ലൊന്ന് വാണിജ്യ മേഖലയിൽ നിന്നാണ്. 0.5 ലക്ഷം മൊത്ത വ്യാപാര സ്ഥാപനങ്ങളും 5.2 ലക്ഷം ചില്ലറ കടകളും ഒരു ലക്ഷത്തോളം ഹോട്ടലുകളുമടക്കം 6.75 വാണിജ്യ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഏതാണ്ട് 12.3 ലക്ഷംപേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു മുണ്ട്. എംഎസ്എംഇ സർവേയിലെ സ്ഥിതിവിവരക്ക ണക്കുകൾ പട്ടിക 7.2 ൽ നിന്നും കൂടുതൽ വിശദാം ശങ്ങൾ ലഭിക്കും.

വാണിജ്യമേഖലയ്ക്കു ഇത്രയേറെ പ്രാധാന്യമു ണ്ടെങ്കിലും മൂന്നാം പഠന കോൺഗ്രസ് രേഖയിലാണ് ആദ്യമായി ഒരു പൊതുവികസന രേഖയിൽ വാണി ജ്യമേഖലയ്ക്കു സ്ഥാനം ലഭിക്കുന്നത്. ഇതുവരെയു ള്ള പന്ത്രണ്ട് പഞ്ചവത്സര പദ്ധതിരേഖകളിൽ ഒന്നിൽ പോലും കയറ്റുമതിയെക്കുറിച്ചല്ലാതെ വാണിജ്യ മേഖ ലയെക്കുറിച്ച് ഒരു ഖണ്ഡിക പോലുമില്ല. ഈയൊരു സമീപനത്തിനു പിന്നിൽ മുഖ്യമായും രണ്ടു കാരണ ങ്ങളാണ് ഉള്ളത്. ഒന്നാമത്തേത് വാണിജ്യമേഖലയുടെ വളർച്ച സ്വാഭാവികമായി ഉണ്ടായിക്കൊള്ളും എന്ന ധാരണയാണ്. ഉൽപാദനമേഖലകൾ വളരുമ്പോൾ അല്ലെങ്കിൽ ഉപഭോക്തൃ കമ്പോളം വിപുലമാകുമ്പോൾ വാണിജ്യം സ്വാഭാവികമായി വികസിച്ചുകൊള്ളും എന്നാണ് ധാരണ. രണ്ടാമത്തേത്, കൈമാറ്റം നേരിട്ട് പുതുമൂല്യം സൃഷ്ടിക്കുന്നില്ല എന്ന വസ്തുതയാണ്. ദേശീയവരുമാനത്തിന്റെ യഥാർത്ഥ ഉറവിടം ഉൽപാദ നമാണ്. വ്യാപാരം, ബാങ്ക് തുടങ്ങിയ മേഖലകൾ ആ മൂല്യത്തിലൊരു വിഹിതം കൈപ്പറ്റുന്നു എന്നതാണ് അർത്ഥശാസ്ത്രത്തിന്റെ നിലപാട്. വ്യാപാരവുമായി ബന്ധപ്പെട്ട ചരക്കുകടത്ത്, സ്റ്റോറേജ്, എടുത്തു കൊ ടുക്കുന്നവരുടെ ജോലി തുടങ്ങിയ പ്രവർത്തനങ്ങൾ മാത്രമേ പുതുമൂല്യം സൃഷ്ടിക്കുന്നുള്ളൂ.

അർത്ഥശാസ്ത്ര സമീപനം അംഗീകരിച്ചാൽ പോ ലും വാണിജ്യത്തിന്റെ പ്രാധാന്യം അവഗണിക്കാനാ വില്ല. ഉൽപാദന മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മൂല്യം സാക്ഷാത്കരിക്കണമെങ്കിൽ വാണിജ്യം അനി വാര്യമാണ്. സുഗമവും കാര്യക്ഷമവുമായ കമ്പോളം ഉൽപാദന മേഖലകളുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. കാര്യക്ഷമമായ കമ്പോള ശൃംഖലയെ ബോധപൂർവം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

കേരള വികസനത്തോടു ബന്ധപ്പെട്ട് മറ്റൊരു ചി ന്ത കൂടി ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. എന്തുകൊണ്ട് ഉപഭോക്തൃ കമ്പോളത്തെ വളർച്ചയുടെ സ്രോതസാ യി വികസിപ്പിച്ചുകൂടാ? പക്ഷേ ഇത്തരമൊരു തന്ത്ര ത്തിന് ഇന്നത്തെ നിലയിൽ രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്നാമത്തേത്, കേരളത്തിലെ ഉപഭോക്തൃ കമ്പോള വും ആഭ്യന്തര ഉൽപാദനവുമായുള്ള ബന്ധം വളരെ ദുർബലമാണ്. കേരളത്തിലെ ഉപഭോഗത്തിന്റെ 75–80 ശതമാനവും മറ്റു സംസ്ഥാനങ്ങളിൽ നിന്നോ വിദേശ ത്തു നിന്നോ വരുന്നവരുടെ ചരക്കുകളാണ്. അരി, പെ ട്രോൾ, പഞ്ചസാര, തുണി, ഉപഭോക്തൃ ഉപകരണങ്ങൾ തുടങ്ങി ഏതാണ്ടെല്ലാം മുഖ്യമായും പുറത്തുനിന്നു വരുന്നവയാണല്ലോ. ഈ സാഹചര്യത്തിൽ ഉപഭോ ക്തൃ കമ്പോളം വികസിച്ചാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും കേരളത്തിലേയ്ക്കുള്ള ഇറക്കുമതി കൂടുകയായിരിക്കും ഫലം. ഗൾഫ് പണ വരുമാന വർദ്ധനയെ തുടർന്നു സംഭവിച്ചത് ഇതാണ്.

ഇതിനുള്ള പ്രതിവിധി കേരളത്തിലെ കമ്പോളത്തെ നമ്മുടെ ആഭ്യന്തര ഉൽപാദനവുമായി ബന്ധിപ്പിക്കു ന്നതിനു ബോധപൂർവം ശ്രമിക്കുകയാണ്. ഉൽപാദന മേഖലകളിലെ നയങ്ങളിൽ ഇതിന് അനുസ്യൂതമായി മാറ്റം വരുത്തണം. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാ ഗമായി റിസോർട്ടുകളിലും മറ്റും ആവശ്യമായ ഉൽ പന്നങ്ങൾ പ്രാദേശികമായി വാങ്ങുന്നതിനുള്ള നയം ഇതിനു നല്ല ഉദാഹരണമാണ്. ടൂറിസത്തെ കൈത്ത റി-കരകൗശല കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാനാവ ണം. മുസരിസ് പൈതൃക പ്രോജക്ടിന്റെ ഭാഗമായി

പരമ്പരാഗത ചന്തകളെ പുനരുജ്ജീവിപ്പിക്കുന്നതിനും കൈത്തൊഴിൽ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സ്കീം ഈ സന്ദർഭത്തിൽ പ്രസക്തമാണ്.

വാണിജ്യമേഖലയോടുള്ള അവഗണനയുടെ മറ്റൊരു കാരണം വാണിജ്യ പ്രോത്സാഹന സമീപനം ഉപഭോക്തൃസംസ്ക്കാരത്തിന്റെ അതിപ്രസരം സൃഷ്ടിക്കുമെന്നുള്ള ഭയമാണ്. നാട്ടിലെ ഉപഭോക്തൃ തൃഷ്ണ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രചാരണങ്ങളിൽ നിന്നു പിന്മാറി മറ്റു സംസ്ഥാനങ്ങളിലും വിദേശത്തു നിന്നുമുള്ള ടൂറിസ്റ്റുകളെ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രചരണമാണു വേണ്ടത്. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രചാരണ ദിശയിൽ ഇത്തരമൊരു മാറ്റം അനിവാര്യമാണ്. ദുബായ്, സിംഗപ്പൂർ പോലെ ടൂറിസവുമായി ബന്ധപ്പെടുത്തിയുള്ള ഒരു ഷോപ്പിംഗ് ഡെസ്റ്റിനേഷനായിരിക്കണം ലക്ഷ്യം. ഈ ഉപഭോക്തൃ ആവശ്യത്തെ നമ്മുടെ ആഭ്യന്തര ഉൽപാദനവുമായി ബന്ധപ്പെടുത്തുകയും വേണം.

കേരളത്തിലെ വാണിജ്യമേഖലകളെക്കുറിച്ച് ആവശ്യമായ പഠനങ്ങൾ നടന്നിട്ടില്ല. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടത്തിയ ഒരു പഠനത്തിലെ വിവരങ്ങൾ വച്ച് 12 ഇനം പ്രമുഖ ഉൽപന്നങ്ങളുടെ കമ്പോളങ്ങളെ കുറിച്ച് പട്ടിക 7.3 ൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ വിജ്ഞാനപ്രദമായിരിക്കും.

തിരഞ്ഞെടുത്ത പ്രമുഖ ചരക്കുകളുടെ മതിപ്പു കണക്കുകൾ മാത്രമാണ് പട്ടിക 3-ൽ നൽകിയിട്ടുള്ളത്. ആട്ടോമൊബൈൽ പോലുള്ള ചില പ്രമുഖ മേഖലകൾ പോലും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. പലചരക്കു കടകളാണ് ഏറ്റവും പ്രാമുഖ്യം. പക്ഷേ, ഇന്ത്യൻ ഉപഭോക്തൃ കമ്പോളത്തിന്റെ 60 ശതമാനം പലചരക്കു വ്യാപാരം ആയിരിക്കുമ്പോൾ ഈ മേഖലയുടെ കേരളത്തിലെ വിഹിതം 51 ശതമാനമേ വരൂ. പക്ഷേ ഈ മേഖലയിലെ വ്യാപാരം പ്രതിവർഷം 6.5 ശതമാനം വീതമേ വിപുലപ്പെടുന്നുള്ളൂ. പലചരക്കു മേഖല കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും പ്രമുഖ വാണിജ്യമേഖല ആഭരണവിൽപനയാണ്. മൊത്തം കമ്പോളത്തിന്റെ 21 ശതമാനം വരും ആഭരണം. ഇന്ത്യയിലെ മൊത്തം കമ്പോളത്തിന്റെ 5 ശതമാനമേ ഈ മേഖല വരൂ എന്ന് ഓർക്കേണ്ടതുണ്ട്. ഇതു മിതമായ കണക്കാണ്. സമീപ വർഷങ്ങളിൽ സ്വർണത്തിന്റെ വിസ്മയകരമായ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ 2010ൽ ആഭരണ സ്വർണ കമ്പോളം 20,000-25,000 കോടി രൂപ വരുമെന്നാണ് നികുതിവകുപ്പു കണക്കാക്കിയിട്ടുള്ളത്. ഭക്ഷണശാലകളാണ് ഏറ്റവും വേഗതയിൽ (പ്രതിവർഷം 25 ശതമാനം) വളർന്നുകൊണ്ടിരിക്കുന്ന മേഖല. എന്നാൽ മൊത്തം കമ്പോളത്തിന്റെ 4 ശതമാനമേ കാറ്ററിംഗ് വരൂ. സൗന്ദര്യവർദ്ധക വസ്തുക്കൾ, ഉപഭോക്തൃ ഉപകരണങ്ങൾ, മൊബൈൽ, പുസ്തകവും സംഗീതവും തുടങ്ങിയവ എന്നിവയാണ് ഏറ്റവും വേഗതയിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലകൾ.

കേരളത്തിൽ തൊഴിലെടുക്കുന്നവരിൽ 16 ശതമാനം വ്യാപാരമേഖലയിലാണ് ജോലി ചെയ്യുന്നത്. 1971 മുതലുള്ള മൂന്നു ദശാബ്ദക്കാലം സംസ്ഥാന വരുമാനത്തിന്റെ 21 ശതമാനം വ്യാപാരമേഖലയിൽനിന്നായിരുന്നു. എന്നാൽ, 2010-11 ലെ കണക്ക് പ്രകാരം വാണിജ്യമേഖലയുടെ പങ്ക് 18.95 ശതമാനമായി താഴ്ന്നു. ഇത് കേരളത്തിലെ വാണിജ്യമേഖല നേരിടുന്ന ഇന്നത്തെ പ്രതിസന്ധിയുടെ ഒരു സൂചനയായി കണക്കാക്കാം.

പട്ടിക 7.3
കേരളത്തിലെ ചില്ലറ വിൽപന കമ്പോളം

മേഖല	വിൽപനയുടെ മതിപ്പു കണക്ക്	ശതമാനം	വളർച്ചാനിരക്ക്
ഭക്ഷണവും പലചരക്കും	30900	51.0	6.5
തുണി റെഡിമെയ്ഡ്	5380	8.9	15.7
വാച്ച്	120	0.2	11.4
സൗന്ദര്യവർദ്ധന വസ്തുക്കൾ	200	0.3	21.4
ഉപഭോക്തൃ ഉപകരണങ്ങൾ	2800	4.6	19.5
ഫർണിച്ചർ, ഫർണീഷിംഗ്	1700	2.8	11.9
കേറ്ററിംഗ്	2550	4.2	25.1
വിനോദം	220	0.4	20.0
സ്വർണാഭരണങ്ങൾ	12800	21.1	15.3
ചെരിപ്പ്	620	1.0	16.4
മരുന്ന്	2380	3.9	15.6
മൊബൈൽ തുടങ്ങിയവ	570	0.9	25.6
മൊത്തം	60-, 600	100.00	10.8

6. മാർഗ നിർദ്ദേശങ്ങൾ

കേരളത്തിലെ വ്യവസായവൽക്കരണത്തെ ത്വരിത പ്പെടുത്താൻ എന്തു ചെയ്യണം? ഇതിന് പരിപ്രേക്ഷ്യപ ദ്ധതി 2030 ന്റെ ലക്ഷ്യങ്ങൾ തികച്ചും അപര്യാപ്തമാണ്. 2030 ആകുമ്പോഴേക്കും സംസ്ഥാന വരുമാനത്തിൽ മാനുഫാക്ചറിംഗ് വിഹിതം 8-ൽ നിന്ന് 10 ശതമാ നമായി ഉയർത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് മല എലിയെ പ്രസവിച്ച മട്ടാണ്. ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ 16 ശതമാനവും ഇപ്പോൾ തന്നെ മാനു ഫാക്ചറിംഗ് വ്യവസായങ്ങളിലാണെന്ന് ഓർക്കണം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച മാനുഫാക്ചറിംഗ് നയം അനുസരിച്ച് 2022-ൽ ഈ മേഖലയുടെ വിഹിതം 25 ശതമാനമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പക്ഷെ, കേരളത്തിന് 10 ശതമാനം മതി എന്ന് പരിപ്രേക്ഷ്യപ ദ്ധതി മുൻകൂട്ടി തീരുമാനിച്ചിരിക്കുകയാണ്. ഇതിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാന വരുമാനത്തിൽ മാനുഫാക്ചറിംഗ് വ്യവസായങ്ങളുടെ വിഹിതം 15 ശതമാനമെങ്കിലുമായി ഉയർത്തുന്നതിനാണ് നാം ലക്ഷ്യ മിടേണ്ടത്. പുത്തൻ വളർച്ചാമേഖലകളായ ഐ.ടിയും ടൂറിസവുമെല്ലാം മാനുഫാക്ചറിംഗ് വ്യവസായങ്ങൾക്ക് പുറത്താണെന്നുള്ള അനുമാനത്തിലാണ് ഈ ലക്ഷ്യം നിർവ്വചിക്കുന്നത്. ഇതിനായുള്ള കരട് നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

വൻകിട വ്യവസായങ്ങൾ

1. ഭാരതത്തിലെ ഭക്ഷോത്പാദന രംഗത്ത് നാം കൈ വരിച്ച നേട്ടങ്ങളുടെ മുഖ്യ കാരണം ശാസ്ത്രീയമാ യ രീതിയിൽ ഹരിത വിപ്ലവം സംഘടിപ്പിച്ചതാണ്. പ്രതിവർഷം 4-5% നമ്മുടെ രാസവള ഉപയോഗം വർദ്ധിച്ച് വരുന്നുണ്ട്. ദേശീയ ഉപഭോഗത്തേക്കാൾ ഏതാണ്ട് 70 മുതൽ 80 ലക്ഷം ടൺ കുറവാണ് ആഭ്യന്തര ഉൽപ്പാദനം. തന്മൂലം പുറമേ നിന്ന് (ഗൾ ഫ് രാജ്യങ്ങളിൽ നിന്നും, ചൈനയിൽ നിന്നും) ഗണ്യമായ ഇറക്കുമതി വേണ്ടിവരുന്നുണ്ട്. വർഷം തോറും വൻതോതിലുള്ള ഇറക്കുമതി കണക്കിലെ ടുത്ത് എഫ്.എ.സി.ടിയിൽ ലോകനിലവാരത്തിലുള്ള യൂറിയ പ്ലാന്റും ഫോസ്ഫേറ്റ് കോപ്ലക്സ് പ്ലാന്റും സ്ഥാപിക്കാവുന്നതാണ്. ഇതിന് ഏകദേശം 5000 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടിവരും. ഇത് നടപ്പാക്കാൻ ശ്രമിക്കുമ്പോൾ തന്നെ അടിയന്തരമായി വേണ്ടത് നാഫ്തയിൽ നിന്ന് പ്രകൃതിവാതകത്തി ലേക്ക് മാറുന്നതിനടക്കം വേണ്ടിവരുന്ന 991 കോടി രൂപയുടെ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കു ന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തുകയാണ്. ഈ തുക ലഭ്യമാക്കുന്നത് ഫാക്ടിന്റെ ഭൂമിയുടെ വിൽ പ്പനാവകാശവുമായി ബന്ധപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം അംഗീകരിക്കാനാവില്ല.
2. കൊച്ചിയിലെ പ്രകൃതിവാതക ടെർമിനലിൽ നിന്നും കുറഞ്ഞ ചിലവിൽ ധാരളമായി ലഭ്യമായിട്ടുള്ള സാ ഹചര്യത്തിൽ ഒരു മെത്തനോൾ പ്ലാന്റ്, ക്ലോറിൻ സംയുക്തങ്ങൾ, പെട്രോ കെമിക്കൽ ഉൽപ്പന്നങ്ങൾ, വാതകാധിഷ്ഠിത വൈദ്യുതി നിലയങ്ങൾ, സിറ്റി ഗ്യാസ് പദ്ധതികൾ എന്നിവ നടപ്പിലാക്കാവുന്നതാ ണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ആഗോള വി ലത്തകർച്ചയെ തുടർന്ന് പ്രകൃതി വാതകത്തിനും ഗണ്യമായി വില കുറഞ്ഞിരിക്കുകയാണിപ്പോൾ. മുൻപ് ഒരു എനർജി യൂണിറ്റിന് (എം.എം.ബി.ടി.യു.) 18-19 ഡോളർ വിലയുണ്ടായിരുന്നത് ഇന്നിപ്പോൾ 5-6 ആയി കുറഞ്ഞിരിക്കുകയാണ്. ഇതിന് ഏറ്റവും അനുപേക്ഷണീയമായിട്ടുള്ളത് നിർദ്ദിഷ്ട പൈപ്പ് ലൈൻ പദ്ധതി അതിവേഗം പൂർത്തീകരിച്ച് ദേശീ യ വാതക ഗ്രിഡുമായി കൊച്ചി പ്രകൃതി വാതക ടെർമിനലിനെ ബന്ധിപ്പിക്കുക എന്നതണ്. ഇത് കേ രളത്തിലെ താപോർജ്ജം ഉപയോഗിക്കുന്ന വ്യവ സായങ്ങൾക്കെല്ലാം വലിയ പിന്തുണയായി മാറും.
3. കേരളത്തിന്റെ അമൂല്യമായ ധാതുസമ്പത്താണ് തീ രപ്രദേശത്തെ ധാതുമണൽ. ഇന്നതിൽ ഒരു പങ്ക് കേരളത്തിൽനിന്ന് അനധികൃതമായി കടത്തിക്കൊ ണ്ടുപോകുന്നു. മറ്റൊരു ഭാഗം പ്രാഥമിക സംസ്ക രണത്തിനുശേഷം കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യുന്നു. ബാക്കി നമ്മൾ ടൈറ്റാനിയം ഉൽപ്പാദി പ്പിക്കുന്നു. ധാതുമണലിന്റെ ലഭ്യത പൂർണ്ണമായും ഉപയോഗിക്കാൻ കഴിയണം. ഒരു കാരണവശാലും അസംസ്കൃത വസ്തുവായി കയറ്റുമതി ചെയ്യാൻ പാടില്ല. മൂല്യവർദ്ധന ടൈറ്റാനിയത്തിൽ ഒതുക്കാതെ ടൈറ്റാനിയം മെറ്റലിലേക്ക് നീങ്ങുന്നതിനാവശ്യമായ വൻകിട പ്ലാന്റ് കൂടിയേ തീരൂ. ഇതിനാവശ്യമായ സാങ്കേതിക വിദ്യ ഈ രംഗത്തെ പ്രമുഖരുമായി ട്ടുള്ള കൂട്ട് സംരംഭങ്ങളിലൂടെ (ജോയിന്റ് വെഞ്ചർ) കണ്ടെത്താനാവുന്നതാണ്. പരിസ്ഥിതിക്കനുയോജ്യ മായ രീതിയിൽ ബ്രഹത്തായ ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ അതീവ ലോലമായ കടൽത്തീ രത്തെ ലോഹമണൽ ഘനനം ഏകോപിപ്പിക്കുക യും വേണം.
4. നിർദ്ദിഷ്ട പെട്രോ കെമിക്കൽ കോംപ്ലക്സിന്റെ പശ്ചാത്തലത്തിൽ എച്ച്.ഒ.സി കൊച്ചിൻ റിഫൈ നറി ഏറ്റെടുക്കണം. പാർലമെന്ററി സമിതികളും ഇക്കാര്യം ശുപാർശ ചെയ്തിട്ടുള്ളതാണ്.
5. എച്ച്.എം.ടിയുടെ ഭൂമി വിൽപ്പനയ്ക്ക് കേരളം അം ഗീകാരം നൽകിയത് പുനരുദ്ധാരണം ലക്ഷ്യം വച്ചാ ണ്. എന്നാൽ, ദൗർഭാഗ്യവശാൽ ഭൂമി വിറ്റു കിട്ടിയ പണം പോലും എച്ച്.എം.ടിയുടെ നവീകരണത്തിന് ഉപയോഗപ്പെടുത്തിയില്ല. ഏഷ്യയിലെ ഏറ്റവും വ ലിയ ഫൗണ്ടറിയാണ് അവിടെയുള്ളത്. 'മേക്ക് ഇൻ ഇന്ത്യ' ക്യാമ്പയിന്റെ പശ്ചാത്തലത്തിൽ എച്ച്.എം.ടി യുടെ പുനരുദ്ധാരണത്തിന് സമ്മർദ്ദം ഉയർത്തണം.
6. കൊച്ചിൻ ഷിപ്പ് യാർഡിന്റെ വിപുലീകരണ പദ്ധതി അടിയന്തരമായി നടപ്പിലാക്കാണം. ഷിപ്പ് യാർഡി ന്റെ ആവർത്തന ലാഭവും കരുതൽ ശേഖരവും കമ്പോള വായ്പാ സാധ്യതകളും കണക്കിലെടു

ക്കുമ്പോൾ വിപുലീകരണത്തിന്റെ പേരിൽ ഓഹരി വിൽക്കേണ്ട ആവശ്യമില്ല.

7. 1970-ൽ കേന്ദ്ര നിക്ഷേപത്തിന്റെ 3.1 ശതമാനമാണ് കേരളത്തിൽ ഉണ്ടായിരുന്നതെങ്കിൽ 1980-ൽ അത് 2.3 ശതമാനമായും 1995-ൽ അത് 1.2 ശതമാനമായും കുറഞ്ഞു. ഇപ്പോൾ അത് 2.6 ശതമാനമായിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ നിക്ഷേപം നിലവിലുള്ള ഫാക്ടറികളുടെ നവീകരണത്തിനും കോച്ച് ഫാക്ടറി പോലുള്ള പുതിയവയുടെ സ്ഥാപനത്തിനും വേണ്ടി ശക്തമായ സമ്മർദ്ദം ഉയർത്തണം.

8. കുറഞ്ഞ ചെലവിൽ വൈദ്യുതി ആവശ്യമായിട്ടുള്ള സ്ഥാപനങ്ങൾക്ക് ചെറുകിട വൈദ്യുത പദ്ധതികൾ അനുവദിച്ചോ, സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിന് സഹായിച്ചോ അവരെ സംരക്ഷിക്കാവുന്നതാണ്. ഒട്ടനവധി ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് നമ്മുടെ സംസ്ഥാനത്ത് സാധ്യതയുണ്ട്. എന്നാൽ പല കാരണങ്ങളാലും അവയൊന്നും പൂർത്തീകരിക്കാനാവാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. സാങ്കേതിക വിദ്യയുടേയോ, ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിപണി കണ്ടെത്തുന്നതിനോ യാതൊരു പ്രശ്നവുമില്ലാത്ത സാഹചര്യത്തിൽ ഈ രംഗത്ത് നാം വളരെയേറെ ഊർജ്ജസ്വലരാകേണ്ടിയിരിക്കുന്നു.

9. ഭക്ഷ്യ സംസ്ക്കരണത്തിന് വിപുലമായ സാധ്യതകളുള്ള നമ്മുടെ തനതായ ഉൽപ്പന്നങ്ങളെ ആശ്രയിച്ച് പദ്ധതികൾ സ്വരൂപിക്കണം. നിലവിൽ ധാരാളം ചെറുകിട സംരംഭങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയ്ക്കൊന്നും തന്നെ സംസ്ഥാനാടിസ്ഥാനത്തിൽ ഏകോപിതമായ പ്രവർത്തനമില്ല. അതുകൊണ്ട് തന്നെ ഈ രംഗം ഗുണമേന്മ, ഭക്ഷ്യ വസ്തു സുരക്ഷ സംബന്ധിച്ച് സ്റ്റാന്റേർഡുകൾ എന്നിവ സംബന്ധിച്ച നിരവധി പ്രശ്നങ്ങളിൽ പെട്ട് ഉഴലുകയാണ്. വ്യവസായ വകുപ്പിന്റേയും സംസ്ഥാന സർക്കാരിന്റേയും അടിയന്തിര ശ്രദ്ധ പതിയേണ്ട ഒന്നാണ് ഏറ്റവും കൂടുതൽ തൊഴിലും ഉൽപ്പാദനവും നിലനിൽക്കുന്ന ഈ മേഖല.

10. 5-6 വർഷങ്ങൾക്ക് മുൻപ് വിഭാവനം ചെയ്ത ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനാവശ്യമായ സ്ഥലമെടുപ്പ് പോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കെൽട്രോൺ സ്ഥാപനത്തിലൂടെ രാജ്യത്തിന് തന്നെ മാതൃകയായ ഇലക്ട്രോണിക് വ്യവസായ വികസനത്തിന് തുടക്കം കുറിച്ച നമ്മുടെ സംസ്ഥാനം ഈ പദ്ധതി ഇനിയും വൈകിച്ചുകൂടെ. അതായത് സോഫ്റ്റ് വെയർ രംഗത്തെ നമ്മുടെ വികസനത്തിന് അനുരൂപമായി ഇലക്ട്രോണിക് ഹാർഡ്വേയർ നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ അടിയന്തിരമായി ആവിഷ്ക്കരിക്കണം.

11. ലാറ്റക്സ്-റബർ വ്യവസായരംഗം വീണ്ടും വിലയിടിവിനെ തുടർന്ന് കടുത്ത പ്രതിസന്ധിയിലാരിക്കുകയാണ്. പുതിയ ഉൽപ്പന്ന മേഖലകൾ കണ്ടെത്തുകയാണ് പോംവഴി. ഉദാഹരണത്തിന് ലാറ്റക്സ് ചേർത്ത് നിർമ്മിക്കുന്ന ടാർ (ചമസ്യേമ ഹ ഞൗയയല്യ ങീറശളശലറ ആശസ്യോശി) റോഡ് നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണ്. മികച്ച സുരക്ഷിതത്വമുള്ള ഇത്തരം റോഡുകളുടെ വാർഷിക അറ്റകുറ്റ പണികൾ വളരെ കുറഞ്ഞിരിക്കുന്നു എന്ന് പഠനങ്ങളിൽ നിന്ന് കാണാവുന്നതാണ്. റബ്ബർ അധിഷ്ഠിത നൂതന വ്യവസായങ്ങൾക്ക് തുടക്കം കുറിച്ച് ഇന്നത്തെ പ്രതിസന്ധിക്ക് പരിഹാരം കാണാവുന്നതാണ്.

12. നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ തരത്തിൽ എഞ്ചിനീയറിംഗ് വ്യവസായങ്ങളെ നവീകരിക്കണം. ഉപയോഗശൂന്യമായ വസ്തുക്കളിൽ നിന്നും നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതിക വിദ്യ ഇന്ന് ലഭ്യമാണ്.

13. സംസ്ഥാനത്ത് സുലഭമായിട്ടുള്ള പൂക്കൾ, പഴങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവ ഉപയോഗിച്ച് നാനാതരം ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നതാണ്. ഇത്തരത്തിൽ പ്രകൃതിജന്യമായ റസിനുകൾ, ചായങ്ങൾ, പോഷകങ്ങൾ, ലേപനങ്ങൾ എന്നിവ നിർമ്മിക്കാവുന്നതാണ്.

14. കേരളം വഴിമാറി ചിന്തിച്ചേ പറ്റൂ. വിദ്യാസമ്പന്നരായ ജനതയ്ക്ക് അനുയോജ്യമായ വ്യവസായങ്ങൾ വേണം. അവ ഉയർന്ന കൂലി നൽകാൻ പറ്റുന്ന മൂല്യവർധിത വ്യവസായങ്ങൾ ആയിരിക്കണം. മലീനീകരണം സൃഷ്ടിക്കാത്തവയായിരിക്കണം. തദ്ദേശീയ വിഭവങ്ങളെ മൂല്യവർധിത ഉൽപന്നങ്ങളാക്കാൻ സഹായിക്കുന്നവയായിരിക്കണം. ഓരോ വ്യവസായത്തിനും ആവശ്യമായുള്ള അസംസ്കൃത വിഭവങ്ങൾ, വൈദ്യുതി, മൂലധനം തുടങ്ങിയവ വ്യത്യസ്തമായിരിക്കും. ഉൽപന്നങ്ങളുടെ വിപണന സാധ്യതകളിലും അന്തരമുണ്ടാകും. പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാവുന്ന തൊഴിലവസരങ്ങളിലും ഏറ്റക്കുറച്ചിലുണ്ടാകും. പാരിസ്ഥിതിക പ്രത്യാഘാതങ്ങളും വ്യത്യാസപ്പെട്ടിരിക്കും. ഇവയെല്ലാം സമഗ്രമായി കണക്കിലെടുത്ത് സാമ്പത്തിക വളർച്ച ഏറ്റവും സഹായിക്കുന്നതും ജനങ്ങളുടെ ക്ഷേമം ഏറ്റവും ഉറപ്പുവരുത്തുന്നതുമായ വ്യവസായങ്ങളെ ബോധപൂർവ്വം പ്രോൽസാഹിപ്പിക്കണം. ഇതിനെയാണ് അനുയോജ്യ വ്യവസായവൽക്കരണം' എന്നു പറയുന്നത്. ഏതെല്ലാമാണ് ഇത്തരം വ്യവസായങ്ങൾ? (1) വിവരസാങ്കേതിക വിദ്യ (ഐടി), ജൈവ സാങ്കേതികവിദ്യ (ബിടി), നാനോ സാങ്കേതിക വിദ്യ തുടങ്ങിയവ അടിസ്ഥാനമാക്കിയുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, (2) ടൂറിസം പോലുള്ള സേവനപ്രധാനമായ വ്യവസായങ്ങൾ, (3) ലഘു എഞ്ചിനീയറിംഗ് പോലുള്ള സാങ്കേതികവൈദഗ്ധ്യാധിഷ്ഠിതമായ വ്യവസായങ്ങൾ, (4)

റബ്ബർ, കാർഷിക വിഭവങ്ങൾ, ധാതുമണൽ തുടങ്ങിയ വിഭവങ്ങളുടെ മൂല്യവർദ്ധന നടത്തുന്ന വ്യവസായങ്ങൾ എന്നിവയാണ് അവ. ഇത്തരം വ്യവസായങ്ങൾക്ക് മുൻഗണന നൽകണം.

ചെറുകിട വ്യവസായങ്ങൾ

15. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഗ്രാമവികസന വകുപ്പ്, വ്യവസായ വകുപ്പ്, തുടങ്ങിയവയ്ക്കൊക്കെ സൂക്ഷ്മതൊഴിൽ സംരംഭകത്വ വികസനത്തിനു പരിപാടികളുണ്ട്. ബാങ്കു വായ്പയുമായി ബന്ധപ്പെടുത്തിയുള്ള സബ്സിഡി സ്കീമുകളാണ് ഇവയിൽ നല്ല പങ്കും. ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ തന്ത്രത്തിനു ഒരു മാറ്റം അനിവാര്യമാണ്. സമഗ്രമായ സമീപനം കൈക്കൊള്ളാൻ കഴിയണം. വായ്പയോടൊപ്പം സാങ്കേതികവിദ്യ, പരിശീലനം, വിപണി തുടങ്ങിയവയെല്ലാം ഒരു പാക്കേജായി നൽകാൻ കഴിയണം. കുടുംബശ്രീയുടെ സമഗ്ര പ്രോജക്ട് ഈ ദിശയിൽ ഒരു പ്രധാനപ്പെട്ട പരീക്ഷണമാണ്.

16. സംരംഭകത്വ പരിശീലനം കൂടുതൽ ശക്തിപ്പെടുത്തണം. നടപ്പാക്കാവുന്ന പ്രൊജക്ടുകൾ കണ്ടെത്തുകയും വ്യവസായത്തിന് ആവശ്യമായ വായ്പ തുടങ്ങിയ മറ്റു ഘടകങ്ങളെ സംരംഭകത്വ പരിശീലനങ്ങളുമായി ബന്ധപ്പെടുത്തുകയും വേണം. പരിശീലനം നടത്തുന്ന സ്ഥാപനങ്ങൾ, ആരംഭിക്കുന്ന സംരംഭങ്ങളുടെ മേൽനോട്ട ചുമതലകൂടി വഹിക്കേണ്ടതുണ്ട്. മിക്ക മൈക്രോസംരംഭങ്ങളും, പ്രത്യേകിച്ച് ഭക്ഷ്യ ഉൽപാദന-വിതരണ മേഖലയിലുള്ളവ, കടബാധ്യത വരുത്തി വച്ചുകൊണ്ട് അസ്തമിക്കുന്നു. ബന്ധപ്പെട്ട വ്യവസായങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പാക്കി ബ്രാൻഡ് നാമത്തിൽ കേന്ദ്രീകൃതമായി വിപണനം ചെയ്യാനുള്ള പദ്ധതികളാണ് അഭികാമ്യം. മൈക്രോ സംരംഭങ്ങൾക്കുവേണ്ടി പൊതുസൗകര്യകേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതും ആലോചിക്കേണ്ടതുണ്ട്.

17. ചെറുകിട വ്യവസായങ്ങൾക്കു വേണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക എന്നത് ആസൂത്രണത്തിന്റെ തുടക്കം മുതൽ അംഗീകരിച്ചിട്ടുള്ള നയമാണ്. 241 ഏക്കർ വിസ്തൃതിയിൽ 17 വലിയ ഇൻഡസ്ട്രി എസ്റ്റേറ്റുകളിലായി 669 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിനുപുറമെ 146 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുമുണ്ട്. ഇവയിൽ ആയിരത്തിൽപരം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

18. ഇപ്പോൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റു സങ്കൽപത്തിൽ നിന്നു കൂടുതൽ വിശാലമായ ഒരു സമീപനത്തിലേക്കു മാറിക്കൊണ്ടിരിക്കുകയാണ്. വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുക എന്നുള്ളതാണു പുതിയ നയം. ഒരേ സ്വഭാവത്തിലുള്ള വ്യവസായങ്ങളുടെ ഒരു കൂട്ടത്തെയാണ് ക്ലസ്റ്റർ എന്നുപറയുന്നത്. ഇങ്ങനെ ഒരുമിച്ചു സ്ഥാപിച്ചാൽ ഇവയ്ക്കെല്ലാം ആവശ്യമായ പൊതുവായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു കഴിയും. എന്നാൽ ക്ലസ്റ്റർ സമ്പ്രദായം ഇന്നും പരീക്ഷണദശയിൽനിന്ന് അധികം മുന്നോട്ടു പോയിട്ടില്ല. ഇപ്പോൾ ഇത്തരത്തിൽ ക്ലസ്റ്ററുകളായി പ്രവർത്തിക്കുന്ന റബ്ബർ, പ്ലൈവുഡ്, നെല്ലുകുത്ത്, നാടൻ ഭക്ഷണം, സ്വർണാഭരണം, വജ്രം പോളിഷിങ്, പ്ലാസ്റ്റിക് വസ്തുക്കൾ, ടൈലുകൾ, കുപ്പായങ്ങൾ, തോൽ, മുള, സിൽക്ക്, ഭക്ഷ്യസംസ്ക്കരണം, പെയിന്റ്, ജനറൽ എഞ്ചിനീയറിങ് തുടങ്ങിയ വ്യവസായങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യണം.

19. ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പകൾ സഹായപലിശയ്ക്കു ലഭ്യമാക്കാൻ കഴിയണം. ഇതിനുള്ള ഏജൻസിയായി കേരള ഫിനാൻഷ്യൽ കോർപറേഷനെ രൂപാന്തരപ്പെടുത്താൻ കഴിയും എന്ന് കഴിഞ്ഞ അഞ്ചുവർഷത്തെ അനുഭവം സൂചിപ്പിക്കുന്നു.

നിർമ്മാണമേഖല

20. നിർമ്മാണരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തരമായി വേണ്ടത് നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കുകയാണ്. ഇതിനു ഹ്രസ്വകാല ദീർഘകാല പരിഹാരങ്ങൾ ആരായേണ്ടതുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ലോറികളുടെ മേലുള്ള അനാവശ്യപരിശോധനയും നിയന്ത്രണവും ഒഴിവാക്കുക തുടങ്ങിയവ ഹ്രസ്വകാല നടപടികളാണ്. റിസർവോയറിലെ മണൽ വാരുന്നതും ദീർഘകാല പരിഹാരമല്ല. പരിസ്ഥിതിക്ക് അപരിഹാര്യമായ കോട്ടം വരാത്ത ബദലുകളാണ് ദീർഘകാലാടിസ്ഥാനത്തിൽ വികസിപ്പിക്കേണ്ടത്. ഈ രംഗത്ത് ഇതര സംസ്ഥാനങ്ങളിലും ഇതരരാജ്യങ്ങളിലും നടക്കുന്ന പരീക്ഷണങ്ങളുടെ പാഠം നമുക്കും ഉപയോഗിക്കാൻ കഴിയണം.

21. പുഴമണ്ണിന്റെയും തടിയുടെയും മറ്റും ഉപയോഗം നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള സർക്കാർ ഇടപെടലുകൾ വികസിപ്പിച്ചെടുക്കണം. ഊർജ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ഗ്രീൻനിർമ്മാണ സാങ്കേതിക വിദ്യകൾക്കു പ്രോത്സാഹനം നൽകണം.

22. വൈദഗ്ധ്യവും നൈപുണിയുമുള്ള ആധുനിക തൊഴിൽസേനയെ വാർത്തെടുക്കാൻ ഫലപ്രദമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കണം. തൊഴിലാളികൾക്കു കൂടി സ്വീകാര്യമായ യന്ത്രവത്കരണം നടപ്പാക്കണം. തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് ആരംഭിച്ച നടപടികൾ ശക്തിപ്പെടുത്തണം.

23. അന്യസംസ്ഥാന തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം നൽകുന്നതിനും മെച്ചപ്പെട്ട തൊഴിൽ

സാഹചര്യങ്ങളും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തണം.

24. സർവോപരി സിമന്റ്, കമ്പി, പെയിന്റുകൾ തുടങ്ങിയവയുടെ വിലകൾ ഉൽപാദന ചെലവുമായി ബന്ധപ്പെടുത്താതെ ഏകപക്ഷീയമായി ഉയർത്തുന്ന കുത്തകകളുടെ നടപടിയ്ക്കെതിരെ തൊഴിലാളികളുടെയും ഇതര ജനവിഭാഗങ്ങളുടെയും ശക്തമായ ചെറുത്തുനിൽപ്പ് ഉയർത്തിക്കൊണ്ടുവരണം. കുത്തകകളെ പ്രീണിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നയം തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യണം.

25. സംരംഭക പ്രോത്സാഹനത്തിന് പ്രത്യേക പരിപാടി ആവിഷ്കരിക്കേണ്ടതുണ്ട്. സ്റ്റാർട്ട് അപ്പ് കമ്പനികൾക്കുള്ള ധനസഹായവും പ്രോത്സാഹനവും വർദ്ധിപ്പിക്കേണ്ടതുണ്ട്. സംസ്ഥാന ഇന്നവേഷൻ പോളിസിക്ക് രൂപം നൽകണം.

വാണിജ്യമേഖല

26. കേരള വികസന ചരിത്രത്തിൽ ആദ്യമായി വാണിജ്യമേഖലയ്ക്കു ബജറ്റിൽ അക്കൗണ്ടു തുറന്നത് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തായിരുന്നു. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിനു വേണ്ടി പ്രതിവർഷം 25 കോടി രൂപ മുടക്കുന്നുണ്ട്. ഇതിലൊരു ഭാഗം കമ്പോളങ്ങളുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനു വേണ്ടിയാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ, ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഉദ്ദേശ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിച്ചു എന്നു മാത്രമല്ല, അഴിമതിക്ക് ഒരു മാർഗവും കൂടിയായിട്ടുണ്ട്. സമഗ്രമായ ഒരു അവലോകന പഠത്തിന്റെ അടിസ്ഥാനത്തിൽ വേണം ഇനി ഈ സ്കീം മുന്നോട്ടുകൊണ്ടുപോകാൻ.

27. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് സ്ഥാപിക്കണം. വ്യാപാര മേഖലയിൽ സംരംഭകത്വത്തിനും ആധുനിക മാനേജ്മെന്റ് വിദഗ്ധന്മാരെയും പരിശീലിപ്പിച്ചെടുക്കുന്നതിനു വേണ്ടിയാണ് ഇതു സ്ഥാപിക്കുന്നത്. വാണിജ്യമേഖലയെക്കുറിച്ച് ചിട്ടയായ പഠനവും ഈ സ്ഥാപനം ഏറ്റെടുക്കുന്നതാണ്. വാണിജ്യമേഖലയെക്കുറിച്ചുള്ള ഗവേഷണ പഠനങ്ങൾ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെയും ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

28. അടുത്ത മുഖ്യനടപടി വാണിജ്യമിഷന്റെ രൂപീകരണമാണ്. ഈ മേഖലയിലെ സർക്കാരിന്റെ നോഡൽ ഏജൻസിയായിട്ടായിരിക്കും വാണിജ്യമിഷൻ പ്രവർത്തിക്കുക. 2025നകം കൈവരിക്കേണ്ട കൃത്യമായ ലക്ഷ്യങ്ങളും ഒരു റീട്ടെയിൽ നയവും പ്രഖ്യാപിക്കണം. ഈ നയത്തിൽ പശ്ചാത്തല സൗകര്യം, പരിസ്ഥിതി, പ്രോത്സാഹനങ്ങൾ, സോണിംഗ്, ക്ലസ്റ്റർ, തെരുവോരക്കച്ചവടക്കാർ, വഴിയോര സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം സംബന്ധിച്ചുള്ള നയങ്ങൾ ഉൾക്കൊള്ളണം. വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങളെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്ക് അനുസൃതമായി ഏകോപിപ്പിക്കുക വാണിജ്യമിഷനായിരിക്കും.

29. കേരള റീട്ടെയിൽ എന്നൊരു പുതിയ ബ്രാൻഡ് സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രചാരണം ടൂറിസവുമായി ബന്ധപ്പെടുത്തി വേണം നടത്താൻ. കേരളത്തിലെ വാണിജ്യമേഖലയെക്കുറിച്ച് ആകർഷകമായ പ്രതിഛായ സൃഷ്ടിക്കുകയാണ് ഈ ബ്രാൻഡ് പ്രചാരണത്തിന്റെ ലക്ഷ്യം.

30. കേരളത്തിലെ റീട്ടെയിൽ മേഖല നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി ദേശീയ-വൈദേശിക ആഗോളക്കുത്തകകളുടെ റീട്ടെയിൽ ശൃംഖലകളിൽ നിന്നാണ്. കേരളത്തിലെ വ്യാപാരികൾ ഈ വിപത്തിനെതിരെയുള്ള സമരത്തിലാണ്. ഈ പ്രക്ഷോഭം മുന്നോട്ടു കൊണ്ടുപോകുന്നതോടൊപ്പം നമ്മുടെ ചെറുകിട സ്ഥാപനങ്ങളുടെ മത്സരശേഷി ഉയർത്താനുള്ള നടപടി സ്വീകരിക്കുകയും വേണം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും കമ്പോളങ്ങളിലെ സൗകര്യങ്ങൾ വികസിപ്പിക്കുകയും നാടൻ ചന്തയെ/ബസാറിനെ ഷോപ്പിംഗ് മാളുകൾക്കു ബദലായി ഉയർത്തുകയുമാണ്. ഷോപ്പിംഗ് മോളിലെന്നപോലെ തന്നെ നിയന്ത്രിത ഗുണനിലവാരവും വിലയും ആസ്വാദ്യകരമായ അന്തരീക്ഷവും ഓരോ കമ്പോളത്തിലും ഉണ്ടാകണം. ഇത്തരം നവീകരണത്തിന് സർക്കാരിന്റെ സഹായം നൽകേണ്ടതുണ്ട്. ആദായകരമായ വിലയ്ക്ക് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടി ചരക്കുകൾ മൊത്തമായി സ്രോതസിൽ നിന്നു വാങ്ങി റീട്ടെയിലുകാർക്കു നൽകുന്നതിനു വേണ്ടിയുള്ള സഹകരണ സംഘങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. എയർപോർട്ടിനും മറ്റും അടുത്തായി ഷോപ്പിംഗ് ഹബ്ബുകൾ സ്ഥാപിക്കണം. ശബരിമല തീർത്ഥാടന പാതയിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

31. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആരംഭിച്ച വ്യാപാരി ക്ഷേമനിധി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. വർദ്ധിച്ച നികുതിയുടെ നിശ്ചിതശതമാനം ക്ഷേമനിധിയ്ക്കു വേണ്ടി നീക്കിവെച്ചതിന്റെ ഫലമായിട്ടാണ് പെൻഷൻ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞത്. എന്നാൽ, യു.ഡി.എഫ് സർക്കാർ ആവശ്യമായ ധനസഹായം നൽകാൻ വിസമ്മതിക്കുകയാണുണ്ടായത്.

32. സംസ്ഥാന സർക്കാരിന്റെ നികുതിയുടെ സ്രോതസ് മുഖ്യമായും വാണിജ്യമേഖലയാണ്. സ്വാഭാവികമായും നികുതി പിരിവുമായി ബന്ധപ്പെട്ട് സംഘർഷങ്ങൾ ഉണ്ടാകും. എന്നാൽ വ്യാപാരി സൗഹൃദ സമീപനമാണ് സർക്കാർ കൈക്കൊള്ളേണ്ടത്. ഇ-ഗവേണൻസിലൂടെ ഈ രംഗത്തെ അഴിമതി കുറയ്

ക്കാൻ കഴിയും. പുതിയ ചരക്കുസേവന നികുതി വരുന്നതോടെ ഈ മാറ്റത്തെ ഇനിയും ശക്തിപ്പെടുത്താൻ കഴിയും. ജിഎസ്ടി കേരളത്തിലെ വ്യാപാര വികസനത്തിനു സഹായിക്കും. ഇന്ന് കേന്ദ്ര സെയിൽ ടാക്സ് രണ്ടു ശതമാനം മാത്രമാണ്. സംസ്ഥാനത്തു നിന്നു വാങ്ങിയാൽ 4 അല്ലെങ്കിൽ 12.5 ശതമാനം നികുതി കൊടുക്കേണ്ട ഉൽപന്നങ്ങൾ സ്വന്തം ആവശ്യത്തിനാണെങ്കിൽ രണ്ടുശതമാനം നികുതി കൊടുത്തു പുറത്തു നിന്നു കൊണ്ടുവരാം. ഇതു തടയുന്നതിനു വേണ്ടിയുള്ള എൻട്രി ടാക്സ് ഇപ്പോൾ നിലവിലില്ല. ഇതുമൂലം ചുരുങ്ങിയത് 10,000 കോടി രൂപയുടെ വ്യാപാരം കേരളത്തിനകത്തു നിന്നു മറ്റു സംസ്ഥാനത്തിലേയ്ക്കു വഴിമാറിപ്പോകുന്നു എന്നാണ് നികുതി വകുപ്പിന്റെ അനുമാനം. ജിഎസ്ടിയെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഇതിന്റെ നടത്തിപ്പു സംബന്ധിച്ചു വ്യാപാരികളുമായി വിശദമായി ചർച്ച ചെയ്ത് ധാരണകളിലെത്തേണ്ടതുണ്ട്. വ്യാപാരികളും സർക്കാരും തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിന് ഒരു നികുതി ഓംബുഡ്സ്മാന് രൂപം നൽകണം.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. എം.പി. സുകുമാരൻ നായർ (2015): ''കേരളത്തിലെ ആധുനിക – ഘന വ്യവസായങ്ങളുടെ ഇന്നത്തെ അവസ്ഥയും വികസന പരിപ്രേക്ഷ്യവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ
2. T.N. Neelakandan (2015): ''Natural Gas -the Game changer'', 4th International Congress on Kerala Studies, Preliminary Seminar
3. K. Raghavan (2015): ''Prospects of Mineral Based Industries and Strategies'', 4th International Congress on Kerala Studies, Preliminary Seminar
4. കെ. ചന്ദ്രൻപിള്ള (2015): ''കേന്ദ്രപൊതുമേഖല'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ
5. ഇ. ബാലാനന്ദൻ റിസർച്ച് ഫൗണ്ടേഷൻ (2015): ''സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ.

മറ്റു രേഖകൾ

6. Dr. Jayamohan (2014): ''Problems of Mineral Availability and its Impact on Value Added Industries'', Research and development wings CMRL, Cochin, 2014
7. Kurian, V. Mathew and John, Raju (eds.) (2014), Kerala Economy and Its Emerging Issues, SPCS, Kottayam.
8. Thomas, Jayan Jose and Parayil, Govindan (2008), 'Bridging the Social and Digital Divides in Andhra Pradesh and Kerala: A Capabilities Approach', Development and Change, Vol.39, No. 3, pp. 409--35.
9. Thomas, Jayan Jose (2008), 'Innovation in India and China: Challenges and Prospects in Pharmaceuticals and Biotechnology', in Parayil, Govindan and D'Costa, Anthony P. (eds.), The New Asian Innovation Dynamics: China and India in Perspective, Palgrave Macmillan Ltd., Basingstoke, UK.
10. Thomas, Jayan Jose (2005), 'Kerala's Industrial Backwardness: A Case of Path Dependence in Industrialization', World Development, Vol.33, No.5, pp.763-83.
11. Albin, Alice, 1990, 'Manufacturing Sector in Kerala: Comparative Study of its Growth and Structure', Economic and Political Weekly, Vol. XXV, No. 37, pp 2059-70.
12. Issac, Thomas, T.M, Tharakan, Michael (1986): 'An Enquiry into the Historical Roots of Industrial Backwardness of Kerala- A Study of Travancore Region', Working Paper No. 215, Centre for Development Studies, Trivandrum.
13. Pillai, Mohanan P (1990), 'Wither State Sector Enterprises in Kerala?' in Economic and Political Weekly, February 17-24.
14. Pillai, P M and Shanta N (1997): Industrialisation in Kerala: Status of Current Research and Future Issues, Centre for Development Studies, Thiruvanathapuram
15. Subrahmanian K K (1990): 'Development Paradox in Kerala: Analysis of Industrial Stagnation', Economic and Political Weekly, September 15.
16. Subrahmanian K K and Pillai P M (1987): 'Kerala's Industrial Backwardness: Exploration of Alternative Hypothesis', Economic and Political Weekly, April 5

അധ്യായം 8

പരമ്പരാഗത വ്യവസായങ്ങൾ

കേരളത്തിലെ വ്യവസായവത്കരണം പത്തൊമ്പതാം നൂറ്റാണ്ടിൽ ആരംഭിച്ചത് കാർഷികസംസ്ക്കരണ പരമ്പരാഗത വ്യവസായങ്ങളെ ആസ്പദമാക്കിയാണ്. ഉൽപാദന ഘടനയിൽ ഇവയുടെ പ്രാധാന്യം ചുരുങ്ങിയിട്ടുണ്ടെങ്കിലും ഇന്നും ഫാക്ടറിത്തൊഴിലാളികളിൽ ഗണ്യമായൊരു ഭാഗം ഈ വ്യവസായങ്ങളിലാണ് പണിയെടുക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനപ്പെട്ടത് കയർ, കൈത്തറി, ബീഡി, മൺപാത്ര നിർമ്മാണം, കശുവണ്ടി സംസ്ക്കരണം, കരകൗശലവേലകൾ എന്നിവയാണ്. ഇവയെ പരമ്പരാഗതം എന്നു വിശേഷിപ്പിക്കുന്നത് ചരിത്രപരമായ പഴക്കം കൊണ്ടല്ല. പരമ്പരാഗതമായ കൈവേലാ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതുകൊണ്ടാണ്. കശുവണ്ടി വ്യവസായത്തിൽ വറുത്ത തോട്ടണ്ടി പൊളിക്കുന്നതിന് ആകെ പണിയായുധം കൊട്ടുവടി മാത്രമാണ്. കയറിൽ കൈപ്പിരിയിൽ ഒരുവിധത്തിലുള്ള ഉപകരണവും ഉപയോഗിക്കുന്നില്ല. കയറു പിരിക്കുന്നതിന് കൈകൊണ്ടു തിരിക്കുന്ന ചക്ര, ചാടുകളെയാണ് ഉപയോഗിക്കുന്നത്. കയർ തറകളും കൈത്തറിത്തറകളും പൂർണമായും കൈവേലയെ ആശ്രയിച്ചാണ്. ഇത്തരത്തിലുള്ള പിന്നോക്ക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുകൊണ്ട് ഈ വ്യവസായങ്ങളിലെ ഉൽപാദനക്ഷമത വളരെ താഴ്ന്നതാണ്. അതുകൊണ്ടുതന്നെ കൂലിയും വളരെ താഴ്ന്നതായിരിക്കും. കയറ്റുമതിക്കാരും ഇടത്തട്ടുകാരുമാണ് ലാഭം കൊയ്യുന്നത്. ഇടനിലക്കാരും കയറ്റുമതിക്കാരും ലാഭത്തിന്റെ ഭൂരിഭാഗവും കൈക്കലാക്കി ഉൽപാദകർക്കും തൊഴിലാളികൾക്കും കഷ്ടിച്ചു ജീവിക്കാനുള്ള വകമാത്രമാണ് നൽകിയിരുന്നത്.

1930കളോടെ കയർ, കശുവണ്ടി, ബീഡി, ഓട് വ്യവസായങ്ങളിൽ ഈ അനീതിക്കെതിരായ ശക്തമായ തൊഴിൽ സംഘടനകൾ രൂപീകരിക്കപ്പെട്ടു. വ്യവസായ ശാലകളടച്ചിട്ടും കയർ, ബീഡി, കൈത്തറി തുടങ്ങിയ മേഖലകളിലെ ഉൽപാദനം വികേന്ദ്രീകരിച്ചുമാണ് മുതലാളിമാർ തൊഴിലാളിയൂണിയനുകളെ നേരിട്ടത്. കശുവണ്ടി വ്യവസായത്തിൽ നിയമം മൂലം വികേന്ദ്രീകൃത ഉൽപാദനമായ കുടിവറപ്പിന് നിയന്ത്രണമേർപ്പെടുത്തിയപ്പോൾ വ്യവസായത്തെത്തന്നെ തമിഴ്നാട്ടിലേയ്ക്കു പറിച്ചു നടന്നുന്നതിനുള്ള പ്രവണത രൂപം കൊണ്ടു. അടച്ചുപൂട്ടപ്പെട്ട കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കുന്നതിനു കശുവണ്ടി വികസന കോർപ്പറേഷൻ രൂപീകരിച്ചു. മറ്റു മേഖലളിൽ സഹകരണ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ പുനഃസംഘടിപ്പിച്ചു. ഇതിന്റെ ഫലമായി 1960കളിൽ പരമ്പരാഗത വ്യവസായമേഖലയിൽ തൊഴിലെടുക്കുന്നവരുടെ വേതനത്തിലും ജീവിതനിലവാരത്തിലും പ്രകടമായ പുരോഗതി ഉണ്ടായി. ഇത്തരത്തിൽ സമരങ്ങളുടെയും സാങ്കേതികവിദ്യാ പരിണാമത്തിന്റെയും പുനഃസംഘടനയുടെയും സുദീർഘമായ ചരിത്രം ഓരോ പരമ്പരാഗത വ്യവസായത്തിനുമുണ്ട്. വിസ്തരഭയത്താൽ ഈ ആമുഖഖണ്ഡികകൾക്കപ്പുറം അതു വിശദീകരിക്കാൻ ഒരുമ്പെടുന്നില്ല.

1. കയർ

1980കളുടെ മധ്യമായപ്പോൾ കയറും കയറുൽപ്പന്നങ്ങളുടെയും കയറ്റുമതി ചരിത്രത്തിൽ ഏറ്റവും താഴ്ന്ന വിതാനത്തിലെത്തിച്ചേർന്നു. 1985–86ൽ മൊത്തം

കയറ്റുമതി 24672 ടണ്ണായിരുന്നു. 1950-51ൽ കയറ്റുമതി 79694 ടണ്ണായിരുന്നു എന്നോർക്കണം. ഈ വ്യവസായ പ്രതിസന്ധി പുതിയൊരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിന് പ്രേരകമായി. ഈ പുതിയ വികസന തന്ത്രം ഫലിച്ചുവെന്ന തോന്നൽ തുടർന്നുള്ള ദശാബ്ദത്തിലുണ്ടായി. പട്ടിക 8.1ൽ തുടർന്നുള്ള ദശാബ്ദങ്ങളിലെ പ്രധാനപ്പെട്ട ഇനം കയറിനങ്ങളുടെ കയറ്റുമതിത്തൂക്കവും പട്ടിക 8.2ൽ കയറ്റുമതിയുടെ തുകയും കൊടുത്തിട്ടുണ്ട്.

വിപണിയിലെ മാറ്റങ്ങൾ

കയർ യാണിന്റെ കയറ്റുമതിയിൽ ചെറിയ തോതിലുള്ള വർദ്ധനയേ ഉണ്ടായുള്ളൂ. ഏതാണ്ട് 13000 ടണ്ണിൽ നിന്ന് രണ്ടായിരാമാണ്ട് ആയപ്പോഴേയ്ക്കും 15000 ടണ്ണായി ഉയർന്നു. എന്നാൽ കയർ തടുക്കിന്റെ കയറ്റുമതിയിൽ അഭൂതപൂർവമായ വർദ്ധനയുണ്ടായി. എൺപതുകളുടെ ആദ്യപകുതിയിൽ തടുക്കിന്റെ കയറ്റുമതിയിൽ ഏതാണ്ട് 7000 ടണ്ണായിരുന്നു. ഇത് 2005-06/2009-10 ആയപ്പോഴേയ്ക്കും ഏതാണ്ട് 40000 ടണ്ണായി ഉയർന്നു. കയർ വ്യവസായത്തിന്റെ സുവർണ കാലത്തു പോലും തടുക്കിന്റെ കയറ്റുമതി 15000 ടണ്ണിൽ അധികരിച്ചിരുന്നില്ല എന്നോർക്കണം. കയർ പായയുടെ കയറ്റുമതി മുരടിച്ചുതന്നെ തുടർന്നു. എന്നാൽ ജിയോ ടെക്സ്റ്റൈലിന്റെ കാര്യം കൂടി കണക്കിലെടുക്കുമ്പോൾ ഇവിടെയും ശ്രദ്ധേയമായ വളർച്ചയുണ്ടായി. എൺപതുകളുടെ ആദ്യം 4000 -5000 ടൺ ആയിരുന്ന കയറ്റുമതി തൊണ്ണൂറുകളുടെ അവസാനമായപ്പോഴേയ്ക്കും 10000 ടൺ ആയി. ചുരുക്കത്തിൽ കേരളത്തിൽ നിന്നുള്ള പരമ്പരാഗത കയറുൽപ്പന്നങ്ങളുടെ കയറ്റുമതി എൺപതുകളുടെ ഉത്തരാർദ്ധത്തിൽ ഏതാണ്ട് 24000 ടണ്ണായിരുന്നത് 2000ത്തിന്റെ ആദ്യപകുതിയിൽ ഏതാണ്ട് 54000 ടൺ ആയി. കയറിന്റെ പുതിയൊരു സുവർണകാലത്തിന് തുടക്കം കുറിച്ചിരിക്കുന്നുവെന്ന് പ്രവചനങ്ങളുണ്ടായി. ഇതിൽ അതിശയോക്തിയുണ്ടായിരുന്നില്ല. ടഫ്റ്റഡ് മാറ്റുകളുടെ കയറ്റുമതി കൂടി കണക്കിലെടുത്താൽ കേരളത്തിൽ നിന്നുള്ള കയറ്റുമതി സർവകാല റെക്കോഡിലേയ്ക്കുയരുകയായിരുന്നു.

പട്ടിക 8.1
വിവിധയിനം കയർ ഉൽപന്നങ്ങളുടെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി തൂക്കം
1985-86 മുതൽ 2013-14 വരെ (അഞ്ചുവർഷ ശരാശരി ടണ്ണിൽ)

ഇനം	1985-86/ 1989-90	1989-90/ 1994-95	1995-96/ 1999-2000	2000-01/ 2004-05	2005-06/ 2009-10	2010-11/ 2013-14
കയർ യാൺ	13338	14255	14793	12530	7825	4758
	[53]	[40]	[28]	[14]	[4]	[1]
കൈത്തറി തടുക്ക്	7543	13590	21635	32071	39654	25956
	[30]	[38]	[41]	[36]	[20]	[6]
പായ, റഗ്, ജിയോ ടെക്സ്റ്റേൽ	4125	6198	10180	8520	6344	6065
	[16]	[18]	[20]	[10]	[3]	[1]
പവർലൂം തടുക്ക്, പായ	0	0	359	1215	491	68
			[1]	[1]		
ടഫ്റ്റഡ് തടുക്ക്	0	0	399	9134	30664	36853
			[1]	[10]	[16]	[9]
ചകിരി	13	169	468	1114	22906	129418
			[1]	[1]	[12]	[30]
ചകിരിച്ചോറ്	0	99	1988	23463	86625	211043
			[4]	[26]	[44]	[50]
മറ്റുള്ളവ	93	1063	2384	1591	2848	10440
		[3]	[5]	[2]	[1]	[2]
മൊത്തം	25111	35375	52206	89638	197356	424603
	[100]	[100]	[100]	[100]	[100]	[100]

അവലംബം - കയർ ബോർഡ് വാർഷിക റിപ്പോർട്ടുകൾ

പട്ടിക 8.2
വിവിധയിനം കയർ ഉൽപന്നങ്ങളുടെ ഇന്ത്യയിൽ നിന്നുള്ള കയറ്റുമതി തുക
1985–86 മുതൽ 2013–14 വരെ (അഞ്ചുവർഷ ശരാശരി, ലക്ഷം രൂപയിൽ)

ഇനം	1985-86/ 1989-90	1990-91/ 1994-95	1995-96/ 1999-00	2000-01/ 2004-05	2005-06/ 2010-11	2011-12/ 2013-14
കയർ യാൺ	1346	2425	3879	3554	2647	2765
	[39]	[22]	[15]	[10]	[4]	[2]
കൈത്തറി തടുക്ക്	1289	5723	12859	20180	25467	22876
	[38]	[52]	[51]	[54]	[40]	[21]
പായ, റഗ്, ജിയോ ടെക് സ്റ്റേൽ	764	2633	6787	5241	3626	4881
	[22]	[24]	[27]	[14]	[6]	[4]
പവർലൂം തടുക്ക്, പായ	0	0	250	813	334	77
			[1]	[2]	[1]	
ടഫ്റ്റഡ് തടുക്ക്	0	0	199	5102	19536	31766
			[1]	[14]	[31]	[29]
ചകിരി	1	18	63	141	977	21515
					[2]	[19]
ചകിരിച്ചോറ്	0	2	192	1656	7290	23970
			[1]	[4]	[12]	[22]
മറ്റുള്ളവ	14	188	867	671	1185	3445
		[2]	[3]	[2]	[2]	[3]
മൊത്തം	3413	10988	25095	37357	63010	111294
	[100]	[100]	[100]	[100]	[100]	[100]

അവലംബം – കയർ ബോർഡ് വാർഷിക റിപ്പോർട്ടുകൾ

ഈ വളർച്ചയുടെ അടിസ്ഥാനം വിദേശ കമ്പോളത്തിലെ അഭിരുചികളിൽ വന്ന മാറ്റമാണ്. വർദ്ധിച്ചുവന്ന പരിസ്ഥിതി അവബോധം കൃത്രിമനാരുകളിൽ നിന്ന് പ്രകൃതിദത്തമായ നാരുകളിലേയ്ക്ക് മാറുന്നതിന് ഉപഭോക്താക്കളെ പ്രേരിപ്പിച്ചു. പലരാജ്യങ്ങളിലും പെട്ടെന്നു കത്തുന്ന പ്ലാസ്റ്റിക് നാരുകളും വസ്തുക്കളും കെട്ടിടങ്ങളിലും കാറുകളിലും ഉപയോഗിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ വന്നു. ഇതും കയറുപോലുള്ള ഘനനാരുകളുടെ ചോദനം ഉയരുന്നതിന് ഇടയാക്കി. കയറിന്റെ ഏറ്റവും പ്രധാനപ്പെട്ട കമ്പോളം ഇംഗ്ലണ്ടായിരുന്നു. ഈ പുതിയ കാലഘട്ടത്തിൽ അമേരിക്കയും മറ്റു യൂറോപ്യൻ രാജ്യങ്ങളുമായിത്തീർന്നു കയറുൽപന്നങ്ങളുടെ പ്രധാന കമ്പോളങ്ങൾ. ശ്രദ്ധേയമായൊരു പ്രവണത താരതമ്യേനെ വേഗതയിൽ സാമ്പത്തികവളർച്ച കൈവരിക്കുന്ന ബ്രസീൽ പോലുള്ള രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതി വർദ്ധനയാണ്. കയറുൽപന്നങ്ങൾക്ക് ശോഭനമായ ഒരു ഭാവിയുണ്ട് എന്നുള്ള വിശ്വാസം വർദ്ധിച്ചു.

ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി കൂലിയും തൊഴിൽസാഹചര്യവും മെച്ചപ്പെടുത്തുന്നതിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടായി. കയർ തടുക്കു നിർമ്മാണം പരിപൂർണമായി വികേന്ദ്രീകൃതമായിരുന്നെങ്കിലും ഫിനിഷിംഗ് വേലകൾക്കും മറ്റുമായി കേന്ദ്രീകൃത ഫാക്ടറികളും ഇക്കാലത്ത് വളർന്നുവന്നു. വികേന്ദ്രീകൃത ഉൽപാദന മേഖലയുമായുള്ള നേരിട്ടുള്ള ബന്ധം വിച്ഛേദിച്ച് കയറ്റുമതിക്കാർ പൂർണമായും ഇടത്തട്ടുകാരായ ഡിപ്പോ ഉടമസ്ഥർ വഴി ഇടപാടുകൾ നടത്തുന്ന സമ്പ്രദായം സാർവത്രികമായി. ഇതുമൂലം അംഗീകൃതവില ചെറുകിട ഉൽപാദകർക്കു ലഭിക്കാതായി. ഇതിനെതിരെ 2001ൽ അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ ഒരു മാസം നീണ്ടുനിന്ന ഐതിഹാസികമായ കയർ സമരം വിജയിച്ചു. ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കപ്പെട്ടു. തൊഴിലാളികൾക്ക് ഒരുവർഷം നഷ്ടപരിഹാരമായി മുൻകാലപ്രാബല്യത്തോടെ കയറ്റുമതിയുടെ ഒരു ശതമാനം നൽകാൻ തീരുമാനിച്ചു. ക്രയവില ഉറപ്പായതോടെ തൊഴിലാളികളുടെ കൂലി ഉയർത്തുന്നതിൽ വിജയിച്ചു. കയർപിരി തൊഴിലാളികൾക്കാവട്ടെ, തൊഴിലുറപ്പിനുള്ള കൂലി പോലും ലഭിക്കാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. ഈ സ്ഥിതിവിശേഷവും ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അവസാനിപ്പിച്ചു. വരുമാനം ഉറപ്പുപദ്ധതി നടപ്പാക്കിക്കൊണ്ട് കയർപിരി മേഖലയിൽ 150 രൂപയും കയർ വിൽപന മേഖലയിൽ 300 രൂപയും മിനിമം കൂലിയായി ഉയർ

ത്തി. ഇതിപ്പോൾ യുഡിഎഫ് സർക്കാർ 300-ഉം 350-ഉം രൂപയായി ഉയർത്തിയിട്ടുണ്ട്.

ദൗർഭാഗ്യവശാൽ കമ്പോള ആവശ്യത്തിന്റെ ഘടനയിൽ വന്നുകൊണ്ടിരുന്ന മാറ്റത്തെ ഉൾക്കൊള്ളുന്നതിന് നയരൂപീകരണ കർത്താക്കൾക്ക് വീഴ്ചയുണ്ടായി. പരമ്പരാഗത കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വർദ്ധനയുണ്ടായെങ്കിലും പുതിയ കയർ ഉൽപന്നങ്ങൾ അന്തർദേശീയ കമ്പോളത്തിൽ നാൾക്കുനാൾ പ്രാധാന്യം നേടി. ഒരുകാലത്ത് കേരളത്തിൽ വളരെ വിവാദം സൃഷ്ടിച്ചിരുന്ന പവർലൂമിന് മാർക്കറ്റില്ലാതായി. അതേസമയം ടഫ്റ്റഡ് തടുക്കുകൾ കുതിച്ചുകയറി. തൊണ്ണൂറുകളുടെ ഉത്തരാർദ്ധത്തിലാണ് ടഫ്റ്റഡ് തടുക്കു കയറ്റുമതി ആരംഭിക്കുന്നത്. എന്നാൽ ഈ നൂറ്റാണ്ടിന്റെ ആദ്യദശാബ്ദം തീരുന്നതിനു മുമ്പ് ടഫ്റ്റഡ് തടുക്കിന്റെ കയറ്റുമതി ഏതാണ്ട് കൈത്തറിത്തടുക്കിനൊപ്പമായി. കേരളത്തിലും ടഫ്റ്റഡ് ഫാക്ടറികൾ നിലവിൽവന്നു. എന്നാൽ ടഫ്റ്റഡ് തടുക്കുകളുടെ ഗണ്യമായൊരു ഭാഗം തമിഴ്നാട്ടിലാണ് ഉൽപാദിപ്പിക്കുന്നത്.

കയർ കയറ്റുമതിയിലുണ്ടായ നാടകീയമായ മാറ്റം ചകിരിയുടെയും ചകിരിച്ചോറിന്റെയും കയറ്റുമതിയിലായിരുന്നു. കുറച്ചു ചകിരി എക്കാലത്തും പാശ്ചാത്യ രാജ്യങ്ങളിലേയ്ക്കു നാം കയറ്റുമതി ചെയ്തിരുന്നു. എന്നാൽ ആഗോളവ്യാപാരത്തിൽ ചകിരിയിൽ നല്ലപങ്കും ഉണക്കത്തൊണ്ടിൽ നിന്നുള്ള ചകിരിയാണ്. ബ്രഷിനും മറ്റും ഉപയോഗിക്കുന്ന നീണ്ടതും ഉറപ്പുള്ളതുമായ ബ്രിസിൽ ഫൈബർ, മെത്തകൾക്കുപയോഗിക്കുന്ന ചെറുതും മൃദുവുമായ മാട്രസ് ഫൈബർ, ഇതു രണ്ടും മിക്സുചെയ്ത് റബ്ബറൈസ്ഡ് ഉൽപന്നങ്ങൾക്കു വേണ്ടി ചകിരി പിരിച്ച് സ്പ്രിംഗ് സ്വഭാവം കൂട്ടിയ കേർൾഡ് കയർ എന്നിവയാണ്. എന്നാൽ സമീപകാലത്തായി ഇന്ത്യയിലെ പച്ചത്തൊണ്ടിൽനിന്നുള്ള ചകിരിയ്ക്ക് വിദേശത്ത് പ്രിയമേറി. മെത്തകൾ ഉണ്ടാക്കുന്നതിനാണ് ഇതു വ്യാപകമായി ഉപയോഗിക്കുന്നത്. ചൈനയിലെ സാമ്പത്തിക അഭിവൃദ്ധി അവിടെ മെത്തകൾക്കുള്ള ഡിമാൻഡ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിന് അവർ ഇന്ത്യയിൽ നിന്നുള്ള ചകിരിയെ ആശ്രയിച്ചതോടെ ചകിരി കയറ്റുമതിയിൽ കുതിച്ചു ചാട്ടമുണ്ടായി.

ഈ നൂറ്റാണ്ടിൽ ചകിരിയുടെ കയറ്റുമതിയിലുണ്ടായ അഭൂതപൂർവമായ വർദ്ധന പട്ടിക 10-ൽ കാണാം. 2000-01/2004-05 കാലത്ത് ശരാശരി 22000 ടൺ ചകിരി കയറ്റുമതി ചെയ്ത സ്ഥാനത്ത് കഴിഞ്ഞ നാലു വർഷക്കാലയളവിൽ ശരാശരി ഒന്നേകാൽ ലക്ഷം ടൺ ചകിരിയാണ് കയറ്റുമതി ചെയ്തത്. ഇതിന്റെ സിംഹപങ്കും ചൈനയിലേയ്ക്കാണ്. ഈ ചകിരിയുടെ ഉൽപാദനം പൂർണമായും തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലുമാണ്.

കേരളത്തിനു പുറത്തുള്ള ഈ ചകിരി ഉൽപാദനത്തിന് വലിയൊരു താങ്ങായി ചകിരിച്ചോറിന്റെ കയറ്റുമതി മാറി. കേരളത്തിൽ ചകിരിച്ചോറ് ജലമലിനീകരണത്തിന്റെ ഒരു പ്രധാനപ്പെട്ട കാരണമായിരുന്നു. തമിഴ്നാട്ടിലും തൊണ്ണൂറുകളിൽ ചകിരിച്ചോറ് മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ചകിരിച്ചോറിന്റെ കാർഷിക ഉപയോഗത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഈ മാലിന്യ ഉൽപന്നത്തെ ഒരു പ്രധാനപ്പെട്ട കയറ്റുമതി സാമഗ്രിയായി മാറ്റി. നെഴ്സറികളിലും മണ്ണിനെ പതപ്പെടുത്തുന്നതിനുള്ള ആവശ്യത്തിനും വേണ്ടി വലിയതോതിൽ പാശ്ചാത്യ രാജ്യങ്ങളിലേയ്ക്കും ചൈനയിലേയ്ക്കും ചകിരിച്ചോറ് കയറ്റുമതി ചെയ്യപ്പെടാൻ തുടങ്ങി. കേരളത്തിലെ ചീക്കത്തൊണ്ടിന്റെ ചകിരിച്ചോറ് ഉപ്പുരസം അധികമുള്ളതുകൊണ്ട് ഇത്തരത്തിൽ ഉപയോഗപ്പെടുത്താനാവില്ല. ബ്രിക്കറ്റു ചെയ്ത ചകിരിച്ചോറ് കയറ്റുമതി ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ആയിരം ടണ്ണായിരുന്നത് ഇപ്പോൾ ഒന്നര ലക്ഷം ടണ്ണായി ഉയർന്നിരിക്കുകയാണ്. ഏറ്റവും രസകരമായ ഒരു വസ്തുത ഒരുകാലത്ത് ചകിരിയുൽപാദനത്തിന്റെ വിലയില്ലാതിരുന്ന ഈ മാലിന്യത്തിന് ഇന്ന് ചകിരിയുടെ അത്രയും തന്നെ വില ലഭിക്കുന്നുവെന്നാണ്. 2013-14ൽ ചകിരിയുടെ കയറ്റുമതി വില ടണ്ണിന് പതിനേഴായിരം രൂപയായിരുന്നപ്പോൾ ചകിരിച്ചോറിന് 13000 രൂപയായിരുന്നു കയറ്റുമതി വില. ഇതോടെ തമിഴ്നാട്ടിലെ ചകിരിയുൽപാദനത്തിന്റെ മത്സരശേഷിയും ലാഭവും കുത്തനെ ഉയർന്നു.

കയർ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക്

എൺപതുകളിൽ ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതിത്തൂക്കത്തിൽ 95 ശതമാനത്തിലേറെ കേരളത്തിൽ നിന്നുള്ള പരമ്പരാഗത കയറുൽപ്പന്നങ്ങളായിരുന്നു. എന്നാലിന്ന് കേരളത്തിന്റെ വിഹിതം പത്തുശതമാനത്തിൽ താഴെയാണ്. ചകിരിച്ചോറിന്റെ തൂക്കം മാത്രം കയറ്റുമതിയുടെ 50 ശതമാനമാണ്. ചകിരിയുടെ തൂക്കം 30 ശതമാനവും. തടുക്കും പായയും മറ്റും മൂല്യവർദ്ധിത ഉൽപന്നങ്ങളായതുകൊണ്ട് കയറ്റുമതി മൂല്യമെടുത്താൽ ഇന്നും 30 ശതമാനത്തോളം പരമ്പരാഗത കയറുൽപന്നങ്ങളാണ്. പക്ഷേ, ഇത്രതന്നെ ടഫ്റ്റഡ് തടുക്കും വരും. ചകിരിച്ചോറിനും ചകിരിയ്ക്കുമാകട്ടെ ഏതാണ്ട് ഇരുപതു ശതമാനം വീതമാണ് വിഹിതം. ചുരുക്കത്തിൽ ഇന്ത്യൻ കയറ്റുമതിയിൽ കേരളത്തിൽ നിന്നുള്ള പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രാധാന്യം കുത്തനെ തകർന്നിരിക്കുകയാണ്.

കേരളത്തിന്റെ വിഹിതം കുറഞ്ഞുവന്നെങ്കിലും നാം കണ്ടതുപോലെ അടുത്തകാലം വരെ കേരളത്തിൽ നിന്നുള്ള പരമ്പരാഗത ഉൽപന്നങ്ങളുടെ മൊത്തം കയറ്റുമതിത്തൂക്കം ഇടിഞ്ഞിരുന്നില്ല. എന്നാൽ കഴിഞ്ഞ ഏതാനും വർഷമായി ഈ സ്ഥിതിവിശേഷവും മാറുകയാണ്. 2000-01നെ അപേക്ഷിച്ച് 2013-14ൽ കേരളത്തിന്റെ പരമ്പരാഗത കയറുൽപന്നങ്ങളുടെ കയറ്റുമതിത്തൂക്കം ഏതാണ്ട് 40 ശതമാനം ഇടിഞ്ഞ് 30000 ടണ്ണായി താഴ്ന്നിരിക്കുകയാണ്. കൈത്തറി തടുക്കിനെക്കാൾ കൂടുതൽ ടഫ്റ്റഡ് മാറ്റുകൾ കയറ്റുമതി ചെയ്യപ്പെട്ടു. യാണിന്റെ കയറ്റുമതി നാലായിരം ടണ്ണായി കുറഞ്ഞു. അതുതന്നെ ഗണ്യമായൊരു ഭാഗം തമിഴ്നാട്ടിൽ നിന്നാണ്.

കയർ യാണിന്റെ കയറ്റുമതിയിലുണ്ടായ ഇടിവ് യാണിന്റെ അന്തർദേശീയ കമ്പോളം തകർന്നതുമൂല മല്ല എന്ന് എടുത്തു പറയേണ്ടതുണ്ട്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിലെ ഇന്ദുവിന്റെ വിശദമായ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത് 1994നും 2012നും ഇടയ്ക്ക് ഇന്ത്യയിൽനിന്നുള്ള യാണിന്റെ കയറ്റുമതി -6.5 ശതമാനം വീതം കുറഞ്ഞപ്പോൾ ശ്രീലങ്കയുടേത് 4.9 ശതമാനവും തായ്ലണ്ടിന്റേത് 7.4 ശതമാനവും വീതം വർദ്ധിച്ചുവെന്നാണ്. ഇതിന്റെ ഫലമായി ആ ഗോള യാൺ കമ്പോളത്തിൽ ഇന്ത്യയുടെ വിഹിതം 81 ശതമാനത്തിൽ നിന്ന് 31 ശതമാനമായി താഴ്ന്നു. കയർ യാൺ പാശ്ചാത്യരാജ്യങ്ങളിൽ ഉപയോഗിക്കുന്നത് ഒലിവെണ്ണ ഫിൽട്ടർ ചെയ്യാനും ഹോപ്പ് വൈൻ കൃഷിയ്ക്കുമാണ്. പണ്ട് തവിട്ടു ചകിരി കൊണ്ട് യാൺ പിരിക്കാൻ കഴിയില്ലായിരുന്നു. എന്നാൽ ഇന്ന് യന്ത്രം കൊണ്ടുള്ള തവിട്ടു യാൺ സുലഭമാണ്. ഇതാണ് ശ്രീലങ്കയും തായ്ലണ്ടും ഇപ്പോൾ തമിഴ്നാടും കയറ്റുമതി ചെയ്യുന്നത്. യന്ത്രം കൊണ്ടു പിരിക്കുന്ന യാൺ ഉപയോഗിച്ച് യന്ത്രത്തിൽ തടുക്കും പായയും നിർമ്മിക്കുന്നതിനും സാങ്കേതികമായി തടസമില്ല.

ഈ പ്രവണതകൾ നാൾക്കുനാൾ ശക്തിപ്പെടാനാണ് സാധ്യത. കാരണം, ഇതുവരെയുള്ള കയർ വ്യവസായത്തിന്റെ ചരിത്രത്തിൽനിന്ന് വ്യത്യസ്തമായ ഒരു സാഹചര്യമാണ് ഇന്നു നിലനിൽക്കുന്നത്. നമ്മുടെ പരമ്പരാഗത ഉൽപന്നങ്ങളോട് ശക്തമായി മത്സരിക്കുന്ന ബദൽ ഉൽപന്നങ്ങൾ തമിഴ്നാടു മാത്രമല്ല, ശ്രീലങ്കപോലുള്ള രാജ്യങ്ങളും ഉൽപാദിപ്പിച്ചു വരുന്നു.

കയർ വ്യവസായത്തിന്റെ ചരിത്രത്തിലുടനീളം മറ്റു പ്രദേശങ്ങളിൽനിന്നുള്ള കമ്പോളമത്സരം ചർച്ചാവിഷയമായിട്ടുണ്ട്. നമ്മുടെ നാട്ടിൽനിന്നുള്ള കയർ ഉപയോഗിച്ച് യൂറോപ്പിൽ ശക്തമായൊരു കയർ ഉൽപന്ന വ്യവസായം കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ ഉണ്ടായിരുന്നു. ഇവിടെ നിന്നുള്ള കയറിന്റെ കയറ്റുമതിയ്ക്കുമേൽ ചുങ്കം ചുമത്തി യൂറോപ്യൻ യന്ത്രത്തറി വ്യവസായത്തെ പൊളിക്കണം എന്നുള്ളത് ആലപ്പുഴയിലെ നാടൻ മുതലാളിമാരുടെ 1920 കൾ മുതലുള്ള ആവശ്യമായിരുന്നു. ഇതിനെതിരെ യൂറോപ്യൻ കമ്പനികൾ ഉയർത്തിയിരുന്ന വാദം മറ്റു നാളികേര കൃഷി രാജ്യങ്ങളിൽ കയർ വ്യവസായം വളരുന്നതിന് ഈ നടപടി ആക്കം കൂട്ടും എന്നുള്ളതായിരുന്നു. യൂറോപ്യൻ കമ്പനികൾ ഇന്തോനേഷ്യയിലും സിലോണിലും കേരളത്തിനു ബദലായ കയർ വ്യവസായം സൃഷ്ടിക്കാൻ ശ്രമിക്കുന്നതിന്റെ തെളിവുകൾ ഇവിടുത്തെ വിദേശ കയർ കയറ്റുമതിക്കാർ ഹാജരാക്കുകയുണ്ടായി. പക്ഷേ, ഈ പരിശ്രമങ്ങളെല്ലാം ഉണ്ടായിട്ടും വെള്ളക്കയർ വ്യവസായം ശ്രീലങ്കയിലോ ഇന്തോനേഷ്യയിലോ ഫിലിപ്പൈൻസിലോ മലേഷ്യയിലോ ഒന്നും വികസിക്കുകയുണ്ടായില്ല. പ്രകൃതിദത്തമായ അഴുക്കൽ കേന്ദ്രങ്ങളും ചരിത്രപരമായ മുൻതൂക്കവും സാങ്കേതികവൈദഗ്ധ്യമുള്ള, എന്നാൽ പട്ടിണിക്കൂലിയ്ക്ക് ജോലി ചെയ്യാൻ തയ്യാറുള്ള തൊഴിലാളികളും ഇത്തരമൊരു ബദൽ വ്യവസായ വളർച്ചയ്ക്കു തടസമായി നിന്നു. മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും വളർന്നത് ഉണക്കത്തൊണ്ട് യന്ത്രം കൊണ്ട് ചകിരിയാക്കി മാറ്റുന്ന വ്യവസായമാണ്. ഈ തവിട്ടുകയർ വ്യവസായം നമുക്കൊരിക്കലും ഭീഷണിയായിരുന്നില്ല. ഈ സ്ഥിതിവിശേഷം എങ്ങനെ മാറി?

എൺപതുകളിൽ സുപ്രധാനമായ നൂതനസാങ്കേതിക സംഭവവികാസമുണ്ടായി. തൊണ്ട് ഉണങ്ങുമ്പോഴാണല്ലോ തവിട്ടുചകിരിയുണ്ടാകുന്നത്. തൊണ്ട് ഉണങ്ങാൻ അനുവദിക്കാതെ പച്ചയായിരിക്കുമ്പോൾത്തന്നെ യന്ത്രത്തിൽ നാരുകൾ വേർതിരിച്ചെടുത്തു കഴുകി കറ കളഞ്ഞാൽ അതിനു വെള്ളച്ചകിരിയോടായിരിക്കും കൂടുതൽ സാമ്യം. ഇതിന്റെ അടിസ്ഥാനത്തിൽ പൊള്ളാച്ചിയിലും പിന്നീട് തമിഴ്നാട്ടിലെ മറ്റു കേന്ദ്രങ്ങളിലും പച്ചത്തൊണ്ടു ചകിരിമില്ലുകൾ ഉയർന്നുവരാൻ തുടങ്ങി. നാളികേരം തോട്ടങ്ങളായി കൃഷി ചെയ്തിരുന്നതുകൊണ്ട് പച്ചത്തൊണ്ടു ശേഖരിച്ച് മില്ലുകളിൽ കൊണ്ടുവരികയും എളുപ്പമായിരുന്നു. ഈ പുതിയ ചകിരിയുടെ ഏറ്റവും പ്രധാനപ്പെട്ട ആകർഷകത്വം താഴ്ന്ന ഉൽപാദനച്ചെലവും വിലയുമായിരുന്നു. അതുകൊണ്ട് കേരളത്തിൽ ചകിരിവ്യവസായം കൂടുതൽ കൂടുതൽ തമിഴ്നാട്ടിലുള്ള ചച്ചത്തൊണ്ടു ചകിരിയെ ആശ്രയിക്കാൻ തുടങ്ങി. വെള്ളച്ചകിരി കൊണ്ടുള്ള കയർ പ്രത്യേക ബ്രാൻഡായി നിലനിർത്തണം എന്നും മറ്റുമുള്ള നയപരമായ തീരുമാനങ്ങളൊന്നും ഫലപ്രദമായില്ല. ക്രമേണ, വെള്ളക്കയർ ചകിരിയും പച്ചത്തൊണ്ടു ചകിരിയും തമ്മിലുള്ള അന്തരം തന്നെ ഇല്ലാതായി.

ഇതോടെ വെള്ളക്കയർ മേഖല എന്ന നിലയിൽ കേരളത്തിനുണ്ടായിരുന്ന കമ്പോളസംരക്ഷണം ഇല്ലാതായി. ഇത് അനിവാര്യമായിരുന്നുതാനും. കാരണം, പച്ചത്തൊണ്ടു ചകിരി കഴുകി കറ കളഞ്ഞാൽ ഇടക്കാലത്തേയ്ക്ക് വെള്ളക്കയറിന്റെ എല്ലാ ഗുണങ്ങളും പ്രകടിപ്പിക്കും. അതിനപ്പുറം കാലത്തേയ്ക്ക് കയറുൽപന്നങ്ങളുടെ ആയുസ് കമ്പോളം പ്രതീക്ഷിക്കുന്നുമില്ല. ഇതുകൊണ്ട് കേരളം പച്ചത്തൊണ്ടുചകിരി ഉപയോഗിച്ചില്ലെങ്കിലും കമ്പോളത്തിൽ ഇതുകൊണ്ടുള്ള ഉൽപന്നങ്ങൾ അനിവാര്യമായും വരികതന്നെ ചെയ്യും. കേരളത്തിന്റെ പരാജയം വെള്ളക്കയറും ഉൽപന്നങ്ങളും പ്രത്യേക ബ്രാൻഡായി നിലനിർത്താൻ കഴിയാതെ പോയതാണ്. വെള്ളച്ചകിരിയും പച്ചത്തൊണ്ടു ചകിരിയും ഇടകലർത്തി ഉപയോഗിച്ചതിന്റെ ദുരന്ത ഫലമാണിത്.

അതോടൊപ്പം മറ്റൊരു ദുരന്തവും കൂടി സംഭവിച്ചു. പച്ചത്തൊണ്ടു ചകിരി വ്യവസായം കേരളത്തിൽ വികസിപ്പിക്കുന്നതിൽ നാം പൂർണമായും പരാജയപ്പെട്ടു. തൊണ്ടുതല്ലു മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണം ഏതാണ്ട് എല്ലാ ബജറ്റുകളിലും വകയിരുത്തപ്പെട്ടു. മൊബൈൽ തൊണ്ടുതല്ല് സാങ്കേതികവിദ്യയും പരീക്ഷിക്കപ്പെട്ടു. പക്ഷേ, തമിഴ്നാട് പച്ചച്ചകിരിയുടെ മേലുള്ള ആശ്രിതത്വം നാൾക്കുനാൾ വർദ്ധിക്കുകയല്ലാതെ കേരളത്തിലെ ചകിരിയുൽപ്പാദനം വർദ്ധിച്ചില്ല.

തമിഴ്നാട്ടിൽ നിന്ന് ചൈനയിലേയ്ക്കുള്ള ചകിരിച്ചോറു കയറ്റുമതി കുത്തനെ ഉയർന്നതോടെ കേരളത്തിലേയ്ക്കുള്ള ചകിരിയുടെ വരവിനു വിഘ്നം നേരിട്ടു. ചകിരിയുടെ വിലയും ഉയരാൻ തുടങ്ങി. 1998-99നും 2009-10നും ഇടയ്ക്ക് ചകിരിയുടെ കയറ്റുമതി വില ടണ്ണിന് 12-14000 രൂപയായിരുന്നു. എന്നാൽ 2010-11ൽ ഇത് 15000 രൂപയായി ഉയർന്നു. 2013-14ൽ ടണ്ണിന് 19000 രൂപയും. ഇത് കേരളത്തിലെ കയർപിരി വ്യവസായത്തെ പ്രതിസന്ധിയിലാക്കി.

ഇതിനിടെ തമിഴ്നാട്ടിൽ പച്ചത്തൊണ്ടു ചകിരി ഉപയോഗിച്ച് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ കയർ പിരിക്കുന്നത് അതിവേഗത്തിൽ വളരാൻ തുടങ്ങി. ഇന്ത്യയിലെ ആഭ്യന്തര കമ്പോളത്തിന്റെ നല്ല പങ്ക് ഈ യന്ത്രപ്പിരി കയർ പിടിച്ചടക്കി. കേരളത്തിൽനിന്നുള്ള കയറിനെക്കാൾ വില കുറവാണ് തമിഴ്നാട്ടിലെ യന്ത്രക്കയറിന്. ഈ പശ്ചാത്തലത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പരമ്പരാഗത കയറിനങ്ങൾ അപ്രത്യക്ഷമായിത്തുടങ്ങി. തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് അമ്പതിനായിരം പേർ പണിയെടുത്തിരുന്ന സ്ഥലത്ത് കയർ പിരിക്കാരുടെ എണ്ണം ഏതാനും ആയിരമായി ചുരുങ്ങി. കൊല്ലത്തും ഇതുതന്നെ സംഭവിച്ചു. തൊഴിലുറപ്പു പദ്ധതി ഇവർക്ക് അത്താണിയായി. കയർത്തൊഴിലാളികൾ വലിയതോതിൽ കശുവണ്ടി വ്യവസായത്തിലും മറ്റും പണിക്കു പോയിത്തുടങ്ങി. കയർപിരി മുഖ്യമായും വൈക്കം, കാർത്തികപ്പള്ളി, ചേർത്തല താലൂക്കുകളിലായി ഒതുങ്ങി. ഇവിടെയെല്ലാം ഇന്ന് വൈക്കം കയറാണ് പിരിക്കുന്നത്. തടുക്കു നിർമ്മാണത്തിന് വൈക്കം കയർ കൂടിയേ തീരൂ. പക്ഷേ, വൈക്കം കയറിനോട് ഏറെ സാമ്യമുള്ള യന്ത്രക്കയർ തമിഴ്നാട്ടിൽ നിന്നും രംഗപ്രവേശം ചെയ്തതോടെ ഈ അവശിഷ്ട പിരിമേഖല കൂടി ഭീഷണിയിലായി. തടുക്കു വ്യവസായികൾ താരതമ്യേനെ വില കുറഞ്ഞ യന്ത്രക്കയറിലാണ് കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്നത്. അതോടെ സ്ഥിതിവിശേഷം പൊട്ടിത്തെറിയിലേയ്ക്ക് എത്തിയിരിക്കുകയാണ്.

പക്ഷേ ഇതൊരു പുതിയ സ്ഥിതിവിശേഷമാണ്. കേരളത്തിന്റെ കയറിലുള്ള കുത്തക അവസാനിച്ചു. ടഫ്റ്റഡ് തടുക്കുകൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിൽ വൈദഗ്ധ്യത്തിന്റെ ആവശ്യമില്ല. വില കുറഞ്ഞ കയർ സുലഭമായി ലഭ്യമായാൽ തമിഴ്നാട്ടിലേയ്ക്ക് കയർ ഉൽപന്ന വ്യവസായം കൂടി പറിച്ചു നടപ്പെടുമെന്ന് വ്യവസായികൾ ഭീഷണിപ്പെടുത്തുന്നു. കയർ വ്യവസായത്തിന്റെ ചരിത്രത്തിൽ ഇതപര്യന്തമില്ലാത്ത പ്രതിസന്ധിയാണ് ഇന്ന് അഭിമുഖീകരിക്കുന്നത്.

യുഡിഎഫ് സർക്കാർ ഇന്നത്തെ സ്ഥിതിയുടെ ഗൗരവം ഉൾക്കൊണ്ടിട്ടില്ല. കയർ വ്യവസായത്തിൽ ഒരു പ്രശ്നവുമില്ല എന്ന മട്ടിൽ കയറുൽസവങ്ങളും മറ്റുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. സ്വന്തക്കാർക്കു വേണ്ടി സങ്കുചിതരാഷ്ട്രീയാടിസ്ഥാനത്തിൽ 100 പുതിയ സംഘങ്ങൾ രൂപീകരിക്കാനുള്ള തത്രപ്പാടിലാണ് അവർ. നിലവിലുള്ള കയർമേഖലയിൽ വ്യവസായം പൊളിഞ്ഞടുങ്ങുമ്പോൾ കോന്നിപോലുള്ള സ്ഥലങ്ങളിൽ പുതിയ വ്യവസായശാലകൾ തുറക്കുന്നതിനാണ് സർക്കാരിന്റെ പരിശ്രമം.

വിഎസ് അച്യുതാനന്ദൻ മുഖ്യമന്ത്രിയായുള്ള ഇടതുപക്ഷ സർക്കാർ ആനത്തലവട്ടം ആനന്ദൻ അധ്യക്ഷനായി ഒരു കയർ കമ്മിഷനെ നിയോഗിക്കുകയുണ്ടായി. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക നവീകരണത്തെക്കുറിച്ചും കയർ സഹകരണ പുനസംഘടനയെക്കുറിച്ചും മാർക്കറ്റിംഗിനെക്കുറിച്ചും വിശദമായ നിർദ്ദേശങ്ങൾ ഈ കമ്മിറ്റി മുന്നോട്ടു വെയ്ക്കുകയുണ്ടായി. ഇന്നും ഈ റിപ്പോർട്ടിലെ നിഗമനങ്ങൾ സാധുവാണ്. അവയുടെ അടിസ്ഥാനത്തിലും അതിനുശേഷമുണ്ടായ മാറ്റങ്ങളെ കണക്കിലെടുത്തുകൊണ്ടും പുതിയൊരു തന്ത്രം കയർമേഖലയിൽ ആവിഷ്കരിക്കേണ്ടതുണ്ട്.

2. കശുവണ്ടി വ്യവസായം

ഇന്ന് പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും ഫാക്ടറി സ്വഭാവമുള്ളതും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്നതുമായ മേഖല കശുവണ്ടി സംസ്ക്കരണമാണ്. കയറിനെ അപേക്ഷിച്ച് കൂടുതൽ സുരക്ഷിതവും വളരുന്നതുമായ വിപണി കശുവണ്ടിപ്പരിപ്പിനുണ്ട്. വിലയിലും കയറ്റുമതിയിലും വർദ്ധനയുമുണ്ടായിട്ടുണ്ട്. എന്നാൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരം കേരളത്തിലെ ഈ സംഘടിതമേഖലയ്ക്ക് ഗൌരവമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വ്യവസായ അഭിവൃദ്ധിയ്ക്ക് ആനുപാതികമായ നേട്ടം തൊഴിലാളികൾക്കു ലഭിച്ചിട്ടില്ല.

ബ്രസീലിയൻ സ്വദേശിയായ കശുമാവിനെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പഴയ നാട്ടുരാജ്യമായ കൊച്ചിയിലേക്ക് കൊണ്ടുവന്നത് പോർച്ചുഗീസ് നാവികരായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ കൊച്ചിയിലെത്തിയ കശുമാവ് കേരളത്തിലെ കൊല്ലം ജില്ലയിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ട് പ്രധാനപ്പെട്ട ഒരു കൃഷിയും, വ്യവസായവുമെന്ന നിലയിലേക്ക് വളർന്നു. 1980 കളുടെ അവസാനംവരെ ഉത്പാദനത്തിലും കൃഷിസ്ഥലത്തിന്റെ വിസ്തൃതിയിലും കേരളം തന്നെയായിരുന്നു ഒന്നാം സ്ഥാനമലങ്കരിച്ചിരുന്നത്. ഇന്നും കശുഅണ്ടിസംസ്ക്കരണത്തിന്റേയും കയറ്റുമതിയുടെയും മേഖലയിൽ കേരളം മുന്നിൽത്തന്നെയാണ്. എന്നാൽ നിലവിൽ ഈ വ്യവസായം ഗൌരവമായ പ്രതിസന്ധി നേരിടുകയാണ്.

കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികൾ നാലാണ്. അസംസ്കൃതവസ്തുവായ കശുവണ്ടിയുടെ ദൌർലഭ്യമാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തേത് സംസ്ക്കരണ ഫാക്ടറികളുടെ സാങ്കേതിക പിന്നാക്കാവസ്ഥയും സൌകര്യങ്ങളുടെ അപര്യാപ്തതയുമാണ്. മൂന്നാമത്തേത്, ആധുനിക സംസ്ക്കരണത്തിനപ്പുറം മൂല്യവർദ്ധന ഈ ഫാക്ടറികളിൽ നടക്കുന്നില്ല എന്നുള്ളതാണ്. അവസാനമായി, കുടിവറുപ്പിന്റെ വളർച്ചയും അന്യസംസ്ഥാനങ്ങളിൽ

നിന്നുള്ള മത്സരവും മൂലം തൊഴിലാളികൾക്ക് നിയ മാനുസൃതമായ കൂലിയും ആനുകൂല്യവും ലഭിക്കു ന്നില്ല. ഇവ ഓരോന്നും ചുരുക്കി പരിശോധിക്കാനാണ് പോകുന്നത്.

കശുമാവു കൃഷി

കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് പൂർണ മായി പ്രവർത്തിക്കാൻ നാലര ലക്ഷം ടൺ കശുവ ണ്ടി ആവശ്യമാണ്. എന്നാൽ കേരളത്തിന്റെ ആഭ്യന്തര തോട്ടണ്ടി ഉൽപാദനം തൊണ്ണൂറുകളുടെ മധ്യത്തിൽ 1.4 ലക്ഷം ടണ്ണായിരുന്നു. കഴിഞ്ഞ രണ്ട് ദശാബ്ദത്തി നുള്ളിൽ ആഭ്യന്തര തോട്ടണ്ടി ഉത്പാദനം ഏതാണ്ട് പകുതിയായി (66000 ടൺ) കുറഞ്ഞു. കൃഷിഭൂമി ല ഭ്യത കാര്യമായിക്കുറഞ്ഞത് മാത്രമല്ല, വൃക്ഷങ്ങൾ യഥാസമയം മാറ്റി പുതിയ തൈകൾ വെക്കുന്നതിൽ കാണിക്കുന്ന ഉപേക്ഷയും, പരമ്പരാഗത കൃഷിരീതി തുടരുന്നതും ഇതിന് കാരണമായി ചൂണ്ടിക്കാട്ടാം. കൂടുതൽ ലാഭകരമായ മറ്റൊരു നാണ്യവിളയായ റ ബ്ബറിലേക്ക് കർഷകർ തിരിഞ്ഞതും കശുഅണ്ടിക്ക് ന്യായമായ വില ലഭിക്കാത്തതും കശുമാവ് കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കാലങ്ങളായി ഒരേ കൃഷി ചെയ്യുന്നതിനാൽ മണ്ണിന്റെ ഫലപുഷ്ടി കുറഞ്ഞ തും അത് വീണ്ടെടുക്കുന്നതിൽ കാണിക്കുന്ന ശുഷ് കാന്തിക്കുറവുമെല്ലാം പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നു.

കശുമാവ് ആസൂത്രിതമായി കൃഷി ചെയ്യുന്ന രീതി നമ്മുടെ നാട്ടിലിനിയും പ്രചാരത്തിൽ വന്നിട്ടില്ല. വർഷ ത്തിൽ ഒരിക്കൽ മാത്രം ആദായം ലഭിക്കുന്നതിനാൽ ഇത് കൃഷി ചെയ്യുന്നത് ആദായകരമായി പുതുതലമുറ കർഷകർ കരുതുന്നില്ല. കൂടുതൽ വിസ്തൃതിയുള്ള കൃഷിസ്ഥലം വേണ്ടതോടൊപ്പം ഇടക്കൃഷി സാധ്യമല്ല എന്നതും ഒരു പ്രശ്നമാണ്. കർഷകത്തൊഴിലാളിക ളുടെ ദൌർലഭ്യവുമുണ്ട്.

എന്നാൽ മേൽസൂചിപ്പിച്ച പലപ്രശ്നങ്ങൾക്കും പരിഹാര മാർഗ്ഗങ്ങൾ നിലവിലുണ്ട്. വിളവ് കൂടിയ 44 ഇനങ്ങൾ ഇന്ന് രാജ്യത്ത് ലഭ്യമാണ്. പന്തലിച്ച് വളരാത്ത പുതിയ തരം ഗ്രാഫ്റ്റ് തൈകൾ നടുന്നത് കൃഷിക്കാവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവിന് ഒരു പരിഹാരമാണ്. പരമ്പരാഗതരീതിയായ 8mX8m അക ലത്തിൽ തൈ നടുന്നതിന് പകരം 4mX4m നടുന്ന (ഹെക്ടറിന് 625 ചെടികൾ) രീതിയിൽ വിളവെടുപ്പിന്റെ ആദ്യത്തെ പത്ത് വർഷം ഏകദേശം 2.5 ഇരട്ടി ഉറപ്പാ ക്കാവുന്ന 'ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്' പ്രചരിച്ചു വരു ന്നു. ഉത്പാദനശേഷി കുറഞ്ഞ പ്രായമായ വൃക്ഷങ്ങൾ മാറ്റി, പുതിയ ഗ്രാഫ്റ്റ്തൈകൾ നടുക, തെങ്ങിന് ഇട വിളയായി കുറ്റികശുവണ്ടി തരങ്ങൾ നടാവുന്നതാണ്. കൃഷിഭൂമിയുടെ പരിമിതി മറികടക്കാൻ സ്ക്കൂളുകൾ, കോളേജുകൾ, വിവിധ തരം ഓഫീസുകൾ എന്നിങ്ങനെ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളോട് ചേർ ന്ന് കിടക്കുന്ന ഭൂമിയിലും, പുറമ്പോക്ക് ഭൂമി, ഒഴിഞ്ഞ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലേക്കും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിലൂടെ തോട്ടണ്ടിയുടെ ആഭ്യ ന്തര ഉത്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. കശുമാവ് കൃഷിയുടെ വിഷയത്തിൽ K S A C (Kerala State Agency For Cashew Cultivation) യുടെ സഹായം സർക്കാരിനും, കർഷകർക്കും കൂടുതലായി പ്രയോജ നപ്പെടുത്താവുന്നതാണ്. കേന്ദ്രധനസഹായവും ഈ പദ്ധതിയ്ക്കു ലഭ്യമാകും.

പട്ടിക 8.3
കശുമാവ് കൃഷി പ്രധാന ഇന്ത്യൻ സംസ്ഥാനങ്ങളിൽ വിസ്തൃതി, ഉത്പാദനം, ഉത്പാദന ക്ഷമത

സംസ്ഥാനം	1995-96			2005-06			2009-10		
	വിസ്തൃതി 1000 ഹെ	ഉത്പാദനം 1000 മെ.ട	ഉത്പാദന ക്ഷമത കി/ ഹെ900	വിസ്തൃതി 1000 ഹെ	ഉത്പാദനം 1000 മെ.ട	ഉത്പാദന ക്ഷമത കി/ ഹെ900	വിസ്തൃതി 1000 ഹെ	ഉത്പാദനം 1000 മെ ട	ഉത്പാദന ക്ഷമത കി/ ഹെ900
കേരളം	119	140	1000	80	67	900	72	66	957
കർണാടക	84	38	550	100	45	700	118	53	461
ഗോവ	50	18	410	55	27	690	55	26	473
മഹാരാഷ്ട്ര	67	69	1440	160	183	1300	175	198	1186
തമിഴ്നാട്	77	31	330	121	56	640	133	60	472
ആന്ധ്ര പ്രദേശ്	118	72	1000	170	92	880	183	99	544
ഒഡിഷ	102	43	720	120	78	860	143	84	641
പ ബംഗാൾ	9	7	870	10	10	950	11	10	909
മറ്റുള്ളവ	10	1	560	21	15	1940	33	17	680
ആകെ	635	418	720	837	573	815	923	613	695

അവലംബം: http://www.vgnli.org/sites/default/files/publication_files/Cashew-Report.

കേരളത്തിൽ കശുവണ്ടി ഉൽപാദനം കുറയുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ കശുവണ്ടി ഉൽപാദനം വർദ്ധിക്കുകയാണ് എന്ന് പട്ടിക 8.3ൽ കാണാം. കർണാടകം, മഹാരാഷ്ട്ര, ഗോവ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കശുവണ്ടി ഉൽപാദനം 9596ൽ 4.18 ലക്ഷം ടണ്ണായിരുന്നത് 200910ൽ 6.13 ലക്ഷം ടണ്ണായി ഉയർന്നു. 1.98 ലക്ഷം ടൺ ഉൽപാദിപ്പിക്കുന്ന മഹാരാഷ്ട്രയാണ് ഇന്ന് കശുവണ്ടികൃഷിയിൽ മുന്നിൽ നിൽക്കുന്നത്.

വിയറ്റ്നാം, നൈജീരിയ, ബ്രസീൽ, ഫിലിപ്പൈൻസ്, ആഫ്രിക്കൻ രാജ്യങ്ങൾ, ഗിനിയാ ബിനാവോ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളും കശുവണ്ടി കൃഷിയിൽ പ്രമുഖരാണ്. ഇവരിൽ പലരും ഉൽപാദനക്ഷമതയിൽ ഇന്ത്യയെക്കാൾ വളരെ മുന്നിലാണ്. 20070ൽ ഇന്ത്യയിൽ 860 കിലോയാണ് ഒരു ഹെക്ടറിനു ലഭിച്ചതെങ്കിൽ വിയറ്റ്നാമിൽ 4120 കിലോയും നൈജീരിയയിൽ 2000 കിലോയും ലഭിച്ചു. കൂടുതൽ മെച്ചപ്പെട്ട ഇനങ്ങൾ ആണ് മറ്റു പല രാജ്യങ്ങളിലും കൃഷി ചെയ്യുന്നത്. കൂടുതൽ ശാസ്ത്രീയമായ പരിപാലനവുമുണ്ട്. ലോകകശുവണ്ടി ഉൽപാദനത്തിൻറെ 16 ശതമാനമാണ് ഇപ്പോൾ ഇന്ത്യയുടെ വിഹിതം.

കശുവണ്ടി സംസ്ക്കരണം

കശുവണ്ടി സംസ്ക്കരണത്തിൽ ഇന്ന് കേരളത്തിനുണ്ടായിരുന്ന സ്ഥാനം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് പ്രധാനമായും അന്യ സംസ്ഥാനങ്ങളിലാണ് നടന്നു വരുന്നത്. കേരളത്തിലുത്പാദിപ്പിക്കുന്ന തോട്ടണ്ടിയിൽ 4000 ടൺ മാത്രമാണ് കേരളത്തിനുള്ളിൽ സംസ്ക്കരിക്കുന്നത്. ബാക്കി തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേക്കും കൊണ്ടു പോകുന്നു. നിലവിലുള്ള നികുതിഘടനയുടെ പ്രത്യേകതയും സംസ്ക്കരണത്തിന്റെ ചെലവിലുള്ള വ്യത്യാസവും ഇതിന് കാരണങ്ങളാണ്. കേരളം മുഖ്യമായും ആശ്രയിക്കുന്നത് വിദേശത്തു നിന്നുള്ള തോട്ടണ്ടി ഇറക്കുമതി ആശ്രയിച്ചാണ്.

കേരളത്തിലെ കശുവണ്ടി വ്യവസായത്തിലെ പൊതുമേഖലയാണ് കാഷ്യൂ ഡെവലപ്പ്മെൻറ് കോർപറേഷൻ. പൂട്ടിക്കിടന്ന 34 ഫാക്ടറികൾ നിയമപ്രകാരം ഏറ്റെടുത്താണ് കോർപറേഷനു നൽകിയത്. 18000 തൊഴിലാളികൾ പണിയെടുക്കുന്നു. ഇതുപോലെ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കാപ്പെക്സിൽ 6000പ്പരം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് വലിയൊരു പരിശ്രമം കഴിഞ്ഞ എൽഡിഎഫ് സർക്കാരിൻറെ കാലത്തു നടന്നു. വർഷത്തിൽ പന്ത്രണ്ടു മാസവും പണി നൽകാൻ കഴിഞ്ഞു. കാപ്പക്സ് ലാഭത്തിലുമായി. ഫാക്ടറികൾ നവീകരിക്കുന്നതിനും ഉൽപന്നങ്ങൾ വൈവിദ്ധ്യവത്കരിക്കുന്നതിനുമുള്ള പരിശ്രമം ഒരു പരിധിവരെ വിജയം കണ്ടു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷക്കാലം ഈ രണ്ടു സ്ഥാപനങ്ങളും തകർച്ചയിലേയ്ക്കു നീങ്ങി. തൊഴിലവസരങ്ങൾ ഗണ്യമായി കുറഞ്ഞു. 201314ൽ 104 ദിവസമാണ് കോർപറേഷനിൽ പണിയുണ്ടായത്. എന്നു മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലെ അഴിമതി വിജിലൻസ് ശരിവെയ്ക്കുകയും കോടതിയുത്തരവു പ്രകാരം സിബിഐ അന്വേഷണത്തിനു വിടുകയും ചെയ്തിരിക്കുകയാണ്. പൊതുമേഖലയിലെ നിയമാനുസൃതമുള്ള സേവന വേതന വ്യവസ്ഥ വ്യവസായത്തിൽ ഒരു അംഗീകൃത നിലവാരമായിട്ടാണ് വർത്തിക്കുന്നത്. പൊതുമേഖലയുടെ തകർച്ച അവിടത്തെ തൊഴിലാളികളെ മാത്രല്ല, കശുവണ്ടി ത്തൊഴിലാളികളെയാകെ പ്രതികൂലമായി ബാധിച്ചു.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ യന്ത്രവത്ക്കരണം ഏകദേശം പൂർണ്ണമായ തോതിൽ നടപ്പാക്കിക്കഴിഞ്ഞു. ഇതോടെ കശുഅണ്ടി സംസ്ക്കരണത്തിൽ കേരളത്തിന്റെ പങ്ക് 80% ലേറെയായിരുന്നതിൽ നിന്നും 23.40% ആയിക്കുറഞ്ഞിട്ടുണ്ട്. പൂർണ്ണമായ തോതിൽ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന് ചാക്കൊന്നിന് 4.5 മുതൽ 5 ലക്ഷം രൂപ വരെ മുതൽ മുടക്കേണ്ടതുണ്ട്. മാത്രമല്ല യന്ത്രവത്കൃത സംസ്ക്കരണത്തിൽ പരിപ്പ് പൊടിയാനുള്ള സാധ്യത കൂടുതലുമാണ്. ഇങ്ങനെ പലതും* ചെറുകിട സ്വകാര്യ സംരംഭകരെ പൂർണ്ണ യന്ത്രവത്ക്കരണത്തിൽ നിന്നും പിന്നോക്കം പോകാൻ പ്രേരിപ്പിക്കുന്നു.

യന്ത്രവത്കൃത മേഖലയോടു മത്സരിക്കുന്നതിനു വേണ്ടി കേരളത്തിലെ സംരംഭകർ കുടിവറുപ്പ് സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്ന സമീപനം സ്വീകരിച്ചുവരുന്നു. അടുത്ത കാലത്ത് കുടിവറുപ്പ് സമ്പ്രദായം പുതിയ രൂപഭാവങ്ങളോടെ വ്യാപകമായിട്ടുണ്ട്. 50 ചാക്കിൽ കുറവ് മാത്രം സംസ്ക്കരിക്കാൻ ശേഷിയുള്ള ഫാക്ടറികളുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതും തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതും ചെറുകിട ഫാക്ടറികളിലെ ചൂഷണം വലിയൊരളവുവരെ കുറക്കും. കേരളത്തിൽ സ്വകാര്യ മേഖലയിലാണ് സംസ്ക്കരണം കൂടുതലായി നടക്കുന്നത്. പുറം രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി മൊത്തമായി സംഭരിച്ച് യഥാർത്ഥ വിലയിൽ നിന്നും 50% മേലേ വരെ വില കൂട്ടി ചെറുകിട സ്വകാര്യ വ്യവസായികൾക്ക് സംസ്ക്കരണത്തിനായി കൊടുക്കുന്നു. പൊതുമേഖല മുതൽമുടക്കി സ്വകാര്യ സംരംഭകരെ വളർത്തുന്ന ഈ ട്രേഡേഴ്സ് സമ്പ്രദായത്തിന്റെ പിന്നിലുള്ളത് വൻകിട വ്യവസായികളാണ്.

വിയറ്റ്നാം പോലെയുള്ള രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും യന്ത്രവത്ക്കരണം പൂർണ്ണമായിക്കഴിഞ്ഞു. യന്ത്രവത്കൃത ഫാക്ടറിയിൽ തൊഴിലാളികൾക്ക് കൂടുതൽ ശുചിത്വമുള്ള തൊഴിലന്തരീക്ഷം ലഭിക്കാനും, അന്തരീക്ഷമലിനീകരണം കുറയാനുള്ള സാധ്യതയും പൂർണ്ണമായും തള്ളിക്കളയാനാവില്ല.

ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിൽ 0.5% മാത്രമേ മൂല്യ വർദ്ധിത ഉത്പന്നമായി നിലവിൽ അയയ്ക്കുന്നുള്ളൂ. ഇവ പ്രധാനമായും സാൾട്ടഡ്, ഷുഗർ കോട്ടഡ്, മസാല ചേർത്തത് എന്നിങ്ങനെ ചിലവയാണ്.

കശുഅണ്ടി സംസ്ക്കരണത്തിനിടെ ഏകദേശം 40% പരിപ്പ് പൊടിഞ്ഞു പോകാറുണ്ട്. ഇതിനെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള മൂല്യ വർദ്ധനവ് മേഖലയെ അഭിവൃദ്ധിയിലേക്ക് നയിക്കും. സി എഫ് ടി ആർ ഐ വികസിപ്പിച്ചെടുത്ത മൂല്യവർദ്ധിത ഉത്പന്നങ്ങൾ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ് എന്നിങ്ങനെ ചിലതാണ്. ഈ മേഖലയിൽ കൂടുതൽ ഗവേഷണം നടക്കേണ്ടതുണ്ട്. കൂലി കുറച്ച് ലാഭമുണ്ടാക്കാൻ ശ്രമിക്കുന്ന വ്യവസായികൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളുണ്ടാക്കി വിപണിയിലെത്തിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി പ്രായോഗിക തലത്തിലെത്തിക്കുന്ന പക്ഷം, വ്യവസായം സ്വാഭാവികമായും ലാഭമാകും.

കശുവണ്ടി വിപണി

1970കൾ വരെയുള്ള അരനൂറ്റാണ്ടുകാലം കശുവണ്ടി വ്യാപാരത്തിൽ ഇന്ത്യയുടെ മേധാവിത്തമായിരുന്നു. കശുവണ്ടികൃഷി ചെയ്യുന്ന മറ്റു പ്രധാനപ്പെട്ട രാജ്യങ്ങളിൽ സംസ്ക്കരണ വ്യവസായം ഉണ്ടായിരുന്നില്ല. ഈ സ്ഥിതി മാറുകയാണ്. ബ്രസീൽ, വിയറ്റ്നാം, ടാൻസാനിയ, മൊസാംബിക് എന്നീ രാജ്യങ്ങളിൽനിന്നുള്ള കശുവണ്ടിപ്പരിപ്പിനോട് നാം ഇന്നു മത്സരിക്കേണ്ടതുണ്ട്. ഇതു മാത്രമല്ല, ആൽമണ്ട്സ്, പിസ്റ്റ, ഹേസിൽനട്ട്സ്, ബ്രസീൽനട്ട്സ് തുടങ്ങിയ ഉൽപന്നങ്ങളുമായും നമ്മുടെ കശുവണ്ടിപ്പരിപ്പിനു മത്സരിക്കേണ്ടതുണ്ട്. 2005 വരെ ഇന്ത്യയായിരുന്നു ഏറ്റവും വലിയ കശുവണ്ടിപ്പരിപ്പു കയറ്റുമതി രാജ്യം. ഈ സ്ഥാനം ഇപ്പോൾ വിയറ്റ്നാം ഏറ്റെടുത്തു കഴിഞ്ഞു. ഇന്ത്യയുടെ വിഹിതം തുടർച്ചയായി കുറഞ്ഞു വരുമ്പോൾ ആഫ്രിക്കൻ രാജ്യങ്ങളുടേത് വർദ്ധിച്ചു വരികയാണ്. കയറ്റുമതി ഇറക്കുമതി വിലകളുടെ പരിശോധന സൂചിപ്പിക്കുന്നത് ഇന്ത്യയുടെ താഴ്ന്ന ഉൽപാദനക്ഷമതയാണ്. ഇന്ത്യയിൽനിന്നുള്ള കയറ്റുമതി 200405 മുതൽ പതുക്കെപ്പതുക്കെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പക്ഷേ, കേരളത്തിൽ നിന്നുള്ള കയറ്റുമതി അതിനേക്കാൾ വേഗതയിലാണ് കുറയുന്നത്. അങ്ങനെ കേരളത്തിലെ കശുവണ്ടി വ്യവസായം അന്യസംസ്ഥാനങ്ങളിൽനിന്നും വിദേശരാജ്യങ്ങളിൽ നിന്നും കനത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുകയാണ്.

കേരളത്തിലെ ഉത്പാദനക്ഷമതയിലുള്ള കുറവും തത്ഫലമായ ചെലവു വർദ്ധനയുമാണ് മത്സരശേഷി നേരിടുന്ന വെല്ലുവിളി. ഒരു ചാക്ക് (80 കിലോ) കശുവണ്ടി സംസ്ക്കരിക്കുമ്പോൾ കേരളത്തിലെ അറ്റാദായം 160 രൂപയായിരിക്കുമ്പോൾ ഒറീസയിൽ 380 രൂപയും തമിഴ്നാട്ടിൽ 450 രൂപയുമാണ്. കേരളത്തിലെ ആവർത്തനച്ചെലവ് 4191 രൂപയായിരിക്കുമ്പോൾ ഒറിസയിൽ 3177 രൂപയും തമിഴ്നാട്ടിൽ 3136 രൂപയുമാണ്.

അനാരോഗ്യപ്രവണതകൾ

കശുഅണ്ടി വ്യവസായം പുരോഗമിച്ചതോടെ ഒട്ടനവധി അനാരോഗ്യകരമായ പ്രവണതകൾ, പ്രത്യേകിച്ചും തോട്ടണ്ടി വ്യാപാരത്തിൽ, ഉണ്ടായിട്ടുണ്ട്. ഒരു വലിയ അളവോളം കേരളത്തിൽ ഇന്നീ വ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് കാരണവും ഇങ്ങനെയുള്ള ദുഷ്പ്രവണതകളാണ്. കശുഅണ്ടിമേഖലയുമായി യാതൊരു ബന്ധവുമില്ലാത്ത വ്യവസായികൾ ഈ മേഖലയിലേക്ക് പുതുതായി കടന്നു വന്നിട്ടുണ്ട്. വിദേശവ്യാപാരവുമായി ബന്ധപ്പെട്ട കണക്കുകളിൽ തിരിമറി നടത്തുന്നതിലേക്കാണ് അവർ പ്രധാനമായും കശുഅണ്ടി വ്യാപാരത്തിലിടപെടുന്നത്. ഇത്കൂടാതെ മറ്റ് രാജ്യങ്ങളിൽ നിന്ന് വൻ തോതിൽ തോട്ടണ്ടി ശേഖരണം നടത്തി തുടർച്ചയായി വിലകൂട്ടുന്ന തന്ത്രം പല വൻകിടവ്യവസായികളും ചെയ്തുവരുന്നു. കുടിവറുപ്പിലൂടെ താരതമ്യേന കുറഞ്ഞ ചെലവിൽ സംസ്ക്കരണം നടത്തി കൊള്ളലാഭം കൊയ്യുന്ന മറ്റൊരു ഗ്രൂപ്പും മേഖലയിൽ സജീവമാണ്. മറ്റ് സംസ്ഥാനങ്ങളിലെ വ്യവസായികൾ സ്വന്തമായി ഇറക്കുമതി ചെയ്യാതെ കേരളത്തിൽ ഇറക്കുമതി ചെയ്ത തോട്ടണ്ടി ചെറിയ മാർജിൻ ലാഭം മാത്രം നൽകിക്കൊണ്ട് വാങ്ങി മറ്റ് സംസ്ഥാനങ്ങളിൽ കൊണ്ടുപോയി കുറഞ്ഞ ചെലവിൽ സംസ്ക്കരിച്ച് ലാഭമുണ്ടാക്കുന്നു.

സേവന വേതന വ്യവസ്ഥകൾ

എന്നാൽ വളരെ വ്യാപകമായ തോതിൽ നിയമലംഘനം നടക്കുന്ന ഒരു മേഖലയാണിത്. ഹാജർ ബുക്ക്, ലീവ് ബുക്ക്, രജിസ്റ്ററുകൾ എന്നിവ നൽകുന്നതിലും സൂക്ഷിക്കുന്നതിലും മാനേജ്മെന്റുകൾ ഉപേക്ഷ കാണിക്കുന്നുണ്ട്. ഇവയെല്ലാം കമ്പ്യൂട്ടറൈസ് ചെയ്യേണ്ട കാലം അതിക്രമിച്ചുവെങ്കിലും നാളിത് വരെ അങ്ങനെയൊരു നീക്കവും ഉണ്ടാകുന്നില്ല. തൊഴിലാളി ക്ഷേമത്തിനായും സുരക്ഷയ്ക്കായും, ആരോഗ്യത്തിനായും, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിലേക്കായും നിയമം മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങളിൽ പലതും തൊഴിലുടമകൾ നൽകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിലിന്നുള്ള 784 ഫാക്ടറികളുടേയും 232 പാക്കിംഗ് സെന്ററുകളുടേയും കാര്യത്തിൽ ഇതാണ് സ്ഥിതി.. കുടിക്കാൻ ശുദ്ധജലം കിട്ടാൻ മാർഗ്ഗമില്ല കിണറുകൾ വൃത്തിയാക്കാറില്ല. വിശ്രമ മുറിയെക്കുറിച്ച് കേട്ടുകേൾവി പോലുമില്ല. കാട് പിടിച്ചു കിടക്കുന്ന പരിസരം വൃത്തിയാക്കാറില്ല..നിയമം അനുശാസിക്കുന്നതനുസരിച്ച് ഒരു ഫാക്ടറിക്ക് മൂന്ന് സുരക്ഷാ ഉദ്യോഗസ്ഥരെന്ന കണക്ക് പാലിക്കപ്പെടുന്നില്ല.

ബാധകമായ വിവിധ വ്യവസായ, തൊഴിൽ നിയമങ്ങളിൽ ഒട്ടു മിക്കതിന്റേയും ലംഘനം നിർബാധം നടക്കുന്നു. ഇ എസ് ഐ വിഹിതവും പി എഫ് വിഹിതവും കൃത്യമായി അടക്കുന്നതിൽ മാനേജ്മെന്റുകൾ വീഴ്ച വരുത്തുന്നുവെന്ന് മാത്രമല്ല, കൃത്യമായ ഹാജർ നിലയും മറ്റും രേഖപ്പെടുത്താതെ തൊഴിലാളിയുടെ വിഹിതമടക്കുന്നതിൽ കുറവ് വരുത്തുന്നതിലേക്ക്, അവരേയും പ്രേരിപ്പിക്കുന്ന പതിവുണ്ട്. എപ്പോൾ വേണമെങ്കിലും ജോലി നഷ്ടപ്പെടാമെന്ന് ഭീതിയുള്ളതിനാൽ നിയമ ലംഘനം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം വളരെ വിരളമാണ്. ഒരിക്കലും ഡി എ കൃത്യമായി

കേരളം
കശുവണ്ടിത്തൊഴിലാളികളുടെ ദിവസ വേതനം (ശതമാനക്കണക്ക്)



അവലംബം: http://www.vgnli.org/sites/default/files/publication_files/Cashew-Report.

നൽകുന്നില്ല, യഥാസമയം മിനിമം വേജ് പരിഷ്കരണം നടപ്പാക്കുന്നില്ല. ഓഫീസ് സ്റ്റാഫിന് രണ്ട് വർഷം ജോലിചെയ്താൽ മാസ ശമ്പള വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തണമെന്നതും പാലിക്കപ്പെടുന്നില്ല.

നോട്ടീസുകൾ ഫാക്ടറിക്കുള്ളിൽ പതിക്കുന്നതിനും കമ്മിറ്റി കൂടുന്നതിനുമുൾപ്പടെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് വിലക്കുകൾ അനവധിയാണ്. എന്നാൽ കൺസിലിയേഷന് അധികാരികൾ വിളിച്ചാൽ തൊഴിലുടമ പലപ്പോഴും പോകില്ല. ലേ ഓഫ് ബെനഫിറ്റ് നൽകുന്ന പതിവില്ല.

ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാൻഡിംഗ് ഓർഡേഴ്സ് ആക്ട് ബാധകമാണെങ്കിലും ഷിഫ്റ്റ് സമയം, വിരമിക്കൽ പ്രായം, പെരുമാറ്റച്ചട്ടങ്ങൾ, ശിക്ഷണ നടപടികൾ എന്നിവ ഉൾപ്പെടുത്തിയ സ്റ്റാൻഡിംഗ് ഓർഡറുകൾ ഉള്ള സ്ഥാപനങ്ങൾ വിരളമാണ്. ഗ്രാറ്റുവിറ്റി നൽകുന്ന കാര്യത്തിലും കുറ്റകരമായ അനാസ്ഥയാണ് മാറി മാറി വരുന്ന തൊഴിലുടമകൾ കാണിക്കുന്നത്.

3. കൈത്തറി

ഇന്നു ലോകത്ത് വാണിജ്യാടിസ്ഥാനത്തിൽ കൈത്തറി പിടിച്ചു നിൽക്കുന്ന രാജ്യം ഇന്ത്യയാണ്. ആഗോള കൈത്തറി ഉൽപാദനത്തിൽ തൊണ്ണൂറു ശതമാനത്തിലേറെ ഇന്ത്യയുടെ വിഹിതമാണെന്ന് കേരള സർക്കാരിന്റെ എക്കണോമിക് റിവ്യൂ അവകാശപ്പെടുന്നു. കൃഷി കഴിഞ്ഞാൽ ഗ്രാമീണ ഇന്ത്യയുടെ ഏറ്റവും വലിയ തൊഴിൽമേഖലയായിരുന്നു കൈത്തറി. എന്നാൽ കേന്ദ്രസർക്കാരിന്റെ പുതിയ വ്യവസായനയങ്ങൾ അതിവേഗത്തിൽ കൈത്തറിയെ തകർത്തുകൊണ്ടിരിക്കുകയാണ്. പല കൈത്തറി മേഖലകളിലും കാർഷിക മേഖലയെന്നപോലെ ആത്മഹത്യ പെരുകി.

രാജീവ് ഗാന്ധിയുടെ കാലത്ത് ആവിഷ്കരിച്ച ടെക്സ്റ്റൈൽ നയത്തിലാണ് കൈത്തറിയ്ക്കുള്ള സംരക്ഷണം കുറയ്ക്കാൻ തുടങ്ങിയത്. തുടർന്നുവന്ന നരസിംഹറാവു സർക്കാർ ആഗോളവത്കരണ പരിഷ്കാരങ്ങൾക്കു തുടക്കം കുറിച്ചു. ബിജെപി സർക്കാർ പൂർത്തീകരിച്ചു. അവർ നിലവിലുണ്ടായിരുന്ന റിസർവേഷൻ ആക്ട് നിർത്തലാക്കി. ലോക ടെക്സ്റ്റൈൽ വിപണി സമ്പൂർണായി സ്വതന്ത്രമാക്കപ്പെടുമെന്നും ഇതു വലിയ കയറ്റുമതി സാധ്യത തുറക്കുമെന്നുമാണ് ബിജെപിയുടെ ടെക്സ്റ്റൈൽ നയത്തിന്റെ ആമുഖത്തിൽ പറഞ്ഞത്. അന്തർദേശീയ മത്സരശേഷി നേടുന്നതിന് കാര്യക്ഷമത ഉയർത്തണം. ടൈക്സ്റ്റൈൽ മേഖലയിലുണ്ടായിരുന്ന നിയന്ത്രണങ്ങൾ ഏതാണ്ടെല്ലാം നീക്കം ചെയ്യപ്പെട്ടു.

നൂലിന് ഖാദിയിലൊഴികെ തൈക്കറി മേഖല പൂർണമായും ആശ്രയിക്കുന്നത് യന്ത്രമില്ലുകളെയാണ്. കൈത്തറി മില്ലുകൾക്കാവശ്യമായ ഹാങ്ക് യാൺ ഉൽപാദിപ്പിക്കുന്നതിന് മില്ലുകൾക്ക് താൽപര്യമില്ല. പവർലൂം യന്ത്രത്തറി മില്ലുകൾക്കും കയറ്റുമതിക്കും വേണ്ടിയുള്ള കോൺ യാൺ ഉൽപാദിപ്പിക്കുന്നതിന് മില്ലുകൾക്ക് ലാഭകരം. അതുകൊണ്ട് കൈത്തറി മേഖലയ്ക്കു നൂൽ ഉറപ്പുവരുത്തുന്നതിനു വേണ്ടി മി

ല്ലുൽപാദനത്തിന്റെ അമ്പതു ശതമാനം ഹാങ്ക് യാൺ ആയിരിക്കണമെന്ന് നിയമവ്യവസ്ഥയുണ്ട്. സഹകരണ മേഖല മാത്രമേ പൂർണമായും ഈ വ്യവസ്ഥ പാലിക്കാറുള്ളൂ എന്നതാണ് സത്യം.

ഹാങ്ക് യാൺ വ്യവസ്ഥ പ്രായോഗികമായി ഇല്ലാതായി. ഇത് കൈത്തറി നൂലിന്റെ വിലയിൽ ഗണ്യമായ വർദ്ധന വരുത്തി. ആഗോളവത്കരണ പരിഷ്കാരങ്ങൾ ആരംഭിച്ചതിനു ശേഷം നൂലിന്റെ വില കുതിച്ചു കയറുകയുണ്ടായി. ഇന്ത്യയിലെ നൂലിന്റെ ആവശ്യം പരിഗണിക്കാതെ വിദേശത്തേയ്ക്ക് പഞ്ഞി കയറ്റുമതി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്ന നയം കേന്ദ്രസർക്കാർ നടപ്പാക്കിയതു മൂലമാണ് ഇതു സംഭവിച്ചത്. നൂലിന്റെ വിലവർധനവിന് തുടക്കം കുറിച്ച കൈത്തറി പ്രതിസന്ധിയാണ് ഇന്ത്യയിലുടനീളം കൈത്തറിക്കാരുടെ ആത്മഹത്യകൾക്കു വഴിയൊരുക്കിയത്.

കേരളത്തിലെ സ്പിന്നിംഗ് മില്ലുകളുകിലെ അമ്പതു ശതമാനം കപ്പാസിറ്റി കൈത്തറിയ്ക്ക് നീക്കിവെച്ചാൽ നമ്മുടെ നൂലാവശ്യം ഏതാണ്ടു തൃപ്തിപ്പെടുത്താനാവും. എന്നിട്ടും നൂലിന് ദൗർലഭ്യം നിലനിൽക്കുന്നതിന് രണ്ടുകാരണങ്ങളുണ്ട്. ഒന്നാമത്തേത്, അമ്പതു ശതമാനം എന്ന നിബന്ധന കേരളത്തിലും പാലിക്കപ്പെടുന്നില്ല. രണ്ടാമത്തേത്, കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നൂലിന്റെ കൗണ്ട് ചേരുവ നമ്മുടെ കൈത്തറി മേഖലയ്ക്കു ചേരുന്നതല്ല. ഇതുമൂലം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നൂലിൽ നല്ലൊരുപങ്കും കേരളത്തിനു പുറത്തേക്കാണ് പോകുന്നത്.

റിബേറ്റ് പടിപടിയായി ഇല്ലാതാക്കപ്പെട്ടു. 2000-2001 സാമ്പത്തിക വർഷം വരെ വിവിധ ഉൽസവ കാലയളവിലായി 78 ദിവസം കൈത്തറി ഉൽപന്നങ്ങൾക്ക് റിബേറ്റ് ലഭിച്ചിരുന്നു. ഇതുവഴിയാണ് കൈത്തറി സംഘങ്ങളുടെ ഉൽപന്നങ്ങളുടെ 80 ശതമാനവും വിറ്റഴിച്ചിരുന്നത്. 2002 ആയപ്പോൾ ബക്രിദ്, വിഷു, സ്ക്കൂൾ വർഷാരംഭം എന്നീ ഘട്ടങ്ങളിൽ റിബേറ്റ് അനുവദിച്ചില്ല. ആകെ അനുവദിച്ച റിബേറ്റ് 15 ദിവസത്തേയ്ക്കു മാത്രം. പ്രാഥമിക സഹകരണ സംഘങ്ങൾ റിബേറ്റൊന്നും ലഭിച്ചില്ല.

കച്ചവടം തകരുമെന്ന ഘട്ടത്തിൽ ചില സംഘങ്ങൾ സ്വന്തം നിലയിൽ വില കുറച്ച് വിറ്റു. ഇവർ കടുത്ത പ്രതിസന്ധിയിലായി. പ്രാഥമിക സംഘങ്ങൾക്ക് സഹായം നൽകില്ലെന്ന സംസ്ഥാന സർക്കാർ നിലപാടുമൂലം ഒട്ടേറെ സംഘങ്ങൾ അടച്ചുപൂട്ടി.

കേന്ദ്രസർക്കാർ റിബേറ്റ് നിർത്തി മാർക്കറ്റ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ്സ് സ്കീമിനു രൂപം നൽകി. 2000ത്തോടെ കേന്ദ്രസർക്കാർ ഇതു നിർത്തി മാർക്കറ്റിംഗ് ഇൻസെന്റീവാക്കി. റിബേറ്റിൽ വരുത്തിയ മാറ്റമാണ് വ്യവസായത്തിന് ഏറ്റവും വലിയ തിരിച്ചടിയായത്. ആഭ്യന്തര മാർക്കറ്റിനെ സംരക്ഷിച്ചു നിർത്തുന്നത് ഉത്സവകാലങ്ങളിൽ സർക്കാർ നൽകിയിരുന്ന റിബേറ്റാണ്.

കേരളത്തിലെ കൈത്തറി വ്യവസായം താരതമ്യേനെ ചെറുതാണ്. 2009-10ലെ ഹാൻഡ്ലൂം സെൻസസ് പ്രകാരം 12000 നെയ്ത്തു കുടുംബങ്ങളിലായി ഏതാണ്ട് 25000ത്തോളം പേരാണ് ഇന്ന് ഈ മേഖലയിൽ പണിയെടുക്കുന്നത്. കേരള സർക്കാരിന്റെ സർവെ റിപ്പോർട്ടു പ്രകാരം 469 സൊസൈറ്റികളിലായി 57405 പേർ വ്യവസായത്തിൽ പണിയെടുക്കുന്നുണ്ട്. യാഥാർത്ഥ്യം കേന്ദ്രസർക്കാരിന്റെ കണക്കിനോട് അടുത്താകാനാണ് സാധ്യത. കാരണം അത്ര വേഗത്തിലാണ് കേരളത്തിലെ കൈത്തറി നാമാവശേഷമാകുന്നത്. കൈത്തറി വ്യവസായം കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പാലക്കാട്, കോഴിക്കോട്, തൃശൂർ, എറണാകുളം, കൊല്ലം, കാസർകോട് ജില്ലകളിലെ ചില കേന്ദ്രങ്ങളിലുമാണ് ഉള്ളത്. കേരളത്തിലെ നെയ്ത്തുകാരിൽ 90 ശതമാനവും സഹകരണസംഘങ്ങളിലാണ്. 131 സഹകരണ സംഘങ്ങൾ ഫാക്ടറി സംഘങ്ങളാണ്. എന്നാൽ സംഘങ്ങളിലെ ഒരു 60 ശതമാനമേ ഇന്നു പ്രവർത്തനക്ഷമമായിട്ടുള്ളൂ.

കേരളത്തിലെ കൈത്തറി ഉൽപാദനത്തിന്റെ വൈവിദ്ധ്യവത്കരണം പരിമിതമാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കൈത്തറി തുണികളുടെ 70 ശതമാനവും മുണ്ട്, ലുങ്കി, തോർത്ത് എന്നിവയാണ്. സാരികളുടെ നിർമാണം 5 ശതമാനം മാത്രവും. ഇന്ത്യയിൽ സാരി നിർമ്മാണം മൊത്ത ഉൽപാദനത്തിന്റെ 25 ശതമാനം വരും. സാരി, അലങ്കാരത്തുണികൾ, എന്നിവയുൾപ്പെട്ട മൂല്യവർദ്ധിത തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നതിനു പ്രാധാന്യം നൽകേണ്ടതുണ്ട്. വടക്കൻ കേരളത്തിൽ കൈത്തറി വസ്ത്രനിർമ്മാണം സഹകരണ മേഖലയിലും മറ്റും ഫാക്ടറി അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. വൈവിദ്ധ്യവത്കരണത്തിലും കയറ്റുമതിയിലും അവർ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നുണ്ട്.

ദേശീയ നയത്തിൽ വന്ന മാറ്റങ്ങളിൽനിന്ന് കൈത്തറിയെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ സവിശേഷമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. റിബേറ്റ് ദിനങ്ങൾ എൽ.ഡി.എഫ് സർക്കാർ വർധിപ്പിച്ച് 56 ദിവസമായി ഉയർത്തി. കേന്ദ്ര സർക്കാർ 10 ശതമാനം റിബേറ്റ് നിർത്തലാക്കിയപ്പോൾ സംസ്ഥാന സർക്കാർ നൽകിവന്ന റിബേറ്റ് 10 ശതമാനത്തിൽ നിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചു. 2002-03 മുതലുള്ള റിബേറ്റ് കുടിശ്ശിക തീർത്തു. കേന്ദ്രസർക്കാരിന്റെ വിപണനസഹായം വർഷം മുഴുവൻ നൽകുന്നതിനു വേണ്ടിയും സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം അനുവദിക്കുകയുണ്ടായി. കേരളത്തിലെ പ്രമുഖ കൈത്തറി ബ്രാൻഡുകളെ ഭൗമ സൂചക നിയമത്തിനു (Geographical Indication Act 1999) കീഴിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ ദിശയിൽ ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ് കണ്ണൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സ്ഥാപിക്കപ്പെട്ടത്.

കൈത്തറി വസ്ത്രത്തിന്റെ ജനപ്രീതി വർദ്ധിപ്പിക്കുന്നതിന് അതിവിപുലമായ പ്രചരണ പ്രവർത്തന

ങ്ങൾ എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിച്ചിരുന്നു. സർക്കാർ ജീവനക്കാർ വാരാന്ത്യത്തിൽ കൈത്തറി വസ്ത്രം ധരിക്കണമെന്നും സ്കൂൾ വിദ്യാർഥികൾ ആഴ്ചയിലൊരിക്കൽ കൈത്തറി യൂനിഫോം ധരിക്കണമെന്നും അഭ്യർഥിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. വരുമാന ഉറപ്പുപദ്ധതിയുടെ ഭാഗമായി മിനിമം കൂലി ഉറപ്പുവരുത്തിക്കൊണ്ട് 100 ദിവസത്തെ കൈത്തറി ഉൽപന്നങ്ങൾ വാങ്ങുന്നതിനുള്ള സ്കീമിനു രൂപം നൽകി.

സമീപവർഷങ്ങളിൽ വലിയ തകർച്ചയാണ് വ്യവസായം നേരിടുന്നത്. എക്കണോമിക് സർവെ പ്രകാരം 2013–14ൽ ഉൽപാദനം മുൻവർഷത്തെ അപേക്ഷിച്ച് ആറു ശതമാനം കുറഞ്ഞു. സംഘങ്ങളിലെ നെയ്ത്തുകാരുടെ എണ്ണം 51000ൽനിന്ന് 21000 ആയി താഴ്ന്നു. മൊത്തം തൊഴിൽദിനങ്ങളാകട്ടെ, 2012–13ൽ 106 ലക്ഷം ആയിരുന്നത് 2013–14ൽ 92 ലക്ഷമായി ചുരുങ്ങി. 2014–15ൽ സ്ഥിതിഗതികൾ കൂടുതൽ മോശമായി എന്നാണ് സൂചന.

കയറിന്റെ കാര്യത്തിലെന്നപോലെ, കൈത്തറി മേഖലയിൽ പണ്ടു പണിയെടുത്തിരുന്നവർക്കൊക്കെ ഭാവിയിൽ പണി നൽകാൻ കഴിയില്ല. അഭ്യസ്തവിദ്യരായ പുതിയ തലമുറ കൈത്തറി മേഖലയിലേയ്ക്കു കടന്നു വരണമെന്നില്ല. നവീകരണമേഖലയിൽ ഭാവിയിൽ തൊഴിൽലഭിക്കുന്നവരുടെ എണ്ണവും കുറഞ്ഞേയ്ക്കും. പക്ഷേ, ഇന്ന് ആ മേഖലയിൽ പണിയെടുക്കുന്ന പട്ടിണിപ്പാവങ്ങൾ എന്തു ചെയ്യണം? തൊഴിലുറപ്പിന്റെ കൂലി പോലുമില്ലാതെ പണിയെടുക്കുന്നവരാണ് ഖാദി മേഖലയിലുള്ളവർ. മിനിമം കൂലി പ്രായോഗികമായി ഇന്ന് കൈത്തറി മേഖലയിൽ നടപ്പാവുന്നില്ല. എന്നിട്ടും ഇവിടെ തൊഴിലെടുക്കാൻ തയ്യാറായ ഒരു സന്നദ്ധ വിഭാഗം ഉണ്ട്. അവരുടെ തൊഴിലും വരുമാനവും സംരക്ഷിച്ചേ തീരൂ. പരമ്പരാഗതമായ അറിവുകൾ എന്ന നിലയിൽ ഇവയെ സംരക്ഷിക്കേണ്ടതുണ്ട്. ഇവയെ ആധുനികവൽക്കരിക്കുന്നതിനെക്കുറിച്ചുള്ള സാധ്യതകളും ആരാഞ്ഞുകൊണ്ട് മുന്നോട്ടുപോകേണ്ടതുണ്ട്.

4 മറ്റു പരമ്പരാഗത വ്യവസായങ്ങൾ

ഖാദി

ഉൽപാദനപ്രക്രിയയുടെ ഏതാണ്ടെല്ലാഘട്ടത്തിലും വൻതോതിൽ മനുഷ്യാധ്വാനം വേണ്ടതിനാൽ ഖാദിതുണിക്ക് താരതമ്യേന വില കൂടുതലാണ്. എന്നിരുന്നാലും തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരുന്ന കൂലി വളരെ കുറവാണ്. കേരളത്തിൽ ഏറ്റവും താഴ്ന്ന കൂലി ലഭിക്കുന്ന (ദിവസം ശരാശരി 60–70 രൂപ) വിഭാഗങ്ങളിലൊന്നാണ് ഇത്. ഒരു ഘട്ടത്തിൽ 30000 വരെ ഖാദി തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്നത് 10000 ആയി കുറഞ്ഞിരിക്കുന്നു. പരുത്തി വിപണിയിലെ ഇടനിലക്കാരുടെ ഇടപെടൽ മൂലം പലപ്പോഴും ഖാദി മേഖലയിൽ പഞ്ഞിക്ക് ലഭ്യത കുറവും താങ്ങാനാവാത്ത വിലയും അനുഭവപ്പെടുന്നുണ്ട്.

1990ൽ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ ഖാദി തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ആരംഭിച്ചു. കൂലിക്കുറവിന് ചെറിയ പരിഹാരമായി നൂല്പിനും നെയ്ത്തിനും കഴികണക്കാക്കി ഇൻസന്റീവ് സംസ്ഥാന സർക്കാർ നൽകുവാൻ തുടങ്ങി. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന വരുമാന ഉറപ്പു പദ്ധതി ഖാദി തൊഴിലാളികളുടെ വരുമാനത്തിൽ ഗണ്യമായ ഒരു വർദ്ധന വരുത്തുകയുണ്ടായി.

സ്വാതന്ത്ര്യസമരസേനാനികൾ പോലെയുള്ള സുമനസ്സുകൾ ഒരു കാലത്ത് ദാനമായി നൽകിയ ഭൂമിയിൽ പണിത വർക്ക്ഷെഡ്ഡുകളും മറ്റും ഇന്ന് ജീർണാവസ്ഥയിലാണ്. ബോർഡിന്റെയും വിവിധ സംഘങ്ങളുടേയും കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും ഇന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇവയെല്ലാം ഏറ്റെടുത്തോ ധനസഹായം ചെയ്തോ പുനരുദ്ധരിക്കണം.

നവഉദാരവൽക്കരണനയങ്ങളെ തുടർന്ന് ഖാദിയെ കേന്ദ്രസർക്കാർ കൈയൊഴിയുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇതിന്റെ ഭാഗമാണ് റിബേറ്റ് നിർത്തിയതും എ.ഡി.ബി വായ്പാപദ്ധതി നടപ്പിലാക്കുന്നതും. സമഗ്ര—പദ്ധതി തയ്യാറാക്കി കേന്ദ്രഅംഗീകാരവും ധനസഹായവും വാങ്ങിയെടുക്കുകയോ അതിന് കേന്ദ്രം തയ്യാറാകാത്തപക്ഷം തനതായ പദ്ധതികൾ ആവിഷ്കരിച്ച് ഖാദിമേഖലയെ അതിന്റെ ആസന്നമായ നാശത്തിൽനിന്ന് കരകയറ്റുകയോ ചെയ്യേണ്ടതാണ്.

ഗ്രാമവ്യവസായങ്ങൾ

മൺപാത്ര(ഓട് ഉൾപ്പെടെ) നിർമാണം, എണ്ണയാട്ട്, ശർക്കര നിർമാണം തുടങ്ങി ഒൻപത് പരമ്പരാഗത വ്യവസായങ്ങളാണ് ഖാദി മേഖലയിൽ ആദ്യം നടപ്പാക്കിവന്നിരുന്നത്. 4 ശതമാനം പലിശയോടെ അഖിലേന്ത്യാതലത്തിൽ നിശ്ചയിക്കപ്പെട്ട പാറ്റേൺ അനുസരിച്ചുള്ള ധനസഹായമാണ് കേന്ദ്രഖാദി കമ്മീഷൻ 1995 വരെ നൽകി വന്നിരുന്നത്. 1995 മുതൽ 2001 വരെ കൺസോർഷ്യം ബാങ്ക് ക്രഡിറ്റ് പദ്ധതി നിലനിന്നിരുന്നു. 17.5% വരെ പലിശ ഈ വായ്പയ്ക്ക് ഏർപ്പെടുത്തിയിരുന്നു. എന്നാൽ വായ്പ ശരിയായ രീതിയിൽ വിനിയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിച്ചവർക്ക് മൊത്തം പദ്ധതിചെലവിന്റെ 25% സബ്സിഡി നൽകുന്നുണ്ട്. തുടർന്ന് 2008 വരെ ഗ്രാമീണ തൊഴിൽദാന പദ്ധതി (ആർ.ഇ.ജി.പി)യും ഇപ്പോൾ പി.എം.ഇ.ജി.പിയുമാണ് ഖാദിമേഖലയിൽ ഗ്രാമവ്യവസായങ്ങൾക്കുള്ള പദ്ധതികൾ. മദ്യം, പുകയില, മാംസസംസ്കരണം, കൃഷി, കന്നുകാലി വളർത്തൽ തുടങ്ങിയവ ഉൾപ്പെടാത്ത എല്ലാ വ്യവസായങ്ങൾക്കും ഇപ്പോൾ ഈ പദ്ധതി വഴി സഹായം ലഭിക്കും. 25% മുതൽ 35% വരെ സബ്സിഡിയോടെ ബാങ്കു പലിശ നിരക്കിൽ ബാങ്കുവായ്പ ഉപയോഗപ്പെടുത്തുന്ന പദ്ധതികളാണിവ.

പാറ്റേൺ പദ്ധതിയിലൂടെ വളരെ ചെറിയ വായ്പയെടുത്ത് അടച്ചു തീർക്കാനാകാതെ റിക്കവറി നേരിടുന്ന നിരവധി പട്ടിണിപ്പാവങ്ങൾ ഉണ്ട്. 1958 മുതൽ

1995 വരെ നല്കിയ വായ്പ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ കുടിശ്ശികക്കാരുടെ ദരിദ്രാവസ്ഥമൂലം ഫലപ്രാപ്തിയിലെത്തിയിട്ടില്ല. പരമദരിദ്രരായ ഇവരെ തിരിച്ചടവിൽ നിന്ന് ഒഴിവാക്കണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും അംഗീകരിക്കപ്പെട്ടിട്ടില്ല. അക്കാലത്ത് ആരംഭിച്ച ഓടു കമ്പനികളടക്കം നിരവധി യൂണിറ്റുകൾ, തകർന്ന കെട്ടിടങ്ങളോടെ ഇന്ന് റിക്കവറി നേരിടുകയോ പ്രവർത്തനരഹിതമായി കിടക്കുകയോ ആണ്. നിലവിലുള്ള സാഹചര്യങ്ങളിൽ ആധുനികവൽക്കരണവും ഉൽപന്നവൈവിധ്യവൽക്കരണവും കൊണ്ട് നിരവധി യൂണിറ്റുകളെ പുനരുദ്ധരിക്കുവാൻ കഴിയും. ഉദാഹരണത്തിന് മേച്ചിൽ ഓടുകൾക്ക് പകരം തറയോടുകളും സീലിങ് ഓടുകളും മൺപാത്രങ്ങൾക്ക് പകരം കരകൗശല വസ്തുക്കളും പൂച്ചട്ടികളും തുടങ്ങിയവ (ഖാദി മേഖലയിലെ ഓട്ടു കമ്പനികൾ മിക്കതും മലബാർ മേഖലയിലാണ്). എന്തായാലും ഖാദി മേഖലയിലെ പഴയ ഗ്രാമവ്യവസായയൂണിറ്റുകൾക്കാകെ ബാധകമായ പാക്കേജ് നടപ്പാക്കേണ്ടതാണ്. വ്യക്തിഗത വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ/എഴുതിത്തള്ളൽ, സംഘങ്ങളെ സജീവമാക്കി പുനരുദ്ധരിക്കൽ ഇവ പരിഗണിക്കേണ്ടതാണ്. കൺസോർഷ്യം പദ്ധതിയിലൂടെ വായ്പയെടുത്ത് റിക്കവറി നേരിടുന്നവർക്കും സമഗ്രമായ ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കേണ്ടതാണ്.

ഗ്രാമവ്യവസായ രംഗത്ത് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നിരവധി ഏജൻസികൾ ഇന്നു നിലവിലുണ്ട്. ഇവ ഏക ലക്ഷ്യത്തോടെയല്ല പ്രവർത്തിക്കുന്നത്. ഇവയുടെ എണ്ണം കുറച്ചുകൊണ്ടുവരികയും പ്രവർത്തനം ഏകോപിപ്പിക്കുകയും വേണം.

ബീഡി

അന്യസംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലക്കുള്ള ബീഡി വരുന്നതും പുകവലിക്കാരുടെ എണ്ണം കുറഞ്ഞതും ബീഡിക്കു പകരം സിഗരറ്റിന്റെ ഉപയോഗം വർധിച്ചതും ബീഡി വ്യവസായത്തെ തളർത്തി. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മാത്രമാണ് സംഘടിത വ്യവസായം എന്ന നിലയിൽ ബീഡി നിർമാണം നിലനിന്നത്. ഈ മേഖലയിലെ ശക്തമായ സാന്നിദ്ധ്യമായിരുന്ന കണ്ണൂർ ദിനേശ് ബീഡി സഹകരണ സംഘം കേരളത്തിലെ സഹകരണമേഖലയുടെ അഭിമാനമായിരുന്നു. 1980കളിൽ നാൽപതിനായിരത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്ന ഈ സഹകരണസ്ഥാപനത്തിൽ മറ്റുസംസ്ഥാനങ്ങളിലെ തൊഴിലാളികളെക്കാൾ ഇരട്ടി കൂലിയും അതിനനുസരിച്ചു ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. വിറ്റുവരവിലും ആർജിത സ്വത്തിലും മറ്റേതൊരു ബീഡി നിർമ്മാണ കമ്പനിയെക്കാൾ മികച്ചു നിന്ന ഈ സഹകരണ സ്ഥാപനം ഇന്നു വലിയ പ്രതിസന്ധിയിലാണ്. ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികൾക്കു നാൽപതുവയസിൽ പെൻഷനോടു കൂടി റിട്ടയർ ചെയ്യുന്നതിനുള്ള സഹായ പദ്ധതി എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. വൈവിദ്ധ്യവൽക്കരണം ഒന്നുമാത്രമാണ് ഇന്നത്തെ നിലയിൽ രക്ഷാമാർഗം.

ചെത്ത്

പരമ്പരാഗത വ്യവസായങ്ങളിൽ താരതമ്യേനെ സുസംഘടിതമായ മേഖലയായിരുന്നു ചെത്ത് വ്യവസായം. കേരളത്തിലെ ഏറ്റവും വിഭവശേഷിയുള്ള ക്ഷേമനിധി ഈ രംഗത്താണ്. യു.ഡി.എഫ് സർക്കാറിന്റെ നയങ്ങൾ എക്കാലത്തും ഈ മേഖലയിൽ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഉദയഭാനു കമ്മീഷന്റെ ശുപാർശകൾ എൽ.ഡി.എഫ് സർക്കാർ അംഗീകരിച്ചത് ഒരു മാറ്റം വരുത്തിയിട്ടുണ്ട്. വീര്യം കൂടിയ മദ്യത്തിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തണം. കള്ളുഷാപ്പുകൾ ആധുനീകരിക്കണം. കള്ള് ശുചിയായി ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കഴിയണം. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ കൃഷിക്കാരുമായി ചേർന്ന് വാണിജ്യ അടിസ്ഥാനത്തിൽ നീര ഉൽപാദിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം.

വ്യാജകള്ളിന്റെ വ്യാപനം ചെത്തുവ്യവസായത്തിനു വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്. ചില ജില്ലകളിൽ തെങ്ങു ചെത്ത് ഇല്ല. എങ്കിലും മറ്റെല്ലായിടത്തെയും പോലെ കള്ളുഷാപ്പുകൾ അവിടെയുമുണ്ട്. ഇവിടെയുള്ള കള്ള് പാലക്കാടു നിന്നും മറ്റും ചെത്തി കൊണ്ടുവരുന്നതാണ് എന്നാണ് വെപ്പ്. എന്നാൽ ഇങ്ങനെ കൊണ്ടുവരുന്ന കള്ളിൽ മായം ചേർക്കുന്നതും കൃത്രിമമായി വീര്യം കൂട്ടുന്നതും സാധാരണമാണ്. ഇത് മലപ്പുറത്ത് മദ്യദുരന്തത്തിനു തന്നെ ഇടയാക്കി. ഇതിന്റെ പശ്ചാത്തലത്തിൽ ചെത്തുകാരില്ലാത്ത കള്ളുഷാപ്പുകൾ നടത്തുന്നതിന് എൽ.ഡി.എഫ് സർക്കാർ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

കൃത്യമായ പരിധിക്കുള്ളിലാണ് ഓരോ കള്ള് ഷാപ്പും സ്ഥിതി ചെയ്യുന്നത്. ഒരു ഷാപ്പിൽ ചുരുങ്ങിയത് അഞ്ച് ചെത്ത് തൊഴിലാളികളുണ്ടാകണമെന്നതാണ് വ്യവസ്ഥ. ഒരു തൊഴിലാളി ചുരുങ്ങിയത് പത്ത് തെങ്ങെങ്കിലും ചെത്തിയിരിക്കണം. അൻപത് തെങ്ങിൽ നിന്നും ലഭിക്കുന്ന കള്ള് ഓരോ ഷാപ്പിലും ഇതനുസരിച്ച് ഉണ്ടാകേണ്ടതാണ്. പാലക്കാടു നിന്ന് ഇടനിലക്കാർ വഴി കള്ളു ചെത്തി വിപണനം നടത്തുന്നതിന് അനുവാദമില്ല. കള്ളുഷാപ്പുകൾ നേരിട്ടു തൊഴിലാളിയെ നിർത്തി കള്ളു ചെത്തിയേ തീരൂ. അതിൽ കൃത്രിമം കാണിക്കുന്നില്ല എന്നു പരിശോധിക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്ന് യഥാർത്ഥ കള്ളുഷാപ്പുകൾക്കു പോലും പ്രായോഗികമായ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്ന് വിമർശനം ഉണ്ട്. ഇവയ്ക്ക് പ്രായോഗികമായി ഉത്തരം കണ്ടെത്തണം. എന്നാൽ ഒരു കാരണവാശാലും വ്യാജകള്ളു വിൽക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കരുത്. ചെത്തുതൊഴിലാളികളുടെ സഹകരണ സംഘങ്ങളാണ് ഇന്നത്തെ സ്ഥിതിവിശേഷത്തിനുള്ള ഉത്തരം. എവിടെയെല്ലാം ഇതിനു സന്നദ്ധരായ തൊഴിലാളികൾ വരുന്നുവോ അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയമാണ് സ്വീകരിക്കേണ്ടത്.

മുള

മുളനിർമ്മിതമായ വീട്ടുപകരണങ്ങളും കാർഷിക ഉപകരണങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. പക്ഷേ ആഗോളമായി മുള വ്യവസായത്തിനും പുതിയൊരു ഉണർവുണ്ടായിട്ടുണ്ട്. ''പാവങ്ങളുടെ തടി'' എന്ന നിലയിൽ നിന്ന് ''21-ാം നൂറ്റാണ്ടിന്റെ തടി'' എന്ന പദവിയിലേയ്ക്ക് മുള ഉയർന്നിട്ടുണ്ട്. 136 തരം മുളകൾ ഇന്ത്യയിലുണ്ട്.

ഇന്ത്യ ഇന്നും മുള ഉൽപന്ന മേഖലയിൽ വളരെ പുറകിലാണ്. ലോകത്ത് ചൈന കഴിഞ്ഞാൽ മുളയുടെ ശേഖരം ഏറ്റവും കൂടുതലുള്ള രാജ്യം ഇന്ത്യയാണ്. (State of forest Report 2011 പ്രകാരം 13.96 Million Hectors) ഇതിൽ ഭൂരിഭാഗവും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലാണ്. സ്വകാര്യശേഖരങ്ങളിലെ 15.4% ഒഴിച്ചാൽ ബാക്കിയെല്ലാം വനങ്ങളിലാണ്. എന്നാൽ ഭൂരിഭാഗവും 'Untapped Resources' ആയി നിലനിൽക്കുന്നുഎന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വ്യക്തവും ശാസ്ത്രീയവുമായ വനനിയമങ്ങളുടെ അപര്യാപ്തതയും, ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള വൈമുഖ്യവും തുടങ്ങി നിരവധി ഘടകങ്ങൾ ഇതിനു കാരണമാണ്.

വടക്കുകിഴക്കൻ ഇന്ത്യ കഴിഞ്ഞാൽ ഏറ്റവുമധികം മുളയുള്ളത് പശ്ചിമഘട്ടത്തിലാണ്. 28 തരം മുളകളാണ് നമ്മുടെ കാടുകളിലുള്ളത്. ഇതിൽ നല്ല പങ്കും വളരെ വില കുറച്ച് പൾപ്പുണ്ടാക്കാനും മറ്റും വ്യവസായ ആവശ്യത്തിനു നൽകി വരികയാണ്. കേരളത്തിൽ ആദിവാസി മേഖലകളിൽ വീടുകൾ നിർമ്മിക്കാനും ഗാർഹിക ഉപയോഗത്തിനുള്ള വട്ടി, കൊട്ട, പനമ്പ് തുടങ്ങിയവ ഉണ്ടാക്കാനുമാണ് മുള ഉപയോഗിച്ചുവന്നത്. ഈ കൈവേലക്കാരിൽ ഭൂരിഭാഗം പെരിയാറിന്റെ തീരപ്രദേശങ്ങളായ കുകൂട്ടമ്പുഴ, നീലീശ്വരം, കൊറ്റമം, കാലടി തുടങ്ങി എറണാകുളം ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ ആര്യനാട്, വിതുര, ലൂഥർഗിരി എന്നിവിടങ്ങളിലാണ്. പാലക്കാട് ജില്ലയിലെ 'കവര' സമുദായത്തിൽപ്പെട്ട ഗണ്യമായ ഒരുരു ജനതയും ഈറ്റയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരായിട്ടുണ്ട്.

പ്രാരംഭത്തിൽ വിവിധ മാർഗ്ഗങ്ങളിലൂടെ സംഭരിച്ചിരുന്ന ഈറ്റ ഉപയോഗിച്ചുണ്ടാക്കിയ ഉൽപന്നങ്ങൾ ഇടത്തട്ടുകാരൻ കുറഞ്ഞ വിലയ്ക്ക് ശേഖരിച്ച് വൻ ലാഭം ഉണ്ടാക്കുന്ന രീതിയാണ് നിലവിലുണ്ടായിരുന്നത്. ഇതിനൊരുരു പരിഹാരമായി 1971 - ൽ സംസ്ഥാന ബാംബൂ കോർപ്പറേഷൻ രൂപീകരിക്കുകയും പനമ്പിന്റെ മൊത്തം സംഭരണം കോർപ്പറേഷനിലൂടെ സാധ്യമാക്കുകയും ചെയ്തു. കാടുകളിൽ നിന്നും കോർപ്പറേഷൻ ശേഖരിക്കുന്ന ഈറ്റ കുറഞ്ഞ നിരക്കിൽ ആദിവാസികളടങ്ങുന്ന സമുദായത്തിന് നൽകുകയും പകരമായി അവർക്ക് ന്യായമായ വില നൽകി പനമ്പുകൾ ശേഖരിക്കുകയും ചെയ്തു. പരിമിതികൾ നിലനിൽക്കേതന്നെ, കോർപ്പറേഷൻ കഴിഞ്ഞ 45 വർഷമായി ഈ മേഖലയ്ക്കുവേണ്ട ക്ഷേമപ്രവർത്തനങ്ങളോടൊപ്പം പനമ്പിനെ ഒരു വ്യാവസായിക ഉത്പന്നമായ ബാംബൂപ്ലൈ ആക്കിമാററി,വിപണനം ചെയ്യുന്നു. ഏതാണ്ട് 10,000 ത്തോളംവരുന്ന കുടുംബങ്ങൾ കോർപ്പറേഷന്റെതണലിൽജീവിക്കുന്നു.

എന്നാൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ മുൻകാലങ്ങളിൽ പനമ്പിനുണ്ടായിരുന്ന വിപണി കൈയ്യടക്കിയതും, ബാംബൂപ്ലൈയ്ക്കു സമാനമായ മറ്റു ഉത്പന്നങ്ങൾ വിപണിയിൽ ഉണ്ടാക്കുന്ന ഭീഷണിയും ഈ സ്ഥാപനം നേരിടുന്നു. വിവിധ കാരണങ്ങളാൽ ഈററയുടെ ശേഖരം കുറയുകയാണ്. അതേസമയം കേരളത്തിലെ വിവിധ വനം പ്രദേശങ്ങളിൽ കാണുന്ന മുളയുടെ ശേഖരം ഉപയോഗിക്കാതെ പൂത്തു നശിക്കുകയുംചെയ്യുന്നു.

മുളകൊണ്ടുള്ള കരകൗശല വസ്തുക്കൾക്ക് ധാരാളം ആവശ്യക്കാരുണ്ട്. വൈവിദ്ധ്യവൽക്കരണം, ക്ലസ്റ്റർ മാതൃകയിൽ ഉൽപാദക യൂണിറ്റുകളെ സംഘടിപ്പിക്കൽ, മുളങ്കാടുകളുടെ വ്യാപ്തി വർധിപ്പിക്കൽ എന്നിവയാണ് മുളയുടെ മേഖലയിൽ അടിയന്തിരമായി ചെയ്യേണ്ടത്. 1971ലാണ് കേരളാ സ്റ്റേറ്റ് ബാംബൂ കോർപറേഷൻ സ്ഥാപിക്കപ്പെട്ടത്.

സംസ്ഥാന ബാംബൂ കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള യന്ത്രവൽകൃത കമ്മ്യൂണിറ്റി മാറ്റ് വീവിങ് സെന്ററുകൾ, ഫ്ളാറ്റൻഡ് ബാംബൂ ബോർഡ് എന്നിവയുടെ യൂണിറ്റുകൾ ശരിയായ ദിശയിലുള്ള കാൽവെപ്പുകളാണ്. പനമ്പ്, ഈറ്റ തൊഴിലാളികളെ വരുമാന ഉറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇന്ന് ഈ സ്കീം പ്രായോഗികമായി നടപ്പാകുന്നില്ല.

കളിമൺ വ്യവസായം

കെട്ടിട നിർമ്മാണ രംഗത്തുണ്ടായ മാറ്റം ഓടുവ്യവസായത്തിന്റെ നട്ടെല്ലൊടിച്ചു. വിറകിന്റെ വിലക്കയറ്റവും പ്രതിസന്ധിക്ക് സംഭാവന ചെയ്തിട്ടുണ്ട്. കളിമണ്ണിന്റെ അഭാവമാണ് ഇന്ന് വ്യവസായം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ പ്രശ്നം. പരിസ്ഥിതി പ്രശ്നം മൂലം വയലിൽ നിന്നു കളിമണ്ണ് ശേഖരിക്കുന്നത് കർശനമായി നിയന്ത്രിക്കപ്പെട്ടു. ഡാമുകളിലെയും മറ്റും ചെളി നീക്കം ചെയ്യുന്നത് സഹായവിലയ്ക്ക് വ്യവസായത്തിനു ലഭ്യമാക്കണം. ആധുനിക കാലത്തെ കെട്ടിടനിർമാണ ആവശ്യങ്ങൾക്ക് അനുയോജ്യമായ വസ്തുക്കൾ നിർമിച്ചും ആധുനികീകരിച്ചും മാത്രമെ ഓട് വ്യവസായത്തെ സംരക്ഷിക്കാൻ കഴിയൂ.

തീരെ ചെറിയ പ്രദേശത്ത് ഒതുങ്ങി നിൽക്കുകയാണ് മൺപാത്ര നിർമ്മാണം. വൈവിദ്ധ്യവത്കരണവും മണ്ണുകൊണ്ടുള്ള അലങ്കാര വസ്തു നിർമ്മാണത്തിലേയ്ക്കുള്ള മാറ്റവും കൊണ്ടേ ഈ മേഖലയ്ക്കു രക്ഷപെടാൻ കഴിയൂ.

കരകൗശലം

വിനോദസഞ്ചാര മേഖലയിലെ വികസനം കരകൗശല വ്യവസായത്തിന്റെ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

എന്നാൽ ഈ സാധ്യത കേരളത്തിന് പ്രയോജനപ്പെടുത്താനായിട്ടില്ല. നൈപുണി വർദ്ധിപ്പിക്കാനുള്ള പരിശീലനം, പുതിയ കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ലസ്റ്റർ രൂപീകരണം എന്നിവയാണ് കരകൗശല മേഖലയെ രക്ഷിക്കാനായി ചെയ്യേണ്ടത്. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം പരിഹരിക്കാനും വിപണി വിപുലമാക്കാനും കരകൗശല വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തണം. കരകൗശലമേഖലയിൽ കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് പരമ്പരാഗത വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്. കരകൗശല ഉൽപാദന പ്രക്രിയയിൽ തനതായ പാരമ്പര്യം നിലനിർത്തിത്തന്നെ യന്ത്രസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഹാന്റിക്രാഫ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ റോ മെറ്റീരിയൽ ബാങ്കിന്റെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.

5. മാർഗനിർദേശങ്ങൾ

കയർ

1. കയർ പുനഃസംഘടനയ്ക്കു പുതിയൊരു പദ്ധതി അനിവാര്യമായിരിക്കുന്നു. ഇതിന് ആദ്യം വേണ്ടുന്നത് കേരളത്തിലെ ആഭ്യന്തര ചകിരിയുൽപാദനം വർദ്ധിപ്പിക്കുകയാണ്. സംസ്ഥാനത്ത് ലഭ്യമായ തൊണ്ടിന്റെ ഇരുപതു ശതമാനംപോലും ഇന്നു സംസ്ക്കരിക്കപ്പെടുന്നില്ല. തൊണ്ടു സംഭരിക്കുന്നതിനുള്ള ഒരു ബ്യൂറോക്രാറ്റിക് സമ്പ്രദായം അപ്രായോഗികമാണ്. കുടുംബശ്രീ വഴി സംഭരിക്കുന്നതിനുള്ള പരീക്ഷണം പരാജയപ്പെട്ടു. ശേഖരിച്ച തൊണ്ട് സമയത്തു വാങ്ങാതെ ഉണങ്ങിയതോടെ ഇപ്പണിയ്ക്കിറങ്ങിപ്പുറപ്പെട്ടവരെല്ലാം കഷ്ടത്തിലായി. നാളികേര ക്ലസ്റ്ററുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരിക്കുന്നതിന് ഒട്ടേറെ ചർച്ചകൾ നടക്കുന്നു. പക്ഷേ ഒന്നും നീങ്ങിയിട്ടില്ല. ഏതാണ്ടൊരു വർഷം മുമ്പ് കേരള സർക്കാർ തൊണ്ടു സംഭരണത്തിന് സമഗ്രമായ സ്കീം പ്രഖ്യാപിച്ചു. തൊണ്ടൊന്നിന് 1.27 രൂപ വരെ സബ്സിഡിയായി പ്രഖ്യാപിച്ചു. പക്ഷേ, സ്കീം ഇതുവരെ നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. തൊണ്ടു സംഭരിച്ചാലല്ലേ സബ്സിഡി നൽകേണ്ടി വരൂ. തൊണ്ടു സംഭരിക്കുന്നതിനുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കിയിട്ടില്ല. സംഭരിച്ചിടത്ത് സബ്സിഡിയും നൽകിയിട്ടില്ല.
2. കേരളത്തിലെ കേര കൃഷിക്കാർ ക്ലസ്റ്ററുകളിലും ഫെഡറേഷനുകളിലുമായി സംഘടിതരായിക്കൊണ്ടിരിക്കുകയാണ്. ഫെഡറേഷനുകളുടെ ആഭിമുഖ്യത്തിൽ പ്രൊഡ്യൂസർ കമ്പനികളും നിലവിൽവന്നിട്ടുണ്ട്. എന്തുകൊണ്ട് ഈ പ്രൊഡ്യൂസർ കമ്പനികളുടെ ആഭിമുഖ്യത്തിൽ ചകിരിയുൽപാദനം നടത്തിക്കൂടാ? പ്രൊഡ്യൂസർ കമ്പനികൾ നേരിട്ട് മില്ലുകൾ സ്ഥാപിക്കണമെന്നില്ല. അതുവേണമെങ്കിൽ ഫെഡറേഷനുകൾക്കു വിട്ടുകൊടുക്കാം. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം നൽകണം. നിലവിലുള്ള മില്ലുകൾ പുനരുദ്ധരിച്ചു പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള സംഘങ്ങൾക്കോ ആളുകൾക്കോ താൽപര്യമില്ലെങ്കിൽ നാളികേര കർഷകരുടെ പ്രൊഡ്യൂസർ കമ്പനികളെ ഏൽപ്പിച്ചുകൊടുക്കണം.
3. ഇതുവരെ നൽകിയ ഡീഫൈബറിംഗ് യന്ത്രങ്ങൾ – പ്രത്യേകിച്ച് മൊബൈൽ യന്ത്രങ്ങൾ – കാര്യക്ഷമതയിൽ വളരെ പുറകിലാണ്. ഇപ്പോൾ ഇതിൽ പുരോഗതിയുണ്ടായിട്ടുണ്ട് എന്നറിയുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ അവ ആവശ്യക്കാർക്കു ലഭ്യമാക്കണം.
4. ഉൽപാദിപ്പിക്കപ്പെടുന്ന ചകിരി അപ്പപ്പോൾത്തന്നെ വാങ്ങി കയർഫെഡ് വാങ്ങി സംഭരിക്കണം. ചകിരി കയർ ഫെഡിന്റെ ഗോഡൗണുകളിൽ കൊണ്ടുവന്നു സൂക്ഷിക്കേണ്ട ആവശ്യമില്ല. കയർഫെഡിന്റെ ഇൻഡെന്റിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾക്കു വാങ്ങാവുന്നതാണ്. ട്രാൻസ്പോർട്ടേഷൻ ചാർജ് സംഘങ്ങൾക്കു സർക്കാർ നൽകണം. ഉൽപാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ചകിരിയുടെ വില നിശ്ചയിക്കണം. ഇത്തരമൊരു സമീപനത്തിലൂടെ ചകിരി ഉൽപാദനത്തിൽ ഗണ്യമായ പുരോഗതി നേടാനാവും.
5. മേൽപ്പറഞ്ഞതിനർത്ഥം പ്രൊഡ്യൂസർ കമ്പനികളുടെ കുത്തകയായിരിക്കും ചകിരിയുൽപാദനം എന്നല്ല. നിലവിലുള്ള സംഘങ്ങൾക്ക് ഈ മേഖലയിൽ തുടരാം. അതുപോലെ പുതിയ സ്വകാര്യ സംരംഭകർക്കും പ്രവേശിക്കാം. ഇക്കാര്യത്തിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തേണ്ടതില്ല. ഇവർക്കും യന്ത്രങ്ങൾക്കുള്ള സബ്സിഡി ലഭ്യമാക്കണം. യുദ്ധകാലാടിസ്ഥാനത്തിൽ ചകിരിയുൽപാദനം വർദ്ധിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം.
6. സമൂലമായ മാറ്റം വരേണ്ടുന്ന മേഖല കയർപിരി സംഘങ്ങളുടെ പ്രവർത്തനമാണ്. നിലവിലുള്ള സംഘങ്ങളെ പരിശോധിച്ച് പുനരുജ്ജീവിപ്പിക്കാൻ സാധ്യമല്ലാത്തവ അവസാനിപ്പിക്കണം. മിനിമം എണ്ണം തൊഴിലാളികൾക്കു പണി നൽകിയാലേ മാനേജുമെന്റ് ജീവനക്കാരുടെയും ഓഫീസിന്റെയും ചെലവിന്റെ ഭാരം താങ്ങാനാവൂ. അതുകൊണ്ട് ദുർബലമായ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സംഘങ്ങളുടെ പുനഃസംഘടനയ്ക്കു പാക്കേജുണ്ടാകണം. അവരുടെ വായ്പകൾ ഷെയറാക്കണം. പലിശ എഴുതിത്തള്ളണം. വിനിയോഗിക്കപ്പെടാത്ത ആസ്തികൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനടക്കമുള്ള യന്ത്രങ്ങൾ സംഘങ്ങൾക്കു ലഭ്യമാക്കണം.
7. മിനിമം കൂലി ഉറപ്പുവരുത്തി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയർ കയർഫെഡ് വാങ്ങണം. ഈ കയർ കയറ്റുമതിക്കാർക്കും ആഭ്യന്തരവ്യാപാരികൾ

ക്കും വ്യവസായികൾക്കും വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കണം. വരുമാനം ഉറപ്പു പദ്ധതി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചപ്പോൾ ഇതുപോലൊരു സ്കീമാണ് വിഭാവനം ചെയ്തിരുന്നത്. ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വരുമാനം ഉറപ്പുപദ്ധതിയുടെ സബ്സിഡി ബാങ്കുവഴി നൽകുന്നതിനു പകരം മിനിമം കൂലി നൽകുന്ന സഹകരണ മേഖലയിലെയും ചെറുകിട ഉൽപാദകരുടെയും കയർ വാങ്ങാൻ വേണ്ടി വിനിയോഗിക്കണം.

8. ഓട്ടോമാറ്റിക് കയർ സ്പിന്നിംഗ് യന്ത്രങ്ങൾ കയർ സംഘങ്ങൾക്കു നൽകണം. ഈ യന്ത്രങ്ങൾ തൊഴിലില്ലായ്മ സൃഷ്ടിക്കും. പക്ഷേ, സഹകരണാടിസ്ഥാനത്തിലാണ് യന്ത്രങ്ങൾ സ്ഥാപിക്കുന്നതെങ്കിൽ ഉള്ള ജോലി കൂടുതൽ ഉയർന്നവേതനത്തിന് എല്ലാവർക്കുമായി വീതം വെയ്ക്കുന്നതിനു കഴിയും.
9. കയർഫെഡിന്റെ തകർച്ചയാണ് വ്യവസായത്തിന്റെ സ്ഥിതി ഇതുപോലെ പരിതാപകരമാക്കുന്നതിന് വഴിയൊരുക്കിയത്. കയർഫെഡിന്റെ കടബാധ്യതകൾ എഴുതിത്തള്ളി പുതിയ ധർമ്മങ്ങൾ നിർവഹിക്കാൻ പര്യാപ്തമാക്കണം.
10. കയർ ഉൽപന്ന മേഖലയിൽ കയർ കോർപറേഷൻ വഴി ക്രയവില സമ്പ്രദായം നടപ്പാക്കുന്നതിനുള്ള നടപടി ഊർജിതപ്പെടുത്തണം. കയർ കോർപറേഷൻ സ്വതന്ത്രമായി ഓർഡർ നൽകുകയും ആവശ്യക്കാരായ കയറ്റുമതിക്കാർക്ക് സ്റ്റോക്കിൽ നിന്ന് ചരക്കുവിൽക്കുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കണം. ഇവിടെയും നഷ്ടം സംസ്ഥാന സർക്കാർ നികത്തിക്കൊടുക്കണം.
11. ഇന്ന് കൈത്തറി എന്നപേരിൽ കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങളിൽ ഒരുപങ്ക് യന്ത്രങ്ങളിൽ നെയ്യുന്നതാണ്. കൈത്തറിയുടെ ആനുകൂല്യങ്ങൾ പറ്റാനുള്ള അടവാണിത്. ഇത് കർശനമായി തടയണം. കൈത്തറി ഉൽപന്നങ്ങൾക്ക് പ്രത്യേകം സബ്സിഡി നൽകണം. ഇവയ്ക്കു പ്രത്യേക ബ്രാൻഡ് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങളും നടത്തണം. കൈത്തറി ഉൽപാദനം ഭാവിയിൽ ശുഷ്കിക്കും എന്നതിനു സംശയമില്ല. എന്നാൽ ഇതിനും കൈത്തറിത്തുണിയ്ക്കുള്ള അന്തർദേശീയ മാർക്കറ്റുപോലെ ഒരു സുരക്ഷിത മാർക്കറ്റ് ഉറപ്പുവരുത്താൻ കഴിയും.
12. അതേസമയം പുതിയ ഉൽപന്നങ്ങൾ സൃഷ്ടിക്കുന്നതിനും യന്ത്രങ്ങൾ തുടർച്ചയായി നവീകരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം സംരംഭകർക്കു നൽകിയേതീരൂ. ഫിനിഷിംഗ് മേഖലയിലും നവീകരണം ആവശ്യമാണ്. ഇതിന് വ്യവസായികൾക്ക് ഇൻസെന്റീവ് നൽകണം.
13. ഇന്ന് ഉൽപന്ന മേഖലയിൽ ഏതാണ്ട് 25-30,000 തൊഴിലാളികളും പിരി മേഖലയിൽ ഒരുലക്ഷത്തോളം തൊഴിലാളികളുമാണ് പണിയെടുക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇവർക്ക് ഈ വ്യവസായത്തിൽത്തന്നെ പൂർണസമയം പണിനൽകുന്നതിനാണ് ലക്ഷ്യമിടേണ്ടത്. എന്നാൽ നവീകരണം പൂർത്തിയാകുന്നതുവരെ ഇതിനു കഴിഞ്ഞെന്നു വരില്ല. ഈ അന്തരാളഘട്ടത്തിൽ ഇവർക്ക് വരുമാനം ഉറപ്പുപദ്ധതിയിലൂടെ തൊഴിൽ ഉറപ്പാക്കാനാവും. ഇനിയേതെങ്കിലും കാരണവശാൽ ഇതിനു കഴിയാതെ വരുന്നെങ്കിൽ അവർക്ക് തൊഴിലില്ലായ്മാ വേതനം നൽകണം.
14. വിദേശവിപണിയോടൊപ്പം ഇന്ന് ആഭ്യന്തര വിപണിയും പ്രധാനമാണ്. എൽഡിഎഫ് സർക്കാർ ആവിഷ്കരിച്ച ''ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം'' ക്യാമ്പയിന് വലിയ പ്രോത്സാഹനമാണ് ലഭിച്ചത്. 'കേരള കയർ-ദൈവത്തിന്റെ നാട്ടിലെ സുവർണനാര്' എന്ന ബ്രാൻഡ് നെയിം വിപണനമേഖലയിൽ നൂതനമായ ഒരു നടപടിയായി. കയർ ജിയോടെക് സ്റ്റെലിനെ ഒരു നിർമാണസാമഗ്രിയായി പൊതുമരാമത്ത് മാന്വലിൽ അംഗീകരിച്ചത് ഇനി പ്രായോഗികമായി നടപ്പാക്കണം. തൊഴിലുറപ്പുപദ്ധതിയിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കും കയർ ജിയോടെക്സ്റ്റൽ വ്യാപകമായി ഉപയോഗിക്കാവുന്നതാണ്.
15. കയർവ്യവസായത്തിന്റെ ആധുനികവത്കരണത്തിനു നേതൃത്വം നൽകാൻ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു കഴിയണം. കയർപിരി യന്ത്രങ്ങൾക്കായി നാലഞ്ചു ദശാബ്ദമായി നടക്കുന്ന ഗവേഷണങ്ങൾ ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും ഇനി കേരളത്തിൽ പരീക്ഷിക്കേണ്ടതുണ്ട്. ആലപ്പുഴയിലെ കയർ നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല.

കശുവണ്ടി

16. കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കാതെ വ്യവസായത്തെ നിലനിർത്താനാവില്ല. ഇതിന് ഉൽപാദനക്ഷമത കൂടിയതും പന്തലിച്ചു വളരാത്തതുമായ കശുമാവ് ഇനങ്ങൾ പ്രോത്സാഹിപ്പിക്കണം. പഴയ മരങ്ങൾ വെട്ടിമാറ്റി ഉത്പാദനക്ഷമതയുള്ളതു നടണം. രീതിയിൽ വിളവെടുപ്പിന്റെ ആദ്യത്തെ പത്ത് വർഷം ഏകദേശം 2.5 ഇരട്ടി ഉറപ്പാക്കാവുന്ന 'ഹൈ ഡെൻസിറ്റി പ്ലാന്റിംഗ്' പരീക്ഷിക്കണം. കശുവണ്ടി പ്രോത്സാഹനാർത്ഥമുള്ള കേന്ദ്രസർക്കാർ സ്കീം ഉപയോഗപ്പെടുത്താത്ത സംസ്ഥാനം കേരളമാണ്.
17. ഇനി നമുക്ക് യന്ത്രവത്കരണത്തിൽ നിന്നും മാറിനിൽക്കാനാവില്ല. യന്ത്രവത്ക്കരണം വ്യാപകമാക്കുന്നതോടൊപ്പം തോട്ടണ്ടി ലഭ്യത കൂട്ടുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കുന്ന പക്ഷം ഇന്നുള്ള മുഴുവൻ തൊഴിലാളികൾക്കും തൊഴിലുറപ്പാക്കാൻ

സാധിക്കും. ഒപ്പം തന്നെ തൊഴിലാളികൾക്ക് നവീ നരീതിയിൽ തൊഴിലെടുക്കാനുള്ള പരിശീലനം നിർബ്ബന്ധമായും കൊടുത്തിരിക്കണം. തൊഴിലാ ളിക്ക് മിനിമം ദിവസം തൊഴിൽ ഉറപ്പാക്കിക്കൊണ്ടും അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ടും യന്ത്രവത്ക്കരണം ഏർപ്പെടുത്താവുന്ന മേഖലയിൽ ചെയ്യേണ്ടതാണ്.

18. പരിഹാരമാർഗ്ഗങ്ങൾ പലതുമുണ്ടെങ്കിലും സർക്കാർ തലത്തിൽ നിന്നുള്ള ഇടപെടലാണ് ഏറ്റവും ആ വശ്യം. ഇറക്കുമതിയിലുണ്ടായിട്ടുള്ള അനാരോഗ്യ പ്രവണതകൾ ഒഴിവാക്കുന്നതിലേക്ക്, Actual User License സമ്പ്രദായം നടപ്പിലാക്കുകയും, ഇറക്കുമ തിയുടെ നിശ്ചിതശതമാനം കയറ്റുമതി നിർബ്ബന്ധ മാക്കുകയും വേണം. പൊതുമേഖലയിലെ തോട്ട ണ്ടി ഇറക്കുമതിയിലെ നടപടിക്രമങ്ങൾ സമഗ്രമായി പരിശോധിച്ച് അവ കൂടുതൽ സുതാര്യവും അഴിമ തിരഹിതവുമാക്കണം. CEPCI പോലുള്ള സംഘ ടനകളുടെ സഹായത്തോടെ ഇറക്കുമതിവിലയ്ക്ക് നിയന്ത്രണമേർപ്പെടുത്തണം. തോട്ടണ്ടിയെ KVAT ന്റെ ഒന്നാംഷെഡ്യൂളിൽ ഉൾപ്പെടുത്തി നികുതിവി മുക്തമാക്കണം.

19. വിപണിയിലിപ്പോൾ വ്യാപകമായിട്ടുള്ള കാർട്ടൽ സംവിധാനം വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ അത്തരം അനാരോഗ്യകരമാ യ പ്രവണതകളൊഴിവാക്കുന്നതിന് നടപടിയെടുക്ക ണം. കയറ്റുമതിക്കും ആഭ്യന്തര വിപണനത്തിനും പ്രത്യേക ഇൻസെന്റീവ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണം.

20. ലൈസൻസ് പുതുക്കി നൽകുമ്പോൾ തൊഴിലാളി കൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങളും, സേ വന വേതന വ്യവസ്ഥകളും നടപ്പാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ സർക്കാർ സംവിധാനം വേണം. പി എഫ് കാർഡുകളും ഇ എസ് ഐ സ്മാർട്ട് കാർഡുകളും എല്ലാ തൊഴിലാളിക്കും ലഭിക്കാനുള്ള ഏർപ്പാടുകൾ വേണം. അനധികൃത സംസ്ക്കരണ യൂണിറ്റുകൾ, കുടിവറുപ്പ് എന്നിവയില്ലാതാക്കുന്ന തിനുള്ള കർശനനടപടികൾ സ്വീകരിക്കുക.

21. മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും വി പണനവും പരമാവധി പ്രോത്സാഹിപ്പിക്കുക. സി എഫ് ടി ആർ ഐ വികസിപ്പിച്ചെടുത്ത മൂല്യവർ ദ്ധിത ഉത്പന്നങ്ങൾ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ് എന്നിങ്ങനെ ചിലതാണ്. ഈ മേഖലയിൽ കൂടുതൽ ഗവേഷ ണം നടക്കേണ്ടതുണ്ട്.

22. രാജ്യത്തിനുള്ളിലും, പുറത്തും കേരളത്തിന്റെ കശു അണ്ടി പരിപ്പിനും ഉപോത്പന്നങ്ങൾക്കും വിപണി യുറപ്പാക്കാനും തൊഴിലാളി ക്ഷേമം ഉറപ്പ് വരുത്തു ന്നതിനുമായി കയർ ബോർഡിന്റെ മാതൃകയിൽ ഒരു കശുഅണ്ടി വികസന ബോർഡ് രൂപീകരിക്കുക.

23. നിലവിലുള്ള മുഴുവൻ തൊഴിലാളികൾക്കും യന്ത്ര വത്ക്കരണത്തിനു ശേഷവും തൊഴിലും ആവശ്യ മായ പശ്ചാത്തല സൗകര്യവും നൽകുമെന്ന ഉറപ്പ് രേഖാമൂലം നൽകുന്ന തൊഴിലുടമയ്ക്ക് യന്ത്രവത് ക്കരണത്തിലേക്ക് സർക്കാർ സബ്സിഡി നൽകുന്ന പദ്ധതി നടപ്പാക്കുക.

24. കശുവണ്ടി ഉൽപാദകരാജ്യങ്ങൾ തമ്മിലുള്ള മത്സര മാണ് അന്തർദ്ദേശീയ മാർക്കറ്റിൽ വില കുറയ്ക്കാൻ ഇടയാക്കുന്നത്. ഈ രാജ്യങ്ങൾ പൊതുവായ സ മീപനം കൈക്കൊള്ളുന്നതിനുള്ള കൂടിയാലോച നകൾ നടക്കേണ്ടതുണ്ട്.

കൈത്തറി

25. വൈവിദ്ധ്യമേറിയ ഉൽപ്പന്നങ്ങൾ ജക്കാർഡ്, ഡോ ബി, എന്നീ ഉപകരണങ്ങളുടെ സഹായത്തോടെ നെ യ്യുന്നതിനുള്ള പരിശീലന പരിപാടികൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറി മേഖലയിലെ പ്രീലും പ്രോസസിംഗിൽ (വാർപ്പിങ്, വൈൻഡിങ്, സൈസിങ്, ഡൈയിങ്) ഭാഗിക യന്ത്രവൽക്കരണം, കൈത്തറി സഹകരണ സംഘങ്ങൾക്ക് കംപ്യൂട്ട റും ഡിസൈൻ സോഫ്റ്റ്വെയറും, പരമ്പരാഗത തറികളുടെ നവീകരണത്തിനുള്ള ഉപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്കീമുകൾ ഇനി യും ശക്തിപ്പെടുത്തേണ്ടതുണ്ട്.

26. നൂലിന്റെ അമിതമായ വിലക്കയറ്റമാണ് കൈത്തറി മേഖല നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം. അസംസ് കൃത വസ്തുവായ കഴിനൂലിന്റെ ദൗർലഭ്യം പരിഹ രിക്കുന്നതിന് കേരളത്തിലെ സഹകരണ സ്പിന്നിങ് മില്ലുകളോടനുബന്ധിച്ച് കഴിനൂൽ നിർമാണകേന്ദ്ര ങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ധനസഹായം നൽകണം. കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്കാവശ്യമായ നൂല് സംസ്കരിക്കുന്ന തിനും ചായം മുക്കുന്നതിനും വടകരയിൽ ഒരു നൂല് സംസ്കരണശാല എത്രയും പെട്ടെന്ന് ആ രംഭിക്കണം.

27. സഹകരണസംഘങ്ങളുടെ പുന:സംഘടനയ്ക്കു കൂ ടുതൽ പണം ലഭ്യമാക്കുന്നതിനോടൊപ്പം ബിനാമി സംഘങ്ങളെ നീക്കം ചെയ്യുന്നതിനുള്ള നടപടികളും വേണ്ടതുണ്ട്. ഹാൻടെക്സിന്റെയും ഹാൻവീവിന്റെ യും പുനഃസംഘടന പൂർത്തിയാക്കണം. റിബേറ്റ് പുനഃസ്ഥാപിക്കണം.

28. വരുമാന ഉറപ്പു പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിഭാവനം ചെയ്തതുപോലെ നടപ്പിലാക്കണം. അതുപ്രകാരം 100 ദിവസത്തെയെ ങ്കിലും ഉൽപാദനം മിനിമം കൂലി ഉറപ്പുവരുത്തുന്ന നിലയ്ക്ക് സർക്കാർ വാങ്ങി സംഭരിക്കണം. സർക്കാർ വകുപ്പുകൾക്ക് ആവശ്യമായിട്ടുള്ള പുതപ്പുകളും വിരികളും തൊഴിലുറപ്പുകാർക്കുള്ള ഓണസമ്മാ നമായ സാരികളും കുട്ടികൾക്കുള്ള സ്കൂൾ യൂണി

ഫോമുകളുമെല്ലാം ഇത്തരത്തിൽ ഉൽപാദിപ്പിക്കാനാവും. ഇന്നത്തെ രീതിയിൽ പണിയുണ്ടെങ്കിലേ സർക്കാരിന്റെ വരുമാന സബ്സിഡി കിട്ടൂ. പണിയില്ലാത്തതുകൊണ്ട് സബ്സിഡിയും കിട്ടുന്നില്ല. ഇതല്ല, വരുമാന ഉറപ്പു പദ്ധതി കൊണ്ട് വിഭാവന ചെയ്തത്.

ഖാദി ഗ്രാമീണ വ്യവസായം

29. ഭൂരിപക്ഷം ഖാദി സ്ഥാപനങ്ങളും തകർച്ചയിലാണ്. സാധ്യമായവയെ പുനരുദ്ധരിക്കുന്നതും അല്ലാത്തവയുടെ നിയമപരമായ അസ്തിത്വം അവസാനിപ്പിക്കുന്നതും ഈ മേഖലയുടെ നിലനില്പിനും പുരോഗതിക്കും കാലവിളംബം കൂടാതെ സ്വീകരിക്കേണ്ട നടപടിയാണ്. മുടക്കം കൂടാതെയും സാമ്പത്തികമായി ലാഭകരമായും തൊഴിലാളികൾക്ക് സ്ലൈവർ ലഭ്യമാക്കുന്നതിനുവേണ്ടി ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി വിളവെടുപ്പുസമയത്ത് വാങ്ങുകയും സ്ലൈവർ പ്ലാന്റുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വേണം. സിൽക്ക് തുണി നെയ്ത്ത്, റെഡിമെയ്ഡ് വാർപ്പിങ് യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രനിർമാണ യൂണിറ്റുകൾ, നെയ്ത്തുപകരണങ്ങളുടെ നവീകരണം, ഖാദി ക്ലസ്റ്റർ പരിപാടി തുടങ്ങിയ സ്ക്കീമുകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൈത്തറിയിലെന്നപോലെ ഖാദിയുടെ വിപണനത്തിനും സ്വീകരിച്ചിരിക്കുന്ന പ്രത്യേക പ്രചാരണ പരിപാടികൾ ശക്തിപ്പെടുത്തണം.

30. ഖാദി ഗ്രാമീണ വ്യവസായ സംരംഭകർക്ക് ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കടാശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. സംഘങ്ങളെ പുനഃസംഘടിപ്പിക്കണം. ഏജൻസികളുടെ ബാഹുല്യം കണക്കിലെടുത്ത് അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുള

31. നിലവിൽ കരകൗശലവസ്തുകൾക്ക് മാത്രം പ്രാധാന്യം നൽകുന്ന തരത്തിലുള്ള വിവിധ ഗവൺമെന്റ് എജൻസികളെ, മുള വ്യാവസായിക ഉല്പന്നമായി ഉപയോഗിക്കുന്നതിനായി പ്രാപ്തരാക്കണം. നിർമ്മാണ വസ്തുവെന്ന രീതിയിൽസംസ്ക്കരിച്ച മുളയെ പ്രോൽസാഹിപ്പിക്കണം. പ്രധാന നിർമ്മാണ വസ്തുക്കളിൽഒന്നായ സ്റ്റീലിന്റെ ടെൻസൈൽ സ്ട്രെങ്ത് 23000 ഘയ ുല്യ ൂ.ശിരവ ഉള്ളപ്പോൾ മുളയുടേത് 28000 ഘയ ുല്യ ൂ. ശിരവ ആണ്. സ്റ്റീൽ നിർമ്മിക്കുന്നതിനാവശ്യമുള്ളഊർജവുംകാർബൺ വികരണവുംഇവിടെആവശ്യമില്ല എന്ന കാര്യവുംകണക്കിലെടുക്കേണ്ടതാണ്. സംസ്ക്കരിച്ച മുളകൊണ്ട് ഈടുററതും, ഭംഗിയുള്ളതുമായ വിവിധതരം ഫർണിച്ചറുകൾ നിർമ്മിക്കാവുന്നതാണ്.

32. സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രവർത്തനം സമഗ്രമായി അവലോകനം ചെയ്ത് പുനഃസംഘടിപ്പിക്കണം. ബാംബൂ മിഷന് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കണം.

33. ആരോഗ്യപരിപാലനത്തിനും മുള ഉപയോഗിക്കാവുന്നതാണ്. തളിർ മുളങ്കൂമ്പു കൊണ്ടുണ്ടാക്കുന്ന വിഭവങ്ങൾ, നാരുകൾ അടങ്ങിയതും കൊഴുപ്പു കുറഞ്ഞതുമായ ഭക്ഷ്യവസ്തുവാണ്. തെക്കേ ഏഷ്യയിലെ പരമ്പരാഗത വൈദ്യരീതിയിൽ മുള നാമ്പുകൾക്ക് ഗണ്യമായ പ്രാധാന്യമുണ്ട്. കൊള സ്ട്രോൾകുകുറയ്ക്കുന്നതിന് അിശേീഃശറമിേയും നൽകുന്ന വിവിധ മരുന്നുകളിൽ ഇത് പ്രധാന ഘടകമാണ്.

34. പരിസ്ഥിതിസന്തുലനത്തിന് മുള വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. 35 % ശതമാനം മുതൽ 40% വരെ ഓക്സിജൻ നൽകുന്ന സസ്യമാണ ്മുള. താപനില ഗണ്യമായികുകുറയ്ക്കുന്നതോടൊപ്പം അൾട്രാ വൈലറ്റ് രശ്മികളുടെ വികരണത്തെ ചെറുക്കുകയുംചെയ്യുന്നു. മണ്ണൊലിപ്പിനു സാധ്യതയുള്ള സ്ഥലങ്ങളിൽ മുള വച്ചു പിടിപ്പിച്ചാൽ വല പോലുള്ള ഇതിന്റെ വേരുകളുടെ ശൃംഖല ഭൂമിയെ സംരക്ഷിക്കുന്നു. മരങ്ങളേക്കാൾ വേഗത്തിൽ വളരുന്ന മുള ഭൂമിക്ക് നഷ്ടപ്പെടുന്ന ബയോമാസിനെ സംരക്ഷിക്കാനും പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിക്കുന്നതിനും സഹായിക്കുന്നു. മുളംചീളുകൾ ഫർണസ് ഓയിലുകൾക്കും, ഡീസലിനും പകരക്കാരനായി തെർമ്മൽ അപ്ലിക്കേഷൻസിന് ഉപയോഗിക്കാവുന്നതാണ്.

35. സംസ്ഥാനത്ത് മുളവ്യാവസായിക ഉൽപന്നമായി വിപണനം ചെയ്യുന്ന സംസ്ഥാന ബാംബൂകോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകണം. പരമ്പരാഗത തൊഴിലാളികളുടെസംരക്ഷണത്തിന് കോട്ടം തട്ടാതെ കോർപ്പറേഷന്റെ കീഴിലുള്ള നല്ലളം ഹൈടെക് ഫ്ളോറിംഗ്ടൈൽ ഫാക്ടറിയിൽ ഇപ്പോൾ നിലവിലുള്ള മുള അധിഷ്ഠിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിനുംം വിപണനം ചെയ്യുന്നതിനു മുള്ളസൗകര്യങ്ങൾ ശക്തിപ്പെടുത്തി,'മരത്തിനു പകരം മുള' എന്ന ആശയം പ്രചരിപ്പിക്കുകയും പ്രായോഗികമായ നിർമ്മാണ രംഗത്ത് പ്രത്യേകിച്ച് കേരളത്തിന്റെ വിനോദസഞ്ചാരമേഖലകളിൽ മുള ഉൽപന്നങ്ങൾ കൊണ്ടുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുന്ന ഏജൻസിയായി ഉയർത്തുകയും വേണം.

ചെത്ത്

36. ചെത്തു വ്യവസായത്തിന് അനുയോജ്യമായ പൊക്കം കുറഞ്ഞ സങ്കരയിനം തെങ്ങുകൾ നടുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകണം. കള്ളുഷാപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും പ്രോട്ടോക്കോളിന് രൂപം നൽകുകയും സംരംഭകർക്ക് ആവശ്യമായ വായ്പകൾ ലഭ്യമാക്കുകയും ചെയ്യണം. വ്യാജമദ്യത്തിനെതിരെയുള്ള നടപടികൾ ഊർജിതപ്പെടുത്തണം.

കരകൗശലം

37. കളിമൺ വ്യവസായത്തിനാവശ്യമായ ചെളി ഡാമുകളിൽനിന്നും മറ്റും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. മേൽമണ്ണ് നഷ്ടപ്പെടാത്ത രീതിയിലും വയലുകളിൽ വെള്ളക്കെട്ട് ഒഴിവാക്കിയും ചെളി ലഭ്യമാക്കണം. മൺപാത്രങ്ങളും മറ്റു കളിമൺ ഉൽപന്നങ്ങളും ആധുനിക ഡിസൈനിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

38. കരകൗശലമേഖലയിൽ ട്രസ്റ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കണം. ടൂറിസവുമായി ബന്ധപ്പെടുത്തി കരകൗശല മേഖലയിലെ ആസൂത്രിതമായ വികസനത്തിന് പരിപാടികൾ ആവിഷ്കരിക്കണം. പാരമ്പര്യശൈലികൾ നഷ്ടപ്പെടാതെതന്നെ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ധനസഹായം നൽകും. റോമെറ്റീരിയൽ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം.

39. കേരളത്തിൽ പ്രധാനപ്പെട്ട ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ക്രാഫ്റ്റു വില്ലേജുകളാരംഭിക്കണം. കൈവേലക്കാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതു വഴി കഴിയും.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ.ടി.എം തോമസ് ഐസക് (2015): ''കയർ വ്യവസായ പ്രതിസന്ധി- ഒരു ചരിത്രാവലോകനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 01, PP- 9-22
2. ആനത്തലവട്ടം ആനന്ദൻ (2015): ''തൊഴിലും കൂലിയും ഉറപ്പാക്കി കയർ വ്യവസായത്തെ സംരക്ഷിക്കണം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 23-25
3. ഡോ. കെ. ബാലൻ (2015): ''ചകിരിലഭ്യതയും കയർ വ്യവസായവും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 26-29
4. ഡോ. കെ. മദനൻ (2015): ''കയർ മേഖലയിലെ സഹകരണ സംഘങ്ങൾ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 30-32
5. അഡ്വ. എൻ സായികുമാർ (2015): ''കയർ സഹകരണപ്രസ്ഥാനം കേരളത്തിൽ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 33-36
6. Dr. Anita Das Ravindranath (2015): ''Technology up-gradation and women empowerment in the coir industry'', 4th International Congress on Kerala Studies, Preliminary Seminar -01, PP- 37-42
7. രാജേന്ദ്രബാബു ടി.എ (2015): ''കയർ സാങ്കേതികവിദ്യാവ്യാപനം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ - 01, PP- 43-46
8. V.R Prasad (2015): ''Suggestions to sustain coir industry'', 4th International Congress on Kerala Studies, Preliminary Seminar -01, PP- 47-49
9. M.Salim (2015): ''Influence of technology on development of coir industry in Kerala: A critical review'', 4th International Congress on Kerala Studies, Preliminary Seminar -01, PP- 50-52
10. എ.കെ രാജൻ (2015): ''കയർമേഖലയിലെ സാമൂഹ്യസുരക്ഷ'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 53-56
11. MR രവി (2015): ''കയർവ്യവസായം-തൊഴിൽമേഖലയിലെ അനുഭവങ്ങളും സാമൂഹ്യസുരക്ഷാനടപടികളും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01, PP- 57-59
12. M. Kumaraswamy Pillai (2015): ''Marketing of traditional coir products – problems and prospects'', 4th International Congress on Kerala Studies, Preliminary Seminar -01, PP- 60-63
13. Indu K (2015): ''An Inquiry into the Changing Market Conditions for Coir Products'', 4th International Congress on Kerala Studies, Preliminary Seminar -01, PP- 64-71
14. എസ്.എൽ. സജികുമാർ (2015): ''കയർഫെഡും കയർ മേഖലയും'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01
15. ജി വേണുഗോപാൽ (2015): ''കയർവിപണി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ -01

മറ്റു രേഖകൾ

16. Employment And Social Protection of Cashew Workers in India With Special Reference to Kerala , V V Giri National Labor Institute . Feb 2014
17. Dr. H. Panda, The Complete Book on Cashew (Cultivation, Processing & By-Products) (2013)
18. M. Abdul Salam and K.V. Peter, Cashew – A Monograph (2010)
19. http://dccd.gov.in/cashew.htm

അധ്യായം 9

പൊതുമേഖലാ വ്യവസായങ്ങൾ

വേണ്ടത്ര സ്വകാര്യ മുതൽമുടക്കിന്റെ അഭാവത്തിൽ കേരളത്തിന്റെ വ്യവസായ വികസനത്തിൽ പൊതുമേഖല നിർണായകമായ പങ്കുവഹിക്കുകയുണ്ടായി. സ്വകാര്യമൂലധന നിക്ഷേപം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും പൊതുമേഖലയ്ക്കു വികസനത്തിൽ ഒരു പങ്കു വഹിക്കാനുണ്ടാകും. തൊഴിൽബന്ധങ്ങളിലും സാമൂഹ്യലക്ഷ്യങ്ങളിലും പൊതുമേഖലയെ ഒരു മാനദണ്ഡമായി നിലനിർത്താനാവും. വ്യവസായമേഖലയിൽ സർക്കാർ ഇടപെടലിനുള്ള ഫലപ്രദമായ ഒരുപാധിയുമാമയിരിക്കും ഇത് (പ്രഭാത് പട്നായിക് 2012). പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ നിക്ഷേപത്തെ നിരുത്സാഹപ്പെടുത്തുന്നതിനു പകരം ആകർഷിക്കുന്ന രീതിയിലാക്കാം. ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നാട്ടിൽ മൊത്തത്തിലുള്ള വ്യവസായ അന്തരീക്ഷത്തെ കൂടുതൽ ആരോഗ്യകരമാക്കുകയും പുതിയ വ്യവസായങ്ങളെ ആകർഷിക്കുകയും ചെയ്യും.

1. സംസ്ഥാന പൊതുമേഖല – നഖചിത്രം

2013–14ൽ ആകെ 116 പൊതുമേഖലാസ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത്. നിലവിൽ പ്രവർത്തിക്കുന്നവ 95 എണ്ണമാണെങ്കിൽ, ബാക്കി 21 എണ്ണം പ്രവർത്തനരഹിതമാണ്. ആകെ 10863 കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ഈ മേഖലയിൽ ഉള്ളത്. ഇതിൽ 48 ശതമാനം ഓഹരി മൂലധനവും 52 ശതമാനം ദീർഘകാല വായ്പയുമാണ്. ഇതിനു പുറമെ, കേരള സർക്കാർ 3699 കോടി രൂപയ്ക്കുള്ള വായ്പകൾക്ക് ഗ്യാരണ്ടിയും നിന്നിട്ടുണ്ട്.

ഔദ്യോഗിക കണക്ക് പ്രകാരം 2013–14 വർഷത്തിൽ, മേൽസ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 26120 കോടി രൂപയാണ്. ഇവ നേരിട്ട് പ്രദാനം ചെയ്ത തൊഴിലവസരങ്ങളുടെ എണ്ണം ഏകദേശം 1.3 ലക്ഷമാണ്. അതിന്റെ പല ഇരട്ടി തൊഴിലവസരങ്ങളാണ് ഇവ പരോക്ഷമായി നൽകി വരുന്നത്. എക്സൈസ്, കോർപ്പറേറ്റ് ടാക്സ് തുടങ്ങിയ ഇനങ്ങളിൽ കേന്ദ്ര സർക്കാരിന് 687 കോടി രൂപ നൽകിയിട്ടുണ്ട്. കേരള സർക്കാരിന് നികുതി ഇനങ്ങളിലായി 7998 കോടി രൂപ നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഗ്യാരണ്ടി കമ്മീഷനും ഡിവിഡന്റുമായി 88 കോടി രൂപ നൽകിയിട്ടുണ്ട് (റോയ് ടോം ലാൽ, 2015). വൻ സ്വകാര്യ നിക്ഷേപങ്ങൾ താരതമ്യേന കുറവായ കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്തിന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പും വികസനവും അതിന്റെ മൊത്തത്തിലുള്ള പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

പട്ടിക 9.1 പ്രകാരം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ 13 വിഭാഗമായി തരംതിരിക്കാം. ഈ പട്ടിക പരിശോധിക്കുമ്പോൾ സമാനസ്വഭാവമുള്ള ഉത്പാദനരീതി പുലർത്തുന്ന പല വിഭാഗം സ്ഥാപനങ്ങളുണ്ടെന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന് ടൈറ്റാനിയം ഡയോക്സൈഡ് തികച്ചും വ്യത്യസ്ത രീതിയിലുത്പാദിപ്പിക്കുന്ന രണ്ട് വലിയ സ്ഥാപനങ്ങൾ നമുക്കുണ്ട്. അതേ പോലെ, ഇലക്ട്രോണിക്സ് മേഖലയിൽ മൂന്നും, ഇലക്ട്രിക് മേഖലയിൽ നാലും സമാന

സ്ഥാപനങ്ങളുണ്ട്. ഇവയിൽ ചിലവ വളരെ വലുതും, മറ്റ് ചിലവ വളരെക്കുറഞ്ഞ തോതിൽ മാത്രം ഉത്പാദന ശേഷിയുള്ള ചെറിയ സ്ഥാപനങ്ങളുമാണ്.

പട്ടിക 9.1

ക്രമനം	മേഖല	സ്ഥാപനങ്ങളുടെ എണ്ണം
1	വികസന/ പശ്ചാത്തല സൗകര്യം	20
2	കാർഷിക/തോട്ട വിള/ മൃഗപരിപാലനം	12
3	ക്ഷേമ കാര്യം	11
4	രാസവ്യവസായം	10
5	എഞ്ചിനീയറിംഗ്/ ഉത്പാദന മേഖല	9
6	പരമ്പരാഗത വ്യവസായം	7
7	സേവന മേഖല	6
8	വൈദ്യുത ഉപകരണങ്ങൾ	4
9	വാണിജ്യ സ്ഥാപനങ്ങൾ	3
10	ഇലക്ട്രോണിക്സ് മേഖല	3
11	വസ്ത്ര നിർമ്മാണം	2
12	കളിമൺ വ്യവസായം	2
13	മറ്റുള്ളവ	6*

Source: Bureau of Public Enterprises, (2014) Government of Kerala

ഇന്ന് പ്രവർത്തിക്കുന്ന 95 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ 8 എണ്ണം സ്റ്റാറ്റ്യൂട്ടറി ബോഡികളാണ്. 61 എണ്ണം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലാണ്. 8 എണ്ണം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കൂട്ടുടമസ്ഥതയിലാണ്. സംസ്ഥാന സർക്കാരും സ്വകാര്യനിക്ഷേപകരും കൂട്ടുചേരുന്ന 10 സ്ഥാപനങ്ങളുണ്ട്. ഇതിനു പുറമെ ധനകാര്യ സ്ഥാപനങ്ങൾ, വിദേശ മലയാളികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവയുടെയെല്ലാം സംയുക്ത സംരംഭങ്ങളായി 8 സ്ഥാപനങ്ങളുണ്ട്.

മേൽപ്പറഞ്ഞ 95 പൊതുമേഖലാ സ്ഥാപനങ്ങളും 27 വകുപ്പുകൾക്കു കീഴിലാണ് പ്രവർത്തിക്കുന്നത്: കൃഷി-13, വ്യവസായം-38, ടൂറിസം-3, നികുതി-4, ലേബർ-3, എസ്.സി-എസ്.ടി-3, ആരോഗ്യം-2, പൊതുഭരണം-2, ഐ.ടി-2, ജലവിഭവം-2, ട്രാൻസ്പോർട്ട്-2, ടൂറിസം-2, സോഷ്യൽ ജസ്റ്റിസ്-2, മരാമത്ത്-2. ഇവയാണ് പ്രധാന ഭരണ വകുപ്പുകൾ. 82 കമ്പനികൾ കമ്പനീസ് ആക്ടിനു കീഴിൽ രൂപീകരിച്ചിട്ടുള്ളതാണ്. ബാക്കി 13 എണ്ണം പ്രത്യേക നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിലാണ് രൂപീകരിച്ചിട്ടുള്ളത്.

നഷ്ടവും സ്വകാര്യവൽക്കരണ നിർദ്ദേശങ്ങളും

2013-14 ലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം/നഷ്ടം പ്രകടനം വളരെ നിരാശാജനകമാണ്. ഇവയുടെ സഞ്ചിക നഷ്ടം 9196 കോടി രൂപയാണ്. 2013-14ൽ ആകെയുള്ള 95 സ്ഥാപനങ്ങളിൽ 47 എണ്ണം 857 കോടി രൂപയുടെ ലാഭമുണ്ടാക്കിയെങ്കിൽ, നഷ്ടത്തിലായ 48 കമ്പനികൾ ഉണ്ടാക്കിയ നഷ്ടം 1279 കോടി രൂപയാണ്. അതായത് 2013-14 വർഷത്തെ പൊതുമേഖലയുടെ മൊത്തം നഷ്ടം 422 കോടി രൂപയാണ്.

ഏറ്റവും കൂടുതൽ ലാഭം ഉണ്ടാക്കിയ 10 പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയാണ് (എല്ലാം കോടി രൂപയിൽ): കേരള സ്റ്റേറ്റ് ബിവറേജസ് (208), കെ.എസ്.എഫ്.ഇ (175), കെ.എസ്.ഇ.ബി (140), കെ.എഫ്.സി (67), കെ.എസ്.ഐ.ഡി.സി (43), പ്ലാന്റേഷൻ കോർപ്പറേഷൻ (28), കെ.ടി.ഡി.എഫ്.സി (26), കെ.എം.എം.എൽ (26), കൺസ്ട്രക്ഷൻ കോർപ്പറേഷൻ (17), റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ (16). ഏറ്റവും കൂടുതൽ നഷ്ടമുണ്ടാക്കിയ 10 സ്ഥാപനങ്ങൾ ഇവയാണ്: കെ.എസ്.ആർ.ടി.സി (570), കേരള വാട്ടർ അതോറിറ്റി (468), സിവിൽ സപ്ലൈസ് കോർപ്പറേഷൻ (52), കെ.എസ്.സി.ഡി.സി (32), ടെക്സ്റ്റൈൽസ് കോർപ്പറേഷൻ (22), ഹൗസിംഗ് ബോർഡ് (17), കെ.എസ്.ഡി.പി (10), കേരള ഓട്ടോമൊബൈൽസ് (7), കെ.ടി.ഡി.സി (7), സെയിൽ-എസ്.സി.എൽ ലിമിറ്റഡ് (7),

പൊതുമേഖലയുടെ സ്വകാര്യവൽക്കരണത്തിനു വേണ്ടി വാദിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത് ഈ നഷ്ടത്തെയാണ്. പക്ഷെ, ഇത് എല്ലാ വിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളുടെയും മൊത്തത്തിലുള്ള നഷ്ടമാണ്. ഇവയിൽ പല സ്ഥാപനങ്ങളും പബ്ലിക് യൂട്ടിലിറ്റീസ് ആണ്; ലാഭം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നവയല്ല. സാമൂഹ്യസേവനത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ളതാണ്. ക്ഷേമകാര്യ സ്ഥാപനങ്ങളും പബ്ലിക് യൂട്ടിലിറ്റീസും പ്രത്യേകം പരിഗണിക്കേണ്ടവയാണ്. വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചാണെങ്കിൽ രാഷ്ട്രീയ ഇച്ഛയുണ്ടെങ്കിൽ അവ ലാഭകരമായി പ്രവർത്തിപ്പിക്കാനാകുമെന്ന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തെളിയിച്ചിട്ടുണ്ട്.

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖല അടച്ചുപൂട്ടലിന്റെ വക്കിലായിരുന്നു. 2001-2006 ൽ അധികാരത്തിൽവന്ന യു.ഡി.എഫ് സർക്കാർ പൊതുമേഖല നവീകരണ കമ്മറ്റി (എന്റർപ്രൈസസ് റിഫോംസ് കമ്മറ്റി) രൂപീകരിക്കുകയുണ്ടായി. ചൗധരി കമ്മറ്റി എന്നറിയപ്പെടുന്ന ആ കമ്മറ്റി പല പൊതുമേഖല യൂണിറ്റുകളും അടച്ചുപൂട്ടുവാൻ നിർദേശിക്കുകയും സ്വകാര്യവൽക്കരിക്കേണ്ട സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു(കേരള സർക്കാർ 2001). ഈ ശുപാർശ പ്രകാരം 15 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും 24 എണ്ണം സ്വകര്യവൽക്കരിക്കാനും സർക്കാർ ഉത്ത

രവുകൾ ഇറക്കി. എന്നാൽ ഇടതുപാർട്ടികളുടെയും ജീവനക്കാരുടെയും ശക്തമായ പ്രതിരോധം മൂലം ചൗധരി കമ്മറ്റി നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ആ സർക്കാരിന് കഴിഞ്ഞില്ല (തോമസ് കെവി 2014). 2006-ൽ അധികാരത്തിലേറിയ ഇടതുപക്ഷ സർക്കാരിന് പൊതുമേഖല സ്ഥാപനങ്ങൾ പുനരുദ്ധരിക്കാനും വികസിപ്പിക്കാനുമുള്ള പദ്ധതികൾ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. രണ്ടാം അന്താരാഷ്ട്ര പഠന കോൺഗ്രസിൽ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങൾക്ക് അനുസൃതമായ ഒരു വ്യവസായ നയമാണ് 2006ൽ സർക്കാർ പ്രഖ്യാപിച്ചത്.

ഇതിൽ നിന്ന് കടകവിരുദ്ധമായ ഒരു സമീപനമാണ് പദ്ധതി പരിപ്രേക്ഷ്യം 2030ൽ ഉള്ളത്. പൊതുമേഖലാ വ്യവസായങ്ങളോടുള്ള പൂർണ അവഗണനയാണ് ഈ രേഖയുടെ മുഖമുദ്ര. യുഡിഎഫിന്റെ കഴിഞ്ഞ ഭരണത്തിൽ പ്രഖ്യാപിച്ചതുപോലെ പൊതുമേഖലയാകെ സ്വകാര്യവത്കരിക്കണമെന്നോ അടച്ചുപൂട്ടണമെന്നോ രേഖ നിർദ്ദേശിക്കുന്നില്ല. വ്യവസായം സംബന്ധിച്ച അധ്യായത്തിൽ ഒരു ഖണ്ഡിക പൊതുമേഖലയ്ക്കുവേണ്ടി നീക്കിവെച്ചിട്ടുണ്ട്. പൊതുമേഖലാ വ്യവസായങ്ങൾ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകളുടെ അവസാനം അവയുടെ സഞ്ചിതനഷ്ടവും നൽകിയിരിക്കുന്നു. ഇതിനപ്പുറം ഒരു സ്ഥാനവും പൊതുമേഖലയ്ക്ക് കർമ്മപരിപാടികൾ നൽകിയിട്ടില്ല. അവഗണിച്ചു നശിപ്പിക്കുക എന്നുള്ളതാണ് നയം.

2. ഇടതുമുന്നണി സർക്കാരിന്റെ പുനരുദ്ധാരണ നടപടികൾ

പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തികം, സാങ്കേതികം, മാനവശേഷി, വിപണനം, മാനേജ്മെന്റ്, ഭരണം എന്നിങ്ങനെ എല്ലാ മേഖലകളും ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണത്തിൻകീഴിൽ തകർന്നിരുന്നു. അതുകൊണ്ടുതന്നെ ഇവയെ പുനരുദ്ധരിക്കുന്നതിന് പുതിയതും വ്യതിരിക്തവുമായ സമീപനം ആവശ്യമായിരുന്നു. ഇതിനുവേണ്ടി വിവിധ മേഖലകളിലെ വിദഗ്ധരുമായി നിരന്തരം ചർച്ചകൾ നടത്തുകയും സർക്കാർ വകുപ്പുകളേയും, പൊതുമേഖലാ സ്ഥാപനമേധാവികളേയും, ബാങ്കുകളേയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളേയും, മാധ്യമങ്ങളേയും ഇത്തരം ചർച്ചകളുടെ ഭാഗമാക്കുകയും ചെയ്തു. ഈ മേഖലയുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, വിശകലനം ചെയ്ത് പരിഹാര മാർഗങ്ങൾ കണ്ടെത്തുന്നതിനും ട്രേഡ് യൂണിയനുകളുമായി ആശയ വിനിമയം നടത്തുകയുണ്ടായി. ഇത്തരം ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട്, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയും വികസനവും ലക്ഷ്യം വെച്ചുള്ള ഒരു കർമ്മ പദ്ധതി ആവിഷ്കരിക്കപ്പെട്ടു. നാഴികക്കല്ലുകൾ കൃത്യമായി അടയാളപ്പെടുത്തപ്പെട്ട മാർഗരേഖ തയ്യാറാക്കുകയും പദ്ധതി നടപ്പിൽ വരുത്തേണ്ട ഏജൻസികൾക്ക് അവർ കൈവരിക്കേണ്ട ലക്ഷ്യത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്തു. സൂക്ഷ്മതയോടെയുള്ള നിരീക്ഷണത്തിനും കുറ്റങ്ങളോ കുറവോ കണ്ടെത്തിയാൽ അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു (എളമരം കരീം 2011). ഇത്തരത്തിൽ നടപ്പിലാക്കിയ ചില പ്രധാന നടപടികൾ താഴെ വിവരിക്കുന്നു;

1. മാനേജ്മെന്റിന്റെ പുനഃസംഘടന: മിക്കവാറും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഏറ്റവും വലിയ ദൗർബല്യം, ഒട്ടും തന്നെ പ്രൊഫഷണലല്ലാത്ത, നിരുത്തരവാദപരമായ മാനേജ്മെന്റ് സംവിധാനമാണ്. ഭരണപരമായ കഴിവോ, വൈദഗ്ധ്യമോ കണക്കിലെടുക്കുന്നതിനു പകരം സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങളെ മുൻനിർത്തിക്കൊണ്ടാണ് പലപ്പോഴും ഇവയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത്. ഈ വിഷയത്തെ ഗൗരവമായി കണക്കിലെടുക്കാതെ പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും വളർത്തുന്നതിനുമുള്ള ഒരു പരിശ്രമവും ഉദ്ദേശിക്കുന്ന ഫലം നൽകില്ല. എന്നാൽ, ഇത്തരം പദവികളിലേക്ക് അനുയോജ്യരായ ഉദ്യോഗസ്ഥരെ കണ്ടെത്തുന്നതിന് ധാരാളം പരിമിതികളുണ്ടായിരുന്നു. അമിതമായ ബാഹ്യ ഇടപെടലുകളെക്കുറിച്ചുള്ള ആശങ്ക, വളർച്ചയ്ക്കും വികാസത്തിനുമുള്ള സാധ്യതക്കുറവ്, അനാകർഷകമായ പ്രതിഫലവും മറ്റ് സേവന വ്യവസ്ഥകളും തുടങ്ങിയവയൊക്കെ മിടുക്കരായ പ്രൊഫഷണലുകളെ ഇത്തരം പദവികൾ സ്വീകരിക്കുന്നതിൽനിന്ന് പിന്തിരിച്ചു.

   ഒന്നാം നിരയിൽ മാത്രമല്ല, സ്ഥാപനങ്ങളിലെ രണ്ടാം നിരയിലും സാരമായ തോതിൽ വിടവുകളുണ്ടായിരുന്നു. യുഡിഎഫ് ഭരണകാലത്ത് നടപ്പാക്കിയ സ്വയം വിരമിക്കൽ പദ്ധതിയിലൂടെ വിദഗ്ധരും പരിചയസമ്പന്നരുമായ ഒട്ടനവധി ഉദ്യോഗസ്ഥർ പൊതുമേഖലാ സ്ഥാപനങ്ങൾ ഉപേക്ഷിച്ച് പോയിരുന്നു (മണിമല, 1991). ഇതിനാൽ പ്രധാനമായും രണ്ട് വെല്ലുവിളികളാണ് സർക്കാരിന് ഇക്കാര്യത്തിൽ നേരിട്ടത്. (1) ഉയർന്ന പദവികളിലേക്ക് മാനേജ്മെന്റ് വിദഗ്ധരെ ആകർഷിക്കുക, (2) നിലവിലുള്ള ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക. ഉയർന്ന പദവികളിലേക്ക് മാനേജ്മെന്റ് വിദഗ്ധരെ ലഭിക്കുന്നതിനായി നിലവിലുണ്ടായിരുന്ന നിയമനരീതി തന്നെ തിരുത്തേണ്ടി വന്നു. പ്രത്യേകമായി സെലക്ഷൻ ബോർഡുകൾ രൂപീകരിക്കുകയും തുറന്ന പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിക്കുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. വിവിധ മേഖലകളിലെ പ്രധാനപ്പെട്ടതും ഉയർന്ന സാങ്കേതിക വിദ്യാഭ്യാസയോഗ്യത ആവശ്യമുള്ളതുമായ പദവികളിലേക്ക് പ്രൊഫഷണലുകളെ കണ്ടെത്തുന്നതിന് സെർച്ച് കമ്മിറ്റികൾ രൂപീകരിച്ചു. അവയുടെ കണ്ടെത്തലിലൂടെ പല സ്ഥാപനങ്ങൾക്കും വളരെ

നല്ല പ്രൊഫഷണലുകളെ ലഭിക്കുന്നതിനിടയായി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സേവന വേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തി. കമ്പനി തലത്തിലും ഫാക്ടറിതലത്തിലും സ്ഥിരമായി നടത്തിവന്നിരുന്ന ട്രെയിനിംഗ് പരിപാടികൾക്ക് പുറമേ, രണ്ടാം നിര ഉദ്യോഗസ്ഥരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും കഴിവ് വർദ്ധിപ്പിക്കുന്നതിലേക്കുമായി, വിദഗ്ധരുടെ സഹായത്തോടെ നിരന്തരം പരിശീലന പരിപാടികൾ പ്രത്യേകമായി സംഘടിപ്പിക്കുകയും അത്തരം ഉദ്യോഗസ്ഥരെ പരമാവധി പങ്കെടുപ്പിക്കുകയും ചെയ്തു.

2. ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവയുമായുള്ള ഇടപാടുകളുടെ തീർപ്പ്: പല പൊതുമേഖലാ സ്ഥാപനങ്ങളും ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ വായ്പകളെടുക്കുകയും എടുത്ത തുകയോ പലിശയോ സമയത്തിന് തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ ഭീമമായ കടക്കെണിയിൽപ്പെടുകയും ചെയ്തിരുന്നു. മാത്രമല്ല, കടവും കുടിശ്ശികയും തിരിച്ചടയ്ക്കാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങളുമായുള്ള ബന്ധം പലയിടത്തും വഷളാവുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ, ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ സാമ്പത്തികമായി തുടർന്ന് സഹായിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ അങ്ങേയറ്റം വിമുഖത കാണിച്ചു. ഇതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ മുന്നോട്ട് പോക്കിനെ മാത്രമല്ല, ദൈനംദിന പ്രവർത്തനങ്ങളെപ്പോലും സാരമായി ബാധിച്ചിരുന്നു. കടം കൂടിക്കൂടി ഇത്തരം കമ്പനികളുടെ ബാലൻസ് ഷീറ്റിന്റെ സ്ഥിതി വളരെ പരുങ്ങലിലായിക്കൊണ്ടിരുന്നു. ചില കമ്പനികളിൽ, അങ്ങേയറ്റം മോശമായ സാമ്പത്തിക സ്ഥിതി കാരണം നവീകരണ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയായിരുന്നു. ഇത്തരം സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്ക് സർക്കാരിന്റെ നേതൃത്വത്തിൽ ഒറ്റത്തവണ തീർപ്പാക്കൽ (One Time Settlement -OTS) പദ്ധതികൾ നടപ്പിലാക്കി. പ്രധാന കമ്പനികളുടെ സാമ്പത്തിക ബാധ്യത തീർക്കുന്നതിലേക്ക് ബഡ്ജറ്റിൽ പ്രത്യേകം തുക നീക്കിവയ്ക്കുന്നതുൾപ്പെടെ നടപടികൾ സ്വീകരിച്ചു. സാമ്പത്തികസ്ഥിതിയിൽ കാര്യമായ മാറ്റം വരുത്തുന്നതിനും ബാലൻസ് ഷീറ്റിലെ ബാധ്യത കുറച്ച് ബാങ്കുകളുടെ സഹായത്തോടുകൂടി പ്രവർത്തനം പുനരാരംഭിക്കുന്നതിനും ഛഠ മുഖേന പല സ്ഥാപനങ്ങൾക്കും സാധിച്ചു.

3. പ്രവർത്തന അവലോകനം: ഇടത് സർക്കാരിന്റെ ഭരണകാലയളവിലുടനീളം എല്ലാ മാസവും കൃത്യമായി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഉന്നത തലത്തിൽ അവലോകനം ചെയ്തിരുന്നു. ഇത്തരം അവലോകന മീറ്റിംഗുകളിൽ വകുപ്പ്മന്ത്രിമാർ തന്നെ നേരിട്ട് പങ്കെടുത്തിരുന്നു. കമ്പനികളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് അങ്ങേയറ്റം സഹായകമായ സംവിധാനമായിരുന്നു ഈ പ്രതിമാസ അവലോകനം. ലക്ഷ്യമിട്ടിരുന്ന ഉത്പാദനം കൈവരിച്ചോ എന്നും, സ്ഥാപനത്തിന്റെ അതാത് സമയത്തെ സാമ്പത്തിക സ്ഥിതിയും, ആധുനികവത്ക്കരണ/നവീകരണ പദ്ധതികളുടെ നടത്തിപ്പും ഒക്കെ ഇപ്രകാരം നിരന്തരം അവലോകനത്തിന് വിധേയമാക്കിയിരുന്നു.

4. വാർഷിക ബഡ്ജറ്റ്: വാർഷിക ബഡ്ജറ്റ് തയ്യാറാക്കേണ്ടത് സാങ്കേതികമായും നിയമപരമായും അവശ്യം വേണ്ട പ്രക്രിയ ആയിരുന്നുവെങ്കിലും, പല പൊതുമേഖലാ സ്ഥാപനങ്ങളും ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിച്ചിരുന്നില്ല. അതാത് വർഷത്തെ പ്രവർത്തനത്തെക്കുറിച്ചും നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ചുമൊക്കെ ഏകദേശ ധാരണയുണ്ടാക്കുന്നതിനും അതനുസരിച്ച് ഉത്പാദനത്തേയും മറ്റും ചിട്ടപ്പെടുത്തുന്നതിനും ബഡ്ജറ്റിംഗ് അത്യന്താപേക്ഷിതമാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ഫെബ്രുവരി മാസത്തിൽത്തന്നെ നിർദ്ദിഷ്ടരൂപത്തിൽ ബഡ്ജറ്റ് തയ്യാറാക്കി നൽകണമെന്ന് കർശന നിർദ്ദേശം നൽകുകയും 2007-08 മുതൽ ഇത് നടപ്പിൽ വരുത്തുകയും ചെയ്തു. ഇപ്രകാരം സമർപ്പിക്കപ്പെട്ട ബഡ്ജറ്റുകൾ ഉന്നത തലങ്ങളിൽ പരിശോധിക്കപ്പെട്ടു. വാർഷിക ബഡ്ജറ്റ് മീറ്റിംഗുകൾ നടത്തുകയും കമ്പനികൾ അവരുടെ ബഡ്ജറ്റുകൾ പ്രസ്തുത യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങൾ കമ്പനികളുടെ പ്രവർത്തനത്തെ ക്രോഡീകരിക്കുന്നതിനും, അവരുടെ ആഭ്യന്തര സംവിധാനങ്ങളേയും പ്രവർത്തനങ്ങളേയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, ലക്ഷ്യം വെച്ച ഉത്പാദനത്തോത് കൈവരിക്കുന്നതിനും സഹായിച്ചു.

5. ഓഡിറ്റിംഗ്: പല പൊതുമേഖലാ സ്ഥാപനങ്ങളിലും ഓഡിറ്റിംഗ് സമയ ബന്ധിതമായി നടത്തിയിരുന്നില്ല. പത്തു വർഷത്തിലേറെയായി ആഡിറ്റ് ചെയ്യപ്പെടാത്ത സ്ഥാപനങ്ങളുമുണ്ടായിരുന്നു. അവയിൽ പലതിനും യാതൊരുവിധ സാമ്പത്തിക ആസൂത്രണവുമില്ലായിരുന്നുവെന്ന് മാത്രമല്ല, നൽകിയ കണക്കുകൾ യാഥാർത്ഥ്യവുമായി പലപ്പോഴും പൊരുത്തപ്പെടാത്തവയുമായിരുന്നു. പല സ്ഥാപനങ്ങളിലേയും ഇന്റേണൽ ഓഡിറ്റർമാർ യഥാർത്ഥ പ്രശ്നങ്ങളെ പുറത്ത് കൊണ്ടുവരാതിരിക്കുകയും പലപ്പോഴും മാനേജ്മെന്റിന്റെ തെറ്റായ പ്രവണതകളെ കണ്ടില്ലെന്ന് നടിക്കുകയും ചെയ്തിരുന്നു. ഇത്തരം പ്രശ്നങ്ങളെ നേരിടുന്നതിനായി സർക്കാർ മുൻകയ്യെടുത്ത് ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ ഒരു പട്ടിക തയ്യാറാക്കുകയും അവരിൽനിന്നുതന്നെ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കുന്നതിനും മൂന്ന് വർഷം കൂടുമ്പോൾ അവരെ മാറ്റി നിയമിക്കുന്നതിനുമുള്ള നിർദ്ദേശം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തു. കുടിശ്ശികയായ ഓഡിറ്റുകൾ തീർക്കുന്നതിലേക്കായി ഓഡിറ്റർ ജനറലിന്റെ

സഹായത്തോടെ ഒരു അതിവേഗ സമ്പ്രദായം'നടപ്പിൽവരുത്തി. ഓഡിറ്റർ ജനറലിന്റെ അനുമതിയോടെ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് നടപ്പാക്കിയ കൺകറന്റ് ഓഡിറ്റിംഗ് സംവിധാനം വളരെയേറെ ഫലപ്രദമായിരുന്നു. ഇപ്രകാരം പ്രവർത്തനത്തിലുണ്ടായിരുന്ന ഒട്ടുമിക്ക യൂണിറ്റുകളിലും നാലു വർഷത്തിനുള്ളിൽ ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തിയാക്കുന്നതിന് സാധിച്ചു.

6. പരസ്പര പിന്തുണയും സഹകരണവും: വ്യത്യസ്ത പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിൽ പരസ്പരം സഹായിക്കുന്നതിനും യോജിച്ച് പ്രവർത്തിക്കാവുന്ന മേഖലകളിൽ സംയോജിത പ്രവർത്തനം നടത്തുന്നതിനും സർക്കാർതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പല സ്ഥാപനങ്ങളും സമാന മേഖലയിൽ പ്രവർത്തിക്കുന്നവയാകയാൽ അസംസ്കൃതവസ്തുക്കൾ ഒരുമിച്ച് വാങ്ങുന്നതിനും, സാങ്കേതിക സഹായങ്ങൾ പരസ്പരം നൽകുന്നതിനും, അനാരോഗ്യകരമായ പരസ്പര മത്സരം ഒഴിവാക്കുന്നതിനുമെല്ലാം ഇത്തരത്തിലുള്ള സംയോജിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചതിലൂടെ സാധിച്ചു. സാമ്പത്തിക പ്രശ്നമനുഭവിച്ചിരുന്ന സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട ധനസ്ഥിതിയുള്ളവയിൽനിന്നും സഹായം നൽകി. ഉത്പന്നങ്ങളും സേവനവും വാങ്ങുന്നതിനും വിൽക്കുന്നതിനും പൊതുമേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തി. സർക്കാർ വകുപ്പുകളുടെ സഹകരണവും ഇതിനായി ഉറപ്പാക്കി. ഉദാഹരണത്തിന്, ആരോഗ്യ വകുപ്പിന് ആവശ്യമുള്ള 35 മരുന്നുകൾ കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽനിന്ന് മാത്രം വാങ്ങുന്നുവെന്ന് ഉറപ്പ് വരുത്തി. കൂടാതെ വൈദ്യുതി ബോർഡിന് ആവശ്യമായ, കോടിക്കണക്കിന് രൂപയുടെ മൂല്യമുള്ള ഉത്പന്നങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കമ്പനി ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്നിങ്ങനെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുതന്നെ വാങ്ങുന്നതിന് ഏർപ്പാടുകളുണ്ടാക്കി.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികളുടെ ഒരു സംയുക്ത യോഗം വിളിച്ച് ചേർക്കുകയും സർക്കാരിന്റെ ഇതര വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും മറ്റും തമ്മിലുള്ള പരസ്പര സഹകരണത്തിന്റേയും പിന്തുണയുടേയും ആവശ്യകത അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഇതേത്തുടർന്ന് പല പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാരിലെ മറ്റ് വകുപ്പുകളും സ്ഥാപനങ്ങളുമായി ബിസിനസ്സ് ബന്ധം പുലർത്തുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പ് വെച്ചു. ഇത്തരം പ്രവർത്തനങ്ങൾ സ്ഥാപനങ്ങൾക്ക് തുടർച്ചയായ വിതരണ വിപണന സാധ്യതകൾ ഉറപ്പാക്കി.

7. കേന്ദ്ര പൊതുമേഖലയുമായും ഗവൺമെന്റുമായുമുള്ള ബന്ധം: സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനില്പിനും, വളർച്ചയ്ക്കും, വികാസത്തിനും, സാങ്കേതിക നവീകരണത്തിനും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ബന്ധം വഴിവെക്കുമെന്നുള്ളത് തികച്ചും നൂതനമായ ഒരു ആശയമായിരുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ പുതിയ പദ്ധതികൾക്കും ആധുനികവത്ക്കരണത്തിനും വേണ്ടി വൻതോതിൽ നിക്ഷേപം നടത്തുന്നതിന് സംസ്ഥാന ഖജനാവിന് പരിമിതിയുള്ള സാഹചര്യത്തിൽ ചില സ്ഥാപനങ്ങളുടെയെങ്കിലും കാര്യത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ബന്ധപ്പെടലും സംയോജിത പ്രവർത്തനവും അവയ്ക്ക് വളരെയധികം പ്രയോജനം ലഭിക്കുന്നതിനിടയാക്കുമെന്ന് വിലയിരുത്തപ്പെട്ടു. പരീക്ഷണാടിസ്ഥാനത്തിൽ മൂന്ന് സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയോജിത പ്രവർത്തനത്തിനായി തെരഞ്ഞെടുക്കപ്പെട്ടു. ടെൽക്ക്-എൻ.ടി.പി.സി, സ്റ്റീൽ കോംപ്ലക്സ്- സെയിൽ, കെൽ-ഭെൽ എന്നിവയായിരുന്നു അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവ. പ്രധാനമായും മെഷീൻ വർക്കുകൾ ചെയ്തു വന്നിരുന്ന കെൽ ടെക്ക് എന്ന കമ്പനി ബ്രഹ്മോസ് ലിമിറ്റഡ് എന്ന കമ്പനി ഏറ്റെടുത്തു. സിൽക്ക്, ആട്ടോകാസ്റ്റ് എന്നിവയും ഇന്ത്യൻ റെയിൽവേയുമായി ചേർന്ന് ഒരു സംയോജിത പദ്ധതിക്ക് രൂപം നൽകിയെങ്കിലും പിന്നീട് ഈ പദ്ധതിയിൽനിന്ന് റെയിൽവേ ഏകപക്ഷീയമായി പിന്മാറിയതിനാൽ അത് നടപ്പായില്ല.

8. ലയനവും സംയോജനവും: സമാനസ്വഭാവമുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളെ തമ്മിൽ ലയിപ്പിച്ചുകൊണ്ട് അവയുടെ പ്രവർത്തനത്തെ കൂടുതൽ മികവുറ്റതാക്കുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചു. അത്തരമൊരു നീക്കം സ്ഥാപനങ്ങളുടെ ചെലവ് കുറക്കുന്നതിനും സാങ്കേതിക, സാമ്പത്തിക, വിപണന, മാനവശേഷി മേഖലകളിലെ സഹകരണം ഊട്ടിയുറപ്പിക്കുന്നതിനുമിടയാക്കുമെന്ന് ധാരണയായി. മാത്രമല്ല, വിപണിയിലെ വെല്ലുവിളികൾ നേരിടുന്നതിന് ഒരു വലിയ സ്ഥാപനത്തിന് കൂടുതൽ കരുത്തുണ്ടാകുമെന്നും വിലയിരുത്തപ്പെട്ടു. ഇതിലേക്കുള്ള ആദ്യ ചുവടായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ പ്രോഡക്ട്സ് ട്രേഡിംഗ് കോർപ്പറേഷൻ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ ലയിപ്പിക്കപ്പെട്ടു. അതേപോലെ, സീതാറാം ടെക്സ്റ്റൈൽ മിൽസും, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ ലയിപ്പിക്കപ്പെട്ടു. കണ്ണൂരിലുള്ള കെൺട്രോൾ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കെൽട്രോൺ മാഗ്നറ്റിക്സ് ലിമിറ്റഡ്, കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡ്, കെൽട്രോൺ റെസിസ്റ്റേഴ്സ്

ലിമിറ്റഡ് എന്നിവ ലയിപ്പിച്ചു കൊണ്ട് ഒരു കമ്പനിയാക്കി. ഇത്തരം ശ്രമങ്ങൾ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിന് അങ്ങേയറ്റം പ്രയോജനപ്പെടുമായിരുന്നുവെങ്കിലും തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ് ഗവൺമെന്റ് ഈ ദിശയിൽ യാതൊരു തുടർ നീക്കവും നടത്തുകയുണ്ടായില്ല.

9. അടഞ്ഞുകിടന്ന സ്ഥാപനങ്ങളുടെ പുനരാരംഭിക്കലും ആസ്തികൾ വീണ്ടെടുക്കലും: 2006ൽ എൽഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ 17 യൂണിറ്റുകൾ പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുകയായിരുന്നു. അവയിൽ ചിലവ ലിക്വിഡേറ്റ് ചെയ്യപ്പെടുന്നതിന് ബി.ഐ.എഫ്.ആർ ഉത്തരവ് ലഭിച്ചവയായിരുന്നു. അവ പൂർണ്ണമായി അടയ്ക്കുന്നതിനും അവയുടെ ആസ്തികൾ പിടിച്ചെടുത്ത് വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും സർക്കാർ തീരുമാനമെടുത്തിരുന്നു. ഔദ്യോഗികമായി പൂട്ടുന്നതിന് തീരുമാനമെടുത്തിരുന്ന ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, ഇടതു മുന്നണി ഗവണ്മെന്റ് ഹൈക്കോടതി ഉത്തരവിലൂടെ തിരിച്ചുപിടിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിൽ ലയിപ്പിച്ചുകൊണ്ട് അതിനെ ഒരു ഓപ്പൺ എന്റ് സ്പിന്നിംഗ് മില്ലായി പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സോപ്പ്, ഡിറ്റർജന്റ്, ഭക്ഷ്യഎണ്ണകൾ എന്നിവ ഉത്പാദിപ്പിച്ചിരുന്ന കേരള സോപ്സ് ആന്റ് ഓയിൽസ്, മുൻ യുഡിഎഫ് സർക്കാരിന്റെ കാലത്ത് തന്നെ പൂട്ടിയിരുന്നു. ഈ സ്ഥാപനത്തിന്റെ കാമ്പസ്സിനുള്ളിൽ ഇടതു സർക്കാർ 7.5 കോടി രൂപ മുതൽമുടക്കിക്കൊണ്ട് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. പൂട്ടപ്പെട്ട മറ്റനേകം സ്ഥാപനങ്ങളുടെ ഭൂസ്വത്തും, ആസ്തികളും സർക്കാരിന്റെ അനുമതിയോടെ പ്രയോജനകരമായ കാര്യങ്ങൾക്കായി വിനിയോഗിച്ചു.

ഈ മേഖലയിൽ എൽഡിഎഫ് സർക്കാരിന്റെ ഏറ്റവും പ്രധാന സംഭാവനയായി എടുത്തുപറയേണ്ടത് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ആധുനികവത്ക്കരണത്തിനും വേണ്ടി സ്വീകരിച്ച ഉറച്ച നിലപാടും നടപടികളുമാണ് (ഗോപകുമാർ കെ., 2011). പല സ്ഥാപനങ്ങളുടേയും സാങ്കേതിക മേഖല കാലാനുസൃതമായി പരിഷ്കരിച്ചു. കൂടാതെ മറ്റ് മേഖലകളായ, ഫൈനാൻസിലും, മാർക്കറ്റിങ്ങിലും, ഹ്യൂമൻ റിസോഴ്സിലും ഒക്കെത്തന്നെ വളരെ ശാസ്ത്രീയമായ സമീപനം സ്വീകരിച്ചു. അനേകം കമ്പനികളിൽ ഉത്പാദനം കൂട്ടിയതോടൊപ്പം, നൂതനമായ തന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് വിപണനം വർദ്ധിപ്പിച്ചു. ഈ രീതിയിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനു വേണ്ടി നടത്തിയ നീക്കങ്ങൾക്ക് പുറമേ, പുതുതായി പത്ത് യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 170 കോടി രൂപയുടെ മൂലധന നിക്ഷേപവും നടത്തുകയുണ്ടായി. ഈ തുക, ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ മിച്ചഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്. ഇരുപത്തഞ്ചോളം വർഷങ്ങളുടെ ഇടവേളയ്ക്ക് ശേഷമാണ് പൊതുമേഖലയിൽ ഇത്രയും വലിയൊരു നിക്ഷേപം കേരളത്തിൽ നടത്തപ്പെട്ടത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി ബഡ്ജറ്റിൽ തുക നീക്കിവെക്കുക പതിവുണ്ടായിരുന്നെങ്കിലും പലപ്പോഴും ആ തുക സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനമായോ, നിത്യനിദാനം നടത്തുന്നതിനു വേണ്ടിയോ ചെലവഴിക്കപ്പെട്ടിരുന്നു. സ്ഥാപനങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് ഇതും ഒരു കാരണമായിരുന്നു.

ഇന്നത്തെ അവസ്ഥ

ഉറച്ച രാഷ്ട്രീയ ഇച്ഛാശക്തിയുടെ പിൻബലത്തോടെ പ്രവർത്തിക്കുന്നപക്ഷം, പൊതുമേഖലാ സ്ഥാപനങ്ങളെ വളരെ കാര്യക്ഷമമായും ഫലപ്രദമായും നടത്താമെന്നും അവയെ കൂടുതൽ വിപുലപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സാധിക്കുമെന്നും 2006-11 കാലയളവിലെ പ്രവർത്തനത്തിലൂടെ എൽഡിഎഫ് സർക്കാർ തെളിയിച്ചു. പൊതുവേ പ്രചരിപ്പിക്കപ്പെടുന്നപോലെ, ഈ സ്ഥാപനങ്ങൾക്ക് സ്വതസിദ്ധമായ ദൗർബ്ബല്യങ്ങളോ കഴിവുകുറവോ ഇല്ല എന്നതാണ് വാസ്തവം. മറിച്ച് സർക്കാരിന്റെ പിന്തുണയുണ്ടെങ്കിൽ ഏതൊരു സ്വകാര്യസ്ഥാപനത്തെക്കാളും മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാധിക്കുമെന്ന് തെളിഞ്ഞു. എന്നാൽ, ഇതിനായി തത്വദീക്ഷയുള്ള, ശാസ്ത്രീയമായ ഭരണരീതി അവലംബിക്കണമെന്ന് മാത്രം. എന്നാൽ, നേരത്തേ സൂചിപ്പിച്ച പോലെ തുടർന്നുവന്ന യുഡിഎഫ് സർക്കാർ, രാഷ്ട്രീയ കാരണങ്ങൾ കൊണ്ടുതന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ പുഷ്ടിപ്പെടുത്തുന്ന, ഇത്തരമൊരു സമീപനം സ്വീകരിച്ചില്ല, തത്ഫലമായി അവ വളരെ മോശപ്പെട്ട പ്രകടനമാണ് നിലവിൽ കാഴ്ച വെക്കുന്നത്.

പൊതുമേഖല നേരിടുന്ന ഏറ്റവും ഗൗരവമായ പ്രശ്നം വികസന നയങ്ങളിൽ തുടർച്ച ഉണ്ടാകുന്നില്ല എന്നതാണ്. 1991 മുതൽ മാറി മാറി വന്ന ഇടത്-വലത് സർക്കാരുകളുടെ സമീപനങ്ങൾ പരിശോധിച്ചാൽ ഇത് വളരെ വ്യക്തമാകും. ഇപ്പോൾ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ് സർക്കാർ ഔപചാരികമായി നയങ്ങളിൽ വ്യത്യാസം വരുത്തിയില്ലെങ്കിലും അവയുടെ നടത്തിപ്പ് തുരങ്കം വച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയ 9 പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് പ്രവർത്തനരഹിതമാണ്. പ്രൊഫഷണൽ മാനേജ്മെന്റിനു പകരം പാർശ്വവർത്തികൾ മേധാവികളായി. ഓരോ പൊതുമേഖലാ സ്ഥാപനവും വീണ്ടും ഒറ്റപ്പെട്ട തുരുത്തുകളായി. പൊതുമേഖലയ്ക്കുള്ള ബഡ്ജറ്റ് പിന്തുണ കുറഞ്ഞു. പൊതുമേഖല വീണ്ടും നഷ്ടത്തിലേക്ക് പോയി. ഈ രണ്ട് കാലഘട്ടം തമ്മിലുള്ള അന്തരം താഴെ കൊടുത്തിരിക്കുന്ന ഗ്രാഫിൽ വ്യക്തമായി കാണാം. ഈ സ്ഥിതിവിശേഷത്തിൽനിന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ വീണ്ടും പുനരുദ്ധരിക്കേണ്ടത് വികസന വെല്ലുവിളിയായിത്തീർന്നിരിക്കുന്നു.

പട്ടിക 9.2
പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ
ലാഭനഷ്ടം (2004-05/2012-13)
(തുക കോടിയിൽ)



Source: Bureau of Public Enterprises, Government of Kerala, Relevant years.

3. മുന്നോട്ടുള്ള മാർഗനിർദ്ദേശങ്ങൾ

പൊതുമേഖലയുടെ പുനരുദ്ധാരണവും വിപുലീകരണവും 2006-07/2010-11 കാലത്തെക്കാൾ സങ്കീർണ്ണവും ദുഷ്കരവുമായിരിക്കും. ഒറ്റത്തവണ തീർപ്പെന്ന് പറഞ്ഞാണ് പലതും അന്ന് തീർപ്പാക്കിയത്. ഉദാഹരണത്തിന്, ബാങ്കുകളുടെ വായ്പ വെട്ടിക്കുറച്ച് സർക്കാർ ബാധ്യത ഏറ്റെടുത്തത് വീണ്ടും ആവർത്തിക്കാൻ ബാങ്കുകൾ തയ്യാറാകണമെന്നില്ല. പല സ്ഥാപനങ്ങളിലും അന്ന് വാങ്ങിയ യന്ത്രസാമഗ്രികളും മറ്റും വിനിയോഗിക്കാതെ പാഴായിപ്പോയിട്ടുണ്ട്. ഏറ്റവും നല്ല ഉദാഹരണം, 42 കോടി രൂപ ചെലവഴിച്ച് സ്പിന്നിംഗ്, വീവിംഗ് യന്ത്രങ്ങൾ പുതുതായി സ്ഥാപിച്ച ആലപ്പുഴയിലെ കേരള സ്പിന്നേഴ്സാണ്. ഇതുവരെ ഒരു ദിവസം പോലും ആ ഫാക്ടറി ഓടിയിട്ടില്ല. യന്ത്രങ്ങൾ പലതും തുരുമ്പിച്ചുപോയി. കെ.എസ്.ഡി.പിയുടെ 36 കോടി രൂപയുടെ പുതിയ ബീറ്റാ ലാക്ടം ഫാക്ടറി ഗോഡൗണായിട്ടാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. മാനേജ്മെന്റ് ആകെ കുത്തഴിഞ്ഞു. പക്ഷെ, നിലവിലുള്ള പൊതുമേഖലയെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള ഒരു അജണ്ട ഇടതുപക്ഷത്തിന്റേതാകാൻ കഴിയില്ല.

പൊതുമേഖല തമ്മിലുള്ള ഏകോപനം

1. ഒരേ തരം ഉത്പാദന രീതിയും, ഉല്പന്ന മാതൃകകളും പിന്തുടരുമ്പോഴും ഉത്പാദനത്തിന്റെയോ, വിപണനത്തിന്റെയോ മേഖലകളിൽ സഹകരിക്കുന്നതിന് പല സ്ഥാപനങ്ങളും തയ്യാറാകുന്നില്ല. മാത്രമല്ല, ഒരു സ്ഥാപനത്തിന്റെ ഉല്പന്നം മറ്റൊരു സ്ഥാപനത്തിന് തികച്ചും ആവശ്യമായിരിക്കുന്ന സാഹചര്യത്തിൽപ്പോലും അവ തമ്മിൽ കൊടുക്കൽ വാങ്ങലിന് ധാരണയുണ്ടാക്കുന്നതിനു പകരം തുറന്ന വിപണിയിൽനിന്നും ആവശ്യമായത് വാങ്ങുന്ന ശീലം തുടരുന്നു. സർക്കാരിന്റെ ഇതര വകുപ്പുകളും, കൊടുക്കൽ വാങ്ങലുകളിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ മുൻഗണനയോ, വിലയിൽ പ്രത്യേക ആനുകൂല്യമോ നൽകുന്നതായി കണ്ടുവരുന്നില്ല. സാമ്പത്തിക മേഖലയുടേയോ, മാനവശേഷിയുടേയോ വിപണനത്തിന്റെയോ കാര്യത്തിലും സംയോജിത പ്രവർത്തനത്തിനോ, സഹകരണത്തിനോ ഗവണ്മെന്റ് വകുപ്പുകളും ഇതര പൊതുമേഖലാ സ്ഥാപനങ്ങളും തയ്യാറാവുന്നില്ല.

2. പല സ്ഥാപനങ്ങൾക്കും ആവശ്യമായ എല്ലാ യന്ത്രങ്ങളോ മറ്റ് പശ്ചാത്തല സൗകര്യങ്ങളോ സ്വന്തമായി വാങ്ങി ഉപയോഗിക്കാൻ കഴിയാത്തതിനാൽ സ്ഥാപനത്തിന്റെ മുഴുവൻ ഉത്പാദനശേഷിയും ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. മാത്രമല്ല, വല്ല നിക്ഷേപം നടത്തി അത്തരമൊരു യന്ത്രം വാങ്ങിയാൽ തന്നെ അത് ഭാഗികമായി മാത്രമേ അവർക്ക് ഉപയോഗിക്കേണ്ടതുള്ളൂവെങ്കിലും അത്തരമൊരു യന്ത്രം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും സ്ഥാപനം മടിക്കും. ഇത്തരം സാഹചര്യത്തിൽ, സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഇടങ്ങളിൽ, ഇത്തരം യന്ത്രങ്ങൾ, സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള സമയത്ത് ലഭിക്കുന്ന രീതിയിൽ 'കോമൺ ഫെസിലിറ്റി സെന്റേഴ്സ് ആരംഭിക്കാവുന്നതാണ്. ഒന്നിലധികം സമാന സ്ഥാപനങ്ങൾ ചേർന്നും ഇത്തരം ക്ലസ്റ്ററുകൾ നടത്താവുന്നതാണ്.

3. ഒരേ തരം ഉത്പാദനരീതി പിന്തുടരുന്ന, സമാന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന (സമാന സ്വഭാവമുള്ള സേവനം നൽകുന്ന) സ്ഥാപനങ്ങളെ തമ്മിൽ ലയിപ്പിച്ച് ഏക സ്ഥാപനം ആക്കുക. ഇത് സ്ഥാപനത്തിന്റെ വലുപ്പം വർദ്ധിപ്പിക്കുന്നതിനും പുതിയ കാലത്തെ വിപണിയിലെ മത്സരത്തെ നേരിടാൻ അതിനെ കരുത്തുള്ളതാക്കുന്നതിനും ഇടയാക്കും. പ്രത്യേക സ്ഥാപനങ്ങളായിരുന്നപ്പോഴുണ്ടായിരുന്ന വിവിധ ആസ്തികളും മാനവശേഷിയുമൊക്കെ ഒരുമിച്ച് ചേർക്കുന്നത് പുതിയ വലിയ സ്ഥാപനത്തിന് ശക്തി പകരുകയും ചെയ്യും.

4. കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുസംരംഭങ്ങൾ ഉണ്ടാക്കുന്നതിൽ ചില പരീക്ഷണങ്ങൾ നാം നടത്തുകയുണ്ടായെങ്കിലും അത്തരം പൊതുസംരംഭങ്ങളുടെ മുഴുവൻ പ്രയോജനവും ഉപയോഗപ്പെടുത്താൻ നമുക്കിനിയും കഴിഞ്ഞിട്ടില്ലെന്നതാണ് വാസ്തവം. അന്യ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്നും നമുക്ക് പൊതു സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. പരസ്പരം പ്രയോജനകരമായ രീതിയിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിച്ചുള്ള പൊതുസംരംഭങ്ങളുടെ സാധ്യതകൾ ആലോചിക്കേണ്ടതാണ്.

5. ഭരണപരമായ ചുമതല ഒരു സർക്കാർ വകുപ്പിന്റെ കീഴിലായിരിക്കുകയും എന്നാൽ മറ്റ് വകുപ്പുകളുടേയോ അവയുടെ കീഴിലുള്ള സ്ഥാപനങ്ങളുടേയോ ആവശ്യത്തിലേക്കായുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ ഭരണച്ചുമതല അവയുടെ ഉല്പന്നം/സേവനം ഉപയോഗിക്കുന്ന വകുപ്പിന്റെ കീഴിലാക്കുന്നത് കൂടുതൽ നല്ലതാണ്. ഉദാഹരണത്തിന് കെ.എസ്.ഡി.പി ഉല്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കൾ ആരോഗ്യ വകുപ്പും അതിന് കീഴിലുള്ള ആശുപത്രികളുമാണ്. എന്നാൽ നിലവിൽ കെ.എസ്.ഡി.പിയുടെ ഭരണം വ്യവസായ വകുപ്പിനാണ്. ഇത്തരം സാഹചര്യത്തിൽ ആ സ്ഥാപനത്തിന്റെ ഭരണം ആരോഗ്യ വകുപ്പിനെ ഏല്പിക്കാവുന്നതാണ്.

6. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനുകൾ തമ്മിൽ അടിസ്ഥാനപരമായ വൈജാത്യം പുലർത്തുന്നതായി കാണാം. ഇതുമൂലം സ്ഥാപനങ്ങളുടെ ഘടനാരൂപത്തിലും (Organizational Structure), പ്രവർത്തന രീതികളിലും കാര്യമായ അന്തരമുണ്ടാകുന്നു. അതിനാൽ ഇക്കാര്യം പ്രത്യേകമായി പഠിച്ച് പ്രശ്നം പരിഹരിക്കണം.

7. നഷ്ടത്തിലായ ഒട്ടനവധി സ്ഥാപനങ്ങളുണ്ട്. ചിലവ കാര്യമായ ലാഭമുണ്ടാക്കുന്നുമുണ്ട്. ലാഭമുണ്ടാക്കുന്നവ നിയമം നിർദ്ദേശിക്കുന്ന തോതിൽ കോർപ്പറേറ്റ് ടാക്സ് അടയ്കുന്നുമുണ്ട്. ഇൻകം ടാക്സ് ആക്ട് 1961 പ്രകാരം, നഷ്ടമുണ്ടാകുന്ന ഒരു സ്ഥാപനത്തെ സഹായിക്കുന്നതിനായി വൻ നിക്ഷേപം നടത്തുന്ന ഒരു കമ്പനിക്ക് നിയമ പ്രകാരമുള്ള ടാക്സ് ആനുകൂല്യത്തിന് യോഗ്യതയുണ്ട്. അതിനാൽ ലാഭമുണ്ടാക്കുന്നവയെക്കൊണ്ട് നഷ്ടമുള്ള നഷ്ടത്തിലായ യൂണിറ്റുകളെ ഏറ്റെടുപ്പിക്കുന്നതിന് വിശദമായ പദ്ധതി തയ്യാറാക്കി പ്രാവർത്തികമാക്കാവുന്നതാണ്.

8. സംസ്ഥാനത്ത്, സാമ്പത്തികമായ പിന്നോക്കാവസ്ഥയും, തുച്ഛമായ പ്രവർത്തന ശേഷിയും മൂലം ഉത്പാദനമേഖലയിൽ യാതൊരു സ്വാധീനവുമില്ലാത്ത ഒട്ടേറെ സ്ഥാപനങ്ങളുണ്ട്. കാലഹരണപ്പെട്ട ഉത്പാദന രീതികളും, വിപണിയിലാവശ്യക്കാരില്ലാത്ത ഉത്പന്നങ്ങളുമായി ഇന്നും പേരിന് പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ വ്യവസായ വേദിയിൽ യാതൊരു രീതിയിലുള്ള പങ്കും ഒരു കാലത്തും വഹിക്കുന്നതിന് ഇവയ്ക്ക് സാധിച്ചിട്ടില്ല. അതുപോലെതന്നെ, ചില കമ്പനികൾ അത്തരം വിപുലീകരണത്തിനോ, വൈവിധ്യവത്കരണത്തിനോ സാധ്യമല്ലാത്ത അവസ്ഥയിലെത്തപ്പെടാറുണ്ട്. അത് പലപ്പോഴും അവ സ്ഥാപിക്കപ്പെട്ടതിന്റെ ഉദ്ദേശ്യ ലക്ഷ്യം തന്നെ ഇല്ലാതായിത്തീർന്നിട്ടുണ്ടായിരിക്കും. ഇത്തരം സാഹചര്യങ്ങളിൽ ഈ കമ്പനികളുടെ പാഴാകുന്ന ആസ്തികൾ മറ്റു കമ്പനികളുടെ പുനരുദ്ധാരണത്തിനോ പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടിയോ ഉപയോഗപ്പെടുത്തേണ്ടതാണ്.

സാങ്കേതികവിദ്യാ നവീകരണം

9. ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളും അവ പിന്തുടരുന്ന സാങ്കേതികവിദ്യകളേയോ, ഉത്പാദന രീതികളേയോഇടയ്ക്കിടെ വിലയിരുത്തുന്നതിനോ അവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനോ ശ്രദ്ധ ചെലുത്താറില്ല. അതിനാൽ സാങ്കേതിക ശാസ്ത്രം വൻ പുരോഗതി കൈവരിച്ചുവെങ്കിലും പ്രായോഗികതലത്തിൽ അതിന്റെ പ്രയോജനമുണ്ടക്കാൻ നമ്മുടെ സ്ഥാപനങ്ങൾക്കിനിയും കഴിഞ്ഞിട്ടില്ല. ശാസ്ത്ര-സാങ്കേതിക മേഖലയിലെ പുതിയ നേട്ടങ്ങൾ പകർത്തി ഉത്പാദനരീതികൾ

പരിഷ്കരിക്കുന്നതിനോ, അതുവഴി ചെലവും മലിനീകരണവും കുറയ്ക്കുന്നതിനോ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. പുതിയ സാങ്കേതിക വിദ്യ കൈവരിക്കാനുള്ള സാമ്പത്തിക പരിമിതിയും, നിലവിലുള്ള മാനവശേഷിയിലെ പോരായ്മകളും ഒരളവുവരെ ഇത്തരം സാങ്കേതിക പിന്നോക്കാവസ്ഥയ്ക്ക് കാരണമാവുന്നുണ്ട്. ഏതു കാരണം കൊണ്ടായാലും, നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് നിർമ്മിച്ച ഉല്പന്നങ്ങളോട് മത്സരിച്ച് വിപണിയിൽ മുന്നിലെത്താൻ കഴിയാത്ത അവസ്ഥയാണ് ഇവയ്ക്കുള്ളത്. ഇതു പരിഹരക്കണം,

10. പൊതുമേഖലയിൽ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങളുടെ കുറവുണ്ട്. വൻകിട സ്ഥാപനങ്ങളിൽപ്പോലും വേണ്ട രീതിയിൽ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നില്ല. അതിനാൽ സ്ഥാപനത്തിനുള്ളിൽ തന്നെ ആവശ്യമായ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിനോ പുറത്ത് മറ്റ് ഗവേഷണ സ്ഥാപനങ്ങളിൽ വികസിപ്പിച്ചെടുത്തവ യഥാസമയം സ്വായത്തമാക്കി സ്ഥാപനത്തിൽ നടപ്പാക്കുന്നതിനോ സാധിക്കുന്നില്ല. ഇത് സ്ഥാപനത്തിന്റെ സാങ്കേതികമായ പിന്നോക്കാവസ്ഥയ്ക്ക് കാരണമാകുന്നു. സാമ്പത്തിക പരിമിതിയോടൊപ്പം അജ്ഞതയും ഒരളവുവരെ 'സ്റ്റേറ്റ് ഓഫ് ദ ആർട്ട് ടെക്നോളജി' യഥാസമയം സ്വീകരിക്കുന്നതിനെ തടസ്സപ്പെടുത്തുന്നുണ്ട്. ലോകമെമ്പാടും ഇത്തരം വിഷയങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനും സ്ഥാപനങ്ങൾക്ക് അനുയോജ്യമായവ കണ്ടെത്തി ആവശ്യമായ രീതിയിൽ ഇത്തരം ഗവേഷണ ഫലങ്ങളെ അവയ്ക്ക് പകർന്നുകൊടുക്കുന്നതിനുമായി ഒരു പ്രത്യേക സ്പെഷ്യലിസ്റ്റ് ഏജൻസി രൂപപ്പെടുത്തേണ്ടതാണ്. എന്നാൽ, ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വന്തമായി റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് വിഭാഗമുണ്ടാവുന്നത് തന്നെയാണ് അഭികാമ്യം. കേരളത്തിനുള്ളിൽത്തന്നെ നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിന് അവയുടെ സഹായവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തേടാവുന്നതാണ്.

11. സംസ്ഥാനത്തെ മാത്രമല്ല, ഒരു പക്ഷേ ഇന്ത്യയെത്തന്നെ സമ്പന്നരാജ്യമാക്കി മാറ്റാൻ കഴിയുന്ന ഒരു സ്വർണ്ണ ഖനിയാണ് കേരളത്തിന്റെ തീരദേശത്തുള്ളത്. അവിടെ ഒളിഞ്ഞു കിടക്കുന്ന, ഇൽമനൈറ്റും, മോണസൈറ്റും, യുറേനിയവും, സിൽക്കോണിയവും ടൈറ്റാനിയവും അഭ്രവുമൊക്കെ കടത്തിക്കൊണ്ടുപോകുന്നതിന് അനുവദിക്കാതെ അവയെ ഉപയോഗപ്പെടുത്തിക്കൊണ്ട്, അവയിൽനിന്നും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകളുപയോഗിക്കുന്ന വ്യവസായങ്ങൾ നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ അനുബന്ധമായോ, പുതുതായോ ആരംഭിക്കുന്ന കാര്യം ഏറ്റവും അടിയന്തര ശ്രദ്ധ അർഹിക്കുന്ന ഒരു വിഷയമാണ്.

ധനകാര്യം

12. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികാസത്തിന് പ്രധാന വിഘാതം സാമ്പത്തികമായ പിന്നോക്കാവസ്ഥയണ്. ബഡ്ജറ്റ് വിഹിതം കിട്ടുന്നതിനുള്ള കാലതാമസവും, സാമ്പത്തിക പ്രശ്നങ്ങളുള്ളതിനാൽ ബാങ്കിൽനിന്നും മറ്റും വായ്പ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും ഒക്കെ ഈ സ്ഥാപനങ്ങളെ വല്ലാതെ വലയ്ക്കുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ യഥാർത്ഥത്തിൽ ഫണ്ട് ആവശ്യമുള്ള സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്ക് കെ.ഐ.ആർ.എഫ്.ബി (KIRFB - Kerala Industrial Revitalisation Fund Board രൂപീകരിച്ച പോലെ, ഒരു പ്രത്യേക 'പുനരുദ്ധാരണ ഫണ്ട്' രൂപീകരിക്കുന്നത് തികച്ചും അഭിലഷണീയമാണ്. കെ.ഐ.ആർ.എഫ്.ബി രൂപീകരണവുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ഈ ഫണ്ടിന് രൂപരേഖ തയ്യാറാക്കുമ്പോൾ സഹായകരമാവുന്നതുമാണ്.

13. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ വിഭവസമാഹരണം നടത്തി വിപുലീകരണത്തിന് നിക്ഷേപം നടത്തുന്ന നിലയിലേക്ക് 2010-11ൽ ഉയർന്നുവന്നതായിരുന്നു. ഇന്നത്തെ സ്ഥിതിവിശേഷത്തിൽ പുനരുദ്ധാരണത്തിന് ബഡ്ജറ്റ് പിന്തുണ കൂടിയേ തീരൂ. അതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ധനപരമായ ഒരു പുനഃസംഘടന നടത്തണം.

മാർക്കറ്റിംഗ്

14. പൊതുമേഖലാ വ്യവസായങ്ങൾ സംസ്ഥാനത്തിനകത്ത് തന്നെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്ന രീതിക്ക് അവസാനമുണ്ടാകണം. ആഗോളവിപണിയിലേയ്ക്ക് ഇറങ്ങിച്ചെന്ന് മാത്സര്യബുദ്ധിയോടെ പ്രവർത്തിക്കാനുള്ള ശേഷിയും ഈ സ്ഥാപനങ്ങൾ കൈവരിക്കണം. വിപണിയുടെയും അസംസ്കൃത വസ്തുക്കളുടെയും സാമീപ്യവും ചെലവ് കുറഞ്ഞ അനുബന്ധ ഘടകങ്ങളുടെ ലഭ്യതയും കണക്കിലെടുത്ത് പൊതുമേഖലാ വ്യവസായങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വേണമെങ്കിൽ രാജ്യത്തിന് പുറത്തേയ്ക്കും വ്യാപിപ്പിക്കണം. എഞ്ചിനീയറിങ് രാസവ്യവസായങ്ങൾക്ക് ഇത്തരത്തിലുള്ള വികസനത്തിന് ഒട്ടനവധി അവസരങ്ങളുണ്ട്.

15. മാർക്കറ്റിങ്ങ് ഏതൊരു ബിസിനസ്സ് സ്ഥാപനത്തിനും ഒഴിച്ചുകൂടാൻ പറ്റാത്തത്ര പ്രാധാന്യമുള്ള പ്രവർത്തനമേഖലയാണെങ്കിലും, ഉല്പന്നങ്ങളുടെ പ്രത്യേക സ്വഭാവം കണക്കിലെടുത്തുകൊണ്ട്, അവയ്ക്കുള്ള വിപണി തനിയെ കണ്ടെത്തുന്നതിനും ആവശ്യമായ വിപണന തന്ത്രം മെനയുന്നതിനും സ്ഥാപനത്തിന്റെ മാത്രം വൈദഗ്ധ്യം പോരാതെ വരുന്നു. അത്തരം സാഹചര്യത്തിൽ, അതാത് ഉത്പാദനമേഖലയ്ക്ക്

പ്രത്യേകമായി വിപണന ഏജൻസികൾ രൂപീകരിക്കുന്നത് ഉത്തമമായിരിക്കും.

16. പൊതുമേഖലയിലെ അഴിമതി വാങ്ങലും വിൽക്കലുമായി ബന്ധപ്പെട്ടാണ് ഉണ്ടാകുന്നത്. ഇതു സംബന്ധിച്ച എ.ജിയുടെ റിപ്പോർട്ടുകളുടെയും ദ്രുതാന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്ന ഒരു പൊതു നയത്തിന് രൂപം നൽകുകയും വേണം.

മാനേജ്മെന്റ്

17. ഒരു സ്ഥാപനത്തിന്റെ പ്രവർത്തന വിജയത്തിന് അതിന്റെ മാനേജിംഗ് ഡയറക്ടറുടെ കാര്യക്ഷമമായ മേൽനോട്ടവും ബോർഡ് തലത്തിലുള്ള ഫലപ്രദമായ ഭരണവും ഒരേപോലെ പ്രധാനമാണ്. ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം, അതിന്റെ ബോർഡിന്റെ രൂപീകരണം ആ സംസ്ഥാന സർക്കാരിന്റെ സവിശേഷാധികാരമാണ്. ഇത്തരം ബോർഡുകളിൽ സാങ്കേതിക വിദഗ്ധരോ, പ്രൊഫഷണലുകളോ ഉണ്ടാകുന്നത് അപൂർവ്വമാണെന്ന് മാത്രമല്ല, സർക്കാരുദ്യോഗസ്ഥരുടേയും സങ്കുചിത രാഷ്ട്രീയ കാരണങ്ങളാൽ മാത്രം നിയമിക്കപ്പെട്ടവരുടേയും വെറും ആൾക്കൂട്ടമായി ഇവ അധഃപതിക്കുന്നതായാണ് കണ്ടു വരുന്നത്. സാങ്കേതിക കാര്യങ്ങളിലോ, സ്ഥാപനഭരണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലോ യാതൊരു പരിജ്ഞാനവുമില്ലാത്ത ഇവർക്ക്, ഉത്പാദനവുമായോ ഇതര പ്രവർത്തന മേഖലകളുമായോ ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനോ അവയിൽ ഫലപ്രദമായി ഇടപെട്ട് സ്ഥാപനത്തെ നയിക്കുന്നതിനോ കഴിയാറില്ല. ഇതേപോലെ തന്നെയാണ് എം.ഡിമാരുടെ നിയമനവും. പല എം.ഡിമാരും നിയമിക്കപ്പെടുന്നത് സങ്കുചിത രാഷ്ട്രീയ കാരണങ്ങൾ കൊണ്ടോ, മറ്റേതെങ്കിലും നിസ്സാര കാര്യങ്ങളുടെ പരിഗണനയിലോ ആണ്. ബോർഡുകളിൽ പ്രൊഫഷണലുകളെയാണ് നിയോഗിക്കേണ്ടത്. എം.ടിമാരുടെയും മറ്റും തെരഞ്ഞെടുപ്പിനും നിയമത്തിനും പ്രൊഫണൽ റിക്രൂട്ടിങ്ങ് ബോർഡുകൾ രൂപീകരിക്കേണ്ടതാണ്. എ.ജിയുടെ കണക്ക് പ്രകാരം 2010-11ൽ 26 ഡയറക്ടർമാർ (16 കമ്പനികൾ) 2011-12ൽ 18 ഡയറക്ടർമാർ (10 കമ്പനികൾ) 2012-13ൽ 18 ഡയറക്ടർമാർ (13 കമ്പനികൾ) ഒരു മീറ്റിങ്ങിൽ പോലും ഹാജരായിട്ടില്ല. 2013 മാർച്ചിൽ അവസാനിക്കുന്ന 5 വർഷ കാലയളവിൽ 19 കമ്പനികളിലെ എം.ഡിമാരെ 4 മുതൽ 8 തവണ വരെ സ്ഥലം മാറ്റിയിട്ടുണ്ട്. 44 കമ്പനികളിൽ 20 എണ്ണത്തിന് കമ്പനി സെക്രട്ടറി ഉണ്ടായിരുന്നില്ല. 53 കമ്പനികൾ പരിശോധിച്ചപ്പോൾ 9 കമ്പനികൾക്ക് ഓഡിറ്റ് കമ്മിറ്റികളുണ്ടായിരുന്നില്ല. ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ച കമ്പനികളിൽ 5 എണ്ണത്തിൽ ഒരിക്കൽ പോലും യോഗം ചേർന്നിട്ടില്ല. ഇനിയും യോഗം ചേരാത്ത കമ്പനികൾ 29 എണ്ണമുണ്ട്. ഈ സ്ഥിതിവിശേഷം അവസാനിപ്പിച്ചേ തീരൂ.

18. പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവൽക്കരണ പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ അവ തീർപ്പാക്കാൻ വളരെയേറെ സമയമെടുക്കുന്നതായി കാണുന്നുണ്ട്. പദ്ധതികൾ പരിശോധിക്കാനും അനുമതി നൽകാനും ഏകജാലക രീതിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു കോർഗ്രൂപ്പ് ഉണ്ടാക്കാവുന്നതാണ്. കോർ ഗ്രൂപ്പിന്റെ തീരുമാനം അന്തിമമായി കണക്കാക്കുകയും പിന്നീട് വിവിധ വകുപ്പുകളുടെ തുടർന്നുള്ള തീർപ്പുകൾക്കായി കാത്തിരിക്കാതെ പദ്ധതി നടപ്പാക്കാനും കഴിയണം.

19. പൊതുമേഖലാ സ്ഥാപനങ്ങൾ കൺസൾട്ടൻസിക്കായി ധാരാളം തുക ചെലവഴിക്കുന്നതായും കാണുന്നുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലെ പ്രൊജക്ട് തയ്യാറാക്കൽ, നടത്തിപ്പ്, ഫണ്ട് വിനിയോഗം തുടങ്ങിയവ നിരീക്ഷിക്കാനും വേണ്ട വിധത്തിലുള്ള ഉപദേശങ്ങൾ നൽകാനും പ്രൊഫഷണലുകളും മാനേജ്മെന്റ് വിദഗ്ദരും ഉൾപ്പെട്ട ഒരു കോർ ഗ്രൂപ്പ് സംസ്ഥാനതലത്തിൽ ഉണ്ടാക്കാവുന്നതാണ്.

20. എഞ്ചിനീയറിംഗ്, ഫൈനാൻസ്, മാനവശേഷി വികസനം എന്നിങ്ങനെ വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ളവർ നമുക്ക് വേണ്ടുവോളമുണ്ടെങ്കിലും അവരെല്ലാം ഏതെങ്കിലുമൊക്കെ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്നവരാകയാൽ, അവയുടെ ചട്ടക്കൂടിൽ ഒതുങ്ങിനിന്ന് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. അതിനാൽ അവരുടെ വൈദഗ്ധ്യവും അറിവും ഒക്കെ അതാത് സ്ഥാപനങ്ങൾക്ക് മാത്രം പ്രയോജനപ്പെടുന്നു. ഇത്തരം വിദഗ്ധരുടെ ഒരു പൊതു കൂട്ടായ്മ (കോമൺ പൂൾ) രൂപീകരിക്കുന്ന പക്ഷം ആവശ്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇവരുടെ വൈദഗ്ധ്യം വേണ്ട നേരത്ത് ഉപയോഗിക്കാൻ സാധിക്കും. ഒരു പൊതുമേഖലാ സ്ഥാപനത്തിലെ വിദഗ്ധ ഉദ്യോഗസ്ഥന്റെ സേവനം മറ്റൊന്നിന് ആവശ്യമായ സന്ദർഭത്തിൽ ഉപയുക്തമാകുന്ന സംവിധാനത്തെക്കുറിച്ചും ആലോചിക്കേണ്ടതാണ്.

21. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ തർക്കങ്ങൾ ഗവണ്മെന്റിലേക്ക് സമർപ്പിക്കുന്ന അപ്പീലുകൾ വഴിയോ, അവ തമ്മിലുള്ള തർക്കങ്ങൾ, ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയുടെ മധ്യസ്ഥതയിലോ തീർക്കുന്ന പതിവാണുള്ളത്. ഇത്തരം തീർപ്പാക്കലുകളിൽ ഇരുകൂട്ടർക്കും നീതി ലഭിച്ചില്ല എന്ന പരാതിയും പതിവാണ്. രണ്ടാമത് പറഞ്ഞ മാർഗത്തിലൂടെയുള്ള പ്രശ്നപരിഹാരത്തിന് കാലതാമസമുണ്ടാവാറുമുണ്ട്. തീരുമാനം നടപ്പാകുന്നോ എന്ന് തുടർന്ന് പരിശോധിച്ച് ഉറപ്പാക്കാനുള്ള സംവിധാനവും നിലവിലില്ല. അതുകൊണ്ട് സ്ഥാപനങ്ങളിലെ ആഭ്യന്തര തർക്കങ്ങളും സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങളും കേൾക്കുന്നതിനും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി മാത്രമായി ഒരു അർദ്ധ

ജുഡീഷ്യൽ സംവിധാനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

22. നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ അക്കൗണ്ടിങ്ങും ആഡിറ്റിങ്ങും വേണ്ടത്ര ഉത്തരവാദിത്തമില്ലാതെയാണ് ചെയ്യുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ഇത് ഉൽപ്പാദനത്തെക്കുറിച്ചും സാമ്പത്തിക സ്ഥിതിയെക്കുറിച്ചുമൊക്കെ തെറ്റായ ധാരണയുണ്ടാക്കുന്നതിനിടയാക്കും. മാത്രമല്ല, അത് അഴിമതിക്ക് വളം വെക്കുകയും ചെയ്യും. പൊതുമേഖലയിലുള്ള നിക്ഷേപത്തെക്കുറിച്ചുതന്നെ ഫിനാൻസ് അക്കൗണ്ടും കമ്പനി അക്കൗണ്ടുകളും തമ്മിൽ യോജിക്കാത്ത സ്ഥിതിയുണ്ട്. ഇത് അടിയന്തരമായി റിക്കൺസൈൽ ചെയ്യേണ്ടതാണ്.

23. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമായി ഒരു മാതൃകാ കമ്പനി ഭരണ ചാർട്ടർ വികസിപ്പിച്ചെടുക്കേണ്ടതാണ്. ബോർഡുകൾ എങ്ങനെ തിരഞ്ഞെടുക്കണം. ബോർഡിന്റെ ചുമതലകൾ എന്തായിരിക്കണം, ബോർഡും മാനേജ്മെന്റും തമ്മിലുള്ള ബന്ധം തുടങ്ങിയവ ഈ മാതൃകാ ചാർട്ടറിൽ നിർവചിക്കണം. നിശ്ചിത വാണിജ്യ മാനദണ്ഡങ്ങൾ പരിപാലിക്കുന്ന കമ്പനികൾക്കു സ്വയംഭരണം അനുവദിക്കണം.

24. പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഭരണവകുപ്പിനുമിടയിൽ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ധാരണാപത്രം കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലേതുപോലെ നടപ്പിൽ വരുത്തണം. അതതു വർഷങ്ങളിൽ എന്തൊക്കെയാണ് നേടിയെടുക്കേണ്ടതെന്നും അതിനുവേണ്ടി ഈ സ്ഥാപനങ്ങൾക്ക് ഏതു വിധത്തിലുള്ള സ്വതന്ത്ര ഭരണാധികാരമാണ് നൽകേണ്ടതെന്നും ഈ ധാരണാപത്രത്തിൽ കൃത്യമായും വിവരിക്കണം.

തൊഴിലാളികൾ

25. കോർപ്പറേറ്റ് ഭരണത്തിൽ ജീവനക്കാരുടെ പങ്കാളിത്തമെന്നത് ലോകമെങ്ങും അംഗീകരിച്ചിട്ടുള്ള ഒരു നല്ല മാനേജ്മെന്റ് പ്രാക്ടീസ് ആണ്. ബോർഡുകളിൽ ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ നടപ്പിൽ വന്നിട്ടില്ല. അവരെ ബോർഡിൽ ഉൾപ്പെടുത്തുന്നത് ജീവനക്കാർക്ക് സ്ഥാപനത്തോട് കൂടുതലായി ഒരു ഉടമസ്ഥതാബോധം കൈവരുന്നതിനും അവർ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും സഹായകരമായിരിക്കും. അതുപോലെതന്നെ, ഉദ്യോഗസ്ഥർക്കും ബോർഡുകളിൽ അംഗത്വം നൽകണം.

26. വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്കരണം ഒട്ടും തന്നെ ശാസ്ത്രീയമോ, പ്രൊഫഷണലോ അല്ലാത്ത രീതിയിൽ, പലപ്പോഴും വളരെയധികം കാല താമസത്തോടെ മാത്രം നടപ്പാക്കുന്ന രീതിയാണ് നിലവിലുള്ളത്. ചിലയിടങ്ങളിൽ ശമ്പള പരിഷ്കരണം നടക്കാതായിട്ട് രണ്ട് ദശാബ്ദങ്ങളോളമായി. വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികളുടേയും ഓഫീസർമാരുടേയും ശമ്പള രീതി തമ്മിൽ യാതൊരു സാമ്യവുമില്ല. ഗുരുതരമായ വിവേചനം സ്ഥാപനങ്ങൾ തമ്മിൽ നിലനിൽക്കുന്നു. അതുകൊണ്ട് സ്ഥാപനങ്ങളിലെ ശമ്പള സ്കെയിലുകളുടെ ഏകീകരണവും (വ്യത്യസ്തമായ ഗ്രേഡ് ശമ്പളത്തോട് കൂടി) കൃത്യമായ ഇടവേളകളിൽ പരിഷ്കരണം നടപ്പിൽ വരുത്തുന്ന രീതിയും നടപ്പാക്കേണ്ടതാണ്. ഇവയെല്ലാം പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സർക്കാർ ജീവനക്കാർക്ക് വേണ്ടിയുള്ളത് പോലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടിയും ഒരു ശമ്പളക്കമ്മീഷനെ നിയമിക്കാവുന്നതാണ്.

27. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് പിരിയുന്ന ഒരു ജീവനക്കാരന് ഗ്രാറ്റുവിറ്റി, പി.എഫ് തുടങ്ങിയ നിയമപരമായ വിരമിക്കൽ ആനുകൂല്യങ്ങളോടൊപ്പം, വളരെ തുച്ഛമായ പെൻഷൻ തുക മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. പല സ്ഥാപനങ്ങളിലും ഗ്രാറ്റുവിറ്റിയും ലീവ് സാലറിയും മറ്റും സമയത്തിന് കൊടുക്കുന്നതുമില്ല. അത് ലഭിക്കുന്നതിന് ഒരു റിട്ടയേഡ് ജീവനക്കാരൻ വർഷങ്ങളോളം കാത്തിരിക്കേണ്ടി വരുന്നു. പലരുടേയും റിട്ടയർമെന്റ് ജീവിതം അങ്ങേയറ്റം ദയനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടി ജീവനക്കാർ, മാനേജ്മെന്റ്, ഗവൺമെന്റ് എന്നിവ ചേർന്നുള്ള ഒരു പങ്കാളിത്ത പെൻഷൻ പദ്ധതി (Contributory Pension Scheme) രൂപീകരിക്കുന്നത് പരിഗണിക്കേണ്ടതാണ്. ഇത്തരം പെൻഷൻ ഫണ്ടിലേക്കുള്ള മാനേജ്മെന്റ് വിഹിതം സ്ഥാപനത്തിന്റെ ലാഭവും കൂടി പരിഗണിച്ചിട്ടായിരിക്കണം.

സാമൂഹ്യ ലക്ഷ്യം

28. ഒരു പൊതുമേഖലാ വ്യവസായം അതിന്റെ ഉൽപ്പന്നത്തിനും വിപണിക്കും ഉപരിയായി അത് നിലകൊള്ളുന്ന സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനായും പ്രവർത്തിക്കേണ്ടതുണ്ട്. സ്ഥാപനത്തിന് ചുറ്റും അനുബന്ധവ്യവസായങ്ങൾ തുടങ്ങാനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകാൻ അത്തരം സ്ഥാപനങ്ങൾക്ക് കഴിയും. ഉദാഹരണത്തിന് കെൽട്രോണിന് ഇലക്ട്രോണിക് കംപോണൻസിന്റെ നിർമാണത്തിനും കേരള സോപ്സ് ആൻഡ് ഓയിൽസിന് സോപ്പുനിർമാണവുമായി ബന്ധപ്പെട്ടും ഒട്ടനവധി ചെറിയ വ്യവസായങ്ങളുടെ ഉപദേഷ്ടാവായും പ്രമോട്ടറായും പ്രവർത്തിക്കാൻ കഴിയും. കുടുംബശ്രീയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ ഇത്തരം ക്ലസ്റ്ററുകൾ രൂപീകരിക്കുന്നത് ആ മേഖലകളുടെ സാമ്പത്തിക വികസനത്തെ അങ്ങേയറ്റം സഹായിക്കുന്നു.

29. വ്യവസായ-വാണിജ്യാടിസ്ഥാനത്തിലല്ലാത്ത എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. റോയി ടോംലാൽ (2015): ''സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - വെല്ലുവിളികളും പരിഹാരങ്ങളും'', നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, അനുബന്ധ സെമിനാർ - വ്യവസായം, ടൂറിസം, വിവര സാങ്കേതികവിദ്യ.

മറ്റു രേഖകൾ

2. Elamaram Kareem (2010): "Strengthening State Owned Enterprises: An Alternative to Neo Liberal Policies", State Industries Department, Government of Kerala
3. Elamaram Kareem (2011): "Resurgence of State Level Public Enterprises: The Kerala Experience", State Industries Department, Government of Kerala
4. Dr K Gopakumar (2012): "Revitalising State Owned Enterprises: Philosophy and Practices", (Ed), Global Vision Publishing House, New Delhi
5. Prabhaath Patnaik (2012): "The Role of Public Sector in the Capitalist System in Revitalising State Owned Enterprises: Philosophy and Practices", (Ed) , Global Vision Publishing House, New Delhi
6. Manimala (1991): "Turnaround Management: Lessons from Successful Cases", ASCI Journal of Management Vol. 20
7. Dr Thomas KV (2014): "Triggers to Turnaround: A Study Among Select Public Sector Enterprises of Kerala", Asia Pacific Journal of Research Vol: I Issue XIV, February 2014
8. Government of Kerala (2001): "Enterprise Reform Committee: Approach Paper for SLPE Reform in Kerala", Thiruvananthapuram: Government Kerala,
9. Government of Kerala (2015): "A Review of Public Enterprises in Kerala 2013-14"

അധ്യായം 10

വിവര വിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങൾ

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിൽ നിർണായകമായ സ്ഥാനമാണ് വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്ക് കേരള വികസന അജണ്ടയിൽ കൽപ്പിച്ചിട്ടുള്ളത്. പരമ്പരാഗത വ്യവസായങ്ങളും കെമിക്കൽ വ്യവസായങ്ങളിലും നിന്ന് കൂടുതൽ അനുയോജ്യമായ വ്യവസായത്തുറകളിലേയ്ക്ക് ഒരു ചുവടുമാറ്റം ഉണ്ടാകണം. ഈ പുത്തൻ വളർച്ചാവ്യവസായങ്ങളിൽ ഏറ്റവും പ്രധാനം വിവരവിനിമയ സാങ്കേതികവിദ്യാ വ്യവസായങ്ങളാണ്. ഇന്ത്യയുടെ ദേശീയവരുമാനക്കണക്കുകളും മറ്റും ആധികാരികമായി തയ്യാറാക്കാൻ ചുമതലപ്പെട്ട സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ (സിഎസ്ഒ) ഇലക്ട്രോണിക ഘടകങ്ങളുടെയും കംപ്യൂട്ടറുകളുടെയും, മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും ഉല്പാദനവും വിപണനവും, ടെലികമ്യൂണിക്കേഷൻ സേവനങ്ങൾ, കംപ്യൂട്ടർ പ്രോഗ്രാമിങ്ങ് തുടങ്ങിയ ഐടി സേവനങ്ങൾ എന്നിവയെല്ലാം വിവരവിനിമയ സാങ്കേതികവിദ്യയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സേവനങ്ങളെ വിവരസാങ്കേതിക സേവനങ്ങൾ (ഐടി സർവീസ്), വിവരസാങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾ (ഐടി എനേബിൾഡ് സർവീസ്) എന്നും രണ്ടായി തിരിക്കാം.

ഈ അധ്യായത്തിൽ ആദ്യം വിവരസാങ്കേതിക വിദ്യാ വിപ്ലവത്തിന്റെ ആഗോളപ്രാധാന്യം പരിശോധിക്കാം. തുടർന്ന് ഈ സുപ്രധാന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വളരുന്നതിന് കേരളം എത്രമാത്രം അനുയോജ്യമാണ് എന്നതു പരിശോധിക്കാം. അനുകൂലമായ സാഹചര്യം ഉണ്ടായിട്ടും എന്തുകൊണ്ട് ഇതുവരെ ശ്രദ്ധേയമായ നേട്ടം ഈ മേഖലയിൽ നേടാൻ കഴിഞ്ഞില്ല എന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ ഭാവിയിലേയ്ക്കുള്ള മാർഗനിർദ്ദേശങ്ങൾക്കു രൂപം നൽകാനാണ് ശ്രമിക്കുന്നത്.

1. വിവരസാങ്കേതിക വിപ്ലവവും ആഗോള ഉൽപാദനക്രമവും

സമകാലീന ശാസ്ത്രസാങ്കേതിക വിപ്ലവത്തിന്റെ നെടുന്തൂൺ വിവരസാങ്കേതികവിദ്യയാണ്. ഇത് ഉത്പാദന വിപണന ക്രമത്തിന്റെ സ്വഭാവത്തെയും സംഘാടനത്തെയും മാറ്റിമറിച്ചിരിക്കുകയാണ്. വൻ വ്യവസായ ശാലകൾ കേന്ദ്രീകരിച്ചുള്ള പഴയ ഫൊർദിസ്റ്റ് (Fordism) ഉല്പാദന സമ്പ്രദായത്തിൽ നിന്നുള്ള തെന്നി മാറൽ കൂടിയാണിത്.വൻകിട ബഹുരാഷ്ട്ര കുത്തകകളിൽ തുടങ്ങി ചെറുകിട സ്ഥാപനങ്ങളിലോ സ്ഥാപനബദ്ധരല്ലാതെ സ്വതന്ത്രരായി (Freelancing) തൊഴിലുകളിൽ ഏർപ്പെടുന്ന തൊഴിലാളികളിലോ വരെ നീളുന്ന പുതിയൊരു ഉൽപാദന ശൃംഖല തന്നെ ഇവിടെ രൂപം കൊള്ളുന്നു. വൻകിട സ്ഥാപനങ്ങൾ തന്നെ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനായി തങ്ങളുടെ കീഴിലുള്ള ചെറുകിട കമ്പനികൾക്ക് രൂപം കൊടുക്കുന്നു. ഈ പ്രക്രിയ സുഗമമായി നടക്കാൻ അനിവാര്യമായ ഒന്നുണ്ട്, മൂലധനത്തിന്റെ ചലനാത്മകതയ്ക്കൊപ്പം തൊഴിൽ ശക്തിയുടെ ചലനാത്മകതയും വഴക്കവും.

നവ വ്യവസായ സമൂഹത്തിലേക്കുള്ള ആഗോള മുതലാളിത്തത്തിന്റെ ഈ പരിണാമത്തിൽ ആധുനിക വിവരസാങ്കേതിക വിദ്യകളും വിനിമയ സാങ്കേതിക വിദ്യകളും നിർണായക പങ്കു വഹിച്ചിട്ടുണ്ട്.ബഹുരാഷ്ട്രാധിഷ്ഠിതമായ ഉല്പാദന ശൃംഖലകൾ ഉദയം കൊണ്ടതിനൊപ്പം തന്നെ ഉൽപ്പാദനത്തിന്റെ രീതികളും മാറി.ഡിജിറ്റൽ സാങ്കേതിക വിദ്യയാൽ ഉൽപ്പാദനത്തെ ചെറുകഷണങ്ങളാക്കി അവികസിതരാജ്യങ്ങളിലെ വിദ്യാസമ്പന്നരെക്കൊണ്ട് ലാഭകരമായി ചെയ്യിക്കാനാകും എന്നതിൽ നിന്നാണ് ഔട്ട് സോഴ്സിംഗ് അധിഷ്ഠിത മാക്കിയ ഇന്ത്യൻ ഐ ടി വ്യവസായത്തിന്റെ പിറവി.

ഉൽപ്പാദനപ്രക്രിയ സ്ഥല കേന്ദ്രീകൃതമല്ലാതായി, ആഗോളവൽക്കരണത്തിന്റെ ആദ്യഘട്ടത്തിൽ വ്യവസായവല്കൃത സമ്പദ്ഘടനകളിൽ നിന്നും അവികസിതങ്ങളായ മൂന്നാം ലോകരാജ്യങ്ങളിലേക്ക് നിർമാണത്തൊഴിലുകൾ പറിച്ചുമാറ്റപ്പെട്ടു എങ്കിൽ ഇന്ന് സർവീസ് രംഗത്തും സമാനമായ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. സാങ്കേതികവിദ്യാപരമായി ഉയർന്ന തലത്തിൽ നില്ക്കുന്ന പ്രോഗ്രാമിംഗ് ജോലികളും മിനിമം സാങ്കേതികത മാത്രം ആവശ്യമുള്ള ബി പി ഒ പോലുള്ള തൊഴിലുകളും ഇങ്ങനെ കടൽ കടന്നുവന്ന സേവനാവശ്യങ്ങളിൽ പെടും.

ഇന്ത്യൻ വിവരവിനിമയ വ്യവസായവും ആഗോള സാഹചര്യവും

ഇന്ത്യയിലെ വിവരസാങ്കേതിക വിദ്യാ വ്യവസായങ്ങളുടെ വളർച്ച ആഗോള സമ്പദ്വ്യവസ്ഥയിലുണ്ടായ മാറ്റങ്ങളുമായി ഇത്തരത്തിൽ പൂർണമായും ബന്ധപ്പെട്ടിരിക്കുന്നു. വികസിതരാജ്യങ്ങളിലെ കമ്പനികൾ തങ്ങൾക്കാവശ്യമായ സോഫ്റ്റ്വെയർ പണികൾ അവികസിത രാജ്യങ്ങളിലെ താരതമ്യേന കൂലികുറഞ്ഞ തൊഴിലാളികളെക്കൊണ്ട് ചെയ്യിക്കുന്നതിന്റെ ഭാഗമായാണ് ഐടിവ്യവസായം ഇന്ത്യയിൽ വികസിതമായത്. കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ നമ്മുടെ നാട്ടിൽ വ്യാപകമായി നിർമിക്കപ്പെട്ട സോഫ്റ്റ്വെയർ പാർക്കുകളും ബാംഗ്ലൂർ തുടങ്ങിയ നഗരങ്ങളിൽ കുതിച്ചുയർന്ന ഐടി സ്ഥാപനങ്ങളും ഇതിന്റെ നേരിട്ടുള്ള പ്രതിഫലനങ്ങളാണ്.

വളരെ വിഭിന്നമായ തൊഴിൽ ശാഖകളാണ് ഐ ടി രംഗത്തുള്ളത്. സോഫ്റ്റ് വെയർ എൻജിനീയർമാരും കോൾ സെൻറർ തൊഴിലാളികളും മറ്റു ഐടി അനുബന്ധ മേഖലകളിൽ പണിയെടുക്കുന്നവരുമെല്ലാം ചേർന്നതാണ് ഈ തൊഴിൽമേഖല. ഇവരുടെ അക്കാദമിക് കഴിവുകളും സേവന വേതന വ്യവസ്ഥകളും വളരെ വിഭിന്നമാണ്. ഏറ്റവും ഉയർന്ന സാങ്കേതിക ശേഷി ആവശ്യമായ സോഫ്റ്റ് വെയർ ഗവേഷണവും ആർക്കിറ്റെക്റ്റിങ്ങും തുടങ്ങി, ക്ലറിക്കൽ മികവു മാത്രം ആവശ്യമുള്ള ഡാറ്റാബേസ് ആപ്ലിക്കേഷനുകളുടെ കോഡിങ്ങും, ടെലിഫോൺ കമ്യൂണിക്കേഷൻ സ്കിൽ മാത്രം ആവശ്യമുള്ള ബിപിഒ പ്രവൃത്തിയും, കേട്ടെഴുത്ത് കഴിവ് മാത്രം ആവശ്യമുള്ള ട്രാൻസ്ക്രിപ്ഷൻ ജോലികളും എല്ലാം ഇന്ന് ഐ ടി എന്ന ഒരു ബ്രാന്റിനു കീഴിൽ വരുന്നു.

സോഫ്റ്റ് വെയർ വികസനം തന്നെ പലതലങ്ങളിലുണ്ട്. സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങൾ സ്വന്തമായി വിഭാവന ചെയ്തു വികസിപ്പിക്കുക എന്നതും നിലവിലുള്ളവയിൽ ചില്ലറ ഭേദഗതികൾ വരുത്തുകയോ അവയെ പരിപാലിച്ചു നടത്തുകയോ ചെയ്യുന്ന പ്രവർത്തനങ്ങൾ തമ്മിലുള്ള അന്തരം വളരെ വലുതാണ്. നമ്മുടെ നാട്ടിലെ വൻകിട കമ്പനികൾ ചെയ്യുന്ന പ്രവർത്തനങ്ങൾ അധികവും രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നവയാണ്. ഉയർന്ന തലത്തിലുള്ള പ്രവർത്തനങ്ങൾ വിദേശത്ത് തന്നെ നടക്കുന്നു. അവർ നിർമിച്ചെടുക്കുന്ന എഞ്ചിൻ ഭാഗങ്ങളെ നട്ടും ബോൾട്ടുമിട്ടു കൂട്ടിച്ചേർത്തു പെയിന്റടിച്ചു പൂർത്തീകരിക്കുന്ന പണിയാണ് നമ്മുടെ തൊഴിലാളികൾ അധികവും ചെയ്യുന്നത്. സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ ആവിർഭാവം ഇത്തരം ഉൽപ്പന്നങ്ങളെ ഇവിടെ പുനർനിർമിക്കുന്നതിനുള്ള സാധ്യതയെങ്കിലും ഒരുക്കി.

സോഫ്റ്റ്വെയർ നിർമാണത്തിലെ ഘട്ടങ്ങൾ പൊതുവെ ഇങ്ങിനെ പറയാം ആശയ രൂപീകരണം, സാങ്കേതിക വിശകലനവും ഡിസൈനിങ്ങും, പ്രോഗ്രാമിംഗ് അഥവാ കോഡിംഗ്, ടെസ്റ്റിംഗ്, വിന്യാസം, പരിപാലനം. ഇതിൽ താരതമ്യേന വൈദഗ്ദ്യം കുറഞ്ഞ ജോലികളാണ് കോഡിംഗ്, ടെസ്റ്റിംഗ്, പരിപാലനം തുടങ്ങിയവ. നമ്മുടെ നാട്ടിലെ വൻകിട കമ്പനികൾ ഏറ്റെടുത്ത് നടത്തുന്ന സോഫ്റ്റ് വെയർ പ്രോജക്ടുകളിൽ അധികവും ഈ വിഭാഗത്തിൽ പെടുന്നവയാണ്. സോഫ്റ്റ് വെയർ നിർമാണത്തിൽ ബൗദ്ധിക മേൽക്കൈ ആർജിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നതും ഇതാണ്. ഇതിന്റെ മറ്റൊരു വശമാണ് നാടിന്നവശ്യമായ സോഫ്റ്റ് വെയർ ഉത്പന്നങ്ങൾ ഒന്നാകെ നമുക്ക് ഇറക്കുമതി ചെയ്യേണ്ടി വരുന്നത്. നമ്മുടെ വിദ്യാലയങ്ങൾ പോലും ഇന്ന് വിദേശ നിർമിത പഠന സോഫ്റ്റ് വെയറുകൾ വാങ്ങിക്കൂട്ടാൻ നിർബന്ധിതമാകുന്നത് ഈ സാഹചര്യത്തിലാണ്. ആയിരക്കണക്കിന് കോടി രൂപയുടെ ത്രൈമാസ വരുമാനമുള്ള മികച്ച ഇന്ത്യൻ കമ്പനികൾപോലും സ്വന്തമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല.

സോഫ്റ്റ് വെയർ വികസനത്തിന്റെ വിവിധ ഘട്ടങ്ങൾ കൃത്യമായി വിഭജിക്കപ്പെട്ടിരിക്കുന്നു എന്നതിനാലും അവയെ ചെറുകിട യൂണിറ്റുകളാക്കി പലർക്കായി വിഭജിച്ചു നല്കാം എന്നതിനാലും വിവിധ രാജ്യങ്ങളിലെ വ്യത്യസ്ത കമ്പനികൾ ഒരേ ഉൽപ്പന്നത്തിന്റെ നിർമാണത്തിൽ ഒരേ സമയം പങ്കാളികളാകുന്നു.ഏറ്റവും ലാഭം എവിടെയോ അവിടേക്ക് ക്ഷണനേരത്തിൽ എത്താനും ചുവടു മാറ്റാനും ഇത് മൂലധനത്തെ സഹായിക്കുന്നു. ഫിലിപ്പൈൻസിൽ നിന്നുമുള്ള കുറഞ്ഞ വേതനം ആവശ്യപ്പെടുന്ന തൊഴിലാളികളുടെ ഭീഷണി ഇതിനകം തന്നെ ഇന്ത്യ നേരിട്ട് കൊണ്ടിരിക്കുന്നു. സമീപകാലത്ത് തന്നെ ചൈനീസ് തൊഴിലാളികളും വൻ തോതിലുള്ള ഭീഷണി ഉയർത്തുമെന്നാണ് നിഗമനം.

വ്യവസായ വളർച്ച

മേൽപറഞ്ഞ പ്രശ്നങ്ങളും പരിമിതിയുമെല്ലാം ഉണ്ടെങ്കിലും ഇന്ത്യയിലെ ഐടി മേഖലയിൽ അഭൂത പൂർവമായ വളർച്ചയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു വ്യവസായമേഖലയും ഇതുവരെ ഈ വേഗത യിൽ വളർന്നിട്ടില്ല. പട്ടിക 10.1ൽ കാണാവുന്നതുപോ ലെ ശരാശരി 25 ശതമാനം വീതമാണ് പ്രതിവർഷം 2003-04നും 2008-09നും ഇടയിൽ ഐടി ഉൽപാദനം വർദ്ധിച്ചത്. ഹാർഡ്വെയറിന്റെ ഉൽപാദനം 4.38 ലക്ഷം കോടിയിൽനിന്ന് ഈ കാലയളവിൽ 9.46 ലക്ഷം കോടി രൂപയായി ഉയർന്നു. സോഫ്റ്റ്വെയർ രംഗത്ത് കൂടു തൽ വേഗതയിലാണ് വളർച്ചയുണ്ടായി. 0.75 ലക്ഷം കോടി രൂപയിൽ നിന്ന് സോഫ്റ്റ്വെയർ ഉൽപാദനം 27.35 ലക്ഷം കോടി രൂപയായി ഉയർന്നു. ഇതിന്റെ ഫലമായി മൊത്തം ഉൽപാദനത്തിൽ സോഫ്റ്റ്വെ യറിന്റെ വിഹിതം 62 ശതമാനത്തിൽ നിന്ന് 74 ശത മാനമായി ഉയർന്നു.

പട്ടിക 10.1
ഇന്ത്യയിലെ കമ്പ്യൂട്ടർ ഹാഡ്വെയർ സോഫ്റ്റ്വെയർ ഉൽപാദനം (ലക്ഷം കോടി രൂപയിൽ)

വർഷം	ഹാർഡ് വെയർ	സോഫ്റ്റ് വെയർ	മൊത്തം	ശതമാന വളർച്ച
2003-04	4.38	7.45	11.83	22
2004-05	5.05	10.19	15.24	29
2005-06	5.65	13.37	19.02	25
2006-07	6.6	17.8	24.4	28
2007-08	8.44	21.14	29.58	21
2008-09	9.46	27.35	36.81	25

അവലംബം - നാസ്കോ

30 ലക്ഷം പേർ ഇന്ത്യയിൽ ഐ ടി മേഖലയിൽ പണിയെടുക്കുന്നു എന്നാണു കണക്ക്. ഇന്ത്യയുടെ കയറ്റുമതി വരുമാനത്തിന്റെ 14 ശതമാനം ഈ രംഗ ത്ത് നിന്നുമാണ്.അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ, വിശേഷിച്ച് സാങ്കേതിക സ്ഥാപനങ്ങളിൽ നിന്ന് പ ഠിച്ചിറങ്ങിയവരുടെ തൊഴിലില്ലായ്മ ഗണ്യമായി ലഘൂ കരിക്കുന്നതിലും ഈ മേഘല വലിയ പങ്കു വഹി ക്കുന്നു. സോഫ്റ്റ് വെയർ എഞ്ചിനീയർമാർ, ബി പി ഓ മേഘലകളിൽ പണിയെടുക്കുന്നവർ, ഐ റ്റി അ നുബന്ധ രംഗത്ത് പണിയെടുക്കുന്നവർ ഇവരെല്ലാം ചേർന്ന് പുതിയൊരു തൊഴിലാളി വിഭാഗത്തിനെതന്നെ സൃഷ്ടിച്ചിരിക്കുന്നു.

ഇന്ത്യയിൽനിന്നുള്ള കയറ്റുമതിയിലും ശ്രദ്ധേയമായ വർദ്ധനയുണ്ടായി. പക്ഷേ, ഈ കയറ്റുമതി ഏതാണ്ട് പൂർണമായും ഐടി സേവനമേഖലകളിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. ആകെ ഐടി സേവനങ്ങൾ, ഐടി അധിഷ്ഠിത സേവനങ്ങൾ, സോഫ്റ്റ്വെയർ ഉൽപന്നങ്ങ ളും മറ്റും കയറ്റുമതി 2001-02ൽ 760 കോടി ഡോളറായി രുന്നത് 2008-09 ആയപ്പോഴേയ്ക്കും 4630 ഡോളറായി. ഇതിൽ 56 ശതമാനം ഐടി സേവനങ്ങളിൽനിന്നാണ് ലഭിച്ചത്. ഐടി അധിഷ്ഠിത സേവനങ്ങളിൽനിന്നും ബിപിഒയിൽനിന്നുമുള്ള കയറ്റുമതി 27.4 ശതമാനമാ യിരുന്നു. (പട്ടിക 10.2 കാണുക)

പട്ടിക 10.2
ഇന്ത്യയിൽനിന്നുള്ള ഐടി കയറ്റുമതിയും വിവിധ സംസ്ഥാനങ്ങളുടെ വിഹിതവും

വർഷം	ഇന്ത്യ	കേരളം	ശത മാനം	ആന്ധ്ര, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്	ശത മാനം
2000-01	29523	141	0.48	15016	50.86
2001-02	37176	159	0.43	21726	58.44
2002-03	51458	165	0.32	27831	54.08
2003-04	74019	215	0.29	39264	53.05
2004-05	100965	270	0.27	58205	57.65
2005-06	144214	452	0.31	78960	54.75
2006-07	180155	750	0.42	115652	64.20
2007-08	207358	1201	0.58	144791	69.83
2008-09	205505	1803	0.88	172131	83.76
2009-10	215624	2072	0.96	177080	82.12
2010-11	226712	1983	0.87	186403	82.22
2011-12	251498	2240	0.89	208520	82.91

ഇന്ത്യയിൽനിന്നുള്ള ഐടി കയറ്റുമതിയിലെ അഭൂ തപൂർവമായ വർദ്ധന പട്ടിക 10.3ൽ കാണാം. 3.7 ലക്ഷം കോടി രൂപയിൽ നിന്ന് പന്ത്രണ്ടു വർഷം കൊണ്ട് 25.2 ലക്ഷം കോടിയായി കയറ്റുമതി വർദ്ധിച്ചു. ഏതാണ്ട് 18 ശതമാനം വീതമാണ് ശരാശരി പ്രതിവർഷ കയറ്റുമതി വർദ്ധന. എന്നാൽ കേരളത്തിൽനിന്നുള്ള കയറ്റുമതി വിഹിതം എത്രയോ നിസാരമാണെന്ന് പട്ടികയിൽനി ന്നു കാണാം. 2001-02ൽ ഇതു കേവലം 0.48 ശതമാനം മാത്രമായിരുന്നു. കേരളത്തിൽനിന്നുള്ള കയറ്റുമതി വർ ദ്ധിച്ചിട്ടുണ്ട്. പക്ഷേ, ഇന്നും കേരളത്തിന്റെ വിഹിതം ഒരു ശതമാനത്തിൽത്താഴെയാണ്. മാത്രമല്ല, സമീപ വർഷങ്ങളിൽ വിഹിതത്തിൽ വർദ്ധനയുണ്ടാകുന്നുമില്ല. അതേസമയം ഐടി മേഖലയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളാണ് ആന്ധ്ര (ഹൈദരാ ബാദ്), കർണാടക (ബാംഗ്ലൂർ), മഹാരാഷ്ട്ര (മുംബൈ), തമിഴ്നാട് (ചെന്നൈ). ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ കയറ്റുമതി 2012-13ൽ നടത്തിയ കർണാടക മാണ് ഏറ്റവും മുന്നിൽ. ഈ നാലു സംസ്ഥാനങ്ങളുടെ കയറ്റുമതി വിഹിതം അനുക്രമമായി വർദ്ധിച്ചുവരിക യാണ്. 2000-01ൽ ഈ സംസ്ഥാനങ്ങളുടെ കയറ്റുമതി വിഹിതം 50.86 ശതമാനമായിരുന്നത് 2012-13ൽ 82 ശ തമാനമായി ഉയർന്നു.

2. ഐടി വ്യവസായം കേരളത്തിൽ

എന്തുകൊണ്ടാണ് കേരളം ഐടി വികസനത്തിൽ ഇത്ര പിന്നാക്കമായി നിൽക്കുന്നത്? ആദ്യം പരിശോധിക്കേണ്ടത്, ഐടി വികസനത്തിന് അനുകൂലമായ ഭൗതികസാഹചര്യം ഉണ്ടോ ഇല്ലയോ എന്നുള്ളതാണ്. അല്ലെങ്കിൽ കേരളത്തിന്റെ ഐടി തയ്യാറിപ്പ് മറ്റു സംസ്ഥാനങ്ങളെക്കാൾ പുറകിലാണോ? ത്വരിതഗതിയിലുള്ള ഐടി വികസനത്തിന് എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ ഒരു പ്രദേശമാണ് കേരളം. ഉയർന്ന സാക്ഷരതാനിരക്ക്, സാർവ്വത്രിക വിദ്യാഭ്യാസം, മികച്ച ടെലികമ്മ്യൂണിക്കേഷൻ നെറ്റ് വർക്കിനാൽ ബന്ധിതമായ പട്ടണങ്ങളും ഗ്രാമപ്രദേശങ്ങളും, ഉയർന്ന വിദ്യാഭ്യാസമുള്ള സ്ത്രീകൾ, ഐടി പശ്ചാത്തലസൗകര്യങ്ങളിലെ മികവ്, അന്തരീക്ഷമലിനീകരണത്തിനിരയാകാതെ, യാത്രാക്ലേശമില്ലാതെ ജോലിചെയ്യാനും കുറഞ്ഞ ചിലവിൽ പാർക്കുവാനുമുള്ള സൗകര്യങ്ങൾ എന്നിങ്ങനെ ഒരു ഐടി കേന്ദ്രത്തിന് ഏറ്റവും ആവശ്യമുള്ള എല്ലാ സൗകര്യങ്ങളും ഒരുപോലെ ഒത്തിണങ്ങിയ പ്രദേശമാണ് കേരളം. മനുഷ്യവിഭവശേഷിയാണ് ഐടി മേഖലയിലെ ഏറ്റവും വലിയ സമ്പത്ത്. മുൻപ് സൂചിപ്പിച്ചതുപോലെ ഉന്നതനിലവാരമുള്ള തൊഴിൽ ശക്തി ഈ മേഖലയിൽ കേരളത്തിന്റെ വലിയൊരു സമ്പത്താണ്. ദേശീയതലത്തിൽ ഐടി തൊഴിൽസേനയുടെ 11 ശതമാനം കേരളീയരാണ്.

പട്ടിക 10.3
വിവരസാങ്കേതികവിദ്യാ വ്യാപനം
ചില സൂചകങ്ങൾ

സൂചകം	വർഷം	കേരളം	ഇന്ത്യ
ടെലിഫോൺ സാന്ദ്രത (100 പേർക്ക്)	2013	97.1	73.1
വയർലൈൻ ടെലി സാന്ദ്രത	2013	8.5	2.4
വയർലെസ് ടെലി സാന്ദ്രത	2013	88.0	70.6
ഇന്റർനെറ്റ് വരിക്കാർ	2011	5.0	1.8
ഇന്റർനെറ്റ് ഉപഭോക്താക്കൾ	2011	25.0	10.1
കമ്പ്യൂട്ടർ ഉള്ള വീടുകളുടെ ശതമാനം	2011	15.7	9.4
ഇന്റർനെറ്റ് കഫേയുള്ള ഗ്രാമങ്ങൾ	2012	91.8	19.0
ഇന്റർനെറ്റ് കഫേകളുടെ എണ്ണം (1000 പേർക്ക്)	2011	0.13	0.15
കമ്പ്യൂട്ടർ ഉള്ള പ്രൈമറി അപ്പർപ്രൈമറി സ്ക്കൂളുകളുടെ ശതമാനം	2011	87.7	20.0

ICT വ്യാപനത്തിനും അതുമായി ബന്ധപ്പെട്ട സാമ്പത്തിക വളർച്ചയിലും ടെലിസാന്ദ്രതയ്ക്ക് (100 പേരിൽ എത്രപേർ ടെലഫോൺ കണക്ഷൻ ഉപയോഗിക്കുന്നു എന്ന കണക്ക്) നിർണായക പ്രാധാന്യമുണ്ട്. 2011-12ൽ കേരളത്തിലെ ടെലിസാന്ദ്രത 97.1 ആയിരിക്കെ അഖിലേന്ത്യാ ശരാശരി 73.1 മാത്രമാണ്. വയർലൈനിലും വയർലെസിലും കേരളത്തിന്റെ സാന്ദ്രത അഖിലേന്ത്യാ ശരാശരിയേക്കാൾ ഉയർന്നതാണ്. പട്ടിക 10.3 കാണുക. ടെലിസാന്ദ്രതയിലെ നഗര - ഗ്രാമ അനുപാതം 2000-01 ൽ 2.8 ആയിരുന്നത് 2011-12-ൽ 3.8 ആയി ഉയർന്നത് കേരളത്തിൽ വർധിച്ചുവരുന്ന ഡിജിറ്റൽ ഡിവൈഡിന്റെ സൂചകമായെടുക്കാം. എന്നാൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കിയാൽ ഇത് താരതമ്യേന കുറവാണ്.

2011-ലെ സെൻസസ് കണക്കുകളും മേൽപ്പറഞ്ഞതു ശരിവെയ്ക്കുന്നുണ്ട്. ഇവിടെയുള്ള 89.7 ശതമാനം വീടുകളിലും കണക്ടിവിറ്റിയുണ്ട്. ഗ്രാമങ്ങളിൽ പോലും ഇത് 88.0 ശതമാനമാണ്. അതേസമയം അഖിലേന്ത്യാ ശരാശരി 66.6 മാത്രമാണ്. ടെലിസാന്ദ്രതയുടെ കാര്യത്തിൽ പ്രാദേശികമായ അന്തരവും കേരളത്തിൽ കുറവാണ്.

ഇനി കേരളത്തിലെ ഇന്റർനെറ്റ് ലഭ്യതയുടെ കാര്യം നോക്കാം. ഡാറ്റാ വിനിമയത്തിനായുള്ള സമുദ്രാന്തര കേബിൾ ശൃംഖലയുമായി നേരിട്ടു ബന്ധപ്പെട്ടുകിടക്കുന്നു എന്ന നേട്ടം കേരളത്തിനുണ്ട്. കേരളത്തിലെ പ്രധാന നഗരപ്രദേശങ്ങളെല്ലാം പവർഗ്രിഡിലെ സൈബർ ഓപ്റ്റിക് നെറ്റ് വർക്കിൽ വരുന്നു. ഇത് ഐടി വ്യവസായത്തിന് ഏറ്റവും വലിയ മുതൽകൂട്ടാണ്. ഇന്റർനെറ്റ് ഉപഭോക്താക്കളുടെ എണ്ണത്തിന്റെ കാര്യത്തിൽ കേരളം ഏറ്റവും മുൻപന്തിയിൽ തന്നെ വരും.

പട്ടിക 10.3ൽ കാണുന്നതുപോലെ കേരളത്തിൽ 100 പേരിൽ 25 പേരും ഇന്റർനെറ്റ് ഉപഭോക്താക്കളാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ നിരക്ക് വളരെ ഉയർന്നതാണെങ്കിലും വികസിതരാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പുറകിലാണ്. 2011 ലെ സെൻസസ് പ്രകാരം 15.7 ശതമാനം വീടുകളിലും കമ്പ്യൂട്ടറുകളുണ്ട്. ഇതിൽ ഇന്റർനെറ്റ് കണക്ഷനുള്ളത് 6.3 ശതമാനത്തിൽ മാത്രമാണ്.

സർക്കാർ ഇടപെടൽ

സ്വന്തമായുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം മാത്രം കണക്കിലെടുത്ത് ICT വ്യാപനത്തെ വിലയിരുത്താനാവില്ല. പ്രത്യേകിച്ച് പൊതുയിടങ്ങളുടെ ആരോഗ്യകരമായ സാന്നിധ്യം നിറഞ്ഞുനിൽക്കുന്ന ചരിത്രമുള്ള കേരളത്തിൽ. കേരളത്തിലെ എല്ലാ ഗ്രാമപ്രദേശങ്ങളിലും കമ്പ്യൂട്ടർ സൗകര്യങ്ങളുടെ പൊതുലഭ്യത ഉറപ്പുവരുത്തുന്ന അക്ഷയകേന്ദ്രങ്ങൾ നിലവിലുണ്ട്. കേന്ദ്രസർക്കാർ വ്യാപകമായി നടപ്പിലാക്കിയ പൊതു കമ്പ്യൂട്ടർ കേന്ദ്രങ്ങൾക്ക് (CSC) പോലും ഇത് മാതൃകയായി മാറി. കമ്പ്യൂട്ടർ സാക്ഷരതാപ്രവർത്തനത്തിന്റെ ആദ്യഘട്ടത്തെത്തുടർന്ന് സർക്കാർ സേവനങ്ങൾ ICT യിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ഇവ

വ്യാപകമായി ഉതകി. 2012 മാർച്ചിലെ കണക്കുപ്രകാരം 2694 അക്ഷയകേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിലധികവും ഗ്രാമീണമേഖലയിലാണ്. 1000–3000 കുടുംബങ്ങൾക്ക് ഒന്ന് എന്ന കണക്കിൽ 2–3 കി.മീറ്റർ ഇടവിട്ട് ഇവ പ്രവർത്തിച്ചുവരുന്നു. 33 ലക്ഷം പേരെ കമ്പ്യൂട്ടർ സാക്ഷരരാക്കാനും ഇരുപതിലധികം സർക്കാർ സേവനങ്ങൾ നൽകാനും ഈ കേന്ദ്രങ്ങൾക്ക് കഴിഞ്ഞു. അതേസമയം സൈബർ കഫേകളുടെ എണ്ണമെടുത്താൽ കേരളം അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നിലാണ്.

സ്കൂൾതലത്തിൽ കമ്പ്യൂട്ടർ പശ്ചാത്തലസൗകര്യങ്ങളൊരുക്കുന്നതിനും ആവശ്യമായ കഇഠ പഠന സാമഗ്രികളും സോഫ്റ്റ് വെയറുകളും ലഭ്യമാക്കുന്നതിനുമായി IT@school എന്ന ഒരു ഏജൻസി തന്നെ കേരളത്തിൽ നിലവിലുണ്ട്. ഹാർഡ് വെയർ സൗകര്യങ്ങളും, കണക്ടിവിറ്റിയും സ്കൂളുകളിലെത്തിക്കുന്നതിന് ഈ ഏജൻസി ഇടനിലയായി പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയിൽ ഐസിടി വ്യാപനത്തിന് ഏറ്റവുമാദ്യം തുടക്കമിട്ട സംസ്ഥാനങ്ങളിലൊന്നാണ് കേരളം. തിരുവനന്തപുരത്തെ ടെക്നോപാർക്കിലൂടെയാണ് ഐടി പാർക്ക് എന്ന സങ്കല്പം ആദ്യമായി ഇന്ത്യയിൽ ആവിഷ്കരിക്കപ്പെട്ടത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവയാണ് നമ്മുടെ പ്രധാന ഐടി കേന്ദ്രങ്ങൾ. ഇതിൽ ടെക്നോപാർക്ക് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഐടിപാർക്കാണ്. അത് നിരന്തരം വികസിച്ചുകൊണ്ടിരിക്കുകയുമാണ്. സെസ്(SEZ) പദവിയുള്ള ടെക്നോപാർക്ക് മൂന്നാം ഘട്ടം പൂർത്തിയായി കഴിഞ്ഞു. കൊച്ചിയിലെ ഇൻഫോപാർക്ക് സ്ഥാപിക്കുന്നത് 2004 ലാണ്. 101 ഏക്കർ കാമ്പസിലായി 32 ലക്ഷം സ്ക്വയർ ഫീറ്റ് ഏരിയായിൽ 80 കമ്പനികളും 20000 ത്തോളം തൊഴിലാളികളുമായി അതിവേഗം ഇൻഫോപാർക്ക് വളർന്നു. ഇതിന്റെ രണ്ടാം ഘട്ടത്തിനായി 160 ഏക്കറിൽ പണികൾ നടന്നുവരികയാണ്.

സമഗ്രമായ ഒരു ഐടി നയം 1994–ൽ തന്നെ ഇവിടെ രൂപീകരിക്കപ്പെട്ടു. പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനൊപ്പം ആവശ്യമായ മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നതിനും, കേരളത്തെ ഏറ്റവും ആകർഷണീയമായ ഐടി സങ്കേതമാക്കി മാറ്റുന്നതിനുമുള്ള മാർഗങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു.

എന്നിട്ടും എന്തുകൊണ്ട് പിന്നാക്കാവസ്ഥ?

മേൽ ഖണ്ഡികകളിൽ പ്രതിപാദിച്ചതുപോലെ ഇത്രയേറെ അനുകൂല ഘടകങ്ങളുണ്ടായിട്ടും എന്തുകൊണ്ട് ഐടി വ്യവസായത്തിൽ കേരളം പിന്നാക്കമായി തുടരുന്നു എന്നുള്ള ചോദ്യത്തിന് തൃപ്തികരമായൊരുത്തരം ഇവിടെ നൽകാൻ കഴിഞ്ഞെന്നുവരില്ല. പക്ഷേ, നാം പിന്നാക്കാവസ്ഥയുടെ യാഥാർത്ഥ്യത്തെ അഭിമുഖീകരിച്ചേ പറ്റൂ.

പലതിനും തുടക്കം കുറിച്ചത് കേരളമാണെന്നതു ശരിതന്നെ. പക്ഷേ, അവ മുന്നോട്ടു കൊണ്ടുപോകുന്നതിൽ നാം പരാജയപ്പെട്ടു. രാജ്യത്തെ പ്രഥമ പ്രമുഖ ഇലക്ട്രോണിക് വ്യവസായ സംരംഭങ്ങളിലൊന്നാണ് 1980കളിൽ കേരളം രൂപീകരിച്ച കെൽട്രോൺ. ഈ മുൻകൈ ദൗർഭാഗ്യവശാൽ മുന്നോട്ടു കൊണ്ടുപോകാൻ കേരളത്തിനായില്ല. പുതിയ ഇലക്ട്രോണിക് വ്യവസായങ്ങൾ ഉണ്ടായില്ലെന്നു മാത്രമല്ല, കെൽട്രോണിന്റെ വളർച്ച തന്നെ മുരടിച്ചു. ഇലക്ട്രോണിക്സ് രംഗത്ത് കേരളം പിന്നോട്ടു പോയി. വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിന് വളരെ ദീർഘവീക്ഷണത്തോടുകൂടിയ ഒരു തുടക്കമായിരുന്നു തിരുവനന്തപുരത്ത് സ്ഥാപിക്കപ്പെട്ട ടെക്നോപാർക്ക്. ഇത്തരത്തിലുള്ള രാജ്യത്തിലെ ആദ്യ സംരംഭമായിരുന്നു ഇത്. എന്നാൽ ഇവിടെയും മറ്റു സംസ്ഥാനങ്ങളാണ് അതിവേഗത്തിൽ മുന്നോട്ടുപോയത്.

കെൽട്രോണിന്റെ കാര്യത്തിൽ കമ്പനിയുടെ പ്രവർത്തനത്തിലെ കാര്യക്ഷമതയുടെ കുറവുതന്നെയാണ് മുരടിപ്പിന് കാരണമായത്. വൻകിട അടിസ്ഥാനത്തിലുള്ള ഉൽപാദനത്തിലൂടെ ദേശീയ കമ്പോളത്തിൽ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനു പകരം കൊച്ചുകൊച്ചു യൂണിറ്റുകൾ വൈവിദ്ധ്യമാർന്ന ഉൽപന്നങ്ങൾക്കുവേണ്ടി സ്ഥാപിക്കുന്ന സമീപനമാണ് കൈക്കൊണ്ടത്. തുടക്കത്തിൽ കെൽട്രോണിന് ഉണ്ടായിരുന്ന ആർ ആൻഡ് ഡി സംവിധാനം കേന്ദ്ര ഗവേഷണസ്ഥാപനമായി സ്വതന്ത്രമായതോടെ നൂതന കണ്ടുപിടിത്തങ്ങളും രീതികളും ദുർബലമായി. എല്ലാത്തിനുമുപരി സ്വകാര്യനിക്ഷേപകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിൽ കേരളം പരാജയപ്പെട്ടു.

ടെക്നോപാർക്ക് ഇന്നും കേരളത്തിന്റെ അഭിമാനസ്തംഭമായി തുടരുന്നു. പക്ഷേ, ഈ നിലയിലേയ്ക്കു വളരുന്നതിന് രണ്ടു പതിറ്റാണ്ടുകാലം വേണ്ടിവന്നു. അത്രയ്ക്കു പിശുക്കിയാണ് കേരളം ടെക്നോപാർക്കിനുവേണ്ടി വാർഷിക ബജറ്റുകളിൽ പണം വകയിരുത്തിപ്പോന്നത്. പലഘട്ടങ്ങളിലും ഇടപാടുകാർക്ക് പറഞ്ഞതീയതിയ്ക്ക് മാസങ്ങൾ വൈകിയാണ് കെട്ടിടസൗകര്യം കൈമാറാൻ കഴിഞ്ഞത്. ഈ കാലതാമസമാണ് കേരളത്തെ പിന്തളളിയത്. മറ്റു സംസ്ഥാനങ്ങളിൽ സ്വകാര്യനിക്ഷേപകരുടെ മുൻകൈയിൽ വലിയതോതിൽ പാർക്കു സൗകര്യം സൃഷ്ടിക്കപ്പെട്ടു.

കോഴിക്കോട്ടെ സൈബർപാർക്ക് ഒരു ദശാബ്ദം പിന്നിട്ടിട്ടും ബാല്യകാലദശയിലാണ്. ആദ്യത്തെ വൻകിട സ്വകാര്യ ഐടി പാർക്കാണ് ദുബായ് കേന്ദ്രമാക്കി ടികോമിന്റെ കൊച്ചിയിലെ സ്മാർട്ട് സിറ്റി പ്രോജക്ട്. 9 ദശലക്ഷം ചതുരശ്രഅടിയിൽ 90000 പേർക്ക് നേരിട്ടുള്ള തൊഴിൽ എന്ന പ്രഖ്യാപനവുമായി ആരംഭിച്ച പദ്ധതി എട്ടുവർഷക്കാലമായി ഇഴഞ്ഞുനീങ്ങുകയാണ്.

മാത്രമല്ല, നമ്മുടെ ഐടി പാർക്കുകളോടനുബന്ധിച്ചുള്ള പട്ടണപ്രദേശങ്ങളുടെ വികസനം വളരെ മന്ദഗതിയിലാണ്. അസൗകര്യങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്ന മികച്ച ഗുണനിലവാരമുള്ള തൊഴിൽശക്തി കൂടുതൽ ജീവിതസൗകര്യങ്ങൾ തേടി പുറം സംസ്ഥാ

നങ്ങളിലേക്ക് ചേക്കേറുന്ന സ്വഭാവം ഇവിടെ കൂടുതലായുണ്ട്. ഈ പുതിയ തലമുറ തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന ആധുനിക താമസ സൗകര്യങ്ങൾ, കമ്പോളങ്ങൾ, യാത്രാസൗകര്യങ്ങൾ, വിനോദകേന്ദ്രങ്ങൾ, അവരുടെ കുട്ടികൾക്ക് മികവാർന്ന വിദ്യാലയങ്ങൾ എന്നിവ കൂടി ഉറപ്പുവരുത്തുക എന്നത് സ്ഥായിയായതും വേഗതയേറിയതുമായ ഐടി വികസനത്തിന് അനിവാര്യമാണ്.

സോഫ്റ്റ്വെയർ വ്യവസായ പാർക്കുകളിലാണ് കേരളത്തിലെ ഐടി വ്യവസായ സ്ഥാപനങ്ങളിൽ നല്ല പങ്കും സ്ഥിതി ചെയ്യുന്നത്. ഇവയുടെ സ്വഭാവത്തെക്കുറിച്ച് തുടക്കത്തിൽത്തന്നെ വിശദീകരിച്ചു കഴിഞ്ഞു. ഐടി മൂല്യവർദ്ധന ശ്രേണിയിലെ താഴേത്തട്ടുകളിലെ പ്രവർത്തനങ്ങളാണ് ഇവിടങ്ങളിൽ നടക്കുന്നത്. ഓരോ മേഖലയുടെയും സംരംഭത്തിന്റെയും ആവശ്യങ്ങൾക്കനുസരിച്ച് സോഫ്റ്റ്വെയറുകൾ കസ്റ്റമൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും ഇവ ഉപയോഗിച്ചു കൈകാര്യം ചെയ്യേണ്ട ഇടപാടുകളെ സംബന്ധിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി ചെയ്യലും ആണ് മുഖ്യമായി നടക്കുന്നത്. ഇത്തരം പണികൾ ഇന്ത്യ പോലുള്ള അവികസിത രാജ്യങ്ങളിലെ സോഫ്റ്റ്വെയർ വ്യവസായസംരംഭങ്ങൾക്ക് വിദേശ കമ്പനികൾ കൈമാറുകയാണ് പതിവ് എന്നു നാം കണ്ടു.

ഇന്ത്യയിലെ ഐ ടി കമ്പനികളിൽ 75 ശതമാനവും തീർത്തും ചെറുകിടക്കാരാണ് എന്നതാണ് ഈ മേഖലയുടെ ഒരു വലിയ സവിശേഷത. മുതൽ മുടക്ക് വളരെ കുറവ് മതി എന്നതിനാൽ മിടുക്കരായ നിരവധി ചെറുപ്പക്കാർ ഈ മേഖലയിൽ സംരംഭകരായി മാറുന്നു.സുഹൃത്തുക്കളായ ചെറുപ്പക്കാർ ചേർന്ന് തുടങ്ങുന്ന സ്ഥാപനങ്ങളാണ് പലതും. ഇവിടെ അവർ തന്നെയായിരിക്കും അധിക തൊഴിലും എടുക്കുക.തിരുവനതപുരം ടെക്നോപാർക്കിൽ 450 കമ്പനികൾ ഉള്ളതിൽ നല്ലൊരു പങ്ക് ഇത്തരത്തിലുള്ളവയാണ്. 5 മുതൽ 50 വരെയാണ് ഇതിൽ പലതിലും ജീവനക്കാർ. വാർഷിക വരുമാനമാകട്ടെ ഒരു കോടിയിൽ താഴെയും. ഇന്ത്യൻ ഐ ടി കമ്പനികളിൽ 8 ശതമാനം മാത്രമാണ് വൻകിട കാറ്റഗറിയിൽ പെടുത്താവുന്നവ. അതിനും താഴെ ഇടത്തരം കമ്പനികൾ 10 ശതമാനവും. ചെറുകിട കമ്പനികളിലെ മുതലാളിയും തൊഴിലാളിയും തമ്മിൽ വരുമാനത്തിൽ പോലും വലിയ അന്തരമുണ്ടാകാറില്ല എന്നതാണ് വസ്തുത. ഇന്ത്യൻ ഐ ടി യുടെ യഥാർത്ഥ മുഖമാണ് ഇക്കൂട്ടർ. അസ്ഥിരതയാണ് ഈ കമ്പനികളിലെ മുഖമുദ്ര. നിലവിലുള്ള ഒരിടപാടുകാരനോ പ്രോജക്ടോ നഷ്ടപ്പെട്ടാൽ പലപ്പോഴും കമ്പനി തന്നെ പൂട്ടിപ്പോകും. പ്രോജക്ടുകളിൽ നിന്നുള്ള വരുമാനമില്ലെങ്കിൽ ശമ്പളമില്ല എന്നതിനാൽ മുതലാളിയെക്കാൾ ഉത്സാഹത്തിൽ പണിയെടുക്കുന്ന തൊഴിലാളിയെ ഇവിടെ എപ്പോഴും കാണാനാവും. രാപ്പകൽ പണിയെടുക്കാനും വാരാന്ത്യങ്ങളിൽ പോലും ജോലി ചെയ്യാനും സ്വയമേ അവൻ സന്നദ്ധനാകുന്നു. കമ്പനികൾ എന്നതിൽ നിന്ന് വ്യത്യസ്തമായി ചെറിയ തൊഴിൽ കൂട്ടങ്ങളായി ഇവരെ കരുതേണ്ടി വരും. വൻകിട കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിൽ വലിയ കാലതാമസമുണ്ടായത് വലിയ തിരിച്ചടിയായി എന്ന് ചില വിദഗ്ധർ വിലയിരുത്തിയിട്ടുണ്ട്.

ഐസിടി ഉൽപാദന മേഖലകളിൽ

എന്തുകാരണം കൊണ്ടാകട്ടെ, ബിപിഒ കയറ്റുമതി മേഖലകളിൽ നിലയുറപ്പിക്കാൻ കേരളത്തിന് കഴിയാതെപോയ സാഹചര്യത്തിൽ കേരളത്തിലെ ആഭ്യന്തര ഉൽപാദന മേഖലകളിലും ഭരണസംവിധാനത്തിലും ഐടി സന്നിവേശിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഊന്നാൻ കഴിയുമായിരുന്നു. എല്ലാ ആധുനിക വ്യവസായ മേഖലകളിലും അതിവേഗത്തിലാണ് ഐടിയുടെ അടിസ്ഥാനത്തിൽ ഉൽപാദനപ്രക്രിയയിൽ രൂപാന്തരം വന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, കാർഷിക പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിനും വൈവിദ്ധ്യവൽകരണത്തിനും ഈ സാങ്കേതികവിദ്യയുടെ സാധ്യതകൾ ആരായാൻ കഴിയും. ഉദാഹരണത്തിനു നമ്മുടെ കൈത്തറിത്തുണികളുടെയും കയറുൽപ്പന്നങ്ങളുടെയും ഡിസൈനിംഗിനു കമ്പ്യൂട്ടറുകൾ ഉപയോഗപ്പെടുത്താവുന്നതാണ്. വിവര-ടെലികമ്മ്യൂണിക്കേഷൻ സാങ്കേതികവിദ്യകളുടെ സംയോജനം ഐടിയുടെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു. നിർമ്മാണ വ്യവസായങ്ങളെ മാത്രമല്ല സേവനമേഖലയെയും ഐടി കീഴ്മേൽ മറിച്ചിരിക്കുന്നു. ഇന്റർനെറ്റ് അടക്കമുള്ള സാങ്കേതിക വിദ്യകൾ വിജ്ഞാനവിസ്ഫോടനത്തിനു വഴി തുറന്നിരിക്കുന്നു. ഇതിനായി സൃഷ്ടിച്ചിട്ടുള്ള വിവര വിനിയമ ശൃംഖലകൾ പുത്തൻ കച്ചവട സംവിധാനങ്ങൾക്കും (ഇ-കൊമേഴ്സ്) പുതിയ സേവന സംവിധാനങ്ങൾക്കും വഴിയൊരുക്കിയിരിക്കുന്നു. ഇലക്ട്രോണിക് ടിക്കറ്റു ബുക്കിംഗ് സംവിധാനങ്ങൾ, ടെലി മെഡിസിൻ, മൊബൈൽ കൊമേഴ്സ് തുടങ്ങിയവയൊക്കെ സേവന മേഖലയിലെ പുതിയ മാറ്റങ്ങളുടെ ദൃഷ്ടാന്തങ്ങളാണ്.

പൊതുഭരണത്തിന്റെ കാര്യക്ഷമതയ്ക്കും സുതാര്യതയ്ക്കും ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനാവും. വൈദഗ്ദ്ധ്യപോഷണം നടത്താൻ മുൻകൈ ഉണ്ടായിട്ടുണ്ടെങ്കിലും അത് പ്രശ്നത്തിന്റെ അരിക് തൊടാൻ പോലും പര്യാപ്തമായിട്ടില്ല. ഇന്നും നമ്മുടെ സേവന രംഗങ്ങളിലും വ്യവസായങ്ങളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലും ഭരണ-രാഷ്ട്രീയ രംഗങ്ങളിലും ബഹുഭൂരിപക്ഷവും വിവര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിൽ പരിശീലനം സിദ്ധിക്കാത്തവരാണ്.

വിദ്യാഭ്യാസ മേഖലയിൽ കമ്പ്യൂട്ടർ പഠനം വ്യാപകമായിട്ടുണ്ടെങ്കിലും അനിമേഷനുകൾ, വീഡിയോ, മൾട്ടിമീഡിയ എന്നിവയുടെ സഹായത്തോടെ നമ്മുടെ പഠനപദ്ധതികളെ ആധുനീകരിക്കുന്നതിൽ കാര്യമായി മുന്നോട്ടു പോകുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. ഉന്നതവിദ്യാഭ്യാസ രംഗത്തെ ICT യുടെ സഹായത്തോടെ നവീകരിക്കുവാനും അ*ന്താരാഷ്ട്രതലത്തിൽ ലഭ്യമായ കണ്ടന്റുകൾ ഇവിടെ ലഭ്യമാക്കുന്നതിലും

മുന്നോട്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. സർക്കാർ വക ആർട്സ് & സയൻസ് കോളേജുകൾ ഇക്കാര്യത്തിൽ ഏറെ പിന്നിലാണ്.

ഭരണനിർവ്വഹണത്തിന്റെ വിവിധ തലങ്ങളിൽ ഉപ യോഗിക്കാനുതകുന്ന സോഫ്റ്റ് വെയർ ആപ്ലിക്കേഷ നുകളിൽ ട്രെയിനിംഗ് നൽകി നമ്മുടെ ഉദ്യോഗസ്ഥ വൃന്ദത്തെ ആധുനീകരിക്കാനുതകുന്ന ട്രെയിനിംഗ് പദ്ധതികൾ കൂടുതൽ കാര്യക്ഷമത ആർജിക്കേണ്ട തുണ്ട്. ഇതിനായി രൂപീകരിച്ച IKM -ന് തുടക്കത്തി ലെ ഊർജ്ജസ്വലത പിന്നീട് കൈമോശം വന്നു. തദ്ദേ ശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഏതാനും സോഫ്റ്റ് വെയറുകൾ നിർമ്മിച്ച് അതിൽ പരിശീലനം നൽകുന്ന പ്രവർത്തനങ്ങളിൽ അത് ഒതുങ്ങി.

ആഭ്യന്തര വ്യവസായങ്ങളുടെ നവീകരണത്തിനും ഭരണം, വാണിജ്യം തുടങ്ങിയ സേവനങ്ങളെ അടി സ്ഥാനമാക്കിയുള്ള വിവരസേവന വ്യവസായങ്ങളാണ് യഥാർഥ മൂല്യവർധനയ്ക്കും വൈദഗ്ധ്യ പോഷണ ത്തിനും തുടർന്ന് വർധിച്ച കയറ്റുമതി വരുമാനത്തിനും ഉതകുന്നത്. കേരളത്തിന്റെ വിവര സേവനാവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ നേടുന്ന പരിചയം ഈ സംരംഭ കരെ വിദേശ കമ്പോളം ലക്ഷ്യമിട്ട് പ്രവർത്തിക്കാനും കൂടുതൽ ഉയർന്ന മൂല്യം സൃഷ്ടിക്കാനും കൂടുതൽ കയറ്റുമതി വരുമാനം കൊണ്ടുവരാനും പ്രാപ്തമാക്കും.

ഐസിടി ഉൽപാദന മേഖലയിൽ സന്നിവേശിപ്പി ക്കുന്നതിനും ഐടി സേവനങ്ങൾ കുറേക്കൂടി ഉയർന്ന നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും മൂന്നു ഉപാ ധികളുണ്ട്. ഒന്ന്, ഐസിടി മേഖലയുമായി കണ്ണിചേ രുന്ന അനുബന്ധ വ്യവസായങ്ങളുടെ ഒരു ഉൽപാദന സംവിധാനവും സപ്ലൈ ചെയിൻ ശൃംഖലയും വേണം. പ്രോസസ് കൺട്രോൾ, എംബെഡഡ് സിസ്റ്റംസ്, പ്രിന്റ് ഇലക്ട്രോണിക്സ്, സെൻസർ അല്ലെങ്കിൽ മൊബൈൽ ടെക്നോളജീസ്, സ്മാർട്ട് ഇൻഫ്രാസ്ട്രക്ചർ, സൈ ബർ സെക്യൂരിറ്റി എന്നിവ നിർണായകമാണ്. ഇതിന് കാര്യമായ പരിശ്രമമൊന്നും കേരളത്തിലെ ഐടി മേ ഖലയിൽ നടന്നിട്ടില്ല.

രണ്ട്, ഐസിടി മേഖലയുമായി ഏകോപിച്ചു പ്രവർ ത്തിക്കുന്ന അക്കാദമിക് സ്ഥാപനങ്ങളും ശാസ്ത്രസാ ങ്കേതിക സ്ഥാപനങ്ങളുമാണ് ഉയർന്ന നിലവാരത്തി ലുള്ള പ്രക്രിയകളിലേയ്ക്കും ഉൽപന്നങ്ങളിലേയ്ക്കും മാറുന്നതിന് ഐസിടി വ്യവസായത്തെ സഹായിക്കുക. ഇക്കാര്യത്തിലും ഗൗരവമായ പരിശ്രമങ്ങൾ ഉണ്ടായി ട്ടില്ല.

മൂന്ന്, ഐസിടി വ്യവസായവുമായി കണ്ണിചേർന്നു പ്രവർത്തിക്കുന്ന ഒരു ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ ഒരു ശൃംഖല ഉണ്ടായാൽ മാത്രമേ ടെക്നോപാർക്കുകളുടെ സാമീപ്യം ഉൽപാദനത്തി ലും തൊഴിൽസൃഷ്ടിയ്ക്കും ഉപയോഗിക്കാനാവൂ. ഇതിന് അനുസൃതമായ ഇൻക്യുബേഷൻ സംവിധാ നങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സംവി ധാനങ്ങളും ഉണ്ടായില്ല. ഐസിടി വ്യവസായത്തിന് സഹായകരമാംവിധം മനുഷ്യവിഭവ ലഭ്യത ഉറപ്പുവ രുത്താനും ക്രമീകരിക്കാനും കേരളത്തിലെ പരിശീ ലന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ചില്ല.

നാല്, ഐസിടി വ്യവസായത്തിന്റെ സാന്നിദ്ധ്യം പൊതുമേഖലയുടെയും സർക്കാരിന്റെയും ഭരണസം ഘടനാ സംവിധാനങ്ങളുടെ സൃഷ്ടിപരമായ പുനഃ സംഘടനയ്ക്കും ഗുണനിലവാരം മെച്ചപ്പെടുത്തലിനും വഴിയൊരുക്കണം. എന്നാൽ ഇത്തരത്തിൽ ഐസിടി വ്യവസായത്തെ ഇവയുമായി കണ്ണിചേർക്കുന്നതിന് കഴിയാതെപോയി.

ഇക്കാര്യത്തിനായും അത് രൂപപ്പെടുന്ന മുറയ്ക്ക് കേരള സമൂഹത്തിന്റെ വിവരാവശ്യങ്ങൾ നിർവഹി ക്കാൻ നിലവിലുള്ള വിവര സാങ്കേതിക സ്ഥാപനങ്ങൾ ക്ക് സാങ്കേതികോപദേശം നൽകുക, നിലവിലുള്ള വിവര സാങ്കേതിക വിഭവങ്ങളെ പരസ്പരപൂരകമാ യി ഉപയോഗിക്കുക, ദിശാബോധത്തോടെ പുതിയ കർമ പരിപാടികൾ ആവിഷ്കരിച്ച് മാതൃകകൾ സൃ ഷ്ടിക്കുക, അവ നടപ്പാക്കാൻ വിവിധ വകുപ്പുകൾ ക്കും സ്ഥാപനങ്ങൾക്കും സാങ്കേതികോപദേശങ്ങളും സഹായങ്ങളും നൽകുക തുടങ്ങിയ കാര്യങ്ങൾക്കാ യി ഒരു ഐ.ടി വികസന കോർപ്പറേഷൻ രൂപീകരി ക്കേണ്ടതാണ്. അതിന്റെ പ്രവർത്തന പരിപാടികളിൽ ദേശീയ വൈദഗ്ദ്ധ്യം ഉയരത്തക്ക തരത്തിൽ ഇ-ഭര ണം, വിവരാധിഷ്ഠിത സ്ഥാപന ഭരണം, ഇ-റോഡ്, ഇ-കോമേഴ്സ്, ഇ-ബാങ്കിങ്ങ്, ഇതര ഇ-സേവനങ്ങൾ, അവയുടേയെല്ലാം ചെലവ് കുറയ്ക്കുന്ന പങ്കാളിത്ത മാതൃകയായ പൊതുമേഖലയിലും സർക്കാർ മേഖല യിലുമുള്ള ക്ലൗഡ് കമ്പ്യൂട്ടിങ്, പ്രാദേശികവും ദേശീ യവുമായ വിവര സഞ്ചയം, പൊതു ഉടമസ്ഥതയിൽ സൃഷ്ടിക്കപ്പെടത്തക്കവിധമുള്ള പബ്ലിക്ക് പോർടലു കൾ തുടങ്ങിയവ പരിഗണിക്കപ്പെടണം.

3. മാർഗനിർദ്ദേശങ്ങൾ

1. ഐടി മേഖലയിൽ അഗോളതലത്തിൽ ശ്രദ്ധിക്കപ്പെ ടുന്ന ഒന്നായി കേരള ബ്രാൻഡിംഗ് കൊണ്ടുവരിക. ഇതിനായി KSITIL നെ കൂടുതൽ ശക്തിപ്പെടുത്തേ ണ്ടതുണ്ട്. പാർക്ക്മാനേജ്മെന്റിന്റെ ഉത്തരവാദിത്വം പാർക്കുകളും ഭരണപരവും, മെയിന്റൻസിലും മാർ ക്കറ്റിംഗിലും മാത്രമായി ചുരുക്കുക. പാർക്കുകൾക്ക് ചുറ്റുമുള്ള പശ്ചാത്തല സൗകര്യം വികസിപ്പിക്കൽ മറ്റു സംരംഭകരെ ഏൽപ്പിക്കുക.
2. ഇൻകുബേഷൻ, സ്റ്റാർട്ട്അപ്പുകൾ എന്നിവയുടെ ചുമതല KSITIL നെ ഏൽപ്പിക്കുക. സ്റ്റാർട്ട്അപ്പു കൾക്ക് വെഞ്ചർ ക്യാപിറ്റല് ഫണ്ടിംഗ് ഉറപ്പാക്കു വാൻ കഴിയണം. ഇതിനായി സ്റ്റാർട്ട്അപ്പുകളുടെ നൂതനശ്രമങ്ങളെ പിന്തുണയ്ക്കാൻ താത്പര്യമുള്ള ഗവേഷണ വികസന കേന്ദ്രങ്ങളുടെ സഹായം ലഭ്യ മാക്കണം. അതോടൊപ്പം 100 കോടിരൂപയെങ്കിലും സർക്കാർ സീഡ് ഫണ്ടായും നൽകണം.

3. സ്വകാര്യ ഐടി പാർക്കുകളെ പ്രോത്സാഹിപ്പിക്കുന്നതിന് മാർഗനിർദേശങ്ങൾ അടങ്ങുന്ന ഒരു നയപരിപാടിയ്ക്ക് രൂപം നൽകേണ്ടതാണ്. ഇവയ്ക്കാവശ്യമായ ബാഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ ഉത്തരവാദിത്തം സർക്കാർ തലത്തിൽത്തന്നെ നിലനിർത്തേണ്ടതുമുണ്ട്. സ്മാർട് സിറ്റി പദ്ധതി പൂർത്തീകരണത്തിന് പുതിയൊരു സമയബദ്ധിത പരിപാടി തയ്യാറാക്കി നടപ്പാക്കണം. അടുത്ത തല മുറ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ക്ലൗഡ് കമ്പ്യൂട്ടിംഗിന്റെയും ഇന്റർനെറ്റ് ഓഫ് തിംഗ്സിന്റെയും സാധ്യതകൾ ആരായേണ്ടതുണ്ട്.

4. അക്കാദമിക, ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണയോടെ നവീന ആശങ്ങളുടെ നിർമ്മിതിയുടെ അഭാവമാണ് ടെക്നോപാർക്കിന്റെ ഏറ്റവും പ്രധാന പോരായ്മ. സംസ്ഥാനത്തിന്റെ വികസന പരിപ്രേക്ഷ്യവുമായി ടെക്നോപാർക്കിനുള്ള ബന്ധത്തിന്റെ അഭാവത്തിനു കാരണവും ഇതാണ്. വിവിധ വികസനരംഗങ്ങളിൽ കേരളം ഇന്ന് രണ്ടാംഘട്ടപ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനും ടെക്കനോപാർക്കി ന് പങ്ക് വഹിക്കാനാകണം.

5. കേരളത്തിലെ ശാസ്ത്ര സാങ്കേതിക ഗവേഷണ വികസന സ്ഥാപനങ്ങളെ ടെക്കാനോപാർക്കുമായി കൈകോർത്തു പ്രവർത്തിക്കുന്ന ഒരു ഇന്നൊവേഷന് സംവിധാനത്തിനു തുടക്കമിടണം. കാലാവസ്ഥാ വ്യതിയാനവുമായുള്ള കേരളത്തിന്റെ സമരസപ്പെടൽ, കേരളത്തിലെ ഇലക്ട്രോണിക വ്യവസായത്തിന്റെ പുനഃസൃഷ്ടി, പശ്ചിമ ഘട്ടത്തിലെ ജൈവ സാങ്കേതിക വിദ്യാ പരിപാലനം, കേരളത്തിലെ ഉത്പാദന മേഖലയുടെ പുനസംഘടന, ഹരിതോർജ്ജര സാധ്യതകളുടെ പരിപോഷണം, ബയോടെക്നോളജിയും ജനറ്റിക്സും നാനോ ടെക്നോളജിയും അടക്കമുള്ള വൈജ്ഞാനിക വ്യവസായങ്ങളുടെ വികസനം, ഹോസ്പിറ്റാലിറ്റി – ടൂറിസം എന്നിവ അടങ്ങുന്ന കേരളത്തിലെ സേവന മേഖലയുടെ ശാക്തീകരണം, കേരളത്തിലെ പശ്ചാത്തല സൌകര്യങ്ങളുടെയും ഗതാഗത സംവിധാനങ്ങളുടെയും നവീകരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ സാങ്കേതിക വിദ്യാ മെച്ചപ്പെടുത്തൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള് അടക്കമുള്ള കേരളത്തിലെ സർക്കാർ ഭരണ സംവിധാനത്തെ കാര്യക്ഷമമാക്കൽ, ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കൽ, കേരളത്തിലെ ഐടി ഇതര വ്യവസായങ്ങളുടെ ഐടി വത്ക്കരണം എന്നിവയെല്ലാം ഈ ഇന്നൊവേഷന് കൂട്ടായ്മയുടെ ലക്ഷ്യമാവണം.

6. ഒറ്റപ്പെട്ട ഒരു തുരുത്തായിട്ടാണ് ടെക്നോപാർക്ക് ഇന്നും നിലനിൽക്കുന്നത്. സമൂഹത്തിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളുമായി ഇതിനെ കൂടുതൽ ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. ടെക്നോപാർക്കിലെ സ്ഥാപനങ്ങൾക്ക് ഇതിനായി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കേണ്ടിയിരിക്കുന്നു. ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഗുണനിലവാര വർദ്ധനയും അവർക്ക് അന്താരാഷ്ട്ര വിപണിയുമായി പരിചയപ്പെടുന്നതിനും ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അവസരമൊരുക്കലും ഇതിന് അനിവാര്യമാണ്. ടെക്നോപാർക്കിനു പുറത്തുള്ള ചെറുകിട സംരംഭങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകുന്ന സമീപനമല്ല സർക്കാരുകൾ ഇതുവരെ കൈക്കൊണ്ടിരിക്കുന്നത്. ഇതു മാറണം.

7. ഗുരുതരമായ മനുഷ്യവിഭവദൗർലഭ്യം ഐടി മേഖല നേരിടുന്നുണ്ട്. ഇത് പരിഹരിക്കുവാൻ എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രമാക്കി പദ്ധതികൾ ആവിഷ്കരിക്കണം. സോഫ്റ്റ് വെയർ, എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ടെസ്റ്റിംഗ്, ക്വാളിറ്റി എന്നിവയിൽ കഴിവുകൾ വികസിപ്പിക്കുന്നതിനുതകുന്ന സ്കിൽ അക്കാദമികൾ സ്ഥാപിക്കണം. ഇതിനായി മുൻപ് ആവിഷ്കരിച്ച IIITMK യ്ക്ക് ഈ കാര്യത്തിൽ കാര്യമായ നേട്ടങ്ങളൊന്നും തന്നെ ഉണ്ടാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. സർവകലാശാലകളുമായി ഐടി വ്യവസായം ശക്തമായി കൈകോർക്കുന്നതിനും വിവിധ വിദ്യാഭ്യാസ പരിശീലന പരിപാടികളുടെ ഗുണ നിലവാരം ഐടി വ്യവസാത്തിന്റെ പങ്കാളിത്തത്തോടെ നവീകരിക്കുന്നതിനും ഒരു പ്രായോഗിക പരിപാടി ഉണ്ടാകണം.

8. ഉള്ളടക്കം ഇന്നു വിവരവിനിയമ വ്യവസായത്തിന്റെ ഒരു ഘടകമാണ്. എഴുത്ത്, ഫോട്ടോഗ്രാഫുകൾ, സിനിമ, വീഡിയോ, സംഗീതം, റിംങ് ടോണുകൾ ഇവയെല്ലാം മൾട്ടിമീഡിയയുടെ വിവിധ രൂപങ്ങളാണ്. ഇവയടങ്ങുന്ന സിഡികളും വെബ് പേജുകളും മറ്റും കൈകാര്യം ചെയ്യുന്ന സംരംഭകത്വങ്ങൾ പ്രത്യേകം പ്രോത്സാഹിപ്പിക്കണം.

9. ചിപ്പ് ഉല്പാദനം തുടങ്ങിയ ഐറ്റി ഹാർഡ് വെയറുകളുടെ നിർമ്മാണത്തിന് സംവിധാനങ്ങളുണ്ടാക്കണം. അവികസിത ജില്ലകളായ മലപ്പുറം, പാലക്കാട്, കാസർഗോഡ്, തുടങ്ങിയ ഇടങ്ങൾ കേന്ദ്രമാക്കി വേണം ഇതുചെയ്യാൻ. ഇന്ത്യയെ ഇലക്ട്രോണിക് സിസ്റ്റംസ് ആന്ഡ് ഡിസൈൻ മാനുഫാക്ചറിങ് വ്യവസായത്തിന്റെ ആഗോള ഹബ്ബാക്കി മാറ്റാനുള്ള കേന്ദ്ര സർക്കാറരിന്റെ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ഇതിന് പ്രത്യേക കേന്ദ്രഫണ്ടുകൾ കണ്ടെത്താനാകും.

10. നമ്മുടെ നാട്ടിലെ ഉല്പാദന പ്രക്രിയകളെയും, ചെറുകിട ഇടത്തരം സംരംഭകരെയും കഇഠ നൽകുന്ന സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

11. പരമ്പരാഗത വ്യവസായങ്ങൾക്ക് വിപണികൾ കണ്ടെത്താനും കഴിയുന്നത്ര നേരിട്ട് ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ എത്തിക്കാനും ഇ-കോമേഴ്സ് സാധ്യതകളെ ഉപയോഗിക്കുക.

12. സർക്കാർ മുൻകൈയ്യിൽ B2B രംഗത്ത് ഇ-കോമേഴ്സ് സംരംഭങ്ങൾ തുടങ്ങി ചെറുകിട ഉല്പാദകരുടെ ചരക്കുകളെ കൂടുതൽ ചലനാത്മകമാക്കുക.

അവർക്ക് പുതിയവിപണികൾ തുറന്നുകൊടുക്കുക.

13. ചെറുകിട ഇടത്തരം സംരംഭകരെയും സഹകരണ സംഘങ്ങളെയും കാര്യക്ഷമമാക്കുന്നതിന് കഠ സംവിധാനങ്ങളുടെ വിപുലമായ സാദ്ധ്യത പ്രയോജനപ്പെടുത്തണം. ഊർജ സംരക്ഷണത്തിൽ നിന്നുള്ള ലാഭം ഉപയോഗിച്ച് വരുമാനവും മൂലധനവും കണ്ടെത്തുന്ന ESCO കമ്പനികളുടെ മാതൃകയിൽ കാര്യക്ഷമതാ വർദ്ധിനവിൽ നിന്നുള്ള മൂല്യ സൃഷ്ടി ലക്ഷ്യമിടുന്ന BPM കമ്പനികൾ രൂപീകരിക്കാനാകണം. KFC, KSIDC തുടങ്ങിയ സ്ഥാപനങ്ങൾ ഈ കമ്പനികൾക്ക് ധനസഹായം നല്കണം.

14. ICFOSS ന്റെ പ്രവർത്തനം വിപുലമാക്കാൻ കേരളത്തിൽ ഉടനീളം സ്റ്റുഡന്റ് ചാപ്റ്ററുകള്ക്ക് രൂപം നല്കണം. ഓപ്പൺ സോഴ്സ് ആപ്പ്ളിക്കേഷനുകളുടെ വികസനം പരിശീലനം എന്നിവയ്ക്ക് ICFOSS സംസ്ഥാനതലത്തിൽ നേതൃതം നല്കണം.

15. നമ്മുടെ നാട്ടിലെ വിദ്യാസമ്പരായ സ്ത്രീകളുടെ തൊഴിൽ ശേഷിക്ക് വിപണി കണ്ടെത്തുവാൻ ഓൺലൈൻ പോർട്ടലുകൾ സജ്ജമാക്കുക. വീട്ടിലിരുന്നും, പൊതു ഐടികേന്ദ്രങ്ങളായ അക്ഷയകേന്ദ്രങ്ങളിലും ഇവർക്കു പ്രവർത്തിക്കുവാൻ സൗകര്യമുണ്ടാക്കുക. റിമോർട്ട് സ്റ്റാഫിംഗ് പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് ജോലിയിൽ ഏർപ്പെടാൻ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം നൽകുക. സാങ്കേതിക മേൽനോട്ടത്തിനും പ്രോജക്ട് മാനേജ്മെന്റിനും മാർക്കറ്റിംഗിനും ഇവർക്ക് സഹായം നൽകാനുള്ള സംഘടനാ സംവിധാനം ഏർപ്പാടുചെയ്യുക.

16. സമൂഹത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്കായി മൊബൈൽ അധിഷ്ഠിതമായി ഉപയോഗിക്കാൻ പറ്റുന്ന പോർട്ടൽ സംവിധാനങ്ങൾ കൊണ്ടുവരിക. ഉദാഹരണത്തിന് ഓട്ടോ തൊഴിലാളികൾക്ക് യൂബർ മാതൃകയിലുള്ള ആപ്ലിക്കേഷനുകൾ നൽകി വരുമാനവർധനവിന് വഴിയൊരുക്കാനാവും. അതുപോലെ മത്സ്യത്തൊഴിലാളികൾക്ക് ജിപിഎസ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ വഴി കൂടുതൽ ഉല്പാദമെച്ചം കൈവരിക്കാനാവും. സർക്കാർ ഏജൻസികൾ തീർത്തും ഭാവനാശൂന്യരും സാങ്കേതികമായി കെല്പില്ലാത്തവരായതിനാലുമാണ് ഈ മേഖലയിൽ വൻകിടസ്വകാര്യകമ്പനികൾക്ക് ചൂഷണം ചെയ്യാൻ കളമൊരുങ്ങുന്നത്.

17. ഗുണനിലവാരമില്ലാത്ത ഉള്ളടക്കം ഇല്ലഎങ്കിൽ എല്ലാ വിദ്യാലയങ്ങളിലും കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമില്ല. ഇതു മനസിലാക്കി അന്താരാഷ്ട്ര നിലവാരമുള്ള ഇ-ലേണിംഗ് കണ്ടന്റ് തയ്യാറാക്കുക. നമ്മുടെ പരമ്പരാഗത അറിവുകളും കലാവൈദഗ്ധ്യവും പരിശീലനപരിപാടികളും തൊഴിൽ വൈദഗ്ധ്യങ്ങളും സംസ്ഥാന ഡിജിറ്റൽ ആർക്കൈവ്സിലേക്ക് കൊണ്ടുവരിക. അതുവഴി ഈ അറിവുകൾ അന്യം നിന്നുപോകുന്നതും ഒഴിവാക്കാനാവും.

18. വിവിധമേഖലകളിൽ ഐസിടി ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ താഴെതട്ടുമുതലുള്ള ഉദ്യോഗസ്ഥരെയും പഞ്ചായത്തുതലംമുതലുള്ള ഭരണാധികാരികളെയും മനസ്സിലാക്കിക്കുവാൻ ആവശ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിക്കുക.

19. സ്കൂൾ തലംമുതൽ സാങ്കേതിക ബിരുദം വരെയുള്ള ഐടി പാഠ്യപദ്ധതികൾ അടിയന്തിരമായി നവീകരിക്കേണ്ടതുണ്ട്. ഇതിനായി ഐടി വ്യവസായത്തിലെ വിദഗ്ധരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക.

20. ഏതാണ്ട് 5000 ത്തോളം വരുന്ന ഗ്രാമീണ ഗ്രന്ഥശാലകളെ ഐടി നെറ്റ് വർക്ക് വഴി ലോകത്തെ വിവിധ സർവകലാശാലകളിലേയും ലൈബ്രറികളിലേയും പുസ്തകങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുക. ഓൺലൈൻ മാസികകളും പത്രങ്ങളും ഈ റീഡിംഗ്റൂമുകളിൽ ലഭ്യമാക്കുക.പണ്ട് ഗ്രാമീണ ഗ്രന്ഥശാലകളായിരുന്നു പുറം ലോകത്തെ അറിവിലേക്കുള്ള വഴി. ഇന്റർനെറ്റ് യുഗത്തിന് അനുയോജ്യമായ രീതിയിൽ അവയെ പുനസംഘടിപ്പിക്കുക

21. കേരളത്തിലെ ഡിപ്പാർട്ടുമെന്റുകൾ ഏറിയ പങ്കിലും സേവനദായക സംവിധാനങ്ങൾ നവീകരിച്ചിട്ടില്ല. ഇവയിൽ പലതും പരമ്പരാഗത ശൈലിയിൽത്തന്നെയാണ് പ്രവർത്തിച്ച് പോരുന്നത്. സർക്കാർ തലത്തിൽ ബിസിനസ് പ്രോസസ് മാനേജ്മെന്റിൽ ഊന്നിയുള്ള ഒരു ഈ ഗവേണൻസി പരിപാടിക്ക് ഐടി മിഷൻ രൂപം നല്കണം. പ്രൊഫഷണലുകൾ അടങ്ങുന്ന ഒരു മാർഗ്ഗനിർദ്ദേശക സമിതിയും ഉയർന്ന ഉദ്യോഗസ്ഥന്മാരടങ്ങുന്ന ഒരു നിർവാഹക സമിതിയും ഇതിനായി രൂപം നല്കേണ്ടതുണ്ട്. എൽഡിഎഫ് സർക്കാർ ആരംഭിച്ച സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ മുഖാന്തിരം സർവീസ് ഡെലിവറി ഏകോപനം keralagov.in ഇൽ ഒരു ഏകീകരിച്ച ഇന്റർ ഫേസ് നിർമ്മിതി, ഉള്ളടക്കത്തോടൊപ്പം ട്രാന്സാക്ഷൻ സർവീസുകളുടെ ഏകോപനം എന്നിവ ലക്ഷ്യമിട്ടിരുന്നു. ഈ പരിപാടി ഗൌരവമായി മുന്നോട്ട് കൊണ്ടുപോകാനായിട്ടില്ല. ഈ പേമെന്റ്, ഡിബിടി, ഐഎംപിഎസ് എന്നിവയുടെ ഏകോപനത്തിലും മുന്നോട്ട് പോകേണ്ടതുണ്ട്. ട്രഷറി ഈ പേമെന്റ് ഗേറ്റ് വേ യാഥാർത്ഥ്യമായെങ്കിലും ട്രഷറിയിൽ കോർ ബാങ്കിങ് സംവിധാനത്തിലേക്ക് മാറാൻ ഇനിയും ആയിട്ടില്ല. SPARK ശമ്പള വിതരണത്തിനുള്ള പദ്ധതി എന്നതിനപ്പുറം ജീവനക്കാരുടെ പരിശീലനം ഗുണനിലവാരം എന്നിവ മോണിട്ടർ ചെയ്യുന്നത്തിന് ഉതകുന്ന ഒരു എച്ച്ആർ മാനേജ്മെന്റ് ഉപാധിയായി മാറണം എന്ന സങ്കല്പ്പത്തിന് ലക്ഷ്യം കൈവരിക്കാനായിട്ടില്ല. വിവിധ വകുപ്പുകളിൽ out source ചെയ്യുന്ന പ്രൊജെക്റ്റുകളുടെ തുടർ നടത്തിപ്പ് ഡാറ്റ സെക്യൂരിറ്റി എന്നിവ അടക്കം കൈകാര്യം ചെയ്യാൻ കഴിയുന്ന രൂപത്തിൽ കേരള സിവിൽ സർവീസിൽ പ്രൊഫഷണൽ സംവിധാനങ്ങൾ കരുപ്പിടിപ്പിക്കേണ്ടതുണ്ട്.

അധ്യായം 11

ടൂറിസം

ആഗോളതലത്തിൽ ഏറ്റവും വേഗതയിൽ വളരുന്ന വ്യവസായങ്ങളിലൊന്നാണ് ടൂറിസം. 2012-ൽ ലോക ഉൽപ്പാദനത്തിന്റെ 9.2 ശതമാനവും 26 കോടി തൊഴിലുകളും ടൂറിസം സൃഷ്ടിച്ചു എന്നാണ് കണക്ക്. ആഗോള ഉൽപ്പാദന വർദ്ധന നിരക്കിനേക്കാൾ വേഗതയിലാണ് ടൂറിസം കഴിഞ്ഞ രണ്ട് ദശാബ്ദമായി വളരുന്നത്. അതുകൊണ്ട് ടൂറിസത്തിന്റെ പ്രാധാന്യം വരാൻ പോകുന്ന ദശകങ്ങളിൽ വർദ്ധിച്ചുകൊണ്ടേയിരിക്കും എന്ന് തീർച്ചയാണ്. കാരണം, ടൂറിസം ആധുനിക മനുഷ്യരുടെ പ്രധാനപ്പെട്ട ഒരു ഒഴിവുകാല വിനോദമായി മാറിയിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ വരുമാന വലുപ്പ-ചെറുപ്പത്തിനതീതമായി വർഷത്തിൽ ഒരിക്കലെങ്കിലും വെക്കേഷന് പോവുക എന്നുള്ളത് ജീവിതശൈലിയുടെ ഭാഗമായി മാറിയിട്ടുണ്ട്. ഈ സ്വഭാവം വളരുന്ന മറ്റ് സമ്പദ്ഘടനകളിലേക്കും പടർന്നുകൊണ്ടിരിക്കുകയാണ്. ഈ ടൂറിസം കമ്പോളത്തിന്റെ വികാസത്തെ എങ്ങനെ സംസ്ഥാനത്തിന്റെ വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനുവേണ്ടി ഉപയോഗപ്പെടുത്താം എന്നുള്ളതാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്ന വിഷയം.

ടൂറിസം കേരളത്തിന്റെ ഒരു പ്രമുഖ വളർച്ചാ സ്രോതസ്സായി പരിഗണിക്കുന്നതിന് പല കാരണങ്ങളുണ്ട്. ഒന്നാമതായി, ജൈവവൈവിധ്യവും സാംസ്ക്കാരിക പൈതൃകവും പ്രകൃതി സൗന്ദര്യവും കേരളത്തെ ആകർഷകമായ ഒരു ടൂറിസം കേന്ദ്രമാക്കുന്നു. രണ്ടാമതായി, ടൂറിസം, യാത്രാ സൗകര്യം, ഹോട്ടൽ, റസ്റ്റോറന്റ്, ചില്ലറവ്യാപാരം എന്നിവിടങ്ങളിലെല്ലാം അനുരണനങ്ങൾ സൃഷ്ടിക്കുന്നു. അതുകൊണ്ട് ടൂറിസത്തിന്റെ പ്രത്യക്ഷ വരുമാനവർദ്ധനവിന് തുല്യമായി പരോക്ഷ വരുമാന വർദ്ധനയും ഇത് സൃഷ്ടിക്കുന്നു എന്നാണ് കരുതുന്നത്. ഇതുപോലെ പരോക്ഷ തൊഴിൽ വർദ്ധന 25-50 ശതമാനം പ്രത്യക്ഷ തൊഴിൽ വർദ്ധനയേക്കാൾ ഉയർന്നതാണ്. മൂന്നാമതായി, കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽശേഷിക്ക് അനുയോജ്യമാണ് ആതിഥേയ തൊഴിലുകൾ. നാലാമതായി, സംസ്ഥാനത്തെ തിരിച്ചുവന്ന പ്രവാസികൾ, ഇടത്തരക്കാർ തുടങ്ങിയവരുടെ കഴിവുകളേയും മൂലധനത്തേയും സംരംഭകത്വത്തിലേക്ക് ആകർഷിക്കുന്നതിന് ബോധപൂർവ്വം ഒരു നയസമീപനം സ്വീകരിച്ചാൽ ടൂറിസത്തിന് കഴിയും.

1. ടൂറിസം വ്യവസായത്തിന്റെ വളർച്ച

കേരളത്തിലെ ടൂറിസം വ്യവസായത്തിന് തുടക്കം കുറിച്ചത് 1976-ൽ കോവളത്തെ ടൂറിസം കേന്ദ്രമായി കേന്ദ്രസർക്കാർ അംഗീകരിച്ചതോടെയാണ്. 1980-കളുടെ രണ്ടാം പാദത്തിൽ മാത്രമാണ് ടൂറിസത്തിന്റെ സാധ്യതകൾ വികസന നയകർത്താക്കളുടെ ശ്രദ്ധയിൽ വന്നത്. 1986-ൽ ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചു. പതിറ്റാണ്ട് കഴിഞ്ഞപ്പോൾ ഇതിനായി പ്രത്യേക വകുപ്പ് ഉണ്ടാക്കി. ടൂറിസം നയപ്രഖ്യാപനം ഈ മേഖലയിലെ ഇടപെടലിന് ഒരു പുതിയ ദിശാബോധം നൽകി. പൊതുവെ പറഞ്ഞാൽ, മറ്റു പല മേഖലകളിൽനിന്നും വ്യത്യസ്തമായി കാര്യക്ഷമവും അനുയോജ്യവുമായ ഒരു വികസന തന്ത്രത്തിന് രൂപം നൽകുന്നതിൽ നാം വിജയിച്ചു. ഇതിന്റെ ഫലം

ടൂറിസം വ്യവസായത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയിൽ പ്രതിഫലിച്ചുകാണാം.

ടൂറിസ്റ്റുകളുടെ എണ്ണം

1997-നും 2011-നും ഇടയിൽ കേരളത്തിൽ വരുന്ന ടൂറിസ്റ്റുകളിൽനിന്നും 51 ലക്ഷത്തിൽ നിന്ന് 101.14 ലക്ഷമായി വർദ്ധിച്ചു. ശരാശരി ഏതാണ്ട് 10 ശതമാനം നിരക്കിൽ ടൂറിസം വളർന്നു. 1997-98ൽ 49.5 ലക്ഷം പേർ ആഭ്യന്തര ടൂറിസ്റ്റുകളും 1.8 ലക്ഷം പേർ വിദേശ ടൂറിസ്റ്റുകളും ആയിരുന്നു. വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 2014 ആയപ്പോഴേക്കും അഞ്ചിരട്ടിയായി വളർന്നു, അതായത് 9.23 ലക്ഷമായി. ഇക്കാലയളവിൽ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 116.95 ലക്ഷമായി. അതായത്, ഇരട്ടിയിലേറെയായി ഉയർന്നു.

പട്ടിക 11.1-ൽ കഴിഞ്ഞ 12 വർഷത്തെ കേരളത്തിൽ വന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ കണക്ക് നൽകിയിട്ടുണ്ട്. 2005, 2009 വർഷങ്ങളെ മാറ്റിനിർത്തിയാൽ സാമാന്യം സുസ്ഥിരമായ വളർച്ചയാണ് കാണാനാവുന്നത്. ആഭ്യന്തര ടൂറിസ്റ്റുകളിൽ ഗണ്യമായ ഭാഗം ശബരിമല തീർത്ഥാടകരാണ്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിലാണ് കൂടുതൽ ശ്രദ്ധേയമായ വർദ്ധന ഉണ്ടായിട്ടുള്ളത്. എന്നാൽ, സമീപവർഷങ്ങളിൽ ഇവരുടെ വരവ് ഗണ്യമായി മന്ദീഭവിച്ചിട്ടുണ്ടെന്ന് കാണാം. എന്നിരുന്നാലും ഇന്ത്യയിലേക്ക് വരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കേരളത്തിലേക്ക് വരുന്ന വിദേശ ടൂറിസ്റ്റുകളുടെ ശതമാനം ശ്രദ്ധേയമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. 1997-ൽ ഇത് 8 ശതമാനമായിരുന്നത് 2012-ൽ 12.1 ശതമാനമായി വർദ്ധിച്ചു.

കേരള ടൂറിസം പോളിസി (2012) പ്രതിവർഷം 15 ശതമാനം വീതം വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ വേഗതയിൽ വളർന്നാൽ, 30 ലക്ഷം ടൂറിസ്റ്റുകളെങ്കിലും 2021-ൽ കേരളം സന്ദർശിക്കും. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 7 ശതമാനം വീതം വർദ്ധിക്കുകയാണെങ്കിൽ 2021-ൽ ഇവരുടെ എണ്ണം 180 ലക്ഷമാകും. സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ ടൂറിസത്തിന്റെ പ്രാധാന്യം 12-15 ശതമാനമായി ഉയരും.

പട്ടിക 11.1
കേരളത്തിലേക്കുള്ള വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം

വർഷം	ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം (ലക്ഷത്തിൽ)	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)	വിദേശ ടൂറിസ്റ്റുകളുടെ എണ്ണം (ലക്ഷത്തിൽ)	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)	ആകെ ടൂറിസ്റ്റുകളുടെ എണ്ണം (ലക്ഷത്തിൽ)	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)
2002	55.68	6.3	2.33	11.4	58.01	6.5
2003	58.71	5.4	2.95	26.7	61.66	6.3
2004	59.72	1.7	3.46	17.3	63.18	2.5
2005	59.46	-0.4	3.46	0.3	62.93	-0.4
2006	62.72	5.5	4.29	23.7	67.00	6.5
2007	66.43	5.9	5.16	20.4	71.59	6.8
2008	75.91	14.3	5.99	16.1	81.90	14.4
2009	79.14	4.3	5.57	-7.0	84.71	3.4
2010	85.95	8.6	6.59	18.3	92.54	9.3
2011	93.81	9.2	7.33	11.2	101.14	9.3
2012	100.77	7.4	7.94	8.3	108.71	7.5
2013	108.58	7.8	8.58	8.1	117.16	7.8
2014	116.95	7.7	9.23	7.6	126.19	7.7

പട്ടിക 11.2-ൽ വിദേശ ആഭ്യന്തര ടൂറിസത്തിന്റെ വരുമാനത്തിന്റെ കണക്ക് നൽകിയിട്ടുണ്ട്. വാർഷിക ശതമാന വർദ്ധന നിരക്കുകൾ പരിശോധിച്ചാൽ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനയേക്കാൾ ഉയർന്നതാണെന്ന് കാണാം. ഇത് മുഖ്യമായും വിദേശ ടൂറിസ്റ്റുകളുടെ പ്രതിശീർഷ ചെലവിലുണ്ടായിട്ടുള്ള വർദ്ധനയുടെ ഫലമാണ്. 2010-ൽ ഒരു വിദേശ ടൂറിസ്റ്റ് 58000 രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 2014-ൽ 69000 രൂപ ചെലവഴിച്ചു. പലവിധ അനുമാനങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ കണക്കുകൾ തയ്യാറാക്കുന്നത് എന്ന് ജാഗ്രതപ്പെടുത്തിക്കൊള്ളട്ടെ. 2014-ൽ ടൂറിസത്തിൽനിന്നുള്ള വരുമാനം സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 6.2 ശതമാനം വരും. മറ്റു ചില അനുമാനങ്ങളെ അടിസ്ഥാനത്തിൽ ഇത് 10 ശതമാനം വരുമെന്നും ചിലർ കണക്കാക്കുന്നുണ്ട്. ഏതായാലും ഒരു കാര്യം തീർച്ചയാണ്. ഇന്ത്യയിലെ പൊതു സ്ഥിതിയെ അപേക്ഷിച്ച് സംസ്ഥാന വരുമാനത്തിലേക്കും തൊഴിലിലേക്കും ടൂറിസത്തിന്റെ സംഭാവന ശ്രദ്ധേയമായി ഉയർന്നതാണ്.

പട്ടിക 11.2
2010–14 വർഷത്തെ വിദേശ ആഭ്യന്തര ടൂറിസത്തിൽ നിന്നുള്ള വരുമാനം

വർഷം	വിദേശവരുമാനം (കോടിയിൽ)	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)	ആഭ്യന്തര ടൂറിസത്തിൽ നിന്നുള്ള വരുമാനം (കോടിയിൽ)	ടൂറിസത്തിൽ നിന്നുള്ള ആകെ വരുമാനം (കോടിയിൽ)	മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ് (ശതമാനത്തിൽ)
2010	3797	33.1	9283	17348	31.1
2011	4222	11.2	10132	19037	9.7
2012	4572	8.3	10883	20430	7.3
2013	5561	21.6	11726	22927	12.2
2014	6399	15.1	12982	24885	12.1

ടൂറിസ്റ്റുകളുടെ പ്രകൃതം

കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റുകളിൽ 7.3 ശതമാനം വിദേശ ടൂറിസ്റ്റുകളാണ്. എന്നാൽ, സംസ്ഥാനത്തിനുള്ള സാമ്പത്തിക നേട്ടം പരിഗണിക്കുമ്പോൾ ഇതാണ് കൂടുതൽ പ്രധാനപ്പെട്ട വിഭാഗം. പട്ടിക 11.3ൽ കാണുന്നതുപോലെ 2010-ൽ 8 രാജ്യങ്ങളിൽനിന്നാണ് കേരളത്തിലെ വിദേശ ടൂറിസ്റ്റുകളിൽ 65 ശതമാനം പേരും വന്നത്. ഇതിൽ ബ്രിട്ടനും അമേരിക്കയ്ക്കുമാണ് ഏറ്റവും പ്രമുഖ സ്ഥാനം. മറ്റ് പ്രമുഖ യൂറോപ്യൻ രാജ്യങ്ങൾ കൂടി കണക്കിലെടുക്കുകയാണെങ്കിൽ 58 ശതമാനം ടൂറിസ്റ്റുകളും ഇവിടെ നിന്നാണ് വരുന്നത്. അതേസമയം, ദേശീയതലത്തിൽ 21 ശതമാനം പേർ മാത്രമാണ് അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും വരുന്നത്. മറ്റ് യൂറോപ്യൻ രാജ്യങ്ങളൊന്നും ഏറ്റവും പ്രമുഖ 10 ടൂറിസ്റ്റ് രാഷ്ട്രങ്ങളുടെ ലിസ്റ്റിൽ വരില്ല. കേരളത്തിലേക്ക് വരുന്ന ഏഷ്യൻ രാജ്യക്കാർ മുഖ്യമായും മലേഷ്യ, യു.എ.ഇ, മാലിദ്വീപ് എന്നിവിടങ്ങളിൽ നിന്നാണ്. 2002-നേയും 2010-നേയും താരതമ്യപ്പെടുത്തുമ്പോൾ യൂറോപ്പ്-അമേരിക്ക കേന്ദ്രീകരണത്തിൽ ചെറിയ കുറവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

അതേസമയം, കേരളത്തിലേക്കുള്ള ആഭ്യന്തര ടൂറിസ്റ്റുകളിൽ അയൽസംസ്ഥാനങ്ങൾക്കാണ് പ്രാമുഖ്യം. അതുകഴിഞ്ഞാൽ, മഹാരാഷ്ട്ര, ഡെൽഹി, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽനിന്നാണ് കൂടതൽ പേർ കേരളത്തിലേക്ക് വരുന്നത്.

പട്ടിക 11.3
ഏറ്റവും പ്രമുഖ 8 വിദേശ രാജ്യങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകളുടെ ശതമാനം

രാജ്യം	2002	2010
ബ്രിട്ടൻ	19.46	23.7
അമേരിക്ക	13.93	10.8
ഫ്രാൻസ്	10.59	9.8
മാലിദ്വീപ്	7.85	
ജർമ്മനി	7.73	7.6
ആസ്ട്രേലിയ		5.6
കാനഡ		2.8
നെതർലാൻഡ്		2.4
മലേഷ്യ		2.9
ശ്രീലങ്ക	5.67	
സ്വിറ്റ്സർലണ്ട്	3.18	
ഇറ്റലി	3.13	

ആഭ്യന്തര ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ സന്ദർശിക്കുന്നത് എറണാകുളമാണ് (23%). ഇതിനു താഴെ തൃശൂർ (22%), തിരുവനന്തപുരം (14%), കോഴിക്കോട് (7%), ഇടുക്കി (5%), കണ്ണൂർ (5%) വരും. കേരളത്തിൽ വരുന്ന വിദേശ ടൂറിസ്റ്റുകളിൽ 92 ശതമാനവും അഞ്ച് ജില്ലകളാണ് സന്ദർശിക്കുന്നത്: എറണാകുളം (42), തിരുവനന്തപുരം (31), ഇടുക്കി (8), ആലപ്പുഴ (6).

ടൂറിസ്റ്റുകളുടെ സന്ദർശനോദ്ദേശവും വ്യത്യസ്തമാണ്. ഏറ്റവും കൂടുതൽ പേർ കായൽ ടൂറിസത്തിലും ഹൈറേഞ്ച് സന്ദർശിക്കുന്നതിനുമാണ് എത്തുന്നത്. ആരോഗ്യ ചികിത്സയ്ക്കുവേണ്ടി വരുന്നവരുടെ എണ്ണവും ഗണ്യമായി ഉയരുന്നുണ്ട്. ആയൂർവ്വേദ ചികിത്സയ്ക്കെത്തുന്നവരിൽ 90 ശതമാനത്തിലേറെപ്പേരും അമേരിക്ക, യൂറോപ്പിൽ നിന്നാണ്. ആധുനിക ചികിത്സയ്ക്കെത്തുന്നതിൽ 26 ശതമാനം പേർ പശ്ചിമേഷ്യയിൽനിന്നും 11 ശതമാനം മാലിദ്വീപിൽ നിന്നുമാണ്.

2. ടൂറിസം വികസന നയം

കേരളത്തിന്റെ ടൂറിസം വികസനത്തിന്റെ അടിസ്ഥാനം പ്രകൃതിദത്ത സൗന്ദര്യവും കാലാവസ്ഥയും വൈവിധ്യവുമാണ്. കേരളത്തിന്റെ കിഴക്ക് പടിഞ്ഞാറ് പരമാവധി വീതി 75 കിലോമീറ്റർ മാത്രമാണ് ഹൈറേഞ്ചിലെ നിത്യഹരിത വനങ്ങളിൽനിന്നും മൂന്നാറിന്റെ മൃദുശീത കാലാവസ്ഥയിൽ നിന്നും മലയോരങ്ങളിലൂടെ വേമ്പനാട്ട് കായൽ വഴി തീരദേശത്ത് എത്തുന്നതിന് ഏതാനും മണിക്കൂർ യാത്രകൾ മതി. ഓരോരുത്തർക്കും അവരുടെ താൽപ്പര്യമനുസരിച്ച് വൈവിധ്യമാർന്ന അനുഭവങ്ങൾ തെരഞ്ഞെടുക്കാനുള്ള സാധ്യത ഏറെയാണ്. കേരളത്തിന്റെ വൈദ്യപാരമ്പര്യവും ടൂറിസത്തിന്റെ മറ്റൊരു പ്രധാന ആകർഷണമാണ്. തനിമയാർന്ന സംസ്കാരവും പൈതൃകവും നമുക്കുണ്ട്. പക്ഷെ, ഇതൊക്കെ എക്കാലത്തും ഉണ്ടായിരുന്നവയാണ്. പക്ഷെ, ഇവയെ ഇപ്പോൾ ബ്രാൻഡു ചെയ്ത് ലോകവ്യാപകമായി പരിചയപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് കേരള ടൂറിസത്തിന്റെ വിജയത്തിനാധാരം. ഇവിടെ വൈവിധ്യമാർന്ന ടൂറിസം ഉൽപ്പന്നങ്ങളും വികസിപ്പിക്കാനായി എന്നതും ഇതിന്റെ വിജയത്തിൽ പ്രധാനപ്പെട്ട പങ്കു വഹിച്ചു.

ടൂറിസം ഉൽപ്പന്നങ്ങൾ

കേരളത്തിന്റെ ഏറ്റവും വലിയ ആകർഷണം കായൽ ടൂറിസവും ഹൗസ് ബോട്ടുമാണ്. കേരളീയ പാരമ്പര്യം നിറഞ്ഞുനിൽക്കുന്ന പരമ്പരാഗത വള്ളങ്ങളെ രൂപാന്തരപ്പെടുത്തി ഹൗസ് ബോട്ടുകളാക്കിയതു തന്നെ സുപ്രധാനമായ ആധുനികവൽക്കരണ നടപടിയായിരുന്നു (ഇന്നവേഷനായിരുന്നു). ഹൗസ് ബോട്ട് മാത്രമല്ല, കേരളീയ കായൽ ഭക്ഷണവും, പാടശേഖരങ്ങളും കനാലുകളും കനാൽ ഓര ആവാസകേന്ദ്രങ്ങളും എല്ലാം ചേർന്ന് ഇതൊരു വ്യത്യസ്ത അനുഭവമായി മാറുന്നു. കായൽത്തീര റിസോർട്ടുകളിലേക്ക് പലതിലും വേണ്ടത്ര യാത്രാ സൗകര്യങ്ങളും വിനിമയ സൗകര്യങ്ങളും ഇല്ലാത്തതും ഒരു തനിമയായി മാർക്കറ്റ് ചെയ്യപ്പെട്ടു.

കേരളത്തിൽ ഏറ്റവും വേഗതയിൽ വളർന്നുവരുന്ന ടൂറിസം ഉൽപ്പന്നം ആരോഗ്യ ടൂറിസമാണ്. റിസോർട്ടുകളിൽ സ്പാ പോലുള്ളിടത്ത് ഏതാനും മണിക്കൂർ നേരത്തെ സുഖ തിരുമ്മൽ സാധാരണമാണ്. ഇത് അല്ല ആരോഗ്യ ടൂറിസം കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പഞ്ചകർമ്മ ചികിത്സാ സമ്പ്രദായം 1-3 ആഴ്ചകൾ വേണ്ടി വരുന്നതാണ്. ഇതിനെ പുനരുജ്ജീവന ചികിത്സാക്രമമായി അംഗീകരിച്ച് തുടർച്ചയായി കേരളത്തിൽ വരുന്ന ഒട്ടേറെപ്പേരുണ്ട്. ഈ ആവർത്തന സന്ദർശനങ്ങളും അവയുടെ താരതമ്യേന നീണ്ട ദൈർഘ്യവും ടൂറിസം വരുമാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. ഇതിലുപരി മറ്റൊരു പ്രധാനപ്പെട്ട കാര്യം മൺസൂൺ കാലമാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളതെന്നാണ് പാരമ്പര്യം. കാലവർഷക്കാലം ടൂറിസത്തെ സംബന്ധിച്ചിടത്തോളം സീസൺ അല്ല. ഈ വിടവ് നികത്തുന്നതിന് ആയൂർവ്വേദ ടൂറിസം സഹായിക്കും. ടൂറിസ്റ്റുകളെ ലക്ഷ്യമിട്ട് മികച്ച ചികിത്സാ സൗകര്യം നൽകുന്ന ഒട്ടേറെ ചികിത്സാ കേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ ഉണ്ട്. ഇവയുടെ നിലവാരം നിർണ്ണയിക്കുന്നതിനും തരംതിരിക്കുന്നതിനുമുള്ള ചില ഇടപെടലുകളും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്.

നാം കണ്ടതുപോലെ ആയൂർവ്വേദ ചികിത്സയ്ക്ക് പാശ്ചാത്യ ടൂറിസ്റ്റുകളാണ് വരുന്നതെങ്കിൽ മാലിദ്വീപ്, ആഫ്രിക്ക, യു.എ.ഇ, പശ്ചിമേഷ്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് രോഗികളും മികച്ച ആധുനിക അലോപ്പതി ചികിത്സയ്ക്കായി കേരളത്തിൽ വരുന്നുണ്ട്. പാശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് താഴ്ന്ന ചികിത്സാ ചെലവ് മൂലം യൂറോപ്പിൽനിന്നും ഇപ്പോൾ രോഗികൾ എത്തുന്നുണ്ട്. കേരളത്തിലെ ഉന്നത സ്പെഷ്യലിസ്റ്റ് ആശുപത്രികളുടെ ഒരു പ്രധാന വരുമാനമാർഗമായി ഈ ടൂറിസ്റ്റുകൾ മാറിത്തുടങ്ങിയിട്ടുണ്ട്.

എക്കോ ടൂറിസമാണ് മറ്റൊരു പ്രധാനപ്പെട്ട ഉൽപ്പന്നം. പശ്ചിമഘട്ടം ലോകത്ത് ഏറ്റവും കൂടുതൽ ജൈവവൈവിധ്യമുള്ള പ്രദേശങ്ങളിലൊന്നാണ്. അതുപോലെ നമ്മുടെ പുരയിട കൃഷി നിത്യഹരിത വനത്തിന്റെ കൃഷിവൽക്കരിച്ച മാതൃകയാണെന്ന് പറയാം. വയലേലയും കുന്നിൻചരിവുകളും അടങ്ങിയ ഒരു നീർത്തടം ഒരു പ്രത്യേക ആവാസവ്യവസ്ഥ തന്നെയാണെന്നു പറയാം. വേമ്പനാട്ട് കായലും കോൾനിലങ്ങളും റംസാർ പ്രദേശങ്ങളാണ്. ഇവയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനാണ് എക്കോ ടൂറിസത്തിലൂടെ ശ്രമിക്കുന്നത്. വിദേശീയർ മാത്രമല്ല, കൂടുതൽ കൂടുതൽ നാട്ടുകാരും എക്കോ ടൂറിസത്തിലേക്ക് ആകർഷിക്കപ്പെടുന്നുണ്ട്.

ടൂറിസ്റ്റുകളുടെ താൽപ്പര്യം കണക്കിലെടുത്ത് എക്കോ ടൂറിസത്തെ അഡ്വഞ്ചറസ് ടൂറിസമാക്കി മാറ്റുന്നതിന് വലിയ പ്രയാസമുണ്ടാവില്ല. ട്രക്കിങ്ങും മലകയറ്റവും മരംകയറ്റവുമെല്ലാം ഇതിൽ ഉൾപ്പെടുത്താം. എക്കോ ടൂറിസത്തോട് ഏറെ അടുത്തു വരുന്ന ഒന്നാണ് ഫാം ടൂറിസം. നമ്മുടെ സവിശേഷ കൃഷിരീതികളെ മനസ്സിലാക്കുന്നതിന് മാത്രമല്ല, അവിടെ തൊഴിൽ ചെയ്യുന്നതിനും ഉള്ള സൗകര്യങ്ങൾ ചിലയിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

പൈതൃക ടൂറിസമാണ് മറ്റൊരു പ്രധാന ഉൽപ്പന്നം. പുരാത ഗ്രീസ്-റോമാ സാമ്രാജ്യങ്ങളും ചൈനയും

അറേബ്യൻ രാജ്യങ്ങളുമായിട്ടുള്ള കേരള തീരത്തിന്റെ കച്ചവട ബന്ധങ്ങൾക്ക് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. ഇന്ത്യയിലെ മറ്റു പ്രദേശങ്ങൾ പോലെ ഭീമൻ കോട്ടകളും കൊട്ടാരങ്ങളും മറ്റും കേരളത്തിൽ ഇല്ലെങ്കിലും ഏതു പ്രദേശമെടുത്താലും പൈതൃക സംരക്ഷണ പട്ടികയിൽ പെടുത്താവുന്ന നിർമ്മിതികൾ കേരളത്തിലുണ്ട്. പൈതൃകത്തിന്റെ നിർവ്വചനത്തെ കെട്ടിടം എന്നതിലപ്പുറത്തേക്ക് കലയും സംസ്കാരവും പാരമ്പര്യ തൊഴിലുകളും എല്ലാമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

മാർക്കറ്റിംഗ്

ദൈവത്തിന്റെ സ്വന്തം നാട് എന്ന ലോഗോ ലോകം മുഴുവൻ സുപരിചിതമാക്കി കേരളാ ടൂറിസത്തെ ബ്രാന്റ് ചെയ്യുന്നതിന് ടൂറിസം വികസന ഏജൻസികൾ വിജയിച്ചു. ഇന്ത്യയിലെ സൂപ്പർ ബ്രാൻഡുകളിലൊന്നായി കേരളാ ടൂറിസം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ മുദ്രാവാക്യം അവതരിപ്പിക്കുന്നതിന് 2000-ത്തിൽ ടൂറിസം വ്യവസായത്തിലെ പ്രധാനപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സ് ആയ വിദേശ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റ്സ്, വിമാനകമ്പനികൾ, ഹോട്ടൽ-റിസോർട്ട് ഉടമകൾ, ടൂറിസം വിദഗ്ദ്ധന്മാർ, മാനേജ്മെന്റ് വിദഗ്ദ്ധന്മാർ ഇവരെല്ലാം പങ്കെടുക്കുന്ന കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചു. 150 വിൽപ്പനക്കാരും 350 വാങ്ങുന്നവരും പങ്കെടുത്ത കേരള ട്രാവൽ മാർട്ട് ഒരു വാർഷിക മേളയായി മാറി. ഇപ്പോൾ അമ്പതോളം രാജ്യങ്ങളിൽനിന്ന് 2000-ത്തിലേറെ ടൂർ ഓപ്പറേറ്റർമാർ തുടങ്ങിയവരും 400-ലേറെ വിൽപ്പനക്കാരും ഈ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. ഇതിന്റെ സംഘാടകർ എല്ലാ സ്റ്റേക് ഹോൾഡർമാർക്കും അംഗത്വമുള്ള ഒരു സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ്.

പ്രചാരണത്തിന് ആകർഷകമായ പരസ്യങ്ങൾ, ചെലവേറിയ ബ്രോഷറുകൾ, ടൂറിസം മാസികകളിലെയും പുസ്തകങ്ങളിലെയും ലേഖനങ്ങൾ, റോഡ് ഷോകൾ തുടങ്ങിയവയെല്ലാം ഉപയോഗപ്പെടുത്തി. 1998-ൽ ആരംഭിച്ച ഇന്ററാക്ടീവ് വെബ്സൈറ്റ് ഇന്ത്യയിലെ ഏറ്റവും നല്ല 10 സൈറ്റുകളിൽ ഒന്നായി കരുതപ്പെടുന്നു. നവമാധ്യമങ്ങളെ ഭാവനാപൂർണ്ണമായി ഉപയോഗപ്പെടുത്തിയതാണ് മറ്റൊരു നേട്ടം.

വേൾഡ് ട്രാവൽ ടൂറിസം കൗൺസിലുമായി നല്ല ബന്ധം വളർത്തിയെടുക്കാനും പാർട്ട്ണർഷിപ്പ് ബന്ധം സ്ഥാപിച്ചെടുക്കാനും അന്താരാഷ്ട്ര മേളകളിൽ കേരളത്തിലെ സ്വകാര്യ ടൂറിസം സംരംഭകരും സ്ഥിരം സാന്നിധ്യമാണ്. നാഷണൽ ജ്യോഗ്രഫിക് ട്രാവലർ മാഗസിൻ കേരളത്തെ ''ലോകത്തെ 10 സ്വർഗരാജ്യ''ങ്ങളിലൊന്നായി തെരഞ്ഞെടുത്തു. ഏറ്റവും നല്ല ടൂറിസം സംസ്ഥാനത്തിനുള്ള അവാർഡുകൾ പലതവണ കേരളത്തിന് ലഭിച്ചു. പാരിസ്ഥിതിക സൗഹൃദ ടൂറിസത്തിനും, ഉത്തരവാദിത്ത ടൂറിസത്തിനും ഏറ്റവും നല്ല ടൂറിസം വെബ്സൈറ്റിനും ഉള്ള അന്തർദേശീയ അവാർഡുകൾ കേരളത്തിന് ലഭിച്ചു. ഇതെല്ലാം കേരളാ ടൂറിസത്തിന്റെ ബ്രാന്റ് പ്രസിദ്ധമാക്കുന്നതിന് വലിയ പങ്ക് വഹിച്ചു.

ടൂറിസം ഉൽപ്പന്നങ്ങളെ തനിമയാർന്ന അനുഭവങ്ങളാക്കി അവതരിപ്പിക്കുന്നതിന് കേരളത്തിന് കഴിഞ്ഞു. കഥകളി, കളരിപ്പയറ്റ്, വള്ളംകളി, പൂരം, ഓണം തുടങ്ങിയ കലാ-സാംസ്കാരിക പ്രദർശനങ്ങളുമായി ടൂറിസം ബന്ധപ്പെടുത്താൻ കഴിഞ്ഞു. ഏറ്റവും വലിയ വിജയം ഹൗസ് ബോട്ടുകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കായലുകളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയതാണ്.

പ്രചാരണ പ്രവർത്തനങ്ങൾ ഓരോ മാർക്കറ്റിന്റേയും പ്രത്യേകത മനസ്സിലാക്കി ഫോക്കസ് ചെയ്തിട്ടുള്ളവയാണ്. ആഭ്യന്തര വിപണിയിൽ ശ്രദ്ധകേന്ദ്രീകരിച്ചുള്ള വിപണനതന്ത്രങ്ങളും ചണ്ഡിഗർ, പൂണെ, വിജയവാഡ തുടങ്ങിയ രണ്ടാംനിര സിറ്റികൾ ലക്ഷ്യമാക്കിയുള്ള വിപണനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കുന്നതിനിടയാക്കി. ''ലീൻ സീസൺ'' എന്നറിയപ്പെടുന്ന ഏപ്രിൽ മുതൽ ആഗസ്റ്റുവരെ നീളുന്ന മൺസൂൺ ഉൾപ്പെടുന്ന കാലം ''ഡ്രീം സീസൺ''എന്ന പേരിൽ പ്രത്യേകത അവകാശപ്പെടാവുന്ന പരിപാടികളിലൂടെ ജീവസുറ്റതാക്കിയും ഇത്തരത്തിലുള്ള മുന്നേറ്റത്തിന് സഹായകമായി. മൂന്നുവർഷം നീണ്ട ആഗോളസാമ്പത്തിക മാന്ദ്യത്തിന്റെ ഘട്ടത്തിലും സഞ്ചാരികളുടെ വരവിലെ വർദ്ധന നിലനിർത്താനായി എന്നതാണ് ഏറ്റവും വലിയ നേട്ടം. കേരളത്തിന്റെ ടൂറിസം ബഡ്ജറ്റിൽ ഏറ്റവും വലിയ ചെലവിനം പരസ്യത്തിനും മാർക്കറ്റിങ്ങിനും വേണ്ടിയുള്ളതാണ്. ഇത് ശരിയായ ഒരു സമീപനമായിരുന്നു എന്ന് അനുഭവം തെളിയിച്ചു.

പശ്ചാത്തല സൗകര്യങ്ങൾ

ടൂറിസ്റ്റുകളുടെ വരവ് കൂടുന്നതിനനുസരിച്ച് ഗുണമേന്മയുള്ള താമസസൗകര്യങ്ങൾ വർദ്ധിച്ചാൽ മാത്രമേ ടൂറിസത്തിന്റെ വളർച്ച നിലനിർത്താനാവൂ. മൊത്തം ഹോട്ടൽ മുറികളുടെ എണ്ണം വർദ്ധിച്ചാൽ മാത്രം പോരാ, ടൂറിസ്റ്റുകളുടെ മാറുന്ന അഭിരുചിക്കനുസരിച്ചുള്ള ഡെസ്റ്റിനേഷനുകളും താമസസൗകര്യങ്ങൾ വർദ്ധിക്കണം. സാമാന്യമായി കേരളം ഇതിൽ വിജയിച്ചിട്ടുണ്ട്. എന്നാൽ, പലപ്പോഴും റിസോർട്ടുകളുടേയും മറ്റും പണി പൂർത്തിയാകുന്നതിന് കാലതാമസമെടുക്കും. ഈ പശ്ചാത്തലത്തിൽ ആരംഭിച്ച ഹോംസ്റ്റേ സമ്പ്രദായം ഇന്ന് കേരളത്തിന്റെ ടൂറിസം വ്യവസായത്തിൽ ഒരു പ്രമുഖ സ്ഥാനം നേടി. ഗൾഫ് കുടിയേറ്റത്തിന്റെ ഫലമായി വലുപ്പവും ആധുനിക സജ്ജീകരണവുമുള്ള ഒട്ടേറെ വീടുകൾ കേരളത്തിന്റെ നാനാഭാഗത്തുമുണ്ടായി. ബ്രഡ് & ബ്രേക്ക്ഫാസ്റ്റ് താമസകേന്ദ്രങ്ങളായി ഇവയെ രൂപാന്തരപ്പെടുത്തിയാൽ ഒരു വലിയ നിര ചെറുകിട സംരംഭകർ കേരളത്തിലുണ്ട്. ഇത്തരത്തിലുള്ള ടൂറിസം സൗകര്യങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ക്ലാസിഫിക്കേഷൻ സ്കീമുകൾ

ദേശീയതലത്തിൽ തന്നെ രൂപം കൊണ്ടിട്ടുണ്ട്. കേരളം ഹൗസ് ബോട്ടുകളുടെയും ആയൂർവ്വേ ചികിത്സാ കേന്ദ്രങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഇത്തരം തനതായ സ്കീമുകൾക്ക് രൂപം നൽകി.

കേരളത്തിലെ ക്രമസമാധാനനിലയും സുരക്ഷിതത്വവും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ ഒരു പങ്കുവഹിക്കുന്നുണ്ട്. 2002-ൽ വേൾഡ് ട്രേഡ് ടവർ ഭീകരാക്രമണത്തിനുശേഷം ഇന്ത്യയിലെ ടൂറിസ്റ്റ് വരവ് ഗണ്യമായി കുറഞ്ഞപ്പോഴും അത് കേരളത്തെ ബാധിക്കുകയുണ്ടായില്ല. ടൂറിസം പോലീസ് ഒരു പ്രധാനപ്പെട്ട പരിഷ്കാരമായിരുന്നു. കേരളത്തിലെ സാർവത്രിക വിദ്യാഭ്യാസവും മെച്ചപ്പെട്ട ആരോഗ്യവും ജീവിത ഗുണമേന്മയും അന്തർദേശീയ ശ്രദ്ധയിൽ വന്നതും ഈ സുരക്ഷിതത്വ ബോധത്തിന് ആക്കം കൂട്ടി.

ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ മാത്രമല്ല, പരിശീലനത്തിനുള്ള സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിലും കേരളത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. 1988-ൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (കിറ്റ്സ്) സ്ഥാപിക്കപ്പെട്ടു. ചില ഗവേഷണ പഠനങ്ങൾ ഏറ്റെടുക്കാറുണ്ടെങ്കിലും ഇത് മുഖ്യമായും പരിശീലന കേന്ദ്രമാണ്. കോഴിക്കോട്ടെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസാണ് മറ്റൊരു സ്ഥാപനം. ഇതിനു പുറമെ, സ്വാശ്രയാടിസ്ഥാനത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് ഏതാനും സ്ഥാപനങ്ങൾ ഉണ്ട്. സ്വാശ്രയ കോഴ്സുകളും ലഭ്യമാണ്.

പൊതുമേഖല-സ്വകാര്യ പങ്കാളിത്തം

ടൂറിസം വികസനത്തിനും പ്രചാരണത്തിനും ബ്രാന്റ് സൃഷ്ടിക്കുന്നതിനും മുൻകൈയെടുത്തത് സംസ്ഥാന സർക്കാരാണ്. സർക്കാരിന്റെ ഉടമസ്ഥതയിൽ കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും ടൂറിസ്റ്റ് ഹോട്ടലുകളും ഉണ്ട്. എന്നാൽ, സ്വകാര്യ സംരംഭകരുടെ പ്രാധാന്യത്തെക്കുറിച്ച് കേരളത്തിൽ രണ്ടഭിപ്രായമുണ്ടായിട്ടില്ല. റിസോർട്ടുകളും മറ്റു ടൂറിസ്റ്റ് സൗകര്യങ്ങളും മുഖ്യമായും സ്വകാര്യ മുൻകൈയിലാണ് ഉണ്ടായിട്ടുള്ളത്. പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ സ്വകാര്യ സംരംഭകരുടെ ശ്രമഫലമായിട്ടാണ് രൂപം കൊള്ളുന്നത്. സംരംഭകത്വവും ഇന്നവേഷനും ഒത്തുചേരുന്നതിന് കേരളത്തിലെ ദൃഷ്ടാന്തം ടൂറിസമാണ്.

സർക്കാർ നയരൂപീകരണത്തിനും പൊതു ഫണ്ടിങ്ങിനും നിയന്ത്രണ ചുമതലയും ഏറ്റെടുക്കുകയും സ്വകാര്യ സംരംഭകർക്ക് നിക്ഷേപത്തിനുള്ള പ്രോത്സാഹന സഹായങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്. ടൂറിസം കേന്ദ്രങ്ങളിൽ സ്വകാര്യ സംരംഭകർക്കുവേണ്ടിയുള്ള ലാന്റ് ബാങ്ക് ഒരു സുപ്രധാന ഇടപെടലാണ്. ടൂറിസം സംബന്ധമായ പ്രോജക്ടുകൾക്ക് ദ്രുതഗതിയിൽ അംഗീകാരം നൽകുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അതേസമയം വ്യവസായത്തിലെ പ്രത്യക്ഷ സൗകര്യങ്ങൾക്കുള്ള നിക്ഷേപം ഏതാണ്ട് പൂർണമായും സ്വകാര്യമേഖലയിലാണ്. പുതിയ ടൂറിസം ഉൽപന്നങ്ങളുടെ ഇന്നവേഷനും അവരുടെ സംഭാവനയാണ്. എന്നു മാത്രമല്ല, വ്യവസായ പുരോഗതിയ്ക്കു വേണ്ടി നയകർത്താക്കളെ സ്വാധീനിക്കുന്നതിനും സർക്കാർ മുൻകൈകളെ ഫലവത്താക്കി മാറ്റുന്നതിനും സഹകരണം നൽകുന്ന ഒരു രീതിയാണ് സംരംഭകർ അനുവർത്തിക്കുന്നത്. ടൂറിസം മേഖലയിലെ ഈ പൊതു-സ്വകാര്യ പാർട്ണർഷിപ്പ് മാതൃക അനുകരണീയമാണ്.

3. ടൂറിസത്തിന്റെ അപകടങ്ങളും പ്രതിവിധികളും

ടൂറിസം രംഗത്തിന്റെ വളർച്ച സ്ഥായിയാക്കുക എന്നതാണ് നാം നേരിടുന്ന വെല്ലുവിളി. അനിയന്ത്രിതമായ ടൂറിസം വളർച്ച സുസ്ഥിരമാവില്ല. ആഗോളമായി ഇതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. കോവളം ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി നമ്മുടെ കൺമുമ്പിലുള്ള ഉദാഹരണമാണ്. ടൂറിസം പാരിസ്ഥിതിക തകർച്ചയ്ക്കും സാംസ്ക്കാരിക ദൂഷണത്തിനും വഴിതെളിച്ചേക്കാം എന്ന അപകടം മുന്നിൽ കണ്ടാണ് പലരും ടൂറിസ പ്രോത്സാഹനത്തെ എതിർക്കുന്നത്.

ഉദാഹരണത്തിന്, ടൂറിസവുമായി ബന്ധപ്പെട്ട അതിരുവിട്ട ഇടപെടൽ എങ്ങനെ പാരിസ്ഥിതിക തകർച്ചയ്ക്ക് വഴി തെളിക്കാം എന്നതിന് സാക്ഷിപത്രമായി കുട്ടനാട് കായൽ ടൂറിസം മാറിക്കൊണ്ടിരിക്കുകയാണ്. കായൽപരപ്പിന് താങ്ങാവുന്നതിനപ്പുറമാണ് ഹൗസ് ബോട്ടുകളുട എണ്ണം. ഇവയുടെ മാലിന്യങ്ങൾ മുഴുവൻ കായലിലേക്ക് തന്നെയാണ് നിക്ഷേപിക്കുന്നത്. കായൽ മലിനീകരണം ഇന്നത്തെ തോതിൽ മുന്നോട്ടുപോവുകയാണെങ്കിൽ കായൽ ടൂറിസത്തിന്റെ ആകർഷണം ഇല്ലാതാകും. ടൂറിസവുമായി ബന്ധപ്പെട്ട് വ്യാപകമായ കായൽ കയ്യേറ്റങ്ങൾ നടക്കുകയാണ്. തീരദേശ പരിപാലന നിയമത്തിന്റെ നഗ്നമായ ലംഘനം കോടതിയുടെ ഇടപെടലിലേക്ക് നയിച്ചു. പല തോടുകളും മൂടുകയാണ്. റിസോർട്ടുകൾ തീരത്തെ കായൽ പ്രദേശം വളച്ചുകെട്ടുന്നതിന്റെ ഫലമായി മത്സത്തൊഴിലാളികളുടെ ഉപജീവനത്തിന് തിരിച്ചടിയാകുന്നു. പാരിസ്ഥിതിക തകർച്ചയുടെ കോട്ടം മുഴുവൻ പ്രദേശവാസികൾക്കും നേട്ടം മുഴുവൻ റിസോർട്ട് ഉടമകൾക്കും എന്ന നിലയിലേക്ക് അധഃപതിക്കുന്നു.

പാരിസ്ഥിതിക ദൂഷണം മാത്രമല്ല, സാംസ്കാരിക ദൂഷണവും ടൂറിസം വഴിതെളിക്കുകയാണ്. നാടിന്റെ സാംസ്കാരിക പൈതൃകം വാണിജ്യവൽക്കരിക്കപ്പെടുമ്പോൾ ജനതയുടെ സാംസ്കാരിക വേരുകൾ അറ്റുപോകാം. ടൂറിസവും ലൈംഗിക അരാജകത്വവും തമ്മിലുള്ള ബന്ധത്തിലേക്ക് പലരും വിരൽ ചൂണ്ടിയിട്ടുണ്ട്. പല തെക്കു കിഴക്കൻ രാജ്യങ്ങളിലെയും ടൂറിസം വികസനം ലൈംഗിക ടൂറിസവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

ടൂറിസം വ്യവസായം സൃഷ്ടിക്കുന്ന മലിനീകരണവും പാരിസ്ഥിതിക അസന്തുലിതാവസ്ഥയും സം

സ്ക്കാരത്തിന്റെ വാണിജ്യവത്കരണവും ലൈംഗിക ചൂഷണവും മൂലം ടൂറിസം വികസനം ശക്തമായ സാമൂഹ്യ വിമർശനം നേരിടുന്നുണ്ട്. ഈ വ്യവസായത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്നതോടൊപ്പം അപകട സാധ്യതകളും അതീവഗൗരവത്തിലെടുക്കണം. അതുകൊണ്ടാണ് കേരളത്തിൽ 'ഉത്തരവാദിത്ത ടൂറിസം' ഔദ്യോഗിക നയമായി അംഗീകരിച്ചത്.

ഉത്തരവാദിത്വ ടൂറിസം

2007 മുതൽ കേരളത്തിൽ സജീവ ചർച്ചയ്ക്കു വിധേയമായ നയമാണിത്. കേരളം പോലെ ജനനിബിഡവും പാരിസ്ഥിതികലോലവും സാംസ്ക്കാരികത്തനിമയും പുരോഗമനവീക്ഷണവും ഉള്ളതുമായ സംസ്ഥാനത്ത് ടൂറിസത്തിന്റെ വളർച്ച ഒട്ടേറെ എതിർപ്പുകൾ സൃഷ്ടിക്കും. ഈ വിമർശനങ്ങളെ മുഖവിലയ്ക്കെടുത്തതിന്റെ ഫലമായാണ് ഉത്തരവാദിത്ത ടൂറിസം എന്ന നയസമീപനം ഉരുത്തിരിഞ്ഞത്. കോവളത്തിന്റെ അനുഭവത്തിൽ നിന്ന് നാം ഈ പാഠം പഠിച്ചത്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ ഘടകങ്ങൾ

മുഖ്യമായും മൂന്നു ഘടകങ്ങൾ ഉത്തരവാദിത്ത ടൂറിസത്തിലുണ്ട്. ഒന്ന്) സാമ്പത്തിക ഉത്തരവാദിത്തം: ടൂറിസം വരുമാനത്തിന്റെ മുഖ്യപങ്ക് പ്രദേശവാസികൾക്കു ലഭ്യമാക്കേണ്ടതാണ്. രണ്ട്) സാമൂഹിക ഉത്തരവാദിത്തം : പ്രദേശത്തിന്റെ കലാസാംസ്ക്കാരിക പൈതൃകം സംരക്ഷിക്കപ്പെടണം. ഇവയെ ബഹുമാനിക്കാനും പ്രാദേശിക സമൂഹത്തിന്റെ ജീവിതരീതികൾക്കു മേൽ ആഘാതമേൽപ്പിക്കാതെ മുന്നോട്ടു പോകാനും ടൂറിസം വ്യവസായത്തിനു ബാധ്യതയുണ്ട്. മൂന്ന്) പ്രദേശത്തിന്റെ പരിസ്ഥിതി സംരക്ഷ.ക്കപ്പെടണം. പ്രതികൂല ആഘാതങ്ങൾ പരമാവധി ലഘൂകരിക്കപ്പെടണം.

ചുരുക്കത്തിൽ, ഒരു പ്രദേശത്തെ ആ നാട്ടിലെ ജനങ്ങൾക്കു നന്നായി ജീവിക്കാൻ കഴിയുന്ന ഒന്നായി നിലനിർത്തിക്കൊണ്ടുതന്നെ ആ പ്രദേശത്ത് ഏറ്റവുമധികം സഞ്ചാരികൾക്ക് എത്താനും ജീവിക്കാനും ആസ്വദിക്കാനും കഴിയുന്ന ടൂറിസം കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ കാഴ്ചപ്പാട്. ടൂറിസം വികസനം തദ്ദേശീയ ഗ്രാമീണ വികസനത്തിനും ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾക്കും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്കുമുള്ള പ്രധാന ഉപാധിയായി സ്വീകരിച്ചുകൊണ്ട് പ്രാദേശിക സുസ്ഥിരവികസനത്തിന് ഉപയുക്തമാക്കുക എന്ന വിശാലമായ കാഴ്ചപ്പാടാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മുന്നോട്ടു വെയ്ക്കുന്നത്. (ഡോ. ബി വിജയകുമാർ, കെ രൂപേഷ് കുമാർ).

ഏതൊരു ജൈവ മേഖലയ്ക്കും താങ്ങാവുന്നൊരു ഭാരമുണ്ട് (carrying capacity). ഇതു സംബന്ധിച്ചു പഠനം നടത്തുകയും റിസോർട്ടുകളുടെയും മറ്റും നിർമ്മാണത്തിനു നിയന്ത്രണം ഏർപ്പെടുത്തുകയും വേണം. ടൂറിസം വികസനം എങ്ങനെയാകരുത് എന്നതിന് ഉദാഹരണങ്ങളാണ് പല ടൂറിസ്റ്റു കേന്ദ്രങ്ങളും. നിയമം ലംഘിച്ചുള്ള നിർമ്മാണപ്രവൃത്തികൾ, മലിനീകരണം, വേശ്യാവൃത്തി, വൻകിട റിസോർട്ടുകളുടെ ആധിപത്യം തുടങ്ങിയവയെല്ലാം പല പരമ്പരാഗത കേന്ദ്രങ്ങൾക്കും ഇന്നു തിരിച്ചടിയാവുകയാണ്. ആയൂർവേദ ചികിത്സയും സാംസ്ക്കാരിക കലാരൂപങ്ങളും അതിരുകവിഞ്ഞ വാണിജ്യവൽകരണത്തിന്റെ ഫലമായി അധഃപതിക്കാതിരിക്കാൻ കർശനമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ടൂറിസത്തിന്റെ സാംസ്ക്കാരിക പ്രത്യാഘാതങ്ങൾക്കെതിരെ ജനങ്ങളെ ബോധവത്കരിക്കുകയും വേണം.

ടൂറിസത്തിന്റെ സാമ്പത്തികനേട്ടം പ്രാദേശിക സമ്പദ്ഘടനയ്ക്കു കൂടി സഹായകരമാവും എന്ന് ഉറപ്പുവരുത്തണം. പ്രാദേശിക ഭരണകൂടങ്ങളുടെ പങ്കാളിത്തം ടൂറിസം വികസനത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. ടൂറിസം സോണുകളിൽ രൂപീകരിച്ചിട്ടുള്ള ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കണം. ഈ കമ്മിറ്റികളുടെ മേൽനോട്ടത്തിലാണ് ടൂറിസം വികസനം സംബന്ധിച്ച നയസമീപനവും പരിപാടികളും ആവിഷ്കരിക്കേണ്ടത്.

കേപ് ടൗൺ പ്രഖ്യാപനം

സൗത്ത് ആഫ്രിക്കയിലെ കേപ്ടൗണിൽ നടന്ന കൺവെൻഷൻ ഉത്തരവാദിത്ത ടൂറിസത്തിന്റെ സംഭാവനകളെ താഴെ പറയും വിധം പ്രതിപാദിക്കുന്നു.

തെറ്റായ സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങളെ പരമാവധി ലഘൂകരിക്കുന്നു.

- തദ്ദേശീയ വാസികൾക്ക് സാമ്പത്തികമായ ആമുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരവും തൊഴിൽ നിലവാരവും ഉയർത്തുന്നു.
- തദ്ദേശീയവാസികളുടെ ജീവിത രീതിയെ സ്വാധീനിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ചർച്ചകളിൽ അവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നു.
- തദ്ദേശീയമായ സാംസ്കാരിക പൈതൃകത്തെയും പ്രകൃതിയുടെയും സംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നു.
- ടൂറിസ്റ്റുകൾക്ക് തദ്ദേശീയവാസികളുടെ തനതായ സംസ്കാരത്തെയും പാരമ്പര്യത്തെയും അടുത്തറിയാനുള്ള അവസരം ഒരുക്കുന്നു. ഇതിലൂടെ തദ്ദേശീയർക്ക് തങ്ങളുടെ സംസ്കാരത്തെക്കുറിച്ച് കൂടുതൽ മതിപ്പും അഭിമാനവും വളർത്താനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ലോകരാജ്യങ്ങൾ, സംഘടനകൾ, വ്യക്തികൾ, ഗവൺമെന്റുകൾ തങ്ങളുടേതായ സംഭാവനകൾ ആ മേഖലയിൽ നൽകുന്നുണ്ട്. ഏറ്റവും പ്രയോജനപ്രദമായ മാർഗ്ഗമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം ലോകവ്യാപകമായി സ്വീകരിക്കപ്പെടുന്നു. ഇന്ത്യയിൽ ഈ ആശയത്തിന്റെ പ്രസക്തി മനസ്സിലാക്കി അത് പ്രാവർത്തികമാക്കിയ ആദ്യത്തെ സംസ്ഥാനമാണ്

കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമാക്കി നടപ്പിലാക്കിയ ഇന്ത്യയിലെ പ്രഥമ ടൂറിസം കേന്ദ്രമാണ് കുമരകം. കുമരകത്തിന്റെ മാതൃക പിൻതുടർന്ന് കേരളത്തിലെ ചില പ്രദേശങ്ങളിലും ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കി വരുന്നു.

ഉത്തരവാദിത്ത ടൂറിസം സംബന്ധിച്ച് 2008ൽ കൊച്ചിയിൽ നടന്ന അന്തർദ്ദേശീയ ടൂറിസം കോൺഗ്രസ്, കൊച്ചി പ്രഖ്യാപനം അംഗീകരിക്കുകയുണ്ടായി. സാമ്പത്തിക-സാമൂഹിക ഉത്തരവാദിത്തങ്ങൾ വ്യാവസായിക സമൂഹം പ്രതിബദ്ധതയോടെ ഏറ്റെടുത്തു. പച്ചക്കറികൾ, ഭക്ഷണ പദാർത്ഥങ്ങൾ, സുവനീറുകൾ, സോപ്പ് തുടങ്ങിയവ പ്രാദേശികമായിത്തന്നെ ഹോട്ടലുകൾ വാങ്ങിത്തുടങ്ങി. പ്രാദേശികമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിഥികളെ തദ്ദേശ സമൂഹത്തിനു പരിചയപ്പെടുത്തുന്നതിനും അവർ മുന്നോട്ടു വന്നു. ഇത്തരത്തിൽ രൂപഘടന ചെയ്യപ്പെട്ട ടൂർ പാക്കേജുകൾ നിലവിൽ വന്നു. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അധികാരികളേയും വ്യവസായ സംരംഭകരെയും പരിശീലിപ്പിക്കാനുള്ള സംവിധാനം നിലവിൽ വന്നു. ഉത്തരവാദിത്ത ടൂറിസം അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സംരംഭകർക്ക് പ്രത്യേക സർട്ടിഫിക്കേഷൻ സിസ്റ്റം രൂപം നൽകി. അന്യം നിന്നുപോയിക്കൊണ്ടിരിക്കുന്ന നാടോടി അനുഷ്ഠാന ആദിവാസി കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും രൂപം നൽകിയ ഉത്സവം പരിപാടി അന്തർദ്ദേശീയ തലത്തിൽ പ്രശംസ നേടി. ഒട്ടേറെ കലാകാരന്മാരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ ഈ പരിപാടിയ്ക്കു കഴിഞ്ഞു.

ഉത്തരവാദിത്ത ടൂറിസം നയത്തിൽ സുപ്രധാന പരീക്ഷണമാണ് കുമരകത്തു നടന്നത്. 2007ൽ അവിടെ പഞ്ചായത്തും ടൂറിസം വകുപ്പും സംയുക്തമായി നടത്തിയ സെമിനാർ കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം നയം രൂപീകരിക്കുന്നതിൽ സുപ്രധാന കാൽവെയ്പ്പായിരുന്നു. ലോകശ്രദ്ധ നേടിയ ഈ പരീക്ഷണത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് വിസ്തരഭയത്താൽ കടക്കുന്നില്ല. ഒന്നിലേറെ തവണ കേന്ദ്രസർക്കാരിന്റെ അവാർഡ് ഈ പരീക്ഷണം കുമരകത്തിനു നേടിക്കൊടുത്തു.

മുസിരിസ് പൈതൃക പദ്ധതി

ഉത്തരവാദിത്ത ടൂറിസം പ്രോജക്ട് എങ്ങനെ ആവിഷ്കരിക്കണമെന്നതിന് ഏറ്റവും നല്ല ഉദാഹരണങ്ങളിലൊന്നാണ് മുസിരിസ് പൈതൃക പദ്ധതി. എറണാകുളം ജില്ലയിലെ പറവൂരിനടുത്ത പട്ടണം പ്രദേശത്തെ പൗരാണിക ഉത്ഖനന പ്രദേശം, ജൂതസങ്കേതങ്ങൾ, സെന്റ് തോമസ് തീർത്ഥാടന കേന്ദ്രം, ചേരമാൻ പറമ്പ്, ആദ്യത്തെ മുസ്ലിം പള്ളി, പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ഇംഗ്ലീഷുകാരുടെയും കോട്ടകൾ, മധ്യകാല കോവിലകങ്ങൾ, സ്വാതന്ത്ര്യസമര സേനാനികളുടെയും ആധുനിക സംസ്ക്കാരിക നായകരുടെയും വീടുകൾ എന്നിങ്ങനെ കൊടുങ്ങല്ലൂരും പരിസരപ്രദേശങ്ങളിലുമായി 2500 വർഷത്തെ ചരിത്രസ്മരണകളാണ് പടർന്നുകിടക്കുന്നത്. മറ്റു ടൂറിസം പദ്ധതികളിൽ നിന്ന് മുസിരിസ് പദ്ധതിയെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1) ഇത് അടിസ്ഥാനപരമായി പൈതൃക സംരക്ഷണ പദ്ധതിയാണ്. പൈതൃക സംരക്ഷണത്തിന്റെ അനുബന്ധമാണ് ടൂറിസം. കോട്ടകൾ, ആരാധനാലയങ്ങൾ, കോവിലകങ്ങൾ, തുടങ്ങിയവ മാത്രമല്ല, പദ്ധതിയിലൂടെ സംരക്ഷിക്കാൻ ശ്രമിച്ചത്. പ്രകൃതി ഭംഗിയേയും ജീവിതശൈലിയെയും പരമ്പരാഗത തൊഴിലുകളെയും കലാ-സാംസ്ക്കാരിക ഉൽപന്നങ്ങളെയും പൈതൃകത്തിൽ ഉൾപ്പെടുത്തി.

2) ഉൽഖനനമാണ് പദ്ധതിയുടെ ഒരു സുപ്രധാന ഘടകം. പട്ടണം ഖനനത്തിന്റെ കണ്ടെത്തലുകൾ ആർക്കിയോളജി ഗവേഷണത്തിന് ഉത്തേജകമായി. പുരാതന മുസിരിസ് കാലത്തോളം പഴക്കമുള്ള അനേകം അവശേഷിപ്പുകൾ ഇവിടെ നിന്ന് ഇതിനകം കണ്ടെത്തിയിട്ടുണ്ട്. മറ്റ് കേന്ദ്രങ്ങളിൽ സമാന്തരമായി ഖനനം നടത്തേണ്ടതുണ്ട്.

3) ഇതൊരു അനൗപചാരിക വിദ്യാഭ്യാസ പദ്ധതി കൂടിയാണ്. മ്യൂസിയങ്ങൾ ജഡശേഖരങ്ങളായിരിക്കുകയില്ല. സംവാദാത്മകവും വിശകലനാത്മകവുമായ ചോദ്യങ്ങൾ ഉയർത്തുന്നതും പുതുക്കലുകളും കൂട്ടിച്ചേർക്കലും നടക്കുന്നതുമായ പഠനകേന്ദ്രങ്ങളായിരിക്കും ഇവ. ഒരു ഉന്നത വിദ്യാപീഠവും പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കപ്പെടുന്നുണ്ട്. സ്ക്കൂൾ കുട്ടികൾക്കും കേരള ചരിത്രം പഠിക്കാനാഗ്രഹിക്കുന്നവർക്കും പൈതൃക സർക്യൂട്ടിലൂടെ ഒരു സന്ദർശനയാത്രയാകാം. ഇതിനു സഹായകരമായ പഠനസാമഗ്രികളും പദ്ധതിയുടെ ഭാഗമാണ്.

4) കൺസർവേഷൻ - പാരിസ്ഥിതിക മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു മാത്രമാണ് പുതുക്കലും മോടിപിടിപ്പിക്കലും നടത്തുക. ഇതിനായി ഓരോ കെട്ടിടം ഉടമയും നാട്ടുകാരുമായി ചർച്ച നടത്തി വിശദമായ ഡോക്യുമെന്റേഷൻ ചെയ്യുന്നു. പദ്ധതിയുടെ ഓരോ ചുവടിലും പാരിസ്ഥിതിക പരിഗണന ഉറപ്പാക്കിയിരിക്കുന്നു. സ്വാഭാവികമായി ഈ പദ്ധതി ആഭ്യന്തര - വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കും. പക്ഷേ, ഹോംസ്റ്റേ സംവിധാനത്തിൽ ഊന്നിക്കൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയായിരിക്കും പ്രവർത്തനങ്ങൾ. സ്മാരകങ്ങളിലേയ്ക്കുള്ള റൂട്ടുകൾ ഇലക്ട്രിക് വാഹനങ്ങളും ബോട്ടുകളും വഴിയായിരിക്കും.

5) ടൂറിസം വകുപ്പാണ് പദ്ധതിയുടെ നോഡൽ ഏജൻസി. പക്ഷേ, വിദ്യാഭ്യാസ, ആർക്കിയോളജിക്കൽ, സാംസ്ക്കാരിക, പൊതുമരാമത്ത്, ജലസേചനം തുടങ്ങി അനേകം വകുപ്പുകളുടെ സംയുക്തസംരംഭമാണ് പദ്ധതി.

6) തദ്ദേശവാസികൾക്ക് സാമ്പത്തികനേട്ടം ഉറപ്പാക്കും വിധ പരമ്പരാഗത ആഴ്ചച്ചന്തകളെയും പരമ്പരാ

ഗത തൊഴിലുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ടൂറിസം വികസനമാണ് ലക്ഷ്യമിട്ടത്.

7) ബഹുജനപങ്കാളിത്തമാണ് മുസിരിസ് പദ്ധതിയുടെ മറ്റൊരു സവിശേഷത. മുന്നൂറിൽപ്പരം സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മയാണ് ഇതിനു നേതൃത്വം നൽകിയത്. ഇവരിൽ നിന്നായിരുന്നു ഭാവി ടൂർ ഗൈഡുകളെയും മറ്റും വിഭാവനം ചെയ്തത്.

8) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്തിപ്പിലും ആസൂത്രണത്തിലും പ്രാധാന്യം നൽകി. അവരെ അറിയിക്കാതെയും ബോധ്യപ്പെടുത്താതെയും ഒന്നും ചെയ്യാൻ പാടില്ല എന്നതാണ് എൽഡിഎഫ് സർക്കാർ സ്വീകരിച്ച നയം.

9) സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവരുടെ പൊതു ഉടമസ്ഥതയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായിരിക്കും പദ്ധതിയുടെ ഭരണനിർവഹണവും തുടർ നടത്തിപ്പുകളും നിർവഹിക്കുക.

കേന്ദ്രസർക്കാർ 40 കോടിയിൽപ്പരം രൂപ പദ്ധതിയ്ക്ക് ധനസഹായം അനുവദിച്ചു. സംസ്ഥാന ബജറ്റിലും ഏതാണ്ട് അത്രതന്നെ തുകയും ഉൾക്കൊള്ളിച്ചു. പ്രാരംഭ പ്രവർത്തനങ്ങൾതന്നെ അന്തർദേശീയ ശ്രദ്ധയാകർഷിച്ചു. വിദേശ അംബാസിഡർമാർ പലരും സന്ദർശനത്തിനെത്തി. യുനെസ്കോയുടെ ആഭിമുഖ്യത്തിൽ തൽപരരായ രാജ്യങ്ങളുടെ പ്രതിനിധികളുടെ യോഗം ഡെൽഹിയിൽ നടന്നു. പ്രസിദ്ധമായ സിൽക്ക് റൂട്ടിന്റെ മാതൃകയിൽ ഒരു സ്പൈസസ് റൂട്ട് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം യുനെസ്കോ മുന്നോട്ടുവെച്ചു. അതോടെ കൊടുങ്ങല്ലൂർ മാത്രമല്ല, കേരളത്തിലെ പൗരാണിക തുറമുഖങ്ങളുടെയെല്ലാം ഒരു ശൃംഖലയും അതിന്റെ തുടർച്ചയായി അറേബ്യൻ – ആഫ്രിക്കൻ – യൂറോപ്യൻ രാജ്യങ്ങളിലെ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ടിന്റെ സാധ്യതയും തെളിഞ്ഞു. ഈ സാധ്യത യാഥാർത്ഥ്യമായാൽ കേരള ടൂറിസത്തിന്റെ മുഖച്ഛായ മാറും.

4. ടൂറിസം വികസന മാർഗനിർദ്ദേശങ്ങൾ

പുതിയ ടൂറിസം ഉൽപന്നങ്ങൾ

1. പുതിയ ഉൽപന്നങ്ങൾ കണ്ടെത്തി ടൂറിസം അനുഭവത്തെ കൂടുതൽ വൈവിദ്ധ്യവത്കരിക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾക്ക് കൂടുതൽ പങ്കാളിത്ത അനുഭവം നൽകുന്ന ഉൽപന്നങ്ങൾ ഉണ്ടകണം. കേരളത്തിലെ ടൂറിസം ഇന്നവേഷനുകളുടെ ചരിത്രം പരിശോധിക്കുന്നവർക്ക് സംരംഭകർ വഹിച്ചിട്ടുള്ള പങ്ക് വളരെ വ്യക്തമാകും. ഏറ്റവും ഉത്തമമായ ഇന്നൊവേഷനുകൾക്ക് അവാർഡു നൽകി പ്രോത്സാഹിപ്പിക്കണം.
2. ആയൂർവേദ ചികിത്സ ടൂറിസത്തിൽ പ്രധാനപ്പെട്ട സംഭാവന നൽകുന്നുണ്ട്. ഇത് കൂടുതൽ ആകർഷകവും ശാസ്ത്രീയവും ഗുണനിലവാരം ഉറപ്പുവരുത്തുന്നതും ആക്കുന്നതിന് ഇനിയും നടപടികൾ സ്വീകരിക്കാനാവും. പ്രത്യേക രോഗങ്ങൾക്ക് ആയൂർവേദ വിധി പ്രകാരമുള്ള പാക്കേജുകൾ തയ്യാറാക്കണം. ദന്തചികിത്സ ആയൂർവേദത്തിലെന്നപോലെ തുടർച്ചയായ സാന്നിദ്ധ്യം അനിവാര്യമാക്കുന്നതാണ്. പശ്ചാത്യരാജ്യങ്ങളെക്കാൾ വളരെ ചെലവു കുറച്ച് ഇത് നമ്മുടെ നാട്ടിൽ നിർവഹിക്കാനാവും.
3. ആയുർവേദ കേന്ദ്രങ്ങൾ, ഹൗസ്ബോട്ടുകൾ തുടങ്ങിയവയുടെ റേറ്റിംഗ് സമ്പ്രദായം കൂടുതൽ കർശനമാക്കണം. ഹോട്ടലുകൾക്ക് ഇന്നു നിലവിലുള്ള സ്റ്റാർ പദവികൾക്കു പുറമെ സേവന ഗുണനിലവാരവും കൂടി കണക്കിലെടുത്ത് പ്രത്യേക റേറ്റിംഗ് നൽകാവുന്നതാണ്.
4. കൊച്ചി ബിനാലെ ഇതിനകം ലോക കലാപ്രദർശനത്തിൽ ഒരു സ്ഥാനം നേടിക്കഴിഞ്ഞിട്ടുണ്ട്. തുടർന്നും സർക്കാർ ധനസഹായം ഈ മേളയ്ക്കുണ്ടാകണം. മേള കൂടുതൽ ഫലപ്രദമാക്കി നടത്തുന്നതിന് ആവശ്യമായ മാനേജ്മെന്റ് സംവിധാനങ്ങളും ഉറപ്പു വരുത്തണം.
5. ഇന്ന് രാജ്യത്തു നടക്കുന്ന ലിറ്റററി ഫെസ്റ്റിവെലുകളിൽനിന്ന് വ്യത്യസ്തമായി ഒരു ആഗോള വാർഷിക ലിറ്റററി ഫെസ്റ്റിവെൽ കേരളത്തിൽ സംഘടിപ്പിക്കണം. ഇതുപോലെ രാജ്യാന്തര സംഗീതോത്സവവും തീയേറ്റർ ഫെസ്റ്റിവെലും സംഘടിപ്പിക്കണം.
6. കേരളത്തിലെ പ്രധാനപ്പെട്ട പൂരങ്ങളുടെയും ഉത്സവങ്ങളുടെയും വാർഷികകലണ്ടർ ലഭ്യമാക്കണം. ഈ കലണ്ടറിൽ സ്ഥാനം പിടിക്കണമെങ്കിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപപ്പെടുത്തണം. കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള കലാകാരന്മാർക്ക് അക്രെഡിറ്റേഷൻ നൽകുകയും അവ സംബന്ധിച്ച വിവരങ്ങൾ വെബ്പിൽ ലഭ്യമാക്കുകയും വേണം. ക്രാഫ്റ്റു വില്ലേജുകൾ സ്ഥാപിക്കണം. ഇവിടെ ടൂറിസ്റ്റുകളുടെ ഓർഡർ പ്രകാരം ഉൽപന്നങ്ങൾ ലഭ്യമാക്കുന്ന സംവിധാനമുണ്ടാകണം.
7. മുസിരിസ് പൈതൃകപദ്ധതിയും തലശേരി പൈതൃക പദ്ധതിയും ഇന്ന് താളം തെറ്റിക്കിടക്കുകയാണ്. കേരളത്തിലെ ടൂറിസം വികസനത്തിന് നിർണായകമായ സംഭാവന ഈ പദ്ധതികൾക്കു നൽകാനാവും. ഇവ വിഭാവനം ചെയ്തതുപോലെ സമയബന്ധിതമായി നടപ്പാക്കണം. കേരളത്തിലെ പുരാതന തുറമുഖ കേന്ദ്രങ്ങളെയും സുഗന്ധദ്രവ്യങ്ങളുടെ കൃഷികേന്ദ്രങ്ങളായ കാലടി, ആനക്കര തുടങ്ങിയ ഉൽപാദനമേഖലകളെയും പശ്ചിമേഷ്യയിലെയും യൂറോപ്പിലെയും തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി സിൽക്ക് റൂട്ടിന്റെ മാതൃകയിൽ സ്പൈസസ് റൂട്ട് ആവിഷ്കരിക്കുക എന്ന യുണെസ്കോ കാഴ്ചപ്പാടു പ്രാവർത്തികമാകണം.
8. നവംബർ മുതൽ മാർച്ച് മധ്യം വരെ വിദേശ സഞ്ചാരികളിലൂടെ ടൂറിസം സീസൺ വ്യാപിപ്പിക്കാൻ ക

ഴിഞ്ഞിട്ടുണ്ട്. ഏപ്രിൽ-ഒക്ടോബർ കാലയളവും സമ്പൂർണ ടൂറിസം സീസൺ എന്ന നിലവാരത്തിലേയ്ക്കുയർന്നാൽ മാത്രമേ ഉയർന്ന വേതന വ്യവസ്ഥ, വർദ്ധിച്ച തൊഴിലവസരങ്ങൾ തുടങ്ങിയവയോടൊപ്പം ഈ വ്യവസായത്തിന്റെ സുസ്ഥിരതയും സാധ്യമാകൂ. മൺസൂൺ ടൂറിസം പുതിയൊരു ഉൽപന്നമായി അംഗീകാരം നേടിത്തുടങ്ങിയിട്ടുണ്ട്. കാലവർഷം ഇന്ത്യൻ ഉപഭൂഖണ്ഡത്തിലേയ്ക്കു കയറുന്നത് കോവളം കടപ്പുറം വഴിയാണ് എന്നാണു വെയ്പ്. മെറ്റീരിയോളജിക്കൽ ഒബ്സർവേറ്ററിയുമായി ബന്ധപ്പെട്ട് ഒട്ടേറെ ആചാരമുറകളുണ്ട്. ബിബിസിയുടെ ചേസിംഗ് ദി മൺസൂൺ എന്ന ഡോക്യുമെന്ററി മൺസൂൺ ടൂറിസത്തിന്റെ വലിയ സാധ്യതകളിലേയ്ക്ക് ഉൾക്കാഴ്ച നൽകുന്നുണ്ട്. ഹൗസ് ബോട്ടു പോലെതന്നെ കേരളത്തിന്റെ സുപ്രധാന ടൂറിസം ഉൽപന്നമായി കാലവർഷത്തെയും മാറ്റാനാവണം.

9. ലോകത്തിലെ മറ്റു ടൂറിസം കേന്ദ്രങ്ങളിൽ മിക്കവയും ലീൻ സീസൺ തരണം ചെയ്യുന്നത് മീറ്റിംഗുകൾ, കോൺഫറൻസുകൾ, പ്രദർശനങ്ങൾ ഇവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിയാണ്. എന്നാൽ സൗകര്യങ്ങളുടെ പരമിതി മൂലം കേരളത്തിന് ഈ അവസരം പ്രയോജനപ്പെടുത്താനാവുന്നില്ല. തിരുവനന്തപുരത്ത് പദ്ധതിയിട്ടിട്ടുള്ള അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ, ബോൾഗാട്ടിയിലെ നിശ്ചിത പദ്ധതി എന്നിവ അടിയന്തരമായി പൂർത്തിയാക്കണം. സിയാലിന്റെ പദ്ധതി കൂടുതൽ വിപുലീകരിക്കണം.

യാത്രാ വിനിമയ സൗകര്യങ്ങൾ

10. കേരളത്തിലേയ്ക്കുള്ള ഉയർന്ന യാത്രാ ചെലവ്, നേരിട്ടുള്ള വിമാനങ്ങളുടെ എണ്ണക്കുറവ് എന്നിവ കൂടുതൽ ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുന്നതിന് തടസമാണ്. യൂറോപ്പിൽ നിന്ന് കേരളത്തിലേയ്ക്ക് നേരിട്ടുള്ള ഫ്ലൈറ്റുകൾ ആരംഭിക്കേണ്ടത് പ്രധാനമാണ്. വിമാനത്താവളങ്ങളിൽനിന്ന് ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് ഗുണനിലവാരമുള്ള യാത്രാ സൗകര്യം ഉറപ്പുവരുത്തണം.

11. ടൂറിസ്റ്റു കേന്ദ്രങ്ങളിലെ പൊതുവായ അടിസ്ഥാന സൗകര്യവികസനം സർക്കാരിന്റെ ചുമതലയാണ്. അടിസ്ഥാനസൗകര്യങ്ങളിൽ റോഡ്, കുടിവെള്ളം, പൊതു ടോയ്ലെറ്റുകൾ, മാലിന്യസംസ്ക്കരണസൗകര്യങ്ങൾ, കേബിൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, സുരക്ഷിത വൈദ്യുതി തുടങ്ങിയവ ഉൾപ്പെടും. ഇങ്ങനെ എന്തെങ്കിലും പ്രത്യേക പരിഗണന അപൂർവമായേ ടൂറിസ്റ്റു കേന്ദ്രങ്ങളിൽ ഇന്നുള്ളൂ. നമ്മുടെ പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റു കേന്ദ്രങ്ങൾക്കും ഇത്തരത്തിലൊരു പശ്ചാത്തലസൗകര്യ മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. സംസ്ഥാന തദ്ദേശ ഭരണ സർക്കാരുകൾ അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കി മൂന്നു വർഷത്തിനകം പൂർത്തീകരിക്കണം. ഇതിന് വിവിധ ഡിപ്പാർട്ടുമെന്റുകളും ഏജൻസികളും തമ്മിലുള്ള ഏകോപനം ഉറപ്പുവരുത്തണം. ഇതുപോലെതന്നെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രങ്ങളിലേയ്ക്കുള്ള യാത്രാസൗകര്യവും അവിടുത്തെ പശ്ചാത്തലസൗകര്യങ്ങൾക്കും മാസ്റ്റർ പ്ലാനുണ്ടാക്കണം. ഇവ നടപ്പാക്കുന്നതിന് മുൻഗണന നൽകണം.

12. ഹൗസ് ബോട്ടുകൾ, ഗ്രീൻ ഹൗസുകൾ, ആയൂർവേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ തുടങ്ങിയവയെല്ലാം സ്വകാര്യ സംരംഭകരാണ് ഒരുക്കുന്നത്. മാസ്റ്റർ പ്ലാനുകളുടെ ഭാഗമായി ഓരോ ടൂറിസം കേന്ദ്രത്തിലേയ്ക്കുമുള്ള ടൂറിസ്റ്റുകളുടെ വരവ് വിലയിരുത്തി അവർക്കു വേണ്ടിയുള്ള സൗകര്യങ്ങൾ സമയബന്ധിതമായി സൃഷ്ടിക്കണം.

13. ടൂറിസ്റ്റുകളുടെ പ്രതീക്ഷിത വർദ്ധന നിരക്കിനേക്കാൾ ഉയർന്നതോതിൽ നിലവാരവും സുഖകരവുമായ താമസസൗകര്യം വർദ്ധിച്ചേ തീരൂ. ഇതിനുവേണ്ടി കേരളത്തിൽ മൊത്തത്തിൽ മുറികളുടെ ടാർജറ്റു നിശ്ചയിച്ചാൽപ്പോര. ഓരോ പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് താമസസൗകര്യം വർദ്ധിച്ചേ തീരൂ. ഇതിന് ആവശ്യമായ നിക്ഷേപത്തെ ആകർഷിക്കുന്നതിനുള്ള നടപടികൾ വേണം. വൻകിട റിസോർട്ടുകൾ മാത്രമല്ല, ഹോം സ്റ്റേകളും ഇതിൽ പ്രധാനമാണ്. സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ഓരോ കേന്ദ്രത്തിനും പ്രത്യേക പാക്കേജുകൾ തയ്യാറാക്കണം.

14. ടൂറിസത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് പൊതുക്രമസമാധാനനില മെച്ചപ്പെടണം. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പോലീസ് കേന്ദ്രങ്ങളുണ്ടാകണം. നീന്തലറിയാവുന്ന ടൂറിസ്റ്റു വാർഡന്മാരെ ജല ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിക്കണം.

മാർക്കറ്റിംഗ്

15. പൊതുവായ പ്രചരണത്തോടൊപ്പം കൃത്യമായ ടാർജറ്റ് ഓഡിയൻസിനെയും ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. അറബു രാജ്യങ്ങളിൽനിന്നുള്ള ടൂറിസം വർദ്ധന അവരുമായി കൂടുതൽ വ്യക്തിബന്ധങ്ങൾ വളർത്തുന്നതിനും കുടിയേറ്റത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായിക്കും.

16. കേരള ടൂറിസം മാർട്ട് ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റു ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിനുള്ള ധനസഹായം സർക്കാർ നൽകണം. അതോടൊപ്പം ഇത്തരമൊരു മേള ടൂറിസത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സന്ദർഭമാക്കി മാറ്റേണ്ടതാണ്. ബിസിനസ് മീറ്റിനു പുറത്ത് ഓണാഘോഷം പോലെ ജനങ്ങളെ പങ്കാളികളാക്കാൻ പറ്റുന്ന രീതിയിലുള്ള ആഘോഷമാക്കി മാറ്റണം.

17. അന്താരാഷ്ട്ര ടൂറിസം മേളകളിൽ നമ്മുടെ സാന്നിധ്യം ഇനിയും ഉയർത്തണം. ഇത്തരം മേളകളിൽ പങ്കെടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് ഉചിതമായ പ്രോത്സാഹനസഹായം നൽകണം.

സർക്കാർ പിന്തുണ

18. പൊതുവിൽ ടൂറിസം മേഖലയിലെ സർക്കാർ ഇടപെടൽ ഫലപ്രദമാണ്. എന്നാൽ സംരംഭകരും സർക്കാരും തമ്മിൽ നിലനിൽക്കുന്ന നീണ്ടനാളത്തെ ഒരു തർക്കം നികുതിയുമായി ബന്ധപ്പെട്ടാണ്. വാറ്റ് നികുതി, ലക്ഷ്വറി നികുതി, മദ്യത്തിനു മേലുള്ള വിൽപനനികുതി ഇവയാണ് നിലവിലുള്ള സംസ്ഥാനനികുതികൾ. ഇതിനു പുറമേ പ്രാദേശിക നികുതികളും ഉണ്ടാകും. ഇതിൽ ലക്ഷ്വറി നികുതിയെക്കുറിച്ചാണ് ഏറ്റവും കൂടുതൽ വിമർശനമുള്ളത്. ചരക്കുസേവന നികുതി വരുന്നതോടെ ലക്ഷ്വറി ടാക്സ് ഇല്ലാതാകും. അല്ലാതെതന്നെ നികുതി ഘടനയെക്കുറിച്ച് ഒരു പുനഃപരിശോധന വേണ്ടതാണ്.

19. നികുതി നിരക്കു കുറയ്ക്കുന്നതിനെക്കാൾ പ്രധാനപ്പെട്ട കാര്യം ടൂറിസം മേഖലയ്ക്കുള്ള ധനസഹായം വർദ്ധിപ്പിക്കലാണ്. ടൂറിസം കേന്ദ്രങ്ങളിലെ പശ്ചാത്തലസൗകര്യങ്ങൾ, സ്വകാര്യ നിക്ഷേപകർക്കുള്ള സഹായങ്ങൾ, പരസ്യം, പരിശീലനം തുടങ്ങിയവയ്ക്കു വേണ്ടിയുള്ള സർക്കാർ ബജറ്റ് വിഹിതം ഗണ്യമായി ഉയർത്തേണ്ടതാണ്. ടൂറിസം മേഖലയുടെ തൊഴിൽസാധ്യതകൾ പരിഗണിച്ച് ഈ മേഖലയിൽ നിന്നു സമാഹരിക്കുന്ന വിഭവത്തിൽ ഗണ്യമായ ഒരു നിശ്ചിതശതമാനം ഈ മേഖലയുടെ തന്നെ വികസനത്തിനായി മുതൽമുടക്കേണ്ടതാണ്.

20. കെറ്റിഡിസി, സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യക്ഷ വികസന ഏജൻസിയാണ്. കെറ്റിഡിസിയ്ക്ക് ആദ്യം വേണ്ടത് ഒരു പ്രൊഫഷണൽ ബോർഡും മാനേജ്മെന്റുമാണ്. കെറ്റിഡിസിയുടെ പ്രവർത്തനത്തെ സമൂലമായി പരിഷ്കരിക്കേണ്ടതുണ്ട്. സ്വകാര്യ സംരംഭകരാണ് ഈ വ്യവസായമേഖലയിലെ മുഖ്യനിക്ഷേപകരും സംരംഭകരും എന്ന് അംഗീകരിക്കുന്നതിനോടൊപ്പം നിലവിലുള്ള പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന സമീപനമാണ് കൈക്കൊള്ളേണ്ടത്.

പരിശീലനം

21. ടൂറിസം തൊഴിൽസാന്ദ്രമായ ഒരു വ്യവസായമാണ്. ഇതിനാവശ്യമായ മാനവശേഷിയെ പരിശീലിപ്പിച്ചെടുക്കണം. എന്നാൽ അതിനുള്ള സൗകര്യങ്ങൾ കുറവാണ്. കേരളത്തിലെ ടൂറിസത്തിന് പ്രതിവർഷം ഒരു ലക്ഷം പേരെങ്കിലും പുതുതായി ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമുണ്ട്. എന്നാൽ പരിശീലനം ലഭിക്കുന്നത് ഏതാണ്ട് 15000 പേർക്കാണ്. അതിഥിയുടെ തൃപ്തി ആതിഥേയന്റെ ആചാര-പെരുമാറ്റ- മര്യാദകൾക്ക് അനുസരിച്ചിരിക്കുന്നു. ഹോസ്പിറ്റാലിറ്റി, ട്രാവൽ മേഖലകളെ ഈ മാനവശേഷിയുടെ കുറവ് കാര്യമായി ബാധിക്കുന്നു. യോഗ്യരായ ഗൈഡുകളുടെ അഭാവം, ഇംഗ്ലീഷ് അല്ലാതെയുള്ള ഭാഷകളിലെ പ്രാവീണ്യമില്ലായ്മ, അതിഥികളുമായി നേരിട്ടു സംവദിക്കുന്ന ഫ്രണ്ട് ഓഫീസിന്റെയും ഫുഡ് ആന്റ് ബിവറേജ് വിഭാഗത്തിന്റെയും മേന്മക്കുറവ്, ഇവയെല്ലാം ഗുരുതരമായ പ്രശ്നങ്ങളാണ്. ഈ മേഖലയിൽ അടിയന്തര ഇടപെടൽ തീർത്തും അനിവാര്യമാണ്. നിലവിലെ വളർച്ചയുടെ തോത് അനുസരിച്ച് ഓരോ വർഷവും അധിക മാനവവിഭവശേഷി ടൂറിസം രംഗത്തു നമുക്ക് ആവശ്യമാണ്. മാനവവിഭവശേഷി പരിശീലന രംഗത്തെ മികച്ച നേട്ടമായി അവകാശപ്പെടാവുന്നത് കോഴിക്കോട് ആരംഭിച്ച ദേശീയ നിലവാരമുള്ള എസ്ഐഎച്ച്എം ആണ്.

22. ചൈന, കൊറിയ, ജപ്പാൻ തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു മുമ്പായി ഈ രാജ്യങ്ങളിലെ ഭാഷകൾ സംസാരിക്കുന്ന ടൂറിസം ഗൈഡുകൾ നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

23. കിറ്റ്സ്-നെ ടൂറിസം പഠനത്തിലെ മികവിന്റെ കേന്ദ്രമായി ഉയർത്തണം. ടൂറിസത്തെക്കുറിച്ച് കൂടുതൽ പഠനഗവേഷണങ്ങൾ ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. കേരളത്തിലെ കോളജുകളിലും സർവകലാശാലകളിലും ടൂറിസവുമായി ബന്ധപ്പെട്ട് എംഫിൽ, പിഎച്ച്ഡി പഠനങ്ങൾ നടത്തുന്നതിന് പ്രത്യേകധനസഹായം കിറ്റ്സുമായി ബന്ധപ്പെട്ട് നൽകുന്നതിന് സ്കീമുണ്ടാകണം. നിലവിലുള്ള പഠനകേന്ദ്രങ്ങളിലും സർവകലാശാലകളിലും ടൂറിസം ചെയർ സ്ഥാപിക്കാവുന്നതാണ്.

24. നിലവിലുള്ള ഗകഠഠട, ഗകഒങട, കഒങഇഠ എന്നീ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണവും പരിശീലന ശേഷിയും ഉയർത്തണം. കൂടുതൽ സ്വാശ്രയ പരിശീലന സ്ഥാപനങ്ങൾ ഈ മേഖലയിൽ വരുന്നുണ്ട്. ഇവിടങ്ങളിലെ കരിക്കുലത്തെയും പരിശീലനത്തെയും പരിശോധിക്കുന്നതിനും റേറ്റിംഗ് നടത്തുന്നതിനും പ്രത്യേക സംവിധാനം വേണം. പൊതു ആർട്സ് ആൻഡ് സയൻസ് കോളജുകളിലും ടൂറിസവുമായി ബന്ധപ്പെട്ടുള്ള കോഴ്സുകൾ ആരംഭിക്കണം. നൈപുണ്യവികസന പദ്ധതിയിൽ ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകണം. ടൂറിസം മേഖലയിലെ നൈപുണ്യ ആവശ്യങ്ങളും നിലവിലുള്ള ലഭ്യതയും കുറിച്ച് അടിയന്തരമായ പഠനം നടത്തി വിടവു നികത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

25. ടൂറിസവുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള പാചകക്കാർ, റെസ്റ്റോറന്റു ജീവനക്കാർ, റിസപ്ഷൻ ജോലിയിൽപ്പെട്ടവർ, ടൂർ ഗൈഡുകൾ തുടങ്ങിയവർക്കു പുറമേ ടൂറിസ്റ്റുകളുമായി ബന്ധപ്പെടുന്ന മറ്റു മേഖലകളിൽ പണിയെടുക്കുന്ന ഒട്ടേറെപ്പേരുണ്ട്. പോലീസ്, എയർപ്പോർട്ടുകളിലെ എമിഗ്രേഷൻ ജീവനക്കാർ,

പോർട്ടർമാർ, ടാക്സി ഡ്രൈവർമാർ, മ്യൂസിയങ്ങളിലെയും മറ്റും ജീവനക്കാർ, തുടങ്ങിയവർക്കും വ്യാപകമായ ഓറിയന്റേഷൻ നൽകേണ്ടതുണ്ട്.

26. ടൂറിസ്റ്റു കേന്ദ്രങ്ങളിലെ ജനങ്ങൾ പൊതുവിൽ ടൂറിസ്റ്റു സൗഹൃദ സമീപനം കൈക്കൊള്ളണം. ഇതിനായി ഈ മേഖലയിൽ ഇപ്പോൾ നടക്കുന്ന കാര്യങ്ങളും ഭാവിയിൽ നടക്കേണ്ട കാര്യങ്ങളും ജനങ്ങളോട് വിശദീകരിക്കണം. ഇതിനായി ടൂറിസം ഗ്രാമസഭകൾ ടൂറിസം മേഖലയിൽ വിളിച്ചു കൂട്ടണം.

ഉത്തരവാദിത്ത ടൂറിസം

27. കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളുടെ എല്ലാം കാരിയിംഗ് കപ്പാസിറ്റി പഠനം അടിയന്തരമായി നടത്തണം. ജല ടൂറിസത്തെ സംബന്ധിച്ചടത്തോളം ഇതു വളരെ പ്രധാനമാണ്. കാരിയിംഗ് കപ്പാസിറ്റിയ്ക്ക് അനുസരിച്ചുള്ള ഹൗസ് ബോട്ടുകളേ അനുവദിക്കാൻ പാടുള്ളൂ. തീരദേശ പരിപാലന നിയമങ്ങളും ഭൂവിനിയോഗ നിയമങ്ങളും എത്ര മാത്രം പാലിക്കപ്പെട്ടിട്ടുണ്ട് എന്നത് പുനപ്പരിശോധിക്കുകയും തിരുത്താവുന്ന തെറ്റുകൾ തിരുത്തുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ പട്ടികപ്പെടുത്തി പ്രസിദ്ധീകരിക്കുകയും വേണം.

28. ഉത്തരവാദിത്ത ടൂറിസത്തിന്റെ വിവിധ ഘടകങ്ങളുടെ ഏകോപനം ഫലപ്രദമാകണമെങ്കിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മുൻകൈ ഉണ്ടായേ തീരൂ. കാരണം, ഗ്രാമീണ റോഡുകൾ, കുടിവെള്ളം, തെരുവുവിളക്ക്, ശുചിത്വം തുടങ്ങിയവയെല്ലാം ഇവരുടെ അധികാരപരിധിയിൽപെടുന്നതാണ്. എന്നാൽ, ഇന്ന് തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഔപചാരികം മാത്രമാണ്. ഈ സ്ഥിതി മാറ്റുന്നതിനുവേണ്ടി ടൂറിസം മേഖലകളിലെ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനപ്രതിനിധികൾക്ക് ടൂറിസം വികസനത്തിന് ഒരു സബ് പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്രീകൃതമായ പരിശീലനവും മികച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇവയെങ്ങനെ നടക്കുന്നു എന്നു മനസിലാക്കുന്നതിനുള്ള പഠനയാത്രകളും വേണം. ടൂറിസം വികസനത്തിനുള്ള സമഗ്രപദ്ധതികൾ ടൂറിസ്റ്റു മേഖലയിലെ ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെയും പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കണം.

29. കേരളത്തിന്റെ ഒരു മുഖ്യദൗർബല്യം മലിനീകരണമാണ്. ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക ശുചിത്വ പ്ലാൻ തയ്യാറാക്കണം. കോവളത്ത് കുറച്ചുനാൾ വിജയകരമായി നടപ്പാക്കിയ സീറോ വേസ്റ്റ് പദ്ധതി നല്ലൊരു ഉദാഹരണമാണ്. ഉറവിട മാലിന്യസംസ്ക്കരണമാണ് ഏറ്റവും ഉചിതമായ മാർഗം. വീടുകളിലെ ജൈവമാലിന്യം വീടുകളിൽത്തന്നെ കമ്പോസ്റ്റു ചെയ്യുകയോ ബയോഗ്യാസാക്കി മാറ്റുകയോ ചെയ്യണം. പ്ലാസ്റ്റിക്കും മറ്റും വേർതിരിച്ചു നീക്കം ചെയ്യാനും ഏർപ്പാടുണ്ടാകണം. ഹോട്ടലുകളിലെയും റിസോർട്ടുകളിലെയും മറ്റും മാലിന്യത്തിന് കൃത്യമായ പ്രോട്ടോക്കോളുണ്ടാകണം. ജൈവമാലിന്യം അവരവർക്ക് സംസ്ക്കരിക്കാൻ ആവുന്നില്ലെങ്കിൽ പൊതുസംസ്ക്കരണ കേന്ദ്രത്തിലേയ്ക്കോ പന്നി, കോഴി, മീൻവളർത്തൽ കേന്ദ്രങ്ങളിലേയ്ക്കോ കൊണ്ടുപോകുന്നതിന് സംവിധാനങ്ങളേർപ്പെടുത്തണം. ടൂറിസം കേന്ദ്രങ്ങളിൽ സെപ്ടേജുണ്ടാകണം. റിസോർട്ടുകളിലെയും മറ്റും മലിനജലം സംസ്ക്കരിച്ചിട്ടേ പുറത്തേയ്ക്കൊഴുക്കാൻ പാടുള്ളൂ.

30. ടൂറിസം കേന്ദ്രങ്ങൾക്ക് ഒരു ഗ്രീൻ പ്രോട്ടോക്കോളുണ്ടാകണം. ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കണം. പ്ലാസ്റ്റിക് നിരോധിക്കണം.

31. ഹൗസ് ബോട്ടുകളുടെ മാലിന്യം സംസ്ക്കരിക്കുന്നതിന് ആധുനിക പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കണം. മാലിന്യം മുഴുവൻ ഇവിടെ നൽകേണ്ടത് ഓരോ ഹൗസ് ബോട്ടിന്റെയും ചുമതലയാക്കണം. ഇതു ലംഘിക്കുന്നവർക്കെതിരെ ലൈസൻസ് റദ്ദാക്കലടക്കമുള്ള കർശന നടപടി സ്വീകരിക്കുകയും വേണം.

32. ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃകകളായി കുമരകത്തെ ആഗോള ടൂറിസം കൗൺസിൽ തിരഞ്ഞെടുത്ത് ആദരിക്കുകയുണ്ടായി. പക്ഷേ, കുമരകത്തുതന്നെ പിന്നീട് എത്രനാൾ തുടർന്നു എന്നത് പരിശോധിക്കേണ്ടതുണ്ട്. ഗൗരവമായ കാര്യം കുമരകത്തോടൊപ്പം ഈ പുതിയ സമീപനം നടപ്പാക്കിത്തുടങ്ങിയ പ്രദേശങ്ങളിൽ ഔപചാരിക പ്രഖ്യാപനങ്ങൾക്കപ്പുറത്തേയ്ക്ക് പോയില്ല. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചുവെന്ന് വിശദമായ റിവ്യൂ നടത്തുകയും ഉത്തരവാദിത്ത ടൂറിസം കേരളത്തിലുടനീളം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

അവലംബം

1. Government of India, Ministry of Tourism and Culture, Kerala's Approach to Tourism Development, A Case Study. New Delhi 2013.
2. Government of Kerala, Tourism Department, Kerala Tourism Vision 2025, Thiruvananthapuram.
3. Government of Kerala, Tourism Department, Tourism Policy 2012.
4. WTTC, Kerala: The Impact of Travel and Tourism on Jobs and the Economy, 2003 UK.
5. Elena Delise, Tourist Activity as a Sustainable Regional Development Instrument: A Regional Case Analysis, Kerala, India. WTTC, 2009.

അധ്യായം 12

വൈദ്യുതി

കേരളം വൈദ്യുതി സമ്പന്ന സംസ്ഥാനമായിരിക്കും എന്ന മിഥ്യാധാരണയുടെ സ്വാധീനം കേരളത്തിലെ ആധുനികവ്യവസായവികസനതന്ത്രത്തിൽ എഴുപതുകളുടെ അവസാനം വരെ പ്രകടമായിരുന്നു. പളളിവാസൽ കമ്മിഷൻ ചെയ്തതോടെ തിരുവിതാംകൂർ സർക്കാരും ഇടുക്കിയുടെ പശ്ചാത്തലത്തിൽ കേരള സർക്കാരും ഊർജസാന്ദ്രതയുളള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. ഇടുക്കിയ്ക്കു ശേഷം കുറച്ചുനാൾ കേരളം അധികവൈദ്യുതി അയൽസംസ്ഥാനങ്ങളിലേയ്ക്കു കയറ്റി അയയ്ക്കുകയും ചെയ്തു. ഈ വൈദ്യുതി കയറ്റുമതി യഥാർത്ഥത്തിൽ അക്കാലത്തെ കേരളത്തിലെ വ്യവസായങ്ങളുടെ പിന്നാക്കാവസ്ഥയെ താഴ്ന്ന വൈദ്യുതി ഉപഭോഗനിലവാരവുമാണ് സൂചിപ്പിക്കുന്നത്. ഇതിലൊരു മാറ്റം വന്നു തുടങ്ങിയതോടെ തൊണ്ണൂറുകളിൽ കേരളം അതീവഗുരുതരമായ വൈദ്യുതിക്ഷാമം നേരിടേണ്ടിവന്നു. 1996–2001 കാലത്ത് വൈദ്യുതിയുടെ പ്രതിഷ്ഠാപിതശേഷി 1508 മെഗാവാട്ടിൽ നിന്ന് 2542 മെഗാവാട്ടായി ഉയർത്താൻ കഴിഞ്ഞതാണ് ഈ സ്ഥിതിവിശേഷത്തിനെതിരെ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞ പ്രതിരോധം. ഇതുമൂലം ഊർജപ്രതിസന്ധിയ്ക്കു താൽക്കാലിക ശമനം മാത്രമേ ഉണ്ടായിട്ടുളളൂ. പ്രതിസന്ധി ഒഴിവാക്കാൻ കൂടുതൽ കൂടുതൽ വൈദ്യുതി മറ്റു സംസ്ഥാനങ്ങളിൽനിന്നു വാങ്ങേണ്ട ഗതികേടിലായി നാം.

2009–10ൽ ദേശീയ പ്രതിശീർഷ വൈദ്യുതി ഉപഭോഗം 778 Kwh ആയിരിക്കുമ്പോൾ കേരളത്തിലേത് 525 Kwh മാത്രമാണ്. നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഇത് 1118 Kwh ആണ്. ചൈനയിലെ വൈദ്യുതി ഉപഭോഗം 2410 Kwh ആണ്. അമേരിക്കയുടേത് 13467 Kwh ഉം. സംസ്ഥാനത്തെ ത്വരിതഗതിയിലുളള വ്യവസായവത്കരണത്തിന് മുഖ്യപ്രതിബന്ധങ്ങളിലൊന്ന് ആവശ്യമായ അളവിലും ഗുണത്തിലും വൈദ്യുതി ലഭിക്കുന്നില്ല എന്നുളളതാണ്.

എങ്കിൽത്തന്നെ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായി നഗരഗ്രാമ വ്യത്യാസമില്ലാതെയും, വൈദ്യുതി വിതരണത്തിലെ ഗുണനിലവാര പ്രശ്നമുണ്ടെങ്കിൽപ്പോലും ലോഡ്ഷെഡ്ഡിങ്ങും പവർക്കട്ടും നിരന്തരമായി ഏർപ്പെടുത്താതെയും കേരളത്തിൽ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി നൽകാൻ കഴിയുന്നുണ്ട് (പ്രാന്തവൽക്കരിക്കപ്പെട്ട ചെറുവിഭാഗങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല എന്ന വസ്തുത വിസ്മരിക്കുന്നില്ല). അതേസമയം, ഉയർന്ന ജീവിതനിലവാരവും അല്പ വികസിതമായ ഉൽപാദന മേഖലയുമെന്ന കേരളത്തിന്റെ വികസന വൈരുദ്ധ്യം വൈദ്യുതി മേഖലയിൽ ഗൗരവമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഒരുവശത്ത് ഗാർഹിക പ്രധാനമായ ഉപഭോഗ സമ്പ്രദായം. മറുവശത്ത് വർദ്ധിക്കുന്ന വൈദ്യുതികമ്മിയും തൽഫലമായി വർഷം തോറും വർദ്ധിക്കുന്ന ഭീമമായ

വൈദ്യുതി ഇറക്കുമതിയും കേരളത്തിന്റെ സവിശേഷതയായിരിക്കുന്നു.

1. വൈദ്യുതി ഉപഭോഗം, കമ്മി, ഇറക്കുമതി

കേരള സമ്പദ്ഘടനയിലെ വിവിധ മേഖലകളിലെ (ഉപഭോഗ വിഭാഗങ്ങളിൽ) വൈദ്യുതോർജ്ജ ഉപഭോഗത്തിന്റെ കണക്ക് പട്ടിക 12.1 ൽ നൽകിയിരിക്കുന്നു

പട്ടിക 12.1
വിവിധ വിഭാഗങ്ങളിലെ വൈദ്യുതോർജ്ജ ഉപഭോഗം

വിഭാഗം	വാർഷിക വൈദ്യുതോർജ്ജ ഉപഭോഗം (ദശലക്ഷം യൂണിറ്റിൽ)	പങ്ക് (ശതമാനത്തിൽ)
ഗാർഹികം	10,159	51.63
വ്യവസായം	4,885	24.83
വാണിജ്യവും മറ്റ് സേവന മേഖലകളും	3,948	20.07
കൃഷി	333	1.69
തെരുവ് വിളക്കുകൾ	350	1.78

(റഗുലേറ്ററി കമ്മീഷന് മുന്നിൽ കെ.എസ്.ഇ.ബി സമർപ്പിച്ച 2015-16 ലെ എ.ആർ.ആർ & ഇ.ആർ.സി:52)

പട്ടിക12.1 ൽ നിന്നും വ്യക്തമാകുന്ന പോലെ കേരളത്തിലെ ഗാർഹിക മേഖലയിലെ വൈദ്യുതി ഉപയോഗം ആകെ വൈദ്യുതിയുടെ പകുതിയിലധികമാണ്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലും വികസിത സമ്പദ്ഘടനകളിലടക്കം ഇത് 25-35 ശതമാനത്തിനിടയിൽ മാത്രമാണ്. ആകെ ഉപഭോഗത്തിൽ വ്യാവസായ ഉപഭോഗത്തിന്റെ പങ്ക് കേരളത്തിൽ തുടർച്ചയായി കുറഞ്ഞു വന്ന് ഇന്ന് 25 ശതമാനത്തിൽ താഴെയായിരിക്കുന്നു. ലോകരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഇത് 30 മുതൽ 40 ശതമാനം വരെയാണ്. ത്രിതീയ മേഖലയിൽപ്പെട്ട വിവരസാങ്കേതിക മേഖലയിലെ വൈദ്യുതി ഉപയോഗം ഒഴിവാക്കിയാൽ കേരളത്തിൽ വ്യാവസായിക ഉപഭോഗത്തിന്റെ അസാധാരണമായ ഇടിവ് കൂടുതൽ പ്രകടമാകും (വൈദ്യുതി നിരക്ക് അടക്കമുള്ള സൗജന്യങ്ങൾ നൽകുന്നതിനായി വിവരസാങ്കേതിക മേഖലയിലെ സംരംഭങ്ങളെ ഇപ്പോൾ വ്യവസായമായാണ് പരിഗിച്ചു വരുന്നത്). കൃഷിയടക്കമുള്ള പ്രാഥമിക ഉൽപാദന മേഖലയിലെ വൈദ്യുതി ഉപയോഗം കേവലം 2 ശതമാനത്തിലും താഴെയാണ്; മറ്റ് പ്രമുഖ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇത് 25 ശതമാനം മുതൽ 30 ശതമാനം വരെയാണ്. ഗാർഹിക മേഖല കഴിഞ്ഞാൽ ഗണ്യമായ ഉപഭോഗ വർദ്ധനവ് രേഖപ്പെടുത്തുന്ന മേഖല വാണിജ്യ സംരംഭങ്ങൾ ഉൾപ്പെടുന്ന ത്രിതീയ മേഖലയാണ്. ഇന്നത്തെ നില തുടർന്നാൽ താമസിയാതെ ഇത് വ്യാവസായിക മേഖലയെ കവച്ചുവയ്ക്കും.

ദുർബലമായ ഉൽപാദനമേഖലകളോടു കൂടിയ ഉപഭോക്തൃ സംസ്ഥാനം എന്ന കേരളത്തിന്റെ ഇന്നത്തെ സ്ഥിതി, സുസ്ഥിരമായ വികസനത്തിന് മാതൃകയല്ല. കാർഷികോൽപ്പന്നങ്ങൾ മുതൽ ഏറെക്കുറേ എല്ലാ വ്യാവസായി ഉൽപ്പന്നങ്ങളും വരെ ഇറക്കുമതി ചെയ്യുകയും പുറം രാജ്യങ്ങളിലെ വിദേശ മലയാളികളുടെ വരുമാനത്തെ ആശ്രയിച്ച് വളരുന്ന ത്രിതീയ സേവന മേഖലകൾക്കാണ് കേരളത്തിൽ പ്രാമുഖ്യം. നമുക്ക് ആവശ്യമുള്ളവയുടെ ഗണ്യമായ പങ്ക് ഇവിടെത്തന്നെ ഉൽപാദിപ്പിക്കുവാനും വരുംതലമുറയ്ക്ക് മാന്യമായ തൊഴിൽ ഇടങ്ങൾ കേരളത്തിൽത്തെന്ന സൃഷ്ടിക്കുവാനും നടക്കുന്ന സാമൂഹിക-രാഷ്ട്രീയ ഇടപെടലുകൾ വൈദ്യുതി ഉപഭോഗത്തിലും ആരോഗ്യകരമായ മാറ്റങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ വഴിവയ്ക്കുമെന്ന് കണക്കാക്കേണ്ടതുണ്ട്.

വൈദ്യുതി ആവശ്യകത

ഈ നിലയ്ക്ക് നോക്കുമ്പോൾ എന്താണ് കേരളത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ആവശ്യമായ വൈദ്യുതോർജ്ജത്തിന്റെ അളവ് എത്രയാണ്? എല്ലാ സമൂഹങ്ങളിലും സാമൂഹ്യ-സാമ്പത്തിക വികസനത്തോടൊപ്പം വൈദ്യുതോർജ്ജ ഉപഭോഗം വർദ്ധിക്കുന്നതായി കാണാം. അതിനാൽത്തന്നെ മാനവവികസന സൂചിക (എച്ച്.ഡി.ഐ) യും പ്രതിശീർഷ വൈദ്യുതി ഉപഭോഗവും തമ്മിൽ ശക്തമായ പാരസ്പര്യമുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത് (ചീ സെൻ ലങ്, പീറ്റർ മെയ്സൻ 2005). ഉയർന്ന പ്രതിശീർഷ വൈദ്യുതി ഉപയോഗം സ്വാഭാവികമെന്നോണം ഉയർന്ന് എച്ച്.ഡി.ഐ ഉറപ്പുവരുത്തണമെന്നില്ലെങ്കിലും (വൈദ്യുതിയുടെ ന്യായമായ വിതരണം ഉറപ്പുവരുത്താൻ നയപരമായ ഇടപെടൽകൂടി ഇതിന് ആവശ്യമാണ്) ആധുനികവും മികച്ചതവുമായ ജീവിതസാഹചര്യം എല്ലാ ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുവാൻ മെച്ചപ്പെട്ട പ്രതിശീർഷ വൈദ്യുതി ഉപഭോഗം ഉണ്ടായേതീരൂ. സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുവാനും എച്ച്.ഡി.ഐ.യും പ്രതിശീർഷ വൈദ്യുതോപയോഗവും തമ്മിലുള്ള പാരസ്പര്യം കാണിക്കുന്നത് ഏകദേശം 5000 യൂണിറ്റ് പ്രതിശീർഷ വൈദ്യുതോപയോഗം ഉയർന്ന എച്ച്.ഡി.ഐ കൈവരിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമാണെന്നാണ് യു.എൻ.ഡി.പി.യുടെയും ലോകബാങ്കിന്റെയും കണക്കുകൾ സൂചിപ്പിക്കുന്നത്.

5000 യൂണിറ്റ് പ്രതിശീർഷ വൈദ്യുതോപയോഗമെന്നത് കേരളത്തിന്റെ വാർഷിക വൈദ്യുതാവശ്യകതയായി മാറുമ്പോൾ ഏകദേശം 1,65,000 ദശലക്ഷം യൂണിറ്റ് പ്രതിവർഷം നമുക്കാവശ്യമുണ്ടെന്ന് കാണാൻ കഴിയും. ഇപ്പോൾ ഇത് കേവലം 23,000 ദശലക്ഷം യൂണിറ്റ് മാത്രമാണ്. എന്നാൽ മറ്റ് വികസിത രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വികസനഗതി

സ്വീകരിക്കുന്നതിനുള്ള സാധ്യത പുതിയ സാങ്കേതികവിദ്യകളുടെ വർദ്ധിച്ച ലഭ്യതയുടെയും മറ്റും പശ്ചാത്തലത്തിൽ കേരളത്തിനുണ്ട്. ഉയർന്ന ഊർജ്ജക്ഷമത ഉറപ്പുവരുത്തുന്ന ആധുനിക സാങ്കേതികവിദ്യകളുടെ സ്വാംശീകരണവും ഊർജ്ജതീവ്രതയേറിയ വ്യവസായങ്ങളുടെ സ്ഥാനത്ത് കുറഞ്ഞ ഊർജ്ജാവശ്യകതയുള്ള ആധുനിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചും വൈദ്യുത ആവശ്യകത കുറവായ ത്രിതീയ മേഖലയിലുള്ള സംരംഭങ്ങൾക്ക് സമ്പദ്ഘടനയിൽ വർദ്ധിക്കുന്ന പ്രാമുഖ്യത്തിന്റെ ഫലമായും കേരളത്തിന് 2000 യൂണിറ്റ് പ്രതിശീർഷ വൈദ്യുതി ഉപയോഗത്തിലൂടെ മികച്ച എച്ച്.ഡി.ഐ സ്വന്തമാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. ഈ നിലയ്ക്ക് നോക്കുമ്പോൾ നമ്മുടെ വാർഷിക വൈദ്യുതി ലഭ്യത നിലവിലുള്ള 23,000 ദശലക്ഷം യൂണിറ്റിൽ നിന്നും ഏകദേശം 66,000 ദശലക്ഷം യൂണിറ്റായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

സാധാരണ നിലയിൽ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ പവർ സർവ്വെ റിപ്പോർട്ടുകളാണ് വൈദ്യുതി ശൃംഖല ഒരുക്കുന്നതിനായി ആധികാരികമായി ആശ്രയിക്കപ്പെടുന്നത്. തൊണ്ണൂറുകളിലെ റിപ്പോർട്ടുകളിൽ അമിതമായ ഊർജ്ജാവശ്യകത കണക്കാക്കിയെന്ന ശരിയായ വിമർശനം ഉണ്ടായിരുന്നെങ്കിലും തുടർന്നുള്ള റിപ്പോർട്ടുകൾ യാഥാർത്ഥ്യവുമായി അടുത്ത് നിൽക്കുന്നതാണ്. നിലവിലുള്ള പവർ സർവ്വെ റിപ്പോർട്ടിൽ 2032 ഓടെയുള്ള കേരളത്തിന്റെ വൈദ്യുതി ആവശ്യകത 61,125 ദശലക്ഷം യൂണിറ്റെന്നാണ് കണക്കാക്കുന്നത്. ഇത് പ്രതിശീർഷ വൈദ്യുതി ലഭ്യത 1,900 യൂണിറ്റിലേയ്ക്ക് എത്തിക്കും.

ഇറക്കുമതി ആശ്രിതത്വം

പൂനൈ ആസ്ഥാനമായ വൈസ് (ജി.എം പിള്ള, 2013) 2030 ഓടെ 4,277 ദശലക്ഷം യൂണിറ്റും 2050 ഓടെ 91,666 ദശലക്ഷം യൂണിറ്റുമാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകതയായി കണക്കാക്കിയത്. നയപരമായ ഇടപെടലിലൂടെ ഇത് 42,500 ദശലക്ഷം യൂണിറ്റായി പരിമിതപ്പെടുത്തി നിർത്താൻ കഴിയുമെന്ന് അവർ കണക്കാക്കുന്നു. ഒഴിവാക്കാനാകാത്ത ഏറ്റവും ചുരുങ്ങിയ പ്രചരണ-വിതരണ നഷ്ടംകൂടി വരുമ്പോൾ സംസ്ഥാനത്തിന്റെ പ്രതിവർഷ ഊർജ്ജാവശ്യകത 47,000 ദശലക്ഷം യൂണിറ്റ് വരും. കണക്കാക്കപ്പെടുന്ന ഈ ആവശ്യകതകളുടെ സ്ഥാനത്ത് ഇന്ന് സംസ്ഥാനത്തിനകത്ത് താങ്ങാവുന്ന ചെലവിൽ ഉൽപാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതിയുടെ അളവ് കേവലം 7,400 ദശലക്ഷം യൂണിറ്റ് മാത്രമാണെന്നത് ആശങ്ക ഉയർത്തുന്നതാണ് (അവലംബം: റെഗുലേറ്ററി കമ്മീഷൻ 2015-16 ജൂണിലെ എ.ആർ.ആർ & ഇ.ആർ.സി:79-80).

ഞെട്ടലുളവാക്കുന്ന ഈ വസ്തുത കേരളത്തിലെ വൈദ്യുതി മേഖലയുടെ അന്യസംസ്ഥാന ആശ്രിതത്വം എന്ന പ്രശ്നത്തിലേയ്ക്കാണ് നമ്മെ നയിക്കുന്നത്. കേരളം ഉപയോഗിക്കുന്ന വൈദ്യുതിയെ രണ്ട് രീതിയിൽ വേർതിരിച്ചെടുത്തു പരിശോധിക്കുകയാണെങ്കിൽ ഈ പ്രതിഭാസം കൂടുതൽ വ്യക്തമാകും. വൈദ്യുതി ഉൽപാദിപ്പിക്കാൻ ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ അടിസ്ഥാനത്തിലുള്ള വേർതിരിവും ആദ്യന്തം വൈദ്യുതി-ഇറക്കുമതി വൈദ്യുതി എന്ന നിലയിലുള്ള തരംതിരിക്കലും. പട്ടിക 12.2 ഇന്ധനോപയോഗത്തിന്റെ വേർതിരിവും പട്ടിക 3 ഇറക്കുമതി വൈദ്യുതിയുടെ അളവും വ്യക്തമാക്കുന്നു (അവലംബം: റെഗുലേറ്ററി കമ്മീഷൻ 2015-16 ജൂണിലെ എ.ആർ.ആർ & ഇ.ആർ.സി:79-80).

പട്ടിക 12.2

ഇന്ധനം	വൈദ്യുതിയുടെ അളവ് (ദശലക്ഷം യൂണിറ്റിൽ)	പങ്ക് (ശതമാനത്തിൽ)
കൽക്കരി	13,775	59
ജലം (പുതുക്കാവുന്ന ഊർജ്ജം)	6,966	30
പെട്രോളിയം	403	2
ആണവം	1,591	7
മറ്റ് പുതുക്കാവുന്ന ഊർജ്ജം	637	3
ആകെ	23,372	100

(അവലംബം, റഗുലേറ്ററി കമ്മീഷന് മുന്നിൽ കെ.എസ്.ഇ.ബി സമർപ്പിച്ച 2015-16 ലെ എ.ആർ.ആർ & ഇ.ആർ.സി:52)

പട്ടിക 12.3

സ്രോതസ്സ്	വൈദ്യുതിയുടെ അളവ് (ദശലക്ഷം യൂണിറ്റിൽ)	പങ്ക് (ശതമാനത്തിൽ)
കേന്ദ്രനിലയങ്ങളിൽ നിന്നുള്ള കൽക്കരി	10,860	46
വൈദ്യുതി കമ്പോളത്തിൽ നിന്നുള്ള ഇറക്കുമതി	4,506	19
ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നത്	8,006	34
ആകെ		100

(അവലംബം, റഗുലേറ്ററി കമ്മീഷന് മുന്നിൽ കെ.എസ്.ഇ.ബി സമർപ്പിച്ച 2015-16 ലെ എ.ആർ.ആർ & ഇ.ആർ.സി:52)

1985 വരെ കേരളത്തിന്റെ വൈദ്യുതാവശ്യകത ഏറെക്കുറേ പൂർണ്ണമായും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതിവഴി നിറവേറ്റിയിരുന്നു. 70 കളിലാകട്ടെ അധിക ഉൽപാദനവും ഉണ്ടായിരുന്നു. കേരളത്തിലെ വൈദ്യുതി ഉൽപാദനം ഈ കാലയളവിൽ പൂർണ്ണമായും ജലവൈദ്യുതി ആയിരുന്നതുവഴി പൂർണ്ണമായും പുതുക്കാവുന്ന ഊർജ്ജത്തെ ആശ്രയിക്കുന്ന സംസ്ഥാനമായിരുന്നു കേരളം. എന്നാൽ ഇന്നത് കേവലം 30 ശതമാനമായി താഴ്ന്നിരിക്കുന്നു. സംസ്ഥാനത്തെ ഉപയോഗിക്കുന്ന വൈദ്യുതിയുടെ 60

ശതമാനത്തോളം കൽക്കരിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതാണിന്ന്. ഈ കൽക്കരി നിലയങ്ങളിൽ മിക്കതും ഒന്നാംതലമുറ നിലയങ്ങളിൽപ്പെട്ടതാണ്. അതുകൊണ്ട് തന്നെ കുറഞ്ഞ ക്ഷമതയും ഉയർന്ന മലിനീകരണവും സൃഷ്ടിക്കുന്നവയാണവ. പാരീസ് കരാറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഹരിതഗ്രഹ വാതക പുറന്തള്ളൽ നിയന്ത്രിക്കേണ്ടതിന്റെ ഭാഗമായി പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണ് ഇവയിൽ പലതും.

പ്രസരണത്തിന്റെ പ്രശ്നങ്ങൾ

കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഇറക്കുമതി തടസ്സമില്ലാതെ നടത്താൻ അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുമായി ദൃഢമായ കണ്ണികൾ ഇനിയും ആവശ്യമാണ്. പ്രധാനപ്പെട്ട അന്തർസംസ്ഥാന പ്രസരണ ഇടനാഴികൾ 400 കെ.വി വോൾട്ടതയിലുള്ളതാണ് (ഉടുമൽപേട്ട്, പാലക്കാട്, മാടക്കത്തറ, തിരുനെൽവേലി-തിരുവനന്തപുരം, മൈസൂർ-അരീക്കോട് എന്നിവ). ഇതോടൊപ്പം 220 കെ.വി വോൾട്ടതയിലുള്ള ഇടമൺ, കണിയംപറ്റ എന്നിവിടങ്ങളിലുള്ള കണ്ണികളും ചില 110 കെ.വി വോൾട്ടതയിലുള്ള ദുർബലമായ കണ്ണികളുമുണ്ട്. തിരുന്നൽവേലി-ഇടമൺ-കൊച്ചി 400 കെ.വി പ്രസരണ ഇടനാഴിയുടെ നിർമ്മാണം വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് പുറത്തുനിന്നും ആവശ്യാനുസരണം വൈദ്യുതി കൊണ്ടുവരുന്നതിന് തടസ്സം സൃഷ്ടിക്കുകയാണിന്ന്. കഴിഞ്ഞ അഞ്ച് വർഷമായി കേരളത്തിൽ വൈദ്യുതോൽപ്പാദന ശേഷിയിൽ വർദ്ധനവ് ഇല്ലാത്തതുവഴി വർദ്ധിച്ചുവരുന്ന ഇറക്കുമതി ആവശ്യകത നമ്മുടെ ഇറക്കുമതി ശേഷിയെ അധികരിക്കുമെന്നാണ് കാണുന്നത്. ഇത് കേരളത്തെ കടുത്ത വൈദ്യുതി ക്ഷാമത്തിലേയ്ക്ക് വീണ്ടും തള്ളിവിടും. കേരളത്തിനുള്ളിലെ പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിലും വലിയ പിന്നോക്കാവസ്ഥയുണ്ട്. ഇതിന്റെ ഫലമായി ഇപ്പോൾതന്നെ മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ വോൾട്ടതക്കുറവും അടിക്കടിയുള്ള വൈദ്യുത തടസ്സങ്ങളും അനുഭവപ്പെടുന്നുണ്ട്.

കേരളത്തിന്റെ വൈദ്യുതി ഉപയോഗത്തിൽ 70 ശതമാനത്തിലേറെയും ഗാർഹിക-വാണിജ്യ മേഖലകളിൽ ആണെന്നതിനാൽ വൈകുന്നേരം 6 മുതൽ 10 വരെയും രാവിലെ 5 മുതൽ 7 വരെയും മറ്റ് സമയങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന വൈദ്യുതാവശ്യമാണ് നമുക്കുള്ളത്. കേരളത്തിന്റെ ഭാവി വൈദ്യുത ഉൽപ്പാദന സ്രോതസ്സുകൾ ആസൂത്രണം ചെയ്യുമ്പോൾ ഈ പ്രത്യേകത ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉയർന്ന ആവശ്യകത രേഖപ്പെടുത്തുന്ന ഈ രണ്ട് സമയങ്ങളിലും സൗരോർജ്ജ ഉൽപാദനം തീരെലഭ്യമല്ല. വൻതോതിൽ വൈദ്യുതോർജ്ജം സംഭരിക്കാൻ കഴിയുന്ന സാങ്കേതികവിദ്യകൾ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന കാലയളവുവരെ ഉയർന്ന ആവശ്യകത രേഖപ്പെടുത്തുന്ന മേൽ രണ്ട് സമയങ്ങളിലെ ആവശ്യകത നിറവേറ്റാൻ സൗരോർജ്ജ വൈദ്യുതി സഹായകരമാകില്ല.

ഇതിന് പുറമേ എയർകണ്ടീഷണർ, ഫാൻ, റഫ്രിജറേറ്റർ തുടങ്ങിയ സുഖസൗകര്യ ഉപകരണങ്ങളുടെ ഉപയോഗം മഞ്ഞ്, മഴക്കാലങ്ങളിൽ കുറവാണെന്നതിന് ഏകദേശം 500 മെഗാവാട്ട് വരെ ഇക്കാലയളവിൽ ഉപഭോഗം കുറഞ്ഞിരിക്കുന്നുമുണ്ട്. ദിവസത്തിന്റെ ഭൂരിഭാഗം സമയത്തും വർഷത്തിലെ ഭൂരിഭാഗം മാസങ്ങളിലും ഇതുമൂലം പ്രസരണ-വിതരണശേഷി കുറഞ്ഞ അളവിൽ മാത്രമേ ഉപയോഗപ്പെടുന്നുള്ളൂ. കേരളത്തിലെ വൈദ്യുതി വിതരണ ചെലവ് ഉയർത്തുവാൻ ഈ ഉപഭോഗരീതി ഇടയാക്കുന്നുണ്ട്.

സ്വതന്ത്ര സോഫ്ട് വെയർ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി വിവരവിനിമയവിദ്യയെ സ്വാംശീകരിക്കുന്നതിൽ കേരള വൈദ്യുതി മേഖല മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായിരുന്നു 2006-11 കാലയളവിൽ. എന്നാൽ മറ്റ് സംസ്ഥാനങ്ങൾ കേന്ദ്ര പദ്ധതികളുടെ സഹായത്തിൽ ഇന്ന് നമ്മെ മറികടന്നിരിക്കുന്നു. ഇത് ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനക്ഷമത ഉയർത്തുന്നതിനുമുള്ള ശ്രമങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

2. പരിഹാരശ്രമങ്ങളും നവലിബറൽ സമീപനങ്ങളും

വൈദ്യുതി നിയമം 2003 മുന്നോട്ട് വയ്ക്കുന്ന ചട്ടക്കൂട് വൈദ്യുതി ഉൽപ്പാദനശേഷി ആസൂത്രിതമായി വർദ്ധിപ്പിക്കുന്നതിലല്ല വിശ്വാസമർപ്പിച്ചിട്ടുള്ളത്. മറിച്ച് വിഭവ വിന്യാസത്തിൽ കമ്പോളത്തിന് ഉണ്ടെന്ന് കരുതുന്ന കാര്യക്ഷമതയാണ് ഈ ചട്ടക്കൂട് ആശ്രയിക്കുന്നത്. ഈ ചട്ടക്കൂട് ഒരുക്കുന്ന കമ്പോള ഘടന നാല് തൂണുകളിലാണ് നിലനിൽക്കുന്നത്.

(1) വൈദ്യുതി ഉൽപ്പാദന മേഖലയിൽ ലൈസൻസിംഗ് ഉപേക്ഷിക്കൽ അഥവാ ഉൽപാദന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം കമ്പോളം വയ്ക്കുന്ന വില സൂചനകൾക്കനുസരിച്ച് പദ്ധതികൾ നടപ്പാക്കാൻ (നടപ്പാക്കാതിരിക്കാനും) സ്വകാര്യ മൂലധനത്തിന് പൂർണ്ണസ്വാതന്ത്ര്യം.

(2) പ്രസരണ, വിതരണ ശൃംഖലയിൽ തുറന്നപാത സമീപനം. ഉൽപാദകന് എവിടെയുമുള്ള ഉപഭോക്താവിന് വൈദ്യുതിനൽകുവാനും മറിച്ച് ആവശ്യക്കാരന് എവിടെയുള്ള ഉൽപാദകരിൽ നിന്നും വൈദ്യുതി വാങ്ങുവാനും ഇത് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(3) വൈദ്യുതി വ്യാപാരം ഒരു പ്രത്യേക പ്രവർത്തനമായി അംഗീകരിക്കൽ. ഉൽപാദകനും ഉപഭോക്താവിനും ഇടയിലെ പാലമായി വൈദ്യുതി വ്യാപാരികൾ പ്രവർത്തിക്കുമെന്ന പ്രതീക്.

(4) വൈദ്യുതി താരിഫിൽ നിലവിലുള്ള ക്രോസ് സബ്സിഡി ക്രമമായി കുറയ്ക്കൽ. നവലിബറൽ കാഴ്ചപ്പാടിൽ ക്രോസ് സബ്സിഡി ഉൽപന്ന വിലയെ വികലമാക്കുകയും കമ്പോളത്തിന്റെ ക്ഷമതയെ ചുരുക്കുകയും ചെയ്യും.

സംസ്ഥാന വൈദ്യുതി ബോർഡുകളുടെ വിഭജനം (ഉൽപാദനം, പ്രസരണം, വിതരണം എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം കമ്പനികൾ) അഭികാമ്യമായ ലക്ഷ്യമായി പ്രഖ്യാപിക്കുകയും കേന്ദ്ര പദ്ധതികളുടെ ഉപാധിയായി ഇക്കാലയളവിൽ നടപ്പാക്കുകയും ചെയ്തു. ഇപ്പോഴാകട്ടെ വിതരണമേഖലയെ വീണ്ടും വിഭജിച്ച് വിതരണ ലെയിനുകൾക്കും അതിലൂടെ ഒഴുകുന്ന വൈദ്യുതിയ്ക്കും പ്രത്യേകം കമ്പനികളെ നിയോഗിക്കണമെന്ന നിയമ ഭേദഗതിയ്ക്ക് കേന്ദ്ര സർക്കാർ ശ്രമിക്കുകയാണ്. വൈദ്യുതി കമ്പോളത്തിന്റെ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി എന്നോണമാണ് ഈ നീക്കം.

കമ്പോളത്തിന്റെ ക്ഷമതയിലുള്ള അമിത വിശ്വാസം വൈദ്യുതി നിരക്കുകൾ കുതിച്ചുയരുന്നതിനും വൈദ്യുതി ഗ്രിഡിലെ അച്ചടക്കരാഹിത്യത്തിനും ദേശീയ വൈദ്യുതി ഗ്രിഡിന്റെ ഇടയ്ക്കിടെയുള്ള തകർച്ചയ്ക്കുമാണ് വഴിവച്ചതെന്ന് കഴിഞ്ഞ ദശാബ്ദത്തിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നു. സ്വകാര്യ വൈദ്യുതി ഉൽപ്പാദകരിൽ നിന്നും കമ്പോളത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങി ഇന്ത്യയിലെ പൊതുമേഖലാ വൈദ്യുതി വിതരണ കമ്പനികൾ കടത്തിൽ മുങ്ങി. ഇവയുടെ സഞ്ചിത നഷ്ടം 4 ലക്ഷം കോടി രൂപ കവിഞ്ഞിരിക്കുന്നു കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ. എന്നാൽ വൈദ്യുതി ഉൽപാദന, പ്രസരണ, വിതരണ മേഖലകളെ സംയോജിപ്പിച്ച്തന്നെ നിർത്തി കാര്യക്ഷമമാക്കുന്നതിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാർ കാണിച്ച ഇച്ഛാശക്തി ഇന്ന് ലോകബാങ്കിന്റെ അടക്കം പ്രശംസ പിടിച്ചുപറ്റിയിരിക്കുന്നു (ഫർഗൽ, ഷിയോലി & സുധീഷ്ണ ഗോഷ് ബാനർജി, 2014, 91–93).

ഇറക്കുമതി ആശ്രിതത്വം

വൈദ്യുതി ബോർഡുകളുടെ വിഭജന മാതൃക ഇന്ത്യയിൽ നടപ്പാക്കാൻ മുഖ്യപങ്കുവഹിച്ച ലോകബാങ്കുതന്നെ കേരളത്തിന്റെ വ്യത്യസ്ത മാതൃക അംഗീകരിക്കുന്നൂവെന്നത് വലിയ പ്രത്യേകതയാണ്. എന്നാൽ ലോകബാങ്ക്, കേരളത്തിന്റെ ഈ മാതൃകയും കൂതിച്ചുയരുന്ന വൈദ്യുതി വാങ്ങൽ ചെലവുമൂലം പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണെന്ന മുന്നറിയിപ്പ് ഇങ്ങനെ നൽകുന്നുണ്ട്. ''എന്നാൽ 2011 മുതൽ കുറയുന്ന ജല വൈദ്യുതിയുടെ അളവ് നികത്താൻ പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് മുൻകാല ലാഭത്തെ ചോർത്തി കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക സ്ഥിതിയെ ഞെരുക്കത്തിലാക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യകതയ്ക്കനുസരിച്ച് വൈദ്യുതി വാങ്ങൽ ആസൂത്രണം ചെയ്യാത്തത് അതിന്റെ സൗഭാഗ്യം വേഗത്തിൽ നഷ്ടപ്പെടുത്തുകയാണ്. മെച്ചപ്പെട്ട ഭരണനിർവ്വഹണം ഉണ്ടെങ്കിലും പുറത്തുനിന്നുള്ള ആഘാതംമൂലം സ്ഥാപനം ക്ലേശിക്കുകയാണ്''. കെ.എസ്.ഇ.ബി.യിലെ വിവിധ വർഷങ്ങളിലെ വൈദ്യുതി വാങ്ങൽ ചെലവ് പട്ടിക 12.4 ൽ നൽകിയിരിക്കുന്നു (അവലംബം: റെഗുലേറ്ററി കമ്മീഷന് മുന്നിൽ കെ.എസ്.ഇ.ബി സമർപ്പിച്ച വിവിധ വർഷങ്ങളിലെ എ.ആർ.ആർ & ഇ.ആർ.സി പെറ്റീഷനുകൾ). കേരളത്തിൽ തതുല്യമായ സാമ്പത്തിക പ്രവർത്തനത്തിന് ഇടയാക്കാതെ ഈ പണമാകെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുകയാണ്.

പട്ടിക 12.4
വൈദ്യുതി വാങ്ങൽ ചെലവ് (കോടി രൂപയിൽ)

വർഷം	വൈദ്യുതി വാങ്ങൽ ചെലവ് (കോടി രൂപയിൽ)
2009-10	3384
2010-11	3721
2011-12	4375
2012-13	7199
2013-14	6902

(അവലംബം, റഗുലേറ്ററി കമ്മീഷന് മുന്നിൽ കെ.എസ്.ഇ.ബി സമർപ്പിച്ച 2015–16 ലെ എ.ആർ.ആർ & ഇ.ആർ.സി:52)

സംസ്ഥാന ആസൂത്രണ ബോർഡ് 2030 ലേയ്ക്ക് അവതരിപ്പിച്ച ആസൂത്രണ പരിപ്രേക്ഷ്യം സംസ്ഥാന അഭിമുഖീകരിക്കുന്ന ഈ നിർണ്ണായക പ്രശ്നം തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു (അതിലെ മറ്റ് അബദ്ധങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല). കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വൻശേഷിയുള്ള പ്രകൃതി വാതകം അടിസ്ഥാനമാക്കിയുള്ള വൈദ്യുതി പദ്ധതികൾ സ്ഥാപിക്കണമെന്ന അതിലെ നിർദ്ദേശം വൻതോതിൽ വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിപ്പിച്ച് കേരളത്തിന്റെ വൈദ്യുതി മേഖലയെ ആഴമേറിയ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിക്കാനാണിടയാക്കുക.

1996–2001 ലും 2006–2011 ലും വൈദ്യുതി ഉൽപാദനശേഷി വർദ്ധിപ്പിക്കാൻ നടന്ന ഗൗരവമായ ഇടപെടലുകൾക്ക് തുടർച്ചയില്ലാതെ പോയത് വഴി ആവശ്യകതയിലെ വർദ്ധനവിനെക്കാൾ വളരെ പിന്നിലായി ഉൽപാദന ശേഷി വർദ്ധനവ്. ഇപ്പോൾ അനുഭവപ്പെടുന്ന 850 മെഗാവാട്ട് (6,000 ദശലക്ഷം യൂണിറ്റ് പ്രതിവർഷം) കമ്മി വൈദ്യുതി നിയമം 2003 തുറന്നിട്ട തൽസമയ കമ്പോളവും മറ്റ് ഹ്രസ്വകാല കമ്പോളവും വഴിയാണ് നികത്തുന്നത്. ഈ കമ്പോളത്തിൽ വൈദ്യുതി വിലയിലെ വലിയ ഏറ്റിറക്കങ്ങളും ലഭ്യതയിലെ അനിശ്ചിതത്വവുംമൂലം ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെടാൻ ഇപ്പോൾ ശ്രമിച്ചുകാണുന്നുണ്ട്. സംസ്ഥാനത്തിനകത്ത് ഉൽപാദന ശേഷി വർദ്ധനവിന് സൗരോർജ്ജ പദ്ധതികളെ ഇപ്പോൾ പ്രോത്സാഹിപ്പിച്ച് വരുന്നുണ്ട്. പരിമിതികളുണ്ടെങ്കിലും പുതുക്കാവുന്ന ഊർജ്ജത്തിന്റെ പങ്ക് വർദ്ധിക്കുന്നതടക്കമുള്ള കാരണങ്ങളാൽ ഇത് സ്വീകാര്യമാണ്.

വൈദ്യുതി നിയമം 2003 കൊണ്ടുവന്ന കമ്പോള ഉപകരണങ്ങൾ ഉപയോഗിച്ച് കേരളം ഇപ്പോൾ 865 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് രാജ്യത്തെ വി

വിധ സ്വകാര്യ ഉൽപാകരുമായി 25 വർഷ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. മറ്റൊരു 670 മെഗാവാട്ട് വൈദ്യുതിയ്ക്ക് എൻ.റ്റി.പി.സി, ഡി.വി.സി, റ്റാറ്റ തുടങ്ങിയ പൊതു-സ്വകാര്യ ഉൽപാദകരുമായി നേരിട്ടും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന അൾട്രാ മെഗാ വൈദ്യുതി പദ്ധതികളിൽ നിന്നുമായി മറ്റൊരു 300 മുതൽ 400 മെഗാവാട്ട് വരെ വൈദ്യുതിയും കേരളം വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്നുണ്ട്.

ഇറക്കുമതിയിലെ അപകടം

ഈ കരാറുകളുടെ ഭാഗമായി വർദ്ധിക്കുന്ന വൈദ്യുതി ഇറക്കുമതി ആവശ്യകതയ്ക്കനുസരിച്ച് അന്തർ സംസ്ഥാന പ്രസരണ ശ്രംഖല ശക്തിപ്പെടുത്താൻ ഛത്തീസ്ഗഡിൽ നിന്നും ഒരു എച്ച്.വി.ഡി.സി പ്രസരണ ലൈൻ കേരളത്തിലെ മാടക്കത്തറയിലേയ്ക്ക് (തൃശ്ശൂർ) നിർമ്മിക്കാൻ ധാരണയായിട്ടുണ്ട്. ഈ പദ്ധതികൾ യാഥാർത്ഥ്യമായാൽ മാത്രമേ (കേരളത്തിന് പ്രസരണ കോറിഡോർ അനുവദിക്കുന്നതിന് പവർഗ്രിഡ് കോർപ്പറേഷൻ കാണിക്കുന്ന എതിർപ്പ് പരിഗണിക്കുമ്പോൾ അതിനുള്ള സാധ്യതകൾ കുറവാണ്) കേരളത്തിന്റെ വർദ്ധിച്ചു വരുന്ന വൈദ്യുതാവശ്യകത വരുന്ന 5 വർഷം വരെയെങ്കിലും നിറവേറ്റാൻ കഴിയൂ.

മറ്റ് ചില പോരായ്മകൾ കൂടി ഈ സംഭവ വികാസങ്ങൾക്കുണ്ട്. വിവിധ സ്വകാര്യ കമ്പനികളുടെ മോശമായ മുൻകാല പ്രകടനമാണ് അതിലൊന്ന്. മറ്റൊന്ന് കേരളം ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഇന്ധനമിശ്രണം കൂടുതൽ പരിസ്ഥിതി സൗഹൃദമല്ലാതാകുന്നു എന്നതാണ്. കൂടുതൽ പ്രാധാന്യമേറിയ വസ്തുത പുറമേയുള്ള വിവിധ കാരണങ്ങളാൽ, ഉദാ: ഇന്ത്യയുടെ കിഴക്കൻ തീരത്ത് അടിക്കടിയുണ്ടാകുന്ന തീവ്രതയേറി. കാലാവസ്ഥാ പ്രതിഭാസങ്ങൾ, അന്തർ സംസ്ഥാന പ്രസരണ ലൈനുകളിലെ തടസ്സങ്ങൾ തുടങ്ങിയവമൂലം സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ അപകടത്തിലാകുന്നു എന്നതാണ്.

സ്വകാര്യ വൈദ്യുത ഉൽപാദകരിൽ പലരും, വൈദ്യുതി വാങ്ങൽ കരാറുകൾ ലംഘിച്ച് ഉയർന്ന വിലയ്ക്ക് വൈദ്യുതി മറിച്ചു വിൽക്കുന്ന അനുഭവം ഇന്ത്യയിൽ സുലഭമാണ്. ഗുജറാത്ത്, ഹരിയാന തുടങ്ങിയ ശക്തമായ സംസ്ഥാന സർക്കാരുകളെ വെല്ലുവിളിച്ചുകൊണ്ടാണ് അദാനി കരാർ ലംഘനം നടത്തിയത്. 8000 മെഗാവാട്ട് വൈദ്യുതി വിവിധ സംസ്ഥാനങ്ങൾക്ക് നൽകാനായി കരാറാക്കിയ ശേഷം പദ്ധതി തന്നെ ഉപേക്ഷിച്ച ചരിത്രമാണ് റിലയൻസിനുള്ളത്. ഇത്തരം നിരവധി അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കേരളം കരാറാക്കിയിട്ടുള്ള വൈദ്യുതിയുടെ ലഭ്യത ഒട്ടേറെ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്ന് പറയേണ്ടിവരും.

മേൽ സൂചിപ്പിച്ച കരാരുകൾ യാഥാർത്ഥ്യമായാൽ കേരളം ഉപയോഗിക്കുന്ന വൈദ്യുതിയുടെ 75 ശതമാനവും കൽക്കരിയെ ആശ്രയിച്ചിട്ടുള്ളതാകും. ഇവയിൽ പല നിയമങ്ങളും രണ്ടാംതലമുറ നിലയങ്ങൾ എന്ന നിലയ്ക്ക് (സബ് ക്രിറ്റിക്കൽ ബോയിലേഴ്സ്) മികച്ചതല്ലാത്ത കാര്യക്ഷമതയും കുറവല്ലാത്ത മലിനീകരണ പ്രശ്നങ്ങളും ഉള്ളതാണ്. ഏറ്റവും ഉയർന്ന കാര്യക്ഷമതയുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കൽക്കരി ഉപയോഗവും ഹരിതഗ്രഹ വാതകങ്ങളുടെ പുറംതള്ളലും കുറയ്ക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി വിദൂരമല്ലാത്ത ഭാവിയിൽ ഇവയിൽ നിന്നുള്ള ആശ്രയത്വം കുറയ്ക്കേണ്ടതുണ്ട്.

പുതുതലമുറയിൽപ്പെട്ട സൂപ്പർ ക്രിറ്റിക്കൽ ബോയിലറുകൾ ഉപയോഗപ്പെടുത്തിയും ആധുനിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും കൽക്കരിയിൽ നിന്നുള്ള ചാരം പൂർണ്ണമായും ഉൽപാദനപരമായി ഉപയോഗപ്പെടുത്തിയുമുള്ള എൻ.റ്റി.പി.സി.യുടെ അനുഭവം ശ്രദ്ധേയമാണ്.

3. ദീർഘമായൊരു ഭാവിയിലേയ്ക്കുള്ള പരിപാടി

ആവശ്യമായ പ്രതിശീർഷ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ വൈദ്യുതി ഉൽപാദനം ആവശ്യമായ തോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ടെന്നത് തർക്കമറ്റ സംഗതിയാണ്. ഉൽപാദനത്തിന് തെരഞ്ഞെടുക്കുന്ന ഇന്ധന മിശ്രണം, സാർവ്വത്രികവും ന്യായയുക്തവുമായ വൈദ്യുതി വിതരണം സാധ്യമാകുന്ന നിലയിൽ പ്രസരണ-വിതരണ ശൃംഖലയുടെ വികസനം, വിതരണ രംഗത്തെ സേവനം മെച്ചപ്പെടുത്തൽ, ശരിയായ വില നിർണ്ണയം എന്നിവയെല്ലാം വൈദ്യുതി വികസന പരിപാടി പ്രായോഗികമാക്കാനുള്ള ചർച്ചയിൽ പ്രാധാന്യമേറിയ ഘടകങ്ങളാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ കെടുതികളെ ലോകജനത അഭിമുഖീകരിക്കുന്ന പശ്ചാത്തലത്തിൽ സൗരോർജ്ജ വൈദ്യുതി നിരക്കുകൾ കുറഞ്ഞുവരുന്ന സാഹചര്യം കൂടി ഉപയോഗപ്പെടുത്താൻ സ്മാർട്ട് ഗ്രിഡ് സംവിധാനത്തിലേയ്ക്കുള്ള കുതിച്ചുചാട്ടം അനിവാര്യമാണ്.

കാർബൺ ഊർജ വിഭവങ്ങൾ

സാമ്പ്രദായിക ഊർജ്ജ വിഭവങ്ങളായ കൽക്കരി, പ്രകൃതി വാതകം, പെട്രോളിയം എന്നിവ കേരളത്തിന് സ്വന്തമായി ഇല്ല. എന്നാൽ ദീർഘമായ സമുദ്രതീരവും വികസന സാധ്യതയുള്ള നിരവധി തുറമുഖങ്ങളും ഈ പ്രകൃതി വിഭവങ്ങൾ ഇറക്കുമതി ചെയ്യുവാൻ പ്രയോജനപ്പെടും.

കേരളത്തിൽ കൽക്കരി വൈദ്യുതി നിലയത്തിന്റെ സാധ്യതകൾ ആരായുമ്പോൾ തദ്ദേശീയ കൽക്കരി, വിദേശത്തു നിന്നുമുള്ള ഇറക്കുമതി കൽക്കരി അതുമല്ലെങ്കിൽ ഇവയുടെ യുക്തമായ സംയോജിച്ചുള്ള ഉപയോഗം എന്നീ സാധ്യതകൾ ചാരം ഉപയോഗപ്പെടുത്താനുള്ള ആശങ്കകൾ കൂടി കണക്കിലെടുത്ത് പരിശോധിക്കേണ്ടതുണ്ട്. വിദേശ കൽക്കരി പൊതുവിൽ കുറഞ്ഞ ചാരത്തിന്റെ അളവും ഉയർന്ന ഊർജ്ജക്ഷമതയും പ്രധാനം ചെയ്യുന്നതാണ്. ആധുനികമായ സൂ

പ്പർക്രിറ്റിക്കൽ സാങ്കേതികവിദ്യയുടെ ഉപയോഗവും കർശനമായ മലിനീകരണ നിയന്ത്രണ വ്യവസ്ഥകളും കേരളത്തിൽ കൽക്കരി നിലയം സ്ഥാപിക്കുന്നതിനുള്ള മുൻഉപാധിയാകണം. പഠന കോൺഗ്രസിനോടനുബന്ധിച്ച് നടന്ന ഊർജ്ജ സെമിനാർ കേരളത്തിൽ 1000 മെഗാവാട്ട് ശേഷിയുള്ളതും ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതുമായ ഒരു കൽക്കരി നിലയം സ്ഥാപിക്കണമെന്ന നിർദ്ദേശം താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ മുന്നോട്ട് വയ്ക്കുകയുണ്ടായി.

കൽക്കരി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി നിരക്ക് മത്സരക്ഷമതയേറിയതും ഇന്ധന ചെലവ്, ചരക്കുകൂലിയടക്കം യൂണിറ്റിന് 3 രൂപയിൽ താഴെ വരികയുള്ളൂ. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യകളും മികച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങളും ഏർപ്പെടുത്തുമ്പോൾപോലും സ്ഥിരനിരക്ക് യൂണിറ്റിന് 2 രൂപയിൽ താഴെയേ വരൂ. കേരളത്തിന് കൽക്കരി അനുവദിച്ച് കിട്ടുന്നതിന് ന്യായമായ അർഹതയുമുണ്ട്. ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതുവഴി കൽക്കരി നിലയങ്ങൾ പരിസ്ഥിതി സൗഹൃദപരമായും മലിനീകരണം ചുരുക്കിയും പരിപാലിക്കാൻ കഴിയും. ചാരം ഉൽപാദനമേഖലയിൽ തന്നെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയും. ഒരു മെഗാവാട്ട് സ്ഥാപിതശേഷിയ്ക്ക് ആവശ്യമുള്ള ഭൂമി ഏറ്റവും ചുരുങ്ങിയ തോതിൽ ആവശ്യമുള്ളത് ആധുനിക കൽക്കരി നിലയങ്ങൾക്കാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ എൻ.റ്റി.പി.സി, എൻ.എൽ.സി തുടങ്ങിയവയുമായി സംയുക്ത സംരംഭമായോ മത്സരാധിഷ്ഠിതമായി നിക്ഷേപകനെ കണ്ടെത്തിയോ പദ്ധതി നടപ്പാക്കാൻ കഴിയും.

ആഭ്യന്തര പ്രകൃതി വാതകത്തിന്റെ ലഭ്യത കുറവും ഇറക്കുമതി വാതകത്തിന്റെ വലിയ ചാഞ്ചാട്ടമുള്ള വിലയും വാതക കരാറുകളിൽ ആവശ്യപ്പെടുന്ന പ്രതികൂല വ്യവസ്ഥകളും ചേർന്ന് കേരളത്തിൽ വാതക പദ്ധതികളുടെ സാധ്യതകൾക്കു മങ്ങലേൽപ്പിക്കുന്നു. ഇന്ന് ഇന്ത്യയിൽ നിലവിലുള്ള എല്ലാ വാതക വൈദ്യുത പദ്ധതികളും ഇന്ധന ലഭ്യതയുടെ അഭാവത്തിൽ അടച്ചുപൂട്ടൽ അഭിമുഖീകരിക്കുകയാണ്. എന്നാൽ ഇപ്പോൾ പെട്രോളിയം വിലകൾ കുറഞ്ഞു നിൽക്കുന്ന സാഹചര്യം ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട വാതക കരാറുകൾ നേടിയെടുക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതുണ്ട്. വാതകം വാങ്ങിയില്ലെങ്കിലും കരാർ അനുസരിച്ചുള്ള മുഴുവൻ വാതകത്തിന്റെയും വില നൽകണം എന്നിത്യാദിയുള്ള ദോഷകരമായ വ്യവസ്ഥകൾ കരാറുകളിൽ നിന്നും ഒഴിവാക്കാൻ കഴിയണം. ഈ നിലയ്ക്കുള്ള വാതക കരാറുകൾ നേടിയെടുക്കാൻ കഴിഞ്ഞാൽ ബ്രഹ്മപുരത്തും കായംകുളത്തുമുള്ള നിലയങ്ങൾ പ്രകൃതി വാതകത്തിലേയ്ക്ക് മാറണം.

ഇന്നു നാം കമ്മി നികത്താൻ വൈദ്യുതി പുറത്ത് നിന്നു വാങ്ങുകയാണ്. യൂണിറ്റിന് 12 രൂപ വരെ വില കൊടുക്കേണ്ടി വരുന്നു. ഈ വിലക്ക് ഭാവിയിൽ വരുന്ന കമ്മി വൈദ്യുതി മുഴുവൻ വാങ്ങേണ്ടി വന്നാൽ ഈ പതിറ്റാണ്ട് അവസാനിക്കുന്നതിന് മുമ്പ് നമ്മുടെ വൈദ്യുതചാർജ്ജ് ഇരട്ടിയെങ്കിലുമായി ഉയർത്തേണ്ടി വരും. എൽ.എൻ.ജിയുടെ കാര്യം പറഞ്ഞ് കഴിഞ്ഞു. ജലവൈദ്യുതിപദ്ധതികളുടെ സാധ്യതകൾ പരിമിതമാണ്. വൻകിട രീതിയിൽ വാണിജ്യാടിസ്ഥാനത്തിൽ സൗരോർജം ലഭ്യമാകാൻ ഇനിയും ഒരു ദശാബ്ദം കഴിയണം. അപ്പോൾ പിന്നെ ഒരു മാർഗമേ ഉള്ളൂ. കേരളത്തിൽ അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മലിനീകരണം സൃഷ്ടിക്കാത്ത 1000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കല്ക്കരി അധിഷ്ഠിത താപ നിലയം സ്ഥാപിക്കുക. ഈ തീരുമാനത്തിലേക്ക് നാം എത്താൻ വൈകുന്തോറും നമ്മുടെ ഭാവി ഇരുൾ അടഞ്ഞുകൊണ്ടിരിക്കും.

പുനരുപയോഗ സ്രോതസുകൾ

പശ്ചിമഘട്ട മലനിരകളുടെ പാരിസ്ഥിതിക പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ ജലവൈദ്യുതിയുടെ വികസനം അങ്ങേയറ്റം പ്രയാസം നേരിടുകയാണ്. എന്നാൽ ഇതിനകം ലഭിച്ചുകഴിഞ്ഞ ഇടത്തരം ജല വൈദ്യുത പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും പുതുക്കാവുന്ന ഈ ഊർജ്ജരൂപം കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിൽ നിർണ്ണായകമാണെന്ന ഐ.പി.സി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ (Moomaw.W, 2011) ജലവൈദ്യുത പദ്ധതികൾ ഏറ്റവും കുറവ് ഹരിതഗ്രഹ വാതക പുറംതള്ളൽ മാത്രമാണ് നടത്തുന്നതെന്ന് ഐ.പി.സി.സി അംഗീകരിക്കുന്നുണ്ട്. മറ്റു പുനരുപയോഗ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയേക്കാളും കുറവാണ് ജലവൈദ്യുതിയുടെ വാതക പുറംതള്ളൽ. സുസ്ഥിരമായ ഒരു ഇന്ധനമിശ്രണം സ്വീകരിക്കുന്നതിന് അനുമതി ലഭ്യമായ വിവിധ ജലവൈദ്യുത പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കണം.

പശ്ചിമഘട്ട മലനിരകളിൽ സ്ഥാപിക്കാനുദ്ദേശിച്ച കാറ്റാടി പാടങ്ങളും ഉദ്ദേശിച്ച നിലയിൽ മുന്നോട്ട് പോയിട്ടില്ല. ചെറുകിട ജലവൈദ്യുത പദ്ധതികളാകട്ടെ പശ്ചിമഘട്ടത്തിൽ സ്ഥാപിക്കണമെന്നതിനപ്പുറം ചെലവേറിവരുന്നുവെന്ന പ്രയാസംകൂടി അഭിമുഖീകരിക്കുന്നുണ്ട്. ചെലവ് ചുരുക്കുന്നതിന് മികച്ച രൂപകൽപ്പനകളും ഉപകരണങ്ങളുടെ സ്റ്റാൻഡേർഡൈസേഷനും വഴി കഴിയണം. സൗരോർജ്ജമേഖലയുടെ വളർച്ച മികച്ച സാധ്യതകൾ തുറക്കുന്നുണ്ടെങ്കിലും കേരളത്തിലെ സ്ഥലപരിമിതിയുടെ പശ്ചാത്തലത്തിൽ വികേന്ദ്രീകൃതവും ഉപഭോക്ത്യ ചുറ്റുപാടുകളിലോ പുരപ്പുറത്തോ ഉള്ള പ്രതിഷ്ഠാപനങ്ങൾക്കാണ് സാധ്യതയേറെയും. സൗരോർജ്ജം ഒഴികെയുള്ള മറ്റു പുനരുപയോഗ സ്രോതസ്സുകളുടെയെല്ലാം ചെലവ് ഗണ്യമായി വർദ്ധിച്ചുവരികയാണെന്നതും കണക്കിലെടുക്കണം.

സൗരോർജ്ജത്തിനും കാറ്റാടി നിലയങ്ങൾക്കും രണ്ട് പ്രധാനപ്പെട്ട പരിമിതകളാണുള്ളത്. (1) ഉൽപാദനത്തി

ലെ അസ്ഥിരതയും പ്രവചനാതീതമായ മാറ്റങ്ങളും (2) കുറഞ്ഞ ശേഷി ഉപയോഗ ഘടകം എന്നിവയാണത്. ഉൽപാദനത്തിലെ അസ്ഥിരതമൂലം ഇത്തരം നിലയങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം അവയിൽ നിന്നുള്ള ഉൽപാദനം ലഭ്യമല്ലാതാകുന്ന സന്ദർഭത്തിൽ ആശ്രയിക്കാൻ കഴിയുന്ന മറ്റു നിലയങ്ങൾകൂടി സ്ഥാപിക്കേണ്ടി വരും. പ്രത്യേകിച്ചും ഊർജ്ജം സംഭരിച്ച് വച്ച് ഉപയോഗിക്കാൻ കഴിയുന്ന കാര്യക്ഷമതയും ചെലവ് കുറഞ്ഞതുമായ സാങ്കേതികവിദ്യകൾ ലഭ്യമാകുംവരെ. ഇവയുടെ കുറഞ്ഞ ശേഷി ഉപയോഗഘടകംമൂലം ഒരേ വാർഷിക ഊർജ്ജലഭ്യതയ്ക്കായി കൂടുതൽ സ്ഥാപിതശേഷി കൂട്ടിച്ചേർക്കേണ്ടിയുംവരും. ഉദാ: 1000 മെഗാവാട്ട് ശേഷിയുള്ള കൽക്കരി നിലയത്തിൽ നിന്നും ലഭ്യമാകുന്ന വാർഷിക വൈദ്യുതോർജ്ജം ലഭിക്കുന്നതിനായി ഏകദേശം 4500 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളോ കാറ്റാടി പാടങ്ങളോ ആവശ്യമായി വരും.

പഠന കോൺഗ്രസിനോടനുബന്ധിച്ചുള്ള ഊർജ്ജ സെമിനാറിൽ പുനെയിൽ നിന്നുമുള്ള വൈസ് (WISE) (ദി എർജി റിപ്പോർട്ട് കേരളം, 2015) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2020 ഓടെ 4531 മെഗാവാട്ടും (5920 ദശലക്ഷം യൂണിറ്റ്), 2050 ഓടെ 20000 മെഗാവാട്ടും (31970 ദശലക്ഷം യൂണിറ്റ്) അസ്ഥിരവൈദ്യുതി (അതായത് ആകെ ലഭ്യതയുടെ 70 ശതമാനം) കൂട്ടിച്ചേർക്കണമെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇപ്രകാരം ഉയർന്നതോതിൽ അസ്ഥിരവൈദ്യുതിയെ ആശ്രയിക്കുന്നത് വൈദ്യുതഗ്രിഡിന്റെ സുരക്ഷിതമായ പ്രവർത്തനത്തെ അങ്ങേയറ്റം പ്രതികൂലമായി ബാധിക്കുന്നു. ഇവയുടെ അസ്ഥിര സ്വഭാവത്തെ പ്രതിരോധിക്കാൻ ഇന്ന് ലഭ്യമായ ഏറ്റവും മികച്ച സാങ്കേതികവിദ്യ ജലവൈദ്യുത പദ്ധതികളാണ്. മറ്റ് ഊർജ്ജസംഭരണ വിദ്യകൾ ഉപയുക്തമാകും വരെ ജലവൈദ്യുത പദ്ധതികളുടെ സംഭരണികളും പെട്ടെന്ന് ഉൽപാദനം ക്രമീകരിക്കാൻ ശേഷിയുള്ള ജലവൈദ്യുത ഉപകരണങ്ങളും അസ്ഥിര ഊർജ്ജത്തിന് സമാന്തരമായി ആവശ്യമായിവരും. എന്നാൽ നിലവിലുള്ള ജലവൈദ്യുത ശേഷിയായ 2055 മെഗാവാട്ടും സംഭരണശേഷിയായ 4140 ദശലക്ഷം യൂണിറ്റും മേൽസൂചിപ്പിച്ച അളവിലുള്ള അസ്ഥിരവൈദ്യുതിയുടെ ആഘാതത്തെ ചെറുക്കാൻ പര്യാപ്തമാകില്ല. ഈ സാഹചര്യത്തിൽ സംഭരണശേഷിയുള്ള വലിയ ജലവൈദ്യുത പദ്ധതികൾക്ക് പ്രസക്തിയേറുന്നത്.

അതായത്, സൗരോർജ്ജം, കാറ്റ് തുടങ്ങിയ അസ്ഥിരഊർജ്ജ രൂപങ്ങളെ തികഞ്ഞ ആസൂത്രണത്തോടൊയും പെട്ടെന്ന് ഉൽപാദനം ക്രമീകരിക്കാൻ ശേഷിയുള്ള മറ്റു സ്രോതസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ചും മാത്രമേ സ്വാംശീകരിക്കാൻ കഴിയൂ. സാങ്കേതിക തികവുള്ളതും പരിസ്ഥിതി സൗഹൃദമായതുമായ മറ്റു ഊർജ്ജ സംഭരണ സംവിധാനങ്ങൾ ലഭ്യമാകുന്ന മുറയ്ക്കും സ്മാർട്ട്ഗ്രിഡ് വ്യാപനത്തോടുമൊപ്പം വൻതോതിൽ അസ്ഥിരോർജ്ജം നമുക്ക് കൂട്ടിച്ചേർക്കാൻ കഴിയും. ഇവയുടെ നിലവിലുള്ള സ്ഥിതി ഊർജ്ജ സെമിനാറിൽ പരിശോധിക്കുകയുണ്ടായി (ഡോ. ബിനു പാർത്ഥൻ, 2015).

കേരളത്തിന്റെ തീര പ്രദേശങ്ങൾ ഊർജ്ജ സാന്ദ്രതയേറിയ തോറിയം ഇന്ധനത്താൽ സമ്പുഷ്ടാണെങ്കിലും ഇന്ത്യയുടെ മൂന്ന്ഘട്ടം ആണവപരിപാടി പ്രവർത്തന ക്ഷമമാകുന്നമുറയ്ക്കേ ഉപയോഗപ്പെടുത്താൻ കഴിയൂ. മാത്രമല്ല, ജനസാന്ദ്രത ഏറിയ കേരളത്തിൽ ആണവനിലയങ്ങൾ സ്ഥാപിക്കുന്നതിന് മുൻകരുതൽ തത്ത്വമനുസരിച്ച് ശക്തമായ എതിർപ്പും സംസ്ഥാനത്തുണ്ടാകും.

ഉടനടിയുള്ളതും ഇടക്കാലത്തേയ്ക്കുള്ളതുമായ വൈദ്യുതോർജ്ജ ആവശ്യകത സാമ്പ്രദായിക ഊർജ്ജരൂപങ്ങളായ കൽക്കരി, പ്രകൃതി വാതകം (ലഭ്യതയേയും നിരക്കിനെയും ആശ്രയിച്ച്), ജലം എന്നിവയുടെ വർദ്ധിച്ച ഉപയോഗം വഴിയും, സൗരോർജ്ജം കാറ്റാടി നിലയങ്ങൾ എന്നിവ ദ്രുതഗതിയിൽ വികസിപ്പിച്ചും നിറവേറ്റേണ്ടതുണ്ട്. സാങ്കേതികവിദ്യയുടെ വികാസം ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കാവുന്ന ഊർജ്ജ രൂപങ്ങളിലേയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ മാറാനാവശ്യമായ അടിത്തറയും ഇപ്പോൾതന്നെ ഒരുക്കണം.

ഊർജ്ജക്ഷമതയേറിയ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നത് പരിമിതമായ വിഭവങ്ങൾ കൊണ്ട് ആവശ്യകത പൂർണ്ണമായും നിറവേറ്റാനുള്ള പരിശ്രമത്തിൽ മുഖ്യപങ്ക് വഹിക്കേണ്ട കർമ്മപരിപാടിയാണ് (ഡോ. ആർ. ഹരികുമാർ, 2015). മെച്ചപ്പെട്ട ക്ഷമതയുള്ള സി.എഫ്.എല്ലുകളുടെ പ്രോത്സാഹനം 2010 ൽ ഈ ദിശയിലുള്ള മികച്ച കാൽവയ്പ്പായിരുന്നു. ഇപ്പോഴാകട്ടെ അടുത്തഘട്ടമായി എൽ.ഇ.ഡി ബൾബുകളിലേയ്ക്ക് വൻതോതിൽ മാറാൻ കഴിയുന്ന നിലയിൽ സാങ്കേതികവിദ്യ പക്വമായിരിക്കുന്നു. തുല്യപ്രാധാന്യത്തോടെ പ്രോത്സാഹിപ്പിക്കേണ്ടതാണ് വാട്ടർ പമ്പുകൾ, ഫാനുകൾ, എയർകണ്ടീഷനുകൾ, റഫ്രിജറേറ്റുകൾ എന്നിവയുടെ ക്ഷമത കൂടിയവയിലേയ്ക്കുള്ള മാറ്റം. വ്യാവസായിക കാർഷിക മേഖലകളിലും ഊർജ്ജക്ഷമതയേറിയ ഉപകരണങ്ങളുടെ ഉപയോഗം നിർബന്ധമാക്കേണ്ടതുണ്ട്.

പ്രസരണ പരിപാടി

ഉൽപാദന കേന്ദ്രത്തിൽ നിന്നും ഉപയോഗ സ്ഥലത്തേയ്ക്ക് വൈദ്യുതി എത്തിക്കാൻ, അതും പ്രസരണ-വിതരണ നഷ്ടം ഏറ്റവും ചുരുക്കി എത്തിക്കാൻ കാര്യക്ഷമതയേറിയതും ശേഷിയേറിയതുമായ പ്രസരണ ശൃംഖല അനിവാര്യമാണ്. എന്നാൽ പുതിയ പ്രസരണ ഇടനാഴികൾക്കായി വഴിയവകാശം (Right of way) ലഭിക്കുന്നത് ഭൂമി ദൗർലഭ്യം അലട്ടുന്ന കേരളത്തിൽ അപ്രാപ്യമായൊരു സംരംഭമായി ഇന്ന് മാറിയിരിക്കുന്നു.

കേരളത്തിന്റെ പുതുതലമുറ പ്രശ്നമായിക്കണ്ട് നവീനമായ പരിഹാര മാർഗ്ഗങ്ങൾ ഈ സാഹചര്യത്തിൽ തേടേണ്ടതുണ്ട്. പുതുമയേറിയ നഷ്ട പരിഹാര

പാക്കേജുകൾ, അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി വഴിയവകാശത്തിന്റെ അളവ് പരിമിതപ്പെടുത്തൽ, നിലവിലുള്ള വഴിയവകാശം ഉയർന്ന പ്രസരണശേഷിയായി വർദ്ധിപ്പിക്കൽ, ജലഗതാഗത മാർഗ്ഗങ്ങളും ഹൈവേകളും ലൈനുകളുടെ വഴിയവകാശത്തിന്കൂടി ഉപയോഗിക്കൽ, ചെലവേറിയ ഭൂഗർഭ കേബിളുകൾ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉപയോഗിക്കൽ, സ്ഥല ഉപയോഗം കുറയ്ക്കാൻ ജി.ഐ.എസ് സാങ്കേതികവിദ്യയുടെയും ഹൈബ്രിഡ് സാങ്കേതികവിദ്യയുടെയും ഉപയോഗം എന്നിവ ഈ സാഹചര്യത്തിൽ ഒറ്റയ്ക്കും കൂട്ടായും പരീക്ഷിക്കേണ്ടതുണ്ട്.

ഊർജ്ജ സെമിനാറിൽ (കെ. അശോകൻ, എസ്.എസ് ബിജു, 2015) ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്. 400 കെ.വി അന്തർസംസ്ഥാന പ്രസരണ ലൈനുകളായ തിരുന്നൽവേലി – കിഴക്കൻ കൊച്ചി, ഉടുപ്പി – മൈലാട്ടി – അരീക്കോട്, റായിഗഡ് – പുഗലൂർ – മാടക്കത്തറ എച്ച്.വി.ഡി.സി ലൈൻ എന്നിവയുടെ യുദ്ധകാലാടിസ്ഥാനത്തിലുള്ള പൂർത്തീകരണം. 400 കെ.വി പ്രസര ശൃംഖലയുടെ ശക്തമായൊരു നട്ടെല്ല് കേരളത്തിന് നെടുകേ സ്ഥാപിക്കപ്പെടണം. ഇതിനായി 400 കെ.വി മാടക്കത്തറ – അരീക്കോട് ലൈൻ 2017–18 ലും 400 കെ.വി അരീക്കോട് – മൈലാട്ടി ലൈൻ 2018–19 ലും പൂർത്തീകരിക്കണം. ദീർഘകാലാടിസ്ഥാനത്തിൽ അന്തർസംസ്ഥാന അന്തർസംസ്ഥാന പ്രസരണ ശൃംഖലുമായി കൂടുതൽ കണ്ണികൾ കൂട്ടിച്ചേർക്കേണ്ടിവരും. പുതുതായി ആസൂത്രണം ചെയ്തിട്ടുള്ള വൈദ്യുതി പദ്ധതികളിൽ നിന്നും വിവിധ കേന്ദ്രങ്ങളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള ശൃംഖലയും സമയബന്ധിതമായി പൂർത്തിയാക്കണം. ഓരോ ജില്ലയുടെയും ഭാവി വൈദ്യുതാവശ്യകത പട്ടിക 12.5 ൽ പറയും പ്രകാരമാണ് പ്രതീക്ഷിക്കുന്നത്. ഓരോ ജില്ലയിലെയും വൈദ്യുതാവശ്യകത നിറവേറ്റാൻ വേണ്ടിവരുന്ന 220 കിലോവാട്ട് സബ് സ്റ്റേഷനുകൾ പട്ടിക 12.6 ൽ നൽകിയിരിക്കുന്നു.

പട്ടിക 12.5
വിവിധ ജില്ലകളുടെ വൈദ്യുതി ആവശ്യകത (മേഗാവാട്ട്)

ജില്ല	2016-2017	2021-2022	2026-2027	2031-2032
തിരുവനന്തപുരം	559	788	1137	1640
കൊല്ലം	344	427	535	670
പത്തനംതിട്ട	111	133	160	200
ആലപ്പുഴ	303	365	444	540
കോട്ടയം	263	316	354	468
ഇടുക്കി	132	155	186	223
എറണാകുളം	965	1410	2100	3130
തൃശ്ശൂർ	446	569	726	927
പാലക്കാട്	434	553	705	900
മലപ്പുറം	305	389	496	634
കോഴിക്കോട്	367	506	717	1016
വയനാട്	55	66	80	95
കണ്ണൂർ	290	370	475	605
കാസർഗോഡ്	115	140	170	210

പട്ടിക 12.6
വിവിധ ജില്ലകളിൽ ആവശ്യമുള്ള 220 കെ.വി സബ്സ്റ്റേഷനുകൾ

ജില്ല	നിലവിലുള്ളവ	2016-2017	2021-2022	2026-2027	2031-2032
തിരുവനന്തപുരം	1	2	4	6	8
കൊല്ലം	2	2	2	3	4
പത്തനംതിട്ട	0	0	0	0	1
ആലപ്പുഴ	2	2	2	2	3
കോട്ടയം	1	1	2	2	3
ഇടുക്കി	0	0	0	0	1
എറണാകുളം	3	5	7	10	15
തൃശ്ശൂർ	1	2	3	3	5
പാലക്കാട്	2	2	3	3	4
മലപ്പുറം	2	2	2	3	4
കോഴിക്കോട്	2	2	3	3	5
വയനാട്	1	1	1	1	1
കണ്ണൂർ	2	2	2	2	3
കാസർഗോഡ്	1	1	1	1	1
ആകെ	**20**	**24**	**32**	**39**	**58**

സ്ഥലം ഏറ്റെടുക്കലിന്റെയും വഴിയവകാശത്തിന്റെയും പ്രശ്നങ്ങൾ നേരിടാൻ ഉപയുക്തമായ പുതുസാങ്കേതികവിദ്യകൾ സെമിനാറിൽ ചൂണ്ടിക്കാട്ടിയത് ഇപ്രകാരമാണ്. ഒരേ പ്രസരണ ടവറിലൂടെ ഒന്നിലധികം വോൾട്ടതയുള്ള ലൈനുകൾ വലിക്കുക, കുറഞ്ഞ സ്ഥലവിസ്തൃതി ആവശ്യമുള്ള ടവർ രൂപകൽപ്പന സ്വീകരിക്കുക, കോമ്പസെറ്റ് ഇൻസുലേറ്ററുകൾ, എച്ച്.റ്റി.എൽ.എസ് കണ്ടക്ടറുകൾ, ടവറുകളുടെ ക്രോസാമിൻ ഇൻസുലേറ്റഡ് ഘടകങ്ങൾ ഉപയോഗിക്കൽ, ഡി.സി പ്രസരണ ശൃംഖല സ്ഥാപിക്കൽ, വെള്ളത്തിനടിയിലൂടെയുള്ള കേബിളുകൾ പരീക്ഷിക്കൽ തുടങ്ങിയവ അനുയോജ്യമായി വിനിയസിക്കണം.

വൈദ്യുതി വിതരണത്തിലെ സേവനം ഉയർത്തൽ

കേരളത്തിലെ വികസിക്കുന്ന മധ്യ-ഉപരി വർഗ്ഗവിഭാഗങ്ങളിൽ ആഗോളതലത്തിലുള്ള സേവന നിലവാ

രങ്ങൾ നേരിട്ട് അനുഭവ പരിചയമുള്ള വലിയൊരു വിഭാഗമുണ്ട്. അതേസമയം വൈദ്യുതി സ്ഥാപനം എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും സാർവ്വത്രികമായി സേവനം എത്തിക്കാൻ ബാധ്യസ്ഥവുമാണ്. വിവിധ വിഭാഗങ്ങൾക്ക് സേവനം സംബന്ധിച്ച കാഴ്ചപ്പാട് പലപ്പോഴും വിഭിന്നവുമാണ്. എന്നാൽ ഇന്നേവരെ ഉപഭോക്താക്കളുടെ ആവശ്യം (വൈദ്യുതോർജ്ജ ആവശ്യത്തിന് പുറമേയുള്ള സേവനങ്ങൾ സംബന്ധിച്ച ആവശ്യം) കണക്കാക്കാൻ കാര്യമായ ശ്രമങ്ങളൊന്നും നടന്നിട്ടില്ല.

അതേപോലെ, ലഭ്യമാക്കേണ്ട വിവിധ സേവനങ്ങളുടെ നിലവിലുള്ള നിലവാരം അളക്കാനോ, നിയന്ത്രിക്കാനോ, സമാനമായ മറ്റു സ്ഥാപനങ്ങളുമായി താരതമ്യം ചെയ്യാനോ, അതിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്താനോ വേണ്ടത്ര ശ്രമങ്ങൾ നടന്നിട്ടില്ല. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ രൂപംകൊടുക്കേണ്ട പ്രവൃത്തി നിർവ്വഹണ നിലവാരചട്ടങ്ങൾ സേവനങ്ങളുടെ നിലവാരം തിട്ടപ്പെടുത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നെങ്കിലും വേണ്ടത്ര പുരോഗതി ഉണ്ടായിട്ടില്ല. സാധാരണ നിലയിൽ താരതമ്യം ചെയ്യാവുന്ന സേവന മാനദണ്ഡങ്ങൾ വൈദ്യുതിയുടെ വിശ്വാസ്യത (റിലയബിലിറ്റി), വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരമാവധി സമയക്രമം എന്നിവയാണ്. കേരളത്തിൽ നിലവിൽ സേവനത്തെ അളക്കുന്നത് പ്രധാനമായും പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിന് എടുക്കുന്ന സമയവും, വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കാൻ വേണ്ടുന്ന സമയവുമാണ്. എന്നാൽ, ഉപഭോക്താക്കൾക്കുള്ള മീറ്റർ റീഡിംഗ് എടുക്കൽ, ബിൽ നൽകൽ, പണം സ്വീകരിക്കൽ, ഉപയോഗം വർദ്ധിപ്പിക്കാനുള്ള അപേക്ഷകൾ, താരിഫ് മാറ്റാനുള്ള അപേക്ഷകൾ, വോൾട്ടേജ് സംബന്ധിച്ച ആക്ഷേപങ്ങൾ, ബില്ലിംഗ് പരാതികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ സേവന നിലവാരം അളക്കാതെ പോവുകയാണ്. അതുകൊണ്ടുതന്നെ അവ നിയന്ത്രിക്കാനോ മെച്ചപ്പെടുത്താനോ നിലവിൽ സംവിധാനങ്ങളില്ല. വൈദ്യുതി ഉപഭോക്താക്കൾക്ക് തങ്ങളുടെ ഉപയോഗരീതിയ്ക്കനുസരിച്ച് ഇഷ്ടമുള്ള താരിഫ് പ്ലാനുകൾ തെരഞ്ഞെടുക്കാനുള്ള സാഹചര്യം ഇന്ന് ചിന്തിക്കാൻപോലുമാവില്ല.

1997 ൽ വിവിധ അപേക്ഷ ഫോറാങ്ങൾ ലഘൂകരിച്ചതും 2000 ൽ സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തിയതും 2010 ൽ മോറൽ സെക്ഷൻ നടപ്പിലാക്കി പണം സ്വീകരിക്കാനുള്ള സമയം ദീർഘിപ്പിക്കൽ, 24 മണിക്കൂറും വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയവയാണ് ഈ രംഗത്തെ ഇതുവരെയുള്ള പ്രധാനപ്പെട്ട ഇടപെടലുകൾ. 2007 ൽ സ്വതന്ത്ര സോഫ്ട് വെയറുകൾ ഉപയോഗപ്പെടുത്തി ബില്ലിംഗ് മേഖല കമ്പ്യൂട്ടർവൽക്കരിച്ചതുവഴി ഇപ്പോൾ ഓൺലൈൻ പണം സ്വീകരിക്കൽ ഏർപ്പെടുത്തിയിട്ടുണ്ട് – വ്യാപകമായി ഉപയോഗപ്പെടുത്തുന്നില്ലെങ്കിലും. ഓൺലൈനായി വിവിധ സേവനങ്ങൾ ആവശ്യപ്പെടുന്നതിനുള്ള സംവിധാനങ്ങൾ വൈകാതെ ലഭ്യമാക്കാൻ കഴിയും.

എന്നാൽ ഈ ഇടപെടലുകൾ തന്നെ സർക്കാർ മാറ്റങ്ങളിൽ തുടർച്ച നഷ്ടപ്പെട്ട് കാര്യക്ഷമത കുറയുന്നതായാണ് അനുഭവം. വിതരണ സംവിധാനത്തിനകത്ത് വിവിധ സേവനങ്ങൾ കൃത്യമായി അളക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആഗോളനിലവാരവുമായി തട്ടിച്ചുനോക്കി മെച്ചപ്പെടുത്തുന്നതിനും സ്ഥാപനവൽക്കരിക്കപ്പെടുന്ന സംവിധാനങ്ങൾ ഒരുക്കാൻ കഴിയേണ്ടതുണ്ട്. വിവിധ വിഭാഗം ഉപഭോക്താക്കളുടെ സേവന ആവശ്യകത വ്യത്യസ്തമാണെന്നത് കണക്കിലെടുത്ത് പ്രത്യേക സേവനങ്ങൾക്ക് ചെലവ് ഈടാക്കുന്നതും വ്യത്യസ്തമായ സേവന നിലവാരങ്ങൾ ചിട്ടപ്പെടുത്തുന്നതുമൊക്കെ പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തുവാൻ കഴിയും.

ആഗോളതലത്തിലെതന്നെ ഏറ്റവും മികച്ച സേവനം ലഭ്യമാക്കുക എന്നതായിരിക്കണം ലക്ഷ്യം. ഊർജ്ജ സെമിനാറിൽ ഉട്ടനവധി നിർദ്ദേശങ്ങൾ ഇതിന് സഹായകരമായി ഉയർന്ന് വന്നിട്ടുണ്ട് (ഡോ. പി. രാജൻ, 2015).

സ്മാർട്ട് ഗ്രിഡ് – പുതിയ മാതൃക

അസ്ഥിരവും പ്രവചനാതീതവുമായ പുതുക്കാവുന്ന ഊർജ്ജരൂപങ്ങൾ കൂടുതലായി വൈദ്യുത ഗ്രിഡിൽ ഘടിപ്പിക്കുന്നതോടെ സ്മാർട്ട് ഗ്രിഡ് എന്നത് ആർഭാടത്തേക്കാൾ ഉപരി ആവശ്യകതയായി മാറുകയാണ്. സ്വയം പരിപാലിക്കുക, എപ്പോഴും മാറുന്ന ഉപയോഗത്തെയും ഉൽപാദനത്തെയും ചലനാത്മകമായി സന്തുലിതമാക്കുക, ആവശ്യകതയെ നിരക്കുകളിലുള്ള പ്രോത്സാഹനത്തിലൂടെയും ദൂരെ നിന്നുള്ള നിയന്ത്രണ സംവിധാനങ്ങളിലൂടെയും നിയന്ത്രിക്കുക, വികേന്ദ്രീകൃതമായ എല്ലാ ഉൽപാദനത്തെയും ഉപയോഗത്തെയും സംബന്ധിച്ച തൽസമയ വിവരങ്ങൾ കൈമാറുക, വൈദ്യുതി ശൃംഖലയുടെ ഓരോ തലത്തിലെയും ഉപകരണങ്ങളുടെ തൽസ്ഥിതി ലഭ്യമാക്കുക, അവയെ നിയന്ത്രിക്കുക എന്നിവ സ്മാർട്ട് ഗ്രിഡിന്റെ സവിശേഷതകളാണ്.

ഇത് സാധ്യമാകണമെങ്കിൽ വൻതോതിൽ തൽസമയ വിവരങ്ങൾ ഉപഭോക്തൃ പരിസരത്തു നിന്നും വൈദ്യുതി ശൃംഖലയിൽ ആകെ നിന്നും ശേഖരിക്കുകയും കൈമാറുകയും ചെയ്യാൻ പര്യാപ്തമായ വിവര-വിനിമയ ശൃംഖല അനിവാര്യമാണ്. വൈദ്യുതി വിതരണം ശൃംഖലയുടെ നിലവിലുള്ള വഴിയവകാശം ഉപയോഗപ്പെടുത്തി ഒപ്റ്റിക് ഫൈബർ കേബിളുകൾ വിന്യസിക്കുന്നത് ഈ സാഹചര്യത്തിൽ രണ്ട് നിലയിൽ പ്രയോജനകരമാണ്. ഒന്നാമത്, സ്മാർട്ട് ഗ്രിഡ് വിന്യാസം സുഗമമവും ചെലവു കുറച്ചതുമാക്കാൻ ഇത് സഹായിക്കും. രണ്ടാമത്, അധികമുള്ള ഫൈബർ ശേഷി മറ്റ് സേവനദാതാക്കൾക്ക് ലഭ്യമാക്കി (ഇന്റർനെറ്റ്, കേബിൾ ടിവി തുടങ്ങിയവ) മറ്റൊരു വരുമാന സ്രോതസ്സ് സൃഷ്ടിക്കുക. ഇത് വൈദ്യുതി വിതരണ

സ്ഥാപനത്തിനും വിവരവിനിമയ രംഗത്തെ സേവന ദാതാക്കൾക്കും ഒരേ പോലെ മികച്ച അവസരമാണ് സൃഷ്ടിക്കുന്നത്.

നയപരമായ പ്രശ്നങ്ങൾ

വൈദ്യുതി വ്യവസായ ഘടന ശിഥലീകരിച്ച് കമ്പോള വികസനം ത്വരിതപ്പെടുത്തുന്നതിനായുള്ള അൺബണ്ടിലിംഗ്, വിതരണവും സപ്ലൈയും വേർതിരിക്കൽ തുടങ്ങിയുള്ള എല്ലാ നവലിബറൽ നിർദ്ദേശങ്ങളെയും കേരളം തള്ളിക്കളയുന്നു. കമ്പോളത്തിന്റെ കാര്യക്ഷമതയെന്ന സങ്കൽപ്പത്തെക്കാൾ മികച്ച ആസൂത്രണത്തിന്റെ അടിസ്ഥാനത്തിലുള്ള വൈദ്യുതി വികസവും വൈദ്യുതിയുടെ എല്ലാ മേഖലകളെയും സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതുവഴി ലഭ്യമാകുന്ന പ്രവർത്തന ഏകോപനത്തിലും മികവിലുമാണ് കേരളം ഊന്നൽ നൽകുന്നത്.

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പരിധിവരെ പ്രാദേശികതലത്തിൽ ഭരണപരവും സംഘാടനപരവുമായ ശേഷി വർദ്ധനവിന് സഹായിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കെ.എസ്.ഇ.ബി.യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂടിച്ചേർന്നുള്ള പ്രവർത്തന മാതൃകകൾ പ്രോത്സാഹിപ്പിക്കുന്നത് പ്രാദേശികമായി വൈദ്യുതി വിതരണ മേഖല വികസിപ്പിക്കുന്നതിനും വികേന്ദ്രീകൃത വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാണ്.

4.നിർദ്ദേശങ്ങളുടെ ചുരുക്കം

സുസ്ഥിര വികസനത്തിനായുള്ള വിവിധ സാധ്യതകൾ സംബന്ധിച്ച് മുകളിൽ നടത്തിയ വിശകലനങ്ങളുടെയും കേരള സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ വർദ്ധിച്ചുവരുന്ന വൈദ്യുത ആവശ്യകത ന്യായയുക്തമായി നിറവേറ്റുന്നതിനുമുള്ള നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരം ചുരുക്കാൻ കഴിയും.

(1) താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും വൈദ്യുതി – 2017 ഓടെ മുഴുവൻ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുകയും എല്ലാവർക്കും മുഴുവൻ സമയവും വൈദ്യുതിയും ഉറപ്പാക്കണം (ഇത് ദേശീയ ലക്ഷ്യത്തേക്കാൾ ഏറെ മുന്നിലാണ്). ഇതിനായി വൈദ്യുതി ഉൽപാദനശേഷിയും വൈദ്യുതി ശൃംഖലയുടെ ശേഷിയും വികസിപ്പിക്കണം.

(2) കെ.എസ്.ഇ.ബി.യുടെ പ്രവർത്തന ചെലവുകളും വൈദ്യുതി വാങ്ങൽ ചെലവുകളും യുക്തിസഹമാക്കുന്നതുവഴി എല്ലാവർക്കും താങ്ങാവുന്ന നിരക്കിൽ വൈദ്യുതി ഉറപ്പാക്കണം.

(3) 1200 – 1320 മെഗാവാട്ട് ശേഷിയുള്ള കൽക്കരി നിലയം സ്ഥാപിക്കുക അനിവാര്യമാണ്. ഏറ്റവും കുറഞ്ഞ സ്ഥല ഉപയോഗം ഉറപ്പുവരുത്തിയും ഏറ്റവും കർശനമായ പരിസ്ഥിതി സംരക്ഷണ നിലവാരങ്ങൾ നിഷ്കർഷിച്ചും മുഴുവൻ ചാരവും ഉപയോഗക്ഷമമാക്കാൻ വ്യവസ്ഥ ചെയ്തും പദ്ധതിയുടെ ചുറ്റുപാടുമുള്ള മേഖലയുടെയാകെ സാമൂഹിക വ്യാവസായിക വികസന പരിപാടി സമാന്തരമായി ഏറ്റെടുത്ത് നടപ്പാക്കിയുമാകും പദ്ധതി ഏറ്റെടുക്കുന്നത്.

(4) ന്യായമായ പ്രകൃതി വാതക കരാറിനായി പരിശ്രമിക്കണം. ഇതുവഴി കൊച്ചി എൽ.എൻ.ജി ടെർമിനൽ പ്രവർത്തനക്ഷമമാക്കാനും പ്രകൃതി വാതക പൈപ്പ്ലൈനിൽ ബന്ധിപ്പിച്ചിട്ടുള്ള ബ്രഹ്മപുരത്ത് വൈദ്യുതി നിലയം സ്ഥാപിക്കാനും കഴിയും. കായംകുളം നിലയത്തിന് പ്രകൃതിവാതക ലഭ്യത ഉറപ്പുവരുത്തും.

(5) പുനരുപയോഗ ഊർജ്ജസ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം ത്വരിതഗതിയിൽ വർദ്ധിപ്പിക്കണം. 25 ശതമാനം തോതിൽ വാർഷിക വളർച്ച കൈവരിച്ച് 2020 ഓടെ കേരളത്തിന്റെ ആകെ വൈദ്യുതി ആവശ്യകതയും കുറഞ്ഞത് 10 ശതമാനമെങ്കിലും ഇവയിൽ നിന്നെന്ന് ഉറപ്പുവരുത്തും. ഇതിനായി പുനരുപയോഗ വൈദ്യുത ഉൽപാദനശേഷി 2020 ഓടെ 1500 മെഗാവാട്ടായി വർദ്ധിപ്പിക്കണം. പുരപ്പുറ സൗരോർജ്ജ വൈദ്യുതിനിലയങ്ങളും തരിശ്ഭൂമി ഉപയോഗപ്പെടുത്തിയുള്ള സൗരോർജ്ജനിലയങ്ങളും ഈ പരിപാടിയിലെ മുഖ്യഘടകമാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾ ചെലവ് കുറഞ്ഞ സാങ്കേതികവിദ്യകളും ഉപകരണങ്ങളുടെ സ്റ്റാൻഡേർഡൈസേഷനും ഏർപ്പെടുത്തി നടപ്പാക്കണം. നവീനമായ സിവിൽ സ്ട്രക്ച്ചറൽ രൂപകൽപ്പനകൾ ചെലവ് ചുരുക്കാനായി പരീക്ഷണാടിസ്ഥാനത്തിൽ വിന്യസിക്കണം. 2020 നപ്പുറമുള്ള ദശകത്തിൽ പുനരുപയോഗ ഊർജ്ജ രൂപങ്ങളുടെ വർദ്ധമാനമായ വിന്യാസം പക്വമായ ഊർജ്ജസംഭരണ സംവിധാനങ്ങളുടെ ലഭ്യതയെക്കൂടിയാണ് ആശ്രയിച്ചിരിക്കുന്നത്; ഊർജ്ജ സംഭരണത്തിന് പുതിയ സംഭരണ ശേഷിയുള്ള ജലവൈദ്യുത പദ്ധതികളും പരിഗണിക്കണം.

(6) 2021 ഓടെ 500 മെഗാവാട്ട് ജലവൈദ്യുത പദ്ധതികളിൽ നിന്നും അധികമായി ലക്ഷ്യമിടുന്നു. നിലവിലുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയവ നടപ്പാക്കൽ, നിലവിലുള്ളവയുടെ വൃഷ്ടിപ്രദേശത്തിന്റെ പുനരുദ്ധാരണം, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയെല്ലാം ഈ പരിപാടിയുടെ ഭാഗമാകും. ഇത്തരമൊരു ശേഷി വർദ്ധനവ് അസ്ഥിരമായ പുനരുപയോഗ സ്രോതസ്സുകളുടെ വികസനത്തിന് അനിവാര്യമാണ്. ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണ സമ്പ്രദായങ്ങളാകെ അഴിച്ചുപണിത് ചുരുങ്ങിയ വിഭവ വിനിയോഗം ഉറപ്പുവരുത്തിയും പരിസ്ഥിതി സൗഹൃദപരവുമാക്കണം. എങ്കിലും കേരളത്തിൽ ജലവൈദ്യുത പദ്ധതികളുടെ സ്ഥാനം പാരിസ്ഥിതിക കാരണങ്ങളാൽ ശക്തമായ പരിമിതിയുണ്ട് എന്ന യാഥാർത്ഥ്യം അംഗീകരിച്ചേ തീരൂ.

(7) വൈദ്യുതി വിതരണ ശൃംഖലയുടെ വിശ്വാസ്യത (റിലയബിലിറ്റി) വർദ്ധിപ്പിക്കാനും അസ്ഥിരസ്രോതസ്സുകൾ സ്വാംശീകരിക്കാനും സ്മാർട്ട് ഗ്രിഡ് സംവിധാനം ഘട്ടംഘട്ടമായി നടപ്പാക്കണം.

(8) 400 കെ.വി, 220 കെ.വി, 110 കെ.വി വോൾട്ടതകളുള്ളതും കരുത്തുറ്റതുമായ പ്രസരണശൃംഖല സമയബന്ധിതമായി രൂപപ്പെടുത്തും. കേരളത്തിലെ ആദ്യ 2000 മെഗാവാട്ട് എച്ച്.വി.ഡി.സി സ്റ്റേഷൻ പ്രാവർത്തികമാക്കും. പ്രസരണ ശൃംഖലയുടെ വഴിയവകാശ പ്രശ്നങ്ങൾ പുതുമയാർന്ന നഷ്ടപരിഹാര രീതികളിലൂടെയും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചും പരിഹരിക്കണം.

(9) ശേഷിയേറിയ വിതരണ ശൃംഖലയും ആധുനിക സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി വൈദ്യുതി ലഭ്യതയുടെ വിശ്വാസ്യത വർദ്ധിപ്പിക്കണം. വൈദ്യുതി വിതരണ ശൃംഖലയുടെ പരിപാലന സംവിധാനങ്ങൾ ആധുനികവൽക്കരിക്കണം.

(10) തെരഞ്ഞെടുക്കപ്പെട്ടതും തുടർച്ചയായതുമായ പരിപാടികളിലൂടെ വൈദ്യുതി വിതരണ മേഖലയിലെ സേവന നിലവാരം ലോകോത്തരമാക്കണം.

(11) വൈദ്യുതിയുടെ ഊർജ്ജക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി ആവശ്യകതയെ സ്വാധീനിക്കുന്നതിനും ജനകീയ കാമ്പയിൻ ഉണ്ടാവണം. ഊർജക്ഷമതയേറിയ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കണം. ഇവയിൽ പലതും സൗജന്യമായി ജനങ്ങൾക്കു നൽകിയാലും അതിൽനിന്ന് ലാഭിക്കുന്ന വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സ്ഥാപനശേഷിക്കു വേണ്ടിയുള്ള മുതൽമുടക്കു കണക്കാക്കുമ്പോൾ ലാഭകരമായിരിക്കും. എല്ലാ സ്ഥാപനങ്ങളിലും ഊർജ ഓഡിറ്റു നടത്തി ദുർവ്യയം ഒഴിവാക്കണം. ആവശ്യകത കുറഞ്ഞ സമയങ്ങളിലെ വൈദ്യുതി നിരക്ക് ഘടന പരിഷ്ക്കരിച്ച് വൈദ്യുതി ആവശ്യകതയിലെ കയറ്റിറക്കങ്ങൾ കുറച്ചുകൊണ്ടുവരണം.

(12) പൊതുസ്വകാര്യ ഗതാഗത സംവിധാനങ്ങൾ പരിസ്ഥിതി സൗഹൃദമായ വൈദ്യുതി ഗതാഗതത്തിലേയ്ക്ക് മാറ്റും. ഇതുവഴി പൊതുഗതാഗത ചെലവുകൾ ഗണ്യമായി കുറച്ചുകൊണ്ടുവരാൻ കഴിയും. വൈദ്യുതി ഗതാഗതത്തിന് ബാറ്ററിയുടെ ചാർജ്ജിംഗ് ഉപയോഗം കുറഞ്ഞ സമയങ്ങളിലായി ക്രമപ്പെടുത്തിയും പൂർണ്ണമായും ചാർജ്ജ് ചെയ്ത ബാറ്ററികൾ തുടർച്ചയായ പ്രത്യേകം ഔട്ട്ലറ്റുകൾ വഴി പൊതു-സ്വകാര്യ ഗതാഗത ആവശ്യങ്ങൾക്കായി വ്യാപകമായി ലഭ്യമാക്കിയും നിലവിലുള്ള തടസ്സങ്ങൾ മറികടക്കും.

(13) നിലവിലുള്ള വൈദ്യുത പ്രസരണ-വിതരണ ശൃംഖല ഉപയോഗിച്ച് ശക്തമായ ഒരു വിവര-വിനിമയ ശൃംഖല ഒപ്റ്റിക് ഫൈബർ കേബിളുകൾ വഴി ഉപയോഗിച്ച് രൂപപ്പെടുത്തും. സ്മാർട്ട് ഗ്രിഡിന് ആവശ്യമായ എല്ലാ വിവര-വിനിമയ ആവശ്യങ്ങളും വിവിധ സേവനദാതാക്കളുടെ (ഇന്റർനെറ്റ്, കേബിൾ ടിവി) ആവശ്യങ്ങളും ഇതുവഴി നിറവേറ്റാം. കേരളമാകെ ചെലവ് കുറഞ്ഞ ഡിജിറ്റൽ കണക്ടിവിറ്റി ലഭ്യമാക്കാൻ ഈ ശൃംഖല ഉപയോഗപ്പെടുത്തണം.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. Dr PV Unnikrishnan (2015): ''A backgrounder for the seminar on Energy, Transport, Urban Development and Key Infrastructural Investments'', 4th International Congress on Kerala Studies, Preliminary Seminar -14
2. B.Pradeep (2015): ''Background note for power sector debate'', 4th International Congress on Kerala Studies, Preliminary Seminar -14
3. M.P. Parameswaran (2015): ''Planning For Energy Security'', 4th International Congress on Kerala Studies, Preliminary Seminar -14
4. Parameswaran Palakkeezh (2015): ''Power Sector Reforms; From Crisis to Chaos ?'', 4th International Congress on Kerala Studies, Preliminary Seminar -14
5. ജി.എം. പിള്ള (2015): ''കേരളം: 2050ൽ 100% ഹരിത ഊർജ്ജം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 14
6. SP Ravi (2015): ''Socially and Environmentally Sustainable Options for Electricity Sector in Kerala'', 4th International Congress on Kerala Studies, Preliminary Seminar -14
7. AR Satheesh (2015): ''Accessible energy resources to meet the growing aspirations of Kerala society'', 4th International Congress on Kerala Studies, Preliminary Seminar -14
8. എം.ജി.സുരേഷ് കുമാർ (2015): ''കേരളത്തിന്റെ വൈദ്യുതി വികസനസാദ്ധ്യതകൾ, ജലപദ്ധതികളുടെ പ്രാധാന്യം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 14
9. എം.റ്റി. വർഗ്ഗീസ് (2015): ''ഊർജ്ജോത്പാദന സാധ്യതകൾ: ജലവൈദ്യുതിക്കപ്പുറം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 14
10. K Asokan (2015): ''Transmission System of Kerala 2015 – 32'', 4th International Congress on Kerala Studies, Preliminary Seminar -14
11. SS Biju (2015): ''Overcoming bottlenecks in planning & development of transmission network for Transmission constraint mitigation'', 4th International Congress on Kerala Studies, Preliminary Seminar -14
12. Dr. Abhilash S Nair (2015): ''Regulatory enablers to electricity service delivery at global standards'', 4th International Congress on Kerala Studies, Preliminary Seminar -14
13. Binu Parthan (2015): ''Disruptive technologies in global electricity industry; implications for future'', 4th International Congress on Kerala Studies, Preliminary Seminar -14
14. Dr Rajan P (2015): ''Service delivery in power sector at global standards'', 4th International Congress on Kerala Studies, Preliminary Seminar -14

15. SR Anand (2015): ''A practical approach to storage optimisation and hydro scheduling in mixed market environment'', 4th International Congress on Kerala Studies, Preliminary Seminar -14
16. G Padmakumar (2015): ''Renewable energy and Grid of Kerala'', 4th International Congress on Kerala Studies, Preliminary Seminar -14
17. R Sethumadhavan (2015): ''Biomass energy in Kerala – an opportunity to address energy issues effectively'', 4th International Congress on Kerala Studies, Preliminary Seminar -14
18. Thanumoorthi I, Haraprasad Sahu, Sagar Kumar Samal, Santosh B (2015): ''Municipal demand side management through energy efficient pumping'', 4th International Congress on Kerala Studies, Preliminary Seminar -14
19. Dr R Harikumar (2015): ''Energy efficiency, Renewable energy and DSM specific to Kerala context; a few rational thoughts'', 4th International Congress on Kerala Studies, Preliminary Seminar -14
20. Dr Rajan P (2015): ''Renewable energy sources of Kerala'', 4th International Congress on Kerala Studies, Preliminary Seminar -14
21. Prof PK Ravindran (2015): ''Role of IRTC in energy conservation and alternate energy'', 4th International Congress on Kerala Studies, Preliminary Seminar -14
22. ഇ. സി. പത്മരാജൻ (2015): ''മീൻവല്ലം ജലവൈദ്യുത പദ്ധതി'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 14
23. Sasi K Kottayil (2015): ''ICT enabled smart grid for energy management in Keralam'', 4th International Congress on Kerala Studies, Preliminary Seminar -14
24. J Satyarajan (2015): ''Smart Grid and convergence of IT delivery systems'', 4th International Congress on Kerala Studies, Preliminary Seminar -14
25. Rafeeq (2015): ''Optical Fibre Communication network of KSEBL'', 4th International Congress on Kerala Studies, Preliminary Seminar -14
26. കെ.ഗോവിന്ദൻ (2015): ''കേരളത്തിന് ഒരു ബദൽ ഐ.ടി ഡെലിവറി സിസ്റ്റം'', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 14
27. M.P. Parameswaran (2015): ''Organizing Kerala Power Sector to Counterbalance Free Market Forces'', 4th International Congress on Kerala Studies, Preliminary Seminar -14
28. T.N.Neelakantan (2015): ''Role of LNG infrastructure in meeting Energy Demand'', 4th International Congress on Kerala Studies, Preliminary Seminar -14

മറ്റു രേഖകൾ

29. ARR&ERC filing of KSEB Ltd for 2015-16:52
30. Chi Seng Leung, Peter Meisen 2005
31. http://hdr.undp.org/en/
32. http://data.worldbank.org/
33. The Energy Report - Kerala 2013
34. ARR&ERC filing of KSEB Ltd for 2015-16:79-80
35. ARR&ERC petitions of KSEB for 2009-10 to 2013-14
36. Pargal, Sheoli, and Sudeshna Ghosh Banerjee. 2014
37. Moomaw, W., P. Burgherr, G. Heath, M. Lenzen, J. Nyboer, A. Verbruggen, (2011): Annex II: Methodology. In IPCC Special Report on Renewable Energy Sources and Climate Change Mitigation [O. Edenhofer, R. Pichs-Madruga, Y. Sokona, K. Seyboth, P. Matschoss, S. Kadner, T. Zwickel, P. Eickemeier, G. Hansen, S. Schlömer, C. von Stechow (eds)]
38. മോമ, പവർ ടു ഇന്ത്യ ദി ചലഞ്ച് ഓഫ് ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ



അധ്യായം 13

സഹകരണ മേഖല

കാർഷിക ചെറുകിട മേഖലകളിലും സേവന പ്രദാനത്തിലും ജനകീയ കൂട്ടായ്മകളുടെ മുൻകൈയിൽ വികസനത്തെ ത്വരിതപ്പെടുത്തുക എന്നതാണ് ഈ രേഖയിലെ അടിസ്ഥാന സമീപനം. അങ്ങനെ ജനങ്ങൾക്ക് സാമ്പത്തിക മേഖലകളിൽ ഇടപെടുന്നതിന് ഏറ്റവും പരിചിതവും ഫലപ്രദവുമായ സംഘടനാ സംവിധാനം സഹകരണ സംഘങ്ങളാണ്. ആഗോളവത്കരണ കാലഘട്ടത്തിലും പാശ്ചാത്യരാജ്യങ്ങളിലടക്കം ശക്തമായ സഹകരണ പ്രസ്ഥാനം ഇന്നും നിലവിലുണ്ട്. ലോകത്താകമാനം ഏകദേശം ഒരു ബില്ല്യൺ ജനങ്ങൾ അംഗങ്ങളും ഉപഭോക്താക്കളും ജീവനക്കാരും പങ്കാളികളായും സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു. ലോക ജനസംഖ്യയുടെ പകുതിയോളം വരുന്ന ജനങ്ങൾ അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്കായി സഹകരണ സ്ഥാപനങ്ങളെ ആശ്രയിക്കുന്നതായി കണക്കാക്കപ്പെടുന്നു.

ഔപചാരികമായി സഹകരണ നിയമം വരുന്നതിന് മുമ്പ് തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സഹകരണ മാതൃകയിലുള്ള ബിസിനസ്സ് സ്ഥാപനങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. 111 വർഷത്തെ സുദീർഘമായ ചരിത്രമാണ് ഇന്ത്യയിലെ സഹകരണ പ്രസ്ഥാനത്തിനുള്ളത്. ഇന്ന് ഇന്ത്യയിൽ ആകെ 6 ലക്ഷം സഹകരണ സംഘങ്ങളാണുള്ളത്. ഏകദേശം 100 ശതമാനം ഗ്രാമങ്ങളും എല്ലാ ഗ്രാമങ്ങളിലും 71% ഗ്രാമീണകുടുംബങ്ങളും ഇതിലുൾപ്പെടുന്നു. ഈ സംഘങ്ങളാണ് ഏകദേശം 16% കാർഷിക ധനസഹായവും 35% രാസവളവും വിതരണം ചെയ്യുന്നത്. കൂടാതെ 26.5% രാസവളങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും ഇവയാണ്. എന്നുതന്നെയ്ല രാജ്യത്തിലെമൊത്തം പഞ്ചസാര ഉൽപാദനത്തിൽ 45% സഹകരണ പഞ്ചസാര മില്ലുകൾ വഴിയാണ് നടക്കുന്നത്. പാൽ, എണ്ണക്കുരു, പരുത്തി, കൈത്തറി, മൽസ്യം എന്നിവയുടെ ഉൽപാദനത്തിൽ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട് (സാമ്പത്തിക അവലോകനം, 2014).

സഹകരണ മേഖലയുടെ ഈ പ്രാധാന്യം കണ്ടറിഞ്ഞ് ശരിയായ വിധത്തിൽ ഇടപെടുന്നതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ശ്രമിക്കുന്നില്ല എന്നതാണ് വസ്തുത. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് മുതൽ 97-ാം ഭരണഘടനാ ഭേദഗതി വരെയുള്ള ഇടപെടലുകൾ ഇത്തരം പ്രശ്നങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ അധികാരം കവർന്നെടുക്കുന്ന വിധമാണ് 97-ാം ഭരണഘടനാ ഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളത്.

ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിക്കുന്നതിന് മുമ്പ് കൊച്ചിയിലും തിരുവിതാംകൂറിലും മലബാറിലും വ്യത്യസ്ത ആക്ടുകളായിരുന്നു. ഇവ എകീകരിച്ചാണ് 1969-ലെ കേരള സഹകരണ സംഘം നിയമം പാസ്സാക്കിയത്. സഹകരണ സംഘം രജിസ്ട്രാർ പ്രസിദ്ധീകരിച്ചിട്ടുള്ള 2014-15 ലെ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സംഘങ്ങളുടെ കണക്ക് പ്രകാരം 68 തരം സംഘങ്ങളിലായി 14896 സഹകരണ സംഘങ്ങൾ ഉള്ളതിൽ പ്രവർത്തന രഹിതമായ 2665 സംഘങ്ങളും സമാപ്തീകരണ നടപടികളിലുള്ള 666

സംഘങ്ങളും ഒഴുവാക്കിയാൽ 11565 സംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 295 എണ്ണം കൂടുതലാണ് ഇവയിൽ തൻ വർഷം ആരംഭിച്ച രണ്ട് എണ്ണം ഉൾപ്പെടെ 12 അപ്പക്സ് സംഘങ്ങളും നാല് ഫെഡറൽ സംഘങ്ങളും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നവയാണ്. ഏറ്റവും കൂടുതൽ സംഘങ്ങളുള്ളത് തിരുവന്തപുരം ജില്ലയിലും (1994 എണ്ണം) ഏറ്റവും കുറവുള്ളത് വയനാട് ജില്ലയിലുമാണ്(427 എണ്ണം)അപ്പക്സ് സംഘങ്ങളിൽ ഏഴ് എണ്ണം തിരുവനന്തപുരം ജില്ലയിലും അഞ്ച് എണ്ണം എറണാകുളം ജില്ലയിലും ഫെഡറൽ സംഘങ്ങൾ നാല് എണ്ണവും കണ്ണൂർ ജില്ലാ ആസ്ഥാനമായുമാണ് പ്രവർത്തിച്ചുവരുന്നത്.

പട്ടിക 13.1
2015 ൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ

ഇനം	ആകെ	പ്രവർത്തിക്കുന്നവ
അപ്പെക്സ്/ഫെഡറൽ/ജില്ലാ ബാങ്ക്	30	30
പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ	65	62
പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ	1605	1541
അർബൻ ബാങ്കുകൾ	59	59
ഭവന വായ്പാ സംഘങ്ങൾ	387	291
മറ്റു വായ്പാ സംഘങ്ങൾ	1851	1609
ഉപഭോക്തൃ സഹകരണ സംഘങ്ങൾ	4679	4052
വിപണന സംഘങ്ങൾ	576	251
സംസ്ക്കരണ സംഘങ്ങൾ	36	19
എസ്സി/എസ്ടി സംഘങ്ങൾ	832	434
വനിതാ സംഘങ്ങൾ	1127	843
ആരോഗ്യസഹകരണ സംഘങ്ങൾ	201	110
മറ്റു സഹകരണ സംഘങ്ങൾ	3448	2264
ആകെ	14896	11565
പ്രവർത്തിക്കുന്നവ	11565	
സമാപ്തീകരണ നടപടികളിലുള്ളവ	666	
പ്രവർത്തനരഹിതമായവ	2665	

അവലംബം - സഹകരണ വകുപ്പ്

കേരളത്തിൽ സഹകരണ സംഘം രജിസ്ട്രാറെ കൂടാതെ താഴെപ്പറയുന്ന ആറ് ഫംഗ്ഷണൽ രജിസ്ട്രാർമാരും പ്രവർത്തിച്ചുവരുന്നുണ്ട്. 1) വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ, 2) ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി, 3) കയർ വികസന ഡയറക്ടർ, 4) കൈത്തറി ഡയറക്ടർ, 5) ഫിഷറീസ് ഡയറക്ടർ. ഇവരുടെ വകുപ്പുകളിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സംഘങ്ങളും ചേർന്നാണ് കേരളത്തിൽ സഹകരണ മേഖല പൂർണ്ണമാകുന്നത്. ഈ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബന്ധപ്പെട്ട വികസനമേഖലകളുടെ അധ്യായത്തിൽ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

1. സഹകരണ വായ്പ മേഖല

ഹ്രസ്വകാല മദ്ധ്യകാല വായ്പ നൽകുന്ന സംസ്ഥാനതല കേരള സംസ്ഥാന സഹകരണ ബാങ്കും (20 ബ്രാഞ്ചുകളും)ജില്ലാ തലത്തിലുള്ള 14 ജില്ലാ സഹകരണ ബാങ്കുകളും 764 ബ്രാഞ്ചുകളും പ്രാദേശിക തലത്തിൽ 1541 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവയുടെ ബ്രാഞ്ചുകളും ഉൾക്കൊള്ളുന്ന ഒരു ത്രിതല സംവിധാനമാണ് സഹകരണ വായ്പാ മേഖല.

ദീർഘകാല വായ്പ നൽകുന്ന സംസ്ഥാനതല കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും അവയുടെ ജില്ലാ തലത്തിലുള്ള റീജിയണൽ ഓഫീസുകളും ഉൾപ്പെടെ 62 ബാങ്കുകളുമുണ്ട്. കൂടാതെ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ള 59 സഹകരണ അർബൻ ബാങ്കുകളും ബി. ആർ ആക്ടിന്റെ പരിധിയിൽ വരാത്ത 113 അർബൻ ബാങ്കുകളും ഉൾപ്പെടെ 1609 മറ്റ് വായ്പ്പ സംഘങ്ങളുമുണ്ട്.

നിക്ഷേപ സമാഹരണം

കേരളത്തിലെ സഹകരണ വായ്പമേഖലയുടെ പ്രധാന വിഭവ സ്രോതസ് ഓരോ വർഷവും നടത്തിവരുന്ന നിക്ഷേപസമാഹാരമാണ്. മുപ്പത്തിയഞ്ചാമത് നിക്ഷേപ സമാഹാരമാണ് 2015-ൽ നടന്നത്. 6000 കോടി രൂപ ലക്ഷ്യമിട്ട് 6232 കോടി രൂപ നിക്ഷേപം സമാഹരിച്ചു. ലക്ഷ്യത്തെക്കാൾ 4 ശതമാനം കൂടുതൽ. എന്നാൽ പത്തുവർഷം മുമ്പ് ലക്ഷ്യത്തിന്റെ രണ്ടും മൂന്നും മടങ്ങാണ് നിക്ഷേപസമാഹരണമുണ്ടായത്. എന്നാൽ പട്ടിക 13.2ൽ കാണാവുന്നതുപോലെ നിക്ഷേപസമാഹരണ ലക്ഷ്യം ഇക്കാലയളവിൽ അടിക്കടി ഉയർന്നിട്ടുണ്ട്. 2005ൽ 400 കോടി രൂപയായിരുന്നു ലക്ഷ്യമെങ്കിൽ അത് 2014-15ൽ 6000 കോടി രൂപയായി ഉയർന്നു. എങ്കിൽത്തന്നെയും ആദായനികുതി വകുപ്പിന്റെ ഇടപെടലും കെ.വൈ.സി. നോംസ് നിർബന്ധമാക്കി തുടങ്ങിയതും നിക്ഷേപസമാഹരണത്തെ കഴിഞ്ഞ വർഷം മുതൽ പ്രതികൂലമായി ബാധിച്ചു തുടങ്ങിയിട്ടുണ്ട് എന്ന വിലയിരുത്തലിനെ പട്ടിക 13.2 ശരിവെയ്ക്കുന്നുണ്ട്.

പട്ടിക 13.2
കേരളത്തിലെ സഹകരണസ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിന്റെ ലക്ഷ്യവും നേട്ടവും(2015) (രൂപ കോടിയിൽ)

വർഷം	ലക്ഷ്യം	നേട്ടം	%
2005	400	1305	326
2006	400	1540	385
2007	600	1720	287
2008-09	1810	2664	147
2009-10	1735	2415	139
2010-11	2080	2627	126
2011-12	2500	3127	125
2012-13	4500	5194	115
2013-14	5000	6674	133
2014-15	6000	6232	103

അവലംബം എക്കണോമിക് സർവെ

പ്രാഥമിക കാർഷികാ സംഘങ്ങൾ വ്യക്തികളിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപം ജില്ലാ സഹകരണ ബാങ്കുകളിലും, ജില്ലാ സഹകരണ ബാങ്കുകൾ ഇത് സംസ്ഥാന സഹകരണ ബാങ്കിലും നിക്ഷേപിക്കുന്നുണ്ട്. ഇത് ഓരോ തലങ്ങളിലും പുതിയ നിക്ഷേപമായി കണക്കാക്കപ്പെടുന്നുണ്ട്. ഇത് നിക്ഷേപ സമാഹരണ കണക്ക് പെരുപ്പിച്ച് കാണിക്കുന്നില്ലേ എന്ന് പരിശോധിക്കേണ്ടതാണ്.

സംസ്ഥാന, ജില്ലാ സഹകരണബാങ്കുകൾ

കേരള സംസ്ഥാന സഹകരണ ബാങ്കിന് 679 കോടി രൂപ ഓഹരി മൂലധനമുളളതിൽ 294 കോടി രൂപ സർക്കാരിന്റേതാണ്. ബാങ്കിൽ 7461.5 കോടി രൂപ രൂപ പ്രവർത്തന മൂലധനവും 1319 കോടി രൂപ കടമെടുത്തതും 5642 കോടി രൂപ നിക്ഷേപ ബാക്കിയും 3478 കോടി രൂപ വായ്പാ ബാക്കിയും ഉണ്ട്. ബാങ്കിന്റെ 31.03.2015-ലെ സഞ്ചിത നഷ്ടം 354 കോടി രൂപയും NPA 16.04%-വും നിക്ഷേപ വായ്പാ അനുപാതം 38.02%-വും സി.ആർ.എ.ആർ 11.66%-വുമാണ്.

കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകൾക്ക് 764 ബ്രാഞ്ചുകൾ ഉണ്ട്. കോട്ടയം, ആലപ്പുഴ ജില്ലാ ബാങ്കുകൾ നഷ്ടത്തിലാണ്. നഷ്ടം 950 കോടി രൂപ വരും. ജില്ലാ സഹകരണബാങ്കുകൾക്ക് ആകെ 1533 കോടി രൂപ ഓഹരി മൂലധനമുള്ളതിൽ 182 കോടി രൂപ സർക്കാർ ഓഹരിയും 26 കോടി രൂപ വ്യക്തിഗത ഓഹരി മൂലധനവുമാണ്. 21,665 വ്യക്തിഗത അംഗങ്ങളും 12416 അംഗസംഘങ്ങളും ഉൾപ്പെടെ 34095 അംഗങ്ങളാണ് ഉള്ളത്. 43962 കോടി രൂപ പ്രവർത്തന മൂലധനവും 2546 കോടി രൂപ കടമെടുത്തതും നിക്ഷേപ ബാക്കിയായി 39860 കോടി രൂപയും വായ്പ ബാക്കിയായി 24481 കോടി രൂപയുമാണ് ഉള്ളത്. 12 ബാങ്കുകളുടെ ആകെ അറ്റ ലാഭം 118 കോടി രൂപയാണ്. 1888 കോടി രൂപയുടെ നിഷ്ക്രീയ ആസ്തിയുമുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ നബാർഡിന്റെ മേൽനോട്ടത്തിൽ റിസർവ്വ് ബാങ്ക് ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവയാണ്. ഇവ നേരിടുന്ന പ്രധാന പ്രശ്നം മിച്ചധനം എന്തു ചെയ്യണമെന്നുള്ളതാണ്. പ്രാഥമിക വായ്പാസംഘങ്ങളുടെ അധിക നിക്ഷേപം അനുവദനീയമായ ഏറ്റവും ഉയർന്ന പലിശയ്ക്ക് കേന്ദ്രസംഘങ്ങളിൽ (ജില്ലാ ബാങ്കുകളിൽ) നിക്ഷേപിക്കുകയാണ്. 9% മുതൽ 11.25% വരെ പലിശയ്ക്കാണ് അത് നിക്ഷേപിക്കപ്പെടുന്നത്. 2014-15 ൽ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിൽ ആകെയുള്ള 39860 കോടി രൂപ നിക്ഷേപത്തിൽ. സംഘങ്ങളുടേത് 25308 കോടി രൂപയും (63%) വ്യക്തികളുടേത് 14552 കോടി രൂപ (37%)യുമാണ്.

ഇതുമൂലം ജില്ലാ സഹകരണ ബാങ്കുകൾ എത്ര ശ്രമിച്ചാലും ആദായകരമായ ഒരു നിക്ഷേപ ചേരുവ (Diposit Mix) രൂപപ്പെടുത്താൻ കഴിയില്ല. ആയതിനാൽ അധികം വരുന്ന നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിലും മറ്റ് ദേശസാൽകൃതബാങ്കുകളിലും കൊടുത്ത പലിശയിൽ കുറഞ്ഞ നിരക്കിൽ നിക്ഷേപിക്കാൻ നിർബന്ധിതമാകുന്നു.ഇത് ജില്ലാ സകരണ ബാങ്കുകളുടെ ലാഭക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം ശരാശരി 67.25% മാണ്. കാർഷികവായ്പാ സാദ്ധ്യത വളരെ കുറവും മറ്റു വായ്പ സാദ്ധ്യതകളും പരിമിതമാണെന്നാണ് ജില്ലാ ബാങ്കുകളുടെ വാദം. എന്നാൽ കാർഷിക വായ്പ്പ നൽകിയാൽ നിഷ്ക്രിയ ആസ്തി കൂടുമെന്ന് ഭയക്കുന്നവരുമുണ്ട്. അതുകൊണ്ട് വായ്പ്പ കൊടുക്കാതിരുന്നവരും കുറവല്ല. ഭവന വായ്പാ രംഗത്ത് വായ്പ നൽകുന്നത് 5 ശതമാനത്തിൽ കൂടാൻ പാടില്ല എന്ന റിസർവ്വ് ബാങ്ക് നിബന്ധനയുമുണ്ട്. ജില്ലാ സഹകരണ ബാങ്കുകളിലെ പ്രാഥമിക സംഘങ്ങളുടെ വായ്പകൾക്ക് പലിശ കുറയ്ക്കുകയോ/സംസ്ഥാന സഹകരണ ബാങ്കിലെ ജില്ലാ സഹകരണ ബാങ്ക് നിക്ഷേപത്തിൽ പലിശ കൂട്ടുകയോ അല്ലെങ്കിൽ കാർഷിക മേഖല ഉൾപ്പെടെയുള്ള സമ്പത്ത് ഉല്പാദന മേഖലകളിൽ വായ്പാ സാധ്യത വർദ്ധിപ്പിക്കാനുള്ള നടപടികളുണ്ടാകണം.

പ്രാഥമിക വായ്പാ സംഘങ്ങൾ

2014- ൽ സഹകരണ സംഘം രജിസ്ട്രാർ പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം 1638 (PACS-1602 + Farmers Services 36) സംഘങ്ങളുള്ളതിൽ പ്രവർത്തിക്കുന്നവ 1571 ആണ്. അവയിൽ 1288 സംഘങ്ങളാണ് വായ്പ നൽകി വരുന്നത്. ആകെ 4.33കോടി അംഗങ്ങളുള്ളതിൽ 15.78 ലക്ഷം പട്ടിക ജാതിക്കാരും 1.50 ലക്ഷം പട്ടിക വർഗ്ഗക്കാരുമാണ്. ഇവരിൽ വായ്പ എടുത്തിട്ടുള്ള അംഗങ്ങൾ 2.95 കോടി മാത്രമാണ്. പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം 1474 കോടി രൂപയാണ്. നിക്ഷേപം 67785 കോടി രൂപയാണ്. പ്രവർത്തന മൂലധനം 90246 കോടി രൂപയും അനുവദിച്ച വായ്പ 94882 കോടി രൂ

പയുമാണ്. എന്നാൽ കാർഷിക ആവശ്യത്തിനുള്ള ഹ്രസ്വ, മദ്ധ്യ, ദീർഘകാല വായ്പകൾ 11739 കോടി രൂപ മാത്രമാണ്. കാർഷികേതര വായ്പകളാണ് 83143 കോടി രൂപയും.

ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 965 എണ്ണമാണ്. ലാഭം 1310 കോടി രൂപയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 606 എണ്ണമാണ്. നഷ്ടം 1058 കോടി രൂപ. ലാഭവും നഷ്ടവുമില്ലാത്തത് 34 സംഘങ്ങളും പ്രവർത്തനമില്ലാത്തത് 33 എണ്ണവുമാണ്. 10097 കോടി രൂപയുടെ കാലാവധി കഴിഞ്ഞ വായ്പകളുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾക്കു കീഴിൽ 61275 സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ നബാർഡിൽ നിന്നും ലഭിക്കുന്ന പുനർവായ്പയാണ് പ്രധാന വിഭവ സ്രോതസ്സ്. എന്നാൽ സർക്കാർ ഗ്യാരണ്ടി നിയമത്തിൽ ഗ്യാരണ്ടി നിൽക്കുന്ന തുകയുടെ ഒരു ശതമാനം ഗ്യാരണ്ടി ഫീസായി നൽകേണ്ടതുണ്ട്. ഇത് വലിയതോതിൽ വായ്പയെടുക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ മേൽ ദുർവഹമായ ഭാരം വരുത്തുന്നു. ഈ ഫീസ് താങ്ങാൻ കഴിയാത്തതുകൊണ്ട് ഗ്രാമവികസന ബാങ്കിന് ദീർഘനാൾ എൻസിഡിസിയിൽ നിന്ന് വായ്പയെടുക്കാൻ കഴിയാതെ വന്നു. ഇപ്പോഴിതിന് മാറ്റം വന്നിട്ടുണ്ട്. ഇപ്പോൾ ഹ്രസ്വകാല കാർഷികേതര വായ്പകളാണ് ക്യാഷ് ക്രെഡിറ്റും സ്വർണ്ണപ്പണയ വായ്പയും നൽകി തുടങ്ങിയിരിക്കുന്നു.

ദീർഘകാല കാർഷിക വായ്പ്പ നൽകാൻ ഉദ്ദേശിച്ച് ആരംഭിച്ച കാർഷിക ഗ്രാമവികസന ബാങ്കുകൾ റിസർവ് ബാങ്ക് പുതുതായി പ്രഖ്യാപിച്ച പേയ്മെന്റ് ബാങ്കുകളോ ചെറുകിട ധനകാര്യ ബാങ്കുകളോ ആയി മാറുന്നതിന് താൽപ്പര്യം കാണിച്ചു തുടങ്ങിയിരിക്കുന്നു. ചുരുക്കത്തിൽ കാർഷിക വായ്പ്പകൾക്ക് കേരളത്തിൽ സാദ്ധ്യതയില്ലെന്ന് ബാങ്കുകൾ നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു.

അർബൻ സഹകരണ ബാങ്കുകൾ

കേരളത്തിൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന 59 ബാങ്കുകളും അങ്ങനെയല്ലാത്ത 121 ബാങ്കുകളിൽ 113 എണ്ണവും അവയുടെ ശാഖകളും പ്രവർത്തിക്കുന്നവയാണ്. ബി.ആർ. ആക്ടിന്റെ പരിധിയിൽ വരുന്ന സംഘങ്ങളിൽ 100 കോടിയിൽ താഴെ നിക്ഷേപമുമുള്ള 22 ബാങ്കുകളും 100 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള 37 ബാങ്കുകളുമാണുള്ളത്. എല്ലാ അർബൻ ബാങ്കുകൾക്കും കൂടി 11,253.23 കോടി രൂപ നിക്ഷേപവും 6872 കോടി രൂപ വായ്പയും ഉണ്ട്. ശരാശരി നിക്ഷേപ വായ്പ അനുപാതം 61% മാണ്. 54 ബാങ്കുകൾ ലാഭത്തിലാണ് 2015 ൽ 23 ബാങ്കുകൾക്ക് 7% വും 9 ബാങ്കുകൾക്ക് 10% വും ഗ്രോസ് എൻ.പി.എ ഉണ്ട്.

ഹ്വസ്വകാല മദ്ധ്യകാല വായ്പ നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് കേരള സംസ്ഥാന സഹകരണ ബാങ്ക് നേതൃത്വം നൽകുന്ന ത്രിതല സംവിധാനം. ദീർഘകാല വായ്പ നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രതിനിധാനം ചെയ്യുന്ന സംവിധാനം. ഇവ രണ്ടും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നതെങ്കിൽ അർബൻ ബാങ്കുകൾ നഗര മേഖലയിയിലെയും അർദ്ധനഗരമേഖലയിലെയും വായ്പ ആവശ്യങ്ങൾ നിറവേറ്റാൻ ഉദ്ദേശിച്ചു കൊണ്ടുള്ളവയാണ് അർബൻ ബാങ്കുകൾ.

മറ്റു വായ്പാ സംഘങ്ങളിൽ ഏറ്റവും പ്രധാനം 1108 എണ്ണം വരുന്ന എംപ്ലോയീസ് ക്രെഡിറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റിയാണ്. കാർഷികേതര മേഖലയ്ക്കുള്ള പ്രാഥമിക വായ്പാസംഘങ്ങൾ 160 എണ്ണം വരും. അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റികൾ 278ഉം. 37 ഫാർമർ സർവീസ് കോഓപ്പറേറ്റീവ് സൊസൈറ്റികളുമുണ്ട്. ഇപ്രകാരം വളരെ വൈവിദ്ധ്യമാർന്ന ഘടനയാണ് സഹകരണ മേഖലയ്ക്കുള്ളത്.

ത്രിതല സംവിധാനത്തിന്റെ ദൗർബല്യം

ഹ്വസ്വകാല മദ്ധ്യകാല വായ്പ വിതരണത്തിന് നാം സ്വീകരിച്ച ത്രിതല സംവിധാനവും ദീർഘകാല വയ്പ നൽകുന്നതിന് സ്വീകരിച്ച കാർഷിക ഗ്രാമവികസന ബാങ്ക് സംവിധാനവും ഉദ്ദേശിച്ച നിലയിൽ തുടർന്ന് കൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അപ്പക്സ് സ്ഥാപനങ്ങൾ അതിലുൾപ്പെടുന്ന സ്ഥാപനങ്ങൾക്ക് ബാങ്കിംഗ് സാങ്കേതിക സഹായവും, മാർഗ്ഗനിർദ്ദേശവും, പരിശീലനവും നൽകാൻ ഉദ്ദേശിച്ചുള്ളവയായിരുന്നു. എന്നാൽ ഈ സ്ഥാപനങ്ങൾ അവയുടെ രൂപീകരണ ഉദ്ദേശ്യം വിസ്മരിച്ചുകൊണ്ട് താഴെ തട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കാൻ അവസരവും അനുമതിയും നൽകി. ഇതുമൂലം താഴെ തട്ട് സ്ഥാപനങ്ങൾക്ക് മർഗ്ഗ നിർദ്ദേശവും സഹായവും ചെയ്യേണ്ട സ്ഥാപനങ്ങൾ താഴെ തട്ടിലുണ്ടായിരിക്കുന്ന എല്ലാ പ്രശ്നങ്ങളും അനുഭവിക്കുന്ന സ്ഥാപനങ്ങളായി മാറി. സംസ്ഥാന സഹകരണ ബാങ്കും, കേന്ദ്ര സംഘങ്ങളായ ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക ബാങ്കുകളുടെ മേഖലയിൽ അതേ പ്രവർത്തി ചെയ്യുന്ന ബാങ്കുകളുമായി മാറി.

ഇതിന് പകരം സംസ്ഥാന സഹകരണ ബാങ്ക് ജില്ലാതലത്തിൽ റീജിയണൽ ആഫീസുകൾ സ്ഥാപിച്ച് ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സംഘങ്ങൾക്കും മാർഗ്ഗ നിർദ്ദേശം നൽകുന്ന ചുമതലയുള്ള ബാങ്കിംഗ് സ്ഥാപനങ്ങളായി നിൽക്കണമായിരുന്നു എന്ന അഭിപ്രായം പ്രബലമാണ്. ഇത് പോലെതന്നെ ജില്ലാ സഹകരണ ബാങ്കുകളെ താലൂക്ക്/ബ്ലോക്ക് തലത്തിൽ റീജിയണൽ ആഫീസുകൾ സ്ഥാപിച്ച് പ്രാഥമിക സംഘങ്ങളുടെ ബാങ്കായി പ്രവർത്തിപ്പിക്കണമായിരുന്നു. താഴെ തട്ടിൽ പഞ്ചായത്തിൽ ഒരു

പ്രാഥമിക സഹകരണ സംഘം എന്നതിന് പകരം ഓരോ പ്രദേശത്തിന്റെയും ബാങ്കിംഗ് ആവശ്യങ്ങൾ പരിഗണിച്ച് പഞ്ചായത്ത് തലത്തിൽ ആവശ്യമായ പ്രാഥമിക സംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ ശക്തമായ അടിത്തറയുള്ള താഴെ തട്ട് സ്ഥാപനങ്ങളും മേൽനോട്ട ചുമതലയുള്ള കേന്ദ്രസംഘങ്ങളും സംസ്ഥാന സംഘവും ഉള്ള ശക്തമായ സംസ്ഥാന-കേന്ദ്ര-പ്രാദേശിക തല സ്ഥാപനങ്ങളുണ്ടാകുമായിരുന്നു.

അത് പോലെ തന്നെ വ്യക്തി അംഗങ്ങളെ കേന്ദ്ര സംഘത്തിൽ അംഗമാക്കാൻ എടുത്ത തീരുമാനവും ഉചിതമായില്ല. ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിലും വ്യക്തി അംഗങ്ങളായി സംസ്ഥാന സഹകരണ ബാങ്കിന്റെ മുലധന പര്യാപ്തത കേന്ദ്രസംഘങ്ങളും കേന്ദ്രസംഘങ്ങളുടേത് പ്രാഥമിക സംഘങ്ങളും വഹിക്കുമായിരുന്നു.

കാർഷിക വായ്പകളിലെ ഇടിവ്

ബാങ്കുകളുടെ ദേശസാൽക്കരണം വരെ കേരളത്തിൽ കാർഷിക വായ്പ വിതരണത്തിൽ സഹകരണ സംഘങ്ങൾക്കായിരുന്നു ആധിപത്യം. പിന്നീട് അവ കുറഞ്ഞ് രണ്ടാം സ്ഥാനത്തേക്ക് മാറുകയുണ്ടായി. നിലവിൽ അത് 12.37% മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഇതിൽ 1.45% മാത്രമാണ് ദീർഘകാല കാർഷിക വായ്പ.

കിസാൻ ക്രെഡിറ്റ് വായ്പാ പദ്ധതി പ്രകാരം സെന്റ് ഒന്നിന് സ്കെയിൽ ഓഫ് ഫിനാൻസിന്റെ അടിസ്ഥാനത്തിൽ 2000 രൂപ വരെ ഒരു വർഷത്തെ കാലാവധിക്ക് വസ്തു ജാമ്യത്തിൽ നൽകുന്നു. കൃത്യമായി കാലാവധിക്കുള്ളിൽ അടച്ച് തീർത്താൽ പലിശ സബ് വെൻഷൻ ഉൾപ്പെടെ ലഭിക്കും. കാർഷിക വായ്പയുടെ പ്രധാന പ്രശ്നം സ്കെയിൽ ഓഫ് ഫിനാൻസാണ്. നിലവിലുള്ളത് പ്രകാരം ലഭിക്കുന്ന തുക കാർഷിക ആവശ്യത്തിന് പോലും പര്യാപ്തമല്ല. കിടക്കാടവും കൃഷിഭൂമിയും പണയപ്പെടുത്തിയാൽ പോലും ആവശ്യത്തിനുള്ള തുക കിട്ടില്ലെന്നു മാത്രമല്ല കൃഷിനാശം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായാൽ പോലും നഷ്ടപരിഹാരം ആകുന്നില്ല. ആയതിനാൽ പുതിയ കൃഷി രീതികൾക്കും ചെലവിന് അനുസ്രുതമായി സ്കെയിൽ ഓഫ് ഫിനാൻസ് പുതുക്കി നിശ്ചയിക്കാൻ നടപടി ഉണ്ടാകണം.

സ്വർണ പണയത്തിന് മൂന്ന് ലക്ഷം രൂപവരെ വായ്പ നൽകുന്നു. ഒരു വർഷത്തിനകം അടച്ചാൽ പലിശ സബ് വെൻഷൻ ലഭിക്കും. വാണിജ്യ ബാങ്കുകൾ നൽകുന്ന ഈ വായ്പ്പ സഹകരണ ബാങ്കുകൾക്ക് വിനയായി മാറുന്നുണ്ട്. സ്വർണ്ണവും, കരം ഒടുക്ക് രസീതും വസ്തു സ്വന്തമല്ലെങ്കിൽ പാട്ടകരാറും നൽകി വാങ്ങുന്ന വായ്പ്പ തുക കൂടുതലും കാർഷിക ആവശ്യത്തിനല്ല ഉപയോഗപ്പെടുത്തുന്നത്. 4% പലിശയ്ക്ക് വാങ്ങുന്ന തുക ഉയർന്ന പലിശയ്ക്ക് സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന പതിവുമുണ്ട്.

തദ്ദേശ സ്വയംഭരണസ്ഥാപനവുമായുള്ള ദുർബലബന്ധം

കാർഷിക ബാങ്കിംഗ് മുന്നേറ്റത്തിന് സജ്ജമാക്കുന്നതിന് സഹകരണ യൂണിയന്റെ ഇന്നത്തെ ഘടനയിൽ ഒരു കൂട്ടിച്ചേർക്കൽ ആവശ്യമായിവരും. സംസ്ഥാന സഹകരണയൂണിയന് ഇപ്പോൾ രണ്ട് തലങ്ങളാണുള്ളത്. സംസ്ഥാനതലവും, താലൂക്ക് തലവും. താലൂക്ക് തലം ജില്ലാതലമായും ഏറ്റവും താഴെതട്ടിൽ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ (ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി കോർപ്പറേഷൻ) ആ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാത്തരം സംഘങ്ങളുടെയും ഒരു സമിതി ഉണ്ടാകണം. പ്രാദേശിക വികസനത്തിൽ സഹകരണ സംഘങ്ങളുടെ ഫണ്ട് മാത്രമല്ല.സംഘടനാശേഷിയും ഉപയോഗപ്പെടുത്താൻ കഴിയുന്നതിന് അവസരം ഉണ്ടക്കാണം. തദ്ദേശസ്വയംഭരണസ്ഥാപനവും സഹകരണ സംഘങ്ങളും ഏകോപിച്ച് പ്രവർത്തിക്കാൻ തുടങ്ങുന്നതിനുള്ള അവസരം. ഈ സമിതി പ്രവർത്തിച്ച് തുടങ്ങിയതിന്ശേഷം അതിന്റെ പ്രായോഗികതക്കനുസരിച്ച് മാത്രം നിയമപരമായ മാറ്റങ്ങൾ പ്രാവർത്തികമാക്കാം. അതിനുള്ള അനൗപചാരിക പ്രവർത്തനത്തിന് തുടക്കം ആകാവുന്നതാണ്. ഇതിലൂടെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള വിവിധതരം സംഘങ്ങളെ ഗ്രാമവികസനവുമായി ബന്ധപ്പെടുത്താൻ കഴിയും. പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഒരു സൂത്രവാക്യമുണ്ട്.

സാസ്കാരിക വികസനത്തിന് പള്ളിക്കൂടം
സാമൂഹിക വികസനത്തിന് പഞ്ചായത്ത്
സാമ്പത്തിക വികസനത്തിന് സഹകരണ സംഘം

ഈ സമീപനം സുശക്തമായ ഗ്രാമസ്വയംഭരണത്തിന് അത്യന്താപേക്ഷിതമാണ്. ഇതുപോലെ സഹകരണ സംഘത്തെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് പ്രത്യേകം വൈദഗ്ദ്ധ്യം വേണ്ട മേഖലകളിൽ അതത് തലത്തിലുള്ള സഹകരണ സംഘങ്ങളെ പ്രയോജനപ്പെടുത്തുകയാണ് ഉചിതം.

ഉൽപ്പാദക സംഘം, സംസ്ക്കരണ സംഘം, വിപണന സംഘം കൺസ്യൂമർ സംഘം ഇവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക സംഘങ്ങൾക്കു കഴിയും. പ്രാഥമിക സഹകരണ വായ്പാസംഘങ്ങൾക്ക് വായ്പാ ഇടപാടിനു പുറമെ നാനാവിധ വാണിജ്യാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ നിയമവ്യവസ്ഥയുണ്ട്. ഇതു ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ വിസ്മയകരമായ മാറ്റങ്ങൾ പ്രാദേശികമായി സൃഷ്ടിക്കാനാവും. ഇത്തരത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന ഒട്ടേറെ പ്രാഥമിക സഹകരണ സംഘങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ട് എന്നത് ശുഭോദാർക്കമാണ്.

നിഷ്ക്രിയ ആസ്തിയും സർക്കാർ നടപടികളും

സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും വായ്പാ കുടിശ്ശിക കാർക്ക് ആശ്വാസം നൽകുന്നതി

നുമായി സർക്കാർ 2011 – 2015 വർഷങ്ങളിലായി നടപ്പാക്കിയ പദ്ധതികളിലൂടെ 6082.19 കോടി രൂപ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ സ്കീം ആവിഷ്കരിച്ചു. ഇതിനായി 935 കോടി രൂപ സഹകരണസംഘങ്ങൾക്ക് എഴുതിത്തള്ളേണ്ടി വന്നു.

ഓഡിറ്റിൽ തടഞ്ഞിട്ടുള്ളതും ദീർഘകാലമായി ഈടാക്കാതെയും കിടന്ന തുകകൾ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി 20512 പ്രപ്പോസുലുകളിലായി 29234.12 ലക്ഷം രൂപ ഒഴിവാക്കിയിട്ടുണ്ട്. ടി തുകകൾ ഒഴിവാക്കുന്നതിനുമുമ്പ് ഇത് പിരിച്ചെടുക്കാൻ ഒരു നടപടി സ്വീകരിച്ചതിനുശേഷമായിരുന്നെങ്കിൽ സ്ഥാപനങ്ങൾക്ക് ഒരു ഉണർവ് ആകുമായിരുന്നു. അതാത് വർഷങ്ങളിൽ ആഡിറ്റ് ന്യൂനത പരിഹരിക്കാൻ ശ്രമിക്കാതിരുന്നത് കൊണ്ട് നഷ്ടമായ തുകയാണിത്. സംഘത്തിന്റെ ആസ്തിയിൽ നിന്ന് ഒഴിവാക്കുകയോ, കുറവ് വരുത്തുകയോ ഓരോ നടപടിയും വാർഷിക പൊതുയോഗത്തിൽ അച്ചടിച്ച് നൽകി വാർഷികപൊതുയോഗ റിപ്പോർട്ടിന്റെ ഭാഗമാക്കാൻ വ്യവസ്ഥയുണ്ടാകണം.

31.03.2010 ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ പട്ടികജാതി, പട്ടകവർഗ്ഗക്കാരുടെ വായ്പ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ സർക്കാർ ഏറ്റെടുത്തും പിഴ പലിശയും മറ്റും ചിലവുകളും സംഘങ്ങൾ വഹിക്കണമെന്നും ആയിരുന്നു ഉത്തരവ്. സർക്കാർ ഏറ്റെടുത്ത തുക ഇതുവരെയും ലഭിച്ചിട്ടില്ല. പിഴപ്പലിശയും മറ്റ് ചെലവുകളും സംഘത്തിന് നഷ്ടമായി. ഇത്തരം പദ്ധതികളിലൂടെ സഹകരണ സംഘത്തിലോ ബാങ്കുകളിലോ വരുത്തുന്ന കുടിശ്ശിക എഴുതിതള്ളുമെന്ന പ്രതീതിയാണ് ഉണ്ടായിട്ടുള്ളത്.

സമയബന്ധിതമായി വായ്പ കുടിശ്ശികയിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നത് കൊണ്ട് കുടിശ്ശിക കൂടുകയും നിഷ്ക്രിയ ആസ്തി വർദ്ധിക്കുകയും ചെയ്തു വരുന്നു. ഇത് പരിഹരിക്കാനായി സർക്കാർ നിർദ്ദേശിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലത്തിൽ വായ്പ എടുത്തവർ തിരിച്ചടയ്ക്കേണ്ട എന്ന ഒരു സന്ദേശം നൽകുന്നുണ്ട്. ഇതിന് പകരം കൃത്യമായ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ബാക്ക് എൻഡ് സബ്സിഡി ആയോ മറ്റു രീതികളിലോ അനുയോജ്യമായ തീരുമാനം എടുക്കുന്നത് ഉചിതമായിരിക്കും. ചില സഹകരണ സംഘങ്ങളിലെങ്കിലും വളരെ വർഷങ്ങൾ പഴക്കമുള്ള വായ്പകൾ കുടിശ്ശികയായി യാതൊരു നടപടിയും സ്വീകരിക്കാതെ കിടക്കുന്നതായി കാണാൻ കഴിയും. ചില തല്പര്യങ്ങളുടെ പേരിൽ സംരക്ഷിക്കുന്നവയും ഇല്ലാതെയില്ല. ഇത് ഒഴിവാക്കുന്നതിന് ഓരോ മൂന്ന് മാസം കുടുമ്പോഴും കുടിശ്ശികയായിട്ടുള്ള എല്ലാ വായ്പകളുടെയും പട്ടിക തയ്യാറാക്കി സംഘം ഭരണസമിതി പരിശോധിക്കുന്നതിനും ഈ പട്ടികയിലെ നിയമ നടപടി തടസ്സമില്ലാതെ നടക്കുന്നണ്ടെന്ന് വകുപ്പ് തലത്തിലും കേന്ദ്രബാങ്കുതലത്തിലും നിർബന്ധമായും പരിശോധിക്കുന്ന ഒരു സ്ഥിരം സംവിധാനം ആവശ്യമാണ്. ഇതിന് ചുമതലയും വീഴ്ചക്ക് വ്യക്തിപരമായ ബാദ്ധ്യതയും നിർണ്ണയിക്കുന്ന തരത്തിൽ വ്യക്തമായ നിയമ വ്യവസ്ഥയുണ്ടാകണം.

ആധുനികവൽക്കരണം.

ഓരോ സഹകരണ സംഘങ്ങളുടെയും കണക്കും മറ്റ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നതിനും ആഭ്യന്തര ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും അവയെ കേന്ദ്ര-സംസ്ഥാന സഹകരണ സംഘവുമായും, സഹകരണ വകുപ്പിന്റെ ആഫീസുകളുമായും ബന്ധപ്പെടുത്തുന്നതിന് സഹകരണ വകുപ്പോ, മറ്റ് സംവിധാനങ്ങളോ നാളിതുവരെ ശ്രമിച്ചിട്ടുള്ളതായി കാണുന്നില്ല. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (IKM) ഒരു പ്രത്യേക സ്ഥാപനം നിലവിലുണ്ട്. അതിന് സമാനമായ ഒരു സംവിധാനം സഹകരണ പ്രസ്ഥാനത്തിനും ആവശ്യമാണ്. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ ആധുനിക ബാങ്കിംഗ് രീതികളായ മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, ഐ.എം.പി.എസ്., സി.ബി.എസ്., എ.റ്റി.എം., ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി. തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിയുമായിരുന്നു. ഇത് സഹകരണ പ്രസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും സമയബന്ധിതമായ ആഡിറ്റും, തെരഞ്ഞെടുപ്പും, വിവരവിനിമയവും എളുപ്പിത്തിലാക്കാനും സുതാര്യമാക്കാനും കഴിയുമായിരുന്നു. അധിക നിക്ഷേപം കണ്ടെത്തുന്നതിനും ജില്ലാതലത്തിലോ സംസ്ഥാന തലത്തിലോ ഉപയോഗപ്പെടുത്തുന്നതിനും കഴിയുമായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ അതാത് ബാങ്കുകളിൽ പ്രത്യേകമായി കമ്പ്യൂട്ടറൈസേഷൻ നടപടികൾ ചെയ്യുന്നതുകൊണ്ടുള്ള ദുർവ്യയം ഒഴിവാക്കുകയും സഹകരണമേഖലയക്ക് എതിരായ കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനും ഒരു പരിധി വരെ കഴിയുമായിരുന്നു.

സഹകരണ ആദർശങ്ങൾ

പ്രാഥമിക തലത്തിലെ സംഘങ്ങളുടെ വളർച്ചയുടെ പാതയിൽ (നാണയ സംഘങ്ങൾ)- വിവിധേദ്ദേശ സംഘങ്ങൾ - ക്രെഡിറ്റ് സംഘങ്ങൾ) സഹകരണത്തിന്റെ തത്വാധിഷ്ടിത സമീപനം കൈമോശം വന്ന് തുടങ്ങിയിരിക്കുന്നു. സാമ്പത്തിക സ്ഥാപനത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തിന് പരിമിതികളുണ്ട്. എന്നിരുന്നാലും പൊതുയോഗം പോലുള്ള വേദികളിൽ അംഗങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതിന് സംഘം ഭരണ സമിതിയും ഉദ്യോഗസ്ഥ നേതൃത്വവും പ്രതിജ്ഞാബദ്ധമാണ്. അതിനുവേണ്ടി നിർദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങളിൽ അനാസ്ഥ ഉണ്ടാകുന്നത് സഹകരണത്തിന്റെ തത്വാധിഷ്ഠിത സമീപനം നിരാകരിക്കലാണ്. സംഘം പ്രവർത്തനത്തെക്കുറിച്ച് വിമർശനപരമായി പരിശോധിക്കാൻ അംഗങ്ങൾക്ക്

ലഭിക്കുന്ന അവസരമാണ് പൊതുയോഗം. അതിൽ സംഘത്തിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടും, വരവ് ചെലവ് കണക്കും, ബാക്കിപത്രവും, ബജറ്റും, ആഡിറ്റ് റിപ്പോർട്ടും, ന്യൂനത പരിഹരണവും അവത രിപ്പിക്കലും അതിൻമേലുള്ള ചർച്ചയും ആചാരവും ചടങ്ങാക്കിയും മാറ്റുന്ന രീതി അഭിലഷണീയമല്ല. വി മർശനപരവും ആരോഗ്യകരവുമായ ചർച്ച പ്രോത്സാ ഹിപ്പിച്ച് അംഗങ്ങളുടെ ഉടമസ്ഥതയും പങ്കാളിത്തവും വർദ്ധിപ്പിക്കേണ്ടതാണ്.

സാമ്പത്തികമായി ഉൾച്ചേർക്കൽ ഉറപ്പാക്കാൻ ക ഴിയുന്ന തരത്തിൽ പ്രവർത്തന പ്രദേശത്തുള്ള എല്ലാ കുടുംബങ്ങളെയും അതിൽ നിന്നും ഒരാളിനേയെങ്കി ലും ഉൾപ്പെടുത്താൻ പലസഹകരണ സംഘങ്ങൾക്കും ആയിട്ടില്ല. ഇതും സഹകരണത്തിന്റെ തത്വാധിഷ്ഠിത സമീപനത്തിന് എതിരാണ്. ബാങ്കിംഗ് പ്രവർത്തനം പരമ്പരാഗത രീതിയിൽ നിന്നും മാറി പുതിയ ആവശ്യ ങ്ങൾക്കനുസരിച്ച് എല്ലാ കുടുംബങ്ങളിലേക്കും എത്തി ക്കാൻ ഊർജ്ജിതമായ ശ്രമം അത്യന്താപേക്ഷിതമാണ്.

സഹകരണ വിവരവ്യൂഹം

കേരളത്തിന്റെ എല്ലാ മേഖലകളിലും സാന്നിദ്ധ്യ മുള്ള സഹകരണ ശൃംഖലയുടെ പൂർണ്ണമായ വിവ രം എവിടെയും ലഭ്യമല്ല എന്നതാണ് വസ്തുത. സ ഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ വരുന്ന സംഘങ്ങളുടെ 14-15 ലെഎണ്ണം സംബന്ധി ച്ചുള്ള ചൗയല്യ മേലോലിേ മാത്രമാണ് ലഭ്യമായി ട്ടുള്ളത്. 2014-15 സാമ്പത്തിക വർഷം അവസാനിച്ച് നവംബർ മാസമായിട്ടും ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റു കൾ ക്രോഡീകരിച്ച് ലഭ്യമാക്കാനായിട്ടില്ല. മറ്റു ഫങ് ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ വരുന്ന സംഘങ്ങളുടെ സ്ഥിതി ഇതിലും ശോചനീയമാണ്. ഈ പ്രസ്ഥാനങ്ങളെയെല്ലാം കൂട്ടി യോജിപ്പിക്കാനായി ഉദ്ദേശിച്ചിട്ടുള്ള കേരള സംസ്ഥാന സഹകരണയൂണിയ ന്റെ സ്ഥിതിയും മറിച്ചല്ല. 2009-10 ലെ സ്റ്റാറ്റിസ്റ്റിക്സ് സഹകരണ രജിസ്ട്രാർ ആഫീസ് പുറത്തിറക്കിയത് 14-10-2014 ലാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ആ സ്തി ബാദ്ധ്യതകൾ ഉൾപ്പെടെയുള്ള ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റുകൾ ക്രോഡീകരിച്ചതും അല്ലാതെയുയു ള്ള വിവരങ്ങളും ഓരോതരം സംഘങ്ങളും, ഓരോ സംഘങ്ങളും നൽകുന്ന സേവനങ്ങളും അറിയാൻ സഹായിക്കുന്ന ഒരു വിവരവ്യൂഹം ഉണ്ടായിരിക്കുക എന്നത് ഏറ്റവും അത്യാവശ്യമാണ്. ഓരോ അപ്പെക്സ് / ഫെഡറൽ സ്ഥാപനങ്ങൾ അവയിൽ ഉൾപ്പെട്ട സ്ഥാ പനങ്ങളുടെ എല്ലാം കൂടിയ സാമ്പത്തിക പ്രവർത്തന ത്തിന്റെ ഒരു സമാകൃതരേഖ തയ്യാറാക്കണം.

ഒരു കേന്ദ്രീകൃത സംവിധാനത്തിന്റെ അഭാവത്തിൽ കേരളത്തിലെ സഹകരണ മേഖലയിൽ അറിഞ്ഞുകൊ ണ്ടും അല്ലാതെയും നടന്നുകൊണ്ടിരിക്കുന്ന ദുർവ്യയം അനുവദിച്ചുകൂടാ. എ.റ്റി.എം.കൾ സ്ഥാപിച്ച് തുടങ്ങിയി ട്ടുട്ടെങ്കിലും കേരളത്തിലെ ഒരു സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്ന വ്യക്തിക്ക് കേരളത്തിലെ വിടെയുമുള്ള എ.റ്റി.എം. ശൃംഖലയിൽ നിന്നും പണം പിൻവലിക്കുവാനും നിക്ഷേപിക്കുവാനും കഴിയണം. ഇതിന്റെ അഭാവം മൂലം യുവതി യുവാക്കൾക്ക് ഈ മേഖലക്ക് താൽപ്പര്യമുണ്ടാകുന്നില്ല. അതുപോലെ പ്രവാസി നിക്ഷേപങ്ങളെയും ആകർഷിക്കാൻ കഴി യാതെ വരുന്നു.

സമാപ്തീകരണ നടപടികളിലുള്ള സംഘങ്ങൾ

പ്രവർത്തനരഹിതമായ 2665 സംഘങ്ങളും സമാപ് തീകരണ നടപടികളിലുള്ള 666 സംഘങ്ങളും യഥാ ക്രമം ആകെ സംഘങ്ങളുടെ 17.89%, 4.47% വും വരും. ആകെ 22.36 ശതമാനമാണിത് സംഘങ്ങൾ പ്രവർത്തന രഹിതമാവുന്നതിന് കാരണമായി. സംസ്ഥാന ആസൂ ത്രണ ബോർഡിന്റെ 2014 സാമ്പത്തിക അവലോകനം തന്നെ ചൂണ്ടിക്കാട്ടുന്ന (ഭാഗം 7 - 2.145) കാരണങ്ങൾ താഴെപ്പറയുന്നവയാണ്. സാമ്പത്തിക അസ്ഥിരത, മോ ശപ്പെട്ട ഭരണ നിർവ്വഹണം, കാര്യക്ഷമതയില്ലായ്മ,കാ ലോചിതമല്ലാത്ത അന്തർഘടന എന്നിവയാണ്. ഇവ യ്ക്ക് പുറമെ സംഘങ്ങൾ രൂപീകരിച്ച് സർക്കാരിൽ നിന്നും സാമ്പത്തികസഹായം നേടി അതു ദുർവിനി യോഗം ചെയ്ത് അവസാനിപ്പിച്ചിട്ടുള്ളവയും ഉണ്ടെന്ന് കാണാവുന്നതാണ്. ഇത്തരത്തിലുള്ളവയിൽ ഒരു പോ ലീസ് നടപടി പോലുമില്ലാതെ (FIR രജിസ്റ്റർ ചെയ്യാ തെ) വരുന്നത് ഗൗരവമായി കാണേണ്ടതാണ്. പൊതു പണം ദുർവിനിയോഗം എന്ന നിലയിലുള്ള ക്രിമിനൽ നടപടികൾ കൂടി സമാപ്തീകരണത്തിന്റെ ഭാഗമായി നിർബന്ധമാക്കാൻ നിയമ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥ ഉണ്ടാകേണ്ടതാണ്. രജിസ്ട്രേഷൻ സമയ ത്ത് പ്രോജക്ടിന്റെ പ്രവർത്തനക്ഷമത പരിശോധന കൂടുതൽ കർശനമാക്കുകയും തുടർ പരിശോധനകൾ കാര്യക്ഷമമാക്കുകയും ചെയ്താൽ സംഘങ്ങൾ പ്രവർ ത്തനരഹിതമാകുന്നതിന്റെ തോത് കുറച്ചു കൊണ്ടു വരുവാൻ കഴിയുന്നതാണ്. BR Act -ന്റെ പരിധിയി ലുള്ളതും RBI യുടെ നിയന്ത്രണത്തിലുള്ളതുമായ ഒരു എപ്ലോയീസ് സഹകരണ സംഘവും പ്രവർത്തന രഹിതമായ പട്ടികയിൽ ഉൾപ്പെട്ട് കാണുന്നു.

2. പുത്തൻ സാമ്പത്തിക പരിഷ്കാര ത്തിന്റെ പ്രത്യാഘാതങ്ങൾ

സഹകരണ മേഖലയിലെ പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങൾക്കു തുടക്കം കുറിച്ചത് വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ടാണ്. പല സംസ്ഥാനങ്ങളിലും സ ഹകരണ പ്രസ്ഥാനം ഇന്നു വളരെ ദുർബലമാണ്. അവരുടെ അവസ്ഥ കണക്കിലെടുത്ത് ശക്തമായി പ്രവർത്തിക്കുന്ന കേരളം പോലുള്ള സംസ്ഥാനത്തെ സംഘങ്ങളടക്കം ഏകീകൃതമായി പുനഃസംഘടിപ്പിക്കാ നുള്ള പരിശ്രമമായിരുന്നു വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ടിലേത്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ വരാത്ത സംഘങ്ങൾ ബാങ്ക് എന്ന പദം ഉപയോഗി ക്കരുതെന്നും അത്തരം സംഘങ്ങൾക്ക് അംഗങ്ങള

ല്ലാത്തവരിൽനിന്നും ഡെപ്പോസിറ്റു ശേഖരിക്കുന്നത് നിഷേധിക്കുന്നതുമായിരുന്നു ഏറ്റവും വിവാദപരമായ നിർദ്ദേശം. യഥാർത്ഥത്തിൽ പിന്നീട് റിസർവ് ബാങ്കും മറ്റും വൈദ്യനാഥൻ കമ്മിഷൻ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളാണ് വിവിധ മാർഗനിർദ്ദേശങ്ങളായി പിന്നീട് നൽകിയത്.

റിസർവ്വ് ബാങ്ക് മാർഗനിർദ്ദേശങ്ങൾ

ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി പ്രോത്സാഹിപ്പിച്ചിരുന്ന സഹകരണ മേഖലയെ അതിൽ നിന്നും ക്രമേണ ഒഴിവാക്കിയതിന് പ്രത്യേക കാരണങ്ങൾ ഒന്നും പറഞ്ഞുകേട്ടിട്ടില്ല. സ്വകാര്യമേഖലക്കും പൊതുമേഖലക്കും ഇടയിൽ മൂല്യാധിഷ്ഠിത പ്രവർത്തനം നടത്തി ബാങ്കിംഗ് ഗ്രാമീണ കുടുംബങ്ങളിലേക്ക് എത്തിച്ച് ഹുണ്ടികക്കാരെ ഒഴിവാക്കിയ സഹകരണമേഖലയെ ആ പരിഗണനയിൽ നിന്ന് ഒഴിവാക്കി വാണിജ്യബാങ്കുകളോട് മത്സരിച്ച് നിലനിൽക്കണമെന്ന് നിശ്ചയിച്ചിട്ടുള്ളത് പുത്തൻ സാമ്പത്തിക നയങ്ങളുടെ ഭാഗമായിട്ടുമാത്രമാണ്. അതിന്റെ ഭാഗമായി വരുത്തിയ ബാങ്കിംഗ് നിയമഭേദഗതിയുടെ തുടർച്ചയായുള്ള നടപടികളാണ്. റിസർവ് ബാങ്കിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

1) പ്രാഥമിക സംഘങ്ങൾ നൽകിവന്നിരുന്ന കാർഷിക വായ്പയുടെ തോത് മൊത്തം വായ്പ്പയുടെ പകുതിയിൽ താഴെയായിരിക്കുന്ന സാഹചര്യത്തിൽ കാർഷിക വായ്പ സംഘമായി കരുതാൻ ആവില്ല. സഹകരണ ബാങ്കായി മാത്രമെ കാണാനാവുകയുള്ളു. സഹകരണ ബാങ്കുകൾ ലൈസൻസ് എടുക്കണം, നികുതി അടയ്ക്കണം അല്ലെങ്കിൽ നിഗോഷ്യബിൾ ഇൻസ്ട്രമെന്റ്സും ബാങ്ക് എന്ന പദവും ഉപയോഗിക്കാൻ പാടില്ല.
2) കിട്ടാക്കടങ്ങൾക്ക് വയ്ക്കുന്ന കരുതൽ തുകയും വരുമാനമായി കരുതി നികുതി അടയ്ക്കണം.
3) ചിലതരം വരുമാനങ്ങൾക്കുള്ള കിഴിവിന് വേണ്ടി ഏതെങ്കിലും നികുതിദായ കന് യഥാസമയം റിട്ടേൺ ഫയൽ ചെയ്യാൻ കഴിയാതെ വന്നാൽ ആ കിഴിവ് അനുവദിക്കില്ലെന്ന് മാത്രമല്ല പീനലൈസ് ചെയ്യുന്നതുമായിരിക്കും.
4) വരുമാന നികുതിയും സേവന നികുതിയും ഇലക്ട്രോണിക്കായി ഫയൽ ചെയ്യാൻ ബാദ്ധ്യസ്ഥമാണ്.
5) 10000/- രൂപയ്ക്കുമുകളിലുള്ള പലിശവരുമാനത്തിന് 10% നികുതി ഉറവിടത്തിൽ തന്നെ കിഴിവ് വരുത്തി ഒടുക്കണം
6) ഒരു കോടിയിലധികം പ്രവർത്തനമുള്ള ബാങ്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് മുഖാന്തിരം ഓഡിറ്റ് നടത്തി റിട്ടേൺ ഫയൽ ചെയ്യണം.
7) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന നിക്ഷേപവിവരങ്ങൾ നൽകാനും ബാദ്ധ്യസ്ഥമായിരിക്കും.
8) പലിശ വരുമാനം ഒഴികെയുള്ള എല്ലാത്തരം വരവുകളും ബാങ്ക്നൽകുന്നസേവനത്തിൽ നിന്നും ലഭിക്കുന്നതാണെന്നും അതിന് സേവന നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥമാണെന്നും ഇതിന് വേണ്ടി ബാങ്ക് ചെലവഴിക്കന്ന തുക കുറവ് വരുത്തുകയില്ല.
9) 2016-2017 ആകുമ്പോഴേക്കും സി.ആർ.എ.ആർ. 9 ശതമാനമായി വർദ്ധിപ്പിക്കണം.
10) 2016-17 ആകുമ്പോഴേക്കും എസ്.എൽ.ആർ. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സെക്യൂരിറ്റികളിലൊഴികെയുള്ളവ അംഗീകരിക്കില്ല. ഇത് ജില്ല സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും പ്രതികൂലമായി ബാധിക്കും. കേന്ദ്രസർക്കാർ അംഗീകരിച്ച് കഴിഞ്ഞ നിയമാനുസരണം നികുതി അടയ്ക്കാൻ എല്ലാവരും ബദ്ധ്യസ്ഥരാണ്. രാഷ്ട്രപുരോഗതിക്കുവേണ്ടി ലാഭേഛയില്ലാതെ ഗ്രാമീണ തലത്തിൽ പ്രവർത്തിച്ചുവന്നിരുന്ന സഹകരണ സ്ഥാപനങ്ങൾക്ക് നൽകിവന്നിരുന്ന പ്രത്യേക പരിഗണന ഇപ്പോൾ സർക്കാർ വ്യവസ്ഥ ചെയ്തിട്ടില്ല. ഈ നിയമവ്യവസ്ഥ മറ്റൊരു നിയമഭേദഗതിയിലൂടെ മാറ്റുന്നതിന് വേണ്ടിയുള്ള ജനാധിപത്യപരമായ നടപടികൾ സ്വീകരിക്കാൻ രാഷ്ട്രീയമായ നടപടികളാണ് ആവശ്യമായിട്ടുള്ളത്.

റിസർവ് ബാങ്ക് നിർദ്ദേശിച്ച വ്യഖ്യാനങ്ങൾ പ്രകാരം നികുതി അടയ്ക്കേണ്ട സാഹചര്യം ചർച്ചയായപ്പോൾ കഴിഞ്ഞ യുഡിഎഫ് സർക്കാരിലെ ധനമന്ത്രി പ്രതികരിച്ചത് ഇപ്രകാരമാണ്: അർബൻ ബാങ്കുകൾ നിർദ്ദേശാനുസരണമുള്ള നികുതി അടയ്ക്കുകയും ബാങ്കിംഗ് ബിസിനസിലേയ്ക്ക് ഒതുങ്ങുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും അവർ ഫലപ്രദമായി പ്രവർത്തിക്കുന്നു, എന്തുകൊണ്ട് ആ മാതൃക സ്വീകരിച്ചുകൂടാ.

എന്നാൽ റിസർവ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണർ ആർ. ഗാന്ധി ചെയർമാനായുള്ള ഹൈ പവർഡ് കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കാണുക.

1) 20,000 കോടിയിലധികം ബിസിനസ്സുള്ള മൾട്ടിസ്റ്റേറ്റ് അർബൻ സഹകരണ ബാങ്കുകൾ സ്വയം വാണിജ്യബാങ്കുകളായി പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കുക.
2) 20,000 കോടിയിൽ താഴെ ബിസിനസ് ഉള്ള അർബൻ സഹകരണ ബാങ്കുകൾ ചെറുകിട ധനകാര്യ ബാങ്കുകളായി (SFB) മാറാൻ സ്വയം റിസർവ്വ് ബാങ്കിനോട് അപേക്ഷിക്കുക.
3) അഞ്ച് വർഷമായി സാമ്പത്തിക സ്ഥിരതയോടുകൂടി പ്രവർത്തിച്ചുവരുന്ന സഹകരണ വായ്പ സംഘങ്ങൾ ബാങ്കിംഗ് സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ബാങ്കു ശാഖകൾ ആരംഭിക്കാൻ ലൈസൻസ് വ്യവസ്ഥ ഉൾപ്പെടുത്തി.
4) നിലവിലുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് കൂടാതെ ബോർഡ് ഓഫ് മാനേജ്മെന്റ് സംവിധാനം

കൂടി ലൈസൻസിന് പുതിയതായി വ്യവസ്ഥ ഉൾപ്പെടുത്തി.

5) നിലവിലുള്ള നിക്ഷേപകരെ വോട്ടിംഗ് അധികാരമുള്ള അംഗങ്ങളാക്കുക.

റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിന് വിധേയമായി ബി.ആർ. ആക്ട്റ്റ് പ്രകാരം പ്രവർത്തിച്ചുവരുന്ന ബാങ്കുകളെ എന്തിനാണ് വാണിജ്യ ബാങ്കുകളാക്കി മാറ്റുന്നത്? പ്രത്യേകിച്ച് എന്ത് നേട്ടമാണ് ഇത് വഴി നമ്മുടെ സമൂഹത്തിന് ലഭിക്കുന്നത്. പ്രത്യേകിച്ച് ഒന്നും നമുക്ക് കാണാൻ കഴിയുന്നില്ല.

- സഹകരണ ബാങ്ക് ആർജ്ജിച്ചിട്ടുള്ള സമ്പത്ത് ഒന്നാകെ വാണിജ്യ ബാങ്കുകളിലേക്കും അതുവഴി കോർപപ്പറേറ്റു സെക്റ്ററിലേക്കും ഓഹരികമ്പോളത്തിലേക്കും എത്തിക്കുക.
- പടിപടിയായി രാജ്യത്ത് ഒരു ഏകീകൃത ബാങ്കിംഗ് രീതി നടപ്പിൽ വരുത്തുക. സഹകരണ ബാങ്ക് വേണ്ട-വാണിജ്യ ബാങ്കുകൾ മാത്രം മതി.
- തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികൾ ഒഴിവാക്കപ്പെടണം.

ഈ നയമാണ് പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചത്. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ മുതൽ പ്രാഥമിക ക്രെഡിറ്റ് സഹകരണ സംഘങ്ങൾ സംബന്ധിച്ച് നാം സ്വീകരിച്ചുവന്ന കാഴ്ചപ്പാടിന് നേർവിപരീതമാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാട്. ഇത് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് മുൻ നയസമീപന ചട്ടക്കൂടിൽ നിന്ന് ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങളിലെ സംഘങ്ങളെയാണ്.

ഭരണഘടനാ ഭേദഗതി മൂലമുണ്ടായ പ്രശ്നങ്ങൾ

97-ാം ഭരണഘടനാ ഭേദഗതി മുന്നോട്ടുവയ്ക്കുന്ന ചില വശങ്ങളെ ഉപയോഗപ്പെടുത്തി കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിനു പകരം എടുത്ത നടപടികൾ സഹകരണ മേഖലയെ തന്നെ ദുർബലപ്പെടുത്തുന്ന വിധമാണ്.

1) സജീവ അംഗത്വം :- സഹകരണ സ്ഥാപനത്തെ ഉപയോഗിക്കുകയും സ്ഥാപനത്തിന്റെ കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്ന ഒരോ വ്യക്തി/ സ്ഥാപന അംഗവും സ്ഥാപനത്തിന്റെ സജീവ അംഗമായിരിക്കണം. ഇതിനായി 1) ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത തെരഞ്ഞെടുപ്പിനുമുള്ള ഏതെങ്കിലും രണ്ട് പൊതുയോഗങ്ങളിലെ പങ്കാളിത്തമോ. 2) നിക്ഷേപം, വായ്പ, ചിട്ടി അങ്ങനെയുള്ള ഏതെങ്കിലും ഒന്നിലെങ്കിലും ഈ കാലയളവിനുള്ളിൽ പങ്കാളിത്തം എടുക്കുകയോ ചെയ്തിരിക്കണം എന്നത് പോലെയുള്ള വ്യവസ്ഥകൾ മാത്രം വച്ചാൽ മതിയാകും. (കുറഞ്ഞ നിക്ഷേപത്തിന്റെ തുക നിശ്ചിയിക്കണം) അല്ലാതെ പരിഹാസ്യമാകുന്നതും പരിശോധിക്കാൻ ബുദ്ധിമുട്ടുള്ളതുമായ വ്യവസ്ഥകൾ നിശ്ചയിക്കുന്നത് അഭിലഷണീയമല്ല.

2) വാർഡ് വിഭജനവും സംവരണ വാർഡ് നിശ്ചയിക്കലും:- സംഘത്തിന്റെ ഭരണ നേതൃത്വം പ്രവർത്തന പ്രദേശത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കുകയും അതുവഴി സംഘം പ്രവർത്തനം, പ്രവർത്തന പ്രദേശത്തിന്റെ എല്ലാ ഭാഗത്തും എത്തിച്ചേരുമെന്ന് ഉറപ്പിക്കുകയുമായിരുന്നു ലക്ഷ്യം. സംവരണ വാർഡുകൾ വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അത് റേട്ടേറ്റ് ചെയ്യാനുള്ള വ്യവസ്ഥകൾ കൂടി വയ്ക്കണമായിരുന്നു. വാർഡ് എങ്ങനെ വിഭജിക്കപ്പെടണമെന്ന് പറഞ്ഞിട്ടില്ല. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇക്കാര്യത്തിലൊക്കെ അനുകരണീയമായ മാതൃകകൾ ബൈല വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുള്ള നിയമാവലികൾ നിലവിലുണ്ട്. അതിൽ നിന്നും അനുയോജ്യമായ മാതൃകകൾ ഭേദഗതികളോടെ സ്വീകരിക്കാമായിരുന്നു.

3) നിഷ്പക്ഷമായ ആഡിറ്റ്, ആഡിറ്റിംഗ് പാനൽ-കണക്ക് പൊതുയോഗത്തിൽ വയ്ക്കൽ- സഹകരണ ആഡിറ്റ് വിഭാഗം പ്രത്യേകം വകുപ്പ് ആക്കിമാറ്റിയെങ്കിലും ഇപ്പോഴും രജിസ്ട്രാർ ആഫീസിന്റെ ഭാഗമായിട്ടാണ് പ്രവർത്തിച്ചു വരുന്നത്. ആഡിറ്റ് കുടിശ്ശിക തീർക്കാൻ നടത്തിയ ഊർജ്ജിതമായ ശ്രമം ഒഴിച്ചാൽ മറ്റൊരു ഇടപെടലും ഉണ്ടായി കാണുന്നില്ല. കേരളത്തിന്റെ സാഹചര്യത്തിൽ ഏറെ ബുദ്ധിമുട്ടുള്ളതാണ് ആഡിറ്റിന് പാനൽ നൽകുക. നിഷ്പക്ഷവും സമയബന്ധിതവും കാര്യക്ഷമവുമായ ആഡിറ്റ് ഉണ്ടാകുന്നതിന് ധീരമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവണം.

4) പൊതുയോഗം ചേരൽ - ജനാധിപത്യസ്ഥാപനം എന്ന നിലയിൽ പൊതുയോഗം അത്യന്താപേക്ഷിതമാണ് എന്നാൽ നിയമാനുസരണം ഒന്നിലധികം പൊതുയോഗങ്ങൾ നിർബന്ധമാക്കുന്നത് അനഭിലഷണീയമാണ്. പൊതുയോഗം ആചരപരമാക്കി ചടങ്ങാക്കി മാറുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5) പ്രാതിനിധ്യ പൊതുയോഗം :- സംഘം പൊതുയോഗത്തെ പ്രാതിനിധ്യപൊതുയോഗമാക്കി ചുരുക്കുന്നത് അഭിലഷണിയമാണോ? അത് അംഗങ്ങളുടെ സംഘം പ്രവർത്തനത്തിലെ പങ്കാളിത്തം പരിമിതപ്പെടുത്താനല്ലേ വഴി വയ്ക്കുന്നത്? പ്രതിനിധികളുടെയും പങ്കാളിത്തത്തിൽ കുറവ് വന്നാൽ ജനാധിപത്യം തന്നെ ഇല്ലാതാകാനല്ലേ ഉപകരിക്കുകയുള്ള ജനാധിപത്യസമ്പ്രദായത്തിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത്? സഹകരണ സംഘം ഭരണസമിതിയംഗങ്ങളും ജീവനക്കാരും

അംഗങ്ങളുടെ പങ്കാളിത്തത്തെ ഭയക്കുന്ന സ്ഥിതി സഹകരണ സംഘം പ്രവർത്തനത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണ്.

6) പ്രാഥമിക കാർഷിക വായ്പ്പാ സംഘം:- പ്രാഥമിക കാർഷിക സംഘമെന്നതിന്റെ നിർവ്വചനത്തിൽ (സഹകരണ നിയമം വ.2.ഒ.എ.എ) കാർഷിക അനുബന്ധ മേഖലകളിൽ -മുൻഗണന മേഖലകളിൽ വായ്പ്പകൾ നൽകുന്നത് കൂടി മുഖ്യലക്ഷ്യമായി ഉൾപ്പെടുത്തണം. ഇതിലൂടെ വായ്പ്പാ സാദ്ധ്യതകൾ വർദ്ധിക്കുകയും കാർഷിക വായ്പ്പ സംഘമെന്ന അസ്തിത്വം നിലനിർത്താൻ സഹായകമാവുകയും, ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ് പ്രകാരമുള്ള നിർവ്വചനത്തിന് അനുയോജ്യമാവുകയും ചെയ്യും.

നബാർഡും പുനർവായ്പയും

കൃഷി, ചെറുകിട കുടിൽവ്യവസായം, കരകൗശലം തുടങ്ങിയ മേഖലകളിൽ തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകി സംയോജിത ഗ്രാമവികസനത്തിലൂടെ ഗ്രാമപുരോഗതി ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (നബാർഡ്) 1982ൽ രൂപീകരിച്ചത്. റിസർവ് ബാങ്കിന്റെ കീഴിലുണ്ടായിരുന്ന അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലകളും റിസർവ് ബാങ്കിന്റെ നിയന്ത്രണ പ്രോത്സാഹന ഉത്തരവാദിത്തങ്ങളും കാർഷിക വായ്പാ പുനർസഹായം നൽകേണ്ട കർത്തവ്യവും നബാർഡിനെ ഏൽപ്പിക്കുകയുണ്ടായി. വിളവായ്പ, ഉൽപാദനസാമഗ്രികളുടെ വിതരണം, ഉൽപന്നങ്ങളുടെ വിപണനം, നെയ്ത്തുസംഘങ്ങൾക്കു പ്രവർത്തന മൂലധനം തുടങ്ങി നാനാജാതി ഗ്രാമീണ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പുനർവായ്പാ സഹായം ആരംഭകാലം മുതൽ നബാർഡു നൽകിയിരുന്നു. ജില്ലാ ബാങ്കുകൾ അവയുടെ അംഗസംഘങ്ങൾക്കു ഹ്രസ്വകാല കാർഷിക വായ്പയായി നൽകുന്ന തുക മുഴുവനും ആദ്യകാലങ്ങളിൽ നബാർഡിൽ നിന്നും പുനർവായ്പാ സഹായമായി നൽകിയിരുന്നു. എന്നാൽ 1985-86 മുതൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാബാങ്കുകളുടെയും വായ്പാ വിതരണത്തിനുള്ള ആഭ്യന്തരവിഭവത്തിന്റെ യഥാക്രമം 25ഉം 40ഉം ശതമാനം വീതം ഹ്രസ്വകാല കാർഷിക വായ്പ നൽകാൻ ഉപയോഗിക്കണമെന്നും അവ നൽകുന്ന കാർഷിക വായ്പകളിൽ നിന്നും നിർദ്ദിഷ്ട വിഹിതം കഴിഞ്ഞുള്ള ഭാഗം മാത്രമേ നബാർഡ് സഹായമായി നൽകുകയുള്ളൂ എന്നും നിഷ്കർഷിക്കുകയുണ്ടായി. തുടർന്ന് 2004-05 മുതൽ ജില്ലാ സഹകരണ ബാങ്കുകൾ അംഗസംഘങ്ങൾക്കു നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ 35 ശതമാനം നബാർഡ് പുനർവായ്പയായി നൽകുമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വന്നു. അതോടൊപ്പം യോഗ്യതാമാനദണ്ഡങ്ങൾ കൂടുതൽ കർക്കശമാക്കുകയും ചെയ്തു. സംസ്ഥാന സഹകരണ ബാങ്കിനു മേൽസൂചിപ്പിച്ച യോഗ്യതകൾ നഷ്ടപ്പെട്ടു എന്ന കാരണം പറഞ്ഞുകൊണ്ട് സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കും കർഷക സമൂഹത്തിനും കഴിഞ്ഞ രണ്ടുവർഷമായി പുനർവായ്പാസഹായം നിഷേധിച്ചു. സംസ്ഥാന സഹകരണ ബാങ്ക് ഉയർന്ന പലിശ നൽകി സമാഹരിക്കുന്ന നിക്ഷേപം ഉപയോഗിച്ചു കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ നിർബന്ധിതമായി. ജില്ലാ സഹകരണ ബാങ്കുകൾക്ക് നബാർഡ് നിശ്ചയിച്ച യോഗ്യതകളെല്ലാം ഉണ്ടായിരിക്കെ വായ്പാ സഹായം നിഷേധിക്കുന്നത് ദേശീയ നയത്തിനും താൽപര്യത്തിനും വിരുദ്ധമാണ്. ഏതായാലും 2013-14 മുതൽ നബാർഡ് വായ്പ പുനരാരംഭിച്ചു.

മുൻഗണനാമേഖലയായ കാർഷിക മേഖലയ്ക്ക് രണ്ടുശതമാനം പലിശ നിരക്കിലായിരുന്നു പത്തുവർഷം മുമ്പ് ഹ്രസ്വകാല കാർഷിക വായ്പ ലഭ്യമാക്കിയിരുന്നതെങ്കിൽ ഘട്ടം ഘട്ടമായി അതുവർദ്ധിപ്പിച്ച് നാലുശതമാനമാക്കിയിരിക്കുകയാണ്. സഹകരണബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പയ്ക്കു രണ്ടുശതമാനം പലിശ കിഴിവ് നൽകിയിരുന്നതും കുറവുവരുത്തി ഒന്നര ശതമാനമാക്കിയിരിക്കുകയാണ്. കാർഷികമേഖല ഒഴികെയുള്ള മുൻഗണനാമേഖലയ്ക്കു സഹകരണ ബാങ്കുകളുടെ നിക്ഷേപ പലിശ നിരക്കിൽ കൂടുതൽ പലിശയാണ് നബാർഡ് വസൂലാക്കിക്കൊണ്ടിരിക്കുന്നത്. ലാഭേച്ഛയോടു കൂടി പ്രവർത്തിക്കാൻ ആരംഭിച്ചതോടെ കാർഷിക - ഗ്രാമ പുരോഗതി എന്ന ലക്ഷ്യത്തിൽ നിന്നു നബാർഡ് വ്യതിചലിച്ചിരിക്കുകയാണ്. കേരളത്തിലെ സഹകരണ മേഖലയുടെ രക്ഷയ്ക്കു നബാർഡിന്റെ ഈ സമീപനത്തിൽ മാറ്റം വരുത്തിയേ മതിയാകൂ. അതിനായി കക്ഷിരാഷ്ട്രീയത്തിന് അതീതമായ സമ്മർദ്ദം കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും മുകളിൽ ചെലുത്തണം.

3. മറ്റ് സഹകരണ സംഘങ്ങൾ

വായ്പാസഹകരണ സംഘങ്ങൾക്കു പുറമെ, കയർ, കൈത്തറി, ബീഡി, മത്സ്യം, ചെത്ത് തുടങ്ങിയ പരമ്പരാഗത മേഖലകളിൽ നൂറു കണക്കിന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമെ സഹകരണ ആശുപത്രികൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, മോട്ടോർ ട്രാൻസ്പോർട്ട് സംഘങ്ങൾ, ലേബർ കോൺട്രാക്ട് സംഘങ്ങൾ തുടങ്ങിയവയുമുണ്ട്. സാമൂഹിക ക്ഷേമം ലക്ഷ്യമാക്കിയും ഒരു പ്രത്യേക മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗം ആളുകളുടെ ക്ഷേമം ലക്ഷ്യമാക്കിയും മറ്റും ഒട്ടേറെ സഹകരണ സംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. എന്നാൽ, പൊതുവേ പറഞ്ഞാൽ വായ്പ സംഘങ്ങളിലെന്നപോലെ പങ്കാളിത്തമോ സാമ്പത്തിക കരുത്തോ ജീവനക്ഷമതയോ വായ്പേതര സഹകരണ സംഘങ്ങൾക്ക് കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

സഹകരണ വിദ്യാഭ്യാസ മേഖലയിൽ 'കേപ്പും' പരിയാരം മെഡിക്കൽ കോളേജും, എറണാകുളം സഹകരണ മെഡിക്കൽ കോളേജും പ്രമുഖ വിദ്യാഭ്യാസ

സംരംഭങ്ങളായി വളർന്നുകഴിഞ്ഞു. കേരളത്തിലുടനീളം 78 വിദ്യാഭ്യാസ സ്ഥാപനങ്ങളും 140 സഹകരണ ആശുപത്രികളുമായി പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും സുപ്രധാന സാന്നിദ്ധ്യമായി സഹകരണ മേഖല മാറിക്കഴിഞ്ഞു.

സഹകരണ പ്രസ്ഥാനം സാംസ്കാരിക രംഗത്തും ഇടപെടൽ നടത്തുകയുണ്ടായി. വർഷങ്ങളായി നിർജ്ജീവ അവസ്ഥയിലായിരുന്ന സാഹിത്യ പ്രവർത്തക സഹകരണ സംഘത്തെ കഴിഞ്ഞ ഇടതുപക്ഷ സർക്കാർ പുനരുദ്ധരിച്ചു. കുടിശ്ശികയായി കിടന്ന 2 കോടിയിലധികം രൂപയുടെ റോയൽറ്റി കൊടുത്തു. കേരളത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രസാധകശാലയായി ഇന്ന് എസ്പിസിഎസ് മാറിയിട്ടുണ്ട്.

കൺസ്യൂമർ ഫെഡ്

കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായി നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായപ്പോൾ സഹകരണ മേഖലയിൽ പൊതുവിതരണം ശക്തിപ്പെടുത്തി കൊണ്ടും സബ്സിഡി നല്കിയും വിപണിയിൽ ശക്തമായി കൺസ്യൂമർഫെഡ് ഇടപെടുകയും വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിച്ചു നിർത്തുകയും ചെയ്തു. ത്രിവേണി, നീതി സ്റ്റോർ, ത്രിവേണി സ്റ്റോർ, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണി, ഫ്ലോട്ടിംഗ് ത്രിവേണി തുടങ്ങിയ ശൃംഖലകളിലൂടെ ഗുണമേന്മയുള്ള ഉപഭോക്തൃ സാധനങ്ങൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിൽ സഹകരണ മേഖല ശ്രദ്ധിച്ചതോടൊപ്പം നെല്ല്, കൊപ്ര, തേങ്ങ തുടങ്ങിയവയുടെ താങ്ങുവിലയ്ക്കുള്ള സംഭരണത്തിലും കൺസ്യൂമർഫെഡ് ശ്രദ്ധിക്കുകയുണ്ടായി. എന്നാൽ ഈ സംവിധാനമാകെ ഇന്ന് തകർച്ചയിലാണ്. വ്യാപകമായി ആരംഭിച്ച നന്മ സ്റ്റോറുകൾ പൂട്ടിയ നിലയിലാണ്. അതീവഗൗരവമായ അഴിമതി ആരോപണങ്ങളും കൺസ്യൂമർ ഫെഡിന്റെ നടത്തിപ്പു സംബന്ധിച്ച് ഉയർന്നുവന്നു. അഭിമാനകരമായി മുന്നേറിയിരുന്ന ഉപഭോക്തൃ സഹകരണ മേഖലയെ യുഡിഎഫ് സർക്കാർ തകർത്തു.

പട്ടികജാതി-പട്ടികവർഗ സഹകരണ സംഘങ്ങൾ

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ സർവതോമുഖമായ പുരോഗതിയ്ക്കാണ് ഈ രംഗത്തു സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തു 734 പട്ടികജാതി സഹകരണ സംഘങ്ങളും 98 പട്ടികവർഗ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. അപ്പക്സ് സ്ഥാപനമായി ഒരു ഫെഡറേഷനും പ്രവർത്തിക്കുന്നു. ചെറുകിട വന ഉൽപന്ന സംഭരണം, വിപണനം മുതലായവ ഈ സംഘങ്ങളിലൂടെ നടത്തി ഈ വിഭാഗക്കാരുടെ ജീവിതസുരക്ഷിതത്ത്വം ഉറപ്പുവരുത്തുന്നുണ്ട്. എന്നാലിത് തുലോം പരിമിതമാണ്. അംഗങ്ങളുടെ സാമ്പത്തിക സാമൂഹ്യ ഉന്നമനത്തിനു പട്ടികജാതി പട്ടികവർഗ ജനവിഭാഗങ്ങൾക്കുള്ള ധനസഹായം പ്രാഥമിക വായ്പാസംഘങ്ങളിലൂടെ നൽകാനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

ആശുപത്രികൾ

കേരളത്തിലെ ആരോഗ്യമേഖലയിൽ ശക്തമായൊരു സാന്നിധ്യമായി സഹകരണ മേഖല മാറിയിട്ടുണ്ട്. ഇപ്പോൾ 201 സഹകരണ ആശുപത്രികളും ഡിസ്പെൻസറികളും 1.69 ലക്ഷം അംഗങ്ങളാണുള്ളത്. 99 കോടി രൂപയുടെ ഓഹരി മൂലധനത്തിൽ 13 കോടി രൂപയാണ് സർക്കാരിന്റെ വിഹിതം. ഇവയുടെ സ്ഥിരമൂലധനം 39 കോടി രൂപയാണ്. 28 സംഘങ്ങൾ ലാഭത്തിലും 66 സംഘങ്ങൾ നഷ്ടത്തിലുമാണ്. 97സംഘങ്ങൾ നഷ്ടവും ലാഭവുമില്ലാതെ പ്രവർത്തിക്കുന്നു.

ലേബർ കോൺട്രാക്ട് സൊസൈറ്റികൾ

1957ലെ സർക്കാരാണ് ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ആരംഭിച്ചത്. എന്നാൽ രാഷ്ട്രീയവിവാദത്തിൽപ്പെട്ട് അവയുടെ പ്രവർത്തനം മന്ദീഭവിച്ചു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടാണ് പിന്നീട് ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് പുതു ജീവൻ ലഭിച്ചത്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇന്ന് ലോക പ്രസിദ്ധമാണ്. കേരളത്തിലെ ഏറ്റവും വലിയ നിർമ്മാണ കമ്പനികളിലൊന്നായി ഈ സംഘം വളർന്നിട്ടുണ്ട്. ഏറ്റവും ആധുനികമായ യന്ത്രസാമഗ്രികളും സ്വന്തമായി ഡിസൈൻ ഡിപ്പാർട്ടുമെന്റുമുണ്ട്. കേവലം നിർമ്മാണ കോൺട്രാക്ടർ എന്ന സ്ഥാനത്തു നിന്ന് ഐടി പാർക്കും ഹൗസിലും കോളനികളും നിർമ്മിച്ച് നൽകുന്ന സേവനദാതാവുമായി മാറിയിട്ടുണ്ട്. ഐടി, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലേയ്ക്ക് സംഘം വൈവിദ്ധ്യവത്കരിച്ചിരിക്കുന്നു. ഊരാളുങ്കൽ മാതൃകയിൽ ചില സംഘങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ ലേബർ കോൺട്രാക്ട് സൊസൈറ്റികളെക്കുറിച്ച് പൊതുവിൽ ഇങ്ങനെ പറയാനാവില്ല. 528 സംഘങ്ങളുള്ളതിൽ 228 എണ്ണം പ്രവർത്തിക്കുന്നില്ല. 1.6 കോടിയാണ് ഓഹരി മൂലധനം. 77 സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുമ്പോൾ 184 എണ്ണം നഷ്ടമാണ്. 187 എണ്ണം ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിലാണ്.

ക്ഷീരവ്യവസായ സഹകരണ മേഖല

കേരളത്തിലെ ക്ഷീരവ്യവസായ സഹകരണ മേഖലയ്ക്ക് എട്ടുപതിറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുണ്ട്. ഇന്നു കേരളത്തിൽ 2808 ആനന്ദ് മാതൃകാ സഹകരണ സംഘങ്ങൾ ഉൾപ്പെടെ 3155 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ അപ്പെക്സ് സ്ഥാപനമാണ് മിൽമ. സംസ്ഥാനത്തെ എട്ടുലക്ഷത്തിൽപരം കർഷകരെ പ്രതിനിധീകരിക്കുന്ന അപ്പെക്സ് സ്ഥാപനമാണിത്. പ്രതിദിനം 9.4 ലക്ഷം ലിറ്റർ പാൽ മിൽമയിലൂടെ കൈകാര്യം ചെയ്യുന്നു. ക്ഷീരകർഷകർക്കു ആശ്വാസമെത്തിക്കാൻ ഈ രംഗത്തെ സഹകരണ സംഘങ്ങൾക്കു സാധിച്ചിട്ടുണ്ടെങ്കിലും

പാലിന്റെ ഉൽപാദനച്ചെലവിന് അനുസരിച്ച് വില ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. പാലിന്റെ വിപണനം കൂടുതൽ കാര്യക്ഷമമാക്കിയും മൂല്യവർദ്ധന ഉറപ്പാക്കിയും മാത്രമേ ഉപഭോക്താക്കൾ നൽകുന്ന വിലയുടെ അർഹമായ പങ്ക് കർഷകർക്ക് എത്തിക്കാൻ കഴിയൂ. വിപണനത്തിലെന്നപോലെ ക്ഷീരോത്പാദനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും കൃഷിക്കാർക്കു മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയണം.

മത്സ്യസഹകരണ സംഘങ്ങൾ

അപ്പെക്സ് സ്ഥാപനമായ മത്സ്യഫെഡും അതിന്റെ കീഴിൽ 705 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കു വളളം, വല, ഔട്ട് ബോർഡ് എഞ്ചിൻ എന്നിവ വാങ്ങുന്നതിനും വനിതകൾക്കു വിപണനത്തിനും ധനസഹായം പ്രാഥമിക സംഘങ്ങൾ വഴി ലഭ്യമാക്കുന്നുണ്ട്. ദേശീയ സഹകരണ വികസന കോർപറേഷന്റെ വായ്പാസൗകര്യവും ലഭ്യമാക്കുന്നുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്ന മത്സ്യത്തൊഴിലാളികളിൽ 45 ശതമാനം ദാരിദ്ര്യരേഖയ്ക്കു താഴെയുളളവരാണ്.

കയർ

സഹകരണ പ്രസ്ഥാനത്തിന്റെ ശക്തമായ സാന്നിദ്ധ്യമുളള മേഖലയാണ് കയർ രംഗം. ഈരംഗത്തു പ്രവർത്തിച്ചിരുന്ന 824 സംഘങ്ങളിൽ 385 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തനക്ഷമമായുളളൂ. ഈ 385 സംഘങ്ങളിലായി രണ്ടു ലക്ഷം അംഗങ്ങളുണ്ടെന്നാണ് കണക്ക്. പക്ഷേ, 46 കോടിയുടെ ഉൽപാദനവും 26 കോടി രൂപയുടെ കൂലിയുമാണ് 2013-14ൽ ആകെ നൽകിയത്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 77 കയർ ഉൽപന്ന സംഘങ്ങളിൽ 7895 തൊഴിലാളികളുണ്ട്. പക്ഷേ, മൊത്തം ഉൽപാദനം 83 കോടി രൂപയും കൂലി 6 കോടി രൂപയുമാണ്. ഇപ്പോൾ ചെറുകിട കയർ ഉൽപന്ന വ്യവസായികളുടെ 62 സംഘങ്ങൾ കൂടി നിലവിലുണ്ട്. കഴിഞ്ഞ രണ്ടുദശാബ്ദങ്ങളിൽ പരമ്പരാഗത മേഖലയ്ക്കുണ്ടായ മുരടിപ്പും തിരിച്ചടിയും സഹകരണരംഗത്തെയും ബാധിച്ചു. കയർ സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിന് ഒട്ടേറെ നടപടികൾ ആനത്തലവട്ടം ആനന്ദൻ കമ്മിഷൻ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എൽഡിഎഫ് സർക്കാർ സ്വീകരിച്ചു. ജീർണിച്ചതും പ്രവർത്തനരഹിതമായതുമായ സംഘങ്ങൾ പ്രവർത്തനക്ഷമതയോടെ സംയോജിപ്പിച്ചും അവയ്ക്ക് ഉദാരമായ പിന്തുണ നൽകുകയുമാണ് ചെയ്യേണ്ടത്. നിലവിലുളള സംഘങ്ങൾക്ക് തുച്ഛമായ തൊഴിൽ അവസരങ്ങൾ മാത്രമേയുളളൂ. പക്ഷേ, ഈ സന്ദർഭത്തിലും പുതിയ നൂറിൽപ്പരം സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനാണ് യുഡിഎഫ് സർക്കാർ ശ്രമിക്കുന്നത്. നാം കണ്ടതുപോലെ അപ്പെക്സ് സംഘമായ കയർഫെഡ് തകർച്ചയിലാണ്. സംഘങ്ങൾക്ക് ഉൽപാദനച്ചെലവിന് അനുസൃതമായ വില നൽകാൻ കഴിയുന്നില്ല.

കൈത്തറി

കൈത്തറി മേഖലയിലെ തൊഴിലാളികളിൽ 96 ശതമാനവും സഹകരണ മേഖലയിലാണ്. 705 പ്രാഥമിക സഹകരണ സംഘങ്ങളിൽ 171 എണ്ണം ഫാക്ടറി മാതൃകയിലുളളവയാണ്. എന്നാൽ കൈത്തറി ഉൽപാദനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇന്ന് യഥാർത്ഥത്തിൽ തൊഴിലുളള നെയ്ത്തുകാരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ കണക്കുപ്രകാരം 12000 കുടുംബങ്ങൾ മാത്രമാണ് കൈത്തറി മേഖലയിലുളളത്. കേരള സർക്കാരിന്റെ എണ്ണം 57000 - ആണ്. യാഥാർത്ഥ്യം ഇതിനിടയിലെവിടെയോ ആണ്. വിപണിയാണ് മുഖ്യപ്രശ്നം. നൂലിന്റെ വിലയും ലഭ്യതയും സംഘങ്ങളെ വലയ്ക്കുന്നുണ്ട്.

4. പുനരുദ്ധാരണ നിർദ്ദേശങ്ങൾ

കാർഷിക വായ്പകൾ

1. കാർഷിക മേഖലയിൽ കൂടുതൽ വായ്പകൾ നൽകിക്കൊണ്ടു മാത്രമേ നമ്മുടെ പ്രാഥമിക സഹകരണ സംഘങ്ങളെ നിലനിർത്താനാവൂ. അമ്പതു ശതമാനമെങ്കിലും കാർഷിക വായ്പകളുണ്ടെങ്കിലേ പ്രാഥമിക കാർഷിക വായ്പാസംഘങ്ങളായുളള അംഗീകാരം കിട്ടൂ. അല്ലാത്തവ ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ പോകേണ്ടി വരും. ഈ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് കാർഷിക വികസനത്തിനുളള സമഗ്ര പരിപാടികൾ ആവിഷ്കരിക്കേണ്ടതിന്റെ പ്രസക്തിയേറുന്നു. ഇത്തരത്തിൽ ഒരു സമഗ്ര പരിപാടിയുടെ ഭാഗമായി വായ്പ നൽകുന്നത് ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനും തിരിച്ചടവിനും സഹായകരമായിരിക്കും.
2. കാർഷിക അനുബന്ധ മുൻഗണനാ മേഖലയിൽ വരുന്നതായ കർഷകരുടെ ഉല്പാദന കമ്പനികൾ ഉൾപ്പെടുന്ന കോർപ്പറേറ്റുകൾക്കുളള വായ്പകൾ, കൃഷി അനബന്ധപ്രവർത്തനങ്ങളിൽ നേരിട്ട് ഏർപ്പെടുന്ന പങ്കാളിത്ത സംരംഭകർ, കർഷക സഹകരണ സംഘങ്ങൾ, വളം, കീടനാശിനികൾ, വിത്തുകൾ, കാലിത്തീറ്റ, കോഴിത്തീറ്റ കാർഷിക യന്ത്രസാമഗ്രികൾ, കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉല്പാദനോപാദികൾ എന്നിവ വിതരണം/ വില്പന നടത്തുന്നവർക്കുളള വായപ തുടങ്ങിയവ മുൻഗണന മേഖലയായി നിശ്ചയിക്കപ്പെട്ടു. (സാമ്പത്തിക അവലോകനം 2014 2.162 മുതൽ 2.165 വരെ). ആയതിനാൽ കാർഷിക വായ്പ വർദ്ധിപ്പിക്കാനുളള സാദ്ധ്യതകൾ വർദ്ധിച്ചിരിക്കുകയാണ്.
3. കാർഷിക അനുബന്ധമേഖലകളിൽ വായ്പ നൽകുന്നതിനുളള ബൈലാ ഭേദഗതികൾ തയ്യാറാക്കി ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അനുമതി ഓരോ ബാങ്കുകളും വാങ്ങണം. ഇതിന് ബാങ്ക് ഉദ്യോഗസ്ഥരുടെയും ബന്ധപ്പെട്ട മേഖലയിലെ ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധരുടെയും കർഷകരുടെയും

ശില്പശാലകളിൽ വച്ച് ഉപനിബന്ധനകൾ തയ്യാറാക്കുക.

4. വായ്പ ഉപയോഗിച്ച് തരിശ് ഭൂമിയിലും നിലവിലുള്ള കൃഷിയിടങ്ങളിലും ഉടമസ്ഥരെയോ/പാട്ടവ്യവസ്ഥയിൽ കൃഷി ചെയ്യാൻ തല്പരരായ സംരംഭകരെയോ കണ്ടെത്തുക. കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനി, തൊഴിൽ ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ, ജലസേചന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള വായ്പ ലഭ്യമാക്കുക. യന്ത്രസാമഗ്രികൾ ഉപയോഗിക്കാനും കൃഷിരീതികൾ പ്രാവർത്തികമാക്കാനും ആവശ്യമായ പരിശീലനങ്ങളും പരിശീലനസംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കുക.

5. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും അവയുടെ സംഭരണത്തിനും വിപണനത്തിനും ആവശ്യമായ സംവിധാനങ്ങൾക്കുള്ള വായ്പകൾ നൽകുക. ആധുനിക കൃഷിരീതികൾ പ്രചരിപ്പിക്കുന്ന എല്ലാ സർക്കാർ സർക്കാരിതര സ്ഥാപനങ്ങളെയും ഈ സംരംഭവുമായി കൂട്ടിയോജിപ്പിക്കുക. ഇതിന് സഹായകരമായ നിലയിൽ സഹകരണ വകുപ്പ് വാർഷിക പദ്ധതിയിലെ കർഷക സേവനം കേന്ദ്രം പരിപാടിയെ പ്രയോജനപ്പെടുത്തുക. ഇത് ഒരു സഹകരണ വായ്പാമേളയായിട്ടല്ല അതിലുപരിയായി കേരളത്തിന്റെ സഹകരണ പ്രസ്ഥാനം നേതൃത്വം നൽകുന്ന ഒരു കാർഷിക മുന്നേറ്റമായി ഇതിനെ രൂപപ്പെടുത്തിയെടുക്കാൻ കഴിയണം. കാർഷിക വായ്പ നൽകാൻ കഴിയുന്നതോടെ നിക്ഷേപ വായ്പാ അനുപാതം സ്വാഭാവികമായി ഉയരുകയും റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ സംഘങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെവരുകയും ചെയ്യും.

6. സഹകരണ രംഗത്തെ അധിക ഫണ്ട് ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ തദ്ദേശസ്വയം ഭരണ സർക്കാരുകൾക്കോ, സംസ്ഥാന സർക്കാരിനോ സാമൂഹ്യ വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഇ.എം.എസ്. ഹൗസിംഗിൽ ഉപോയഗപ്പെടുത്തിയതുപോലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കാവുന്നതാണ്.

7. നെൽകൃഷി, പച്ചക്കറികൃഷി തുടങ്ങിയ ഹ്രസ്വകാല കാർഷിക വായ്പ വിതരണവുമായി ബന്ധപ്പെട്ട പോരായ്മകൾ പരിഹരിക്കുവാനും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുവാനും ഉൽപന്നങ്ങളുടെ വിപണനത്തിനും ഒരു സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടതാണ്. പ്രാഥമിക കാർഷിക വായ്പ സംഘം പ്രസിഡന്റ്, സെക്രട്ടറി, കൃഷി വകുപ്പുദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയവർ അംഗങ്ങളായുള്ള ഒരു സമിതി സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിലെ കൃഷി ചെയ്യുവാൻ ആവശ്യമായ സാമ്പത്തികസഹായ തുകതുടങ്ങിയവ സമിതിയിൽ അവലോകത്തിനു വിധേയമാക്കണം. കർഷകർക്ക് നേരിട്ടുവായ്പ നൽകുന്നതോടൊപ്പം പാടശേഖരസമിതിയ്ക്കും കുടുംബശ്രീ സ്വാശ്രയ ഗ്രൂപ്പുകൾക്കും വായ്പ ലഭ്യമാക്കണം. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാന്റും മറ്റു സഹായങ്ങളും വായ്പ അക്കൗണ്ടിലേക്ക് വരവു വയ്ക്കണം. കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വായ്പസംഘം തന്നെ സംഭരിച്ച് സഹകരണ മേഖലയിലുള്ള സംസ്കരണ വിപണന സ്ഥാപനങ്ങളിലൂടെ മൂല്യവർദ്ധനവു വരുത്തി സബ്സിഡി നിരക്കിൽ കുടുംബശ്രീ സ്വാശ്രയ ഗ്രൂപ്പുകളുടെ സഹായത്തോടുകൂടി വിപണനം നടത്താവുന്നതാണ്. മേൽസൂചിപ്പിച്ച വിധമുള്ള മാറ്റം കാർഷിക മേഖലയിൽ സാധ്യമാകുവാൻ സർക്കാർ തലത്തിൽ സഹകരണ –കൃഷി തദ്ദേശഭരണ വകുപ്പുകളെ കൂട്ടിയോജിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

വായ്പയും പലിശയും

8. പുനഃ വായ്പ സ്വീകരിച്ച് നൽകുന്ന ഹ്രസ്വകാല വായ്പകളിൽ നിന്ന് ബാങ്കുകൾക്ക് ലഭിക്കുന്ന പലിശ മിച്ചം 0.5 ശതമാനവും, കാർഷികേതര വായ്പകളിൽ നിന്നും ലഭിക്കുന്ന പലിശ 1 ശതമാനവുമാണ്. ഇതിനേക്കാൾ കൂടുതൽ മാനേജ്മെന്റ് ചിലവുകൾ ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കാൻ കഴിയുന്ന രീതിയിൽ മാർജിൻ സംരക്ഷിക്കപ്പെടണം.

9. സംസ്ഥാനതലത്തിൽ മേൽതട്ട് സ്ഥാപനത്തിൽ നിന്നും അംഗസംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ശാസ്ത്രീയമായ വായ്പകൾക്ക് ശാസ്ത്രീയമായ രീതിയിൽ പലിശ നിശ്ചയിക്കുന്നില്ല. ഇത് പരിശോധിക്കപ്പെടണം.

10. സംസ്ഥാന സഹകരണ ബാങ്കും, ജില്ല സഹകരണ ബാങ്കുകളും അവ വ്യക്തികൾക്ക് നൽകുന്ന വായ്പകൾക്കും അംഗസംഘങ്ങൾക്ക് നൽകുന്ന വായ്പ്പകൾക്കും ഇപ്പോൾ ഒരേ നിരക്കാണ് ഈടാക്കുന്നത്. ഇതിന് പകരം ഇവയ്ക്ക് വെവ്വേറെ അടിസ്ഥാന നിരക്കുകൾ നിശ്ചയിക്കണം. ഇത് മാസം തോറുമോ, പാദവാർഷികമായോ അവലോകനം ചെയ്യാൻ നടപടിയും ഉണ്ടാകണം.

11. പ്രാഥമിക സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വായ്പ്പ എടുക്കുന്നത് കുറഞ്ഞ് വരുകയും അതിന്റെ ഫലമായി താഴെതട്ട് സംഘങ്ങളുടെ പരിശോധനകളും കുറഞ്ഞുവരുന്നു. സാമ്പത്തിക മാനേജ്മെന്റിൽ മേൽ തട്ട് സ്ഥാപനങ്ങളുടെ വൈദഗ്ദ്ധ്യം അപെക്സ് സ്ഥാപനമെന്ന നിലയിൽ താഴെതട്ട് സ്ഥാപനങ്ങൾക്ക് നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

12. ഏത് സഹകരണ ബാങ്കിന്റെയും നിക്ഷേപം പരിശോധിച്ചാൽ ചിലവുകുറഞ്ഞ നിക്ഷേപങ്ങൾ താര

തമ്യേന കുറവാണെന്ന് കാണാം. ഓരോ നിക്ഷേപ സമാഹരണത്തിലൂടെയും ചിലവുകൂടിയ നിക്ഷേപങ്ങൾ വർദ്ധിക്കുകയും എന്നാൽ ആനുപാതികമായി പോലും ചിലവുകുറഞ്ഞ നിക്ഷേപങ്ങളായ കറന്റ് അക്കൗണ്ട്, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളും വർദ്ധിക്കുന്നതായി കാണുന്നില്ല. ആയതിനാൽ ചിലവുകുറഞ്ഞ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകണം.

13. ലാഭത്തിൽ നിന്ന് മാറ്റിവെയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം ഒന്നികിൽ അതത് സംഘത്തെ ഏൽപ്പിക്കുകയോ അല്ലെങ്കിൽ സംസ്ഥാന തലത്തിൽ സ്വതന്ത്രമായ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. സഹകരണ മന്ത്രിയുടെ നേതൃത്വത്തിൽ വിനിയോഗിക്കുന്നത് ജനാധിപത്യപരമല്ല.

14. സ്വന്തം ഫണ്ടിൽ അധികരിച്ച് സഞ്ചിത നഷ്ടമുള്ള സംസ്ഥാന സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാരിന്റെ ഓഹരി മൂലധനപങ്കാളിത്തം വർദ്ധിപ്പിക്കുകയും അപ്പെക്സ് സംഘങ്ങൾക്കു നൽകിയിട്ടുള്ളതും നിഷ്ക്രിയ വായ്പ ആയി തീർന്നതുമായ വായ്പകൾ സ്റ്റാൻഡേർഡ് വായ്പകളാക്കുകയും ചെയ്യണം.

മറ്റുള്ളവ

15. കേരളത്തിന്റെ സഹകരണപ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് ഒരു ഏകീകൃത സോഫ്റ്റ് വെയറും, കണക്റ്റ്വിറ്റിയും ഐ.റ്റി.അധിഷ്ഠിതമായി അനിവാര്യമാണ്. കേരളത്തിലെ എല്ലാ സഹകരണ സംവിധാനങ്ങളെയും കൂട്ടിയോജിപ്പിക്കുന്ന ഒരു ബൃഹത്തായ വിവരവ്യൂഹമാണ് വേണ്ടത്. ഇതു നടപ്പാക്കുന്നതിനു വേണ്ട പ്രത്യേക സഹകരണ ഏജൻസിയ്ക്കു രൂപം നൽകണം.

16. സ്വന്തം ഫണ്ടും ചിലവുകുറഞ്ഞ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പദ്ധതിയുണ്ടാകണം. സംഘങ്ങളുടെ സ്വന്തം ഫണ്ട് എന്ന് കണക്കാക്കുന്നത് ഓഹരി മൂലധനവും ലാഭത്തിൽ നിന്നും മാറ്റിവെയ്ക്കുന്ന കരുതലുകളും ചേർന്നതാണ്. എന്നാൽ ഈ കരുതൽ തുക സാധാരണ ഗതിയിൽ വളരെ ചെറുതാണ്. ആയതിനാൽ ഈ തുക വർദ്ധിപ്പിക്കാൻ കഴിയുന്ന വിധം സഹകരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തണം.

17. വായ്പേതര സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിക്കേണ്ട നടപടികൾ ബന്ധപ്പെട്ട മേഖലകളുടെ അധ്യായങ്ങളിൽ നൽകിയിട്ടുണ്ട്. സഹകരണ മേഖലയിലെ ഉല്പാദനസംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് ചുമത്തുന്ന നികുതി തുകയ്ക്ക് തുല്യമായി സബ്സിഡി നൽകണം.

18. പ്രാഥമിക കാർഷിക വായ്പ സംഘങ്ങളും ഗ്രാമ പഞ്ചായത്തുകളും കൂടുതൽ ദൃഢതരമായ ബന്ധം കാർഷിക ഗ്രാമ പുരോഗതിക്കായി ഉണ്ടാകേണ്ടതുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഏജൻസിയായി ആ പഞ്ചായത്തിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘം മാറേണ്ടതാണ്. അതിനു സഹായകമാവും വിധം തദ്ദേശ ഭരണ നിയമത്തിലും സഹകരണ നിയമത്തിലും വേണ്ട മാറ്റം വരുത്തേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളുടെ എല്ലാ ബാങ്ക് അക്കൗണ്ടുകളും സഹകരണ സർവീസ് ബാങ്കുകളിലേക്ക് മാറ്റിക്കൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ ധനകാര്യ ഏജൻസിയായും വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ സ്രോതസ്സായി പ്രാഥമിക വായ്പാസംഘങ്ങൾക്ക് മാറാൻ കഴിയണം. പ്രാഥമിക വായ്പ സംഘങ്ങളുടെ മിച്ചവിഭവങ്ങൾ അതാതു ഗ്രാമത്തിലെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനും വാണിജ്യ ബാങ്കുകളെ വായ്പ ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന ഗ്രാമീണരെ സഹകരണ കുടക്കീഴിൽ കൊണ്ടുവരുന്നതിനും വായ്പ തിരിച്ചടവു ഉറപ്പാക്കുന്നതിനും സഹായകമാവും വിധം തദ്ദേശ ഭരണ സംസ്ഥാനങ്ങളും പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുമായുള്ള സഹകരണം വളരേണ്ടതാണ്.

അവലംബം

2. Chalakkal John M.(1987): "Co-operative Movement In Kerala", State Institute Of Languages, Trivandrum
3. Mohandas M and PV Praveen Kumar (1992): "Impact of Co-operativisation on Working Condition, A Study of Beedi Industry in Kerala", Economic and Political Weekly, 27(26).
4. Raghavan, Pyarelal: "Growth and Performance of Industrial Cooperatives in Kerala", Phd, diss, Centre for Development Studies, Thiruvananthapuram,
5. Rajagopalan V (1986): The Handloom Industry in North and South Kerala, A Study of Production and Marketing Structure, M.Phill diss., Centre for Development Studies.
6. Thomas Isaac, TM. P A Van Stuivenberg and K N Nair (1992): "Modernisation and Employment: The Coir Industry in Kerala, Indo - Dutch Studies on Developmental Alternatives", Sage Publications, New Delhi.
7. Kumar KG (1988): "Organising Fisherfolk Cooperatives in Kerala", Economic and Political Weekly
8. Thomas Isaac, Michelle Williams, Constructing Alternatives, The Story of India's Oldest Construction Workers Cooperatives, 2016 (Forth Coming)

അധ്യായം 14

ജനാധിപത്യ അധികാര വികേന്ദ്രീകരണം

അധികാരവികേന്ദ്രീകരണത്തിന്റെ ലക്ഷ്യം ഭരണം കൂടുതൽ ജനായത്തപരമാക്കുക മാത്രമല്ല. ചെറുകിട ഉൽപാദന മേഖലയിലെ ഉൽപാദനക്ഷമതയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിനും സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാദേശിക പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിനും സഹായിക്കുന്ന ജനപങ്കാളിത്ത വികസനചട്ടക്കൂടിനു രൂപം നൽകാനും അത് ലക്ഷ്യമിടുന്നു. ഇതിനു മുമ്പുള്ള അധ്യായങ്ങളിൽ ബന്ധപ്പെട്ട വികസനമേഖലകളെക്കുറിച്ച് മുന്നോട്ടുവെച്ചിട്ടുള്ള കാര്യപരിപാടി നടപ്പാക്കുന്നതിൽ പ്രാദേശികസർക്കാരുകൾക്ക് നിർണായക പങ്ക് നിർവഹിക്കാനാവും.

ഇതിനു മുമ്പ് നടന്ന പഠന കോൺഗ്രസ്സുകളിൽ ഉയർന്നുവന്ന ചർച്ചകളും നിർദ്ദേശങ്ങളും കേരളത്തിലെ അധികാര വികേന്ദ്രീകരണ പരിഷ്ക്കാരങ്ങൾക്ക് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. 1996 മുതൽ 2001 വരെ കേരളത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനമാണ് അധികാര വികേന്ദ്രീകരണം യഥാർഥ്യമാക്കിയത്. ജനകീയാസൂത്രണം രണ്ടു പതിറ്റാണ്ടു പിന്നിടുമ്പോഴാണ് നാലാം പഠനകോൺഗ്രസ് ചേരുന്നത്. ഇതുവരെയുള്ള അനുഭവങ്ങളെ വിമർശനപരമായി പരിശോധിക്കുന്നതിന് അധികാരവികേന്ദ്രീകരണത്തെ ദുർബലപ്പെടുത്തുന്നതിനുമുള്ള വലതുപക്ഷ കുതന്ത്രങ്ങളെ പ്രതിരോധിക്കുന്നതിനും ഭാവിയിലേയ്ക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനും ഇതൊരു നിമിത്തമാകണം.

1. അധികാരവികേന്ദ്രീകരണത്തിന്റെ നേട്ടകോട്ടങ്ങൾ

1957ൽ അധികാരവികേന്ദ്രീകരണത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ കേരളത്തിൽ തുടങ്ങിയെങ്കിലും പല കാരണങ്ങൾ കൊണ്ടും ഇക്കാര്യത്തിൽ ഇന്ത്യയിലേറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നായിരുന്നു കേരളം. ബ്ലോക്കു പഞ്ചായത്തുകൾ കേരളത്തിലൊരിക്കലും ഉണ്ടായിട്ടില്ല. ജില്ലാ കൗൺസിൽ രൂപീകരിക്കുന്നതിനു മുമ്പ് ജില്ലാ ഭരണകൂടങ്ങളും ഉണ്ടായിട്ടില്ല. എന്നാലിന്ന്, അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്ന ബഹുമതി തുടർച്ചയായി കേരളത്തിനാണു ലഭിക്കുന്നത്. ഇതാണ് ജനകീയാസൂത്രണത്തിന്റെ നേട്ടത്തിന്റെ ഏറ്റവും നല്ല സൂചിക. ഇതുവരെയുള്ള അനുഭവങ്ങളുടെ നേട്ടകോട്ടങ്ങൾ വളരെ ചുരുക്കി പരിശോധിക്കാനാണ് ഒരുമ്പെടുന്നത്.

പണവും അധികാരവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ 35 ശതമാനം വരെ പണം കൈമാറുമെന്ന പ്രഖ്യാപനത്തോടെയാണ് ജനകീയാസൂത്രണം ആരംഭിച്ചത്. ഇത് യാഥാർത്ഥ്യമാവുകയും ചെയ്തു. തുകയുടെ തോത് പിന്നീട് കുറഞ്ഞുവെങ്കിലും മറ്റേതു സംസ്ഥാനത്തെക്കാളും കൂടുതൽ വികസനഫണ്ട് കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇന്ന് ലഭിക്കുന്നു. ഫിനാൻസ് കമ്മിഷനുകളുടെ അവാർഡുകൾ കൃത്യ

മായി നടപ്പാക്കുന്ന അപൂർവം സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. സർക്കാരുകൾ മാറിമാറി വരികയും സംസ്ഥാന സർക്കാരിന് ഗൗരവമായ പ്രതിസന്ധികളുണ്ടായിട്ടും തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതം വെട്ടിക്കുറയ്ക്കാൻ ആരും ധൈര്യപ്പെട്ടിട്ടില്ല. ഇങ്ങനെ അന്യാദൃശ്യമായ രീതിയിൽ സ്വതന്ത്രമായി വിനിയോഗിക്കാവുന്ന പണം താഴേയ്ക്കു വിന്യസിച്ചു കഴിഞ്ഞു എന്നുള്ളതാണ് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം.

പണം ചെലവഴിക്കുന്നതിന് ജനപങ്കാളിത്തത്തോടെ സുതാര്യമായി പരമാവധി സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള ജനകീയാസൂത്രണ സംവിധാനവും ആവിഷ്കരിച്ചു. വർഷംതോറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുതാര്യവും ജനകീയവും ശാസ്ത്രീയവുമായ രീതിയിൽ പ്രാദേശികപദ്ധതികൾ തയ്യാറാക്കിവന്നത് സമാനതകളില്ലാത്ത അനുഭവമാണ്. കേന്ദ്ര ആസൂത്രണ കമ്മിഷൻ കേരളത്തിലെ രീതിസമ്പ്രദായത്തെ അംഗീകരിക്കുകയും മറ്റു സംസ്ഥാനങ്ങൾക്ക് മാർഗനിർദ്ദേശമായി നൽകുകയും ചെയ്തിട്ടുണ്ട്. ഇരുപതു വർഷം പിന്നിടുമ്പോഴും ജനകീയാസൂത്രണം ആവിഷ്കരിച്ച രീതിസമ്പ്രദായത്തിൽ അടിസ്ഥാനപരമായ പരിഷ്കാരങ്ങൾ ആവശ്യമായിത്തീർന്നിട്ടില്ല. ഓരോ പ്രദേശത്തിന്റേയും വികസന സാധ്യതകൾക്കനുസൃതമായി നൂതനവും ഭാവനാപൂർണ്ണവുമായ വികസന പ്രൊജക്ടുകളും ജനകീയ സംഘടനാ സംവിധാനങ്ങളും സൃഷ്ടിക്കുന്നതിനുള്ള അവസരം കേരളത്തിൽ സംജാതമായി (ഡോ: കെ.പി കണ്ണൻ, 2015).

നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതലകളുമായി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ സ്ക്കൂൾ, ആശുപത്രി തുടങ്ങിയവയുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തു. മറ്റ് സർക്കാർ ഡിപ്പാർട്ട്മെന്റ് പ്രാദേശിക ഓഫീസുകൾ ഡിപ്പാർട്ടുമെന്റിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും കൂട്ടച്ചുമതലയിലാക്കി. അപര്യാപ്തമെങ്കിലും ഉദ്യോഗസ്ഥ പിന്തുണാസംവിധാനത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്.

ആസ്തികളും സേവനങ്ങളും

ഈ മാറ്റത്തിന്റെ ഏറ്റവും വലിയ ഗുണഫലമുണ്ടായത് ഗ്രാമീണ റോഡുകളുടെയും ഗ്രാമീണ ഭവനങ്ങളുടെയും നിർമ്മാണത്തിലാണ്. ജനകീയാസൂത്രണത്തിന്റെ അഞ്ചുവർഷം കൊണ്ട് കേരള സംസ്ഥാനം രൂപീകൃതമായതുമുതൽ ആകെ സൃഷ്ടിക്കപ്പെട്ട റോഡു ദൈർഘ്യത്തെക്കാൾ കൂടുതൽ റോഡുകൾ കേരളത്തിൽ സൃഷ്ടിക്കപ്പെട്ടു. പ്രാദേശിക ഗതാഗതസൗകര്യങ്ങളിൽ അനുഭവവേദ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ വാസയോഗ്യമായ വീടുകൾ ഇല്ലാത്തവരുടെ എണ്ണം ഇന്ന് 4-5 ലക്ഷത്തിൽ അധികരിക്കില്ല. 20 വർഷങ്ങൾക്കിടയിൽ 12 ലക്ഷം വീടുകളെങ്കിലും കേരളത്തിൽ വിതരണം ചെയ്യപ്പെട്ടു.

സേവനപ്രദാനത്തിൽ നിശ്ചയമായും അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി മെച്ചപ്പെടലുണ്ടായിട്ടുണ്ട്. ഇതിനു നല്ല ഉദാഹരണമാണ് പൊതുജനാരോഗ്യവും പൊതുവിദ്യാഭ്യാസവും. പ്രാദേശിക സർക്കാരുകളുടെ മുൻകൈയിൽ പൊതുജനാരോഗ്യകേന്ദ്രങ്ങളെയും സ്ക്കൂളുകളെയും എങ്ങനെ മെച്ചപ്പെടുത്താം എന്നതിന് ഉദാഹരണങ്ങളേറെയുണ്ട്. ആരോഗ്യസൗകര്യങ്ങളുടെ പുരോഗതിയ്ക്ക് അനുസരിച്ച് സ്റ്റാഫിംഗ് പാറ്റേൺ മാറാത്തതിന്റെ പ്രശ്നങ്ങളാണ് ഇന്നു നിലവിലുള്ളത്. പഠനസൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ ഇടപെടലുകളുണ്ടായിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പാലീയേറ്റീവ് ശൃംഖല രൂപം കൊണ്ടിട്ടുണ്ട്. ഗണ്യമായ പഞ്ചായത്തുകളിലും ബഡ്സ് സ്ക്കൂളുകളുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ അനിവാര്യമായ ഗുണഫലങ്ങളിലൊന്നാണ് പ്രാദേശിക സദ്ഭരണം. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സേവനങ്ങൾ സംബന്ധിച്ച പൗരാവകാശരേഖകൾ പ്രസിദ്ധീകരിക്കണമെന്നും വിവരാവകാശ നിയമത്തിനനുസൃതമായി പ്രവർത്തിക്കണമെന്നുമൊക്കെ വ്യവസ്ഥകൾ ഉണ്ടായി. ഇ ഗവേണൻസ് സംവിധാനം കാലതാമസത്തോടെയാണെങ്കിലും ഇപ്പോൾ പ്രാബല്യത്തിൽവന്നിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റി വഴി എല്ലാ പഞ്ചായത്തുകളെയും ബന്ധിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിലെ പ്രവർത്തനാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രന്റ് ഓഫീസ് മാനേജ്മെന്റ് പ്രോഗ്രാം സംസ്ഥാന വ്യാപകമായി നടപ്പാക്കി. പല പഞ്ചായത്തുകളും ഇപ്പോൾ ഐഎസ്ഒ സർട്ടിഫിക്കേറ്റ് നേടുന്നു.

ഗുണനിലവാരത്തിൽ സ്ഥായിയായ പുരോഗതി നേടണമെങ്കിൽ ഓഫീസ് സംവിധാനങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്തിയാൽ മാത്രം പോര. അതുപയോഗിക്കുന്ന ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മാറിമാറി വരും. ആളുകൾ മാറുന്നതിനനുസരിച്ച് ഗുണനിലവാരം കുറയാനിടവരരുത്. ഇതുറപ്പുവരുത്തണമെങ്കിൽ ഭരണത്തിന് നേതൃത്വം വഹിക്കുന്ന ജനപ്രതിനിധികളുടെ ഭരണ - വികസന - രാഷ്ട്രീയ കാഴ്ചപ്പാടുകളും വികസിക്കണം. ഇത് ഉറപ്പു വരുത്താനുള്ള ഉത്തരവാദിത്വമാകട്ടെ പ്രാദേശിക രാഷ്ട്രീയ നേതൃത്വത്തിന്റെതാണ്. കേരളത്തിൽ തുടർച്ചയായി സദ്ഭരണം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകളിലെല്ലാം ഈ വലിയ മാറ്റം ഒരു പരിധിവരെ വന്നതായി കാണാം. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പ്രാദേശിക രാഷ്ട്രീയ നേതൃത്വവും പരസ്പര പൂരിതമായി പ്രവർത്തിക്കുന്നതിന്റെ ഈ നല്ല അനുഭവങ്ങളും സംസ്ഥാനത്തിന് മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

പരിശീലനത്തിനും കാര്യപ്രാപ്തി വികസനത്തിനും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ തുടക്കം മുതൽ വലിയ പ്രാധാന്യം നൽകിപ്പോന്നിട്ടുണ്ട്. ഒരു വലിയ

വിഭാഗം പ്രവർത്തകർക്ക് കുറഞ്ഞ സമയംകൊണ്ട് ഗുണനിലവാരമുള്ള പരിശീലനം നൽകുകയെന്നത് തുടക്കത്തിൽ വലിയ വെല്ലുവിളിയായിരുന്നു.അതിനാൽ പരമ്പരാഗത രീതികളിൽ നിന്ന് വിട്ട് വ്യത്യസ്തമായ പരിശീലനരീതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ അക്കാലത്ത് വലിയ ശ്രമം നടക്കുകയുണ്ടായി. തുടർന്ന് കാര്യപ്രാപ്തി വികസനം സ്ഥാപനവൽക്കരിച്ച് നടപ്പാക്കാനുള്ള സംവിധാനമൊരുങ്ങി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തന്നെ മുൻകൈയിൽ സ്ഥാപിതമായ 'കില' യാണ് ഈ ബൃഹത്തായ പരിപാടിയുടെ ഉത്തരവാദിത്തം ഏറ്റെടുത്തത്. മറ്റ് സംസ്ഥാനങ്ങളുടേതിൽ നിന്ന് വ്യത്യസ്തവും ബൃഹത്തും ആണ് 'കില' നടപ്പാക്കേണ്ടി വന്ന കാര്യപ്രാപ്തി വികസന പരിപാടി. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിനുള്ള പൂർണ്ണ ആത്മവിശ്വാസം 32.50% പരിശീലനത്തിൽ മാത്രമെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ്. 49.90% ഒരു പരിധി വരെ ആത്മവിശ്യാസമുണ്ടായതായി വിലയിരുത്തുന്നു. 16.10% പേർ പരിശീലനം ഇക്കാര്യത്തരിൽ ഒട്ടും സഹായകമായിരുന്നില്ലെന്നാണ് വിലയിരുത്തിയത്.

സ്ത്രീ ശാക്തീകരണം

കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ ജെൻഡർ ബജറ്റിംഗ് വനിതാ വികസനചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. പത്തുശതമാനം വികസന ഫണ്ട് സ്ത്രീകൾ ഗുണഭോക്താക്കളും നിയന്ത്രിക്കുന്നതുമായ പ്രോജക്ടുകൾക്ക് വേണ്ടി നീക്കിവെയ്ക്കുന്നു. പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്ത്രീപദവി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്.

അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് കുടുംബശ്രീയുടെ ആവിർഭാവവും വളർച്ചയുമാണ്. ലോകത്തെ മറ്റു സ്വയംസഹായ സംഘ ശൃംഖലകളിൽനിന്നു വ്യത്യസ്തമായി തദ്ദേശ ഭരണസ്ഥാപനങ്ങളോടു ബന്ധപ്പെട്ടാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. ഇന്ന് കേരളത്തിലെ പകുതിയിലേറെ കുടുംബങ്ങളും കുടുംബശ്രീയിൽ അംഗങ്ങളാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ മാത്രമല്ല, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലും ഈ സംഘടനാസംവിധാനം മുന്നിട്ടുനിൽക്കുന്നു.

അധികാരവികേന്ദ്രീകരണത്തിന്റെ ദൗർബല്യങ്ങൾ

ജനകീയാസൂത്രണം വൻവിജയമായിരുന്നെങ്കിലും പുതിയ ജനകീയ ജനാധിപത്യ പ്രക്രിയയെ വ്യവസ്ഥാപിതമാക്കി മാറ്റാൻ കഴിഞ്ഞില്ല. നിയമങ്ങളിലും ചട്ടങ്ങളിലും ഇപ്പോഴും പുതിയ രീതികൾ പ്രതിഫലിക്കുന്നില്ല. താഴത്തുണ്ടായ മാറ്റത്തിന് മുകൾത്തട്ടിൽ ഭരണപരിഷ്കാരങ്ങളുണ്ടായില്ല. ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായില്ല. ഇതിന്റെ അടിസ്ഥാനകാരണം 2001ലെ ഭരണമാറ്റത്തെ തുടർന്ന് ജനകീയാസൂത്രണം അവസാനിപ്പിച്ചതാണ്. ഇതിന്റെ ഫലമായി പുതിയ രീതികളും മൂല്യങ്ങളും വ്യവസ്ഥാപിതമാക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛ സംസ്ഥാനത്ത് ഇല്ലാതെപോയി.

ആസ്തി നിർമ്മാണത്തിലും സേവനപ്രദാനത്തിലും അധികാരവികേന്ദ്രീകരണം സൃഷ്ടിച്ചതുപോലുള്ള നേട്ടങ്ങൾ ഉൽപാദന മേഖലകളിൽ കണ്ടെത്താനാവില്ല. കാർഷിക മുരടിപ്പ് രൂക്ഷമായി തുടരുകയാണ്. സൂക്ഷ്മ തൊഴിൽസംരംഭങ്ങൾക്ക് വേണ്ടത്ര വിജയം അവകാശപ്പെടാനും കഴിയില്ല. സമഗ്രമായ ഇടപെടലിന്റെ അഭാവമാണ് മുഖ്യകാരണം. വാർപ്പു മാതൃകയിലുള്ള പ്രോജക്ടുകളാണ് ഈ മേഖലകളിൽ കൂടുതലും നടപ്പാക്കിയിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കു കൃത്യമായി ജനസംഖ്യാനുപാതികമായ ഫണ്ട് ലഭ്യമാക്കിയത് അധികാരവികേന്ദ്രീകരണമാണ്. അനുമാന കണക്കുകൂട്ടൽ പൂർണമായും ഇല്ലാതാക്കി. താഴേയ്ക്കു പണം നൽകിയതിന്റെ ഫലമായി തങ്ങളുടെ ക്ഷേമത്തിന് ഏതു തരത്തിലുള്ള പദ്ധതികളാണ് വേണ്ടത് എന്നു തീരുമാനിക്കുന്നതിൽ ദുർബലവിഭാഗങ്ങൾക്ക് നേരിട്ടു പങ്കാളിത്തം നൽകി. എന്നാൽ ഈ പരിശ്രമം വേണ്ടത്ര ഫലവത്തായിട്ടില്ല. ആദിവാസി മേഖലയിലെ പട്ടിണിമരണങ്ങളും പാർപ്പിട നിർമ്മാണത്തിലെ കെടുകാര്യസ്ഥതയും അധികാരവികേന്ദ്രീകരണത്തിനു കൂടിയുള്ള നിശിത വിമർശനങ്ങളാണ്.

അഴിമതി വ്യാപകമാകുന്നു എന്ന പരാതിയും ഉണ്ട്. ജനകീയാസൂത്രണത്തിന്റെ കാലത്ത് സാർവത്രികമായി കാണാൻ കഴിയുമായിരുന്ന സന്നദ്ധസേവനവും സംഭാവനയുമെല്ലാം ഇന്ന് അപ്രത്യക്ഷമായി. ജനകീയ കമ്മിറ്റിയെന്നുള്ളത് ബിനാമി പ്രവൃത്തിയ്ക്കുള്ള മറയായി. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ വ്യാപകമായ സ്വജനപക്ഷപാതമുണ്ട്.

ജനകീയാസൂത്രണം ആരംഭിച്ച സമയത്ത് ഉയർത്തിയിരുന്ന ആവശ്യങ്ങളിൽനിന്ന് വളരെ ദൂരെയാണ് ഇന്നത്തെ യാഥാർത്ഥ്യം. എന്നിരുന്നാൽത്തന്നെയും കേരളത്തിലെ നാലിലൊന്നു പഞ്ചായത്തുകൾ ഏറ്റവും മാതൃകാപരവും നൂതനവുമായ പദ്ധതികൾ നടപ്പാക്കി സാധ്യതകളുടെ സീമകളിലേയ്ക്ക് എത്തിപ്പിടിക്കുന്നവരായി മാറി. ഏതാണ്ട് ഇത്രയും തന്നെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും ചെളിക്കുണ്ടിലാണ്. എങ്കിലും മാതൃകാ പഞ്ചായത്തുകൾ അധികാരവികേന്ദ്രീകരണത്തിന്റെ സാധ്യതകൾക്ക് അടിവരയിടുന്നു. അധികാരവികേന്ദ്രീകരണം നാടിനെ മുന്നോട്ടുനയിക്കാൻ പൗരനു നൽകുന്ന ഇടപെടൽ സ്വാതന്ത്ര്യമാണ്. എവിടെയെല്ലാം ഇത്തരത്തിൽ ഇടപെടുന്നതിന് പൗരന്മാർ തയ്യാറാകുന്നുവോ അവിടെ കാര്യങ്ങൾ മെച്ചപ്പെടുന്നു. ഇതാണ് ഇതുവരെയുള്ള അനുഭവപാഠം.

2. അധികാര വികേന്ദ്രീകരണം – വ്യത്യസ്ത സമീപനങ്ങൾ

കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഇടതുപക്ഷമാണ് എക്കാലത്തും അധികാരവികേന്ദ്രീകരണത്തിനു വേണ്ടി നിലകൊണ്ടിട്ടുള്ളത്. ഒരർത്ഥത്തിൽ 1957ൽ പ്രഥമ കമ്മ്യൂണിസ്റ്റു മന്ത്രിസഭ തുടങ്ങിവെച്ചതും വിമോചനസമരം അട്ടിമറിച്ചതുമായ ഒരാദർശത്തിന്റെ സാക്ഷാത്കാരമായിരുന്നു ജനകീയാസൂത്രണം. ഇടതുപക്ഷം കേരളം ഭരിച്ചപ്പോഴെല്ലാം അധികാരവികേന്ദ്രീകരണത്തിനു വേണ്ടി നിലപാടെടുത്തിട്ടുണ്ട്. എന്നാൽ ഈ ഭരണപരിഷ്കാര പരിശ്രമങ്ങൾ പരാജയപ്പെട്ടു. അതുകൊണ്ടാണ് കേവലം ഭരണപരിഷ്കാരമായി കാണാതെ ഒരു സാമൂഹ്യ പ്രസ്ഥാനമായി അധികാരവികേന്ദ്രീകരണത്തെ സംഘടിപ്പിച്ചത്. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനകീയാസൂത്രണത്തിൽ അണിനിരന്ന ജനലക്ഷങ്ങൾ അധികാരവികേന്ദ്രീകരണത്തിനുള്ള രാഷ്ട്രീയ ഇച്ഛ സംസ്ഥാനത്തു സൃഷ്ടിച്ചു.

ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ പാരമ്പര്യമാണ് കേരളത്തിലെ വലതുപക്ഷ ശക്തികൾക്കുള്ളത്. 1962 മുതൽ 1979 വരെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താതിരുന്നതും 1984ൽ പഞ്ചായത്ത് ഭരണസമിതികൾ പിരിച്ചുവിട്ട് 1987 വരെ ഉദ്യോഗസ്ഥഭരണം ഏർപ്പെടുത്തിയതും 1991ൽ ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ടതും 2001ൽ ജനകീയാസൂത്രണം അട്ടിമറിച്ച് കേരള വികസനപദ്ധതി കൊണ്ടുവന്നതുമൊന്നും കേരളത്തിനു മറക്കാനാവില്ല. 2006ൽ അധികാരത്തിൽ വന്ന എൽഡിഎഫ് സർക്കാർ കേരള വികസന പദ്ധതി അവസാനിപ്പിച്ച് വീണ്ടും ജനകീയാസൂത്രണപദ്ധതി നടപ്പാക്കി. മുൻയുഡിഎഫ് സർക്കാർ കേരള വികസന പദ്ധതി ആവിഷ്കരിച്ചെങ്കിലും വികേന്ദ്രീകൃത ആസൂത്രണ ചിട്ടകളെയോ സംവിധാനങ്ങളെയോ ആകെ അട്ടിമറിക്കാൻ തുനിഞ്ഞില്ല. എന്നാൽ ഇന്നു നിലവിലുള്ള യുഡിഎഫ് സർക്കാരിന്റെ നടപടികൾ അധികാരവികേന്ദ്രീകരണത്തിന് വലിയ ആഘാതങ്ങളാണ് ഏൽപ്പിച്ചു കൊണ്ടിരിക്കുന്നത്.

നിർജ്ജീവമാകുന്ന ജനകീയ പങ്കാളിത്തവും സർഗാത്മകതയും

ഗ്രാമസഭകൾ ജനപങ്കാളിത്തം നഷ്ടപ്പെട്ട് വിശ്വാസ്യത ഇല്ലാതായി. കർമ്മ സമിതികളും വികസന സെമിനാറും നാമമാത്രമായ പങ്കാളിത്ത സ്ഥാപനങ്ങളായി അധഃപതിച്ചു. ഓരോ പ്രദേശത്തേയും വിദഗ്ദരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകമായ സന്നദ്ധ സാങ്കേതിക സമിതികൾ ഉപേക്ഷിക്കപ്പെട്ടു. ഗുണഭോക്തൃ സമിതികളെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കപ്പെട്ടു. ഊരുകൂട്ടങ്ങൾ പ്രവർത്തക്ഷമമല്ലാതാക്കി മാറ്റി. വികസന തീരുമാനങ്ങൾ എടുക്കുന്നതിനും അവയുടെ മുൻഗണന നിശ്ചയിക്കുന്നതിലും നിന്ന് ജനങ്ങളേയും ജനകീയ സംഘടനാസംവിധാനങ്ങളെയും പൂർണ്ണമായും അകറ്റി, തികച്ചും ഉദ്യോഗസ്ഥ കേന്ദ്രീകരണത്തിലേക്ക് പ്രാദേശികാസൂത്രണത്തെ കൊണ്ടുചെന്നെത്തിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രാദേശികാസൂത്രണ പ്രവർത്തങ്ങൾ അതിന്റെ സർഗ്ഗാത്മകത നഷ്ടപ്പെട്ട് വകുപ്പുതല പരിപാടിയായി മാറുകയാണ്. പ്രാദേശിക സാധ്യതകളും ആവശ്യങ്ങളും കണ്ടറിഞ്ഞുകൊണ്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിനു കഴിയുന്നില്ല. എല്ലാ വിഭാഗം ആളുകളുടേയും നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പ്രാദേശികപദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. വിവിധ വാർഡുകളിലെ ജനപ്രതിനിധികളെ തൃപ്തിപ്പെടുത്തുന്നതിന് കഴിയും വിധം വാർഡടിസ്ഥാനത്തിൽ പണം വകയിരുത്തുകയും ഓരോ പ്രദേശത്തിന്റെയും സമഗ്രമായ വികസനം സാധ്യമാക്കുന്നതിന് സഹായകമായ പൊതു വികസന പ്രൊജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിയുന്നില്ല. വികസന പ്രൊജക്ടുകളുടെ രൂപീകരണം അതത് മേഖലകളിലെ ഉദ്യോഗസ്ഥരിലേക്ക് പരിമിതപ്പെട്ടതിന്റെ ഫലമായി വകുപ്പുതല പരിപാടികളുടേയും സ്കീമുകളുടേയും തനിയാവർത്തനമായി. പ്രാദേശികപദ്ധതിയിലെ വികസന പ്രൊജക്ടുകൾ മാറ്റുന്നു. ജനകീയപങ്കാളിത്തവും വിവിധ ജനവിഭാഗങ്ങളുമായുള്ള കൂടിയാലോചനയും നഷ്ടപ്പെട്ടതിന്റെ ഫലമായി പ്രാദേശിപദ്ധതി പ്രവർത്തനം ഉദ്യോഗസ്ഥരുടെ പൂർണ്ണമായ നിയന്ത്രണത്തിലേക്ക് മാറ്റിയിരിക്കുന്നു. ഇതിന്റെ ഫലമായി പ്രാദേശിക വികസനാവശ്യങ്ങളും സവിശേഷമായ വികസന പ്രശ്നങ്ങളും പരിഹരിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് കഴിയാതെ പോകുന്നു.

ഭരണപരമായ തിരിച്ചടികൾ

അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് ഭരണസംവിധാനത്തിന്റെ ഏകോപനം അനിവാര്യമാണ് എന്ന് തിരിച്ചറിഞ്ഞ് പഞ്ചായത്ത്-നഗരസഭ- ഗ്രാമവികസന വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണവകുപ്പിന് രൂപംനൽകുന്നതിനും ഇവയെ ഒരു മന്ത്രിക്കും ഒരു പ്രിൻസിപ്പൽ സെക്രട്ടറിക്കും കീഴിൽ കൊണ്ടുവരുന്നതിനും പൊതു കേഡർ ഉദ്യോഗസ്ഥ സംവിധാനം സൃഷ്ടിക്കുന്നുതിനും ഇടതുപക്ഷഗവൺമെന്റ് നടത്തിയ ശ്രമങ്ങൾ അട്ടിമറിച്ചുകൊണ്ടാണ് യു.ഡി.എഫ് ഭരണമാരംഭിച്ചത്. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഒരു പൊതു വകുപ്പ് അത്യന്താപേക്ഷിതമാണ് എന്ന മുൻ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രി മണിശങ്കർ അയ്യരുടേതുൾപ്പെടെയുള്ള അഭിപ്രായങ്ങൾ പോലും കണക്കിലെടുക്കാതെ തദ്ദേശ സ്വയംഭരണ വകുപ്പിനെ മൂന്നായി വെട്ടിമുറിച്ച് മൂന്ന് മന്ത്രിമാരുടെ കീഴിലാക്കിയ യു.ഡി.എഫ് ഗവൺമെന്റിന്റെ നടപടി അധികാര വികേന്ദ്രീകരണത്തിൽ ഉണ്ടാകേണ്ട ഏകോപന സാധ്യതകൾ ഇല്ലാതാക്കി. സങ്കുചിതമായ രാഷ്ട്രീ

യ ലക്ഷ്യത്തോടെയും വകുപ്പുതല ഉദ്യോഗസ്ഥരുടെ നിക്ഷിപ്ത താൽപര്യത്തോടെയും കൈക്കൊണ്ട ഈ തീരുമാനം അധികാര വികേന്ദ്രീകരണ ലക്ഷ്യങ്ങൾ അട്ടിമറിക്കപ്പെട്ടു. പല കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ഫലപ്രദമായ നിർവ്വഹണം ഇത്തരം നടപടികളിലൂടെ അസാധ്യമായി.

ആസൂത്രണചിട്ടകളിൽ വരുത്തിയ മാറ്റങ്ങളിലൂടെ ഉദ്യോഗസ്ഥൻ സർവ്വാധികാരിയായി. അഞ്ചുവർഷത്തെ പദ്ധതികൾ ഒരുമിച്ച് തയ്യാറാക്കുക, പ്രാദേശിക പദ്ധതികൾ യാന്ത്രികമായി ഓൺലൈനിൽ തയ്യാറാക്കുക, പദ്ധതി പരിശോധന സംവിധാനം പൂർണ്ണമായും ഉദ്യോഗസ്ഥ കേന്ദ്രീകൃതമാക്കിയത്, സാങ്കേതികാനുമതി നൽകുന്നതിൽ നിന്നും അനുദ്യോഗസ്ഥ വിദഗ്ദരായവരെ ഒഴിവാക്കിയത് എല്ലാം ഉദ്യോഗസ്ഥ കേന്ദ്രീകൃതമാക്കി അധികാര വികേന്ദ്രീകരണത്തെ മാറ്റുന്നതിനും ഇടയാക്കിയിട്ടുണ്ട്. പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതും, നിർവ്വഹണം നടത്തുന്നതും, അവലോകനം നടത്തുന്നതും എല്ലാം ഉദ്യോഗസ്ഥർ തന്നെ. ഇത്തരമൊരവസ്ഥ വലിയതോതിൽ അഴിമതിയും ദുർവ്യയവും ഉണ്ടാകുന്നതിനും ഇടയാക്കിയിട്ടുണ്ട്.

തകർത്ത ജനകീയ പദ്ധതികൾ

ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാനുള്ള അനുമതി വേണ്ടത്ര അവധാനതയില്ലാതെ നിഷേധിച്ചതിന്റെ ഫലമായി ഇ.എം.എസ് പാർപ്പിട പദ്ധതി പാതിവഴിയ്ക്കു നിന്നു. മാലിന്യ വിമുക്ത കേരളം പദ്ധതി ജനകീയ കാമ്പയിൻ എന്ന നില വിട്ട് ഒരു സാധാരണ സബ്സിഡി പരിപാടിയായി മാറി. നീർത്തടാധിഷ്ഠിത വികസന പരിപാടി തുടർന്ന് പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ജല സംരക്ഷണത്തിനും കാർഷികോൽപാദന വളർച്ചക്കും ഏറെ പ്രയോജനകരമായി മാറുമായിരുന്നു.

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ പുറപ്പെടുവിച്ച പുതിയ മാർഗനിർദ്ദേശങ്ങളിൽ വനിതാ ഘടകപദ്ധതി ഉണ്ടായിരുന്നില്ല. ശക്തമായ പ്രതിഷേധമുയർന്നപ്പോൾ പുനഃസ്ഥാപിച്ചു. പക്ഷേ, ഇത് കബളിപ്പിക്കൽ തന്ത്രം മാത്രമായിരുന്നു. ഇതുവരെ വനിതാ ഘടകപദ്ധതിയിൽ സ്ത്രീയുടെയും പുരുഷന്റെയും പൊതുആവശ്യങ്ങളെ ആസ്പദമാക്കിയ പ്രോജക്ടുകൾ അനുവദിച്ചിരുന്നില്ല. പക്ഷേ, വിധവകൾക്കുള്ള വീടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താമെന്ന് ഉത്തരവിറക്കി. സ്ത്രീകളുടെ ജീവിതായുസ്സ് പുരുഷന്മാരേക്കാൾ അധികമായതുകൊണ്ട് കേരളത്തിലെ ഭൂരിപക്ഷം വീടുകളിലും വിധവകളുണ്ട്. അങ്ങനെ വനിതാഘടകപദ്ധതി വനിതാ ഭവനപദ്ധതിയായി അധഃപതപ്പിച്ച് പ്രഹസനമാക്കി. വനിതാഘടകപദ്ധതി വികേന്ദ്രീകൃത ആസൂത്രണത്തിന്റെ തിലകക്കുറിയായിരുന്നു. അതിങ്ങനെ ഇല്ലാതാക്കി.

വനിതാ ഘടകപദ്ധതി പോലെതന്നെ പട്ടികജാതി ഘടകപദ്ധതിയും പട്ടികവർഗ ഘടകപദ്ധതിയും ഇന്നു താറുമാറാണ്. ഈ സർക്കാരിന്റെ ആദ്യവർഷങ്ങളിൽ ഇവയ്ക്കുണ്ടാകുന്ന കുറവ് പരിഹാരത്തുകയായി അടുത്ത വർഷം അധികമായി വകയിരുത്തണം എന്നുള്ള നിബന്ധനപോലും ഇല്ലാതായി. ഇപ്പോൾ അതു പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിലും ഈ ദുർബല വിഭാഗങ്ങളുടെ പദ്ധതികൾ പൊതുവിൽ ലക്ഷ്യത്തിലെത്തുന്നില്ല. ഇതിന്റെ മകുടോദാഹരണമാണ് അട്ടപ്പാടിയിലെ ആദിവാസികളുടെ പട്ടിണി മരണങ്ങളും പ്രതിസന്ധികളും.

കുടുംബശ്രീയ്ക്കു നൽകിവന്ന ഗ്രാന്റുകൾ ഗണ്യമായി കുറഞ്ഞു. കുടുംബശ്രീയ്ക്കു സമാന്തരമായി ജനശ്രീ പോലുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. കുടുംബശ്രീയെപ്പോലെ അവർക്കും സർക്കാർ സഹായം നൽകാനായിരുന്നു നീക്കം. പലിശ സബ്സിഡി ഇല്ലാതായി. കുടുംബശ്രീയിലേയ്ക്കും അഴിമതി കടന്നുവന്നു.

തകിടം മറിയുന്ന ധനവിന്യാസം

പദ്ധതിയുടെ 30-35 ശതമാനം തുക താഴേയ്ക്കു പുനർവിന്യസിക്കും എന്നു വാഗ്ദാനം ചെയ്തുകൊണ്ടാണ് ജനകീയാസൂത്രണം ആരംഭിച്ചത്. ആദ്യവർഷങ്ങളിൽ ഈ വാഗ്ദാനം പാലിക്കുകയും ചെയ്തു. എന്നാൽ പിന്നീട് സംസ്ഥാന ഫിനാൻസ് കമ്മിഷനുകളുടെ തീർപ്പനുസരിച്ചായി താഴേയ്ക്കു നൽകുന്ന പണം. മൊത്തം തുകയിൽ വർദ്ധനയുണ്ടായെങ്കിലും പദ്ധതിയുടെ വിഹിതമായി കണക്കാക്കുമ്പോൾ താഴേയ്ക്കു പുനർ വിന്യസിക്കുന്ന തുകയുടെ തോതു കുറഞ്ഞുവന്നു. അത് ഏതാണ്ട് 20 ശതമാനമായി.

ഈ പശ്ചാത്തലത്തിലാണ് ശ്രീ എം എ ഉമ്മൻ അധ്യക്ഷനായി എൽഡിഎഫ് സർക്കാർ നിശ്ചയിച്ച ധനകാര്യ കമ്മിഷൻ മൂന്നു വർഷം കൊണ്ട് താഴേയ്ക്കു വിന്യസിക്കുന്ന തുക വാർഷിക പദ്ധതിയുടെ 30 ശതമാനമായി ഉയർത്തണമെന്നു നിർദ്ദേശം വെച്ചത്. എൽഡിഎഫ് സർക്കാരിന്റെ അവസാനവർഷം ഉമ്മൻ കമ്മിഷൻ റിപ്പോർട്ടിന്റെ നിർദ്ദേശം പൂർണമായി നടപ്പാക്കി. എന്നാൽ യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നതോടെ ഇക്കാര്യത്തിൽ വീഴ്ചവന്നു. ആദ്യം വൈദ്യുതിമേഖലയെ ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതി അടങ്കലിന്റെ വിഹിതമേ നൽകൂക എന്നുള്ള നിലപാടു സ്വീകരിച്ചു. അതുകഴിഞ്ഞ് പ്ലാനിംഗ് കമ്മിഷനുമായി നടക്കുന്ന ചർച്ചിൽ പദ്ധതി അടങ്കലിലുണ്ടാകുന്ന വർദ്ധന വിന്യാസത്തിന് അടിസ്ഥാനമാക്കില്ല എന്നു തീരുമാനിച്ചു. ഇതിന്റെ ഫലമായി നടപ്പുവർഷത്തിൽപദ്ധതി അടങ്കലിന്റെ 30 ശതമാനം താഴേയ്ക്കു നൽകണമെന്നാണ് കമ്മിഷൻ അവാർഡെങ്കിലും ഇത് ഇപ്പോൾ കഷ്ടിച്ച് 25 ശതമാനമേ വരൂ. ആദ്യമായാണ് കേരള സർക്കാർ കമ്മിഷൻ അവാർഡിനെ മറികടന്നു തീരുമാനമെടുക്കുന്നത്.

താഴേക്കുള്ള ധനവിന്യാസ സമ്പ്രദായത്തിൽ വരുത്തിയ മാറ്റവും തദ്ദേശ ഭരണസ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സമ്പ്രദായപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള

ഗ്രാന്റുകൾ പന്ത്രണ്ട് മാസഗഡുക്കളായി അവർക്ക് കൈമാറണം. ഇത് പഞ്ചായത്ത് സെക്രട്ടറിയുടെ ടി.പി. അക്കൗണ്ടിൽ നിക്ഷേപമായി കിടക്കും. ഓരോ പ്രോജക്ടുകളും പൂർത്തിയാക്കുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറി നൽകുന്ന അലോട്ട്മെന്റ് ലെറ്ററിന്റെ അടിസ്ഥാനത്തിൽ ബില്ല് സമർപ്പിച്ച് നിർവഹണ ഉദ്യോഗസ്ഥർ പണം വാങ്ങും.

ഇതിനു പകരം മറ്റെല്ലാ സർക്കാർ വകുപ്പുകളെയുംപോലെ പ്രോജക്ടുകൾ പൂർത്തിയായി ബില്ല് സമർപ്പിക്കുമ്പോഴേ പണം ലഭിക്കൂ എന്ന സ്ഥിതി കൊണ്ടുവന്നിരിക്കുകയാണ്. എന്നുവെച്ചാൽ സംസ്ഥാന ട്രഷറിക്ക് സാമ്പത്തിക ഞെരുക്കമുണ്ടെങ്കിൽ പണം പിൻവലിക്കാൻ പറ്റില്ല. ഈ സ്ഥിതി മൂലമാണ് പൊതുമരാമത്ത് വകുപ്പിന് രണ്ടായിരത്തി അഞ്ഞൂറോളം കോടി രൂപയുടെ കുടിശ്ശിക വന്നിരിക്കുന്നത്. ഈ ദുർഗതി ഇനിമേൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വരാൻ പോവുകയാണ്.

ഡിപിസി നോക്കുകുത്തി

പ്രാദേശികാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംയോജിത ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന ജില്ലാ ആസൂത്രണ സമിതികളെ കഴിഞ്ഞ അഞ്ച് വർഷക്കാലമായി നിർജീവമാക്കി മാറ്റുകയാണ് യു.ഡി.എഫ് ഗവൺമെന്റ് ചെയതത്. ജില്ലാ ആസൂത്രണ സമിതികൾ അധികാരമോ ഉത്തരവാദിത്വമോ അവകാശമോ ഇല്ലാത്ത വിധം തികച്ചും സ്തംഭനാവസ്ഥയിലേക്ക് മാറികഴിഞ്ഞു. പ്രാദേശിക പദ്ധതികളുടെ വിലയിരുത്തലും അംഗീകാരവും വലിയതോതിൽ ജില്ലാകളക്ടർമാരിലും ഉദ്യോഗസ്ഥരിലും കേന്ദ്രീകരിച്ചതോടെ ജില്ലാആസൂത്രണ സമിതികൾക്ക് പദ്ധതി അംഗീകാര പ്രക്രിയയിൽ ക്രീയാത്മകമായ യാതൊരു പങ്കും നിർവ്വഹിക്കാൻ ഇല്ലാത്ത അവസ്ഥയാണ്. ആസൂത്രണ പ്രക്രിയയിൽ നിന്നും ഭരണാഘടനാസ്ഥാപനമായ ജില്ലാആസൂത്രണ സമിതികൾ പുറത്താക്കപ്പെട്ടു. ജില്ലയിലെ എം.പി മാരുടെയും എം.എൽ.എമാരുടെയും സജീവസാന്നിദ്ധ്യം ജീല്ലാവികസന സമിതിയിൽ ഉണ്ടാകുന്നത് കൊണ്ടുതന്നെ അതിന്റെ പ്രാധാന്യം വർദ്ധിക്കുകയും ജില്ലാആസൂത്രണ സമിതികൾ ദുർബലമാവുകയും ചെയ്തു. ജില്ലാആസൂത്രണ സമിതി പ്രവർത്തനങ്ങളിൽ നിർണ്ണായകമായ സംഭാവന നല്കേണ്ട ജില്ലാപ്ലാനിംഗ് ഓഫീസ്, നഗര-ഗ്രാമആസൂത്രണവകുപ്പ്, ജീല്ലാ സാമ്പത്തിക സ്ഥിതി വിവരവകുപ്പ് എന്നിവ തമ്മിലുള്ള ഏകോപനവും തികച്ചും ദുർബലമായി.സംയോജിത ജില്ലാവികസന പദ്ധതി തയ്യാറാക്കുന്നതിനും അതിലൂടെ സ്ഥലപരമായ ആസുത്രണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ജില്ലാആസൂത്രണ സമിതികൾക്ക് യാതൊന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയിൽ കഴിഞ്ഞ അഞ്ച് കൊല്ലക്കാലം കൊണ്ട് എത്തപ്പെട്ടിരിക്കുന്നു.

3. പുനഃസംഘടനയ്ക്കുള്ള മാർഗനിർദ്ദേശങ്ങൾ

അധികാരവികേന്ദ്രീകരണത്തിന്റെ ദൗർബല്യങ്ങൾ തിരുത്തി കേരളസമൂഹത്തിലെ ജനാധിപത്യവത്കരണത്തെ പുതിയൊരു വിതാനത്തിലേയ്ക്ക് ഉയർത്തുക എന്ന കർത്തവ്യമാണ് ഇനി ഏറ്റെടുക്കാനുള്ളത്. ജനപങ്കാളിത്തം വർദ്ധിപ്പിക്കുക, കാര്യക്ഷമത ഉയർത്തുക, അഴിമതി നിർമ്മാർജനം ചെയ്യുക, സർഗാത്മകതയെ പ്രോത്സാഹിപ്പിക്കുക, സ്ത്രീസൗഹൃദ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്നിവയിൽ ഊന്നണം. ഇതിനായുള്ള ഒരു പ്രവർത്തനപരിപാടി താഴെക്കൊടുക്കുന്നു.

ജനകീയാസൂത്രണത്തിന്റെ ജനകീയത വീണ്ടെടുക്കുക.

1. പ്രാദേശികപദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും അവലോകനത്തിലും ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ വളർത്തി എടുത്ത ജനകീയ പങ്കാളിത്തവും സുതാര്യതയും ഇന്ന് ഏറെക്കുറെ പൂർണ്ണമായി നഷ്ടമായിരിക്കുന്നു. ജനാധിപത്യ അധികാരവികേന്ദ്രീകരണത്തിന്റെ വീണ്ടെടുപ്പിന് ഇതിനകം നഷ്ടപ്പെട്ട ജനകീയപങ്കാളിത്തവും സുതാര്യതയും പുനസൃഷ്ടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ രൂപപ്പെടുത്തുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്ത ജനകീയസംഘടനാ സംവിധാനങ്ങളായ ഗ്രാമസഭവാർഡ് സഭകൾ, വാർഡ്വികസനസമിതികൾ, അയൽക്കൂട്ടങ്ങൾ, കർമ്മസമിതികൾ, വികസനസെമിനാർ, ഗുണഭോക്തൃ സമിതികൾ, സന്നദ്ധ-സാങ്കേതികസമിതികൾ, സോഷ്യൽഓഡിറ്റ് സംവിധാനം എന്നിവയെ സജീവമാക്കി മാറ്റുകയും പ്രാദേശികവികസനത്തിലും ഭരണനിർവ്വഹണത്തിലും പങ്കാളികളാക്കി മാറ്റുകയും ചെയ്യുക. ജനകീയ പങ്കാളിത്ത സംഘടനാസംവിധാനങ്ങൾക്ക് നിയമപരിരക്ഷ നല്കുന്നതിനായി കേരളപഞ്ചായത്ത്രാജ്/മുനിസിപ്പൽ നിയമത്തിൽ ഭേദഗതിവരുത്തന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഇതിലേറ്റവും സുപ്രധാനം ഗ്രാമസഭകൾ ഫലപ്രദമാക്കുക എന്നതാണ്. ഇതിനുള്ള മാർഗം ഗ്രാമസഭയുടെ ഉപഘടകങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും റെസിഡൻസ് അസോസിയേഷനുകളെയും പുരുഷ സ്വയംസഹായ സംഘങ്ങളെയും അംഗീകരിക്കുകയാണ്. ഗ്രാമസഭയ്ക്കു മുന്നേ അജണ്ടക്കുറിപ്പ് ഈ സംഘങ്ങൾക്കു ലഭ്യമാക്കണം. അവരുടെ അഭിപ്രായങ്ങൾ കുറിപ്പായി നൽകുകയോ ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ ചെയ്യുക. ഗുണഭോക്തൃ ലിസ്റ്റും ഇതുപോലെ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. വാർഡിൽ നടക്കുന്ന വികസനപ്രവർത്തനങ്ങളെക്കുറിച്ച് ആരായുന്ന വിവരങ്ങൾ ഇവർക്കു ലഭ്യമാക്കാൻ ഉള്ള ബാധ്യത തദ്ദേശ സ്വ

യംഭരണ സ്ഥാപനത്തിനുണ്ടാകും.സോഷ്യൽ ഓഡിറ്റ് എല്ലാ പദ്ധതികൾക്കും നിർബന്ധമാക്കണം. മരാമത്തു പണികൾ നടക്കുമ്പോൾ ബോർഡിൽ നിർദ്ദിഷ്ട പ്രോജക്ടിന്റെ വിശദാംശങ്ങൾ പ്രദർശിപ്പിച്ചിരിക്കണം. ഓരോ വാർഡിലെയും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ അയൽക്കൂട്ടങ്ങൾക്കും മറ്റും ലഭ്യമാക്കണം. അവരെ പങ്കാളികളാക്കിക്കൊണ്ടുള്ള സോഷ്യൽ ഓഡിറ്റാണ് അഭികാമ്യം.

ഭരണപരമായ പരിഷ്കാരങ്ങൾ

3. അധികാരവികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും എല്ലാ തട്ടുകളിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റ വകുപ്പിന് കീഴിൽ കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തുകൾ, നഗരവികസനം, ഗ്രാമവികസനം എന്നീ മൂന്നു വകുപ്പുകളും ചേർത്ത് ഒരു മന്ത്രിയും ഒരു സെക്രട്ടറിയും ഒരു പൊതു കേഡറും ഉള്ള വകുപ്പാക്കി മാറ്റണം.

4. നഗരസഭകൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന അധികാര കേന്ദ്രങ്ങളായ വികസന അതോറിറ്റികൾ അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശിക ഭരണ സംവിധാനത്തിന്റെയും സത്തയ്ക്ക് എതിരാണ്. ഇത്തരം സമാന്തര അധികാരസ്ഥാപനങ്ങളെ നിർത്തലാക്കേണ്ടതാണ്.

5. സെൻകമ്മിറ്റി ശുപാർശകൾ ഇനിയും പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. ഏറ്റവും താഴെ തട്ടിലുള്ള ജനാധിപത്യസ്ഥാപനങ്ങളായ അയൽക്കൂട്ടങ്ങൾ, ഗുണഭോക്തൃ സമിതികൾ എന്നിവയ്ക്ക് പഞ്ചായത്ത്/നഗരാപാലികാനിയമങ്ങളിൽ വ്യവസ്ഥയുണ്ടാവുകയും ഇതിനാവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരുകയും വേണം. പ്രാദേശിക പദ്ധതിരൂപീകരണത്തിനായി ഇതിനകം തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുള്ള പങ്കാളിത്ത രീതിസമ്പ്രദായം സ്ഥായിയാക്കുന്നതിനാവശ്യമായ നിയമഭേദഗതികളും ആവശ്യമായ ചട്ടങ്ങളും തയ്യാറാക്കി പുറപ്പെടുവിയ്ക്കേണ്ടതാണ്.

6. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ-സാങ്കേതിക വിദഗ്ധരുടെയും കാര്യപ്രാപ്തി വികസനത്തിന് ദീർഘകാല ലക്ഷ്യത്തോടെയുള്ള നയവും കർമ്മപരിപാടിയും ആവിഷ്കരിച്ച് നടപ്പാക്കുക.

7. വികേന്ദ്രീകൃത പരിശീലന സംവിധാനങ്ങൾ മേഖലാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും സജ്ജമാക്കുകയും സമയബന്ധിതമായും കാര്യക്ഷമമായും പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.വിവിധ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ പരിശീലനങ്ങളിലെ പാഠ്യപദ്ധതിയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിശീലന പാഠ്യപദ്ധതിയും തമ്മിൽ ഏകോപനം ഉറപ്പാക്കുക.

8. പഞ്ചായത്ത് സെക്രട്ടറി സ്ഥാനം ബിഡിഒ തലത്തിലുള്ള ഗസറ്റഡ് തസ്തികയായി ഉയർത്തണം. അതല്ലെങ്കിൽ പഞ്ചായത്തിലെ പ്രാദേശിക സർക്കാർ വികസന ഓഫീസുകളുടെയും ആശുപത്രി, സ്കൂൾ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനു വേണ്ടി ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കാം. ഒരു നിശ്ചിതശതമാനം റിസർവേഷനും ബാക്കി ഡയറക്ട് റിക്രൂട്ട്മെന്റുമായിരിക്കണം. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കണം.

9. എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഓഫീസുകളും സമയബന്ധിതമായി ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടിയിരിക്കണം. ഇതിന് പ്രത്യേക ധനസഹായ പ്രോത്സാഹനം നൽകുന്നതാണ്.

10. പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അവലോകനത്തിലും ജനങ്ങൾക്ക് നിരന്തരമായി പങ്കാളികളാകാൻ കഴിയുന്നതോടൊപ്പം ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിനും വിലയിരുത്തുന്നതിനും ജനങ്ങൾക്ക് അവസരം ലഭിക്കേണ്ടതാണ്. അറിയാനുള്ള അവകാശവും സേവനാവകാശ നിയമവും പൗരാവകാശ രേഖയും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കുകയും ജനകേന്ദ്രീകൃതമായ ഭരണ വ്യവസ്ഥ തദ്ദേശഭരണ തലത്തിൽ ശക്തിപ്പെടുത്തുകയും വേണം. ജനങ്ങളുടെ പരാതികൾക്ക് ന്യായമായ പരിഹാര നടപടികൾ യഥാസമയം കൈക്കൊള്ളുന്നതിന് തദ്ദേശപൊതുഭരണ സംവിധാനം പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കണം.

ആസൂത്രണം

11. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് നിലവിലുള്ള ഓർഡിനൻസ് റദ്ദാക്കണം. അധികാരവികേന്ദ്രീകരണത്തിന്റെ ആദർശങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമാണ് ടൗൺ ആൻഡ് കൺട്രി പ്ലാനിംഗിന്റെ കീഴിൽ ജില്ലാ പദ്ധതി രൂപീകരിക്കാനുള്ള നീക്കം. 2001ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജില്ലാ പദ്ധതി രൂപീകരിക്കുന്നതിന് ആവിഷ്കരിച്ച രീതിസമ്പ്രദായമായിരിക്കും സ്വീകരിക്കുക. അതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികളും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതികളും സംയോജിപ്പിച്ച് ജില്ലയിലെ വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ടു തയ്യാറാക്കണം. ഈ വേളയിൽ ഡിപിസി വിദഗ്ധന്മാരുടെ സഹായത്തോടു കൂടി ജില്ലയിലെ വിഭവങ്ങളെയും പ്രശ്നങ്ങളെയും വിലയിരുത്തി ഒരു പരിപ്രേക്ഷ്യപദ്ധതി തയ്യാറാക്കുന്നു. ഇവ രണ്ടും താരതമ്യപ്പെടുത്തിയാൽ

നടപ്പിലാക്കിയ പദ്ധതികളിലെ ആവർത്തനങ്ങളും വിടവുകളും വൈരുദ്ധ്യങ്ങളും വെളിപ്പെടും. ഇവ ഒഴിവാക്കാനുള്ള മാർഗനിർദ്ദേശങ്ങൾ കൂടി ചേരുന്നതായിരിക്കും ജില്ലാ പദ്ധതി. 2001ൽ ആവിഷ്കരിച്ച രീതിസമ്പ്രദായത്തിൽ ഒരു മാറ്റമേ വരുത്തേണ്ടതുള്ളൂ. പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലത്തു ചെയ്ത ജില്ലാ പ്ലാനിലെന്നപോലെ സ്ഥലമാനങ്ങളും കൂടി ഈ രേഖയിൽ സംയോജിപ്പിക്കും.

12. ജില്ലയിലെ പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ നിർണ്ണായകമായ ചുമതലകളും ഉത്തരവാദിത്വങ്ങളും വഹിക്കേണ്ട ഭരണഘടനാപരിരക്ഷയുള്ള സ്ഥാപനമാണ് ജില്ലാ ആസൂത്രണ സമിതികൾ. വികേന്ദ്രീകൃതാസൂത്രണത്തിന്റെ കേന്ദ്രസ്ഥാനത്തേക്ക് ജില്ലാ ആസൂത്രണ സമിതികളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി സ്വീകരിച്ചു. കേരളത്തിലെ ജില്ലാആസൂത്രണ സമിതികൾ ഇന്ത്യക്കാകെ മാതൃകയായി മാറുകയും പ്രാദേശികപദ്ധതിരേഖയുടെ വിലയിരുത്തലും അംഗീകാരവും ഫലപ്രദമായി നിർവ്വഹിക്കുന്നതിനാവശ്യമായ കാര്യശേഷി കേരളത്തിലെ ജില്ലാആസൂത്രണസമിതികൾ കൈവരിക്കുകയും ചെയ്തു. എന്നാലിപ്പോൾ കളക്ടറെ ജില്ലാ ആസൂത്രണ സമിതിയുടെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുകയാണ്. പദ്ധതി സംബന്ധിച്ച തർക്കകാര്യങ്ങളുടെ അപ്പീൽ അതോറിറ്റി കളക്ടറാണ്. ഇതു മാറ്റണം. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന്റെ ചുമതല ഡിപിസിയിൽ നിക്ഷിപ്തമായിരിക്കണം. പദ്ധതി രേഖയുടെയും പരിശോധനയുടെയും അംഗീകാരം നൽകുന്നതിന്റെയും പൂർണ ചുമതല ഡിപിസിയ്ക്ക് ആയിരിക്കണം.

13. റോഡു കേന്ദ്രീകൃതമായ ഇന്നത്തെ പദ്ധതിയിൽ മാറ്റമുണ്ടാകും. മേഖലാ അടങ്കൽ നിബന്ധനകൾ പുനഃസ്ഥാപിക്കണം. റോഡ് പശ്ചാത്തലസൗകര്യങ്ങൾക്കും വേണ്ടി മുതൽമുടക്കുന്നതിന് പരമാവധി പരിധിയുണ്ട്. ഉൽപാദനമേഖലയിൽ ചെലവഴിക്കുന്നതിന് മിനിമം പരിധി കൂടി നിശ്ചയിച്ചാൽ മതിയാകും.

14. പ്രാദേശിക പദ്ധതിരൂപികരണത്തിലും പരിശോധനയിലും നിർവ്വണത്തിലും അതത് പ്രദേശത്ത് ലഭ്യമായ റിട്ടയർ ചെയ്തവർ ഉൾപ്പെടെയുള്ളവരുടെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തണം. പദ്ധതിരൂപികരണച്ചട്ടത്തിൽ അതത് തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിനും പദ്ധതി വിലയിരുത്തൽ പ്രക്രിയയിലും അംഗീകാരത്തിലും ജില്ലാആസൂത്രണ സമിതികളെ സഹായിക്കുന്നതിനും സന്നദ്ധ-സാങ്കേതിക വിദ്ഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനായുള്ള സംഘടനാസംവിധാനം ഏറെ ഗുണം ചെയ്യും. പ്രാദേശിക വികസനത്തിലും ഭരണനിർവ്വഹണത്തിലും നിലനില്ക്കുന്ന ഉദ്യോഗസ്ഥ മേധാവിത്വശൈലിയും ഏകപക്ഷീയമായ തീരുമാനങ്ങളും ഇല്ലാതാക്കാൻ ഇത്തരം സമിതികളിലൂടെ കഴിയും. ഇങ്ങനെയുള്ള സാങ്കേതികവിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ അധികാരം അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കണം.

ധനകാര്യം

15. സംസ്ഥാന ഫിനാൻസ് കമ്മിഷന്റെ തീർപ്പുകളിൽ നിന്ന് ഇപ്പോൾ ചെയ്യുന്നതുപോലെ ഒരു കാരണവശാലും സംസ്ഥാന സർക്കാരുകൾ വ്യതിചലിക്കാൻ പാടുള്ളതല്ല. നാലാം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തതുപോലെ പദ്ധതിയുടെ 30 ശതമാനമെങ്കിലും താഴേയ്ക്കു വിന്യസിക്കണം.

16. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിനുപുറമെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തനത് വരുമാനം കണ്ടെത്തുന്നതിനും അധികവും വിഭവ സമാഹരണ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സ്വാതന്ത്ര്യവും നൽകേണ്ടതുണ്ട്. ആവശ്യമായ സാഹചര്യങ്ങളിൽ സർക്കാർ ഗ്യാരണ്ടിയോടെ പൊതുകടപത്രങ്ങൾ ഇഷ്യൂചെയ്ത് പ്രാദേശിക സാമ്പത്തിക വളർച്ചക്ക് സഹായകമായ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സ്വാതന്ത്ര്യവും പിന്തുണയും സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുകയും വേണം. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടനികുതിയും തൊഴിൽനികുതിയും കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്തെ നിർദ്ദേശങ്ങൾ അനുസരിച്ച് പുനഃസംവിധാനം ചെയ്യണം.

17. സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് അടിച്ചേൽപ്പിക്കുന്ന വിവിധ സർക്കാർ വകുപ്പുകളുടെ പരിപാടികൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിർബന്ധമായും പദ്ധതി വിഹിതം വിലയിരുത്തണം എന്ന നിർദ്ദേശം അവസാനിപ്പിക്കേണ്ടതാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായുള്ള സംസ്ഥാന സർക്കാർ വിഹിതവും വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള പണവും പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ധനവിനിയോഗ നിയന്ത്രണങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയും ധനവിനിയോഗ സ്വാതന്ത്ര്യം ഉറപ്പാക്കുകയും വേണം.

18. പകുതിയിലധികം വരുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ നൽകാൻ കഴിയാത്ത ദുർബലമായ സാമ്പത്തിക സ്ഥിതിയിലാണ് എന്ന കാര്യം ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്. തനത് വരുമാന സാധ്യതകൾ തീരെ ഇല്ലാത്തതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായം നൽകേണ്ടതുണ്ട്. അതോടൊപ്പംതന്നെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ ഉദ്യോ

ഗസ്ഥ സംവിധാനം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

19. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റുകൾ 12 മാസഗഡുക്കളായി മുൻകൂറായി നൽകുന്ന സമ്പ്രദായം പുനഃസ്ഥാപിക്കണം. പഞ്ചായത്തു സെക്രട്ടറിയുടെ ടിപി അക്കൗണ്ടിൽ കിടക്കുന്ന ഈ പണം പ്രൊജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർവഹണ ഉദ്യോഗസ്ഥർക്കു വാങ്ങാവുന്നതാണ്. എന്നാൽ ഇപ്പോൾ പ്രൊജക്ട് നടപ്പാക്കിക്കഴിഞ്ഞ് ബില്ലു സമർപ്പിക്കുമ്പോഴേ പണം ലഭിക്കൂ. ഈ പുതിയ സമ്പ്രദായം പദ്ധതി നിർവഹണത്തിൽ തടസങ്ങൾ സൃഷ്ടിക്കുന്നുവെന്ന് ഇതിനകം തെളിഞ്ഞു കഴിഞ്ഞിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾ

20. കൃഷി – പച്ചക്കറിയിൽ അഞ്ചു വർഷം കൊണ്ട് സ്വയം പര്യാപ്തത നേടാൻ ഒരു കാര്യപരിപാടി പ്രായോഗികമാണ്. നെൽകൃഷി പുനരുദ്ധാരണത്തിന് പാടശേഖര സമിതിയുമായി ബന്ധപ്പെട്ട ഓരോ പഞ്ചായത്തും പരിപാടി തയ്യാറാക്കണം. നാളികേര ബോർഡിന്റെ മാനദണ്ഡ പ്രകാരമുള്ള നാളികേര ക്ലസ്റ്ററുകൾ രൂപീകരിക്കുകയും. ഇടവിളകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഹരിതസേന /കാർഷിക കർമ്മസേന /ലേബർ ബാങ്ക് രൂപീകരിക്കണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ബയോ ഫാർമസിയും വിപണന കേന്ദ്രവും സ്ഥാപിക്കണം. മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് നീർത്തട വികസന പരിപാടി തയ്യാറാക്കും.

21. മൃഗസംരക്ഷണം: പഞ്ചായത്തിലെ പാലിന്റെയും മുട്ടയുടേയും ഉൽപാദനത്തിൽ 25% വർദ്ധന വരുത്താനുള്ള പദ്ധതി തയ്യാറാക്കണം. കന്നുകുട്ടി പരിപാലന പദ്ധതിയ്ക്ക് അധികപണം ലഭ്യമാക്കണം. ഇതോടൊപ്പം തീറ്റപ്പുൽ കൃഷിയ്ക്കുള്ള പദ്ധതിയും തയ്യാറാക്കണം. വളർത്തു മൃഗങ്ങൾ പക്ഷികൾ എന്നിവക്കും അവയുടെ ഉൽപ്പന്നങ്ങൾക്കും വിപണന കേന്ദ്രം തുറക്കണം.

22. മത്സ്യം: അലങ്കാര മത്സ്യകൃഷി, കുളത്തിലും പാടത്തിലും മത്സ്യകൃഷി, മത്സ്യക്കൂട് കൃഷി, കക്കാറാഞ്ചിംഗ്, ഫിഷ് ലാന്റിംഗ് സെന്റുകൾ തുടങ്ങിയവ മത്സ്യമേഖലയ്ക്ക് അനുയോജ്യമായ ഇടപെടലുകളാണ്.

23. വ്യവസായം: വ്യവസായ മേഖലയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പുനരുദ്ധാരണം, വ്യവസായ ക്ലസ്റ്ററുകൾ, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾക്കുള്ള സഹായം തുടങ്ങിയവ ഉൾപ്പെടുത്താം.

24. ഗതാഗതം: പുതുതായി നിർമ്മിക്കേണ്ടതും പുനരുദ്ധാരണം വേണ്ടതുമായ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കണം. ഇവ കൂട്ടിയിണക്കി മുൻഗണന അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിനു രൂപം നൽകണം. ഇതിലൂടെ വാർഡ് അടിസ്ഥാനത്തിലുള്ള വീതം വെപ്പ് അവസാനിപ്പിക്കാം. ഇത് ചർച്ച ചെയ്യനായി പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കും.

25. വൈദ്യുതി: എല്ലാവർക്കും വൈദ്യുതി കണക്ഷൻ ഉറപ്പു വരുത്തണം. പുതിയ കണക്ഷനുള്ള ചെലവ് ഒരു ഭാഗം പഞ്ചായത്ത് വഹിക്കണം. ഒരു സമഗ്ര ഊർജപദ്ധതിയുടെ ഭാഗമായി ആദ്യം തെരുവ് വിളക്കുകൾ പിന്നീട് വീട്ടു വിളക്കുകളും എൽ.ഇ.ഡി ലാമ്പുകളിലേക്കും മാറ്റുന്നതിനുള്ള പരിപാടി ആവിഷ്കരിക്കാം. ഇതിനോടു ബന്ധപ്പെട്ട് പവർലൈൻ മാപ്പിംഗും നടത്താം.

26. കുടിവെള്ളം: ഭൂഗർഭ ജലം മെച്ചപ്പെടുത്തുന്നതിന് മഴക്കുഴികളുടെ നിർമ്മാണത്തിനും കിണർ വൃത്തിയാക്കി റീചാർജ് ചെയ്യുന്നതിനും പദ്ധതി തയ്യാറാക്കാം. ജലനിധി പോലുള്ള ചെറുകിട പദ്ധതികൾ വഴി മുഴുവൻ പേർക്കും കുടിവെള്ളം നൽകാൻ പരിപാടി ഒളവണ്ണ പോലുള്ള ചില പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്.

27. വിദ്യാഭ്യാസം: പഞ്ചായത്തിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ എ പ്ലസും പൊതുവിൽ എ പ്ലസും ലഭിക്കേണ്ട കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സമഗ്ര വിദ്യഭ്യാസ പരിപാടി തയ്യാറാക്കണം. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ശിക്ഷണം നൽകണം. കുട്ടികൾക്ക് കലാപരിശീലനത്തിന് ലൈബ്രറി/ക്ലബുകളുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലന പരിപാടിയും കായിക രംഗത്ത് മികവു തെളിയിക്കുന്നവർക്ക് പ്രത്യേക പരിശീലനവും ഭക്ഷണവും നൽകുന്ന പരിപാടിയും വേണം. എല്ലാ സ്ക്കൂളുകളും സ്മാർട്ടാക്കണം. എല്ലാ സ്ക്കൂളുകളിലും പഞ്ചായത്ത് ഓഫീസിലും വൈഫൈ ഉറപ്പു വരുത്തണം.

28. ആരോഗ്യം: പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ അല്ലെങ്കിൽ കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രത്തെ മെച്ചപ്പെടുത്തുന്നതിന് കൃത്യായ ഒരു പരിപാടി ഉണ്ടാകണം. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ എന്നിവ മോണിറ്റർ ചെയ്യുവാനും പ്രതിരോധിക്കാനും സംവിധാനം ഉണ്ടാകണം. മാറാരോഗങ്ങൾ ഉള്ളവർക്കും വൃദ്ധജനങ്ങൾക്കും സാന്ത്വന ചികിത്സ ലഭ്യമാക്കണം. ബഡ്സ് സ്ക്കൂളിന് നല്ല കെട്ടിടം, വാഹനം, അദ്ധ്യാപകർ മറ്റ് സൗകര്യങ്ങൾ എന്നിവ ഉണ്ടാകണം. വയോജനങ്ങൾക്ക് പകൽ വീടോ കേന്ദ്രങ്ങളോ ഉറപ്പുവരുത്തണം.

29. തൊഴിലുറപ്പ്: തൊഴിലുറപ്പ് ശക്തിപ്പെടുത്താൻ താഴെ പറയുന്ന ഇടപെടുലുകൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. (ഒന്ന്) നീർത്തട പദ്ധതി തയ്യാറാക്കി എല്ലാവർക്കും നൂറു ദിവസത്തെ പണി ഉറപ്പു വരുത്തുക. (രണ്ട്) തൊഴിലുറപ്പുകാരുടെ പച്ചക്കറി കൃഷിക്ക് പ്രത്യേക സഹായം നൽകുക. (മൂന്ന്) തൊഴിലുറപ്പിനെ വനവൽക്കരണത്തിന് ഉപയോഗ

പ്പെടുത്താൻ പ്രത്യേക പദ്ധതി തയ്യാറാക്കുക. (നാല്) മേറ്റുമാരെ കുടുംബശ്രീ എ.ഡിഎസിൽ നിന്നേ തെരഞ്ഞെടുക്കാൻ പാടുള്ളൂ.

30. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം: പട്ടികജാതി പട്ടിക വർഗ വികസന പദ്ധതിയുടെ ഇന്നുള്ള ദൗർബല്യങ്ങൾ പരിഹരിക്കുന്നതിനു ആസൂത്രണതതിലും നിർവ്വഹണത്തിലുമുള്ള ഈ വിഭാഗങ്ങളുടെ പങ്കാളിത്തമാണ് പോംവഴി. ഓരോ വർഷത്തേയും പണം പൂർണ്ണമായും ചോർച്ച ഒഴിവാക്കാനുള്ള നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് ചെലവഴിക്കണം. പാർപ്പിടത്തിനും വിദ്യാഭ്യാസത്തിനുമായിരിക്കണം മുൻഗണന. ഭൂരഹിതർക്ക് കിടപ്പാടം പഞ്ചാത്ത് മുൻകൈയ്യെടുത്ത് ലഭ്യമാക്കണം.

31. വനിതാ വികസനം : വനിതാ ഘടക പദ്ധതി പുന: സ്ഥാപിക്കണം. പൊതുവായ പ്രോജക്ടുകളെ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ കുറക്കുന്നതിനുള്ള സ്ത്രീകൾക്കായുള്ള പൊതു സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള കൃത്യമായ ടാർജറ്റ് നിശ്ചയിച്ചുകൊണ്ട് സ്ത്രീ സൗഹൃദ ഗ്രാമം ആക്കാൻ ഒരു സമഗ്ര പരിപാടി തയ്യാറാക്കാവുന്നതാണ്. മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ പ്രൊജക്ട് ഒരു മാതൃകയാണ്. സ്ത്രീകൾക്ക് വിനോദത്തിന് പ്രത്യേകം സൗകര്യങ്ങൾ സൃഷ്ടിക്കണം. ഗ്രാമസേവാകേന്ദ്രം, കുടുംബശ്രീയുടെ ആസ്ഥാനമായിരിക്കണം.

32. കുടുംബശ്രീ: കുടുംബശ്രീയുടെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പു വരുത്തണം. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണന കേന്ദ്രം സ്ഥാപിക്കണം. കുടുംബശ്രീ സൂക്ഷ്മ തൊഴിൽ സംരഭങ്ങളുടെ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് തയ്യാറാക്കണം.

33. അംഗനവാടികൾ: അംഗനവാടികളെ കേന്ദ്രസർക്കാർ ഉപേക്ഷിച്ച മട്ടാണ്. കേന്ദ്ര സർക്കാർ വെട്ടികുറച്ച പണം സംസ്ഥാന സർക്കാർ നൽകാൻ തയ്യാറല്ല. അംഗനവാടികളെ നടത്തിപ്പിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം. അംഗനവാടികൾക്ക് കൂടുതൽ പണം അനുവദിക്കണം. ജീവനക്കാർക്ക് അധിക വേതനം ഉറപ്പു വരുത്തണം.

34. മദ്യപാനം: മദ്യപാനം, മയക്കു മരുന്ന് ഇവയ്ക്കെതിരെ ശക്തമായ ബോധവത്ക്കരണം നടത്തണം. വീടുകളിലെ പൊതു പരിപാടികളിൽ മദ്യം വിളമ്പുന്നത് നിരുത്സാഹപ്പെടുത്തണം. മദ്യാസക്തിക്കാർക്ക് കൗൺസിലിംഗ് നൽകണം. സ്ക്കൂളുകളിലെ മയക്കു മരുന്ന് ഉപയോഗത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം.

35. കലാകായിക രംഗം : ലൈബ്രറികൾക്കെല്ലാം പത്ര മാസികകൾ ഉറപ്പു വരുത്തണം. ലൈബ്രറികളെ അടിസ്ഥാനമാക്കി ഇ സാക്ഷരതയ്ക്കുള്ള പ്രസ്ഥാനത്തിന് രൂപം നൽകണം. ഇതിനാവാശ്യമായ കമ്പ്യൂട്ടറുകൾ ലൈബ്രറികൾക്ക് ലഭ്യമാക്കണം. കരകുളം മാതൃകയിൽ കലാ കായിക പരിശീലന കേന്ദ്രം ആരംഭിക്കണം. സ്വന്തമായി നാടകമോ, കലാരൂപങ്ങളോ അവതരിപ്പിക്കുന്ന ക്ലബുകൾക്കും ടൂർണമെന്റുകൾക്കും ധന സഹായം നൽകാൻ സ്കീമുണ്ടാകണം. സഹായം നൽകും.

36. ക്ഷേമ പ്രവർത്തനങ്ങൾ: എല്ലാവർക്കും വീടും വെളളവും വെളിച്ചവും ശുചിത്വവും നൽകുക എന്നുള്ളതായിരിക്കണം തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. ഇതിനായി ഇഎംഎസ് പാർപ്പിട പദ്ധതി പുനഃസ്ഥാപിക്കണം. കുടിവെളള പദ്ധതിയുടെ കാര്യം സൂചിപ്പിച്ചു കഴിഞ്ഞു. എല്ലാവർക്കും കക്കൂസ് നൽകുക എന്നുള്ളത് ഉടൻ കൈവരിക്കേണ്ട ലക്ഷ്യമാണ്. ബാങ്കിൽ നിന്ന് പെൻഷനും മറ്റും വീട്ടിൽ എത്തിച്ചു കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തണം. പഞ്ചായത്തിന് ദുരിതാശ്വാസ നിധി രൂപീകരിക്കണം. ആശ്രയ പദ്ധതിയ്ക്ക് കൂടുതൽ പണം നീക്കിവെയ്ക്കണം.

37. സമഗ്രപരിപാടി : ഇവിടെ ഓരോ മേഖലകളിലേയും പദ്ധതികൾ പ്രത്യേകമായിട്ടാണ് നൽകിയിട്ടുളളത്. ഇവ കൂട്ടിയിണക്കി സമഗ്ര പരിപാടികളായി ആവിഷ്കരിക്കാം. . കൊടകര മണ്ഡലത്തിൽ നടപ്പാക്കിയ സുസ്ഥിര വികസന പരിപാടി ഇതിന് ഒരു മാതൃകയാക്കാം.

38. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിതവും, സമഗ്രവുമായ സ്ഥല-ജല ആസൂത്രണം പ്രാദേശികതലത്തിൽ ഏറ്റെടുക്കണം. ഈ ലക്ഷ്യത്തോടെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി തുടക്കംകുറിച്ച നീർത്തടാധിഷ്ഠിതവികസന പ്രവർത്തനങ്ങളെ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകേണ്ടതാണ്.

39. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും ചെറുകിടയന്ത്രവത്കൃത കാർഷിക തൊഴിലുകൾ ചെയ്യാൻ തയ്യാറുള്ള യുവതീ-യുവാക്കളെ ഉൾപ്പെടുത്തിയുള്ള തൊഴിൽസേനകൾ രൂപീകരിക്കുക. ഇത്തരം തൊഴിൽസേനാ അംഗങ്ങൾക്ക് സ്ഥിരവരുമാനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കേണ്ടതാണ്. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സാങ്കേതിക വൈദഗ്ധ്യവും ലഭ്യമാക്കി ഇവരെ സേവനകേന്ദ്രമാക്കി മാറ്റേണ്ടതുണ്ട്.

40. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ കാർഷികവികസനവുമായി ഏകോപിപ്പിക്കുകയും കാർഷികോല്പാദന വർദ്ധനവിന് പ്രയോജനപ്പെടുത്തുകയും ചെയ്യുക.

ജനകീയാസൂത്രണത്തിന്റെ പുത്തൻപതിപ്പ്

41. മേൽപ്പറഞ്ഞ കർമ്മപരിപാടി നടപ്പാക്കുന്നതിനുള്ള ജനകീയാവേശവും അന്തരീക്ഷവും സൃഷ്ടിക്കേണ്ടതുണ്ട്. ഇരുപതുവർഷം മുമ്പ് ജനകീയാസൂത്രണപ്രസ്ഥാനം സൃഷ്ടിച്ച ആവേഗം നഷ്ടപ്പെട്ടിരിക്കുന്നു. ഇതിന്റെ പുനഃസൃഷ്ടിയിൽ ആസൂത്രണത്തെ അടിസ്ഥാനമാക്കിയുള്ള പുതിയൊരു ജനകീയ പ്രസ്ഥാ

നത്തിന് പ്രസക്തിയില്ല. ആസൂത്രണത്തിന്റെ ചിട്ടകൾ സംബന്ധിച്ച സാമാന്യാവബോധം ഇന്നുണ്ട്. ഇനി ഇക്കാര്യത്തിൽ ഔപചാരിക പരിശീലനങ്ങൾ മതിയാകും. അന്നത്തെ കാമ്പയിനിൽനിന്നും വ്യത്യസ്തമായി ഇത്തവണ പദ്ധതി നിർവഹണവുമായി ബന്ധപ്പെടുത്തിയുള്ള വിപുലമായ ജനകീയ കാമ്പയിനാണ് ആവിഷ്കരിക്കേണ്ടത്. എല്ലാ മേഖലകളിലെ പദ്ധതികളും ഇതുമായി ബന്ധപ്പെടുത്താവുന്നതാണ്. എന്നാൽ മുഖ്യമായും മൂന്നു കാര്യങ്ങളെ ആസ്പദമാക്കിയായിരിക്കും ഈ പുതിയ ജനകീയപ്രസ്ഥാനം വേണ്ടത്. ഒന്നാമത്തേത്, മാലിന്യ സംസ്ക്കരണമാണ്. കേരളം ഏറ്റവും വൃത്തിയുള്ള സംസ്ഥാനമായി മാറണം. ഇതിന് ഉറവിട മാലിന്യ സംസ്ക്കരണത്തിൽ ഊന്നിയുള്ള അതിവിപുലമായ ജനകീയ കാമ്പയിനാണ് ഉദ്ദേശിക്കുന്നത്. 2010ൽ ആവിഷ്കരിച്ചതും നടക്കാതെ പോയതുമായ പരിപാടി പുനരാവിഷ്കരിക്കണം. പക്ഷേ, അന്നത്തേതിൽനിന്നു വ്യത്യസ്തമായി ശുചിത്വ കാമ്പയിനെ ജൈവ പച്ചക്കറി കൃഷിയുമായി ബന്ധപ്പെടുത്തണം. ജൈവ പച്ചക്കറി കൃഷി എല്ലാവീടുകളിലും ഏറ്റെടുക്കാൻ പറ്റുന്ന വികസനപ്രവർത്തനമാണ്. വിഷമയമില്ലാത്ത പച്ചക്കറിയ്ക്കു വേണ്ടിയുള്ള വലിയ ആഗ്രഹം നാട്ടിലുണ്ടായിട്ടുണ്ട്. അതിനാൽ മുഴുവൻ ആളുകളെയും പച്ചക്കറി കാമ്പയിനിലേയ്ക്ക് ആകർഷിക്കണം. അതുവഴി പുതിയൊരു കാർഷിക സംസ്ക്കൃതിയ്ക്കു രൂപം നൽകാനും കഴിയണം. രണ്ടു കാമ്പയിനുകളിലും കുടുംബശ്രീയാണ് ഒരു മുഖ്യചാലകശക്തിയായി പ്രവർത്തിക്കുക. അതുകൊണ്ട് ഈ കാമ്പയിന്റെ ഭാഗമായി കുടുംബശ്രീയുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്നു. കേരളത്തിലെ 75 ശതമാനം കുടുംബങ്ങളും അംഗങ്ങളാകുന്ന ഒരു പ്രസ്ഥാനമായി ഇതു മാറണം. സ്ത്രീ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള വമ്പിച്ച ഇടപെടലായിരിക്കണമിത്. ഇന്നത്തെ കാലാവസ്ഥാവ്യതിയാന പ്രതിരോധ അവബോധത്തിന്റെ പശ്ചാത്തലത്തിൽ ജൈവസംസ്ക്കരണവും ജൈവകൃഷിയും മരവത്കരണവും ഊർജദുർവ്യയം ഒഴിവാക്കലും എല്ലാം ഉൾച്ചേർത്ത് വലിയ പാരിസ്ഥിതിക മാനമുള്ള ഒരു ജനകീയ പ്രസ്ഥാനത്തെയാണ് വിഭാവനം ചെയ്യുന്നത്. ഈ ജനകീയ പ്രസ്ഥാനം സൃഷ്ടിക്കുന്ന പുതു അന്തരീക്ഷവും ഇച്ഛാശക്തിയും കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെ ഒരു പുതിയ വിതാനത്തിലേയ്ക്ക് ഉയർത്തും.

അവലംബം

അനുബന്ധ സെമിനാർ പ്രബന്ധങ്ങൾ

1. ഡോ. ടി. എം. തോമസ് ഐസക് (2015): ''അധികാര വികേന്ദ്രീകരണം നേരിടുന്ന വെല്ലുവിളികൾ'' , നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
2. പ്രൊഫ. പി.കെ. രവീന്ദ്രൻ (2015): 'ജനകീയാസൂത്രണം ഇനി യെങ്ങോട്ട്', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
3. എൻ. ജഗജീവൻ, ഡോ. എ. സുഹൃത്കുമാർ (2015): 'വികേന്ദ്രീകൃത ജനാധിപത്യം അവസ്ഥയും ശാക്തീകരണവും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം
4. ഡോ. എം. എൻ സുധാകരൻ (2015): 'ജനകീയാസൂത്രണവും ജില്ലാ ആസൂത്രണ സമിതികളും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
5. ഡോ. രാജേഷ് (2015): 'വികേന്ദ്രീകൃതാസൂത്രണവും കേരളത്തിന്റെ ഉത്പാദന മേഖലയും'.
6. കെ. വിനോദ് കുമാർ (2015): 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാമ്പത്തിക ഭദ്രതയും' , നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം
7. സി. ചന്ദ്രബാബു (2015): 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി; പ്രശ്നങ്ങൾ, പരിഹാരങ്ങൾ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
8. പ്രൊ.ഫ. എൻ. രമാകാന്തൻ, എസ്. നസറുദ്ദീൻ (2015): 'അധികാര വികേന്ദ്രീകരണവും കാര്യപ്രാപ്തി വികസനവും : നേരിടുന്ന വെല്ലുവിളികൾ, സ്വീകരിക്കേണ്ട നയസമീപനം', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
9. എൻ. ജഗജീവൻ (2015): 'തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും സംയോജനത്തിന്റെ പുതിയ തലങ്ങളിലേക്ക്', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
10. കെ.പി. എൻ. അമൃത (2015): 'വനിതാ ഘടക പദ്ധതിയും സ്ത്രീ വിമോചനവും'.
11. കെ. ആർ. പ്രഭാശങ്കർ (2015): 'വയോജന സംരക്ഷണം അജണ്ടയാകണം', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
12. ഹരിന്ദ്രൻ. പി, സുരേഷ് കെ.പി. (2015): 'ഊരുകൂട്ടങ്ങളുടെ അവസ്ഥയും പ്രസക്തിയും: വയനാട് ജില്ലയിലെ ആദിവാസി വികസനാവസ്ഥയുടെ പശ്ചാത്തലത്തിൽ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
13. ഡോ. കെ.റ്റി. ശ്രീലതകുമാരി, ആർ. അജിത്കുമാർ (2015): 'ആഹാരരീതിയും ജീവിതശൈലീരോഗങ്ങളും :തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
14. രമാദേവി. വി (2015): 'ജനകീയാസൂത്രണം-പാലുൽപാദനം-ഭക്ഷ്യസുരക്ഷ' , നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
15. എൽ.പി. ചിത്തർ (2015): 'കാർഷിക മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ സജീവമാക്കണം', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
16. ഡോ. ഷാഹിർഷാ, ഡോ. അജിത്കുമാർ (2015): 'പൊതുജനാരോഗ്യരംഗത്തെ വേറിട്ട കാഴ്ച', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.

17. പി.എം. ഉഷ (2015): 'തരിശിടങ്ങളിൽ കതിരിട്ട മുതുതല', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
18. ജയലക്ഷ്മി എം. (2015): 'കുടുംബശ്രീ സംവിധാനങ്ങളും വനിതഘടകപദ്ധതി പ്രവർത്തനങ്ങളും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
19. അജിത്ത്കുമാർ ആർ. (2015): 'തദ്ദേശഭരണ സ്ഥാപങ്ങളും ശുചിത്വവും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
20. ടി.എസ് വിശ്വൻ (2015): 'നാളികേര വികസന പദ്ധതികളും വികേന്ദ്രീകരണാസൂത്രണവും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
21. കെ. ഭാസ്കരൻ മാസ്റ്റർ (2015): 'പ്രതിസന്ധികളെ അതിജീവിച്ച് മട്ടന്നൂർ നഗരസഭ' , നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
22. എൽ. പി. ചിത്തർ (2015): 'മലിനീകരണ പ്രശ്ന പരിഹാരം: വേറിട്ടൊരു സമീപനം' , നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
23. അഡ്വ. എൻ രാജൻ (2015): 'പ്രാദേശിക വികസനം - ചില പ്രായോഗിക പ്രശ്നങ്ങൾ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
24. ടി.എസ് രഘുലാൽ (2015): 'അധികാര വികേന്ദ്രീകരണവും പ്രദേശിക സർക്കാരുകളും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
25. സുഭാഷ് വി. എസ് (2015): ' പഞ്ചായത്ത് രാജും ആദിവാസികളും കേരളത്തിൽ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
26. എം. കെ. ശ്രീധരൻ (2015): 'കുടുംബശ്രീ-പ്രതിസന്ധികളും വെല്ലുവിളികളും', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
27. ഡോ. എം. രാമനുണ്ണി (2015): 'പ്രാദേശിക സൂക്ഷ്മ സംരംഭങ്ങൾ', നാലാമത് അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്, പ്രാഥമിക സെമിനാർ 12, ജനാധിപത്യ അധികാര വികേന്ദ്രീകരണം.
28. Dr. K.P. Kannan (2015): 'The New Panchayat Raj in Kerala: Reflections on its Institutionalization and Develoopmental Record, 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
29. Dr. A. Prema (2015): 'Resource integration for sustainable watershed development through PRI', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation
30. Dr.G.Visakh Varma (2015): 'Joint Projects Among the Grama Panchayaths: A Preliminary Study of Pathanamthitta Dist', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
31. Dr.Surjith M. (2015): 'Decentralization, Political Inclusion and the outlier communities: The case of scheduled tribes in northern Kerala', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
32. Dr. J.B. Rajan & Dr. Biju S.K. (2015): 'Total Quality Management in Grama Panchayats of Kerala: Experiments to Institutionalisation', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
33. Dr.Martin Patrick (2015): 'Anomalies in Revenue Collection of GPs: Some Preliminary Observation', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
34. Prof. T.P. Sreedharan & Dr. Gopikuttan (2015): 'A Micro-level Study on Irrigation Structures under Decentralised Plan in Kasaragod District.' , 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
35. Mr. Reji V. Joseph & Mrs. Thushara Roy (2015): 'Democratic Decentralization in Kerala: An Assessment', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
36. Dr. Nisha V Nair. (2015): 'Deepening Fiscal Decentralisation in Kerala: Challenges Before the Fifth State Finance Commission', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
37. Dr. Peter M Raj (2015): 'Local Government and Prevention of Child Marriage: Strategic Intervention by Nilambur Municipality', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
38. K.A. Girishkumar (2015): 'Building and Empowering Leadership among Youth in Decentralized Governance-A Right Based Development Perspective in Kerala, 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
39. VKM Shafi (2015): 'Gramayathra is milestone for Strenghening Gramasabha', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
40. Vidhya S (2015): 'Women in political leadership must for gender development', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
41. Jiju P. Alex (2015): 'Evolving models for sustainable agricultural development and natural resource management by local self Government institutions: Strategies and approaches, 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
42. V.K. Mohankumar (2015): 'Tribal Sub Plan: Lessons From Decentralization', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.
43. C. Sankaranarayanan & T.R Chandra Dutt. (2015): ' Participatory Strategic Planning : Talikulam Experiment', 4th International Congress on Kerala Studies, Preliminary Seminar-12 Democratic Decentralisation.

മറ്റു രേഖകൾ

44. Chaudhuri, Subham, Harilal, K. N., and Heller, Patrick (2004): Does Decentralization Make a Difference? A Study of the People's Campaign for Decentralized Planning in the Indian State of Kerala (mimeo). Centre for Development Studies,Thiruvananthapuram
45. M.A Oommen (2004): "Deepening Decentralized Governance in Rural India- Lessons from Peoples Plan Initiative of Kerala", Working Paper No 11, Centre for Socio-economic and Environmental Studies.

46. SM Vijayanand (2002): "Poverty Reduction through Decentralisation: Lessons from experiences of Kerala State", Asia Pacific forum on Poverty: Reforming policies and Institutions in Poverty Reduction, Asian Development Bank
47. Isaac, Thomas TM and Richard W Frankie (2000): "Local Democracy and Development: Peoples Campaign for Decentralized Planning in Kerala", Leftword Books, New Delhi
48. IRTC (2002): "Participatory Planning Programme for Participatory and Sustainable Panchayat Level Development Planning", Integrated Rural Technology Centre, Palakkad.
49. Harilal, K. N and K. J. Joseph(2003): "Stagnation and Revival of Kerala Economy: An Open Economy Perspective", Economic and Political Weekly, June
50. Heller Patrick, Harilal, K. N and Chaudhuri, Subham (2007): "Building Local Democracy: Evaluating the Impact of Decentralization in Kerala", World Development, Elsevier
51. Heller Patrick (2001): "Moving the State: The Politics of Democratic Decentralization in Kerala, South Africa, and Porto Alegre", Politics Society 2001 29: 131, Sage Publications.
52. S.M Vijayanand (2001): Issues related to Administrative Decentralisation and Administering of Decentralization: Lessons from the Kerala Experience", Paper presented at the Workshop on Decentralisation, Institute for Social and Economic Change, Bangalore


Visit
KERALA
SEASON OF SURPRISES • 2015-16
IT'S TIME FOR KERALA
Take a break and head for Kerala where delightful deals,
exclusive packages, exciting events and more await you.
To experience God's Own Country with a host of added surprises,
log on to www.keralatourism.org/visitkerala
kerala
God's Own Country
STARK Twin: 7153

Experience

Elegant Craftsmanship!!

"Listed Among God's Dozen Destination by Kerala Tourism"

Monday Holiday

Visit us at
www.sargaalaya.com

Ph: 9446304222

kerala
God's Own Country

Sargaalaya
KERALA ARTS & CRAFTS VILLAGE IRINGAL

(AN INITIATIVE OF DEPT. OF TOURISM, GOVT. OF KERALA)

P.O. Iringal, Via Vatakara, Kozhikode Dist., Kerala, India. PIN : 673 521
Tel : +91 496 2606015, 9446304222 E-mail : sargaalaya@gmail.com

Managed By
ULCCS Ltd.

Handicrafts Making | Handicrafts Emporium | Art Gallery | Crafts Training

Conference Hall | Guest House | Children's Play Area | Cafeteria | Boating

കേരളത്തിൽ ഏറ്റവും ഉയർന്ന വിജയ ശതമാനവുമായി

കിംസ് ലിവർ ട്രാൻസ്പ്ലാന്റ് സെന്റർ

2–ാം വർഷത്തിലേയ്ക്ക്...

- തെക്കൻ കേരളത്തിലെ ആദ്യത്തെ ലിവർ ട്രാൻസ്പ്ലാന്റ് സെന്റർ
- രണ്ട് അവയവങ്ങൾ ഒരേ സമയം വിജയകരമായി മാറ്റിവച്ച കേരളത്തിലെ ആദ്യത്തെ ആശുപത്രി (ലിവർ, കിഡ്നി)
- ഉയർന്ന വിജയ ശതമാനം (90% നു മുകളിൽ)
- മിതമായ ചികിത്സാ ചെലവ്
- പ്രഗൽഭരായ ഡോക്ടർമാരുടെ സേവനം
- ഇ. എസ്. ഐ. സി, സ്റ്റേറ്റ് ഗവൺമെന്റ് അംഗീകാരം

അപ്പോയിന്റ്മെന്റിനായി വിളിക്കുക. 9539537777 / 0471 3041400

KIMS®

KERALA INSTITUTE OF MEDICAL SCIENCES
(A hospital project of KIMS Healthcare Management Limited)

P.B No. 1, Trivandrum-695 029, Tel: +91 471 3041000, 2447575
Email: relations@kimsglobal.com, Web: www.kimsglobal.com
CIN: U85110KL1995PLC009336